# ശ്രീവാല്മീകിരാമായണം

## (യുദ്ധകാണ്ഡം)

★

വള്ളത്തോൾ

Digitized By Kerala Sahitya Akademi

# ശ്രീവാല്മീകിരാമായണം

VI (വൃത്താനുവൃത്തതർജ്ജമ)

കേരള സാഹിത്യ അക്കാദമി ★ തൃശൂർ ★

## യുദ്ധകാണ്ഡം

വിവർത്തകൻ:

വള്ളത്തോൾ

Digitized By Kerala Sahitya Akademi

പരിഷ്കരിച്ച രണ്ടാം പതിപ്പ് : കോപ്പി എഴുനൂററമ്പത്

വില നാലുറുപ്പിക എട്ടണ

ആയിരത്തിഒരുനൂററിരുപത്തിനാലു് മീനം

പ്രസാധകന്മാർ

വള്ളത്തോൾ ഗ്രന്ഥാലയം

ചെറുതുരുത്തി

15,1A1
32.H3·6
445

ചെറുതുരുത്തി

വള്ളത്തോൾ പ്രിന്റിങ്ങ് & പബ്ലിഷിങ്ങ് ഹൌസിൽ അച്ചടിച്ചത്

Digitized By Kerala Sahitya Akademi

# ശ്രീവാല്മീകിരാമായണം

## യുദ്ധകാണ്ഡം

---

വിഷയവിവരം.


| | | | |
|---|---|---|---|
| ഒന്നാം | സർഗ്ഗം | ഹനുമദഭിനന്ദനം | 1 |
| രണ്ടാം | ,, | രാമാശ്വാസനം | 2 |
| മൂന്നാം | ,, | ലങ്കാദുർഗ്ഗവർണ്ണനം | 4 |
| നാലാം | ,, | ദണ്ഡയാത്രാവർണ്ണനം | 7 |
| അഞ്ചാം | ,, | രാമവിലാപം | 16 |
| ആറാം | ,, | രാവണമന്ത്രോപക്രമം | 18 |
| ഏഴാം | ,, | രാവണശ്ലാഘനം | 19 |
| എട്ടാം | ,, | പ്രഹസ്താദികഥനം | 21 |
| ഒമ്പതാം | ,, | വിഭീഷണനീതിവാക്യം | 23 |
| പത്താം | ,, | വിഭീഷണഹിതവാക്യം | 25 |
| പതിനൊന്നാം | ,, | സഭാഗമനം | 27 |
| പന്ത്രണ്ടാം | ,, | കുംഭകർണ്ണവാക്യം | 30 |
| പതിമൂന്നാം | ,, | മഹാപാർശ്വവാക്യം | 33 |
| പതിനാലാം | ,, | വിഭീഷണന്റെ ഹിതോപദേശം | 35 |
| പതിനഞ്ചാം | ,, | ഇന്ദ്രജിദ്വാക്യദൂഷണം | 38 |
| പതിനാറാം | ,, | രാവണപരുഷവാക്യം | 40 |
| പതിനേഴാം | ,, | വിഭീഷണന്റെ രാഘവോപസർപ്പണം | 42 |
| പതിനെട്ടാം | ,, | വിഭീഷണസ്വീകാരനിശ്ചയം | 47 |
| പത്തൊമ്പതാം | ,, | വിഭീഷണാഭിഷേകം | 50 |
| ഇരുപതാം | ,, | ശുകദൂത് | 53 |
| ഇരുപത്തൊന്നാം | ,, | സമുദ്രക്ഷോഭണം | 57 |
| ഇരുപത്തിരണ്ടാം | ,, | സേതുബന്ധനം | 59 |
| ഇരുപത്തിമൂന്നാം | ,, | മഹോല്പാതദർശനം | 66 |
| ഇരുപത്തിനാലാം | ,, | ശുകവിമോചനം | 67 |
| ഇരുപത്തിഅഞ്ചാം | ,, | ശുകസാരണപ്രേഷണം | 71 |
| ഇരുപത്തിആറാം | ,, | വാനരപ്രദർശനം | 76 |
| ഇരുപത്തിഏഴാം | ,, | വാനരനിർദ്ദേശം | 77 |
| ഇരുപത്തിഎട്ടാം | ,, | വാനരാഖ്യാനം | 81 |


Digitized By Kerala Sahitya Akademi

| | | | |
|---|---|---|---|
| ഇരുപത്തിഒമ്പതാം | സർഗ്ഗം | ചാരപ്രേഷണം | 84 |
| മുപ്പതാം | ,, | ശാർദ്ദൂലാദിചാരവചനം | 86 |
| മുപ്പത്തൊന്നാം | ,, | സീതാമോഹനം | 89 |
| മുപ്പത്തിരണ്ടാം | ,, | സീതാപ്രലാപം | 92 |
| മുപ്പത്തിമൂന്നാം | ,, | സീതാസമാശ്വാസനം | 96 |
| മുപ്പത്തിനാലാം | ,, | രാവണാശയനിവേദനം | 99 |
| മുപ്പത്തിഅഞ്ചാം | ,, | മാല്യവദുപദേശം | 101 |
| മുപ്പത്തിആറാം | ,, | ലങ്കാഗുപ്തികരണം | 104 |
| മുപ്പത്തിഏഴാം | ,, | കപിസൈന്യഗുപ്തിവിധാനം | 105 |
| മുപ്പത്തിഎട്ടാം | ,, | സുവേലാരോഹണം | 108 |
| മുപ്പത്തിഒമ്പതാം | ,, | ലങ്കാവിലോകനം | 110 |
| നാല്പതാം | ,, | സുഗ്രീവരാവണയുദ്ധം | 112 |
| നാല്പത്തൊന്നാം | ,, | അംഗദദൂത് | 115 |
| നാല്പത്തിരണ്ടാം | ,, | യുദ്ധാരംഭം | 123 |
| നാല്പത്തിമൂന്നാം | ,, | ദ്വന്ദ്വയുദ്ധം | 126 |
| നാല്പത്തിനാലാം | ,, | രാത്രിയുദ്ധം | 130 |
| നാല്പത്തിഅഞ്ചാം | ,, | നാഗാസ്ത്രബന്ധനം | 133 |
| നാല്പത്തിആറാം | ,, | ഇന്ദ്രജിത് പ്രതിയാനം | 135 |
| നാല്പത്തിഏഴാം | ,, | മൂർച്ഛിതരാഘവപ്രദർശനം | 137 |
| നാല്പത്തിഎട്ടാം | ,, | സീതാവിലാപം | 141 |
| നാല്പത്തിഒമ്പതാം | ,, | രാമപ്രബോധനം | 143 |
| അമ്പതാം | ,, | നാഗാസ്ത്രമോചനം | 146 |
| അമ്പത്തൊന്നാം | ,, | ധൂമ്രാക്ഷനിർഗ്ഗമം | 151 |
| അമ്പത്തിരണ്ടാം | ,, | ധൂമ്രാക്ഷവധം | 153 |
| അമ്പത്തിമൂന്നാം | ,, | വജ്രദംഷ്ട്രയുദ്ധം | 156 |
| അമ്പത്തിനാലാം | ,, | വജ്രദംഷ്ട്രവധം | 158 |
| അമ്പത്തിഅഞ്ചാം | ,, | അകമ്പനയുദ്ധം | 162 |
| അമ്പത്തിആറാം | ,, | അകമ്പനവധം | 164 |
| അമ്പത്തിഏഴാം | ,, | പ്രഹസ്തനിർഗ്ഗമം | 167 |
| അമ്പത്തിഎട്ടാം | ,, | പ്രഹസ്തവധം | 171 |
| അമ്പത്തൊമ്പതാം | ,, | രാവണകിരീടഭംഗം | 175 |
| അറുപതാം | ,, | കുംഭകർണ്ണപ്രബോധനം | 191 |
| അറുപത്തൊന്നാം | ,, | കുംഭകർണ്ണവിഷയപ്രശ്നോത്തരം | 199 |
| അറുപത്തിരണ്ടാം | ,, | രാവണപരിദേവനം | 202 |
| അറുപത്തിമൂന്നാം | ,, | കുംഭകർണ്ണനീതിവാക്യം | 204 |


Digitized By Kerala Sahitya Akademi

| | | | |
|---|---|---|---|
| അറുപത്തിനാലാം | സർഗ്ഗം | മഹോദരാദിവധം | 208 |
| അറുപത്തിഅഞ്ചാം | ,, | കുംഭകർണ്ണനിർഗ്ഗമം | 211 |
| അറുപത്തിആറാം | ,, | കുംഭകർണ്ണയുദ്ധാരംഭം | 216 |
| അറുപത്തിഏഴാം | ,, | കുംഭകർണ്ണവധം | 218 |
| അറുപത്തിഎട്ടാം | ,, | രാവണവിലാപം | 235 |
| അറുപത്തിഒമ്പതാം | ,, | നരാന്തകവധം | 237 |
| എഴുപതാം | ,, | ദേവാന്തകാദിവധം | 245 |
| എഴുപത്തൊന്നാം | ,, | അതികായവധം | 250 |
| എഴുപത്തിരണ്ടാം | ,, | രാവണചിന്ത | 259 |
| എഴുപത്തിമൂന്നാം | ,, | ബ്രഹ്മാസ്ത്രബന്ധനം | 261 |
| എഴുപത്തിനാലാം | ,, | ബ്രഹ്മാസ്ത്രമോചനം | 268 |
| എഴുപത്തിഅഞ്ചാം | ,, | നികുംഭാദിനിർഗ്ഗമം | 275 |
| എഴുപത്തിആറാം | ,, | കുംഭവധം | 280 |
| എഴുപത്തിഏഴാം | ,, | നികുംഭവധം | 287 |
| എഴുപത്തിഎട്ടാം | ,, | മകരാക്ഷനിർഗ്ഗമം | 289 |
| എഴുപത്തിഒമ്പതാം | ,, | മകരാക്ഷവധം | 291 |
| എമ്പതാം | ,, | ഇന്ദ്രജിന്മായായുദ്ധം | 294 |
| എമ്പത്തൊന്നാം | ,, | മായാസീതാവധം | 298 |
| എമ്പത്തിരണ്ടാം | ,, | ഇന്ദ്രജിത്തിന്റെ ഹോമാരംഭം | 301 |
| എൺപത്തിമൂന്നാം | ,, | രാമസമാശ്വാസനം | 303 |
| എൺപത്തിനാലാം | ,, | ഇന്ദ്രജിദ്വധോപായദർശനം | 306 |
| എൺപത്തിഅഞ്ചാം | ,, | ലക്ഷ്മണനിർഗ്ഗമം | 308 |
| എൺപത്തിആറാം | ,, | ഇന്ദ്രജിദ്യുദ്ധാരംഭം | 311 |
| എൺപത്തിഏഴാം | ,, | ഇന്ദ്രജിദ്വിഭീഷണസംവാദം | 313 |
| എൺപത്തിഎട്ടാം | ,, | ഇന്ദ്രജില്ലക്ഷ്മണയുദ്ധം | 316 |
| എൺപത്തിഒമ്പതാം | ,, | ഇന്ദ്രജില്ലക്ഷ്മണമഹായുദ്ധം | 319 |
| തൊണ്ണൂറാം | ,, | ഇന്ദ്രജിദ്രഥഭംഗം | 322 |
| തൊണ്ണൂറ്റൊന്നാം | ,, | ഇന്ദ്രജിദ്വധം | 326 |
| തൊണ്ണൂറ്റിരണ്ടാം | ,, | ലക്ഷ്മണശ്ലാഘനം | 333 |
| തൊണ്ണൂറ്റിമൂന്നാം | ,, | സീതാവധനിവാരണം | 336 |
| തൊണ്ണൂറ്റിനാലാം | ,, | മൂലബലയുദ്ധം | 341 |
| തൊണ്ണൂറ്റിഅഞ്ചാം | ,, | രാക്ഷസീവിലാപം | 344 |
| തൊണ്ണൂറ്റിആറാം | ,, | രാവണനിർഗ്ഗമം | 347 |
| തൊണ്ണൂറ്റിഏഴാം | ,, | വിരൂപാക്ഷവധം | 350 |
| തൊണ്ണൂറ്റിഎട്ടാം | ,, | മഹോദരവധം | 353 |


Digitized By Kerala Sahitya Akademi

| | | | |
|---|---|---|---|
| തൊണ്ണൂറ്റൊമ്പതാം | ,, | മഹാപാർശ്വവധം | 356 |
| ഒരുനൂറാം | ,, | രാമരാവണയുദ്ധാരംഭം | 358 |
| ഒരുനൂറ്റിഒന്നാം | ,, | ലക്ഷ്മണപാതനം | 362 |
| ഒരുനൂറ്റിരണ്ടാം | ,, | ലക്ഷ്മണസഞ്ജീവനം | 365 |
| ഒരുനൂറ്റിമൂന്നാം | ,, | ഇന്ദ്രരഥാരോഹണം | 371 |
| ഒരുനൂറ്റിനാലാം | ,, | രാവണശൂലായുധാരണം | 374 |
| ഒരുനൂറ്റിഅഞ്ചാം | ,, | രാവണരഥാപവാഹനം | 376 |
| ഒരുനൂറ്റിആറാം | ,, | രാവണരഥപ്രത്യാനയനം | 279 |
| ഒരുനൂറ്റിഏഴാം | ,, | ആദിത്യഹൃദയോപദേശം | 381 |
| ഒരുനൂറ്റിഎട്ടാം | ,, | നിമിത്തപ്രാദുർഭാവം | 383 |
| ഒരുനൂറ്റിഒമ്പതാം | ,, | രാവണധ്വജഭംഗം | 386 |
| ഒരുനൂറ്റിപത്താം | ,, | രാവണശിരച്ഛേദനം | 388 |
| ഒരുനൂറ്റിപതിനൊന്നാം, | | രാവണവധം | 391 |
| ഒരുനൂറ്റിപന്ത്രണ്ടാം | ,, | വിഭീഷണവിലാപം | 394 |
| ഒരുനൂറ്റിപതിമൂന്നാം | ,, | രാവണാന്തഃപുരസ്ത്രീവിലാപം | 397 |
| ഒരുനൂറ്റിപതിനാലാം | ,, | രാവണസംസ്കാരം | 399 |
| ഒരുനൂറ്റിപതിനഞ്ചാം | ,, | വിഭീഷണാഭിഷേകം | 408 |
| ഒരുനൂറ്റിപതിനാറാം | ,, | ഹനുമത്സീതാസംവാദം | 410 |
| ഒരുനൂറ്റിപതിനേഴാം | ,, | സീതാസമാനയനം | 413 |
| ഒരുനൂറ്റിപതിനെട്ടാം | ,, | രാമപരുഷവാക്യം | 417 |
| ഒരുനൂറ്റിപത്തൊമ്പതാം | ,, | സീതാഗ്നിപ്രവേശം | 418 |
| ഒരുനൂറ്റിഇരുപതാം | ,, | രാമസ്തവം | 421 |
| ഒരുനൂറ്റിഇരുപത്തൊന്നാം | | സീതാസ്വീകാരം | 423 |
| ഒരുനൂറ്റിഇരുപത്തിരണ്ടാം | | ദശരഥദർശനം | 425 |
| ഒരുനൂറ്റിഇരുപത്തിമൂന്നാം | | ഇന്ദ്രാനുശാസനം | 428 |
| ഒരുനൂറ്റിഇരുപത്തിനാലാം | | വിഭീഷണസൽക്കാരം | 430 |
| ഒരുനൂറ്റിഇരുപത്തിഅഞ്ചാം | | വാനരസമ്മാനം | 432 |
| ഒരുനൂറ്റിഇരുപത്തിആറാം | | അയോധ്യാപ്രയാണം | 434 |
| ഒരുനൂറ്റിഇരുപത്തിഏഴാം | | ഭരദ്വാജാശ്രമവാസം | 438 |
| ഒരുനൂറ്റിഇരുപത്തിഎട്ടാം | | ഹനുമൽപ്രേഷണം | 440 |
| ഒരുനൂറ്റിഇരുപത്തിഒമ്പതാം | | ഹനുമൽഭരതസംവാദം | .443 |
| ഒരുനൂറ്റിമുപ്പതാം | ,, | രാമഭരതാദിസമാഗമം | 447 |
| ഒരുനൂറ്റിമുപ്പത്തൊന്നാം | ,, | ശ്രീരാമപട്ടാഭിഷേകം | 452 |


Digitized By Kerala Sahitya Akademi

# ശ്രീവാല്മീകിരാമായണം

## യുദ്ധകാണ്ഡം.

### ഒന്നാം സർഗ്ഗം: ഹനൂമൽപ്രശംസനം.

—*—

നടന്നാവണ്ണം ഹനൂമാൻ പറഞ്ഞ മൊഴി കേട്ടകയാൽ
സന്തോഷയുക്തനായ് രാമൻ തന്റെ വാക്കുരിയാടിനാൻ:—
"വങ്കാര്യമത്രേ ഹനൂമാൻ ചെയ്തതു മന്നിൽ സുദുർല്ലഭം;
മററാരാലുമിതു സാധിയ്ക്കാ മനസ്സാലും ധരിത്രിയിൽ! ൧
കാണ്മീല ഞാനൊരുവനെപ്പെരുങ്കടൽ കടക്കുവാൻ,
താർക്ഷ്യനാം വായുവുമൊഴിഞ്ഞു, ഹനൂമാനൊഴിഞ്ഞുമേ!
ദേവാസുരാഹിയക്ഷർക്കും ഗന്ധർവ്വാശരർക്കുമേ
കേറാവല്ലാത്തതാം ലങ്കാപുരം രാവണരക്ഷിതം ൨
പൂകിയിട്ടു, ബലം പൂണ്ടാരയിരുന്നു കൊണ്ടു പോന്നിടും?
ആർ പൂകും, രാക്ഷസന്മാരും കാത്തുള്ളേടം, ദുരാസദം,
ബലവീര്യത്തികവുകൊണ്ടത്രേ മന്നോർത്തിടാത്തവൻ?
വൻഭൃത്യകാര്യം സുഗ്രീവന്നനുഷ്ഠിച്ചു മരുത്സുതൻ; ൩
അതു ചെയ്താ,ത്മബലവും കാണിച്ചു വിക്രമോചിതം!
സ്വാമി ദുഷ്കരകാര്യത്തിന്നയച്ചാലേതു ഭൃത്യനോ
ഭക്തിയാലധികം ചെയ്യു, മവനത്രേ നരോത്തമൻ;
അയച്ചാൽ, ച്ചെയ്യുകില്ലേതു ഭൃത്യനുത്സാഹി ശക്തിമാൻ ൪
മററും രാജേഷ്ടമാം കാര്യ,മവൻ മധ്യമനാണുപോൽ;
അയച്ചാൽ, ച്ചെയ്യുകില്ലേതു ഭൃത്യനുത്സാഹി ശക്തിമാൻ
സശ്രദ്ധം രാജകാര്യത്തെ, യവനോ, പുരുഷാധമൻ.
അയയ്ക്കപ്പെട്ട ഹനൂമാൻ ചെയ്തു ചെയ്യേണ്ടതൊക്കെയും; ൫

Digitized By Kerala Sahitya Akademi

തനിയ്ക്കിടിവണച്ചീലാ; സുഗ്രീവനോകി മോദവും.
ഞാനുമിജ്ജസഖി സൌമിത്രിതാനുമിക്ഷ്വാകുവംശവും
ധൎമ്മേണ രക്ഷിതരുമായ്, സീതയെക്കാണുകയാലിഹ!
എന്നാലിതാ,ത്തനാമെന്നുള്ളിട്ടൊലുമ്പുന്ന വീണ്ടുമേ: ൧൨
ചെയ്തീലല്ലോ. പ്രിയം ചൊല്ലുമിവന്നിങ്ങൊത്തതാം പ്രിയം!
ഇതാ, ഞാനെന്റെ സൎവ്വസ്വമായോരു പരിരംഭണം
കൊടുത്തേനീ, മഹാത്മാവാം ഹനുമാന്നിദ്ദശാന്തരേ!"

എന്നോതി രാമൻ നന്ദിച്ചു രോമാഞ്ചമയിൎക്കൊണ്ടു പുല്കിനാൻ ൧൩
കാൎയ്യം സാധിച്ചു വന്നോരു മഹാനാമഞ്ജനാത്മജനെ.
ചിന്തിച്ചു വീണ്ടുമിവണ്ണം ചൊല്ലിനാൻ രഘുനന്ദനൻ
വാനരപ്പെരുമാളായ സുഗ്രീവൻ കേട്ടു നില്ക്കവേ:—
"സൎവ്വഥാ, സീതയെത്തേടൽ സാധിച്ചു സാധുവാംവിധം; ൧൪
എന്നാലാ,ഴിയെയോൎത്തിട്ടെൻമനം വീണ്ടുമടിഞ്ഞുപോയ്!
എവ്വണ്ണം, കര കിട്ടാത്ത നീരൊഴും കടൽതന്നുടെ
തെക്കേത്തീരത്തു ചെന്നെത്തു, മൊത്തുകൂടിയ വാനരർ?
വൈദേഹിയുടെ വൃത്താന്തമിതെന്നോടോതിയെങ്കിലും, ൧൫
കടലക്കരെ പററാനെന്തുപായം കപികൾക്കിനി?"
ഹനുമാനോടിദം ചൊല്ലി മനോരാജ്യത്തിലാണ്ടുപോയ്
മാൽകൊണ്ടുഴന്ന കാകുത്സ്ഥനരിമാഥി മഹാഭുജൻ.

—*—

രണ്ടാം സൎഗ്ഗം: രാമാശ്വാസനം.

—*—

മാൽകൊണ്ടു വേകമാളുമാശരഥിയാം രാമനോടുടൻ,
മാലകററുന്ന വചനം ശ്രീമാൻ സുഗ്രീവനോതിനാൻ:—
"ദുഃഖിപ്പതെന്തു, നിസ്സാരനൊരുവൻ പോലെ വീര, നീ?
ഇമ്മട്ടാകൊല്ല;-ഴൽ വിട്ടു, കൃതഘ്നൻ മൈത്രി പോലവേ. ൧

Digitized By Kerala Sahitya Akademi

ദുഃഖിപ്പാനവകാശം ഞാൻ കാണ്മീലങ്ങയ്ക്കു രാഘവ,
വൃത്താന്തം കിട്ടി, മാററാന്റെ വീട്ടറിഞ്ഞുമിരിയ്ക്കവേ.
ശാസ്ത്രജ്ഞൻ, പണ്ഡിതൻ, ധീമാൻ, പ്രാജ്ഞനങ്ങന്നു രാഘവ;
കളകീപ്പൊട്ട നിനവു, മോക്ഷമല്ലാ യോഗി പോലവേ. ൮
വൻനക്രങ്ങളാം നിറഞ്ഞുള്ളതാകും കടൽ കടന്നുപോയ്
കേറാം ലങ്കയിൽ നമ്മൾക്ക; കൊല്ലാം നിൻവൈരിതന്നെയും.
ശോകമുൾത്തിങ്ങിയുത്സാഹം കെട്ടുഴന്നോനു കേവലം
ഇടിഞ്ഞുപോം കാര്യമെല്ലാം;-മാപത്തും വന്നുകൂടാമേ. ൯
എപ്പേരും ശൂരർ, പോന്നോരീ നമ്മൾതൻ കപിയൂഥപർ;
അങ്ങയ്ക്കുവേണ്ടിച്ചെന്തീയ്യിൽച്ചാടാൻപോലുമൊരുങ്ങിയോർ;
അറിവേനിവർതന്നിമ്പത്താലെനിയ്ക്കുണ്ടുറപ്പിതിൽ.
പാപം ചെയ്ത ദശഗ്രീവനാകും വൈരിയെ വിക്രമാൽ ൰
കൊന്നു ഞാൻ സീതയെക്കൊണ്ടുപോരുമാറിങ്ങു ചെയ്ക നീ.
അതിങ്കൽച്ചിറ കെട്ടേണം, മാ രാക്ഷഃപ്രഭുവിൻ പുരം
നാം കണ്ടെത്തുകയും വേണം,മറ്റുണ്ണം ചെയ്ക രാഘവ.
ത്രികൂടമുടിമേൽ നില്ക്കുമാ ലങ്കാപുരി കാണ്കിലോ, ൰൧
കാണലാൽത്താൻ രണേ കൊന്നുവെന്നറയ്ക്കു ദശാസ്യനെ!
വരുണാലയമേലാരാല്ലൂ ചിറ കെട്ടാതെ ലങ്കയെ
മർദ്ദിപ്പാനാവുകില്ലിന്ദ്രൻ ചേന്ന ദേവാസുരർക്കുമേ.
ലങ്കയ്ക്കടുക്കൽക്കടലിൽച്ചിറകെട്ടുകിലപ്പൊഴേ ൰൨
പടയെല്ലാം കടന്നെന്നും, ജയിച്ചെന്നുമുറയ്ക്കു നീ!
ശൂരരല്ലോ രണത്തിന്നി,ക്കാമരൂപികൾ വാനരർ.
അതിനാൽ വേണ്ട വൈവശ്യം രാജൻ, സർവാർത്ഥനാശനം:
ശൌര്യത്തെപ്പോക്കവൊന്നല്ലോ, ശോകം മർത്ത്യന്നു പാരിതിൽ.
നരൻ ശൌര്യേണ ചെയ്യേണ്ടുന്നതേ കൈക്കൊള്ളണം ഭവാൻ;
അതു ചിക്കെന്നു ചെയ്യോന്നു ഭൂഷണം തന്നെയാസ്സുതം!
തേജസ്സും ധൈര്യവും പൂണ്ടുകൊള്ളുകിപ്പോൾ മഹാമതേ:
താങ്ങാൻകൊള്ളാത്ത മഹാത്മാക്കൾ സർവാർത്ഥഹരമാമഴൽ ൰൩

Digitized By Kerala Sahitya Akademi

തേടില്ലല്ലോ, മറകയോ പോകയോ ചെയ്യു വസ്തുവിൽ.
അതിനാൽ,പ്രാജ്ഞരിൽ ശ്രേഷ്ഠൻ,സവ്വശാസ്ത്രജ്ഞനാം ഭവാൻ
എന്മട്ടുകാരാം സചിവരൊത്തു വെല്ലുക വൈരിയെ.
ലോകങ്ങൾ മൂന്നിലും കാണുന്നില്ലല്ലോ ഞാൻ കകുത്സ്ഥജ, ഛവ്യ
പോരിങ്കൽ വില്ലേന്തിയ നിൻ നേരെ നില്ക്കാനൊരുത്തനെ.
പ്ലവങ്ഗരിലിരിയ്ക്കും നിൻകാൎയ്യത്തിന്നുടവാപ്പെട്ടാ;
കാണും സീതയെ വൈകാതെ, വാരുററാഴി കടന്നു നീ!
അതിനാൽ മതി മാൽ കൊൾവു;-തരിശം കൊൾക മന്നവ:
അനങ്ങാക്ഷത്രിയൻ ഹീനനാ;-രും പേടിപ്പു ചണ്ഡനെ!
നദികൾക്കീശനാം ഘോരസമുദ്രത്തെക്കടക്കുവാൻ
സൂക്ഷ്മാലോചന ചെയ്യി,ങ്ങ ഞങ്ങളോടൊപ്പമേ ഭവാൻ.
പടയെല്ലാം കടന്നാലോ, ജയിച്ചെന്നുറച്ചിടാം: ൨൨
ശൂരരല്ലോ രണത്തിന്നീ,ക്കാമരൂപികൾ വാനരർ;
കല്ലും മരങ്ങളും പെയ്യുശ്ശത്രുക്കളെയൊടുക്കുമേ.
അതിനാൽ വല്ലപാടും നാം കടക്ക വരുണാലയം;
അവനെക്കൊന്നുപോയ് പോരിലെന്നേ കാണ്മു, രിപുവല്ല, ഞാൻ!
എന്തിന്നേറെക്കഥിയ്ക്കുന്നു? സവ്വഥാ വെല്ലുമേ ഭവാൻ:
കാണുന്നേൻ ഞാൻ നിമിത്തങ്ങളുള്ളിലുണ്ടിമ്പവും മമ." ൨൫

—:*:—

മൂന്നാം സഗ്ഗം: ലങ്കാദുഗ്ഗവണ്ണനം.

—:*:—

സുഗ്രീവവാക്യം കേട്ടിട്ടു കൈക്കൊണ്ടാൻ യുക്തിസംയുതം;
തത്ത്വജ്ഞൻ രാഘവൻ പിന്നെ ഹനുമാനോടു ചൊല്ലിനാൻ:---
"ചിറ തീൎത്തോ,തപം ചെയ്തോ, കടൽ വററിച്ചുതന്നെയോ,
ഏതുമട്ടിലുമാളാമേ ഞാനിക്കടൽ കടക്കുവാൻ. ൨
ദുഗ്ഗങ്ങളെത്രയാം ദുഗ്ഗലങ്കയ്ക്കു?-ഉ കഥിയ്ക്കു നീ:
അതെല്ലാമറിയേണം മേ കണ്ടതിന്മട്ടു വാനര.

Digitized By Kerala Sahitya Akademi

പടതൻ ശരിയാമെണ്ണം, ദ്വാരദുർഗ്ഗപ്പണിത്തരം,
ലങ്കതൻ കാവലിൻമട്ടും, യാതുധാനഗൃഹങ്ങളും. ൪
സുഖമായ് വേണ്ടതിൻവണ്ണം കണ്ടല്ലോ ലങ്കയിങ്കൽ നീ;
ചൊല്ലൊക്കയും നേക്കു: മിടുക്കുണ്ടല്ലോ തവ സർവ്വഥാ!"
രാമൻെറ വാക്കു കേട്ടിട്ടു, ഹനുമാനനിലാത്മജൻ
വീണ്ടും രാമനൊടെല്ലാമേ ചൊന്നാൻ ചൊൽവിരുതേറിയോൻ:—
'കേളൊ,ക്കയുമുണർത്തിയ്ക്കാം, ദുർഗ്ഗത്താലുള്ള രക്ഷയും
ലങ്കയാകും പുരിയിലെസ്സൈന്യങ്ങളുടെ കാവലും,
അരക്കരുടെയുൾക്കൂറും, രാവണൻെറ കരുത്തിനാൽ
ലങ്കയ്ക്കുള്ളഭ്യുദയം, മാഴിതൻ ഭീഷണതാവും, ൮
സേനാവകപ്പു,മോരോരോ വാഹനത്തിൻെറയെണ്ണവും.'
എന്നരച്ചു കപിശ്രേഷ്ഠനുള്ളതിൻവണ്ണമോതിനാൻ:—
"ഹൃഷ്ടതുഷ്ട മഹാലങ്ക മത്തേഭങ്ങൾ നിറഞ്ഞതാം, ൧൦
രഥവ്രജം തിങ്ങിയതാമരക്കർ കുടികൊൾവതാം
അശ്വങ്ങളും തിങ്ങിയതാം പരദുർഗ്ഗമയപ്പുരി
ഉറപ്പിൽ വെച്ചു കതകും പെരും തഴുതുമൊത്തതായ്
നാലുണ്ടുത്തുംഗമാം കോട്ടവാതിലങ്ങു, വിശങ്കടം;
പെരുംബാണാശ്മയന്ത്രങ്ങളുണ്ടങ്ങു ബലവത്തുകൾ;
അങ്ങു ചെന്നാലരിബലമവയാൽത്തടയപ്പെടും.
ആ വാതിൽതോറും, നൂറ്റു കാരിരിമ്പിൻശതഘ്നിയും
ഒരുക്കിവെച്ചിട്ടുണ്ടു,ഗ്രം നിശിതം വീരരാക്ഷസർ.
പൊന്നുകൊണ്ടാണു വച്ചതാമതിൻമതിൽ ദുരാസദം, ൧൪
പവിഴംമണിവൈഡൂര്യംമുത്തിടയ്ക്കു പതിച്ചതാം.
ചുറ്റുമുണ്ടു,തിഘോരങ്ങൾ കുളിർവെള്ളം നിറഞ്ഞവ,
മീനും മുതലയും ചേർന്നു കണ്ടേറും നൽക്കിടങ്ങുകൾ;
വാതിൽതോറുമവയ്ക്കുണ്ടു വാച്ചേറും നാലുപാലവും, ൧൬
വലുതാം യന്ത്രശതവും ഗൃഹത്തെരുവുമൊത്തതായ്.
രക്ഷാകരങ്ങൾ പാലങ്ങൾ;-അരിപ്പട കേറിയാൽ,
ആ യന്ത്രംകൊണ്ടു ചാടിയ്ക്കും, കിടങ്ങുകളിൽ നീളവേ.
ഒരു പാലം കനത്തുള്ളൊന്നനാകമ്പ്യം തുലോം ദൃഢം, ൧൮

Digitized By Kerala Sahitya Akademi

വളരെപ്പൊന്നുകാൽ, തിണ്ണയിവകൊണ്ടു ലസിപ്പതാം.
നില തെററാത്തവൻ, താൻതാനാഹവ പ്രാൎത്ഥി രാവണൻ
സേനാന്ദൎശനോന്നിദ്രനപ്രമത്തൻ കകുത്സ്ഥജ.
ലങ്കയോ പിടികിട്ടാത്തൊന്നാ,മരക്കൎക്കഗമ്യയായ് ൧൦
നാദേയം, പാൎവ്വതം, വാന്യം, കൃത്രിമം, നാലുമൊത്തുതാൻ
പെരുംകടല്ക്കപ്പുറത്തു നില്പു രാഘവ, ഘോരയായ്.
കപ്പലിൻ പോക്കമിതിലില്ലി;ല്ലെങ്ങും പെരുമാററവും!
ഗിരിമേൽത്തീൎത്തോരാ ലങ്കാപുരം ദേവപുരോപമം, ൧൧
ഗജാശ്വങ്ങൾ നിറഞ്ഞൊന്നു, ദുൎദ്ധ,മത്യന്തദുൎജ്ജയം.
കിടങ്ങു, നാനായന്ത്രങ്ങൾ, ശതഘ്നികളുമങ്ങിനെ
ശോഭിപ്പിപ്പൂ, ദുരാത്മാവാം ദശകണ്ഠന്റെ ലങ്കയെ.
മേക്കവാതില്ക്കൽ നില്പുണ്ടങ്ങരക്കർ പതിനായിരം, ൧൨
വാളാൽ മുന്നിൽപ്പൊരും ശൂലധരർദുൎദ്ധൎഷരവരും.
തെക്കവാതില്ക്കൽ നില്പവരങ്ങൊരുലക്ഷം നിശാചരർ;
ചതുരംഗപ്പടയൊടൊത്തങ്ങുമുണ്ടഗ്ര്യരാം ഭടർ.
നില്പു കിഴക്കേവാതില്ക്കൽപ്പത്തുലക്ഷം നിശാചരർ: ൧൩
വാളും പരിചയും പൂണ്ടോർ, സൎവ്വാസ്ത്രാഭിജ്ഞരവരും.
നില്പു വടക്കേ വാതില്ക്കലൊരുകോടി നിശാചരർ.
തേർക്കാരും കുതിരക്കാരും താവാടികൾ മാനിതർ.
അനേകമായിരം പേർകൾ യാതുധാനർ ദുരാസദർ ൧൪
നില്പുണ്ടതിൻ നടുവശത്തൊ;-ന്നേകാൽക്കോടി രാക്ഷസർ
അപ്പാലങ്ങളുടച്ചേൻ ഞാൻ; കിടങ്ങുകൾ നികത്തിനേൻ;
ലങ്കാനഗരിയെച്ചുട്ടേൻ; മതിൽ തട്ടിനിരത്തിനേൻ;
തീൎത്തേൻ പെരുംരാക്ഷസർതൻ സൈന്യത്തിൻനാലിലൊന്നുമേ.
നമുക്ക വല്ലവിധവും കടക്കാം വരുണാലയം;
ഉറയ്ക്ക ലങ്കാപുരിയെ പ്ലവംഗമർ മുടിച്ചതായ്.
അംഗദൻ, ദ്വിവിദൻ, മൈന്ദൻ, ജാംബവാൻ, പനസൻ, നളൻ
നീലൻ സേനാപതിയു—മെന്തിന്നു ശേഷിച്ച സേനതേ? ൧൫

Digitized By Kerala Sahitya Akademi

ചാടിക്കടന്നു ചെന്നിട്ടാ, രാവണന്റെ മഹാപുരം,
ശൈലാരണ്യത്തൊടു പടികിടങ്ങുമതിൽവീടൊടും
പറിച്ചെടുത്തുകൊണ്ടിങ്ങു പോരുമല്ലോ രഘൂദ്വഹ!
ആജ്ഞ നല്കുകടൻ; വേണം പടയോട്ടക്കമെങ്കിലോ. ൩൪
തക്കതായ മുഹൂർത്തത്തിൽപ്പുറപ്പാടുമുറയ്ക്കണം നീ."

—*—

നാലാം സർഗ്ഗം: ദണ്ഡയാത്രാവർണ്ണനം.

—*—

ഹനുമാൻ ശരിയാംവണ്ണം ക്രമാൽച്ചൊന്നതു കേട്ടുടൻ
പറഞ്ഞാനതിതേജസ്വി രാമൻ സത്യപരാക്രമൻ:—
"കേൾപ്പിച്ചുവല്ലോ നീ ഭീമരക്ഷസ്സിൻപുരി ലങ്കയെ;
അതു ചിക്കെന്നൊടുപ്പൻ ഞാൻ; സത്യമാണെന്റയീമൊഴി! ൨
സുഗ്രീവ, ഞാനുറച്ചേനി, മുഹൂർത്തത്തിൽപ്പുറപ്പെടാൻ:
കൊള്ളാം മുഹൂർത്തം വിജയം; സൂര്യൻ വാനിൻ നടുക്കിലായ്.
നട്ടുച്ചയ്ക്കീ വിജയമാം മുഹൂർത്തം യാത്രചെയ്കിലോ,
എന്റെ വൈദേഹിയെക്കട്ടിട്ടെങ്ങുപോമാ നിശാചരൻ? ൪
എൻപുറപ്പാടു കേട്ടാലേ സീത ജീവാശ തേടിടും,
ചാകുമ്പോളമൃതം തൊട്ടാൽ വിഷദഷ്ടരോഗി പോലവേ.
ഇന്നുത്രമെന്ന നാളല്ലോ; നാളെയോ പിന്നൊയത്തമാം;
പുറപ്പെടുക സുഗ്രീവ, പടയെല്ലാം ചുഴന്നു നാം. ൬
വെളിപ്പെടുന്നതുണ്ടല്ലോ വളരെസ്സുനിമിത്തവും;
സീതയെക്കൊണ്ടുപോന്നീടും, ദശാസ്യനെ വധിച്ചു ഞാൻ.
ശരിയ്ക്കുപരിഭാഗത്താസ്സിറക്കൊള്ളുന്ന കണ്ണിതാ,
നിനച്ച വിജയം ചാരേ വന്നതായ്ച്ചൊൽവതുണ്ടു മേ!" ൮
അതിൽക്കപീന്ദ്രൻ, സൌമിത്രിയിവർ വാഴ്ത്തിയ രാഘവൻ
വീണ്ടുമൊന്നരുളിച്ചെയ്താൻ, ധർമ്മാത്മാവർത്ഥകോവിദൻ:—
"നീലനിപ്പടതൻ മുമ്പേ പോകട്ടേ വഴി നോക്കുവാൻ,
നൂറായിരംപേരുക്കേറും വാനരന്മാരൊടൊപ്പമേ. ൧൦

Digitized By Kerala Sahitya Akademi

നീല, നീ കൊണ്ടുപോയാലും വേഗം സേനേശ, സേനയെ,
കനികായ്കാട്ടുതണ്ണീർതേൻ ചേരും വഴിയിലൂടവേ.
ദുഷ്ടാശരർ ദൂഷിപ്പിയ്ക്കാം പഥി കായ്കനി വെള്ളവും;
രക്ഷിയ്ക്കവേണമതിൽനിന്നെപ്പോഴും ശ്രദ്ധവെച്ചു നീ. ൫൨
ജലദുർഗ്ഗങ്ങൾ, കുഴി, കാടിവയിൽക്കൂടലപ്പുറ
നില്പുണ്ടോ എന്നു നോക്കേണം, മുകളിൽക്കേറി വാനരർ.
കെല്പില്ലാപ്പടയുണ്ടെങ്കിൽ, നിന്നുകൊള്ളട്ടെയിങ്ങുതാൻ;
വിക്രമാൽപ്പോരുവോർക്കെല്ലാമല്ലോ, ദാരുണമിത്തൊഴിൽ. ൫൪
കൊടും കടൽപോലെതിർമുട്ടെഴും കപികളാളർ
നൂറുമായിരവും ചേർന്നു കൊണ്ടുപോകട്ടെയൂർജ്ജിതർ;
ഗജൻ, നഗാഭൻ, ഗവയൻ, ബലവാനും ഗവാക്ഷനും
മുമ്പേ പോകട്ടെ, ഗോക്കൾക്കു മന്നർ കാളകൾ പോലവേ. ൫൬
പോകട്ടെ, കപിസൈന്യത്തിൻ വലത്തുവശമോജസാ
രക്ഷിച്ചുകൊണ്ടു മേലാളാമൃഷഭൻ വാനരർഷഭൻ.
ഗന്ധദ്വിപം പോലുജ്ജ്വലപി ദുർദ്ധർഷൻ ഗന്ധമാദനൻ
പോകട്ടെ, കീശപ്പടതന്നിടംഭാഗത്തിനീശനായ്. ൫൮
പോരുവൻ സൈന്യനടുവേ, പടയ്ക്കാഹ്ലാദകാരിയായ്,
ഇന്ദ്രനൈരാവതത്തിൽപ്പോലി ഹനുമാങ്കലേറി ഞാൻ.
പോരട്ടെയംഗദാരൂഢനീ യമനൊത്ത ലക്ഷ്മണൻ,
സാർവ്വഭൗമസ്ഥനായ് ബ്ഭൂതനാഥൻ ധനദനാംവിധം. ൬൦
ജാംബവാനൃക്ഷരാജാവു, മഹാസത്വൻ സുഷേണനും,
വേഗദർശി പ്ലവഗനും, മൂവർ പാലിയ്ക്ക പിൻവശം."
    രാമന്റെ വാക്കു കേട്ടിട്ടു സുഗ്രീവൻ പടനായകൻ
വീറേറും വാനരക്കാജ്ഞ നല്കിനാൻ വാനരർഷഭൻ ൬൨
അക്കപിക്കൂട്ടരെല്ലാമേ ചാടിയോടിത്തുടങ്ങിനാർ
ഗുഹാദ്രിശൃംഗങ്ങളിൽനിന്നു,ടരാടാനുഴറ്റൊടേ.
കപീന്ദ്രലക്ഷ്മണന്മാരാൽ ശ്ലാഘിയ്ക്കപ്പെട്ട രാമനും
തെക്കേദ്ദിക്കിന്നെഴുന്നള്ളീ പടയോടൊത്തു ധാർമ്മികൻ; ൬൪
നൂറിരട്ടായിരന്നൂറായിരംകോടിപ്ലവംഗരാൽ,
മാതംഗസന്നിഭന്മാരാൽച്ചുററപ്പെട്ടെഴുന്നള്ളിനാൻ.

Digitized By Kerala Sahitya Akademi

അവൻ പോകെപ്പിന്തുടർന്നു വലുതാം വാനരപ്പട;
തോഷാൽത്തിമർത്തായെപ്പേരും സുഗ്രീവാജ്ഞ രക്ഷയിൽ. ൨൬
വട്ടംതിരിഞ്ഞും, ചാടിക്കൊണ്ടിടിവെട്ടൊലി കൂട്ടിയും,
ചിലച്ചുമലറിക്കൊണ്ടും പോയാർ തെക്കോട്ടു വാനരർ;
ചെലുത്തിനാർ, നല്ല മണം പേറിന തേനും പഴങ്ങളും;
കൈക്കൊണ്ടാർ, പൂംകുലച്ചാർത്തു പൂണ്ട കുറുമരങ്ങളെ; ൨൮
തമ്മിൽച്ചുമന്നാരും കോട്ടേ; തള്ളിയിട്ടാർ പൊട്ടനെ;
വീണോർ ചിലർ ശകാരിച്ചാർ; വിഴിച്ചാർ ചിലരന്യരെ.
'കൊല്ലേണം രാവണനെ നാമെല്ലാ രാക്ഷസരേയുമേ'
എന്നു രാമന്റെയരികത്തുദ്ഘോഷിച്ചാർ കരങ്ങകൾ ൩൦
മുൻവശത്തൃഷഭൻ, വീരൻ നീലൻ, കുമുദനെന്നിവർ
മാർഗ്ഗസംശോധനം ചെയ്താർ ഭൂരിവാനരർത്തമ്മോടും.
മധ്യേ ഗമിച്ചാർ സുഗ്രീവൻ, രാമൻ, ലക്ഷ്മണനെന്നിവർ,
ഭൂരിഘോരേംജ്ജിതന്മാരാൽച്ചുറ്റപ്പെട്ടരിസൂദനർ. ൩൨
കപിവീരൻ ശതബലി, പത്തുകോടി പുഴാനവൻ
തനിച്ചു കാത്താൻ മേലാളായ്, കപിസൈന്യത്തെയൊക്കയും.
നൂറുകോടിബ്ഭടർ ചെട്ടും കേസരി, പനസൻ, ഗജൻ,
ബലിഷ്ഠനക്കനും കാത്താനതിന്റെ വശമൊന്നിനെ. ൩൪
ഋക്ഷങ്ങൾ വളരെച്ചേർന്ന ജാംബവാനും സുഷേണനും
സുഗ്രീവാനുഗരായ്ക്കാത്താരായതിൻപിൻവശത്തിനെ.
വീരൻ സേനേശനവരിൽ നീലൻ വാനരപുംഗവൻ
മമ്പേ നടന്ന കാത്താനപ്പടയെപ്ലവഗോത്തമൻ. ൩൬
ദരീമുഖൻ, പ്രജംഘാഖ്യൻ, രഭസൻ കപി, രംഭനും
പ്ലവംഗമരെ വെമ്പിച്ചു നടന്നാർ വീരർ നിളവേ.
ഇമ്മട്ടിൽപ്പോകുമക്കീശശാർദ്ദൂലർ ബലദപ്പിതർ
കണ്ടു മഹാപർവ്വതമാം സഹ്യം തരുലതാവൃതം,
നൽപ്പൂവണിപ്പൊയ്കകളും, തടാകങ്ങൾ വനങ്ങളും.
ഘോരപ്രകോപൻ രാമന്റെയാജ്ഞയുംക്കൊണ്ടു ഭീതിയാൽ



Digitized By Kerala Sahitya Akademi

നഗരോപാന്തവും നാട്ടപ്പുറവും പൂകിടാതെതാൻ
പോയീ, കടൽക്കൊളെതിരാമക്കൊടും വൻകപിപ്പട
തുല്ലൊമിരമ്പമാണ്ട. ഗ്രമിരമ്പും കടൽ പോലവെ.
അപ്പൊശരഥിതൻ ചാരെ ശൂരക്കപികഞ്ജരർ
ചാടിയോടീ സകലരും, ഗ്രഹിതാശേചന്ദ്രർ പോലവെ.
ഇരുവാനരരേന്ദ്രന്മാ നരശ്രേഷ്ഠർ വിളങ്ങിനാർ,
രണ്ടു വൻഗ്രഹമായ്ച്ചേന്ന സൂര്യചന്ദ്രർ കണക്കിനെ.
കപീന്ദ്രലക്ഷ്മണന്മാരാൽ ശ്ലാഘിയ്ക്കപ്പെട്ട രാഘവൻ
തെക്കേദ്ദിക്കിന്നെഴുന്നള്ളി പടയോടൊത്തു ധാർമ്മികൻ
ആ രാമനോടംഗദഗൻ ലക്ഷ്മണൻ ശുഭമാംവിധം
പറഞ്ഞാൻ പരിപൂർണ്ണാത്ഥൻ പ്രതിഭാസ്മൃതിസംയുതൻ:—
"വെക്കം രാവണനെക്കൊന്നു ഹൃതസീതയെ നേടി നീ
കൃതാൎത്ഥനായ് ശ്രീ പെരുകുമയോദ്ധ്യയ്ക്കു മടങ്ങുമേ.
നിൻകാൎയ്യസിദ്ധിയ്ക്കു മഹാസുനിമിത്തങ്ങളൊക്കെ ഞാൻ
കാണുന്നതുണ്ടു കാകുത്സ്ഥ, വാനിലും മന്നിടത്തിലും:
നൽത്തെക്കാറുണ്ടു വീശുന്നു പടപ്പിമ്പേ ഹിതം ശുഭം;
പേശുന്നുമുണ്ടു, മധുരസ്വരമീ മൃഗപക്ഷികൾ;
തെളിഞ്ഞിരിപ്പൂ ദിക്കെല്ലാം; വെണ്മ തേടി ദിനേശനും;
ശുക്രൻ നിൻപിന്നിലായ് നില്പൂ സ്വച്ഛതേജസ്സു ഭാൎഗ്ഗവൻ,
ബ്രഹ്മരാശി നിറം കൊൾവൂ; നിറം പൂണ്ടൃഷിമുഖ്യരും
തേജസ്സോടേ വിളങ്ങുന്നു ധ്രുവനെച്ചുററിയേവരും;
ത്രിശങ്കുരാജൎഷി തെളിഞ്ഞുദ്ഭാസിയ്ക്കുന്നു മുന്നിലായ്,
വാദ്ധ്യാനൊട്ടും, മഹേക്ഷ്വാകുവംശ്യനസ്മൽപിതാമഹൻ;
വെണ്മ പൂണ്ടു വിളങ്ങുന്നു ബാധവിട്ടു വിശാഖവും,
നമ്മൾതൻ പെരിയോരാകുമിക്ഷ്വാകുക്കൾക്കു വംശനാൾ;
നൈരൃതം, നൈരൃതന്മാർതൻ നാളോ, പീഡനമേല്ക്കയാം-
തൊടപ്പെട്ടെരിവൂ മൂലം നെട്ടതാം ധൂമകേതുവാൽ.
ഇതൊക്കെയുമരക്കന്മാൎക്കുതിയ്ക്കായണഞ്ഞതാം:

Digitized By Kerala Sahitya Akademi

കാലേ, കാലൻ പിടിച്ചാൾക്കു നാളികേരമൽ ഗ്രാമപ്പിടയാം.
തെളിഞ്ഞാസ്വാദ്യമായ് വെള്ളം; കാട്ടു കായ്കളിയന്നതായ്;
ഋതുവിനൊത്തു പൂത്തേറെ മണം വീശുന്ന ശാഖികൾ.
വൃന്ദങ്ങൾ കപിസൈന്യങ്ങൾ ശോഭിയ്ക്കുന്നു തുലോം പ്രഭോ,
താരകാമയയുദ്ധത്തിൽദ്ദേവസൈന്യങ്ങൾ പോലവേ.
ഇവണ്ണമിവ തൃക്കണ്ണാത്താഴ്ന്നൾക്കൊൾക തുഷ്ടിയെ."
എന്നാതിയണ്ണനാശ്വാസം ചെയ്താൻ ഹർഷണ ലക്ഷ്മണൻ.
മന്നിടം മുഴുവൻ മൂടി നടകൊണ്ടു പെരുമ്പട,
നഖദംഷ്ട്രായുധന്മാരാം കീശർക്ഷവ്യാഘ്രർ ചുറുമായ്.
കൈകാലടികളാൽക്കീശർ പൊങ്ങിച്ച കൊടുതാം പൊടി
ആദിത്യരശ്മിയെ മറച്ചാകെ മൂടി ജഗത്തിനെ
ഗമിച്ചു, പർവ്വതവനാന്വിതയാം ദക്ഷിണാശയെ,
വാനിനെക്കാറിനംപോലെ മൂടിഘോരകപിപ്പട.
ഇടതിങ്ങിപ്പട കടക്കുമ്പോളെപ്പൊഴുതേറെ യോജന
നേരമറിച്ചായൊഴുകി, യാറൊഴുക്കുകളൊക്കയും!
മരം നിറഞ്ഞ മലകൾ, തെളിനീരാന്ന പൊയ്കകൾ,
നിരപ്പൊക്കും പ്രദേശങ്ങൾ, കായ്കളുള്ള വനങ്ങളും
നടക്കം നിളെയും കീഴും വിലങ്ങും പൂകിയപ്പട;
മന്നിടം മുഴുവൻ മൂടി നടകൊണ്ടു പെരുമ്പട.
രാമകാര്യത്തിൽ വിക്രാന്തി പൂണ്ടാ വാനരരേവരും
വായുവേഗേന പോയ്ക്കൊണ്ടാരിമ്പമാന്ന മനസ്സോടും.
ഹർഷവീര്യബലത്തള്ളൽ കാട്ടിനാരവർ തങ്ങളിൽ;
ഘോരത്തിളപ്പാൽ വഴിയിൽത്തിമത്താർ പലമട്ടിലും:
നടന്നാർ ചിലർ വേഗത്തിൽ;-ച്ചിലർ മേല്പോട്ടു ചാടിനാർ;
ചിലരാർത്താർ കിലുകിലെക്കാട്ടുവാഴികൾ വാനരർ;
ഊന്നിവെച്ചീടിനാർ കാല്കൾ; വാൽ നിലത്തിട്ടുതല്ലിനാർ;
കൈകൾ വീശിയുടച്ചിട്ടാർ മരവും മലയും ചിലർ;
ഗിരിശൃംഗങ്ങളിൽച്ചെന്നു കയറിഗ്ഗിരിചാരികൾ;

Digitized By Kerala Sahitya Akademi

മുഴക്കിനാർ പെരുംശബ്ദം; ശരിയ്ക്കലറിനാർ ചിലർ;
തകർത്താർ തുടയ്ക്കാലേ പല വള്ളിപ്പടർപ്പിനെ;
വിക്രാന്തർ കല്ലുംകൊണ്ടു നിവൃന്നമാനമാടിനാർ.
നൂറുനൂറായിരംവീതമായിരംകോടിവീതവും
സുഘോരർ വാനരർ ചുഴന്നുപശോഭിച്ചു മന്നിടം.
നടന്നു പകലും രാവുമപ്പെരുംവാനരപ്പട,
സനാഥം, ഹൃഷ്ടസന്തുഷ്ടം സുഗ്രീവന്റെ രക്ഷയിൽ
വെമ്പിഗ്ഗമിച്ചാർ കപികൾ, പോർ കൊതിപ്പവരാവരും;
സീതാവിമോചനേച്ഛക്കളൊട്ടും നിന്നീലൊരേടവും;
വൃക്ഷങ്ങൾ തിങ്ങിയുള്ളൊന്നു നാനാവിധമൃഗാവൃതം
ചെന്നണഞ്ഞീടിനാർ സഹ്യമലയും മലയാദ്രിയും.
രാമനസ്സഹ്യമലയങ്ങളിൽ നാനാവനങ്ങളും,
പുഴ, നിരുറവും തുക്കുന്നാത്തുകൊണ്ടെഴുന്നള്ളിനാൻ.
മാവിലഞ്ഞികൾ മൈലെള്ളുമശോകം കരുനൊച്ചിയും
കണവീരം തിനിശവും ചെന്നണഞ്ഞാർ കരങ്ങകൾ;
അംകോലം, ഞാവലുങ്ങി, ത്തി,പേരാലുകൾ പനച്ചികൾ
കടമ്പു നെല്ലിയിവയും ചെന്നണഞ്ഞാർ കരങ്ങകൾ.
കാററുക്കിലേററുലഞ്ഞുള്ള നാനാകാട്ടുമരങ്ങളും
പൂ തൂകി, നൽപ്പാറകളിലിരിയ്ക്കുമവരിൽത്തുലോം.
വീശീ മയം തടവിന ചന്ദനക്കളിർതെന്നലും,
മുരളും വണ്ടു പിൻചെന്നു, തേൻ മണക്കും വനങ്ങളിൽ.
ധാതുക്കളെപ്പാരമണിഞ്ഞിരുന്നു പർവ്വതേശ്വരൻ;
കാററലയ്ക്കുകയാൽ ധാതുക്കളിൽ നിന്നുയരും പൊടി
മൂടി, തുലോം പരപ്പുള്ള കപിപ്പടയെ നിളവേ.
രമ്യാദ്രിത്താഴ്വരകളിലെങ്ങമ പൂത്ത കൈതയും,
മനോജ്ഞമായ വാസന്തമല്ലിയും കരുനൊച്ചിയും
സൌരഭ്യമേറിയ കൻക്കത്തിമല്ലപ്പടർപ്പുകൾ,
ഇരിപ്പയോടുങ്ങകളുമാററുവഞ്ഞികൾ, വേങ്ങയും,

Digitized By Kerala Sahitya Akademi

പനച്ചി, മൈലെള്ളുകളും, പൂത്ത നാഗമരങ്ങളും,
പൂപ്പാതിരികളും പൂത്തുനില്ക്കും മലയകത്തിയും, ൭൨
ഇരുമ്പും, തൈയും, പുല്ലുമരത്തും മുചുളിന്ദവും,
കടകപ്പാലയും, മാറുമിലവും ചെംകുറിഞ്ഞിയും,
തൊട്ടകാരകൾ, ചിററീന്തൽ, കടമ്പു,മരിനെല്ലിയും,
നീലാശോകം, പതിമുകം, നീർമാതള, മഴിഞ്ഞിലും ൭൪
മുച്ചൂട്ടമിട്ടിമ്പമൊടേ കലുക്കി കാട്ടവാഴികൾ.
അശ്ശൈലത്തിൽക്കളിരണിക്കളവും ചെറുപൊയ്കയും
ചക്രവാകഗണം ലാത്തുന്നവ, നീർക്കോഴി ചേന്നവ;
ക്രൌഞ്ചം, നീർക്കാക്കയും തിങ്ങി, പന്നിമാനുകൾചേന്നവ
ഋക്ഷം, വ്യാഘ്രം, ചെറുപുലി, ഭയമേകുന്ന സിംഹവും,
വളരെബ്ഭീഷണവ്യാളങ്ങളുമെങ്ങും ചുഴന്നവ;
തണ്ടാർ, വിരിഞ്ഞ കൽഹാര,മാമ്പലുൽപലമിങ്ങിനെ
നാനാനിപ്പൂവുടയവ, രമ്യങ്ങൾ, ജലരാശികൾ. ൭൬
അതിൻെറ താഴ്വരകളിൽക്കൂകി വിവിധപക്ഷികൾ.
കളിച്ചു നീർ കുടിച്ചങ്ങു കളിച്ചാർ നീരിൽ വാനരർ:
പിടിച്ചു മുക്കിനാർ തമ്മിൽ; മലമേലേറി വാനരർ,
അമൃതിൻസ്വാദിയന്നുള്ള കായ്കിഴങ്ങുകൾ പൂക്കളും ൮൦
ഭുജിച്ചുകൊണ്ടാരവിടെ മരങ്ങളിൽ മദോൽകടർ.
പറക്കണക്കിലായ്ത്തൂങ്ങിനില്ക്കും തേങ്കുടെട്ടുത്തുടൻ
കുടിച്ചിമ്പത്തൊടും പോയാർ തേൻനിറം പൂണ്ട വാനരർ.
വൃക്ഷങ്ങളെയൊടിച്ചിട്ടും, വള്ളി ചുററി വലിച്ചുമേ, ൮൨
വങ്കുന്നുതോറും തീ വെച്ചും പോയാർ പ്ലവഗപുംഗവർ;
മരങ്ങൾ വിട്ടു തേനാത്താലാപ്പിട്ടാർ ചില വാനരർ;
വേറേ ചിലർ മരം കേറി; പേർത്തിറങ്ങുകയായ് ചിലർ.
ആ വാനരത്തലവരാൽ നിറയപ്പെട്ടു മന്നിടം, ൮൪
നെൽ വിളഞ്ഞുള്ളൊരു വയൽപ്പരപ്പിനൊത്ത മട്ടിലായ്.
മഹേന്ദ്രം ചെന്നണഞ്ഞിട്ടു, രാമൻ താമരസേക്ഷണൻ

Digitized By Kerala Sahitya Akademi

മരങ്ങളും ചാർത്തും മുടിമേലേറിക്കൊണ്ടാൻ മഹാത്മജൻ.
മുടിമേലേറിനിന്നിട്ട്, രാമൻ ദശരഥാത്മജൻ ൯൬
ദർശിച്ചാനാമയും മീനമുഖംത്തിങ്ങുമലയാഴിയെ.
സഹ്യന്റെയും മലയമാമലയുടെയും കടന്നവർ
ക്രമാലണഞ്ഞാർ, കൊടുതാമിരമ്പം പെട്ടുമർണ്ണവം.
ചിക്കെന്നിറങ്ങി നൽത്തീരക്കാട്ടിലേയ്ക്കുഴനള്ളിനാൻ ൯൮
രമയത്തമനാം രാമൻ, സസുഗ്രീവൻ സലക്ഷ്മണൻ.
പെട്ടെന്നുയർന്ന തിരകളും മോറും പാറകളുള്ളതായ്
പരന്നതായ കരയിൽച്ചെന്നു രാമനിതോതിനാൻ:-
"ഇതാ, സുഗ്രീവ, വന്നെത്തി കടലിന്നരികത്തു നാം, ൧൦൦
ഇതിങ്കലിനി നമ്മൾക്കു, മുമ്പുണ്ടായ വിചിന്തതാൻ!
ഇതിനപ്പുറം, മററം വിട്ടിതാ, കടൽ നദീശ്വരൻ;
പററില്ല,പായമൊന്നില്ലാതിസ്സമുദ്രം കടക്കവാൻ.
അതിനാലിങ്ങതാൻ നിൽത്താം;-മാരലോചന തുടങ്ങിടാം, ൧൦൨
എമ്മട്ടക്കര പൂകീടും കപിസൈന്യമിതെന്നുടൻ.'
എന്നായ്, മഹാത്മജൻ, സീതാഹരണത്താൽച്ചുടച്ചവൻ,
രാമനാഴിയണഞ്ഞിട്ട്, വസിപ്പാനാജ്ഞ നല്കിനാൻ:—
സൈന്യത്തെയൊക്കയും നിൽത്താം കരയ്ക്കു കപിപുംഗവ: ൧൦൪
നിനയ്ക്കേണ്ടും സമയമായ്, നമുക്കിയാഴി പിന്നിടാൻ.
തൻതൻസൈന്യത്തെ വിട്ടേച്ചു പോയ്പോകല്ലാരുമെന്തിനും;
ചെല്ലട്ടേ ശൂരകപികൾ! നേരിടാമൊളിവിൽബ്ഭയം.
രാമന്റെ വാക്ക കേട്ടിട്ടു സുഗ്രീവൻ ലക്ഷ്മണാന്വിതൻ ൧൦൬
നിൽത്തീ വൃക്ഷഫലയുതമാം കടൽത്തീരത്തു സേനയെ.
കടൽസ്സമീപത്തു നിലക്കൊണ്ടു ശോഭിച്ചിതപ്പട,
രണ്ടാമതൊരു തേൻവർണ്ണനീരണിക്കടൽ പോലവേ!
പിന്നെക്കരയിലെക്കാട്ടിലണഞ്ഞകപിപുംഗവർ ൧൦൮
പെരുംകടൽ കടന്നീടാൻ കാംക്ഷയും പൂണ്ടു മേവിനാർ.
നിലക്കൊണ്ടീടുമവരപ്പടയെച്ചേർക്കുമൊച്ചയോ,

Digitized By Kerala Sahitya Akademi

കടലിൻ വാരിരമ്പത്തെപ്പോക്കിക്കേറ്റാക്കായി നിദ്രരം.
സുഗ്രീവനാൽപ്പാലിതമാമപ്പെരുംവാനരപ്പട ൧൧൦
മൂന്നു പങ്കായ് നിലകൊണ്ടു, രാമകാര്യാദരത്തൊടേ.
പെരും കടലണഞ്ഞിട്ടൊരിമ്പം തേടീ കപിപ്പട,
കാററു തട്ടിയലക്കൊണ്ട പെരുതാം കടൽ കാൺകയാൽ.
ഇടംപെട്ടു പരപ്പുള്ളൊന്നു,രക്കരുടെ പാർപ്പിടം, ൧൧൧
വരുണാവാസമാം നോക്കിക്കൊണ്ടു നിന്നാർ കപീശ്വരർ:
പ്രചണ്ഡനക്രം, പകൽ തീർന്നിയാംപോതു ഭീഷണം,
ചിരിപ്പൂ നുരയാൽ, നൃത്തംവെയ്ക്കുന്നു തിരമാലയാൽ,
ചന്ദ്രോദയത്തിലേറ്റുന്നു ചന്ദ്രച്ഛായാവകീർണ്ണമായ്; ൧൧൨
കൊടുംകാററെതിർവൻഗ്രാഹവഞ്ചും തിമിതിമിംഗലം
പടം മിന്നും ഫണികളും നിറഞ്ഞ വരുണാലയം;
പെരുംജന്തുക്കളുലച്ചേന്നാ നാനാമലകൾ തിങ്ങിയും,
സുദുർഗ്ഗം ദുർഗ്ഗമപഥമഗാധമസുരാലയം ൧൧൩
പാമ്പും മകരവും ചേർന്ന നീർക്കുമ്പാരങ്ങൾ മേല്ക്കുമേൽ
വളർന്നുയർന്നിയമന്നിരുന്നു കാററടിക്കയാൽ.
നീർ തീപ്പൊരികളാൽപ്പോലെ മിന്നുവൊന്നു, മഹോരഗം,
സുരാരിനിലയം, ഘോരം, പാതാളാഗാധമെപ്പൊഴും; ൧൧൪
കടൽ വാനിന്നു സദൃശം; വാനമോ, കടൽ പോലെയും;
കാണായി, കടലും വാനുമെന്നി വ്യത്യാസമെന്നിയേ.
നീർ വാനത്തൊടു യോജിച്ചു; വാനം യോജിച്ചു നീരൊടും;
രണ്ടുമപ്പടി കാണായീ, താരാരത്നസമാവൃതം. ൧൧൫
മുകിൽ പൊങ്ങുകയാലും, വൻതിര തിങ്ങുകയാലുമേ
തോന്നിലാ, ഴിയ്ക്കുമാകാശത്തിന്നും തമ്മിലൊരന്തരം!
പരസ്പരം തട്ടിയടിച്ചിരമ്പീ ഘോരശബ്ദമായ്
വാരാശിതൻ തരംഗങ്ങൾ, പോർവൻഭേരികൾപോലവേ. ൧൧൬
രത്നൌഘലാംബുസപനം വൃന്ദം, കാററിലുലച്ചേന്ന പോലെയും,
ജന്തുക്കൾ തിങ്ങിയും, ക്രോധിച്ചെഴനേല്പതുപോലെയും

Digitized By Kerala Sahitya Akademi

കാണായിതമ്മഹോത്സാഹക്ക്, നിലാഘതമർണ്ണവം,
കാററാലുലഞ്ഞ,ലകളാൽ വാനിൽത്തള്ളുന്നപോലെയും. ൫൮
അങ്ങത്ഭുതത്തോടേ നിന്നു നോക്കിക്കണ്ടാർ കപരങ്ങകൾ,
അല ചിന്നിയൊലിക്കൊണ്ടോ,രഴ്ഭ്രാന്തനൊക്കമാഴിയെ.

—*—

## അഞ്ചാം സർഗ്ഗം: രാമവിലാപം.

—o—

അസ്സൈന്യത്തെയുറപ്പിച്ചു നൽക്കാവലൊടു നിർത്തിനാൻ
കടൽക്കത്തരതീരത്തു ചേലിൽ നീലൻ യഥാവിധി.
അങ്ങു മൈന്ദദ്വിവിദരാമിരുവാനരപുംഗവർ
അസ്സൈന്യത്തിന്റെ രക്ഷയ്ക്കായ് നടന്നാർ നാലിടത്തിലും ൧
സൈന്യം സാഗരതീരത്തു നിറുത്തപ്പെട്ടതിന്നുമേൽ,
പാർശ്വസ്ഥനാം ലക്ഷ്മണനെപ്പാർത്തു രാമനിതോതിനാൻ:—
"കാലം നീങ്ങുന്നതോടൊപ്പം നീങ്ങിപ്പോകുന്നുപോലഴൽ;
എനിക്കോ, കാന്തയെക്കാണാഞ്ഞേറിടുന്നിതു നാൾക്കുനാൾ! ൨
മാലില്ലോമലകന്നെന്നു; മാലില്ലാ കട്ടതോർത്തുമേ;
എനിക്കിതേ മാല:-വൾതൻ പ്രായം പോവുകയല്ലയോ!
കാറേറ, ചെല്ലേ്ലാ;-മലാളെപ്പോയ്ത്തൊട്ടിട്ടു തൊട്ടുകെന്നെയും:
നിന്നാലാണു തനസ്പർശം; കാണലോ, മമ ചന്ദ്രനാൽ! ൩
കുടിച്ചു നഞ്ഞു പോലുൾച്ചുന്നെരിയ്ക്കുന്നിതെന്നുടൽ:
ഹാ, നാഥാ! എന്നു കേണല്ലോ ഹരിക്കപ്പെട്ടമോമലാൾ!
തദ്വിപ്രയോഗവിറകാം തച്ചിന്താജ്വാലമാലയും
ചേന്ന കാമാഗ്നിയെൻ ദേഹം ചുട്ടെരിയ്ക്കുന്നു രാപ്പകൽ. ൪
കടലിൽപ്പോയ്ക്കിടന്നേയ്ക്കാം സൌമിത്രേ, നിന്നെ വിട്ടു ഞാൻ:
നീരിൽക്കിടന്നാൽ,ക്കാമത്തിയ്യെന്നെച്ചുിക്കെന്നെരിച്ചിടാ!
ധാരാളമാണിതി,തിനാൽക്കാമുകന്നുയിർ നിർത്തിടാം:
മന്നൊന്നിലല്ലോ മേവുന്നു ഞാനമക്കരഭോരുവും! ൫

Digitized By Kerala Sahitya Akademi

നീരുള്ള വയലിൻ പൂച്ചാൽ നീരററ വയൽ പോലവേ,
അവാം ജീവിപ്പതായ്ക്കേൾക്കയാലേ ജീവിയ്ക്കയാണു ഞാൻ!
എന്നു, തണ്ടാർനെട്ടംകണ്ണാളാകും സുശ്രോണി സീതയെ
കാണും, മാററാരെ വെന്നി ഞാൻ,പുഷ്ടശ്രീയെക്കണെക്കിനി? ൧൭
എന്നു, നൽത്തൊണ്ടിനേർച്ചുണ്ടുള്ളവാംതൻവദനാംബുജം,
ആത്തൻ രസായനം പോലെ, തെല്ലുയർത്തി നുകർന്നിടും?
തിങ്ങിവിങ്ങിപ്പനംതേങ്ങയ്ക്കൊത്തതാം തൽകുചദ്വയം
പുല്കുന്നേരം തുളുമ്പിക്കൊണ്ടെന്നെയൊന്നു മേന്നിടും? ൧൮
അരക്കർനടുവിൽപ്പെട്ടിട്ടു,സിതാപാംഗിയാളവാം
അനാഥ പോലെ മന്നാഥ രക്ഷ കാണാതെ വാഴ്കയാം!
എമ്മട്ടു, ജനകോർവ്വീശപുത്രിയെന്നോമലാളവാം
കിടക്കും രാക്ഷസികാംതൻമദ്ധ്യേ, ദശരഥസ്നുഷ? ൧൯
എന്നു,ക്ഷോഭ്യാശരന്മാരെപ്പോക്കിപ്പൊങ്ങിടുമായവാം,
കരിംകാറുകളെപ്പോക്കിശ്ശരൽപ്പൊൻതിങ്കാം പോലവേ?
സ്വതേ മെലിഞ്ഞോരാം വൈദേഹി, മാലാൽപ്പട്ടിണിയാലുമേ
വീണ്ടും മെലിഞ്ഞിട്ടുണ്ടാവും, ദേശകാലപ്പകച്ചയാൽ!
എന്നു, രാക്ഷസരാജാവിൻ നെഞ്ഞത്തമ്പുകളാഴ്ത്തി ഞാൻ
വിദേഹനന്ദിനിയെ വീണ്ടെടുത്തഴലകററിടും?
എന്നു, ദേവസുതയ്ക്കൊത്ത സതിയാം സീതയെന്നുടെ
കണ്ഠമുൽകണ്ഠയാ പൂണ്ടിട്ടാനന്ദാശ്രു പൊഴിച്ചിടും? ൨൦
എന്നു, സീതാവിയോഗത്താൽത്താവുമിക്കൊടുതാമഴൽ
ചീക്കെന്നു ഞാൻ വെടിഞ്ഞീടും, മുഷിഞ്ഞ തുണി പോലവേ?"
ധീമാനാം രാമനവിടെയിമട്ടിൽ വിലപിയ്ക്കവേ
അസ്തമിച്ചു, പകൽ കഴിഞ്ഞൊളി മങ്ങിയ ഭാസ്കരൻ. ൨൧
ലക്ഷ്മണാശ്വാസിതൻ രാമൻ കഴിച്ചാനന്തിസ്സന്ധ്യയെ,
പദ്മാക്ഷിയാം മൈഥിലിയെ സ്മരിച്ചഴലിൽ വാടിയോൻ.

—*—

## ആറാം സർഗ്ഗം: രാവണമന്ത്രോപക്രമം.

—o—

ലങ്കയിങ്കൽ മഹാത്മാവാം ഹനുമാനിന്ദ്രസന്നിഭൻ
ചെയ്ത ഭീകരമാം ഘോരകർമ്മം കണ്ടിട്ടസുരർകോൻ
ചൊന്നാനരക്കരോടെല്ലാം, ലജ്ജാവനതമൌലിയായ്:—
"ദുർല്ലംഘലങ്കാപുരിയിൽക്കടന്നാനി,ടിവേകിനാൻ, ൨
ആ വെറുംവാനരൻ കണ്ടാൻ ജനകാത്മജ സീതയെ;
ഉടച്ചു ചൈത്യപ്രാസാദം; കൊന്നു രാക്ഷസമുഖ്യരെ;
പാടേ കരിയ്ക്കയും ചെയ്തു ഹനുമാൻ ലങ്കയാം പുരം.
എന്തു ചെയ്യേണ്ടു? നിങ്ങൾക്ക മംഗളം! വേണ്ടതെന്തിനി? ൪
ചൊൽവിനെ,ന്തു ഹിതം? നമ്മൾക്കെന്തു ചെയ്താൽഗ്ഗുണം വരും?
മന്ത്രത്താലാണു വിജയമെന്നു ചൊല്ലും മനസ്വികൾ;
അതിനാൽ രാമനെപ്പററി വേണം മന്ത്രം ബലിഷ്ഠരേ.
മർത്ത്യർ മൂന്നുതരം പാരി,ലുത്തമാധമമധ്യമർ; ൬
സമ്മിശ്രരാകുമവർതൻ ഗുണദോഷങ്ങൾ ചൊല്ലുവൻ:
മന്ത്രനിർണ്ണയനൈപുണ്യമുള്ളോരാം മൂന്നുപേരൊടോ,
സമാനശീലരാം 'മിത്രബന്ധുക്കൾ പലപേരൊടോ
മന്ത്രം നടത്തിയിട്ടേവൻ കർമ്മങ്ങളിലിറങ്ങിടും; ൮
യത്നം ദൈവത്തിലും ചെയ്യു,മവനത്രെ നരോത്തമൻ;
ഒററയ്ക്ക കാര്യം ചിന്തിയ്ക്കു,മൊററയ്ക്ക ധർമ്മസക്തനാം,
ഒററയ്ക്ക ചെയ്യും കാര്യങ്ങളു,മവൻപോൽ മധ്യമൻ നരൻ;
ഗുണദോഷങ്ങൾ നണ്ണാതെ, ദൈവത്തെ നിനയാതെയും, ൧൦
'ചെയ്തിടാ'മെന്നു, കാര്യത്തിലാമാന്തിപ്പോൻ നരാധമൻ.
എന്മട്ടീ നരരെന്നോണമുത്തമാധമമധ്യമർ,
എന്മട്ടു മന്ത്രവുമറിക, ത്തമാധമമധ്യമം:
ഐകമത്യത്തെയാലംബിച്ചാഗമം കണ്ട കണ്ണുമായ് ൧൨
മന്ത്രിമാരെതിലേപ്പെട്ടിട്ടുണ്ട,തുത്തമമന്ത്രമാം;
ഭിന്നിച്ചുപോകിലും, കാര്യത്തിൽപ്പിലാ മന്ത്രിബുദ്ധികൾ

Digitized By Kerala Sahitya Akademi

വീണ്ടും യോജിച്ചുവന്നിട്ടും മന്ത്രം മധ്യമമാണുപോൽ;
തൻതൻപക്ഷം പിടിച്ചേററം തക്കിച്ചിട്ടുന്നതേതിലോ, ൧൪
യോജിച്ചാലും ഗുണവുമില്ലാ, മന്ത്രമധമം സ്മൃതം.
അതിനാൽ നേക്ക മന്ത്രിച്ചു, ഭവാന്മാർ ബുദ്ധിമത്തമർ
തീച്ചപ്പെടുത്തുവിൻ കാര്യ;-മിതേ കത്തവ്യമോച്ചു ഞാൻ.
അനേകമായിരം വീരവാനരന്മാരൊടൊപ്പമേ ൧൫
രാമൻ ലങ്കാപുരിയ്ക്കെത്തുമല്ലോ നമ്മെ വളഞ്ഞിടാൻ.
കടന്നോയ്ക്കുമെളുപ്പത്തിൽസ്സാഗരത്തെഗ്ഗകൈ തവ വജൻ
എത്രയും തക്കതാം കെല്പാൽ,സ്സാനുജൻ സബലാനുഗൻ:
വററിച്ചേയ്ക്കും സമുദ്രത്തെ; മറെറാന്നോ ചെയ്തിട്ടും ബലാൽ. ൧൬
ഇമ്മട്ടിരിയ്ക്കെ,ക്കീശന്മാരോടു വൈരമേററതിൽ
പുരിയ്ക്കുമെൻെറ സേനയ്ക്കും ഹിതം മന്ത്രിപ്പിനൊക്കയും."

—o—

ഏഴാം സർഗ്ഗം: രാവണസ്സാന്ത്വനം.

—※—

എന്നാശരേന്ദ്രൻ ചൊന്നപ്പോളാക്കരുത്തേറുമാശരർ
അരക്കർകോൻ രാവണനോടേവരും തൊഴുതോതിനാർ,
മാററാർബലം ഗ്രഹിയ്ക്കാതെ, നീതിബാഹ്യരബുദ്ധികൾ:—
"തമ്പുരാനേ, പരിഘശക്തിശൂലവാൾപട്ടസാഢ്യമായ് ൧
വലുതാം പട നമ്മൾക്കുണ്ടേ;-ന്തിനാണിവിടെയ്ക്കുഴൽ?
നീ ഭോഗവതിയിൽച്ചെന്നു പോരിൽ വെന്നു ഭുജംഗരെ.
കൈലാസശൃംഗസന്ധിതനെ,ബഹുയക്ഷപരീതനെ
കീഴടക്കീ ധനദനെ, പ്പെരുംപോർ പൊരുതിബ്ഭവാൻ; ൨
രുദ്രസഖ്യവശാൽ വാഴ്ത്തപ്പെടുമാ ലോകപാലനെ
വെന്നല്ലോ നീ രുഷാ പോരില, നല്ലബലനെ പ്രഭോ;
കീഴ്മേൽ മറിച്ചു പോരിട്ടു യക്ഷവൃന്ദത്തെ വീഴ്ത്തി നീ ൩
കൈലാസശിഖരാൽക്കൊണ്ടുപോന്നുവല്ലോ വിമാനവും. ൩

Digitized By Kerala Sahitya Akademi

മയാസുരോത്തമൻ നിങ്കൽപ്പേടിയാൽ ശ്രേഷ്ഠ നേടുവാൻ
മകളെത്തന്നുവല്ലോ തേ ഭാര്യയായ് രാക്ഷസർഷഭ.
മധുദൈത്യേന്ദ്രനെ, ശൌര്യദൃപ്തനെ, ദുഷ്പ്രധർഷനെ,
കുംഭീനസീദയിതനെക്കീഴ്പ്പെടുത്തല്ലോ ചെറുത്തു നീ. ൯
പാതാളം പുക്കു വെന്നല്ലോ നാഗങ്ങളെ മഹാഭുജ;
കീഴാക്കീ വാസുകിജടിശംഖതക്ഷകർതമ്മെയും.
ഏവർ ശൂരർ കരുത്തന്മാർ ചാക്കില്ലാത്തോർ വരാപ്തിയാൽ,
അദ്ദാനവരെയോരാണ്ടു പോരടിച്ചിട്ടരിൽ പ്രഭോ, ൧൦
കീഴാക്കിയല്ലോ, തൻകെല്പാൽത്തന്നെയങ്ങരിന്ദമ;
അതിങ്കൽ നേടി വളരെ മായയും രാക്ഷസാധിപ.
പോരിങ്കൽശ്ശൂരരാം കെല്പേറീടും വരുണപുത്രരെ
നാലംഗപ്പട ചേർന്നോരെ വെന്നല്ലോ നീ മഹാഭുജ. ൧൧
മൃത്യുദണ്ഡപ്പെരുനക്രം, ശാല്മലീതീരവൃക്ഷവും,
കാലപാശപ്പെട്ടതിര, യമദൂതോരഗങ്ങളും
കലന്ന കാലപ്പടയാം കടലാണ്ടിട്ടു മന്നവ,
നേടിയല്ലോ ജയം പാരം, മൃത്യുവെയും മടക്കി നീ. ൧൨
കലക്കിയല്ലോ, ലോകത്തെയെല്ലാം നീ ചെറുപോരിനാൽ!
വളരെശ്ശക്രവിക്രാന്തന്മാരാം ക്ഷത്രിയവീരരാൽ
നിറഞ്ഞിരുന്നു, വൻവൃക്ഷങ്ങളാൽപ്പോലെ മഹീതലം;
പോരിൽ വീര്യഗുണോത്സാഹാദ്യവർക്കൊക്കില്ല രാഘവൻ; ൧൩
ആ മഹാരഥജയന്മാരെക്കൊന്നല്ലോ തമ്പുരാൻ ബലാൽ!
അഥവാ നില്ക്കുകെ;-ന്തിന്നു നിൻ ശ്രമം പാർത്ഥിവോത്തമ?
കീശരെത്തനിയേ തീർക്കു,മിന്ദ്രജിത്താം മഹാഭുജൻ
ഇവൻ മാഹേശ്വരമഹായജ്ഞം ചെയ്തു നൃപോത്തമ, ൧൪
നേടിച്ചുവെച്ചിട്ടുണ്ടല്ലോ പാരിൽദ്ദുർല്ലഭമാം വരം!
ശക്തിതോമരമീനൊത്തു, കടർച്ചണ്ടി പടന്നതായ്
ഗജക്കൂർമ്മാഢ്യമായ, ശവത്തവളക്കൂട്ടമൊത്തതായ്,
രുദ്രാദിത്യമഹാഗ്രാഹമരുദ്വസുമഹാഹികം ൧൫

Digitized By Kerala Sahitya Akademi

ആനതേരശ്വനീർത്തള്ളലാംമൺതിട്ടിവ ചേന്നതായ്
മഹത്തായ സുരാനീകക്കടൽ പുക്കിവനല്ലയോ
പിടിച്ചതും, വാസവനെ ലങ്കയിൽക്കൊണ്ടുവന്നതും!
ബ്രഹ്മാജ്ഞയാ വിടപ്പെട്ടിട്ടല്ലോ, പിന്നെ നൃപോത്തമ, ൨൨
വിൺ പൂകി, സുരരെല്ലാരും വണങ്ങിയ വലാന്തകൻ.
ആയിന്ദ്രജിത്താം മകനെയയച്ചാൽ മതി മന്നവ:
മുടിച്ചുകൊള്ളുമദ്ദേഹം സരാമകപിസേനയെ.
ഓരാതേ ക്ഷുദ്രനാൽ വന്നതാമീയാപത്തു മന്നവ, ൨൪
ഉൾക്കൊൾകയേ വേണ്ട ഭവാൻ; കൊല്ലാമങ്ങയ്ക്കു രാമനെ."

—o—

## എട്ടാംസർഗ്ഗം: പ്രഹസ്താദികത്ഥനം

—*—

പിന്നെക്കാർകൊണ്ടൽനിറനാം പ്രഹസ്താഹ്വയനാശരൻ
പറഞ്ഞാൻ തൊഴുതുംകൊണ്ടു, ശൂരനാം പടനായകൻ:--
"ദേവദാനവഗന്ധർവ്വ പിശാചഫണിപക്ഷികൾ
ഭവാനോടേല്ക്കുവാൻ പോരാ പോരിലെ;-ന്തിനി വാനരർ? ൨
വിശ്വാസാൽക്കരുതാഞ്ഞത്ര നമ്മെ വഞ്ചിച്ചു മാരുതി:
ഞാൻ ക്രുദ്ധിച്ചാലുയിരൊടേ പോവില്ലക്കാനനാലയൻ!
മല കാടു വനം ചേന്ന മന്നൊക്കെസ്സാഗരംവരെ
കീശരില്ലാത്തതാക്കാം ഞാൻ; കല്പിച്ചരുളികൊണ്ടു മേ! ൪
ചെയ്യാം കീശങ്ങൽനിന്നിങ്ങു രക്ഷയും രജനീചര;
വരികില്ലിവിടുത്തേയ്ക്കു, തൻകുററത്താലൊരല്ലലും."
ചൊല്ലിനാനരിശം മൂത്ത ദുമ്മുഖാഹ്വയനാശരൻ:-
"ക്ഷമിയ്ക്കാവുന്നതല്ലല്ലോ, നമ്മോടെല്ലാമെതിത്തതും, ൬
പുരിയ്ക്കന്തഃപുരത്തിന്നും പേത്തും പോരായ്മ ചേത്തതും,
മർക്കടത്താൻ തിരുനിശാചരർകോനോടെതിത്തതും!
തനിച്ചു ഞാൻ കൊന്നു വരാമിക്ഷണത്തിൽ പ്ലവംഗരെ,
വാനോ പാതാളമോ വേലാരമാഴിയോ പുക്കിരിയ്ക്കിലും!" ൮

Digitized By Kerala Sahitya Akademi

പിന്നീടേററം ചൊടിച്ചോതി വജ്രദംഷ്ട്രൻ മഹാബലൻ,
മാംസരക്തം പുരണ്ടോരു കൊട്ടംപരിഘമന്തിയോൻ:—
"സാധു പാവം ഹനൂമാനാലെന്തുകാര്യം നമുക്കിഹ,
രാമൻ ലക്ഷ്മണസുഗ്രീവരൊത്തധൃഷ്യനിരിയ്ക്കവേ? ൧൦
ഇന്നാ ലക്ഷ്മണസുഗ്രീവരൊത്ത രാമനെയേകനായ്
പരിഘത്താൽക്കൊന്നു വരാം, കപിപ്പട കലക്കി ഞാൻ.
മററൊന്നുകൂടിക്കേട്ടാലും വേണമെന്നാകിൽ മന്നവ;
ഉപായാഭിജ്ഞനേ വെല്ലൂ, ചുണ പൂണ്ട രിപുക്കളെ: ൧൨
കാമരൂപികൾ ശൂരന്മാർ ഭീമദർശനർ ഭീഷണർ
ആശരന്മാരസംഖ്യംപേർ തീർപ്പു ചെയ്താശരാധിപ,
മനുഷ്യവേഷവും പൂണ്ട കാകുത്സ്ഥനെയണഞ്ഞുടൻ
പരുങ്ങാതുരചെയ്യട്ടെ രഘുശ്രേഷ്ഠനൊടേവരും:— ൧൪
'ഞങ്ങള,ങ്ങയ്ക്കനുജനാം ഭരതൻ ചൊല്ലിവിട്ടവർ.
അപ്പോളിവിടെനിന്നാശു വെമ്പലോടങ്ങു ചെല്ലണം,
ശൂലം വേൽ ഗദ വില്ലമ്പു വാളും കയ്യിലെടുത്തു നാം; ൧൬
ആകാശത്തണിയായ് നിന്നു ശസ്ത്രാശ്മപ്പെരുമാരിയാൽ
ഹനിച്ചു കപിസൈന്യത്തെക്കാലാലയമണയ്ക്കണം.
ഇമ്മട്ടൊരനയം പററിപ്പോയാലാ രാമലക്ഷ്മണർ,
തീർച്ചതാനി,ദ്ദുരാനയത്താലേ മൃതിയടഞ്ഞുപോം!" ൧൮
ഉടൻ പ്രവീരനൽക്രോധാൽ നികുംഭൻ കുംഭകർണ്ണജൻ
വീരൻ ജഗദ്രാവണനാമാ രാവണനൊടോതിനാൻ:—
"നില്ക്കുവിൻ നിങ്ങളെല്ലാരും മഹാരാജാവൊടൊപ്പമേ:
ഞാൻ കൊന്നുകൊള്ളാമൊററയ്ക്കു, ലക്ഷ്മണൻ ചേർന്ന രാമനെ, ൨൦
സുഗ്രീവനെ, ഹനൂമാനെ,സ്സർവ്വവാനരരേയുമേ!"
ഉടനേ വജ്രഹനുവാം മലപോലുള്ള രാക്ഷസൻ
അരിശംപൂണ്ടു നാക്കാലേ കിറിയും നക്കിയോതിനാൻ:—
"കാര്യങ്ങൾ നോക്കുവിൻ സൈ്വരം നിങ്ങളൊക്കത്താപമെ
[ന്നിയേ: ൨൨

Digitized By Kerala Sahitya Akademi

ഞാൻ തിന്നൊതുക്കാമൊററയ്ക്കു,കപിമുഖ്യരെയൊക്കയും;
രമിച്ചുകൊൾകവിൻ നിശ്ചിന്തം സ്വസ്ഥരായ്പ്പ്രീതമദ്യരായ്!
ഞാൻ താനേ കൊന്നുകൊള്ളാം സുഗ്രീവലക്ഷ്മണർതമ്മെയും,
ഹനുമദംഗദരെയും, പോർക്കൊരാവൽ രാമനേയുമേ!" ൨൪

—:*:—

ഒമ്പതാം സർഗ്ഗം: വിഭീഷണനീതിവാക്യം.

—:*:—

ഉടൻ, നികുംഭൻ, രഭസൻ, സൂര്യശത്രു മഹാബലൻ,
സുപ്തഘ്നൻ,പ്ര യജ്ഞഘ്നൻ, മഹാപാർശ്വൻ, മഹോദരൻ,
അഗ്നികേതു ദുരാധർഷൻ, രശ്മികേതു നിശാചരൻ,
ബലവാൻ രാവണസുതനിന്ദ്രജിത്തു മഹാദ്യുതി, ൧
പ്രഹസ്താഖ്യൻ, വിരൂപാക്ഷൻ, വജ്രദംഷ്ട്രൻ മഹാബലൻ,
ധൂമ്രാക്ഷന, തികായാഖ്യൻ, ദുർമ്മുഖാശരനെന്നിവർ
പരിഘം പട്ടസം പ്രാസം വേൽ ശൂലം വെൺമഴുക്കളും
വില്ലുമമ്പുകളും മൂർച്ചകൂട്ടും വലിയ വാൾകളും ൪
കൈക്കൊണ്ടതിക്രുദ്ധരാഴെഴുന്നേററു രാക്ഷസരേവരും,
തേജസ്സാൽക്കത്തുവോർപോലായ്പ്പൌലസ്ത്യനൊടു ചൊല്ലിനാർ:-
'കൊല്ലാം ലക്ഷ്മണസുഗ്രീവരൊത്ത രാമനെയിപ്പൊഴേ,
ലങ്കയെത്തീണ്ടിയ വെറുംസാധുവാം ഹനുമാനെയും!' ൬

ആയുധങ്ങളെടുത്തോരാമവരെല്ലാരെയും തദാ
വിലക്കി,പ്പേർത്തിരുത്തി,ക്കൈക്കൂപ്പിച്ചൊന്നാൻ വിഭീഷണൻ:—
"മൂന്നുപായങ്ങളാൽക്കാര്യം താത, പററാതെയാവുകിൽ
കൈക്കൊണ്ടിടാം വിക്രമ,മെന്നല്ലോ ചൊല്ലുന്നു സൂരികൾ. ൭
പ്രമത്തരിൽ,ദൂഷിതരിൽ,ബ്ഭാഗ്യക്കേടേശിയോരിലും
ശരിയ്ക്കു നോക്കിച്ചെയ്താലേ ഫലിയ്ക്കൂ താത, വിക്രമം;
അവനോ, വിജിതക്രോധനപ്രമത്തൻ ദുരാസദൻ
ജയോദ്യുക്തൻ സ്ഥിരബലൻ; നിങ്ങളെമ്മട്ടെതിർത്തിടും? ൧൦

Digitized By Kerala Sahitya Akademi

നദീനദാധിപതിയാം കൊട്ടുംകടൽ കടന്നടൻ
ദുസ്സാധകമ്മം ഹനുമാൻ ചെയ്യതുഹിയ്യമേതൊരാൾ?
ബലമുണ്ടുള വില്ലാതേ, വീയ്യവും യാതുധാനരേ;
പെട്ടെന്നാവജ്ഞ കൊള്ളല്ലാ മാററാരിലൊരുമട്ടിലും. ൧൨
മുല്പാടെന്തപ്രിയം ചെയ്തു രാക്ഷസേന്ദ്രന്നു രാഘവൻ?
കട്ടവല്ലോ ജനസ്ഥാനാലാ, വിഖ്യാതൻെറ ഭാൎയ്യയെ.
രാമൻ പോരിൽത്തരംകെട്ട ഖരനെക്കൊന്നുവെങ്കിലോ,
തീച്ച്യയായ്, പ്രാണനെ പ്രാണി കാക്കേണം ശക്തിപോലവേ. ൧൪
പുകൾക്കായുസ്സിനും നന്നല്ലന്യദാരാഭിമശനം;
ഘോര,മത്ഥം മുടിപ്പൊന്നു, പാപത്തിൻ മറുജന്മമാം!
ഇതുമൂലം നമുക്കുണ്ടാം സീതയാൽപ്പെരുതാം ഭയം;
ത്യാജ്യയാണാഹൃതയവളെ;ന്തിന്നു കലഹത്തൊഴിൽ? ൧൬
നമുക്കൊക്കില്ല, ധമ്മിഷ്ഠനാകുമാ വീയ്യവാനുമായ്
വെറുതേ വൈരമേല്ക്കുന്നു;-തവന്നേകുക സീതയെ;
ആനയശ്വങ്ങളും, ഭൂരിരത്നവും ചേന്നതാം പുരം
അമ്പാൽപ്പിളപ്പതിന്മുമ്പ,വന്നേകുക സീതയെ; ൧൭
അതിഘോരം ദുരാധഷം വങ്കപിപ്പട നമ്മുടെ
ലങ്കയിൽക്കേറിടുവതിൻമുമ്പേ നല്കുക സീതയെ.
ലങ്കാപുരി മുടിഞ്ഞിടും, ശൂരാശരരുമൊക്കവേ.
രാമന്നോമൽഗ്ഗൃഹിണിയെത്താന്താനേകാതിരിയ്ക്കുകിൽ! ൨൦
പ്രസാദിച്ചരുൾകണ്ടന്നു; ബന്ധുതാൽ ചെയ്യകെന്മൊഴി:
ഹിതം തത്ഥ്യമുരപ്പു ഞാന;—വന്നേകുക സീതയെ!
നവാഗ്രപുംഖങ്ങൾ ദൃഢങ്ങൾ ശാരദാ-
രുണാംശുതുല്യങ്ങളമോഘപത്രികൾ
ഭവദ്വധാത്ഥം സൃപസൂനു തൂകുമേ;
കൊടുക്ക കാകുത്സ്ഥനു തന്നെ സീതയെ! ൨൨
ത്യജിയ്ക്ക കോപം സുഖധമ്മനാശനം;
ഭജിയ്ക്ക ധമ്മം രതികീത്തിവദ്ധനം;

Digitized By Kerala Sahitya Akademi

പ്രസീദ; ചാകൊല്ല സബന്ധുപുത്രർ നാം;
കൊടുക്ക കാകുത്സ്ഥന്നുതന്നെ സീതയെ!' ൨൩
വിഭീഷണൻെറ ചൊൽ കേട്ടു രാവണൻ രാക്ഷസേശ്വരൻ
അവരെല്ലാരെയുമയച്ചുടൻ പുക്കാൻ നിജമന്ദിരം.

—*—

പത്താം സർഗ്ഗം: വിഭീഷണാഹിതവാക്യം.

—o—

പിറേറന്നു പുലർകാലത്തു, ഭീമകൃത്യൻ വിഭീഷണൻ
ധർമ്മാർത്ഥത്തിർപ്പു ചെയ്തിട്ടു, രാക്ഷസേന്ദ്രൻെറ മന്ദിരം—
ശൈലശൃംഗൌഘനിഭമായ്, ശൈലാഗ്രം പോലുയർന്നതായ്,
വെവ്വേറെ വകകെട്ടുകളൊത്തതായ്, മാലോകർ ചേർന്നതായ്,
ക്രൂരരല്ല ബുദ്ധിമാന്മാരാം പ്രധാനർ മരുവുന്നതായ്, ൨
ആപ്തർ രക്ഷരരക്കന്മാർ നീളവേ കാവൽനില്പതായ്,
മത്തേഭനെടുവീർപ്പാലേ കാററുക്ഷോഭമടിപ്പതായ്,
ശംഖൊച്ചയാലുൽസ്വനമായ്,ത്തൂര്യനാദാനുനാദിയായ്, ൪
സ്ത്രീകളാം തിങ്ങിയതായ്, പ്പാതമേലിരമ്പമിയന്നതായ്,
തങ്കപ്പടികളുള്ളൊന്നായ്, നൽക്കോപ്പുകളണിഞ്ഞതായ്,
ഗന്ധർവ്വമന്ദിരം പോലായ്, വാനോർതൻവീടു പോലെയായ്,
രത്നോൽകരം തിങ്ങുകയാൽബ്ഭുജംഗപുരി പോലെയായ്, ൬
വിലസും പൂർവ്വജാവാസം—തേജോരശ്മി വിരിച്ചവൻ,
വങ്കാറു ഭാസ്കരൻപോലെ പുക്കാൻ വീരൻ മഹാദ്യുതി.
വേദജ്ഞന്മാർ മുഴക്കുന്ന പുണ്യപുണ്യാഹനിസ്വനം
കേട്ടു പെരിയ തേജസ്വിയേട്ടനു വിജയപ്രദം. ൮
കാണായ് പെരുംകരുത്തന്നു മന്ത്രവേദജ്ഞർ വിപ്രരും,
പൂവക്ഷതം നൈ തൈർപ്പാത്രമിവ കൈക്കൊണ്ടു പൂജിതർ.
അരക്കരാൽ പുകഴ്ത്തപ്പെട്ടിരിപ്പോരവൻ മഹാഭുജൻ
വന്ദിച്ചാനാസനേ മേവും ധനേശ്വരകനിഷ്ഠനെ. ൧൦



Digitized By Kerala Sahitya Akademi

രാജാവിൻകണ്ണിനാൽ നല്കപ്പെട്ടോരു കനകാസനേ
ഇരുന്നാനുപചാരം ചെയ്താചാരപടുവാമവൻ.
പിന്നെച്ചൊന്നാനതിഹിതം സാന്ത്വനം യുക്തിനിശ്ചിതം
മഹാനാം രാവണനൊടു വിജനേ മന്ത്രിസന്നിധൌ, ൧൨
അജ്യേഷ്ഠനെപ്രസാദിപ്പിച്ചവൻ ക്രമവിചക്ഷണൻ,
ദേശകാലാത്ഥനന്ദനം, പാരിൽ മേല്കീഴ കണ്ടവൻ:—
"എന്നാൾ വൈദേഹിയാളീ നിൻപുരിയിങ്കലണഞ്ഞിതോ,
അന്നാൾമുതല്ക്കു നമ്മൾക്ക ദുന്നിമിത്തങ്ങൾ കാണുകയായ്: ൧൪
പൊരി പാറിപ്പുകഞ്ഞാലും; പുകയാൽ മങ്ങലാന്നിടും;
നന്നായ്ക്കത്തുന്നതില്ലഗ്നി,മന്ത്രംകൊണ്ടെരിയിക്കിലും!
അഗ്നിശാല, മടപ്പള്ളി, വേദശാലയിവററിലോ
കാണാകുമിഴജന്തുക്കളെ,വ്യഞ്ജലിലെവരുമുഴ! ൧൬
പാൽ വററിപ്പോയി പൈക്കൾക്ക; കൊമ്പനാനകൾ നിമ്മദർ;
മാഴ്കിച്ചെനപ്പിതശ്വങ്ങൾ, കൊണ്ടാടുന്നില തീററിയും!
കേഴുന്നു, രോമങ്ങൾ കൊഴിഞ്ഞുഷ്ട്രാശ്വതരഗദ്ദഭർ;
സ്വാസ്ഥ്യം കൊൾവില രാജാവേ, ചികിത്സകൾ കഴിയ്ക്കിലും! ൧൮
ക്രൂട്ടങ്ങൾക്രൂടിക്കുകുന്നു കട്ടംകാക്കകൾ നീളവേ;
ക്രൂട്ടങ്ങൾക്രൂടിക്കാണാകും വിമാനശിഖരത്തിലും!
വട്ടമിട്ടിടചേരുന്നു കഴുകന്മാർ പുരിയ്ക്കുമേൽ;
കുറുക്കന്മാരണഞ്ഞുഗ്രമാക്കുന്നു രണ്ടുനേരവും! ൨൦
കോട്ടവാതിൽകളിൽക്കേൾക്കാം,മിടിവാളൊച്ച പോലവേ,
ക്രൂട്ടംക്രൂടിയ മാംസാദമൃഗങ്ങളുടെ ഘോഷവും!
ഇമ്മട്ടിരിയ്ക്കും കാര്യത്തിൽ പ്രായശ്ചിത്തമിതുത്തമം:
ആവാമെങ്കിൽ, ദ്ദശരഥാത്മജന്നേകുക സീതയെ. ൨൨
ഇതു ഞാനറിവില്ലാഞ്ഞോ കൊതിയാലോ പറഞ്ഞതാം;
എന്നാലും നിന്തിരുവടി കുററമായ്ക്കരുതീടൊലാ.
പരക്കെപ്പററുവൊന്നാണുതാന്നമിത്തിന്മതൻ ഫലം,
രക്ഷഃസ്ത്രീകൾക്കരക്കർക്കും പുരിയ്ക്കന്തഃപുരത്തിനും. ൨൪

Digitized By Kerala Sahitya Akademi

പിൻവാങ്ങി മന്ത്രിമാരെല്ലാമീ മന്ത്രമറിയിപ്പതിൽ;
തീച്ചയായ് ച്ചൊല്ലവേണം ഞാൻ, കണ്ടതും കേട്ടിരിപ്പതും.
ന്യായത്തിനൊത്ത തീർപ്പുകൾക്കൊണ്ടതു ചെയ്തിടണം ഭവാൻ."
മന്ത്രിമധ്യത്തിൽ വെച്ചേവം ഹിതമാമിതു ചൊല്ലിനാൻ, ൨൩
ജ്യേഷ്ഠനാം രാക്ഷസാധീശനോടു തമ്പി വിഭീഷണൻ.

മൃദുത്വവും യുക്തിയുമർത്ഥമേന്മയും
കലന്ന കാലത്രയപത്ഥ്യമീ മൊഴി
ശ്രവിച്ചു,കച്ചൂടു പിടിച്ചു, ചൊല്ലിനാ-
നൊരുത്തരം വാശിമുഴുത്ത രാവണൻ:— ൨൭
ഒരേടവും ഞാൻ ഭയഹേതു കാണ്മതി-
ല്ലൊ,രിക്കുലം രാമനു സീത കൈവരാ:
സശക്രദേവാനപിതനായുമേതുമ-
ട്ടെനിയ്ക്കു നേർനില്പിതു ലക്ഷ്മണാഗ്രജൻ? ൨൮
ഇവണ്ണമോതി, സ്സുരസൈന്യഘാതുകൻ
മഹാബലൻ സംഗരചണ്ഡവിക്രമൻ
ദശാനനൻ തക്കതു ചൊന്ന തമ്പിയാം
വിഭീഷണൻതന്നെയയച്ചിതപ്പൊഴേ. ൨൯

—*—

പതിനൊന്നാം സർഗ്ഗം: സഭാപ്രവേശനം.

—*—

മെലിഞ്ഞുപോന്നു വൈദേഹീകാമാന്ധൻ പെരുമാളവൻ,
ഉറേറാർ കൊണ്ടാടലില്ലാഞ്ഞും ദുഷ്ടൻ ദുഷ്കൃതിയാലുമേ.
കാലം വൈകിപ്പടയടുത്തപ്പോളത്രേ, ദശാനനൻ
മുതിർന്നു, മിത്രസചിവരൊത്താലോചന ചെയ്യുവാൻ. ൧
അവൻ, കൽപവിഴം ചാർത്തിപ്പൊൻജനാല ചുഴന്നതായ്
ശിക്ഷിതാശ്വങ്ങൾ ചേർന്നോരു വൻതേരിൽച്ചെന്നു കേറിനാൻ.
വൻകൊണ്ടൽനേരൊച്ച പെരുമപ്പള്ളിത്തേരിലൂടവേ
എഴുന്നള്ളീ സഭയിലേയ്ക്കാശരസ്വാമി രാവണൻ. ൪

Digitized By Kerala Sahitya Akademi

വാളും പരിചയും പൂണ്ടും സർവ്വായുധവുമേന്തിയും
പോന്നാരാശരനാഥന്റെ മുന്നിൽപ്പോരാളിരാക്ഷസർ.
നാനാവികൃതവേഷന്മാർ നാനാമെയ്ക്കോപ്പണിഞ്ഞവർ
നടന്നാരവനെച്ചുററിപ്പിന്നിലും രണ്ടു ഭാഗവും. ൬
തേരാളിമാർ തേരുകളാൽ, ക്ഷിപ്രം മത്തഗജേന്ദ്രരാൽ,
കളിച്ചിടും വാജികളാൽപ്പിന്തുടന്നാർ ദശാസ്യനെ.
പരിഘം ഗദ കൈക്കൊണ്ടോർ, വേൽതോമരമെടുത്തവർ,
ചിലർ വെണ്മഴുവേന്തുന്നോർ, ചിലർ ശൂലമെടുത്തവർ. ൮
അസംഖ്യതൂര്യാരവവും മഹത്താം ശംഖനാദവും
കലന്നുയർന്നു, പൌലസ്ത്യൻ സഭയ്ക്കായെഴുനള്ളവേ.
തേരുരുൾച്ചുററൊലികളാലൊച്ച വായ്പിച്ചുകൊണ്ടുടൻ
ശ്രീമദ്രാജപഥം പൂക്കാനാ മഹാനാം മഹാരഥൻ. ൧൦
ലങ്കേശന്നു പിടിയ്ക്കപ്പെട്ടിരുന്ന തിരുവെൺകുട
മുററും തെളിഞ്ഞു ശോഭിച്ചു, മുഴുവാർതിങ്കൾ പോലവേ.
പൊന്നിൻകമ്പികളുൾച്ചേർന്നു നൽപ്പളുങ്കിൻ നിറത്തൊടും
മിന്നീ വെൺചാമര,മവന്നങ്ങിടത്തും വലത്തുമേ. ൧൨
പാരിൽ നില്ക്കുമരക്കന്മാർ തേരിൽ മേവുമധീശനെ
തൊഴുകൈ പൂണ്ടു വന്ദിച്ചാർ തലയും താഴ്ത്തിയേവരും.
അരക്കരാൽജ്ജയം ചൊല്ലിപ്പുകഴ്ത്തപ്പെട്ടുകൊണ്ടവൻ
ചെന്നെത്തീ ചാരുസഭയിൽത്തേജസ്സേറുമരിന്ദമൻ:
പൊൻവെള്ളിത്തൂണുകൾ, തനിപ്പളുങ്കാം നടുവേ,വമായ്
വിശ്വകർമ്മാവു നിർമ്മിച്ചു, തങ്കപ്പട്ടു വിരിച്ചതായ്
അറുനൂറു പിശാചുക്കളെനിശം, കാക്കുമസ്സഭ
പൂകിനാനതിതേജസ്വി,യൊളിവീശുന്ന മെയ്യുമായ്. ൧൬
അങ്ങു, വൈഡൂര്യമയമായ് പ്രിയകത്തോൽ വിരിച്ചതായ്
ചാരുള്ളൊരു മഹാഭദ്രാസനേ വാണാൻ ദശാനനൻ.
കല്പിച്ചയച്ചാൻ പിന്നീടു ശീഘ്രഗാമികൾ ദൂതരെ,
'ഇങ്ങിരി രാക്ഷസരെക്കൊണ്ടുവരുവിൻ വെക്ക'മെന്നവൻ:-- ൧൮

Digitized By Kerala Sahitya Akademi

‘വങ്കാര്യമുണ്ടു, നാമിങ്ങു കിണഞ്ഞൊപ്പിച്ചിടേണ്ടതായ്.’
അച്ചൊൽ കേട്ടു നിശാടന്മാർ നടന്നാർ നീളെ ലങ്കയിൽ;
ഗൃഹങ്ങൾതോറും പൂംകാവിൽ വിഹാരശയനത്തിലും
കടന്നു കൂസാതെ പുറപ്പെട്ടുവിച്ചാരരക്കരെ. ൧൦

മിന്നും തേരിൽച്ചിലർ, ചിലർ വെവ്വേറേ മത്തവാജിമേൽ,
ചിലരാനപ്പുറത്തേറി; പോന്തു കാൽനടയായ്ച്ചിലർ
തേരാനയശ്വങ്ങൾ ഉലോം തിങ്ങിശ്ശോഭിച്ചിതപ്പുരി,
പറന്നിടും പക്ഷികളാൽ വിഹായസ്സെന്നപോലവേ. ൧൧

നാനാവാഹനയാനങ്ങൾ പുറമേ നിർത്തിയിട്ടവർ
നടന്നു സഭയുൾപ്പുക്കാർ, സിംഹങ്ങൾ ഗുഹ പോലവേ.
രാജാവിൻകാൽ പിടിച്ചങ്ങു രാജസൽകാരമേററവർ
മുറയ്ക്കിരുന്നാർ പലകപീഠങ്ങളിൽ, നിലത്തുമായ്. ൧൨

രാജാവിന്റെ നിയോഗത്താൽസ്സഭ പുക്കു യഥാക്രമം
ഇരുന്നാരാശരവരാശരേശന്റെ ചാരവേ.
മന്ത്രിമാരും യഥായോഗ്യം കാര്യത്തീർപ്പിൽ വിശാരദർ,
സർവ്വജ്ഞർ ബുദ്ധിക്കണ്ണുള്ളോർ ഗുണവാന്മാരമാത്യരും ൧൩
കൂടിനാർ കൂട്ടമിട്ടങ്ങു; വളരെപ്പേർകൾ ശൂരരും
രാക്ഷസേന്ദ്രന്റെ ചേലൊക്കമപ്പൊൻവർണ്ണസഭാന്തരേ,
സർവ്വാർത്ഥക്ഷേമചിന്തയ്ക്കായ്ക്കൂട്ടമിട്ടൊത്തുകൂടിനാർ.

സദശ്വമായ്,പ്പൊൻപണി ചേർന്നു,ചേലാ-
ന്നിടം പെട്ടും നല്ലൊരു തേരിലേറി
വിഭീഷണൻതാനുമഥാഗ്രജന്റെ
സദസ്സണഞ്ഞാൻ, പെരിയോൻ പുകഴ്ന്നോൻ. ൧൪
അത്തമ്പിയങ്ങണ്ണനൊടോതിനാൻ പേ-
രെ,ന്നിട്ടു തൃക്കാല്ക്കൽ വണങ്ങിനിന്നാൻ;
ശുകപ്രഹസ്താഖ്യരു;-മാസനം വെ-
വ്വേറേ കൊടുത്താൻ മുറപോലവർക്കും. ൧൫

Digitized By Kerala Sahitya Akademi

സദസ്സിൽ, നാനാവിധരത്നഹേമ-
വിഭൂഷരക്താംബരരാ നിശാടർ
അണിഞ്ഞ മുഖ്യാഗരുചന്ദനങ്ങളും
പൂമാലയും വീശി സുഗന്ധമെങ്ങും. ൩൦
ചൊല്ലീല ഭോഷ്കാരു, മൊരൊച്ച കൂട്ടീ-
ല്ല,റക്കനെപ്പേശിയുമില്ല സഭ്യർ;
സിദ്ധാർത്ഥന്മാരേവരും സ്വാമിവക്ത്രം
നോക്കിക്കൊണ്ടാരവരങ്ങുഗ്രവീര്യർ. ൩൧
സുധീരനാം രാവണനാത്തശസ്ത്രരാട്-
സ്സുധീരരാമൂർജ്ജിതർതൻ നടുക്കിൽ
തേജസ്സുകൊണ്ടാസ്സഭയിൽത്തിളങ്ങി,
വസുവ്രജത്തിങ്കൽ വലാരി പോലേ. ൩൨

—c—

## പന്തിരണ്ടാം സർഗ്ഗം: കുംഭകർണ്ണവാക്യം

—*—

അസ്സദസ്സിനെയൊട്ടുക്ക നോക്കിയസ്സമിതിഞ്ജയൻ
നിയോഗിച്ചാൻ, പടകൾതൻ നാഥനാകും പ്രഹസ്തനെ:--
'സേനാപതേ, പയറൊക്കമെച്ചതുർവിധയോധരെ, ൩൪
കൂട്ടതൽക്കാവലിന്നായിച്ചൊല്ലിനിർത്തീടണം ഭവാൻ.'
ആ പ്രഹസ്തൻ കൃതാത്മാവു രാജാജ്ഞ നിറവേററുവാൻ
സൈന്യത്തെയെല്ലാം ഗേഹത്തിൽ നിർത്തി വെളിയിലുള്ളിലും,
സൈന്യത്തെപ്പുരി കാപ്പാനും വെവ്വേറേ നിർത്തിയിട്ടുടൻ
പ്രഹസ്തൻ തിരുമുമ്പാകെ വന്നിരുന്നരിയാടിനാൻ:- ൪
'വെളിയ്ക്കുമുള്ളിലും നിർത്തി ബലിയാം നിൻ ബലത്തെ ഞാൻ;
കല്പിച്ചുചെയ്തുകൊൾകാശു നിന്നിഷ്ടം സ്വസ്ഥചിത്തനായ്.'
പ്രഹസ്തവചനം കേട്ടു സുഹൃന്മദ്ധ്യത്തിലോതിനാൻ,
സുഖേച്ഛുവായ് രാജ്യഹിതം തേടും രാജാവു രാവണൻ:-- ൫

Digitized By Kerala Sahitya Akademi

“ഭവാന്മാൎക്കറിയാം, ധൎമ്മകാമാൎത്ഥവിചികിത്സയിൽ
പ്രിയാപ്രിയം, സുഖം ദുഃഖം, ലാഭാലാഭം, ഹിതാഹിതം.
ഏതു കൃത്യവുമേ നിങ്ങളാരംഭിച്ചതു സൎവ്വഥാ
മന്ത്രകൎമ്മപ്രയോഗാൽ മേ പാഴായിട്ടില്ലൊരിയ്ക്കലും. ൯
സചന്ദ്രഗ്രഹനക്ഷത്രസുരരാലിന്ദ്രനാം വിധം
നിങ്ങളാൽച്ചൂഴലപ്പെട്ട ഞാനനാറം ലക്ഷ്മി നേടണം!
ഞാൻ നിങ്ങളെല്ലാവരെയുമറിയിപ്പാനൊരുങ്ങിനേൻ;
എന്നാൽക്കാൎയ്യമിതോതീലാ കുംഭകൎണ്ണന്റെ നിദ്രയാൽ: ൧൦
ശയിയ്ക്കയായിരുന്നല്ലോ ഷൺമാസം ബലവാനിവൻ;
ഇപ്പൊഴേ പേൎത്തെണീററുള്ളൂ കുംഭകൎണ്ണൻ ഭടാഗ്രിമൻ.
അരക്കന്മാർ പാൎത്തിരുന്ന ദണ്ഡകക്കാട്ടിൽനിന്നു ഞാൻ
കൊണ്ടുപോന്നേൻ ജനകജയാമീ രാമന്റെ പത്നിയെ. ൧൧
ആ മന്ദഗതയാം ക്രുട്ടാക്കനിനിലെന്നെത്ത കേറുവാൻ;
മററില്ലൊരുത്തി മൂപ്പാരിൽസ്സീതയ്ക്കൊത്തെന്നു മന്മതം:
കൃശമദ്ധ്യ, പൃഥുശ്രോണി, ശാരദത്രികംനേർമുഖി
രമ്യ, പൊൻപ്രതിമയ്ക്കൊത്തോരം, മയൻ നിൎമ്മിച്ച മായയോ!
നഖം ചെഞ്ചിയതായ്, നൽ ‘പ്പററടി’ പാരം തുടുത്തതായ്
മൃദുവാമവൾതൻകാൽ കണ്ടെനിയ്ക്കാളുന്നു മന്മഥൻ.
ഹുതാഗ്നിതൻ ജ്വാല പോലേ, സൂൎയ്യന്റെ കതിർ പോലവൾ!
സ്വച്ഛമായ്ച്ചാരുനേത്രങ്ങളം ചേൎന്നതായ് മൂക്കുയൎന്നതായ് ൧൩
മുഗ്ദ്ധമാം തന്മുഖം കണ്ടിട്ടവശൻ ഞാൻ സ്മരാതുരൻ!
ക്രോധഹൎഷങ്ങളിലൊരേമട്ടായ്, വൈവൎണ്ണ്യ പ്രകാരിയായ്,
മാലും ചൂടും സദാ നല്കും കാമനാലേ കലങ്ങിനേൻ!
അവളെന്നോടപേക്ഷിച്ചാളൊരാണ്ടവധി ഭാമിനി: ൧൪
ഭൎത്താവാം രാമനെക്കാത്തു വാഴ്കയാണായതാക്ഷിയാം.
കൈക്കൊണ്ടിരിപ്പൂ വാമാക്ഷിയുടെയാ നല്ല വാക്കു ഞാൻ;
സദാ കാമാൽത്തളൎന്നോൻ ഞാൻ നടയാൽ വാജി പോലവേ.
എമ്മട്ടു ബാഹുജന്തുക്കളം തിങ്ങുമക്ഷോഭ്യമാം കടൽ ൧൫

Digitized By Kerala Sahitya Akademi

കടക്കം മൎക്കടത്താന്മാര, ദ്ദാശരഥിമാർകളും?
അല്ലെങ്കിലൊ,ററപ്പ്ലവഗൻ വളൎത്തല്ലോ നമുക്കഴൽ;
കാൎയ്യത്തിൻ പോക്കറികവയ്യ;-രപൈസ്സൻ നിജാശയം;
മനുഷ്യനാൽ ഭയമെനിയ്ക്കില്ലെ,ന്നാലും നിനയ്ക്കുവിൻ.
അന്നു ദേവാസുരപ്പോരിൽ വെന്നല്ലോ നിങ്ങളൊത്തു ഞാൻ;
ആ നിങ്ങളമ്മാതിരി മേ; സുഗ്രീവാദിപ്ലവംഗരെ
മുന്നിലാക്കിയണഞ്ഞിട്ടുണ്ടല്ലോ കടലിനക്കരെ,
സീതാമാൎഗ്ഗമറിഞ്ഞിട്ടാ നൃപാത്മജർ മഹാൎണ്ണവേ. ൨൪
വൈദേഹിയെക്കൊടുക്കാതേ കൊല്ലേണം രഘുപുത്രരെ;
അതിന്നാലോചനം ചെയ്യിൻ; തീൎപ്പെന്തെന്നുരയ്ക്കുവിൻ.
ലോകത്തിൽ മററൊരുത്തന്നും ശേഷി കാണുന്നതില്ല ഞാൻ
കീശരൊത്താഴി ലംഘിപ്പാൻ; തീൎച്ചതന്നേ ജയം മമ!" ൨൫

കാമമോഹിതനാമായാളുടെ പ്രവാക്ക കേൾക്കയാൽ
കുംഭകൎണ്ണൻ പ്രകോപിച്ചാനി, വണ്ണമുരിയാടിനാൻ:—

"സലക്ഷ്മണൻ രാമനിൽനിന്നു സീതയെ
സ്വയം നിനച്ചിങ്ങു ഹരിച്ചുവല്ലോ;
തദൈവ, കാളിന്ദികയാമുനം കണ-
ക്ക,റപ്പു തേടേണ്ടിയിരുന്നു മാനസം! ൨൮

നന്നായേനേ മഹാരാജ, നിന്നാലോചനയൊക്കയും
ഇതാചരിച്ചതിൻമുന്നേ ഞങ്ങളോടോത്തു ചെയ്യുകിൽ!
രാജകാൎയ്യങ്ങൾ ചിന്തിച്ചു ചെയ്യതാകിൽദ്ദശാസന,
പശ്ചാത്തപിയ്ക്കേണ്ടിവരാ, കാൎയ്യത്തിൽപ്പൊക്കമാ നൃപൻ. ൩൦
നയം കൂടാതെയും, കൎമ്മം വിപരീതവിധത്തിലും
ചെയ്കിൽദ്ദൂഷിച്ചുപോം, ഹവ്യമശുദ്ധങ്ങളിലാംവിധം.
ആർ മുമ്പേ വേണ്ടതാം കാൎയ്യം പിന്നെച്ചെയ്യാനൊരുങ്ങിടും,
പിന്നെ വേണ്ടതു മുല്പാടും, നീത്യനീത്യജ്ഞനാണവൻ!
ശീഘ്രം ചെയ്യോൻെറ പഴുതിൽ, ക്കെല്പെറെക്കണ്ടു വൈരികൾ
കടന്നുകൂടും ക്രൌഞ്ചത്തിൻ പിളൎപ്പിൽ ഖഗർ പോലവേ. ൩൨

Digitized By Kerala Sahitya Akademi

ഇപ്പെരുംകാൎയ്യമാലോചിയാതെയല്ലോ തുടൎന്നു നീ;
ഭാഗ്യം, കൊന്നീല കാകുത്സ്ഥൻ നിന്നെ, നഞ്ഞിര പോലവേ!
എന്നാലു,രികഴല്ലാടങ്ങേനിൻ ദുഷ്കൃത്യം തുടൎന്നതും
ശരിപ്പെട്ടതാമനഘ, നിൻമാററാരെ വധിച്ചു ഞാൻ;
ഞാൻ കൊന്നൊടുക്കിക്കൊള്ളാമേ നിൻമാററാരെ മഹീപതേ!
ഇന്ദ്രഭാസ്കരരായാലു,മഗ്നിവായുക്കളാകിലും, ൩൭
ആ രണ്ടാളോടു പൊരുവൻ, പാശിവിത്തേശരാകിലും.
മലയോളം പൊന്നവൻ ഞാൻ മഹാപരിഘയോധിയായ്
കടുംദംഷ്ട്രയൊടാക്രമ്പോളുമ്പർകോനും ഭയപ്പെടും!
വീണ്ടും രണ്ടാമതെയ്യുക്കാ,മവനെന്നൊയൊരമ്പിനാൽ; ൩൮
അപ്പൊഴേ മോന്തുമായാൾതൻ ഘോര ഞാനാ;-ശപസിയ്ക്ക നീ!

ൟപാത്മജൻതന്നെ വധിച്ചു സൌഖ്യദം
ജയം ഭവാനേകിടുവാൻ ശ്രമിപ്പൻ;
സൌമിത്രികാകുത്സ്ഥരെ നിഗ്രഹിച്ചു,
തിന്നൻ പ്ലവംഗോത്തമരേയുമെല്ലാം. ൩൯
രമിച്ചുകൊൾകാവതു,മഗ്ര്യമദ്യവും
കുടിയ്ക്ക, വേണ്ടുന്നവ ചെയ്ക നിൎവ്യഥം;
അയച്ചിട്ടും രാമനെ ഞാൻ യമാലയേ;
വശത്തുമാകും നെടുനാൾക്ക മൈഥിലി!" ൪൦

—:*:—

പതിമൂന്നാം സൎഗ്ഗം: മഹാപാൎശ്വവാക്യം.

—o—

രാവണനാരിശം കണ്ടു മഹാപാൎശ്വൻ മഹാബലൻ
ചെറുനേരം വിചാരിച്ചു തൊഴുതുംകൊണ്ടു ചൊല്ലിനാൻ:—
"മൃഗവ്യാളങ്ങൾ നിറയും കാട്ടിൽച്ചെന്നിട്ടുമേതൊരാൾ
കൈവന്ന തേൻ കുടിച്ചീടില്ല,യാളൊരുവിഡ്ഢിതാൻ! ൧
അരീശനീ,ശനാമങ്ങയ്ക്കി?-വിട്ടുന്ന സസീതനായ്
രമിച്ചുകൊൾക, മാററാർതൻമൂൎദ്ധ്നി കാൽ വെച്ചരിന്ദമ!



Digitized By Kerala Sahitya Akademi

ബലാൽക്കുക്കുടധർമ്മത്തിൽ വർത്തിയ്ക്കു സുമഹാബല:
ആക്രമിച്ചാക്രമിച്ചമ്പിൽപ്പുല്കീക്കൊള്ളുക സീതയെ! ൮
കാമം ലഭിച്ചതിൽപ്പിന്നെയാപത്തങ്ങയ്ക്കു ടിയ്ക്കിലോ,
വന്നതും വരുവാൻപോകുന്നതുമെല്ലാം തടുത്തിടാം.
കുംഭകർണ്ണൻ, ഞങ്ങടോടൊത്തിന്ദ്രജിത്തും മഹാബലൻ
പോരുമല്ലോ തടുത്തീടാൻ വജ്രിയാമമ്പർകോനെയും! ൯
അശക്തരുപപാദിച്ച സാമദാനങ്ങൾ ഭേദവും
തള്ളിക്കളഞ്ഞു, ദണ്ഡത്താൽ നേടിക്കൊൾകിഷ്ടിതം ഭവാൻ.
ഇങ്ങോട്ടു വന്നാൽ നിൻമാററാരേവരേയും മഹാബല,
കീഴിൽപ്പെടുത്തിക്കൊള്ളാമേ ഞങ്ങൾ ശസ്ത്രബലാൽ ദൃഢം!" ൰
മഹാപാർശ്വനിവണ്ണം ചൊന്നാറേ, രാജാവു രാവണൻ
അവൻെറ വാക്കു കൊണ്ടാടിക്കൊണ്ടേവമുരിയാടിനാൻ:—
"മഹാപാർശ്വ, ധരിച്ചാലും മദ്രഹസ്യമിതൊന്നു നീ;
ഉണ്ടായിട്ടേറെ നാളായ്; പണ്ടെനിയ്ക്കാപ്പെട്ടതോതിടാം. ൧൧
കണ്ടേൻ, തീജ്വാല പോലുള്ള പുഞ്ജികസ്ഥലയെദ്ദിവി,
ബ്രഹ്മാവിൻമന്ദിരത്തെയ്ക്കു പതുങ്ങിപ്പോവതായി ഞാൻ.
അവളെച്ചൊന്നഥ ബലാൽപ്പുണർന്നേൻ നഗ്നയാക്കി ഞാൻ;
കലക്കപ്പെട്ട പൊയ്കയ്ക്കൊത്തണഞ്ഞാളാത്മഭൂഗൃഹം. ൧൨
ആ മഹാത്മാവറിഞ്ഞിട്ടുണ്ടായിരിയ്ക്കുമതപ്പൊഴേ;
ഉടനങ്ങരിശംകൊണ്ടു ദേവനെൻനേക്കിതോതിനാൻ:—
'ഇന്നുതൊട്ടു പരസ്ത്രീയെബ്ബലത്താൽ നീ ഗമിയ്ക്കുകിൽ,
ഉടൻ നൂറായ്ത്തെറിച്ചീടും നിൻശിരസ്സി,ല്ല സംശയം!'' ൧൩
എന്നാപ്പിണഞ്ഞ ശാപത്തെപ്പേടിച്ചിട്ടാണു, ഞാൻ ബലാൽ
നൽക്കട്ടിലിൽക്കരേററാത്താതീ, വിദേഹജ സീതയെ.
എന്നുൾക്കടലിനൊത്തതെ;-ൻവേഗമോ, കാററിനൊത്തതാം;
അറിവീലിതു കാകുത്സ്ഥ.നൻ;-താണെന്നോടടുക്കവാൻ! ൧൪
ഗുഹയ്ക്കകത്തുറങ്ങുന്ന സിംഹത്തിനൊടു തുല്യനെ,
ക്രുദ്ധാന്തകൻ പോലുള്ളോനെപ്പോർത്തുണർത്തുകയാണവൻ!

Digitized By Kerala Sahitya Akademi

രണ്ടു നാവുള്ള സപ്പങ്ങൾ പോലാമെൻ തീക്ഷ്ണപത്രികൾ
കണ്ടിട്ടില്ല രണേ രാമനു;-താണെന്നോടെതിൎക്കുവാൻ! ൧൯
വില്ലിൽനിന്നെണ്ണമററുന്ന വജ്രനേർക്കണയാൽ ദ്രുതം
എരിപ്പൻ രാമനെ,ത്തീപ്പന്തത്താലാനയെയാംവിധം.
അവൻെറ പടയും തീപ്പൻ, പെരുംപട ചുഴന്നാ ഞാൻ,
കാലത്തുദിച്ച കതിരോൻ നക്ഷത്രപ്രഭ പോലവേ. ൨൦

സഹസ്രദൃക്കിന്ദ്രനമെന്നെ വെല്ലുകെ-
ന്നതിങ്ങസാധ്യം, വരുണന്നുമാഹവേ:
അടക്കിയല്ലോ ഭുജവിക്രമേണ ഞാൻ,
പുരാ കുബേരൻ കുടികൊണ്ടൊരിപ്പുരി." ൨൧

—:*:—

## പതിനാലാം സൎഗ്ഗം: വിഭീഷണൻെറ ഹിതോപദേശം.

—*—

നിശാടരാജോക്തികൾ, കുംഭകൎണ്ണ-
പ്രഘോഷമെന്നീവക കേട്ടശേഷം
വിഭീഷണൻ കൌണപരാജനോട-
ങ്ങുരച്ചുകൊണ്ടാൻ, ഹിതമത്ഥയുക്തം:- ൧
"പിടിച്ചുവല്ലോ, സ്മിതതീക്ഷ്ണദംഷ്ട്ര,
ചിന്താവിഷം, മാറിടഭോഗവാസ്യം,
പഞ്ചാംഗുലീപഞ്ചശിരസ്സുമുള്ള
സീതപ്പെരുംപാമ്പിനെ നീ നരേന്ദ്ര! ൨
വലീമുഖന്മാർ ശിരിശൃംഗതുല്യർ
ദംഷ്ട്രായുധന്മാർ നഖരായുധന്മാർ
ലങ്കയ്ക്കു പാഞ്ഞെത്തുവതിന്നു മുമ്പേ
കൊടുക്ക കാകുത്സ്ഥനു തന്നെ സീതയെ! ൩
രാമൻെറ വജ്രാഭശരങ്ങൾ നക്ത-
ഞ്ചരേന്ദ്രശീഷ്ഷങ്ങളെ വായുവേഗാൽ
കടന്നുകൊയ്തീടുവതിന്നുമുമ്പേ
കൊടുക്ക കാകുത്സ്ഥനു തന്നെ സീതയെ! ൪

Digitized By Kerala Sahitya Akademi

ധരാപതേ, വാസവജിത്തു, കുംഭ-
കൎണ്ണൻ, മഹാപാൎശ്വ-മഹോദരന്മാർ,
നികുംഭ-കുംഭാഖ്യർ, തഥാതികായൻ,
രാമന്നു നില്പാനിവർ പോര പോരിൽ. ൫
രാമങ്കൽനിന്നാണ്ടൊഴിയില്ല ചാകാ-
ത്യക്കാമരന്മാരുടെ രക്ഷയാലും,
കൃതാന്തശക്രാങ്കഗനാകിലും, പോയ്
രസാതലം വാനിവ പൂകിയാലും." ൬
വിഭീഷണൻ തന്നുടെ വാക്കു കേട്ടി-
ട്ടുരച്ചുകൊണ്ടാനുടനേ പ്രഹസ്തൻ:-
'നമുക്കു കാണ്മീലൊരുവങ്കൽനിന്നും
ഭയം, ദ്യുസദ്ദൈത്യഗണത്തിൽനിന്നും. ൭
മഹാഹിഗന്ധൎവ്വഖഗേന്ദ്രയക്ഷ-
വ്രജത്തിൽനിന്നും ഭയമില്ല പോരിൽ;
നൃപാത്മജൻ രാമനിൽനിന്നൊരിക്കൽ-
ബ്ഭയം നമുക്കെങ്ങിനെ സംഗരത്തിൽ?' ൮
പ്രഹസ്തവാക്കങ്ങഹിതം ശ്രവിച്ചു,
വിഭീഷണൻ രാജഹിതേച്ഛയാലേ,
മഹാൎത്ഥമായ്പ്പോത്തരചെയ്തുകൊണ്ടാൻ,
ധൎമ്മാൎത്ഥകാമപ്രവണാന്തരംഗൻ:— ൯
"പ്രഹസ്ത, രാജാവ,ഥ കുംഭകൎണ്ണൻ,
മഹോദരൻ, നീയുമുരച്ചുവല്ലോ;
രാമങ്കലമ്മട്ടെളുതല്ല കാൎയ്യ,-
മധാൎമ്മികന്നിന്ദ്രപുരാപ്തി പോലേ. ൧൦
പ്രഹസ്ത, കൊൽവാൻ കഴിവെങ്ങനിക്കോ
പാരം നിനക്കോ നിഖിലാശരക്കോ
വിദഗ്ദ്ധനാം രാമനെ,യപ്ലവന്നു
മഹാബ്ധി താണ്ടുന്നതിനെന്നപോലേ? ൧൧

Digitized By Kerala Sahitya Akademi

ധമ്മപ്രധാനൻെറ, മഹാരഥൻെറ-
യിക്ഷ്വാകുവംശ്യൻെറ നൃപാലകൻെറ
അത്രയ്ക്കു ശക്തൻെറ പണിത്തരത്തിൽ
പ്രഹസ്ത, ഗീർവ്വാണരുമന്ധരായ്പോം! ൰൨
ക്ലൃപ്താന്ത്യ, കങ്കച്ഛിറകൊത്തതായി-
ട്ടുല്കൃഷ്ടമാം രാമനതിത്ത ബാണം
നിന്നെപ്പിളത്തേറുവതില്ല;-തല്ലോ,
പ്രഹസ്ത,നീ മേനിപറഞ്ഞിടുന്നു! ൰൩
പ്രാണൻ കെടുംമാറ,ശനിസ്പൃദങ്ങൾ
കാകുത്സ്ഥനാഞ്ഞെയ്ത ശിതാശുഗങ്ങൾ
നിന്നെപ്പിളത്തേറുവതില്ല;-തല്ലോ;
പ്രഹസ്ത, നീ മേനിപറഞ്ഞിടുന്നു! ൰൪
ദശാസ്യനന്ത്യ,ജ്ജ്വലനാം ത്രിശീർഷ-
നി,ക്കുംഭകർണ്ണൻ, തനയൻ നികുംഭൻ,
സുരേന്ദ്രജിത്തും യുധി പോര നീയും
ശക്രാഭനാം രാമനൊടേററുനില്പാൻ. ൰൫
ദേവാന്തകൻ, പിന്നെ നരാന്തകൻതാൻ,
ക്രൂരറൻ രഥിപ്പൂണ്ണതികായസംജ്ഞൻ,
കുന്നിൻകരുത്തൊക്കമകമ്പനൻതാ-
നശക്തർ കാകുത്സ്ഥനു പോരിൽ നില്പാൻ. ൰൬
സ്വാതേ കടുത്തോൻ, വ്യസനങ്ങളേറേറാ-
നോ,രാതെ ചെയ്യും പെരുമാളിവങ്കൽ
മിത്രങ്ങളാം നിങ്ങളമിത്രതുല്യർ
സേവയ്ക്കു നില്ക്കുന്നു കുലം മുടിപ്പാൻ! ൰൭
ഒരായിരം പത്തിയുമററമററ
മെയ്യും പെടും ഘോരബലിഷ്ഠസർപ്പം
ബലേന, ചുററീടിന തമ്പുരാനെ-
പ്പിടിച്ചുടൻ വേർവിടുവിയ്ക്കു നിങ്ങൾ! ൰൮

Digitized By Kerala Sahitya Akademi

ഇഷ്ടങ്ങൾ സാധിച്ച സഖാക്കളെല്ലാം
ചേന്നൊത്തു, വേശഗ്രഹമാചരിച്ചും
പിടിച്ചു കാക്കേണ്ടവനാണു രാജ-
വ,ത്ത്യുഗ്രഭൃത്താർത്തിതനെന്നപോലെ! ൧൯
സുവാരിയാം രാഘവസിന്ധുവാണ്ടു,
കാകുത്സഥനാകും ബഡവാഗ്നിതന്നിൽ
വീണീടുവോനാമിവനെബ്ഭവാന്മാർ
ചേന്നൊത്തു വെക്കം കരയേററിടേണം! ൨൦
ഇതിസ്സുരക്ഷോഗണയാം പുരിയ്ക്കും
ഹിതം, സുഹൃത്സംയുതനാം നൃപന്നും;
വേണ്ടുംപടിയ്ക്കെന്മതമോതിടുന്നേൻ:
നൃപാത്മജന്നേകുക പത്നിയാളെ. ൨൧
പരന്റെ വീര്യ്യം, നിജമാം കരുത്തും,
സ്ഥാനം, ക്ഷയം, വൃദ്ധിയുമാകെ നണ്ണി,
അമ്മട്ടു തൻപക്ഷിലുമോർത്തമാത്ത്യൻ
സ്വാമിയ്ക്കുഹിതം, തക്കതുമോതിടേണം!" ൨൨

—:*:—

പതിനഞ്ചാം സർഗ്ഗം: ഇന്ദ്രജിദ്വാക്യദൂഷണം.

—:o:—

വ്യാഴത്തിനൊത്തുള്ളൊരു ബുദ്ധിമാനാം
വിഭീഷണൻതൻ മൊഴി വല്ലപാടും
കേട്ടിട്ടു ചൊന്നാന,തിൽവെച്ചു മേന്മ-
യുള്ളിന്ദ്രജിത്താശരയോധമുഖ്യൻ:- ൧
"എന്താണു, നിൻതമ്പി പറഞ്ഞതച്ഛാ;
നിരർത്ഥമായും ഭയപൂർണ്ണമായും?
ഇമ്മട്ടു ചൊല്ലില്ല, നിനയ്ക്കുകില്ലീ,-
ക്കുലത്തിലല്ലാതെ പിറക്കുവോനും! ൨

Digitized By Kerala Sahitya Akademi

വീര്യം, ബലം, വിക്രമശൌര്യധൈര്യം,
തേജസ്സി,തൊന്നും പിടിപെട്ടിടാതേ
ഒരുത്തനേ വംശമിതിങ്കലുള്ളു:
വിഭീഷണൻ, താതകനിഷ്ഠനിഷ്ഠാൻ! ൩.
എന്താ, നരേന്ദ്രാത്മജർ നമ്മിൽവെച്ചു
നിസ്സാരനായുള്ളോരരക്കനാലും
കൊല്ലപ്പെടാവുന്നവരാണു പോരി-
ലെ;-ന്തിനു നീ ഭീഷണി ചൊൽവു ഭീരോ! ൪
മുപ്പാരിനും നായകനായ വിണ്ണോർ-
പ്പുരാനെ ഞാൻ മന്നിലിരുത്തിയില്ലേ
പേടിച്ചരണ്ടോക്കയുമോടിയില്ലേ
നിലിമ്പവൃന്ദങ്ങളുമങ്ങുമിങ്ങും? ൫
സ്വരം പകന്നാത്തലറീടുമാറ-
ന്നൈരാവതത്തെബ്ഭുവി വീഴ്ത്തിനേൻ ഞാൻ;
കടന്നാതിൻ കൊമ്പു പറിച്ചെടുത്തു
തച്ചോട്ടിനേൻ ദേവഗണത്തെയെല്ലാം. ൬
ആ ഞാൻ സുരനാക്കമഹന്ത തീർത്തോൻ,
ദൈത്യോത്തമക്കും പരമല്ലൽ ചേർത്തോൻ,
അശക്തനാമോ, ഇരുസാധ്യമർത്ത്യ-
രാകും നരേന്ദ്രാത്മജരിൽസ്സവീര്യൻ?" ൭
അധൃഷ്യനായൂർജ്ജിതനാകമിന്ദ്ര-
സമൻെറ വാക്കിപ്പടി കേട്ടശേഷം
പറഞ്ഞിതേറെപ്പൊരുളൊത്ത വാക്യം
വിഭീഷണൻ, ശസ്ത്രധരാഗ്രഗണ്യൻ:- ൮
"മന്ത്രത്തിലില്ലാ തവ തീർപ്പു കണ്ടോ:
നീയിപ്പൊഴും ബാലനപക്വബുദ്ധി;
തന്മൂലമല്ലോ വളരെപ്പുലമ്പി
നിരർത്ഥകം നീ, നിജനാശനാർത്ഥം. ൯

Digitized By Kerala Sahitya Akademi

നീ രാവണനാത്മജനെന്ന പേരായ്,
സ്നേഹം നടിയ്ക്കും രിപുവിന്ദ്രജിത്തേ:
രാമങ്കൽനിന്നേവമിവന്ന നാശം
കേട്ടിട്ടു കൊണ്ടാടുകയല്ലി മോഹാൽ! ൧൦

നീ വധ്യനാം ദുർമ്മതി തന്നെ; നിന്നെ-
യിതിങ്കലെത്തിച്ചവനും വധാർഹൻ:
അവൻ വെറുംസാഹസിയാം കിടാവെ
മന്ത്രജ്ഞസംഘത്തിലണച്ചുവല്ലോ! ൧൧

മൂഢൻ, കുറുമ്പൻ, വിനയം പെടാത്തോൻ,
കടുസ്വഭാവൻ, ലഘുബുദ്ധി, ദുഷ്ടൻ,
മൂർഖൻ മഹാദുർമ്മതി നീ; ചെറുപ്പം-
കൊണ്ടാണു, നീ പേശുവതിന്ദ്രജിത്തേ! ൧൨

ഉദ്ഭ്രമദണ്ഡദ്യുതികങ്ങൾ, പോരിൽ-
കൃതാന്തരൂപങ്ങൾ, ശിഖാവൃതങ്ങൾ,
യമന്റെ ദണ്ഡാത്തവ, രാമനാരാ-
ലാഞ്ഞെയ്തു ബാണങ്ങളെവൻ സഹിയ്ക്കും? ൧൩

ധനങ്ങൾ, നാനാമണിരത്നദിവ്യ-
വസ്ത്രങ്ങൾ, മൈക്കോപ്പിവയോടുകൂടി
വൈദേഹിയാം ദേവിയെ രാമനേകി,
നാമിങ്ങു മാൽ വിട്ടു വസിയ്ക്ക, രാജൻ!" ൧൪

—:*:—

## പതിനാറാം സർഗ്ഗം: രാവണപരുഷവാക്യം.

—*—

വിഭീഷണൻ വെട്ടപ്പോടേ ഹിതം ചൊല്ലിയ വേളയിൽ
പറഞ്ഞാൻ പരുഷച്ചൊല്ലു രാവണൻ കാലചോദിതൻ:-
"പൊക്കാം, വൈരിയൊടൊന്നിച്ചോ ക്രുദ്ധസർപ്പത്തൊടൊപ്പമോ;
മിത്രനാമകനാം ശത്രുസ്നേഹിയോടൊത്തു പാർക്കൊലാ! ൧

Digitized By Kerala Sahitya Akademi

അറിവേൻ ജ്ഞാതികളുടെ ശീലം സർവ്വത്ര രാക്ഷസ:
തോഷിയ്ക്കും ജ്ഞാതികൾ സദാ, ജ്ഞാതികൾക്കഴൽ പററിയാൽ!
മുഖ്യനെ,ശ്ശക്തനെ,ദ്ധർമ്മിഷ്ഠനെ,ശ്ശൂരനെ വിജ്ഞനെ
മാനിയ്ക്കാ ജ്ഞാതികളി;-ടിയ്ക്കുകയും ചെയ്യുമാശരം! ൪
എന്നും സ്നേഹം നടിയ്ക്കുമെന്നാരാ,പത്തിൽ ദ്രോഹകാരികൾ,
ഉൾ കാട്ടാത്തവർ, ഘോരന്മാർ; ജ്ഞാതിക്കൂട്ടർ ഭയങ്കരർ! ൫
കേൾപ്പുണ്ടു, കയർ കൈക്കൊണ്ടോർക്കൊരുക്കണ്ടൊരു പൊയ്കയി
ൽഗജങ്ങൾ ചൊന്ന പദ്യങ്ങളി-വ കേൾക്കുക, ചൊല്ലുവൻ: ൬
'തീ, മററു ശാസ്ത്രം, കയറുമല്ലാ നമ്മൾക്കു ഭീതിദം;
സ്വാർത്ഥാൽക്കർ ഘോരരാം ജ്ഞാതിമാരേ നമ്മൾക്കു ഭീതിദർ!
ഇവർ ചൊല്ലിക്കൊടുക്കത്തുള്ളും പിടിപ്പാൻ വഴി നിർണ്ണയം;
ഭയങ്ങളിൽ ജ്ഞാതിഭയം കൊടുതെന്നറിഞ്ഞു നാം! ൮
ലക്ഷ്മി ഗോക്കളിൽ നില്ക്കുന്നു; ദമം നില്ക്കുന്നു വിപ്രനിൽ;
ചാപല്യം സ്ത്രീയിൽ നില്ക്കുന്നു; ഭയം ജ്ഞാതിഗണത്തിലും!'
അതിനാൽസ്സൌമ്യ, രസമില്ല, ലകിൻപൂജയേററു ഞാൻ
ഐശ്വര്യം നേടി, മാററാർതൻ മൂർദ്ധ്നി മേവുന്നതിൽത്തവ! ൧൦
താമരത്താരിലകളിൽ വീണ നീർത്തുള്ളിയെങ്ങിനെ
പററിനില്ക്കില്ല, തിൻവണ്ണമല്ലോ നീചരിൽ വേഴ്ചയും!
എമ്മട്ടോ വണ്ടു കൊതിയാൽത്തേൻ കുടിച്ചിട്ടതിങ്കലേ
നിന്നീടാ, നിഘ്യമമ്മട്ടാണ;-മ്മട്ടാം നീചസൌഹൃദം! ൧൨
കൊതിയാൽക്കാശപുഷ്പത്തെ നുകർന്നാലു,മളിയ്ക്കതിൽ
കിട്ടില്ലല്ലോ നറുംതേന,മ്മട്ടത്രേ നീചസൌഹൃദം!
സ്നാനം ചെയ്തു ഗജം തുമ്പിക്കയ്യാൽപ്പൊടിയെടുത്തുടൻ
തന്നെ കെടുപ്പതെമ്മട്ടാണ,മ്മട്ടാം നീചസൌഹൃദം! ൧൪
ശരത്തിൽക്കാറുകളിടി മുഴക്കി മഴപെയ്കിലും
പൂലുണ്ടാകത്തതെമ്മട്ടാണ,മ്മട്ട നീചസൌഹൃദം!
മററൊരാളാണിതിച്ചൊന്നതെങ്കിൽ നിശാചര,
ഇക്ഷണം തീർന്നേപോയേനേ; മോശം നീ കുലദൂഷകൻ!" ൧൬



Digitized By Kerala Sahitya Akademi

എന്നീപ്പരുഷവാക്കാലേ, ന്യായവാദി വിഭീഷണൻ
ഗദ കൈക്കൊണ്ടു വാനാണ്ടാൻ നാലു രാക്ഷസരൊത്തുടൻ;
കഥിച്ചീടുകയും ചെയ്താൻ വാനിൽ നിന്നു സരോഷനായ്
ഭ്രാതാവാം യാതുധാനേശനോടാ ശ്രീമാൻ വിഭീഷണൻ:- ൧൮
"അങ്ങെൻഭ്രാതാവു; ചൊല്ലിക്കൊൾകിഷ്ടംപോലൊക്കെ മന്നവ!
ജ്യേഷ്ഠൻ മാന്യൻ പിതാവെപ്പോലെ;-ന്നാൽധൎമ്മസ്ഥനല്ല നീ!
അതിനാൽ നിന്റെയിപ്പാഴാം ശകാരം ഞാൻ പൊറുത്തിടാ!
ഹിതമിച്ഛിപ്പവൻ ചൊന്ന നല്ല വാക്കു ദശാനന, ൨൦
കൈക്കൊള്ളുകില്ല കഥയില്ലാത്തോർ, കാലവശാഗതർ!
ധാരാളമുണ്ടാം രാജാവേ, സദാ പ്രിയമുരപ്പവർ;
അപ്രിയം പത്ഥ്യമോതുന്നോൻ, കേൾക്കുവോനാം ചുരുക്കമേ!
സൎവസംഹാരിയാം കാലപാശംകൊണ്ടുള്ള കെട്ടിനാൽ ൨൨
നശിപ്പോനെ ത്യജിയ്ക്കാ ഞാൻ, കത്തും വീടിനെയാംവിധം.
പൊന്നണിഞ്ഞെരിചെന്തിയ്യിന്നൊക്കും കൂൎത്ത ശരങ്ങളാൽ
രാമൻ ഭവാനെക്കൊല്ലുന്നതീക്ഷിപ്പാനിച്ഛയില്ല മേ!
ശൂരരും ബലവാന്മാരും പോൎക്കളത്തിൽകൃതാസ്ത്രരും ൨൪
ഉടഞ്ഞുപോം കാലവശാൽ, മണൽച്ചിറകൾ പോലവേ!
ക്ഷമിയ്ക്കുക, ഗുരുത്വത്താൽ നന്മയ്ക്കായ്ച്ചൊന്നതൊക്കവേ!
തന്നെ രക്ഷിയ്ക്കുകെമ്മട്ടു,മീ രാക്ഷസപുരത്തെയും.
സ്വസ്തിയങ്ങയ്ക്കു; പോകുന്നേൻ; ഞാനെന്ന്യേ സുഖിയാക നീ!വന്ന

ഹിതൈഷി ഞാനിങ്ങു തടുത്തു ചൊന്നവാ-
ക്കനിഷ്ടമായ്ത്തോന്നി ഭവാനു രാക്ഷസ!
വിനാശകാലേ ഹിതമിത്രവാക്കെട്ടു-
ക്കുകില്ലയല്ലോ, ഗതജീവിതൻ നരൻ!" ൨൫

—*—

പതിനേഴാം സൎഗ്ഗം: വിഭീഷണന്റെ രാഘവോപസൎപ്പണം

—*—

ലങ്കേശനോടിപ്പരുഷം ചൊന്ന ലങ്കേശസോദരൻ
ചൊന്നണഞ്ഞാൻ ക്ഷണത്താലേ രാമലക്ഷ്മണസന്നിധൌ.

Digitized By Kerala Sahitya Akademi

മേരുശൃംഗാഭനവനെ,ത്തുമിന്നലിനെയാം വിധം
വാനത്തു കണ്ടു, മന്നിങ്കൽ വാഴുമാ വാനരേശ്വരർ: ൨
അവന്റെ കൂടെയുള്ളോരാ ഘോരവിക്രമർ നാൽവരും
ധരിച്ചിരുന്നു മെയ്യിട്ട, ശസ്ത്ര,മുത്തമഭൂഷയും;
ആ വീരനാം, പയോദാദ്രിപ്രായനിഭസമപ്രഭൻ,
ശ്രേഷ്ഠായുധധരൻ ദിവ്യാഭരണങ്ങളണിഞ്ഞവൻ. ൪
നാൽവരൊത്തവനെക്കണ്ടു സുഗ്രീവൻ വാനരാധിപൻ
ദക്ഷൻ വാനരന്മാരൊത്താലോചിച്ചിതു ബുദ്ധിമാൻ.
കുറച്ചുനേരമാലോചിച്ചുരചെയ്താനുദാരമായ്,'
ആ ഹനുമൽപ്രമുഖരാം വലീമുഖരൊടൊക്കയും:— ൬
'ഇതാ, കാണ്ക, വരുന്നുണ്ടൊരരക്കനഖിലായുധൻ
നാലരക്കരൊടൊന്നിച്ചു; നമ്മെക്കൊൽവതിനാം, ദൃഢം!'
സുഗ്രീവനുടെ ചൊൽ കേട്ടാ വാനരൊത്തമരേവരും
മരങ്ങളും മലകളും കൈക്കൊണ്ടിട്ടി,തു ചൊല്ലിനാർ:- ൮
'ആജ്ഞ നല്കാശു ഞങ്ങൾക്കി,ദ്ദുഷ്ടരെക്കൊല്ലുവാൻ പ്രഭോ,
മന്നിൽ വീഴട്ടെ കൊല്ലപ്പെട്ടല്പചേതനരാമിവർ.'
അക്കൂട്ടർ തമ്മിൽസ്സംസാരിച്ചിടുമ്പോളാ വിഭീഷണൻ
വടക്കേക്കരമേലെത്തി നിന്നാൻ വ്യോമസ്ഥലത്തുതാൻ; ൧൦
സുഗ്രീവനെയുമക്കീശമുഖ്യന്മാരെയുമൊക്കവേ
പാർത്തു ചൊന്നാൻ മഹാപ്രാജ്ഞൻ, മഹാൻ, പെരിയൊരൊ
[ച്ചയിൽ:-
"ദുശ്ശീലൻ ഷ്ഠിതൻ രാവണനെന്നൊരരക്കനെ,രക്കർകോൻ;
അവന്റെ തമ്പിയാകുന്നു ഞാൻ, വിഭീഷണനെന്നവൻ. ൧൨
ജനസ്ഥാനാൽ ജടായുസ്സെക്കൊന്നവൻ കട്ടു സീതയെ;
തടഞ്ഞിരിപ്പൂ രക്ഷഃസ്ത്രീകാവലിൽദ്ദുഃഖദീനയെ.
നാനാഹേതുക്കളെക്കാണിച്ചു, വനോടോതിനോക്കി ഞാൻ,
നേർക്കു സീതയെ രാമനോ നല്കുകെന്നു, പുനഃ പുനഃ. ൧൪
എന്നാൽപ്പഥ്യം പറവതാ രാവണൻ കാലചോദിതൻ
കൈക്കൊണ്ടീലൊ, ഷധം ചാകാൻപോകുന്നോനെന്ന പോലവേ !

Digitized By Kerala Sahitya Akademi

ഉരത്തവൻ ദാസനെപ്പോലവമാനിയ്ക്കുകൊണ്ടു ഞാൻ
ഭാര്യാപുത്രരെയും വിട്ടു ശരണംപുക്കു രാമനെ. ൧൮
ആർക്കും ശരണ്യനായുള്ള മഹാത്മാവായ രാമനെ
ചിക്കെന്നെണത്തിയ്ക്കുക, ഞാൻ, വിഭീഷണനണഞ്ഞതായ്."
ഈ വാക്കു കേട്ടു സുഗ്രീവൻ വെക്കം ചെന്നോവമോതിനാൻ,
സൌമിത്രിയുടെ മുമ്പാകേ രാമനോടു സസംഭ്രമം- ൧൯
"രാവണന്നനുജഭ്രാതാവാ, വിഭീഷണനെന്നവൻ
ശരണംപുക്കിരിപ്പൂ നാലരക്കരൊടുമങ്ങയെ.
മന്ത്രം, വ്യൂഹം, നയം ചാരനിവയിൽ ശ്രദ്ധ വെയ്ക്കണേ
പ്ലവംഗരുടെയും മാററാരുടെയും; വീര, തേ ശുഭം! ൨൦
ഒളിഞ്ഞു സഞ്ചരിപ്പോരി,ക്കാമരൂപികളാശരർ
സൂത്രക്കാർ, ശൂരരി;-വരെ വിശ്വസിയ്ക്കൊല്ലൊരിയ്ക്കലും.
രാവണാശരരാജാവിൻ ചാരനായിവരാമിവൻ;
കടന്നുകൂടിയാൽ നമ്മെച്ചിദ്രിപ്പിയ്ക്കുമിവൻ ദൃഢം! ൨൧
കടന്നുകൂടിയാൽ,ത്താൻതാനീ വിദ്വാനെപ്പൊഴെങ്കിലും
തക്കം കണ്ടെത്തി വിശ്വസ്തദ്രോഹം പററിച്ചുവെന്നുമാം!
മിത്രാടവീബലം, മൂലബല ഭൃത്യബലങ്ങളും,
കൈക്കൊള്ളാമിബ്ബലം സർവ്വം; പാടില്ലരികാംതൻബലം. ൨൨
പ്രകൃത്യാ രാക്ഷസനിവൻ വൈരിതന്നനുജൻ പ്രഭോ,
വന്നോൻ ശത്രുപ്പുരത്തിൽനിന്നി;-ങ്ങെവ്വണ്ണം വിശ്വസിച്ചിടും?
ഒററിനായ് രാവണൻ വിട്ടോനീ വിഭീഷണനാണേ,ക്കനീ;
ഇവനെക്കൊല്ക, ഹിതമെന്നാൻപക്ഷം ഹിതവത്തമ! ൨൩
സന്ദേശാൽച്ചതിയുംകൊണ്ടു വന്നോനാണീ നിശാചരൻ,
രാമ, വിശ്വസ്തനാം നിന്നെ ദ്രോഹിപ്പാൻവേണ്ടി മായയാ.
നിഗൂഢമരിസൈന്യത്തിൽക്കടന്ന മതിമാനരി
തക്കം നേടി വധിച്ചേയ്ക്കും, കാകരെക്കൂമനാംവിധം! ൨൪
കൊല്ലേണം സചിവന്മാരൊത്തിവനെത്തീവ്രശിക്ഷയാൽ:
ക്രൂരനാം രാവണനുടെ തമ്പിയല്ലോ വിഭീഷണൻ."

Digitized By Kerala Sahitya Akademi

വാശക്ഷനാം രാമനൊടു, വാക്യജ്ഞൻ വാഹിനീശ്വരൻ
സംഭ്രമപ്പെട്ടിതിൻവണ്ണം ചൊല്ലി മിണ്ടാതെ മേവിനാൻ. ൩൦
സുഗ്രീവനുടെയാ വാക്ക കേട്ടു, ചൊല്ലെക്കൊണ്ട രാമനും
അരികേ നിന്ന ഹനമാൻമുമ്പാം കീശരൊടോതിനാൻ:--
'കേട്ടല്ലോ രാവണനുടെ തമ്പിയെപ്പററിയങ്ങിനെ
കപീന്ദ്രൻ ചൊന്ന യുക്ത്യത്ഥയുക്തമാം വാക്ക നിങ്ങളും; ൩൧
കാൎയ്യക്കഴപ്പങ്ങളിലൊന്നപദേശിയ്ക്കവേണ്ടതാം,
എന്നെയ്ക്കും നന്മയിച്ഛിയ്ക്കം ധിമാൻ പടു സുഹൃത്തുമേ.'
ഏവം ചോദിയ്ക്കയാൽ,ത്തൻതൻപക്ഷത്തെ മടിയാതവർ
സോപചാരമുണൎത്തിച്ചു രാമനോടു ഹിതോദ്യതർ:-- ൩൪
'മൂപ്പാരിലൊന്നില്ലി,വിടുന്നറിയാതെ കകത്സ്ഥജ;
തൻമൈത്രി കാട്ടുവാനത്രെ, ചോദിപ്പൂ ഞങ്ങളോടു നീ.
ഭവാൻ സത്യവ്രതൻ, ശൂരൻ, ധാൎമ്മികൻ, ദൃഢവിക്രമൻ,
നിനച്ചു ചെയ്വോൻ, സ്മൃതിമാൻ, സുഹൃജ്ജനവശംവദൻ! ൩൫
അതുകൊണ്ടു, മുറയ്ക്കേരോരാളും ചൊല്ലട്ടെ യുക്തിയിൽ:
നിന്നാമാത്യർ മഹാപ്രാജ്ഞർ വീണ്ടും വീണ്ടും വിചക്ഷണർ.'
എന്നു ചൊന്നളവേ, മുല്പാടംഗദൻ കപി ബുദ്ധിമാൻ
വിഭീഷണപരീക്ഷയ്ക്കായ് രഘുപുത്രനൊടോതിനാൻ:- ൩൬
'ശങ്ക്യൻതാൻ സവ്ഥാ, വൈരിയ്ക്കരികേനിന്നു വന്നവൻ;
പെട്ടെന്നു വിശ്വസിയ്ക്കാവുന്നവനല്ല വിഭീഷണൻ.
തന്നുള്ളുകള്ളി കാട്ടാതേ നടക്കും കുടിലാശയർ;
പഴുതിൽ ദ്രോഹവും കൂട്ടു;-മതു വമ്പിച്ചനത്ഥമാം! ൪൦
നന്മതിന്മയറിഞ്ഞിട്ടുവേണം, തീച്ചപ്പെടുത്തുവാൻ:
ഗുണം കണ്ടാലെടുക്കേണം; ദോഷം കണ്ടാൽ ത്യജിയ്ക്കണം.
വൻദോഷമുണ്ടിവനെങ്കിൽ ത്യജിയ്ക്കാം ശങ്കയെന്നിയേ;
ഗുണങ്ങളും വളരെക്കണ്ടാലെടുക്കാം നരപാലക!' ൪൧
ശരഭൻ തീപ്പു ചെയ്തിട്ടു സയുക്തികമിതോതിനാൻ:—
'അയയ്ക്ക മത്ത്യേന്ദ്ര, ജവാലിവങ്കലൊരു ചാരനെ;

Digitized By Kerala Sahitya Akademi

അയച്ചു സൂക്ഷ്മമതിയാം ചാരനാൽശ്ശരിയാംവിധം
പരീക്ഷിച്ചിട്ടു കൈക്കൊള്ളാം, ന്യായത്തിനൊത്തവണ്ണമേ.'
ജാംബവാനോ, യഥാശാസ്ത്രം നിരൂപിച്ചു വിചക്ഷണൻ
ദോഷം ചേരാതെ ഗുണവത്തായിട്ടല്ലൊന്നുണർത്തിനാൻ:
'അദേശത്തുമകാലത്തുമല്ലോ വന്നു വിഭീഷണൻ
വൈരിപാപനിശാടേന്ദ്രാൽ; സർവ്വഥാ ശങ്ക്യനാണിവൻ!' ൪൮
പിന്നെ മൈന്ദൻ നിരൂപിച്ചു നയാനയവിശാരദൻ
എത്രയും യുക്തിയുതമായ്ച്ചൊന്നാൻ ചൊല്ലികവുള്ളവൻ:--
'ആ രാവണന്റെയനുജഭ്രാതാവല്ലോ വിഭീഷണൻ;
ചോദിയ്ക്ക മെല്ലെന്നിവനോടോരാംവഴി നൃപോത്തമ; ൫൦
ഇമ്മട്ടയാളുടെ മനം നേർക്കറിഞ്ഞിട്ടു ചെയ്ക നീ,
ദുഷ്ടാദുഷ്ടനിലയ്ക്കൊത്തതാലോചിച്ചു നരർഷഭ.'
ചില്ലാടനല്പസംസ്കാരൻ ഹനുമാൻ സചിവോത്തമൻ
മയത്തിൽസ്സാർത്ഥമധുരമൊന്നു ചൊന്നാൻ ചതുരമായ്:-- ൫൨
"ബുദ്ധിയേറും നിപുണനാം വാഗ്മിപ്പൂന്നാകമങ്ങയെ
കവിച്ചുവെപ്പാനാളാകാ വ്യാഴൻപോലും വചസ്സിനാൽ!
വഴക്കം സ്പർദ്ധയും വമ്പും വാശിയും മൂലമല്ല, ഞാൻ
ആസ്ഥകൊണ്ടാണുണർത്തിപ്പൂ വാസ്തവം രാമ, മാനവ! ൫൪
നന്മതിന്മ പരീക്ഷിപ്പാൻ ചൊന്നാരല്ലോ തവ മന്ത്രിമാർ;
അതിൽക്കാണുന്നു ഞാൻ ദോഷം; പററുകില്ലിപ്പണിത്തരം:
നിയോഗമെന്നിയേ നന്മയറിവാനെളുതാസ്സരാ;
ഉടൻ നിയോഗമോ, ദോഷയുക്തമായ്ത്തോന്നിടുന്നു മേ. ൫൬
ഒററുവെയ്ക്കുക നന്നെന്നു ചൊന്നല്ലോ തവ മന്ത്രിമാർ;
ആവശ്യമില്ലാത്തതിനാലച്ചെയ്യുന്ന ചിതപ്പെടാ.
അദേശകാലേ വന്നോനാണീ വിഭീഷണനെന്നതിൽ,
ഒന്നുണ്ടാമ്മാറുണർത്തിപ്പാനെനിയ്ക്കത്തു ധരിയ്ക്ക നീ: ൫൮
ദേശവും കാലവുമിതാണെന്നത്രേ തോന്നിടുന്നു മേ.
ഒരാളിൽനിന്നന്യനെയും തിന്മനന്മയുമോർക്കയാൽ

Digitized By Kerala Sahitya Akademi

ധൌഷ്ട്യത്തെ രാവണനിലും വിക്രമത്തെബ്ബാലിയിങ്കലും
കണ്ടു, തൻതോന്നലിന്നൊപ്പമിവൻ വന്നതു യുക്തമാം. ൬൦
അജ്ഞാതരെക്കൊണ്ടിവനോടൊന്നു ചോദിച്ചുനോക്കുവാൻ
ചൊന്നതിൽശ്ശരിയാം തോന്നലൊന്നുണ്ടു മമ മന്നവ!
ചോദിയ്ക്കു,പ്പറവാൻ ശങ്കിച്ചേയ്ക്കും പെട്ടെന്നാഭിജ്ഞനും;
അതിൽസ്സ്വഗാഗതം മിത്രം പാഴ്ച്ചോദ്യംകൊണ്ടു കെട്ടുപോം! ൬൨
പെട്ടെന്നാവില്ല രാജാവേ, ഭാവം വാക്കാൽ മറയ്ക്കയാൽ
പരൻെറയുള്ളറിയുവാന,തീവ നിപുണന്നുമേ.
എന്നാലി,വൻെറ വാക്കിങ്കൽദ്ദുഷ്ട കാണ്മീലൊരിയ്ക്കലും;
തെളിഞ്ഞിരിപ്പു മുഖവു;-മതിനാൽശ്ശങ്കയില്ല മേ. ൬൪
സ്വാസ്ഥനായ്,ശ്ശങ്കയുറംക്കൊള്ളാത,രികത്തണയാ ശഠൻ;
ദുഷ്ടില്ലിവൻെറ വാക്കിങ്കല;-തിനാൽശ്ശങ്കയില്ല മേ.
ആകാരം മൂടിവെച്ചാലുമാവതല്ല മറയ്ക്കുവാൻ;
പുറത്തുചാടിച്ചിടുമേ നരർതൻ ചിത്തവൃത്തിയെ! ൬൬
ദേശവും കാലവുമനുഷ്ഠാനവും ചേൎന്നിണങ്ങിയാൽ
വെക്കം സഫലമായ്ത്തീരും കാൎയ്യം, കാൎയ്യജ്ഞസത്തമ.
നിന്നുദ്യമം, ദശാസ്യൻെറ പാഴ്ച്ചലയിവ കാണ്കയാൽ,
ബാലിതൻ കൊല, സുഗ്രീവാഭിഷേകമിവ കേൾക്കയാൽ, ൬൮
നാടു നേടുന്നതിന്നിങ്ങു വന്നതാം ബുദ്ധിപൂൎവ്വമേ;
ഇതേ മുൻനിൎത്തിയിവനെ സ്വീകരിയ്ക്കുക യുക്തമാം.
ചൊന്നേനാമ്മാറരക്കൻെറയാൎജ്ജവത്തെക്കുറിച്ചു ഞാൻ;
കേട്ടു, മേൽവേണ്ടതിന്നോ നീ പ്രമാണം ബുദ്ധിമത്തമ!” ൭൦

—:*:—

## പതിനെട്ടാം സൎഗ്ഗം: വിഭീഷണസ്വീകാരനിശ്ചയം.

—:o:—

വായുപുത്രൻെറ വാക്യം കേട്ടുടൻപ്രസാദേന രാമനും
ചൊന്നാനനന്തൎഗ്ഗതം, തക്ക പഠിച്ചുള്ളോൻ ദുരാസദൻ:—
‘ഈ വിഭീഷണനെപ്പറ്റിച്ചൊൽവാനുണ്ടൊന്നെനിയ്ക്കുമേ;
കേട്ടാൽക്കൊള്ളാമതെല്ലാമേ നിങ്ങൾ മംഗളകാംക്ഷികൾ: ൨

Digitized By Kerala Sahitya Akademi

മിത്രഭാവേന വന്നോനെ,സ്സദ്ദോഷനവനെങ്കിലും,
ത്യജിയ്ക്കില്ലൊന്നുകൊണ്ടും ഞാൻ; സത്തുക്കൾക്കിതു സമ്മതം.'
സുഗ്രീവനാ വചനമൊന്നൊട്ടത്തോതി നിനച്ചുടൻ
പെരികെശ്ശുഭമാം വാക്യം കഥിച്ചാൻ കപിപുംഗവൻ:— ൪
'സുദുഷ്ടൻ താന,ദുഷ്ടൻതാനെ,ന്തിനാണീ നിശാചരൻ?
ആരേവമാപദ്ഗതനാം ഭ്രാതാവിനെ വെടിഞ്ഞിടും,
അവനു പിന്നെയാരുണ്ടാം, വെടിയപ്പെട്ടിടാതൊരാൾ?'
കപീന്ദ്രമൊഴി കേട്ടെ,ല്ലാവരെയും നോക്കി, മെല്ലവേ ൬
പുഞ്ചിരിക്കൊണ്ടു, സല്ലക്ഷ്മാവായ ലക്ഷ്മണനോടുടൻ
അരുൾചെയ്താനിതിൻവണ്ണം കാകുത്സ്ഥൻ സത്യവിക്രമൻ:—
'ശാസ്ത്രങ്ങളഭ്യസിയ്ക്കാതെ, വൃദ്ധരെസ്സേവിയാതെയും
കഥിപ്പാനെളുതാകില്ലാ, കപീന്ദ്രൻ ചൊന്നതിൻവിധം! ൮
എന്നാൽസ്സസൂക്ഷ്മമൊന്നുണ്ടിങ്ങി, തത്രേ തോന്നിടുന്നു മേ;
പ്രത്യക്ഷം, ലൌകികം, പററാരുണ്ടിതെല്ലാനൃപക്കുമേ:
ശേഷക്കാര,യൽമന്നന്മാരിവർപോൽ, വ്യസനങ്ങളിൽ
ദ്രോഹം ചെയ്യുന്ന ശത്രുക്കളെ;-തിനാൽ വന്നതാണിവൻ. ൧൦
മാനിയ്ക്കും ശിഷ്ടർ ശേഷക്കാർ ഹിതരാം സ്വജനങ്ങളെ;
എന്നാൽ, പ്രായേണ, ഭൂപർക്ക് ശങ്ക്യനാം സാധുവൃത്തനും.
ചൊന്നല്ലോ തിന്മ നീ, ശത്രുപക്ഷത്തെ സ്വീകരിപ്പതിൽ;
അതിൽച്ചൊല്ലിത്തരാം ശാസ്ത്രപ്പടിയ്ക്കൊന്നി;-തു കേൾക്ക നീ:
ശേഷക്കാരല്ലവന്നിനാം; രക്ഷസ്സോ, രാജ്യകാംക്ഷിയാം;
ഉണ്ടാം വിദ്വാനു;-മതിനാൽ ഗ്രാഹ്യൻതന്നേ വിഭീഷണൻ,
തമ്മിൽച്ചേരില്ല ശേഷക്കാരു,ഴറാതെ സഹർഷരായ്;
ഇവന്റെ ശബ്ദം ചീത്തുള്ളൊന്നു;-തിനാൽബ്ഭീതനാണിവൻ;
വരാം പിണക്ക,മതിനാൽ ഗ്രാഹ്യൻതന്നെ വിഭീഷണൻ.
ഭ്രാതാക്കളെല്ലാം ഭരതൻ പോലെയാവില്ല തോഴരേ;
അച്ഛന്നു മക്കളെന്നിട്ടും; ക്രൂരാകാർ നിൻതരത്തിലും!'
രാമനേവം പറകയാൽസ്സുഗ്രീവനതിബുദ്ധിമാൻ ൧൫

Digitized By Kerala Sahitya Akademi

സൌമിത്രിയൊത്തെഴുന്നേററു പണിഞ്ഞിങ്ങിനെ ചൊല്ലിനാൻ:-
'ഒററിനായ്' രാവണൻ വിട്ടോനീ വിഭീഷണനോൎക്ക നീ:
ഇവനെക്കൊല്ക, ഹിതമെന്നൻപക്ഷം ഹിതവത്തമ.
സന്ദേശാൽച്ചതിയുംകൊണ്ടു വന്നോനീ രാക്ഷസൻ ശഠൻ,
ഗൂഢം, വിശ്വസ്തനാം നിങ്കലെ,ങ്കലോ, ലക്ഷ്മണങ്കലോ
ദ്രോഹം ചെയ്വാൻ മഹാബാഹോ; വധ്യൻ സാമാത്യനാമിവൻ:
ക്രൂരനാം രാവണന്നുടെ തമ്പിയല്ലോ വിഭീഷണൻ.'
വാഗ്മിയാം രാഘവനൊടു, വാക്യജ്ഞൻ വാനരേശ്വരൻ ൧൦
സുഗ്രീവനീവിധമുരച്ചിട്ടു മിണ്ടാതെ മേവിനാൻ.
സുഗ്രീവനുടെയാ വാക്കു കേട്ടാലോചിച്ചു രാമനും
ഹരിപുംഗവനോടേററം ശുഭമാം വാക്കു ചൊല്ലിനാൻ:-
"സുദുഷ്ടൻതാന,ദുഷ്ടൻതാനെ,ന്നുവാനീ നിശാചരൻ? ൧൨
എന്നൊത്തരിമ്പും ദ്രോഹിപ്പാനാളാകില്ലൊരുമട്ടിലും.
പിശാചയക്ഷാസുരരെ,സ്സർവ്വരാക്ഷസർതമ്മെയും
വിരൽത്തുമ്പാൽ വധിപ്പൻ ഞാൻ, വേണമെങ്കിൽക്കപീശ്വര!
കേൾപ്പുണ്ടല്ലോ: പിറാവൊന്നു ശരണംപുക്ക ശത്രുവെ
പൂജിച്ചാൻ വേണ്ടതിൻവണ്ണം; തന്മാംസത്താലെയൂട്ടിനാൻ.
സ്വീകരിച്ചില്ലയോ, തന്റെ ഭാര്യയെ ഹരിച്ചോരുവനെ
അപ്പിറാവു കപിശ്രേഷ്ഠ? പിന്നെയെന്തെന്റെ മട്ടുകാർ?
പണ്ടു, കണ്വർഷിതൻ പുത്രൻ കണ്ഡുവെന്ന മഹാമുനി ൧൬
സത്യോക്തനൊരു ധർമ്മിഷ്ഠഗാഥ ചൊന്നതു കേൾക്ക നീ:
മാഴ്കിത്തൊഴുതപേക്ഷിച്ചു ശരണം പുക്കിരിക്കവേ,
ഹനിയ്ക്കൊല്ലരിയെപ്പോലും കനിവെന്യേ പരന്തപ.
വലഞ്ഞോൻതാൻ, തെളിഞ്ഞോൻതാൻ, പരരിൽശ്ശരണാഗതൻ
ശത്രു സംരക്ഷ്യനല്ലോ,തന്നുയിർ വിട്ടുമഭിജ്ഞനാൽ.
മൌഢ്യമോ, കാമമോ, ഭീയോ മൂലം തൻത്രാണികൊണ്ടവൻ
രക്ഷിയ്ക്കാ ശക്തിപോലെങ്കിലതു നിന്ദിതപാപമാം.
അരക്ഷിതാവവൻ കാൺകെ നശിച്ചു ശരണാഗതൻ ൨൦



Digitized By Kerala Sahitya Akademi

അവൻെറ പുണ്യമെല്ലാമേ കൊണ്ടുപോകുമരക്ഷയാൽ!'
ഇമ്മട്ടുണ്ടു മഹാദോഷമാശ്രിതാരക്ഷണാലിഹ;
കിട്ടില്ല കീർത്തിയും വിണ്ണും; കെട്ടുപോം ബലവീര്യവും.
ചെയ്യുൻ യഥാർത്ഥമുൽകൃഷ്ടാ കണ്ഡു ചൊന്നതുതന്നെ ഞാൻ:൩൨
ധർമ്മിഷ്ഠം, കീർത്തികരമിതൊ;-ടുവിൽ സ്വർഗ്ഗവും തരും.
ഒരിയ്ക്കൽ വന്നു, 'ഞാൻ നിൻെറ'യെന്നപേക്ഷിപ്പവന്നു ഞാൻ
എല്ലാരിൽനിന്നുമഭയം കൊടുത്തിടു;-മിതെൻവ്രതം!
കപീന്ദ്ര, കൊണ്ടുവരികിങ്ങി;-വന്നാഭയമേകി ഞാൻ, ൩൪
വിഭീഷണൻതാൻ സുഗ്രീവ, രാവണൻതന്നെയാകിലും."
രാമൻെറ വാക്കു കേട്ടിട്ടു സുഗ്രീവൻ പ്ലവഗേശ്വരൻ
ചൊല്ലിനാൻ രാഘവനൊടു സൌഹാർദ്ദപ്രേരണത്തിനാൽ:-
'ആശ്ചര്യമെന്തു, ധർമ്മജ്ഞ, ലോകനാഥ, സുഖാവഹ, ൩൬
സത്ത്വവാൻ സൽപഥസ്ഥൻ നീ സത്തായതരുളിച്ചെയ്യതിൽ?
വിഭീഷണൻ നല്ലവനായ്ത്തോന്നുന്നുണ്ടെൻമനസ്സിനും;
ഊഹവും ഭാവവും മൂലം നീങ്ങിപ്പോയ് ശങ്കയൊക്കവേ.
അതിനാലാശു നമ്മോടു തുല്യനാവട്ടെ രാഘവ, ൩൮
വിഭീഷണൻ മഹാപ്രാജ്ഞൻ നമ്മോടേല്ക്കട്ടെ സഖ്യവും.'
ശരിയ്ക്കു സുഗ്രീവവചസ്സു കേട്ടടൻ,
ഹരീശ്വരൻ ചൊന്നവിധം നരേശ്വരൻ
വിഭീഷണൻതന്നൊടു ചേർന്നിണങ്ങിനാൻ;
പുരന്ദരൻ താർക്ഷ്യനൊടെന്നപോലവേ. ൩൯

—:*:—

പത്തൊമ്പതാം സർഗ്ഗം: വിഭീഷണാഭിഷേകം.

—*—

കാകുത്സ്ഥദത്താഭയനായ് ക്ഷണ്ടിട്ടാ രാവണാനുജൻ
വിഭീഷണൻ മഹാപ്രാജ്ഞൻ ഭൂതലം പാർത്തു ഹൃഷ്ടനായ്
വാൻ വിട്ടിറങ്ങിനാൻ ഭക്താനുഗരോടൊപ്പമൂഴിയിൽ.
വീണാൻ, രാമൻെറ തൃക്കാല്ക്കലാധർമ്മിഷ്ഠൻ വിഭീഷണൻ ൨

Digitized By Kerala Sahitya Akademi

ശരണപ്രാൎത്ഥിയായ് നാലു രാക്ഷസന്മാരൊടൊപ്പമേ.
അതോടേ ചൊല്ക യുംചെയ്താൻ രാമനോടു വിഭീഷണൻ
ധൎമ്മിഷ്ഠമുചിതം വാക്യ,മിപ്പോഴോ ഹൎഷദായകം:—
'രാവണന്റെ കനിഷ്ഠൻ ഞാന,വനാലവമാനിതൻ ൮
ഭവാനെശ്ശരണംപുക്കേൻ സൎവ്വഭൂതശരണ്യനെ.
വെടിഞ്ഞേൻ ലങ്കയെയിവൻ ക്രൂരകാരെദ്ധനത്തെയും;
ഭവാങ്കലത്രേ, സുഖവും നാട്ടും ജീവിതവും മമ!'
അവന്റെ വാക്യമിതു കേട്ട,വനെസ്സാന്ത്വപൂൎവ്വകം ൯
കണ്ണാൽ നുകൎന്നുകൊണ്ടെന്നപോലുരച്ചിതു രാമനും:—
'സത്യമായ്ച്ചൊല്ലുകെന്നോടു നക്തഞ്ചരബലാബലം.'
ഏവമക്ലിഷ്ടകൎമ്മാവാം രാമൻ ചൊന്നപ്പൊളാശരൻ
രാവണന്റെ ബലം സൎവ്വം വിവരിപ്പാനൊരുങ്ങിനാൻ:— ൰
"ഗന്ധൎവ്വരക്ഷോനാഗൎക്കമെല്ലാവൎക്കമവധ്യനാം
രാജപുത്ര, ദശഗ്രീവൻ ബ്രഹ്മാവിന്റെ വരത്തിനാൽ.
രാവണാനന്തരഭ്രാതാവെൻജ്യേഷ്ഠൻ കുംഭകൎണ്ണനും
വീൎയ്യശാലി, മഹാതേജസ്സ,ടരിൽശ്ശക്രവിക്രമൻ: ൰൧
അവനും, കേട്ടിരിയ്ക്കാം നീ, പ്രഹസ്തൻ പടനായകൻ,
കൈലാസേ രാമ, യുദ്ധത്തിൽ മണിഭദ്രനെ വെന്നവൻ.
വിരൽക്കൈത്തണ്ടയുറയും പൊട്ടാച്ചട്ടയുമായ് രണേ,
വില്ലേന്തി നില്ക്കവേതന്നേ മറവോനിന്ദ്രജിത്തവൻ: ൰൨
യുദ്ധവ്യൂഹേ ദഹനനെ പ്രസാദിപ്പിച്ചു രാഘവ,
മറഞ്ഞുനിന്നു മാററാരെക്കൊൽവോനാണിന്ദ്രജിത്തവൻ.
മഹോദരൻ, മഹാപാൎശ്വന,കമ്പനനരക്കനും
അവന്റെ സൈന്യപാലന്മാർ, പോരിൽദ്ദിക്പാലസന്നിഭർ. ൰൩
ലങ്കാപുരിയിലുണ്ടീ,രയ്യായിരംകോടി രാക്ഷസർ,
മാംസരക്തങ്ങൾ ഭക്ഷിച്ചുപോരുന്നോർ, കാമരൂപികൾ;
അവരോടൊത്തു പോരാടിയിട്ടല്ലോ ലോകപാലരെ
വെന്തു വിണ്ണോരെയും, രാജാവാ മഹാത്മാവു രാവണൻ." ൰൪

Digitized By Kerala Sahitya Akademi

വിഭീഷണന്റെ ചൊൽ കേട്ടു രാമൻ ദൃഢപരാക്രമൻ
എല്ലാം മനംകൊണ്ടാലോചിച്ചിതി,ന്നിട്ടൊന്നു ചൊല്ലിനാൻ:-'
"ആ രാവണന്റെ വിക്രാന്തചേഷ്ടിതങ്ങൾ വിഭീഷണ,
ശരിയ്ക്കു ചൊല്ലിയല്ലോ നീ;-യറിഞ്ഞിട്ടുണ്ടു ഞാനവ. ൧൮
പ്രഹസ്തബന്ധുക്കളൊടേ ദശാസ്യനെ വധിച്ചു ഞാൻ
രാജാവാക്കീടുവൻ നിന്നെ;-സ്സത്യമാണെന്റെയീ മൊഴി!
ഭൂവിന്നടിയിലോ, പാതാളത്തോ, ബ്രഹ്മനാട്ടിലോ
പൂക്കാലും, ജീവനോടെന്നാൽ മുക്തനാവില്ല രാവണൻ! ൨൦
പോരിൽദ്ദശാസ്യനെപ്പുത്രബന്ധുവർഗ്ഗത്തൊടൊപ്പമേ
കൊല്ലാതാ, മൂന്നു സോദര്യരാണേ, പൂകില്ലയോദ്ധ്യ ഞാൻ!"
അക്ലിഷ്ടകർമ്മാവാകുന്ന രാമന്റെ മൊഴി കേട്ടുടൻ
താണു വന്ദിച്ചുണർത്തിച്ചാൻ ധർമ്മാത്മാവു വിഭീഷണൻ:— ൨൧
'രക്ഷോവധത്തിലും ലങ്കാധർഷണത്തിലുമങ്ങു ഞാൻ
തുണചെയ്യുൻ യഥാശക്തി; പൂകുവൻ സേനയിങ്കലും.'
എന്നോതുമവനെക്കെട്ടിപ്പുണർന്നൻപുററ രാമനും
സൌമിത്രിയോടരുളിനാൻ:-'കൊണ്ടുവാ സാഗരോദകം; ൨൪
അതുകൊണ്ടങ്ങിവനു ചെയ്ക രക്ഷോരാജ്യാഭിഷേകവും
എൻ പ്രീതിയാലിങ്ങിവനാം വിഭീഷണനു മാനദ"
എന്നു കേട്ടിട്ടനുഷ്ഠിച്ചാൻ വിഭീഷണനു ലക്ഷ്മണൻ
കപീന്ദ്രമദ്ധ്യേ രാജ്യാഭിഷേചനം രാജശാസനാൽ. ൨൭
പെട്ടെന്നു രാമനുടെയാ പ്രീതി കണ്ടിട്ടു വാനരർ
ക്രൂക്കിയാർത്താർ; മഹാത്മാവെ, നന്നു നന്നെന്നു വാഴ്ത്തിനാർ.
സുഗ്രീവനും ഹനുമാനും വിഭീഷണനൊടോതിനാർ:-
'കടക്കമെമ്മട്ടു,ക്ഷോഭ്യമണ്ണവം വരുണാലയം, ൨൯
ഓജസ്വികപിസൈന്യത്തൊടൊപ്പമേ നമ്മളേവരും?
ഉപായം കാണുമെതില്ലല്ലോ, നമുക്കെല്ലാം സസൈന്യരായ്
നദീനദേശവരുണാലയമാശു കടക്കുവാൻ.'
എന്നു കേട്ടു,ത്തരം ചൊന്നാൻ ധർമ്മാത്മാവു വിഭീഷണൻ:—൩൦

Digitized By Kerala Sahitya Akademi

'ആഴിയെശ്ശരണംപ്രാപിയ്ക്കേണം രാജാവു രാഘവൻ:
സഗരൻതാൻ കഴിപ്പിച്ചോന്നി,യമേയം മഹാർണ്ണവം;
ജ്ഞാതിയാകിയ രാമൻെറ കാര്യം ചെയ്യും മഹാമതി.'
ഇവണ്ണം രാക്ഷസൻ വിദ്വാൻ വിഭീഷണനരയ്ക്കയാൽ, ൩൨
ചെന്നണഞ്ഞിതു സുഗ്രീവൻ രാമലക്ഷ്മണസന്നിധൌ.
ധരിപ്പിയ്ക്കുകയുംചെയ്താൻ വിഭീഷണസുഭാഷിതം,
സുഗ്രീവൻ വിപുലഗ്രീവനങ്ങുദന്വദുപാസനം.
അതിഷ്ടമായ്, സ്വതേ ധർമ്മശീലനാം രാഘവന്നുമേ: ൩൪
കൊണ്ടാടിപ്പുഞ്ചിരിക്കൊണ്ടു ചൊന്നാനക്കർമ്മകോവിദൻ
സൌമിത്രിയോടും തേജസ്വി സുഗ്രീവകപിരാട്ടോടും:—
'വിഭീഷണൻെറ നിനവിതിഷ്ടമായ് മമ ലക്ഷ്മണ!
സുഗ്രീവൻ പ്രാജ്ഞനനിശം; നീയും മന്ത്രവിശാരദൻ; ൩൬
തീർപ്പു ചെയ്തിട്ടിരുവരുമിഷ്ടമെന്തെന്നു ചൊല്ലുവിൻ."
എന്നു കേട്ടിട്ടി,രുവരും വീരർ സുഗ്രീവലക്ഷ്മണർ
ഉപചാരത്തോടുംകൂടിയുരചെയ്താരിവണ്ണമേ:-
'ഞങ്ങൾക്കെണ്ടോ നരവ്യാഘ്ര, ഇഷ്ടമാകായ്ക രാഘവ? ൩൮
ഈഘട്ടത്തിൽസ്സുകരമൊന്നല്ലോ ചൊല്ലി വിഭീഷണൻ.
ഈഘോരമാം വാരിധിയിൽച്ചിറ കെട്ടാതെ പററിടാ
ലങ്കയിൽച്ചെന്നണയുവാൻ, സേന്ദ്രദേവാസുരർക്കുമേ!
ശൂരൻ വിഭീഷണൻ നേർക്കു ചൊന്നതിൻപടി ചെയ്തിടാം: ൪൦
പോരും കാലം കളവതി;-ങ്ങർത്ഥിയ്ക്കാമാഴിയോടുടൻ,
നമുക്കു രാവണപുരേ പടയോടൊത്തു ചെല്ലുവാൻ.'
എന്നു കേട്ടു,ണ്ണിതീരത്തു ദർഭപ്പുല്ലു വിരിച്ചതിൽ
കിടന്നാരുളിനാൻ രാമൻ, വേദിമേലഗ്നി പോലവേ. ൪൨

—:*:—

ഇരുപതാം സർഗ്ഗം: ശുകദൂത്.

—o—

വന്നുകണ്ടാനഥ, നിലകൊണ്ട സുഗ്രീവസേനയെ
ശാർദ്ദൂലനെന്നു പേരായ വീര്യവാനൊരു രാക്ഷസൻ:

Digitized By Kerala Sahitya Akademi

ദുഷ്ടനാം രാക്ഷസേശൻെറ ചാരനാണാ നിശാചരൻ:
അതിനെ ശ്രദ്ധയോടെങ്ങും നോക്കിക്കണ്ടു തിരിച്ചുപോയ്, ൨
ചിക്കെന്നു ലങ്കയുൾപ്പുക്ക തമ്പുരാനോടിദോതിനാൻ:—
'ഇതാ, വരുന്നു ലങ്കയ്ക്കായൊ,രു കീശർക്ഷമണ്ഡലം
അഗാധ,മളവററൊന്നു രണ്ടാം കടൽ കണക്കിനെ!
അദ്ഭുതാശരധിമാരായ രാമലക്ഷ്മണർ സോദരർ ൪
ശ്രേഷ്ഠായുധങ്ങൾ കൈക്കൊണ്ടോർ സീതാപദമണഞ്ഞുപോയ്.
അവരുണ്ടു സമുദ്രം പുക്കമരുന്നു മഹാപ്രഭർ;
പടയോ, മൂടിനില്ക്കുന്നു പത്തുയോജനയാമിടം.
പരമാർത്ഥം മഹാരാജ, കല്പിച്ചറിയുകഞ്ജസാ: ൬
നിൻ ദൂതന്മാർ മഹാരാജ, ചെന്നു നോക്കേണമഞ്ജസാ;
ദാനമോ സാമമോ ഭേദംതാനോ കല്പിച്ചുചെയ്കിതിൽ.'
ശാർദ്ദൂലവചനം കേട്ടു രാവണൻ രാക്ഷസാധിപൻ,
തൻെറ കാര്യത്തെ മതി വെച്ചാലോചിച്ചു പൊട്ടനനെ ൮
ശുകനെന്നൊരു കാര്യജ്ഞോത്തമരക്ഷസ്സോടോതിനാൻ:—
"നീ ചെന്നു ചൊല്ക, സുഗ്രീവരാജാവോടെൻെറ വാക്കിനാൽ
സന്ദേശിച്ചവിധം, ശ്രസാത,ശ്ലക്ഷ്ണമാട്ടും മയത്തൊടും:

'ഭവാൻ മഹാരാജകുലപ്രസൂതൻ,
കെല്പേറിയോനൃക്ഷരജഃപുത്രജൻ;
ഇല്ലർത്ഥ,മില്ലാ വിനയും ഭവാനും:
ഭവാൻ മമ ഭ്രാതൃസമൻ കപീന്ദ്ര!

സുഗ്രീവ, ഞാൻ നൃപസുതകളത്രത്തെക്കവർന്നതിൽ
ധീ താവുമങ്ങയ്ക്കെന്തുള്ളൂ? കിഷ്കിന്ധയ്ക്കു മടങ്ങുക.
ഈ ലങ്ക പൂകാൻ കപികൾ ശക്തരല്ലൊരുമട്ടിലും,
ദേവഗന്ധർവരും കൂടി;-പ്പിന്നെയോ നരവാനരർ?' ൧൦
അമമട്ടരക്കർകോൻ ചൊല്ലിവിട്ട രാക്ഷസനശ്ശുകൻ
പക്ഷിയായിച്ചമഞ്ഞാശു പറന്നാനംബരസ്ഥലേ.

Digitized By Kerala Sahitya Akademi

കടലിൻമേൽവശത്തൂടേ നെടുംവഴി കടന്നവൻ
വാനിൽത്തന്നെ നിലക്കൊണ്ടു സുഗ്രീവനൊടു ചൊല്ലിനാൻ, ൧൭
ദുഷ്ടനാം രാവണൻ ചൊന്നതെല്ലാം, കല്പിച്ചവണ്ണമേ.
ദൂതോത്തമവനെച്ചാടിയണഞ്ഞാർ വാനിൽ വാനരർ
കൈ ചുരുട്ടിയിടിപ്പാനും തുവ്വലൂരാനുമായ് ദ്രുതം;
പിടികൂടിബ്ബലാൽ ബന്ധിച്ചാ രാക്ഷസനെയഞ്ജസാ ൧൮
വാനത്തുനിന്നൂഴിയിലേയ്ക്കെറിഞ്ഞാരാക്കരങ്ങകൾ.
വാനരന്മാർ വലയ്ക്കുന്ന ശുകനൊന്നാരിയാടിനാൻ:—
'അവധ്യർ, ദൂതർ കാകുത്സ്ഥ! തടുത്താൽ നന്ദ കിശരെ:
എവൻ സ്വാമിമതം വിട്ടു ദൂതിൽ സ്വമതമോതുമോ, ൧൯
അനുക്തവാദിയദ്ദൂതനത്രേ കൊല്ലപ്പെടേണ്ടവൻ.'
ശുകൻറയാവലാതിച്ചൊല്ലിതു കേട്ടിട്ടു രാമനും,
'കൊല്ലൊല്ലെ'ന്നോതിനാൻ, തല്ലും വാനരഷ്ഠരോടുടൻ.
കീശരാലഭയം നല്കപ്പെട്ടിട്ടാശു പറന്നവൻ ൨൦
വീണ്ടും വാനത്തു കയറിനിന്നു ചോദിച്ചിതിങ്ങിനെ:—
'സുഗ്രീവ, സത്വസമ്പന്ന, മഹാബലപരാക്രമ,
എന്തു ചൊല്ലേണ്ടു, ലോകത്തെരക്കേഴിയ്ക്കും രാവണാങ്കൽ ഞാൻ?'

ഇതിൻവിധം കേട്ടു, തുലോം ബലിഷ്ഠനാ
വലീമുഖസ്വാമി വലീമുഖാഗ്രൻ
ദ്രുതം കഥിച്ചാൻ പിശിതാശചാര-
നാകും ശുകൻതന്നൊടദീനസത്വൻ:- ൨൧
'ഭവാൻ സുഹൃത്തല്ല, നുകമ്പ്യനല്ലി,-
ഞ്ഞൊരിഷ്ടനല്ലി,ങ്ങുപകാരിയല്ലാ:
അരാതി രാമന്നു, സബാന്ധവൻ നീ;
വധാർഹ, വധ്യൻ മമ, ബാലി പോലേ. ൨൨
ഞാൻ, ബാന്ധവജ്ഞാതിതനൂജരോടേ
വധിയ്ക്കുവൻ നിന്നെ നിശാചരേശ;
വമ്പിച്ച സൈന്യത്തൊടണഞ്ഞു വെണ്ണീ-
റാക്കിടുവൻ ലങ്കയുമൊക്കെ വെക്കം. ൨൩

Digitized By Kerala Sahitya Akademi

ഒഴിഞ്ഞിടാ രാവണ, സേന്ദ്രർ വാനോർ
പാലിയ്ക്കിലും, രാമനിൽനിന്നു താങ്കൾ,
സൂര്യായനം പുക്ക പതുങ്ങിയാലും
പാതാളമുൾപ്പൂകുകിലും വിമൂഢ! ൧൭
അന്നേരം നിന്നെ രക്ഷിപ്പാൻ പിശാചിനെയരക്കനെ
ഗന്ധർവനെദ്ദൈത്യനെയും കാണ്മീലാ ത്രിജഗത്തിൽ ഞാൻ! ൧൮
എന്തുള്ളു, കൊന്നതിൽ വശംകെട്ട വൃദ്ധജടായുവെ!
രാമനോ ലക്ഷ്മണൻതാനോ കാണ്കെയാണോ കവന്നു നീ,
വിശാലമിഴിയാളായ സീതയെ, മഞ്ജുവാദമെന്നിയേ?
മഹാത്മാവൂർജ്ജിതൻ ദേവന്മാർക്കും ദുർധർഷനെന്നു നീ ൧൯
അറിയുന്നീല, നിൻപ്രാണഹാരിയാം രഘുനാഥനെ!'
പിന്നോതിനാൻ ബാലിസുതനംഗദൻ കപിപുംഗവൻ:—
'രാജേന്ദ്ര, ദൂതനല്ലിയ്യാൾ ചാരനാണെന്നു കാണ്മു ഞാൻ:
ഇങ്ങുതാൻ നിന്നിവൻ നോക്കിനോക്കിയല്ലോ ബലങ്ങളെ; ൨൦
പിടിയ്ക്കാം, പോകൊലാ ലങ്കയ്ക്കു;ന്നത്രേ തോന്നിടുന്നു മേ.'
ഉടൻ രാജാവതുൾകയാൽച്ചാടിച്ചെന്നു കരങ്ങൾകൾ
പിടിച്ചാർ, കെട്ടിനാരാ, വതില്ലാതെ വിലപിയ്ക്കവേ.
ശുകനങ്ങരിശം മൂത്ത വാനരന്മാർ വലയ്ക്കയാൽ ൨൧
വിളിച്ചാർത്താൻ, മഹാത്മാവാം ദാശരഥിരാമനെ:-
'പിടിച്ചെൻചിറകുരുന്നു; ചൂഴ്ന്നൊടുക്കുന്നു കണ്ണുകൾ:
ഏതു നാളിൽ മരിയ്ക്കും ഞാനേ,തു നാളിൽജ്ജനിച്ചു ഞാൻ,
ഇവയ്ക്കിടയിൽവെച്ചെന്തു പാപം ഞാൻ ചെയ്തിരിയ്ക്കുമോ, ൨൨
അതൊക്കെയങ്ങനോള്ളേണം, തോന്നിപ്പോൾച്ചത്തുപോവുകിൽ!'
വിലാപമിതു കേട്ടിട്ടു വിലക്കി കൊല്ല രാഘവൻ:
രാഘവൻ കീശരോടോതി:—'ചിട്ടവിൻ വന്ന ദൂതനെ.'

Digitized By Kerala Sahitya Akademi

## ഇരുപത്തൊന്നാം സൎഗ്ഗം: സമുദ്രക്ഷോഭനം.

—*—

പള്ളികൊണ്ടാൻ തല കിഴക്കോട്ടാക്കിദ്ദൎഭമെത്തമേൽ,
മഹാൎണ്ണവത്തെത്തൊഴുതിട്ടാഴിവക്കത്തു രാഘവൻ,
പാമ്പിൻമെയ്യിന്നു നേരാം കൈ തലയ്ക്കുംവെച്ചരിന്ദമൻ:
മുന്നം സുവൎണ്ണപ്പണ്ടങ്ങളണിയപ്പെട്ടിരുന്നതായ്, ൨
മുന്നും പൊന്തോൾവളകളും മുത്തണിബ്ഭൂഷണങ്ങളും
അണിഞ്ഞ പെണ്മണിക്കയ്യാൽത്തേപ്പിയ്ക്കപ്പെട്ടിരുന്നതായ്,
മുല്പാട്ട ചന്ദനമകിൽസ്സൌരഭ്യം പൂണ്ടിരുന്നതായ്,
ബാലാൎക്കനൊത്ത പാടീരം ചേൎച്ചിൽപ്പൂശിയിരുന്നതായ്, ൪
കിടയ്ക്കമേൽ, ഗ്ഗംഗയിലത്തക്ഷകാകൃതി പോലവേ
ശോഭിച്ചിരുന്നതായ്സ്സീത തലയും വെച്ചിരുന്നതായ്
നകത്തിന്നെതിരായ്, പ്പോരിൽ മാററാൎക്കഴൽ വളൎപ്പതായ്,
സുഹൃത്തോഷദമായ്, മന്നിന്നെല്ലാം താങ്ങായി, നീണ്ടതായ്, ൬
ഇടത്തുഭാഗത്തമ്പെയ്ത്താൽ ഞാൺതഴമ്പിയലുന്നതായ്,
സഹസ്രഗോദായകമായ്, പ്പെരുംപരിഘതുല്യമായ്,
മഹത്തായ വലംതൃക്കൈ തലയ്ക്കുംവെച്ചു ദക്ഷിണൻ,
'എനിയ്ക്കിപ്പോൾ മരണമോ സമുദ്രത്തെക്കടക്കലോ!' ൮
എന്നുറച്ചബ്ധിയെപ്പാൎത്തു ശയിച്ചാനാത്തമൌനനായ്
വിശുദ്ധനായ്, നിയതനായ്ച്ചെമ്മ രാമൻ മഹാഭുജൻ.
നിലത്തു ദൎഭവിരിയിൽ നിയമപ്പിഴവെന്നിയേ
കിടപ്പു കൊണ്ട രാമന്നു കഴിഞ്ഞു മൂന്നു നാളുകൾ. ൧൦
മൂന്നാം കിടന്നുപാസിച്ചാനാ രാമൻ ധൎമ്മവത്സലൻ
നയജ്ഞനങ്ങു നദികൾക്കീശനായ പയോധിയെ.
എന്നാൽ പ്രത്യക്ഷമായീലാ രാമനാജ്ഞാനി സാഗരം,
ശുചിയാം രാമനാൽച്ചെമ്മ പൂജിയ്ക്കപ്പെട്ടവെങ്കിലും. ൧൨
ആഴിയോടഥ കോപിച്ചു വാൽക്കൺ ചെങ്ങിയ രാഘവൻ
ചാരേ മേവും സുലക്ഷ്മാവാം ലക്ഷ്മണൻതന്നൊടോതിനാൻ:-



Digitized By Kerala Sahitya Akademi

"കടലിന്റെ കുറുമ്പമ്മോ! തന്മെ കാണിപ്പതില്ലവൻ!
ശമവും ക്ഷമയും ഹൃദ്യഭാഷിതാവും, മുജുതാവും, ൧൪
ഇസ്സദ്ഗുണങ്ങൾ ശേഷിക്കേടായ്പ്പോമശ്ശണദൃഷ്ടിയിൽ;
തന്നെത്താൻവാഴ്ത്തലും, ദുഷ്ട,മാട്ടിപ്പായിയ്ക്കൽ, ധാർഷ്ട്യവും
സർവദണ്ഡനവും പൂണ്ടുള്ളോനോ, ലോകർക്ക് മാന്യനാം!
സാമത്താൽക്കൈവരാ കീർത്തി; സാമത്താൽക്കൈവരാ പുകൾ; ഫന്ന
പടത്തലയ്ക്കൽജ്ജയവും ജഗത്തിലിഹ ലക്ഷ്മണ.
ഇന്നെന്നമ്പാൽപ്പിളന്നെങ്ങും നീന്തുന്ന മകരങ്ങളാൽ
നിറയപ്പെട്ടതായ്ക്കാണ്ക സൌമിത്രേ മകരാലയം!
ക്രൂരമ്പാമ്പുകളോടാനമത്സ്യത്തുമ്പിക്കരങ്ങളും ൧൫
കാണകെ,ന്നാൽ നുറുക്കപ്പെട്ടവ, നീയിന്നു ലക്ഷ്മണ.
ശുക്തികാശംഖമകരമത്സ്യങ്ങൾ നിറയും കടൽ
പെരുംശരപ്രഹാരത്താലിന്നു വററിപ്പതുണ്ടു ഞാൻ!
ക്ഷമയേററമിയന്നോനാമെന്നെയീ മകരാലയം ൧൬
പോരാത്തോനെന്നു കാണുന്നു: മോശ,മിക്കൂട്ടരിൽ ക്ഷമ!
പ്രത്യക്ഷമാസ്സുരുന്നില്ലാ സാമത്താലിപ്പയോധി മേ.
കൊണ്ടുവാ വില്ലു സൌമിത്രേ, പാമ്പിന്നൊത്ത ശരങ്ങളും:
വററിപ്പൻ സാഗരം; കീശർ പോകട്ടേ കാൽനടയ്ക്കുതാൻ! ൧൭
കലക്കുവൻ ചൊടിച്ചിന്നു, കടലക്ഷോഭ്യമാകിലും;
തീരമാമതിരിന്നുള്ളിൽ നില്ക്കുമാഴിയെയങ്ങു സാ
കോളലച്ചതിരില്ലാത്തതാക്കുവൻ ഞാൻ ശരങ്ങളാൽ;
കലക്കുവൻ, പെരുംദൈത്യരിടചേർന്ന പെരുംകടൽ!" ൧൮
എന്നുരച്ചരിശത്താലേ കണ്ണുരുട്ടിട്ടുരാഘവൻ
വില്ലേന്തിനിന്നാൻ കാകുത്സ്ഥൻ, കത്തും കല്പാഗ്നി പോലവേ;
കൊട്ടുതാം വില്ലു മെല്ലെന്നൊന്നമർത്തിപ്പാരുലച്ചുടൻ
കട്ടുംബാണങ്ങളാത്തെയ്താനി,ന്ദ്രൻ വജ്രങ്ങൾ പോലവേ. ൧൯
തേജസ്സാലുജ്ജ്വലിച്ചുഗ്രക്കിൽപ്പായുമപ്പുള്ളിയമ്പുകൾ,
നാഗവ്യൂഹം നടുങ്ങുംമാറാഴിവെള്ളത്തിലാഴ്ന്നുവാമ്പ്.

Digitized By Kerala Sahitya Akademi

സനക്രമകരം വായ്ക്കുമാഴിതൻകോളിളക്കമോ,
ഏററം ഭീഷണമായ്ത്തീർന്നു കാററിൻചീററത്തൊടൊപ്പമേ. ൧൯
പെരുംതിര പരന്നേന്തി,ശ്ശംഖ,ച്ചിപ്പി നിറഞ്ഞതായ്,
പുകഞ്ഞോളം മറിവതായ്ത്തീർന്നു പെട്ടെന്നു വങ്കടൽ.
വേദനക്കൊണ്ടിതെരികൺനാവൊത്ത ഭുജഗങ്ങളും,
പാതാളക്കുണ്ടിൽ മേവുന്ന വീര്യമേറിയ ദൈത്യരും.
നദീശപരതരംഗങ്ങൾ സനക്രമകരങ്ങളായ് ൨൦
വിന്ധ്യമന്ദരമട്ടൊത്തു പൊങ്ങിയായിരമായിരം.
വട്ടംതിരിഞ്ഞ തിരകളു,ഴന്ന ഫണിരാക്ഷസർ
ചക്രംചുററിയ നക്രങ്ങളീ, നിലയ്ക്കായ് ജലാകരം! ൨൧

അമേയനാ രാഘവനങ്ങു ചീററി-
ക്കൊണ്ടുഗ്രവേഗത്തൊടു വിൽ വലിയ്ക്കേ,
സൌമിത്രി പാഞ്ഞെററ,രുതെന്നു മേന്മേൽ-
പ്പറഞ്ഞു,ടൻ വില്ലു പിടിച്ചുകൊണ്ടാൻ:- ൨൨
'നേടാ,മിതില്ലാതെയുമാഴിയിങ്കൽ-
നിന്നിന്നു കാര്യം തവ വീരമൌലേ:
ഭവാദൃശന്മാരരിശത്തിൽ മുങ്ങാ;
ദീർഘം ഭവാൻ നോക്കുക സാധുവൃത്തം.' ൨൪
അവ്വണ്ണമേ, വാനിൽ മറഞ്ഞുനില്ക്കും
ബ്രഹ്മർഷിമാരും ത്രിദശർഷിമാരും
ഹാ,കഷ്ടമെന്നായ,രുതെന്നുമായ്പ്പേ-
ർത്തുച്ചത്തിലോതിപ്പെരുതൊച്ച കൂട്ടി. ൨൫

—:*:—

## ഇരുപത്തിരണ്ടാം സർഗ്ഗം: സേതുബന്ധനം.

—*—

പിന്നെച്ചൊല്ലീ രഘുശ്രേഷ്ഠൻ സാഗരത്തോടു രോഷമായ്:-
"പാതാളംവരെ വററിപ്പൻ നിന്നെയിന്നു മഹോദധേ;

Digitized By Kerala Sahitya Akademi

അമ്പാൽ ഞാൻ നീരു വററിച്ചു വരട്ടും നിന്നിലംബുധേ,
ജന്തുക്കളുമുണങ്ങിപ്പോയ്പ്പെരുതാം പൊടി പൊങ്ങിടും! ൨
എൻവില്ലുതിർത്തതാം ബാണനിരമേലൂടെയംബുധേ,
നിന്നക്കരയ്ക്കു പോമിന്നു കാൽനടയ്ക്കു കുരങ്ങുകൾ!
ശക്തനല്ലോർത്തുനോക്കാൻ നീയെൻെറ പൌരുഷവിക്രമം;
അറിവീലെ,ങ്കൽനിന്നുണ്ടാം താപവും ദൈത്യഗേഹമേ!" ൪
ബ്രഹ്മദണ്ഡാഭമാം ബാണം ബ്രഹ്മാസ്ത്രത്തോടു ചേർത്തുടൻ
പള്ളിവില്ലിൽത്തൊടുത്താഞ്ഞുവലിച്ചിതു മഹാബലൻ.
രാമനാ വില്ലു പെട്ടെന്നു വലിച്ചോരു ദശാന്തരേ
പിളർന്നപോലായ് വാനൂഴി; കുലുങ്ങീ പൎവ്വതങ്ങളും. ൬
ഇരുട്ടു മൂടീ ലോകത്തെ:-ത്തെളിയാതായി ദിക്കുകൾ;
കലങ്ങിപ്പോയ് പുഴകളും സരസ്സുകളുമഞ്ജസാ.
വിലങ്ങായ്ച്ചുററി, നക്ഷത്രാദികളൊത്തിന്ദുഭാസ്കരർ;
സൂൎയ്യാംശുവിൻ നിറമിടിഞ്ഞി,രുളേററം ചുഴന്നതായ്, ൮
കൊള്ളിമീൻനിരയാൽ മിന്നിക്കാണായി ഗഗനം തദാ.
വാനിൽനിന്നു പുറപ്പെട്ടിതിടിത്തീയതുലസ്വനം;
വീശീ പെരിയൊരൂക്കോടേ ദിവ്യമാരുതപംക്തികൾ:
മേല്പോട്ടു പാഞ്ഞു മേഘങ്ങൾ, പാദപങ്ങളൊടിഞ്ഞുപോയ്, ൧൦
ഉടഞ്ഞു പൎവ്വതാഗ്രങ്ങൾ കാററിനാൽശ്ശിഖരങ്ങളും.
വാനാണ്ട വന്മാരുകൾ ചേൎന്നൊത്തു വമ്പിച്ചൊരൊച്ചയിൽ
മിന്നൽത്തീയ്യിനെ വൎഷിച്ചാര, തൊക്കെയിടിവാളുമായ്.
മുറയിട്ടാരിടിയ്ക്കൊത്ത ശബ്ദത്തിൽദൃശ്യദേഹികൾ; ൧൨
അദൃശ്യരാം ദേഹികളും കൊടുതാമൊലി കൂട്ടിനാർ.
മറിഞ്ഞുവീണാർ പേടിച്ചു വിറച്ചുംകൊണ്ടു ദേഹികൾ,
തുലോം മാഴ്കുകയുംചെയ്താര,നങ്ങീല ഭയത്തിനാൽ!
ജന്തുക്കളോ,ടലകളോ,ടഹിരക്ഷോഗണത്തോടും ൧൪
ഘോരമായിളകിത്തീൎന്നിതുക്കാൽപ്പെട്ടെന്നു വന്മാടൽ;
വെള്ളം മറിഞ്ഞു പിൻവാങ്ങീ കര വിട്ടൊരു യോജന

Digitized By Kerala Sahitya Akademi

കോഠംകൊണ്ടമമ്മട്ട പിൻവാങ്ങുമാ നദീനദനാഥനെ
കടന്നുപദ്രവിച്ചീലാ കാകുത്സ്ഥനരിസൂദനൻ. ൮

പിമ്പാ,ഴിതൻ നടുവിൽനിന്നബ്ധി താൻതന്നെ പൊങ്ങിനാൻ
സുമേരുമാമലയിൽനിന്നുദിയ്ക്കും ഭാനു പോലവേ.
ദീപ്താസ്യസർപ്പങ്ങളൊട്ടും കാണായ്വന്നു നദീശ്വരൻ:
സ്നിഗ്ദ്ധവൈഡൂര്യനേർവർണ്ണൻ, ജാംബൂനദമണിഞ്ഞവൻ, ൯
രക്തമാല്യാംബരധരൻ, പദ്മപത്രവിലോചനൻ,
സർവപുഷ്പമയം ദിവ്യമാല്യം ശിരസി ചൂടിയോൻ,
തങ്കൽപ്പിറന്ന രത്നങ്ങഠംകൊണ്ടുള്ളാഭരണങ്ങളും
അരിപ്പൂപൊന്നുതങ്കപ്പൊൻകോപ്പും ചാർത്തിയിരിയ്ക്കയാൽ, ൧൦
നാനാധാതുക്കഠം ചേൎന്നുള്ള ഹിമശൈലത്തിനൊത്തവൻ,
ഏകാവലീമദ്ധ്യഗതം കൌസ്തുഭത്തിൻസഹോദരം
ചുകന്ന നായകക്കല്ലു വിരിമാറിൽധരിച്ചവൻ.
വട്ടംതിരിഞ്ഞ തിരകളുഴന്ന ഫണിരാക്ഷസർ, ൧൧
ചക്രം ചുററിയ നക്രങ്ങഠം, പാരും കാർനിര കാററുമായ്,
സിന്ധുഗംഗാദികസരിത്തുകളാലും പരീതനായ്
ചാരേ വന്നെത്തി, മുമ്പൊന്നു വിളിച്ചിട്ടബ്ധി വീര്യവാൻ
ശരമേന്തിന കാകുത്സ്ഥനോട്ടു കൈതൊഴുതോതിനാൻ:-
"സൌമ്യ, ഭൂവം,ബരം, വായു, നീർ, തേജസ്സിവ രാഘവ, ൧൨
സ്വഭാവേന നിലക്കൊഠംവൂ നീക്കമില്ലാത്തതിത്തിയിൽ.
എൻസ്വഭാവമിതല്ലോ: ഞാനാഴമുള്ളോന്നു, ദുസ്തരം;
മാററമാ,മാഴമില്ലായ്മ; ഭവാനോടിതു ചൊല്ലുവൻ.
കാമലോഭങ്ങളാലോ ഞാൻ പേടിയാലോ നൃപാത്മജ, ൧൩
ഗ്രാഹനക്രാഢ്യമാം വെള്ളം സ്തംഭിപ്പിയ്ക്കില്ലൊരിയ്ക്കലും.
രാമ, ഞാൻ ചെയ്യുതന്നേയ്ക്കാ,മെന്നാലാവുന്നതിൻവിധം:
ഉപദ്രവിയ്ക്കാ ഗ്രാഹങ്ങഠം, പടയക്കരെയാംവരെ;'
സ്ഥലം തന്നീടുവൻ, രാമ, കപികഠംക്കു കടക്കുവാൻ." ൧൪

Digitized By Kerala Sahitya Akademi

ചോദിച്ചു രാമനവനോടീ,'ത്തൊടുത്ത മഹാശരം,
പാഴാകാതുള്ളതെ,വിടെയ്ക്കെയ്തിടേണ്ടു നദീപതേ?'
രാമന്റെ വചനം കേട്ടു,മപ്പെരുംകണ കണ്ടുമേ
കഥിച്ചാൻ രാഘവനൊടു തേജസ്സേറും മഹാൎണ്ണവം:— ൩൦
"ഉണ്ടെൻവടക്കുഭാഗത്തൊര,ഴകേറിയതാമിടം
ദ്രുമകുല്യാഖ്യമായ്,പ്പാരിലങ്ങെയ്ക്കൊപ്പം പുകഴ്ന്നതായ്;
അങ്ങുണ്ടു,വളരെച്ചോര,രുഗ്രദൎശനചേഷ്ടിതർ;
ആഭീരാദികളദ്ദുഷ്ടർ കുടിച്ചീടുന്നിതെൻജലം. ൩൨
അപ്പാപിസ്പൎശനാലുള്ള പാതകം സഹ്യമല്ല മേ;
ഇപ്പുള്ളിയമ്പങ്ങവരിലുപയോഗിയ്ക്ക രാഘവ!"
ആഴിതന്നുടെയാ വാക്കു കേട്ടിട്ടാ,ദ്ദീപ്തമാം ശരം,
ആഴി കാട്ടിക്കൊടുത്തേടത്തെയ്ക്കെയ്താൻ വീരരാഘവൻ. ൩൪
അതിനാൽ, മരുകാന്താരമെന്നു പാരിൽ പ്രസിദ്ധമായ്,
ഇടിവാളൊളിയാൽ മിന്നുമമ്പെയ്യപ്പെട്ടതാമിടം.
ഇരമ്പീ ഭൂമിയങ്ങപ്പോള,മ്പിൻമുന തറയ്ക്കയാൽ;
പൊങ്ങീ രസാതലാൽത്തണ്ണീരാ മുറിപ്പാടിലൂടവേ. ൩൬
അതിന്നുള്ളവാസ്സന്നു വ്രണകൂപാഭിധാനവും;
കാണാമതിങ്കൽ നീർപ്പൊങ്ങലാ,ഴിയിൽപ്പോലവേ സദാ.
പിളൎന്നതിൻനിസ്വനവുമുയൎന്നു ഘോരമാംവിധം;
അങ്ങശ്ശരം വീഴ്കയാൽ വററി കുഴികളിൽജ്ജലം; ൩൮
പുകഴ്ന്നിതു മുപ്പാരിൽ മരുകാന്താരമെന്നതാൻ.
സമുദ്രമധ്യം വററിച്ചു രാമൻ ദശരഥാത്മജൻ
വരമാ മരുവിന്നേകീ, വിദ്വാനമരവിക്രമൻ:
രോഗം ചുരുക്കം; ധാരാളം,പാൽനെയ്തേൻകായ്കിഴങ്ങുകൾ; ൪൦
പശുക്കൾക്കു സുഖം; നാനാമരുന്നുണ്ടു സുഗന്ധവും;
എന്നീയനേകഗുണമെന്നൊന്നും ചേൎന്നാ മരുസ്ഥലം
ഒരു നല്ദേശമായ്ത്തീൎന്നു, വരം രാമൻ കൊടുക്കയാൽ.
ആ നടുത്തട്ടെരിയ്ക്കപ്പെട്ടതിൻശേഷം നദീശ്വരൻ ൪൨

Digitized By Kerala Sahitya Akademi

സർവശാസ്ത്രജ്ഞനാം രാമനോട് ചൊന്നാനിതംബുധി:-
"ശ്രീമാൻ നളനിവൻ സൌമ്യ, വിശ്വകർമ്മാവുതൻമകൻ,
അച്ഛൻ വരം നല്കുകയാൽ വിശ്വകർമ്മാവിനൊത്തവൻ;
തീർക്കട്ടെ ചിറയൊന്നെന്നാലീ മഹോത്സാഹി വാനരൻ; ൪൪
വഹിയ്ക്കാമതു ഞാനു;-മ്മുന്നൊത്തോനല്ലോ ശരിയ്ക്കിവൻ."
മറഞ്ഞാനാഴിയിതുരച്ചു;-ഴുന്നേറ്റു നളൻ തദാ
ചൊല്ലിനാൻ വാനരശ്രേഷ്ഠൻ, രാമനോട് മഹാബലൻ:-
"ചിറയൊന്നാടിയൻ കെട്ടാം പരപ്പേറും പയോധിയിൽ, ൪൫
അച്ഛന്റെ ശേഷി പൂണ്ടിട്ടു; നേരത്രേ ചൊല്ലി വാരിധി.
ദണ്ഡമേ നല്ലതുലകിൽപ്പുരുഷന്നൊന്നു മന്നതം;
മോശം, കൃതഘ്നവർഗ്ഗത്തിൽ ക്ഷമയോ സാമദാനമോ:
ദണ്ഡഭീതിവശാലല്ലോ, ദൃശ്യനായ്ച്ചിറ കെട്ടുവാൻ ൪൬
ആഴമില്ലാസ്ഥലം നല്കീ രാമനിഗ്ഗേഹാരസാഗരം!
എന്നമ്മയ്ക്കു വരം നല്കീ വിശ്വകർമ്മാവു മന്ദരേ:—
'എന്നെപ്പോലുള്ളൊരു മകൻ ദേവി സഞ്ജാതനാം തവ.'
ആ വിശ്വകർമ്മാവിനുടെ പുത്രൻ, തത്തുല്യനാണു ഞാൻ; ൫൦
ഓർമ്മ വന്നിതെനിയ്ക്കിപ്പോൾ: നേരത്രേ ചൊല്ലി വാരിധി.
ഉരചെയ്യപ്പെടാതേ ഞാൻ കഥിയ്ക്കാ സ്വഗുണങ്ങളെ:
കഴിവുള്ളോനല്ലോ ഞാൻ, കടലിൽച്ചിറ തീർക്കുവാൻ;
സേതു ബന്ധിച്ചുകൊള്ളട്ടെയിപ്പൊഴേ കപിപുംഗവർ." ൫൧
പിന്നെ രാമൻ നിയോഗിച്ച കപിമുഖ്യർ സഹസ്രരായ്
നൂറായിരംപേരൊരുമിച്ചു,റീ വങ്കാട്ടിലെങ്ങുമേ.
മലയ്ക്കൊത്താ മരഞ്ചാടിമുമ്പരങ്ങു മരങ്ങളെ
പറിച്ചെടുത്താരെ,ത്തിച്ചാരലമ്നാഴിയിൽ വാനരർ: ൫൨
പയൻ, കരിമ്പന, കരിമരുതും, മാവ,ശോകവും,
പനച്ചി, നീർമരുതുകൾ, മൈലെള്ള, മുള,ക്കൂവളം,
ഏഴിലപ്പാല, കുടകപ്പാല, പൂത്തുള്ള. കൊങ്ങകൾ,
ഞമയെന്നിവ കൊണ്ടിട്ടു നികത്തീ കീശരാഴിയെ. ൫൩

Digitized By Kerala Sahitya Akademi

വേരോടുകൂടിയും കൂടാതെയുമന്തി മരങ്ങളെ,
ഇന്ദ്രധ്വജങ്ങളെപ്പോലങ്ങെത്തിച്ചാർ വാനരോത്തമർ:
മാതളപ്പൊന്ത, പനകൾ, തെങ്ങ, താന്നികൾ, വേപ്പുകൾ
ഇലഞ്ഞികൾ, കരിങ്ങാലി,യെത്തിച്ചാർ നീളെനിന്നിവ. ൫൮
ആനപ്പാറകൾ ശൈലങ്ങളിവ കുത്തിപ്പറിച്ചുടൻ
യന്ത്രങ്ങളിൽക്കേറ്റുകയായ് ക്രൂരന്മാർ ബലശാലികൾ.
പർവ്വതങ്ങളിടുംനേരം പൊങ്ങി വെള്ളം പൊടുന്നനെ;
അതുവാനിൽപ്പരന്നിട്ടു വീണു കീഴ്പ്പോട്ടു വീണ്ടുമേ; ൬൦
ഇട്ടിളക്കിമറിച്ചാരെമ്പാടുമാഴിയെ വാനരർ.
നൂൽ പിടിച്ചു ചിലരൊരു നൂറുയോജനനീണ്ടതായ്;
നദീശമധ്യത്തിൽ നളൻ തുടങ്ങീ വഞ്ചിറപ്പണി.
തീക്ഷ്ണയായ് ചിറയവ്വണ്ണം ഭീമകർമ്മാക്കൾ വാനരർ: ൬൨
ചിലർ കുറ്റിയടിയ്ക്കുന്നു, വേറേ ചിലർ പടുക്കയായ്;
രാമന്റെ ചൊല്പടിയ്ക്കങ്ങു നൂറുനൂറു കരങ്ങകൾ:
കെട്ടീ കാറെതിർശൈലാഗ്രം, മുട്ടി പുല്ലെന്നിവററിനാൽ;
പൂത്ത വൃക്ഷങ്ങളെക്കൊണ്ടും തീക്ഷ്ണയായ് ചിറ വാനരർ. ൬൪
മലയ്ക്കൊക്കും ശിലകളും മലതൻശിഖരങ്ങളും
എടുത്തോടുന്നതായ്ക്കാണപ്പെട്ടു കുഞ്ജരസന്നിഭർ.
പാറ കൊണ്ടിട്ടിടുമ്പോഴും കന്നൊടുത്തെറിയുമ്പൊഴും
വല്ലാത്തൊരൊച്ചയുണ്ടായിതപ്പെരുംവാരിരാശിയിൽ. ൬൬
ഒന്നാമത്തെദ്ദിനത്തിങ്കൽ ത്തീർത്താരീരേഴു യോജന
ഇമ്പമുൾക്കൊണ്ടു വെമ്പിക്കൊണ്ടാന പോലുള്ള വാനരർ;
രണ്ടാമത്തെ ദ്ദിനത്തിങ്കലമ്മട്ടെട്ടനാങ്കു യോജന
തീർത്താർ ചിക്കെന്നു കപികൾ ഭീമകായർ മദോൽബണർ; ൬൮
മൂന്നാമത്തെദ്ദിനത്തിങ്കൽ ത്തീർത്തു കൊണ്ടാരതിൻവിധം
വെമ്പൽ കൊള്ളുന്ന ക്രൂരന്മാരിരുപത്തൊന്നു യോജന;
നാലമത്തെദ്ദിനത്തിങ്കൽത്തീർത്താർ വെമ്പലിയന്നവർ
യോജനപ്പാടിരുപതും രണ്ടും പെരിയ വേഗികൾ; ൭൦

Digitized By Kerala Sahitya Akademi

അക്ഷോമത്തെത്തിനത്തിങ്കൽത്തീർത്താർ കൈവേഗമേറിയോർ
സുവേലത്തെയ്ക്കിരുപത്തു മൂന്നാം യോജന വാനരർ.
ഏവം ശ്രീമാൻ കപിശ്രേഷ്ഠൻ ബലവാൻ. വിശ്വകർമ്മജൻ
കെട്ടിത്തീർത്താൻ സമുദ്രത്തിൽച്ചിറ,യച്ഛന്റെ നേർമകൻ! ൬൬
നളൻ ചമച്ചാ ശ്രീസേതു മകരാലയസിന്ധുവിൽ,
വാനിൽ സ്വാതീപഥംപോലെ സംശോഭിച്ചു മനോജ്ഞമായ്.
പില്പാടമരഗന്ധർവ്വസിദ്ധന്മാരൃഷിമുഖ്യരും
ആശ്ചര്യമതു കാണ്മാനായ് വന്നു നിന്നാർ നഭസ്ഥലേ. ൬൭
ന്തൂറു യോജന നീളത്തിൽപ്പത്തു യോജന വീതിയിൽ
കണ്ടാരമരഗന്ധർവർ നളസേതു സുദുഷ്കരം;
ചാടിനാരോ, ടിനാരാ,പ്പുമിട്ടാരങ്ങു കുരങ്ങുകൾ.
അചിന്ത്യ,മാവതല്ലാത്തൊന്നദ്ഭുതം, രോമഹർഷണം, ൬൮
കണ്ടാർ ദേഹികളെപ്പേരും, സിന്ധുവിൽസ്സേതുബന്ധനം!
ആയനേകായിരംകോടിയോജസ്സേറിയ വാനരർ
സിന്ധുവിൽച്ചിറ കെട്ടിക്കൊണ്ടെത്തി വങ്കടലക്കരെ.
പരപ്പോട്ടും വെടുപ്പോട്ടും നിരപ്പൊത്തിടചേർന്നതായ് ൬൯
വിളങ്ങി ശ്രീമഹാസേതു, സീമന്തം പോലെ സിന്ധുവിൽ.
പിന്നെ,ക്കടല്ക്കരയിൽഗ്ഗദ കൈക്കൊണ്ടു മേവിനാൻ
മാററാരോടു ചെറുപ്പാനായ് മന്ത്രിയുക്തൻ വിഭീഷണൻ.
സുഗ്രീവൻ സത്യവിക്രാന്തനായ രാമനൊടോതിനാൻ:- ൭൦
'കേറുകങ്ങു ഹനുമാങ്കൽ,ലാംഗദോപരി ലക്ഷ്മണൻ;
വീര, വിസ്തീർണ്ണമാണല്ലോ മകരാലയമിക്കടൽ;
കടത്തും നിങ്ങളെ വ്യോമചാരികളിരുവാനരർ.'
പിന്നെയസ്സേനതന്മുന്നിൽ ശ്രീമാൻ രാമൻ സലക്ഷ്മണൻ ൭൧
സുഗ്രീവനൊത്തെഴുന്നള്ളീ ധർമ്മശീലൻ ധനുർദ്ധരൻ.
നടുവേ പോയ് ചിലരി,രുവശത്തായ്ച്ചില വാനരർ;



Digitized By Kerala Sahitya Akademi

ചിലർക്കു വഴി കിട്ടീലാ; വെള്ളത്തിൽച്ചാടിനാർ ചിലർ;
ചിലർ വാനത്തു കയറിപ്പാറന്നാർ ഗരുഡോപമർ. ൮൨

വായ്ക്കുന്നിരമ്പൽകൊണ്ടിട്ടുകടലിൻ വാരിരാവവും
ഭീമം മറച്ചിതു കടന്നിട്ടം ഭീമകപിപ്പട.
നളന്റെ ചിറമേലൂടേ കടന്നാ മർക്കടപ്പട
നിൎത്തപ്പെട്ടു പുരാനാൽ നീർക്കായ് കിഴക്കേറിട്ടം തടേ. ൮൩

അസാധ്യമാ രാഘവകർമ്മമദ്ഭുതം
ശരിയ്ക്കു കണ്ടാശു സ സിദ്ധചാരണർ
അണഞ്ഞു രാമന്നു ശുഭാഭിഷേചനം
കഴിച്ചു വെവ്വേറെ മഹർഷിദേവകൾ,
'ജയിയ്ക്ക മാററാരെ; നൃദേവ, കാക്കകി-
സ്സസാഗരക്ഷോണിയസംഖ്യവത്സരം!'
ഇവണ്ണമോരോ ശുഭമോതി വാഴ്ത്തിനാർ
നൃദേവസംപൂജിതനായ രാമനെ. ൮൪

—*—

## ഇരുപത്തിമൂന്നാം സർഗ്ഗം: മഹോൽപാതദർശനം

—o—

നിമിത്തജ്ഞൻ നിമിത്തങ്ങൾ കണ്ടു ലക്ഷ്മണപൂർവ്വജൻ
സുമിത്രാത്മജനെക്കെട്ടിപ്പുണർന്നിങ്ങിനെ ചൊല്ലിനാൻ:-
"തണ്ണീരും കായണിക്കാടുമുള്ളേടം നോക്കി ലക്ഷ്മണ,
ഇസ്സൈന്യൌഘത്തെ വിഭജിച്ചണിനിർത്തി വസിയ്ക്ക നാം. ൧
അടുത്തുവെന്നു കാണുന്നോൻ, പാരൊടുക്കം കൊടുംഭയം,
മഹാവീരപ്ലവംഗർക്ഷയാതുധാനവിനാശനം;
പരുത്ത കാററടിയ്ക്കുന്നു; കുലുങ്ങീടുന്നു മേദിനി;
വിറപ്പൂ പർവ്വതാഗ്രങ്ങൾ; വീഴുന്നുണ്ടു മരങ്ങളും. ൨
ക്രവ്യാദമട്ടൊത്ത കൂറ്റൻമേഘങ്ങൾ കടുനാദികൾ
ഘോരത്തുള്ളികളും മററും പെയ്യും ഘോരങ്ങൾ ഘോരമായ്.

Digitized By Kerala Sahitya Akademi

ചെഞ്ചന്ദനനിറം ചേൎന്ന സന്ധ്യ പാരം ഭയങ്കരം;
തീക്കട്ടയുണ്ട വീഴുന്നു കത്തും സൂൎയ്യങ്കൽനിന്നിതാ! ൩൬
വലത്തൊച്ച തളൎന്നുഗ്രമൃഗപക്ഷികൾ നീളവേ
സൂൎയ്യന്റെ നേൎക്കുനോക്കുന്നു, വന്പേടിയുളവാംവിധം.
ചന്ദ്രനോ, ചൂടു നല്കുന്നു, നിശയിങ്കൽ വിവൎണ്ണനായ്!
ഉദിപ്പൂ പ്രളയത്തിൽപ്പോല,റ്റത്തസിതരക്തമായ് ൩൮
ഹ്രസ്വം രൂക്ഷം ദുഷ്പ്പേരുമപൂൎവ്വപരിവേഷവും.
തെളിഞ്ഞ സൂൎയ്യനിൽക്കാണ്മൂ, കറുത്ത മറു ലക്ഷ്മണ;
കനത്ത പൊടിയാൽക്കാന്തി കെട്ട നക്ഷത്രപംക്തിയും,
കാണ്കെ, ലോകവിനാശത്തെയല്ലോ ചൊല്ലുന്നു ലക്ഷ്മണ! ൪൦
പൊക്കം വിട്ടു പറക്കുന്നു കഴുകാക്കപെരുന്തുകൾ;
ഓരികൊൾവൂ കുറുക്കന്മാരതിഘോരമമംഗളം.
രക്ഷോവാനരർ ചാട്ടുന്ന ശൂലവാൾപൎവ്വതങ്ങളാൽ
മൂടി, മാംസനിണച്ചേറു ചേൎന്നതായ്പ്പോം മഹീതലം! ൪൨
ഇപ്പോഴേ, രാവണൻ കാത്ത ദുൎദ്ധൎഷപുരിയിൽ ദ്രുതം
ചെന്നുകേറിട്ടുക്രൂക്കോടേ ചുറ്റും കപിശർ ചുഴന്നു നാം."
എന്നുരച്ചിട്ടു, ടക്കിമ്പം പൂണ്ട വില്ലാളി ധാൎമ്മികൻ
ലങ്കതൻ നേൎക്കെഴുന്നാള്ളി മുന്നിലായ് വിളു രാഘവൻ. ൪൪
ഉടനാ വാനരവ്യാഘ്രർ സസുഗ്രീവവിഭീഷണർ
ആൎത്തുംകൊണ്ട പുറപ്പെട്ടാര,രിഹിംസെയ്ക്കുറച്ചവർ.
രാഘവൻതൻ പ്രിയത്തിന്നായ്ധൈൎയ്യവീൎയ്യാഢ്യർ വാനരർ
കാട്ടും ചേഷ്ടകളാൽത്തുഷ്ടി തേടിനാൻ രഘുനന്ദനൻ. ൪൬

—:*:—

## ഇരുപത്തിനാലാം സൎഗ്ഗം: ശുകവിമോചനം.

—*—

ആ നിൎത്തപ്പെട്ട വീരൌഘം വിളങ്ങീ പെരുമാളിനാൽ,
ചന്ദ്രനാൽശ്ശുഭനക്ഷത്രശരൽപൌൎണ്ണമി പോലവേ.

Digitized By Kerala Sahitya Akademi

വിറച്ചുപോയ്, ഭയപ്പെട്ടു ചുളിപ്പോയീ വസുന്ധര,
ആക്കടല്ലോത്ത പടതന്നൊക്കകൊണ്ടുള്ളമച്ചയാൽ! ൨
പില്പാടൊരാർപ്പു കേട്ടാരാക്കാട്ടുവാഴികൾ ലങ്കയിൽ
ഭേരീമൃദംഗധ്വനിയും തുമുലം രോമഹർഷണം.
ഒരിമ്പം പൂണ്ടുകൊണ്ടാരാഘോഷത്താൽക്കപിയൂഥപർ;
അഘോഷത്തെപ്പൊറാഞ്ഞേ,റെഘോഷത്തിലലറീടിനാർ. ൪
രജനീചരരും കേട്ടു പ്ലവംഗരുടെ ഗർജ്ജിതം,
കനത്ത കാർകളാകാശത്തിരമ്പുമൊലി പോലവേ.
ചിത്രധ്വജപതാകാഢ്യ ലങ്ക കണ്ടിട്ടു രാഘവൻ
മനസ്സിനാൽ മൈഥിലിയെ പ്രാപിച്ചാൻ സങ്കടത്തൊടേ: ൬
അക്കൊച്ചുമാന്മിഴിയെയിങ്ങല്ലോ രോധിപ്പു രാവണൻ,
'ചൊവ്വഗ്രഹം രോഹിണിയെബ്ബാധിച്ചീടുന്നതിൻവിധം!'
ചുട്ടോരു നെടുവീർപ്പിട്ടു; തൽക്കാലഹിതമാംവിധം
ചൊല്ലീടിനാൻ, ലക്ഷ്മണനെത്തൃക്കണ്ണാർത്തഥ വീര്യവാൻ:— ൮
"ആകാശത്തുരസുംപോലെ പൊക്കത്തിൽക്കാണ്മൂ ലക്ഷ്മണ,
ത്വഷ്ടാവുൾക്കാമ്പിനാൽത്തീർത്തപോലാം ലങ്ക മലയ്ക്കുമേൽ.
വിമാനം വളരെച്ചേർന്നു ലങ്ക ശോഭിപ്പിതുഴിയിൽ,
വെൺകാർകൾ നിറയും വിഷ്ണുപദമാം വാനു പോലവേ. ൧൦
ശോഭിപ്പൂ ലങ്കയിൽ, പൂത്തു കായ്പൂവേറിയ കാടുകൾ
ചേലിൽച്ചൈത്രരഥം പോലേ നാനാപക്ഷിസ്വനത്തൊടും;
കാണ്ക, പാറുന്ന നൽക്കാറ്റാൽ മത്തപക്ഷിവ്രജത്തൊടും
തിങ്ങും കുയിൽക്കൂട്ടമൊടും, മയങ്ങും വണ്ടിനത്തൊടും." ൧൨
എന്നു ലക്ഷ്മണനോടോതി രാമൻ ദശരഥാത്മജൻ
ശാസ്ത്രത്തിൽക്കണ്ടതിന്നൊത്തസ്സൈന്യത്തെയണിനിർത്തുവാൻ
നിയോഗിച്ചാൻ:—"ബലം പൂണ്ടു നില്ക്കേണം വീരനംഗദൻ
കപിപ്പടയിൽ മാറത്തായ് നീലനൊന്നിച്ചു ദുർജ്ജയൻ; ൧൪
നില്ക്കേണം, വാനരർ ചുഴന്നൊത്തു വാനരസേനയിൽ
വലത്തുവശമാലംബിച്ചൃഷഭൻ വാനരർഷഭൻ;

Digitized By Kerala Sahitya Akademi

ദ്ദൽഷൻ ഗന്ധകാരി പോലുഗ്രക്കാരും ഗന്ധമാദനൻ
നില്ക്കവേണ്ട,മിടത്തേതാം വശത്തായ് കപിസേനയിൽ; ൧൬
തലയ്ക്കൽ നില്ക്കാം, കരുതലോടെ ലക്ഷ്മണനൊത്തു ഞാൻ.
സുഷേണജാംബവാന്മാരും, വാനരൻ വേഗദർശിയും,
ഋക്ഷമുഖ്യർ മഹാത്മാക്കൾ നടു കാക്കട്ടെ മൂന്നുപേർ.
കാക്കട്ടേ കപിസൈന്യത്തിൻ പിൻവശം കപിമന്നവൻ, ൧൮
ലോകത്തിൻ പിമ്പുറം തേജസ്സോടും വരുണനാംവിധം."
വൻവ്യൂഹമായ് വിഭാഗിച്ചു വൻപ്ലവംഗമർ കാത്തതായ്
ശോഭിച്ചിതസ്സേന, മുകിൽച്ചാർത്തേന്തും ദ്യോവു പോലവേ.
കുന്നിന്മുടികളും കൂററൻമരങ്ങളുമെടുത്തുടൻ ൨൦
ലങ്ക കേറാനൊരുമ്പെട്ടു കീശർ പോരിലുടയ്ക്കുവാൻ.
'ശൃംഗങ്ങളാൽപ്പൊടിയ്ക്കാമീ ലങ്ക,മുഷ്ടികളാലെയോ'
എന്നേവം നിശ്ചയം ചെയ്തോർ വാനരോത്തമരേവരും!

പിന്നെ,ത്തേജസ്വിയാം രാമൻ സുഗ്രീവനൊടിതോതിനാൻ:-
'അണിനിന്നു പടകളി;-ശ്ശുകനെത്തിരിയേ വിടാം.'
രാമൻെറ വാക്കു കേട്ടിട്ടു, വാനരേന്ദ്രൻ മഹാബലൻ
ആ ദൂതനാകും ശുകനെ വിട്ടു രാമൻെറയാജ്ഞയാൽ.

രാമാജ്ഞയാ വിടപ്പെട്ടോൻ, വാനരന്മാർ വലച്ചവൻ ൨൪
ശുകൻ, പേടിച്ചുണ്ടുഴന്നോൻ ചെന്നെത്തി രാക്ഷസേശനിൽ.
ചിരിച്ചുകൊണ്ടേ ചോദിച്ചാൻ ശുകനോടങ്ങു രാവണൻ:-
'കെട്ടപ്പെട്ടോ ചിറകിതു? കാണ്മൂ നിൻചിറകററതായ്;
കമ്പക്കാരാമവരുടെ കയ്യിൽപ്പെട്ടിലയല്ലി നീ?' ൨൬
തമ്പുരാൻതന്നരുളിനാൽ, ഭയസംഭ്രാന്തനാമവൻ
ശരിയാമുത്തരം ചൊന്നാൻ രക്ഷഃസേശനൊടിങ്ങിനെ:-
'തുച്ചൊല്ലുരച്ചേൻ കടലിൻവടക്കേവക്കിൽവെച്ചു ഞാൻ
മയത്തിൽസ്സാന്ത്വനംചെയ്തു, കല്പിച്ചപടി ഭംഗിയിൽ. ൨൮
കണ്ടതോടേ,രുഷാ ചാടിപ്പിടിച്ചെന്നെക്കരങ്ങകൾ
തുനിഞ്ഞാർ ചിറകൂരാനും, മുഷ്ടിയാൽ വീക്കവാനുമേ.

Digitized By Kerala Sahitya Akademi

സംസാരിയ്ക്കുകയേ വയ്യ,ക്രൂരരിൽച്ചോദ്യമേശിടാ:
സ്വാതേ കടുത്ത ശുണ്ഠിക്കാരാശരേശ്വര, വാനരർ! ൩൦
വിരാധന്റെ, കബന്ധന്റെ, ഖരൻതന്റെയുമന്തകൻ,
സുഗ്രീവയുക്തനാ രാമൻ വന്നെത്തി, സീതയുള്ളിടം;
കടലിൽസ്സേതു നിൎമ്മിച്ചു ലവണാബ്ധി കടന്നിതാ,
മേവുന്നു രാക്ഷസന്മാരെക്രൂസാതേ ധന്വി രാഘവൻ! ൩൨
മലകാറിവപോലുള്ള വാനരൎക്ഷപ്പെരുംപട
ആയിരംവീതമുണ്ടല്ലോ മൂടിനില്ക്കുന്നു ഭൂമിയെ!
അരക്കരുടെ സേനയ്ക്കും വാനരേന്ദ്രപ്പടയ്ക്കുമേ
യോജിപ്പു വന്നിടാ തമ്മിൽ, ദേവദൈത്യർ പോലവേ! ൩൪
മതിലിൽക്കേറിട്ടുംമുമ്പേ രണ്ടിലൊന്നാശു ചെയ്ക നീ:
കൊടുക്ക സീതയെയവന്നോ;-കിക്കൊള്ളുക യുദ്ധമോ.'
ശുകന്റെ വചനം കേട്ടിട്ടുരചെയ്തിതു രാവണൻ
രോഷതാമ്രാക്ഷനായ്,കണ്ണാലെരിപ്പോനെന്നപോലവേ:- ൩൬
"ദേവദാനവഗന്ധൎവ്വരെററന്നാടമർ ചെയ്കിലും,
കൊടുത്തിടാ സീതയെ ഞാൻ, സൎവ്വലോകഭയത്തിലും!
എന്നു, രാഘവനിൽപ്പാഞ്ഞുമകരുമെന്നുടെയമ്പുകൾ,
വസന്തേ പൂത്തവൃക്ഷത്തിൽ മത്തഭൃംഗങ്ങൾ പോലവേ; ൩൮
എന്നു, തൂണിയിൽനിന്നേന്തി വിൽ തുകമെരിയമ്പിനാൽ,
കൊള്ളിയാലനയെപ്പോലെയവനെച്ചുട്ടെരിച്ചിടും!
അവന്റെയബ്ബലം പോകും, പെരുംപട ചുഴന്ന ഞാൻ,
സൎവ്വജ്യോതിഃപ്രകാശത്തെയടിയ്ക്കും രവി പോലവേ!
എന്നുക്കം കടലിന്നൊത്തതെ;-ൻവേഗം, കാററിനൊത്തതാം;
അറിഞ്ഞിട്ടില്ല;താണെ,ന്നോടേറ്റെക്കാപ്പതു രാഘവൻ.
സവിഷാഹികളെപ്പോലെൻതൂണിയിൽപ്പാൎമ്മേന്പുകൾ
ദൎശിച്ചിട്ടില്ലതാണെ,ന്നോടേറ്റെക്കാപ്പതു രാഘവൻ! ൪൨
എൻപോർവീൎയ്യമറിഞ്ഞിട്ടില്ലല്ലോ മുമ്പക്കാകുത്സ്ഥജൻ:
ബാണകോണങ്ങളാൽ മീട്ടിയെൻവിൽവീണ ഭയങ്കരം,

Digitized By Kerala Sahitya Akademi

ഞാണിൻനിർഘോഷവും ദീനഭീതർതൻ ചീത്ത ശബ്ദവും
ഉള്ളംകൈയമ്പൊലികളും ചേർത്ത,പ്പററലർതമ്മുടെ ൪൮
പടയാം ക്രൂരതരങ്ങേറി വായിപ്പൻ പോരിൽവെച്ചു ഞാൻ!
സമർത്ഥനാകില്ല സഹസ്രനേത്രനാം
സുരേശിതാവോ, സ്വയമംബുധീശനോ,
കൃതാന്തനോ, വൻപടയിൽ ധനേശനോ,
ശരാഗ്നികൊണ്ടെന്നെയെതിർത്തിടുവാൻ!” ൪൯

---

ഇരുപത്തഞ്ചാം സർഗ്ഗം. ശുകസാരണപ്രയാണം.

—※—

കാകുത്സ്ഥൻ പടയോടൊത്തു കടൽ പിന്നിട്ടതിന്നുമേൽ,
ശുകസാരണരാം മന്ത്രിമാരോടരുളി രാവണൻ:-
“പരന്ന ദുസ്തരാംഭോധി കടന്നല്ലോ കപിപ്പട,
അദ്ഭുതപൂർവ്വം രാമന്റെ സേതുബന്ധനമാഴിയിൽ! ൨
ആഴിയിൽസ്സേതുബന്ധം ഞാനെമ്മട്ടും വകവെച്ചിടാ;
എന്നാലും, കപിസൈന്യത്തെ നോക്കേണം തിട്ടയായി ഞാൻ:
ഇരുപേർ നിങ്ങളൊളിവിൽക്കപിപ്പടയണഞ്ഞുടൻ,
എണ്ണവും, വീര്യവും, മുഖ്യകീശരിന്നവരെന്നതും, ൪
രാമസുഗ്രീവർതന്നിഷ്ടാമാത്യരിന്നവരെന്നതും,
മുന്നില്പ്പോരിന്നപേർ ശൂരകീശരിന്നവരെന്നതും,
സേതുവിന്നവിധം കെട്ടി സാഗരാബ്ധിയിലെന്നതും,
ആ വാനരക്കൂററരുടെ നില്പിന്നവിധമെന്നതും, ൬
രാഘവന്റെയൊരുമ്പാടും, ബല,മായുധജാലവും,
ലക്ഷ്മണന്നുള്ള ബലവുമറിയേണം യഥാർത്ഥമായ്;
ആരാണാ, പ്രബലന്മാരാം കീശർക്കു പടനായകൻ?
ഇത്തും ശരിയ്ക്കറിഞ്ഞാശു തിരികെ വന്നുചേരുവിൻ.” ൮

Digitized By Kerala Sahitya Akademi

എന്നു ചൊല്ലി വിട്ടപ്പെട്ട ശുകസാരണരാക്ഷസർ
കപിമെയ്‌ പൂണ്ടു വീരന്മാർ പുകി വാനരസേനയിൽ.
ആ രോമാഞ്ചം മുളപ്പിയ്ക്കുമചിന്ത്യകപിസേനയെ
എണ്ണുവാൻ കഴിവില്ലാതെ നിന്നാരക്ക്ശുകസാരണർ. ൧൦
മേവുന്ന പർവ്വതാഗ്രത്തിൽ, ഗുഹയിൽ, കൽപ്പിളപ്പിലും,
സമുദ്രതീരങ്ങളിലും, കാട്ടു പൂംകാവിവററിലും;
കടന്നിതു, കടക്കുന്നു, മുതിരുന്നു കടക്കുവാൻ;
നിന്നു, നില്ക്കുന്നു കൂട്ടംചേർന്നുഗ്രനാദം മഹാബലം; ൧൨
ഇമ്മട്ടക്ഷോഭ്യമസ്സൈന്യക്കടൽ കണ്ടാർ നിശാചരർ!
ആ വേഷച്ഛന്നരെക്കണ്ടു തേജസ്സാം വിഭീഷണൻ;
പിടിച്ചു രാമനോടോതി ശുകസാരണരെ സ്വയം:-
'ഇവരാ, രാക്ഷസേന്ദ്രൻെറയമാത്യർ ശുകസാരണർ, ൧൪
ചാരരായ് ലങ്ക വിട്ടിങ്ങു വന്നോർ പരപുരഞ്ജയ.'
രാമനെക്കണ്ടുഴൽപ്പെട്ടു ജീവനിൽക്കൊതി വിട്ടവർ
പേടിച്ചു തൊഴുകയ്യും പൂണ്ടിവണ്ണമുരിയാടിനാർ:-
'ഇരുപേർ ഞങ്ങൾ, സൌമ്യ, രാവണൻ വിട്ടു വന്നവർ, ൧൬
ഈ നിൻസൈന്യത്തെ മുഴവൻ നോക്കുവാൻവേണ്ടി രാഘവ.'
അവർതൻ വാക്കു കേട്ടിട്ടു രാമൻ ദശരഥാത്മജൻ
ചിരിച്ചുംകൊണ്ടരുളിനാൻ സർവ്വഭൂതഹിതോദ്യതൻ:-
"സൈന്യത്തെയൊക്കെക്കണ്ടെങ്കിൽ, ഞങ്ങളെപ്പാർത്തുവെങ്കിലോ,
കാര്യം ചൊല്പടി ചെയ്യെങ്കിലി, ഷ്ടംപോലെ മടങ്ങിടാം.
കാണാതേതാനുമുണ്ടെങ്കിൽ കണ്ടുകൊൾകതു വീണ്ടുമേ;
കാട്ടിത്തരികയായ്ചെയ്യുമെല്ലാം നേക്കു വിഭീഷണൻ.
വേണ്ടാ, കടന്നീപ്പിടിയിൽപ്പെട്ടതിൽ പ്രാണഭീതിയും: ൨൦
പിടികിട്ടുകിലും വധ്യരല്ല ദൂതർ നിരായുധർ.
വിട്ടു, പ്രച്ഛന്നരിച്ചാരനിശാചരിരുപേരെയും,
സർവ്വദാ ശത്രുപക്ഷത്തെബ്ഭേദിപ്പോരെ വിഭീഷണ.

Digitized By Kerala Sahitya Akademi

നിങ്ങൾ ലങ്കാപുരം പുക്കു, ചൊന്നപോലെൻെറ വാക്കിനെ ൧൧
രാജരാജന്നനുജനാം രാക്ഷസേശനൊടോതണം:
ബലമേതൊന്നു കൈക്കൊണ്ടെൻസീതയെക്കൊണ്ടുപോടിയോ,
അതു കാണിയ്ക്കുകാവോളം, സൈന്യബന്ധുക്കളൊത്തു നീ.
നാളെക്കാലത്തു നീ, കോട്ടകമാനം ചേർന്ന ലങ്കയും ൧൪
രാക്ഷസപ്പടയും കാൺക ഞാനമ്പെയ്തു തകർത്തതായ്!
ചാട്ടും സസൈന്യനാം നിങ്കൽക്കൊട്ടുംക്രോധം ദശാനന,
നാളെക്കാലത്തു ഞാൻ, വജ്രം വജ്രി ദൈത്യരിലാംവിധം!”

എന്നു ചൊല്ലിവിടപ്പെട്ട ശുകസാരണരാക്ഷസർ ൧൬
ധർമ്മിഷ്ഠനാം രാഘവനെജ്ജയവാക്കാൽ സ്തുതിച്ചുടൻ
ലങ്കാനഗരിയിൽച്ചെന്നു രാക്ഷസേശനൊടോതിനാർ:-
‘വിഭീഷണൻ വിഭോ, കൊൽവാൻ പിടിച്ചീടിന ഞങ്ങളെ
കണ്ടു വിട്ടരുളി രാമൻ, തേജസ്സേറിയ ധാർമ്മികൻ! ൧൮
ഒന്നിച്ചു ചേർന്നിട്ടുണ്ടല്ലോ നാലുപേർ പുരുഷർഷഭർ
കൃതാസ്ത്രർ, ശൂരർ, ദിക്പാലതുല്യന്മാർ ദൃഢവിക്രമർ:
രാമൻ ദാശരഥി ശ്രീമാൻ ലക്ഷ്മണാഖ്യൻ, വിഭീഷണൻ,
തേജസ്സേറിയ സുഗ്രീവൻ മഹേന്ദ്രസമവിക്രമൻ; ൨൦
ഇവർ പോരും, മതിൽകമാനൊത്ത ലങ്കാപുരത്തിനെ
പറിച്ചെടുത്തെറിയുവാനെ;-ല്ലാം നില്ക്കട്ടെ വാനരർ!
ആ രാഘവൻെറ വടിവുമായുധങ്ങളുമോർക്കകിൽ,
മുടിയ്ക്കും ലങ്കയൊററയ്ക്കു; നില്ക്കട്ടെ മററു മൂവരും! ൨൧
രാമലക്ഷ്മണസുഗ്രീവന്മാരാൽപ്പാലിതമപ്പട
നേരിടാവുന്നതല്ലേതും സേന്ദ്രദേവാസുരർക്കമേ!

ഒരിമ്പമോടേ മരുവുന്നിതി,പ്പൊഴേ
രണം കൊതിയ്ക്കും കപിവമ്പർതൻ പട;
വിരോധമെല്ലാം മതി; ശാന്തി കൊള്ളണം;
കൊടുക്ക കാകുത്സ്ഥനുതന്നെ സീതയെ!’ ൨൪

—*—

## ഇരുപത്താറാം സർഗ്ഗം: വാനരപ്രദർശനം.

—:*:—

സാരണൻ ദൃഢമായ്ച്ചൊന്ന പഥ്യവാക്കതു കേട്ടുടൻ
മറുത്തരുളിനാനായാളോടു രാവണമന്നവൻ:-
"ദേവദാനവഗന്ധർവ്വരെന്റെ നേർക്കു ചെറുക്കിലും,
കൊടുത്തിടാ സീതയെ ഞാൻ, സർവ്വലോകഭയത്തിലും! ൨
കീശർതൻപീഡനാൽപ്പാരം പേടിച്ചിട്ടാണു, സൌമ്യ, നീ,
സീതയെത്തിരിയേനല്കൽ നന്നെന്നോർക്കുന്നതിപ്പൊഴേ!
ഏതു വൈരിയ്ക്കു കഴിവുണ്ടെന്നെപ്പോരിൽജ്ജയിയ്ക്കുവാൻ?"
എന്നരുളിച്ചെയ്തിട്ടു രാവണൻ രാക്ഷസാധിപൻ ൪
വളരെച്ചാണുയരന്നോരു മഞ്ഞത്താളിപ്പള്ളിമേടമേൽ
ചെന്നുകേറീടിനാൻ ശ്രീമാൻ നോക്കുവാൻവേണ്ടി രാവണൻ.
അച്ചാരരിരുപേരൊന്നിച്ചു,രിശം മൂത്ത രാവണൻ
കടൽ കാടുകൾ ശൈലങ്ങളിവയെപ്പാർത്തുകാണ്കവേ ൬
കണ്ടു, കപികളാലേററം നിറയപ്പെട്ട മന്നിടം.
അററമെറ്റെണ്ണിയാൽത്തീരാതുള്ളാ വങ്കപിസേനയെ
കണ്ടു സാരണനോടായിച്ചോദിച്ചരുളി രാവണൻ:-
"ഇക്കപീന്ദ്രരിൽ വെച്ചേവർ ശൂരരേ,വർ മഹാബലർ? ൮
ഏവർ മുന്നിട്ടണയുവോര,ത്യുത്സാഹികൾ നീളവേ?
ഏവർചൊൽ കേൾപ്പു സുഗ്രീവനേ,വർ യൂഥപയൂഥപർ?
ചൊല്ക, നീ സാരണ, ശരിയ്ക്കേ,വർ മുഖ്യപ്ലവംഗമർ?"
രാക്ഷസസ്വാമി ചോദിയ്ക്കും ചോദ്യം കേട്ടിട്ടു സാരണൻ ൧൦
കഥിച്ചുകൊണ്ടാൻ മുഖ്യജ്ഞനാ, വാനരരിൽ മുഖ്യരെ:-
"ഇതാ, ലങ്കയ്ക്കു നേർക്കാർത്തുംകൊണ്ടു നില്ക്കുന്നതില്ലയോ,
നൂറായിരം തലവരാൽച്ചുററപ്പെട്ടൊരു വാനരൻ;
ഇവന്റെ ചീർത്ത ശബ്ദത്താൽ വിറപ്പൂ ലങ്കയൊക്കയും, ൧൨
കമാനം മതിൽ വങ്കാടു മല കാടിവയോടുമേ;
മഹാത്മാവായ സുഗ്രീവപ്ലവംഗപ്പെരുമാളുടെ

Digitized By Kerala Sahitya Akademi

പടത്തലയ്ക്കൽ നില്പ്പോനാം നീലനീ, വീരയൂഥപൻ.
കൈ പൊക്കി,ക്കാൽ നിലത്തൂന്നി,പ്പേർത്തു,പേർത്തൊരു വീര്യവാൻ
ലങ്കാഭിമുഖനായ് മൂരിനിവർത്തുന്നില്ലയോ രുഷാ;
കുന്നിൻകൊടുമുടിയ്ക്കൊത്തോൻ നീരിത്താരല്ലിനേർനിറൻ
ചൊടിച്ചു വീണ്ടും വീണ്ടും വാലിട്ടടിപ്പതുമില്ലയോ;
ഇവൻെറ വാൽത്തന്നൊലിയാൽശ്ശബ്ദിപ്പൂ പത്തു ദിക്കുമേ; ൧൬
കപിരാജാവു സുഗ്രീവനിളമപ്പട്ടമേകിയോൻ,
അംഗദാഖ്യനിവൻ, പോരിന്നിവിടത്തെ വിളിപ്പവൻ;
ബാലിതൻ തുല്യനാം പുത്രൻ, സുഗ്രീവന്നെപ്പൊഴും പ്രിയൻ,
ശക്രന്നായ് വരുണൻ പോലേ രാമന്നായ് വിക്രമിപ്പവൻ; ൧൮
ഊക്കേറിയോനാം ഹനുമാൻ രാഘവന്നു ഹിതോദ്യതൻ
സീതയെക്കണ്ടെത്തും മററുമിദ്ദേഹത്തിൻെറ ബുദ്ധിയാം;
വീര്യവാനാമിവൻ ഭൂരിവാനരേന്ദ്രഗണങ്ങളെ
ചേർത്തങ്ങയോടെതിർക്കുന്നു, തൻസൈന്യംകൊണ്ടു ദുർജ്ജയൻ. ൨൦
ബാലിപുത്രൻെറ പിറകേ, വമ്പിച്ച പട ചുററുമായ്
പോരിന്നു നില്ക്കുമീ വീരൻ, സേതു തീർത്തവനാം നളൻ;
ഇതാ, തുലോമെത്തിവലിഞ്ഞാക്രമേവാരലറീടുവോർ
ഇവൻെറയാൾക്കാരീ വീരർ, ചന്ദനാരണ്യവാസികൾ; ൨൨
ഇവൻതാനോർപ്പു, തൻസൈന്യംകൊണ്ടു ലങ്കയുടയ്ക്കുവാൻ!
ശ്വേതൻ, വെള്ളിനിറം പൂണ്ടോൻ, ചപലൻ, ഭീമവിക്രമൻ,
ബുദ്ധിമാൻ വാനരൻ വീരൻ, മൂപ്പാരിൽക്കേളികേട്ടവൻ
വെമ്പിസ്സുഗ്രീവനിൽച്ചെന്നു തിരിയേപോകാം ദ്രുതം, ൨൪
കീശസൈന്യത്തെപ്പകുത്തുംകൊണ്ടനീകാഗ്ര്യാദികാരിയായ്.
മുമ്പു ഗോമതിതൻ തീരേ, സംരോചനശുഭാദ്രിയിൽ,
നാനാവൃക്ഷങ്ങളുള്ളൊന്നിൽസ്സഞ്ചാരംചെയ്തിരുന്നവൻ,
അതിങ്കൽ നാടു വാഴ്വോനീ, യൂഥപൻ കുമുദാഭിധൻ. ൨൬
ഇതാ, നേക്കായിരംലക്ഷംപേരെക്കൊണ്ടുനടപ്പവൻ,
വെളുത്തിരുണ്ടു മഞ്ഞച്ചു തുടുപ്പാർത്തിടവിട്ടതായ്

Digitized By Kerala Sahitya Akademi

ഏറെ മാർ നീണ്ട കൊട്ടുതാം നെട്ടുവാൽരോമമുള്ളവൻ
ചണ്ഡനാം വാനരനിവൻ, വാടാത്തോനടർ തേടുവോൻ: ൨൮
ഇശ്ശ്വാളുമാപ്പു, തൻസൈന്യംകൊണ്ടു ലങ്കയുടയ്ക്കുവാൻ!
ഇതാ, സിംഹാഭനൊരുവൻ, കപിലൻ, ദീർഘകേസരൻ,
നോക്കുന്നു നിശ്ചലം, കണ്ണാലെരിപ്പോൻ പോലെ ലങ്കയെ;
വിന്ധ്യൻ-സുദർശനം-കൃഷ്ണഗിരി-സഹ്യാചലങ്ങളിൽ ൩൦
തമ്പുരാനേ, സദാ വാഴ്പ്പോനിവൻ, രംഭാഖ്യയൂഥപൻ:
ഒരു മുപ്പതുലക്ഷംപേർ ചണ്ഡർ ചണ്ഡപരാക്രമർ
ഈ വാനരർഷഭനൊന്നിച്ചുണ്ടല്ലോ ചുററുപാട്ടമായ്
വലീമുഖന്മാർ ശൂരന്മാർ ലങ്ക തല്ലിയുടയ്ക്കുവാൻ! ൩൨
ഇതാ, ചെവികൾ കൂപ്പിപ്പു, മൈ ഞെളിയ്ക്കുന്നു മേല്ക്കുമേൽ,
മൃത്യുവെക്കൂസുമാറില്ല, പോർ വിട്ടോടാരുമില്ലവൻ,
വിറപ്പൂ രുഷ്ടനായ്, വീണ്ടും നോക്കിട്ടുന്നു വിലങ്ങനെ,
കാണ്കെ, വാൽ വീശിയലറുന്നതുമുണ്ടു മഹാബലൻ, ൩൪
അനല്പവേഗനഭയൻ, സാലേയസുഭഗാദ്രിയിൽ
തമ്പുരാനേ, സദാ വാഴ്പ്പോനിവൻ, ശരഭയൂഥപൻ:
ഇവനുണ്ടു, വിഹാരന്മാരെന്നു പേരാന്ന യൂഥപർ
രാജൻ, നാല്പതുലക്ഷംപേര, നല്പബലരവരും. ൩൬
ക്രൂരനാമെവനാകാശം കാർ പോലേ മൂടിനില്പിതോ
കപിവീരർക്കു നടുവിൽ സ്സുരർക്കിന്ദ്രൻ കണക്കിനെ;
എവൻെറയാപ്പോ കേൾക്കുന്നു പടഹധ്വനി പോലിതാ;
പോർ കൊതിയ്ക്കും പ്ലവംഗേന്ദ്രന്മാരിൽവെച്ചു ഭയങ്കരൻ, ൩൮
അവൻ മികച്ച മലയാം പാരിയാത്രത്തിൽ വാഴുവോൻ,
പോരിൽദ്ദുസ്സഹനെപ്പോഴും, പനസാഭിധയൂഥപൻ:
ശരിയ്ക്കമ്പതുലക്ഷംപേരുണ്ടി മേലാൾക്ക ദേസവകർ
ഓരോരോ കൂട്ടമായ് വേറേ വേറേ നില്ക്കുന്ന യൂഥപർ. ൪൦
സത്തിക്കൊണ്ടു കടൽത്തിരത്തമരും വേലാരസേനയെ
പ്രശോഭിപ്പിച്ചിതാ, നില്പം രണ്ടാം കടൽ കണക്കൊരാൾ;

Digitized By Kerala Sahitya Akademi

ഇവൻ, വിനതനെന്നുള്ള യൂഥപൻ,ദർദ്ദരോന്നമൻ:
നല്ല പർണ്ണാശയസാററിൻെറ നീർ കുടിച്ചു നടപ്പവൻ; ൪൨
ഷഷ്ടിലക്ഷം കരങ്ങന്മാരുണ്ടീ വിഭാഗം സൈന്യമായ്.
വിളിപ്പു ക്രഥനാഭിഖ്യൻ യൂഥപൻ പോരിനങ്ങയെ,
വെവ്വേറേ കൂട്ടമായ് ശൂരബലശാലികൾ ചേർന്നവൻ.
ഒരു കീശൻ വളപ്പീലേ കാവിമണ്ണിറമാമുടൽ ൪൪
ബലദൃപ്തപ്ലവഗരിലെല്ലാമെന്നും കവിഞ്ഞവൻ;
ഇവൻ തേജസ്വി ഗവയൻ, ചൊടിച്ചങ്ങയൊടേല്പവൻ:
ഇയ്യാൾക്കൊരുപതിറേറഴലക്ഷംപേരുണ്ടു കീഴിലായ്;
ഇവൻതാനോപ്പു, തൻസൈന്യംകൊണ്ടു ലങ്കയുടയ്ക്കുവാൻ! ൪൬
ഇവർ ദുസ്സഹർ, ഘോരന്മാർ കാമരൂപർ, മഹാബലർ,
യൂഥപന്മാർ, യൂഥപാഗ്ര്യർ, വെവ്വേറേ യൂഥമുള്ളവർ.

—o—

## ഇരുപത്തേഴാം സർഗ്ഗം: വാനരനിർദ്ദേശം.

———

"ത്വക്കെന്നാക്കും ഭവാനോട്ടു കഥിയ്ക്കാം യൂഥപാലരെ,
ഉയിർ കാക്കാതെ രാമന്നായ് വിക്രമം കൊള്ളുവോരെ, ഞാൻ:
വെള്ളത്തിരുണ്ടു മഞ്ഞച്ചു തുടപ്പൊത്തിടവിട്ടതായ്
ഏറെ മാർ നീണ്ടതാമാർതൻ നെടുവാൽ സ്നിഗ്ദ്ധരോമമോ ൨
ഭീമം നിവന്നു ശോഭിപ്പൂ, സൂര്യൻെറ കതിർ പോലവേ,
നിലത്തിഴകയും ചെയ്‌വൂ, യൂഥപൻ ഹരനാണവൻ:
നൂറുമായിരവും വീതമുണ്ടിവന്നനുയായികൾ,
മരങ്ങൾ ഉന്തിച്ചിക്കെന്നു ലങ്ക കേറാൻ കൊതിപ്പവർ; ൪
യൂഥപന്മാരടുത്തുണ്ടു ഹരിരാജൻെറ കിങ്കരർ.
കാണ്മീലയോ നില്ക്കുവതു വങ്കരിംകാർകൾ പോലവേ,
നീലാഞ്ജനനിറം പൂണ്ടോർ, പോരിൽസ്സത്യപരാക്രമർ,
മറെറാരാഴിക്കരെയ്ക്കൊപ്പു,മെണ്ണിക്കാട്ടാനശക്യരായ്, ൬

Digitized By Kerala Sahitya Akademi

ശൈലങ്ങളിൽപ്പുഴകളിൽ നിരപ്പുററേടവും ചിലർ;
ഇവരത്യുഗ്രൠക്ഷന്മാർ നിന്നോടേല്പവർ മന്നവ.
ഇവക്കു നടുവേ നില്പോൻ, ഭീമാക്ഷൻ, ഭീമദൎശനൻ,
കാർകളാൽച്ചുഴലപ്പെട്ട പജ്ജന്യൻ പോലെ മന്നവ, ൨൮
നമ്മദാംബു കുടിച്ചൠക്ഷവാനാം മലയിൽ വാഴുവോൻ,
സവ്ർക്ഷാധീശപരനിവൻ, ധൂമ്രനെന്നുള്ള യൂഥപൻ.
ഇവൻെറ തമ്പിയാകട്ടെ—നോക്കുകിഗ്ഗിരിതുല്യനെ—
വടിവാൽ ജ്യേഷ്ഠനു സമൻ, വിക്രമത്താൽ മികച്ചവൻ; ൩൦
ഇതാണാ,ജ്ജാംബവാനെന്ന മഹായൂഥപയൂഥപൻ,
പ്രശാന്തൻ ഗുരുസംസേവി പോർകളിൽച്ചുണയുള്ളവൻ:
ധീമാനിജ്ജാംബവാൻ ചെയ്തു ശക്രനു തുണയേററവും
ദേവാസുരാഹവത്തിങ്കൽ; നേടി പല വരങ്ങളും; ൩൨
പവ്താഗ്രങ്ങളിൽക്കേറി വങ്കാർവായ്പൊത്ത കല്ലുകൾ
ചാടിപ്പോർ, പടുക്രൂരന്മാർ, മൃത്യുവെക്കൂസിടാത്തവർ,
രക്ഷഃപിശാചതുല്യന്മാർ, തിങ്ങത്തേജസ്സൊത്ത രോമശർ
ഇതാ, ചുററിനടക്കുന്നിതിവൻെറ വളരെപ്പടർ. ൩൪
ചൊടിച്ചു ചാടുവോൻ പോലെ, നില്ക്കുമീ യൂഥപാഗ്ര്യനെ
നിന്നുനോക്കുന്നതുണ്ടല്ലോ കാട്ടുവാഴികളേവരും;
ബലവാനിപ്പ്ലവംഗേശൻ തമ്പുരാനേ, ബലത്തിനാൽ
ഉമ്പർകോനമ്പിയേററുന്ന ദംഭനെന്നുള്ള യൂഥപൻ. ൩൬
ആർ, പോക്കിലൊരു പാശ്ചത്താൽ യോജനാന്ധാദ്രിയെത്തൊട്ടും,
മേല്പോട്ടും മെയ്വലുപ്പത്താലൊരു യോജന ചെന്നിടും;
ആരെക്കാൾക്കേമമാം ദേഹം നാല്ക്കാലികളിലില്ലയോ;
അസ്സന്നാദനനാണിയ്യാൾ, വാനരക്കു പിതാമഹൻ: ൩൮
പോരാടിയല്ലോ പണ്ടിന്ദ്രയുദ്ധത്തിൽബ്ബുദ്ധിമാനിവൻ;
പരാജയപ്പെട്ടതുമില്ലിവൻ യൂഥപയൂഥപൻ;
വിക്രമിയ്ക്കുമിവന്നിന്ദ്രതുല്യമത്രേ പരാക്രമം;
ഇവൻ ഗന്ധവ്സുതയിൽജ്ജനിതൻ ഹവ്യവാഹനാൽ, ൪൦

Digitized By Kerala Sahitya Akademi

അന്നു ദേവാസുരപ്പോരിൽ വിണ്ണവൎക്കു തുണയ്ക്കുവാൻ.
ഞാവൽ ചേരുന്ന യാതൊന്നിൻ തമ്പുരാനോ ധനേശ്വരൻ,
യാതൊന്നു കിന്നരർ പെരുത്തുള്ള ദ്രീന്ദ്രൻ, തമ്പുരാൻ
നിത്യം ക്രീഡാസുഖം പേറ്റു നിൻജ്യേഷ്ഠനാശരാധിപ, ൨൨
അതിങ്കൽ വാഴ്വോൻ ശ്രീമാനിബ്ബലവാൻ വാനരൎഷഭൻ,
യുദ്ധത്തിൽ മേനിചൊല്ലാത്തോൻ, ക്രഥനാഭിധയൂഥപൻ:
പ്ലവംഗരായിരംകോടിപ്പേർ ചുഴന്നു വസിപ്പവൻ;
ഇവൻതാഴനാറ്റു, തൻസൈന്യംകൊണ്ടു ലങ്കയുടയ്ക്കുവാൻ! ൨൪
ഗജവാനരർതമ്മിൽപ്പണ്ടാന്നു വൈരം സ്മരിച്ചവൻ
ഗജേന്ദ്രരെ നടുങ്ങിച്ചു ഗംഗാതീരേ നടന്നിടും;
ഭൂഭൃദ്ഗുഹാസംസ്ഥിതനീ യൂഥനേതാവലച്ചയാൽ
കാട്ടാനകളെ നിൎത്തിടും, മരങ്ങളെയൊടിച്ചിടും; ൨൬
ഹരിസേനയിൽ മുന്നില്പോൻ, ഗംഗയാററിന്നു ചാരവേ
ഉശീരബീജമെന്നുള്ള മന്ദരപ്രതിമാദ്രിയിൽ
രമിപ്പു വാനരശ്രേഷ്ഠൻ, വിണ്ണിലിന്ദ്രൻ കണക്കിവൻ;
ഇവന്നുണ്ടായിരംലക്ഷംപേർകൾ കൂടെ നടക്കുവോർ, ൨൮
വീൎയ്യവിക്രമദൃപ്തന്മാരലറുന്നോർ മഹാബലർ;
ക്രൂരന്മാരാകുമിക്കീശൎക്കൊരു നേതാവുമാണിവൻ;
പ്രമാഥിയാം യൂഥപനാണ,പ്രധൃഷ്യനിവൻ പ്രഭോ:
കാററലച്ചു ഘനത്തെപ്പോല,ങ്ങിക്കാണുന്നവൻറയാം, ൩൦
ഊരക്കേറിടും വാനരർതൻ വാശി പൂണ്ടുള്ള സൈന്യവും;
ഇതാ, നാലിടവും കാററാലുയൎന്നരുണവൎണ്ണമായ്.
കനത്ത പൊടിയുണ്ടല്ലോ, പാറുന്നു പലപാടിതിൽ.
ഇതാ, മോന്ത കറുത്തുഗ്രർ ഗോലാംഗൂലർ മഹാബലർ, ൩൨
നൂറുന്നൂറായിരംപേർകൾ, സേതു തീൎത്തു കാണ്കയാൽ
ഗവാക്ഷനെന്നൊരുക്കേറും ഗോലാംഗൂലഗണാഗ്ര്യനെ
ചുഴന്നു നോക്കിനില്ക്കുന്നു, ലങ്ക കെല്പാലുടയ്ക്കുവാൻ!
എങ്ങോ വണ്ടിണ്ട മേററിഷ്ടമെല്ലാം കായ്ക്കുന്ന ശാഖികൾ, ൩൪

Digitized By Kerala Sahitya Akademi

സൂൎയ്യനേതദ്രിയെച്ചുററിച്ചരിപ്പൂ തുല്യവൎണ്ണമായ്,
ഏതിൻ ഭാസ്സാൽസ്സദാ കൊൾവൂ തദ്വൎണ്ണം മൃഗപക്ഷികൾ,
ഏതിന്റെ താഴ്വര വിട്ടാ മഹാത്മാക്കൾ മഹൎഷിമാർ,
ആരും കൊതിച്ചിടും കായ് ചേൎന്നെന്നും കായ്ക്കും മരങ്ങളുംപെന്നു
ഒന്നാംതരം തേനകളൂമത്തു മാമലയിങ്കലാ,
ആ രമ്യമാം പൊന്മലയിൽ വിഹരിപ്പോരു യൂഥപൻ,
വാനരശ്രേഷ്ഠരിൽ ശ്രേഷ്ഠനിവൻ കേസരി മന്നവ.
രമ്യങ്ങൾ പൊന്മലകളുണ്ടിരുമുപ്പതിനായിരം, ൩൮
ഗിരീന്ദ്രനവതൻ മദ്ധ്യേ സൌമ്യ, നീ പോലരക്കരിൽ;
ആ നന്മലയിൽ വാഴ്വോരീ, തീക്ഷ്ണദംഷ്ട്രാനഖായുധർ
മുഖം ചുകന്നോർ, കപിലർ, വെളുത്തോർ, മധുപിംഗളർ,
സിംഹമട്ടിൽച്ചതുൎദ്ദംഷ്ട്രർ, പുലിമട്ടിൽദ്ദുരാസദർ, ൪൦
ചൊടിച്ച പാമ്പു പോലുള്ളോർ, തീ പോലുള്ളവരെവരും:
നെടുതാം വാലു പൊങ്ങിച്ചോർ, മത്തമാതംഗസന്നിഭർ,
വന്മലയ്ക്കു ശരിപ്പെട്ടോർ, വങ്കാറൊച്ച പെട്ടന്നവർ,
വട്ടമഞ്ഞത്തുടുംകണ്ണർ, കൊടുംപോക്കൊച്ച പൂണ്ടവർ, ൪൨
ഉടപ്പാൻ പോലെ നില്പും നിൻ ലങ്ക പാൎത്തിവരെവരും;
ഇവർതൻ നാഥനമിതാ, മദ്ധ്യേ നില്ക്കുന്ന വീൎയ്യവാൻ,
ജയം നേൎന്നഹം സൂൎയ്യസേവ ചെയ്യുന്ന ബുദ്ധിമാൻ;
തമ്പുരാനേ, ശതബലിയെന്നു വിശ്രുതനാണിവൻ: ൪൪
ഇവൻതാനോപ്പു, തൻസൈന്യംകൊണ്ടു ലങ്കയുടയ്ക്കുവാൻ,
തൻപൌരുഷത്തിൽ നില്ക്കുന്നോൻ, വിക്രാന്തിബലശൌൎയ്യവാൻ,
രാമനുവേണ്ടിപ്രാണങ്കൽക്കൂറ കൈവിട്ട വാനരൻ!
ഗജൻ, ഗവാക്ഷൻ, ഗവയൻ, നളനും, കപി നീലനും; ൪൬
ഓരോരുവൻ താനീരഞ്ചുകോടിയൂഥം ചുഴന്നവൻ.
മററുമുണ്ടു കപീന്ദ്രന്മാർ വിന്ധ്യപൎവ്വതവാസികൾ;
പെരുപ്പംമൂലമെണ്ണാവുന്നവരല്ലാ,ശ്ശുവിക്രമർ!

Digitized By Kerala Sahitya Akademi

എല്ലാവരും ദേവ, മഹാപ്രഭാവ-
രെല്ലാവരും വന്മല പോലെയുള്ളോർ,
എല്ലാവരും ശക്തർ, പരം ക്ഷണത്താൽ
മന്നിൽഗ്ഗിരിശ്രേണി പൊടിച്ചുരുവാൻ!” ൪൮

—*—

ഇരുപത്തെട്ടാം സർഗ്ഗം: വാനരാഖ്യാനം.

—*—

സാരണോക്തം ശ്രവിച്ചിട്ടു, രാക്ഷസേശനൊടക്കുകൻ
അസ്സൈന്യത്തിനെയൊട്ടുക്ക ചൂണ്ടിക്കാണിച്ചു ചൊല്ലിനാൻ:—
“ഇതാ, നില്ക്കുന്നു, കാണ്മീലേ, മത്താഹസ്തീന്ദ്രർ പോലെയും
ഗംഗേപ്പുരാൽവടിവിലും ഹിമവൽസ്സാലമട്ടിലും; ൨
ബലിഷ്ഠർ ദുസ്സഹരിവർ കാമരൂപികൾ മന്നവ,
ദൈത്യദാനവതുല്യന്മാർ പോരിൽദ്ദേവപരാക്രമർ:
ഉണ്ടു കോടിസഹസ്രങ്ങളഞ്ചുമൊമ്പതുമേഴുമേ;
ഉണ്ടു ശംഖസഹസ്രങ്ങളുണ്ടു വൃന്ദശതങ്ങളും; ൪
സുഗ്രീവാമാത്യരിക്കീശർ, കിഷ്കിന്ധാസ്ഥിരവാസികൾ,
കാമരൂപത്തൊടേ ദേവഗന്ധർവ്വർക്കു പിറന്നവർ.
ആ നില്ക്കുവോരെക്കാണ്മീലേ ദേവരൂപിയുവാക്കളെ,
മൈന്ദൻ, ദ്വിവിദനാ രണ്ടാള്;-വക്കില്ലമരിൽസ്സമൻ: ൬
അമൃതുണ്ടോരിരുവരും ബ്രഹ്മാവിൻെറയനുജ്ഞയാ;
ഓക്കുന്നുണ്ടിവർ, പോരിട്ടു ലങ്ക കെല്ലാലുടയ്ക്കുവാൻ!
കാണ്മീലേ, നീർ ചുരന്നാന പോലെ നില്ക്കുമൊരുത്തനെ,
ചൊടിച്ചാലിക്കപി ബലാൽക്കടൽപോലും കലക്കിടും; ൮
വന്നുകണ്ടോനിവൻ ലങ്ക, സീതയെ, ത്തമ്പുരാനെയും;
വീക്ഷിയ്ക്കൂ, വീണ്ടും വന്നാനി, മുൻകാണപ്പെട്ടു വാനരൻ;
കേസരിയ്ക്കാദ്യനാം പുത്രൻ, വായുപുത്രനെന്നു വിശ്രുതൻ,
ഹനുമാനെന്നു പേരാണ്ടോൻ, കടൽ ചാടിക്കടന്നവൻ, ൧൦

കാമരൂപി, കപിശ്രേഷ്ഠൻ, കേമമാം ബലമുള്ളവൻ,
ഗതിയ്ക്കു തടവേല്ക്കാത്തോൻ പ്രഭ വായു കണക്കിവൻ;
ഉദിയ്ക്കുമർക്കനെക്കണ്ടു കുട്ടിക്കാലത്തു പണ്ടിവൻ,
'സൂര്യനെത്തിന്നൊഴിപ്പൻ ഞാൻ; ക്ഷുത്തടങ്ങുന്നതില്ല മേ' ൧൭
എന്നുള്ളുകൊണ്ടു ചിന്തിച്ചു, ബലദൃപ്തൻ വിശപ്പിനാൽ
മുവ്വായിരം യോജനയാം വഴി പിന്നിട്ടുപോയിപോൽ;
എന്നാൽ, ദേവർഷിദൈത്യർക്കും തീണ്ടാവല്ലാത്ത ദേവനിൽ
ചെന്നെത്തിടാതെതാൻ വീണു സൂര്യോദയമലയ്ക്കുമേൽ; ൧൮
പാറമേൽ വീഴ്കയാൽ, ഗാഢഹനുവാമിക്കപിയ്ക്കുടൻ;
ഹനുവൊന്നൊട്ടു പൊട്ടിപ്പോയ്;-തിനാൽ ഹനുമാനിവൻ.
നേർക്കു ഞാനാപ്തർ ചൊല്ലിക്കേട്ടറിവേനിക്കാര്യങ്ങളെ;
ചൊല്ലാവതല്ലി, വന്നുള്ള കെല്പും മെയ്യും പ്രഭാവവും; ൧൯
ഇവനോർക്കുന്നു, തനിയേ ലങ്ക കൊല്ലാലുടയ്ക്കുവാൻ!
അന്നാളിലിക്കരങ്ങളല്ലോ, കത്തിയ്ക്കപ്പെട്ട തീയിനെ
വെച്ചു ലങ്കയിലെ;-യ്യൂണ്ണമങ്ങിയ്യാളെ മറന്നുപോം!
തുലോം ചാരത്തിതാ, ശൂരൻ, ശ്യാമൻ, താമരസേക്ഷണൻ, ൨൦
ഇക്ഷ്വാകുവംശ്യാതിരഥൻ, പാരിൽ പ്രഖ്യാതപൌരുഷൻ;
എവങ്കലിളകാ ധർമ്മം, ധർമ്മത്തെത്തള്ളുകില്ലെവൻ,
ബ്രഹ്മാസ്ത്രവേദകുശലൻ വേദവിത്പരനാമെവൻ,
വിള്ളിയ്ക്കുമമ്പിനാൽ വാനം, പിളർത്തും പർവ്വതങ്ങളും, ൨൦
ക്രോധേ യമോപമനെവൻ വിക്രമേ വാസവോപമൻ,
നീ കവർന്നു ജനസ്ഥാനാലെവൻതൻ ഭാര്യ സീതയെ;
ആ രാമനങ്ങയോടിതാ പോരിന്നെത്തുന്നു, മന്നവ!
അതാ, വലത്തുഭാഗത്തായ്, തനിപ്പൊന്നിറമാന്നൊരാൾ, ൨൨
കൺ ചെങ്ങി മാർ വിരിഞ്ഞുള്ളോൻ, നീലകുഞ്ചിതകുന്തളൻ;
ഇതിവന്നനുയിരിന്നൊക്കുമരുമത്തമ്പി ലക്ഷ്മണൻ:
നയം പോരിവയിൽ ദക്ഷൻ, ശാസ്ത്രമെല്ലാം പഠിച്ചവൻ,
അമർഷി, വെൽവോൻ, തോല്ക്കാത്തോൻ, വിക്രാന്തൻ, ബലി ബു
[ദ്ധിമാൻ, ൨൪

Digitized By Kerala Sahitya Akademi

രാമനൊന്നും വലംകയ്യു, വെളിയ്ക്കുമരുവോരുയിർ;
ഇവൻ രാഘവകാര്യത്തിൽ പ്രാണനെഗ്ഗണിയാത്തവൻ;
ഇവൻതാനോപ്പു, യുദ്ധത്തിൽസ്സർവരാക്ഷസനിഗ്രഹം!
രാമന്നിടത്തുവശമാണ്ടോരാം നില്ക്കുന്നതില്ലയോ, ൨൬
അവൻ നിശാടസമ്രാട്ടിന്നുതൻ, രാജാവായ വിഭീഷണൻ:
ശ്രീമന്നോർമന്നവൻ ലങ്കയ്ക്കഭിഷേകം കഴിച്ചവൻ,
വാശിപൂണ്ടു ഭവാനോടേ പോരിന്നെല്ക്കുകയാണിവൻ!
മധ്യേ നില്പതു കാണ്മീലേ മല പോലിളകാതൊരാൾ, ൨൭
ഇവനെല്ലാക്കപീന്ദ്രർക്കും സ്വാമി, തോല്പ്പ വരാത്തവൻ,
തേജസ്സാൽ ബുദ്ധിയാൽക്കെല്പ്പാൽ യശസ്സാൽക്കുലശുദ്ധിയാൽ,
ശൈലങ്ങളിൽപ്പനിക്കുന്നു പോലേ കീശരിൽ മീതെയാം;
ഇവൻ യൂഥപമുഖ്യന്മാരൊന്നിച്ചു, സവനദ്രുമം ൨൦
ദുർഗ്ഗം പർവതദുർഗ്ഗസ്ഥം കിഷ്കിന്ധാഗുഹ വാഴുവോൻ;
ഇവന്നു പൊൽത്താർ നൂറുള്ള പൊന്മാല വിലസുന്നിതാ,
ഇതിൽ വാഴ്വൂ, സുരനരർ കൊതിയ്ക്കും ലക്ഷ്മിയെപ്പൊഴും;
ഈ മാലയും താരയെയുമീട്ടുററ കപിരാജ്യവും ൨൨
സുഗ്രീവന്നേകിനാനല്ലോ ബാലിയെക്കൊന്നു രാഘവൻ.
നൂറു നൂറായിരമൊരു കോടിയെന്നാർ മനീഷികൾ;
കോടി നൂറായിരം ചേർന്നാൽശ്ശങ്കുവെന്നാണതിന്നുപേർ;
ശംകു നൂറായിരം ചേർന്നാൽ; മഹാശംകുവതാണുപോൽ;
നൂറായിരം മഹാശംകു ചേർന്നാലതൊരു വൃന്ദമാം;
വൃന്ദം നൂറായിരം ചേർന്നാൽ, മഹാവൃന്ദമതാണുപോൽ;
നൂറായിരം മഹാവൃന്ദം ചേർന്നാലതൊരു പദ്മമായ്;
പദ്മം നൂറായിരം ചേർന്നാൽ, മഹാപദ്മമതാണുപോൽ; ൨൩
നൂറായിരം മഹാപദ്മം ചേർന്നാലതൊരു ഖർവമായ്;
ഖർവം നൂറായിരം ചേർന്നാൽ, മഹാഖർവമതാണുപോൽ;
നൂറായിരം മഹാഖർവം ചേർന്നാലൊരു സമുദ്രമായ്;
നൂറായിരം സമുദ്രത്തിന്നോഘമെന്നാണു പേരുപോൽ: ൨൪

ഓഘം നൂറായിരം ചേർന്നാല,തിങ്ങൊരു മഹൌഘമാം.
ഏവമോരായിരം കോടി, നൂറു ശംകുവുമങ്ങിനെ
ഓരായിരം മഹാശംകു,വാവിധം നൂറു വൃന്ദവും,
ഓരായിരം മഹാവൃന്ദ,മാവിധം നൂറു പദ്മവും, ൮൦
ഓരായിരം മഹാപദ്മ,മാവിധം നൂറു ഖർവ്വവും,
ഒരുനൂറു സമുദ്രം പിമ്പതിൻവണ്ണം മഹൌഘവും
കടല്ക്കുതുല്യമാം കോടി മഹൌഘംതാനമൊത്തിതാ,
സചിവാശരരർ ചേരുന്ന വിഭീഷണനൊടൊപ്പമേ, ൮൧
ഭവാനോടടരിന്നേല്പൂ സുഗ്രീവൻ വാനരേശ്വരൻ,
സദാ മഹാബലവൃതൻ, മഹാബലപരാക്രമൻ.
ഇതാ പുരാനേ, ജ്വലിതഗ്രഹാഭമാ-
യണഞ്ഞ സൈന്യത്തെ മുറയ്ക്കു കണ്ടുടൻ
മികച്ച യത്നം തുടരാ,മമിത്രരാൽ-
പ്പരാജയം വിട്ടു ജയം വരുംവിധം." ൮൨

—:*:—

ഇരുപത്തൊമ്പതാം സർഗ്ഗം: ചാരപ്രേഷണം.

—*—

ശുകനാൽപ്പറയപ്പെട്ടു കപിത്തലവർത്തമെയും,
രാമാന്തികേ തന്റെ വിഭീഷണനാം തമ്പിതന്നെയും,
രാമനുള്ള വലംകയ്യാം വീരലക്ഷ്മണനേയുമേ,
ഭീമവിക്രമി സുഗ്രീവവാനരപ്പെരുമാളെയും ൧
കണ്ടിട്ടൊരുൾച്ചലിപ്പോടെ ചൊടിയും പൂണ്ടു രാവണൻ
ശകാരിച്ചാനൊടുവിലശ്ശുകസാരണവീരരെ;
മുഖം കനിച്ചു കമ്പിച്ച ശുകസാരണരോടുടൻ
ശുണ്ഠിയാൽത്തൊണ്ടയിടറി ക്രുദ്ധൻ പരുഷമോതിനാൻ:- ൨
"സേവിച്ചുപാക്കാം സചിവർ ചൊല്ലിയാൽച്ചിതമാസ്സുരാ,
നിഗ്രഹാനുഗ്രഹത്രാണിയുള്ള ഭൂപനൊടപ്രിയം!

Digitized By Kerala Sahitya Akademi

പിണക്കം പൂണ്ടടക്കായി നേരിടുന്ന രിപുക്കളെ
രണ്ടാളും വെറുതേ വെച്ചുവാഴ്ത്തീയാൽച്ചിതമാകുമോ? ൮
വൃഥാ നിങ്ങളുപാസിച്ചിതാചാര്യഗുരുവൃദ്ധരെ:
പഠിഞ്ഞീലാ, രാജശാസ്ത്രസാരമാം സേവകക്രമം;
പഠിഞ്ഞെങ്കിൽ മറന്നൊന്നാ,മജ്ഞാനം താൻചുമക്കയാം;
ഏവം മൂഢാമാത്യരൊത്ത ഞാൻ ജീവിപ്പതു ഭാഗ്യമേ! ൯
നമ്മോടു പരുഷം ചൊൽവാൻ മൃത്യുവെപ്പേടിയില്ലയോ?
കല്പിയ്ക്കുമെന്റെ നാവല്ലോ, നല്കുന്തു നന്മതിന്മയെ!
തീ പററിയാലും, വൃക്ഷങ്ങൾ നിന്നേയ്ക്കാം കാനനങ്ങളിൽ;
രാജാവിൻ കോപമാപ്പെട്ട കുററക്കാർ നിലനിന്നിടാ! ൧൦
കൊന്നേനേ, ശത്രുപക്ഷത്തെ വാഴ്ത്തമിപ്പാപശീലരെ,
ക്രോധം പൂർവോപകാരത്താലൊന്നിളപ്പെട്ടിടായ്കിൽ ഞാൻ!
കടന്നുപോകുവിൻ;കാണൊല്ലെന്മുന്നിലിരുപേരെയും;
കൊല്ലാ നിങ്ങളെ; ഞാനോറ്റു നിങ്ങൾ ചെയ്ത ഗുണങ്ങളെ; ൧൧
ഘാതർത്താനെ,ന്ദലസ്നേഹർ, കൃതഘ്നരിരുപേരുമേ!"
എന്നു കേട്ടിട്ടു ലജ്ജിച്ചു, തമ്പുരാനെജ്ജയോക്തിയാൽ
പ്രശംസിച്ചു, പുറത്തെയ്ക്കു പോയാരച്ച്രുകസാരണർ.
ദശാസ്യനരികേ നില്ക്കും, മഹോദരനൊടോതിനാൻ:- ൧൨
'വരുത്തുകിങ്ങു വെക്കം മേ നീതികോവിദചാരരെ.'
അതു കേട്ടാശു ചാരന്മാർക്കാജ്ഞ നല്കീ മഹോദരൻ.
അരുളപ്പാടിനാൽ വെമ്പൽ പൂണ്ടണഞ്ഞഥ ചാരരും
കൈകൾ കൂപ്പി,ജ്ജയാശിസ്സാൽ ശ്ലാഘിച്ചരികിൽ മേവിനാർ.
ശൂരർ നിർഭയർ വിശ്വസ്തർ ക്രൂരരുള്ളാച്ചാരരോടുടൻ
പറഞ്ഞുകൊണ്ടാനിവണ്ണം രാവണൻ രാക്ഷസാധിപൻ:-
"ചെന്നീടുവിൻ: നിങ്ങൾ പരീക്ഷിപ്പിൻ രാമന്റെ നിശ്ചയം,
മന്ത്രിമാരിലവന്നുള്ളയോരെയും, കൂററുകാരെയും. ൧൩
എമ്മട്ടുറങ്ങുമുണരും? മററുമെന്തൊന്നു ചെയ്തിടും?
ശരിയ്ക്കൊട്ടൊഴിയാതെല്ലാമറിഞ്ഞുംവെച്ചു പോരണം.

Digitized By Kerala Sahitya Akademi

ചാരനാലറിയപ്പെട്ട വൈരിയെ പ്രാജ്ഞരാം നൃപർ
പോരിൽത്തെല്ലൊരു യത്നത്താൽ നേരിട്ടേററു ജയിച്ചിടും." ൨൦
എറാനെന്നോതിയച്ചാരരിമ്പമോടാശരേശനെ
വലത്തുവെച്ചാർ ശാർദ്ദൂലനായ മുമ്പനൊടൊപ്പമേ.
അച്ചാരരാ മഹാത്മാവാം യാതുധാനവരിഷ്ഠനെ
വലത്തുവെച്ചുടൻ പോന്നു, രാമലക്ഷ്മണരുള്ളിടം. ൨൨
വേഷം മാറിച്ചെന്നു കണ്ടാർ, സുവേലാദ്രിയ്ക്കു ചാരവേ
രാമലക്ഷ്മണസുഗ്രീവവിഭീഷണരെയായവർ;
അസ്സൈന്യത്തിനെയും കാണ്കമൂലം പേടിച്ചരണ്ടുപോയ്.
കണ്ടാനാ രാക്ഷസന്മാരെദ്ധാർമ്മികൻ രാക്ഷസേശ്വരൻ; ൨൪
പെട്ടെന്നവിടെ നില്പോരെത്തജ്ജിച്ചാനാ വിഭീഷണൻ;
ശാർദ്ദൂലനെപ്പിടിപ്പിച്ചാൻ, 'പാപിരക്ഷസ്സിതെ'ന്നുടൻ.
കീശർ താഡിയ്ക്കുമവനെ, വിടുത്തപ്പെട്ടു രാമനാൽ;
വിടുത്തപ്പെട്ടു, രാമൻെറ കനിവാൽ മററരക്കരും. ൨൬
ലഘുവിക്രമവിക്രാന്തകപിപീഡനമേററവർ
ലങ്കയിങ്കൽത്തിരിച്ചെത്തീ, കിതച്ചും കരംമങ്ങിയും.
ഉടൻ ദശാസ്യസ്ഥലണഞ്ഞു, നിത്യവും
വെളിയ്ക്കു ചുററും ചരരാ നിശാചരർ,
സുവേലശൈലത്തിനടുത്തു പാർപ്പതാ-
യുണർത്തി രാമൻെറ ബലം മഹാബലർ. ൨൮

—*—

മുപ്പതാം സർഗ്ഗം: ശാർദ്ദൂലാദിചാരവചനം.

—o—

അറിയിച്ചിടിനാർ ചാരരങ്ങു ലങ്കാധിനാഥനെ,
അക്ഷോഭ്യബലനാ രാമൻ സുവേലാദ്രിയിൽ വാഴ്വതായ്.
ചാരരാൽ, ബ്ബലവാൻ രാമൻ വന്നതായ്ക്കേട്ടു രാവണൻ
തെല്ലു നെഞ്ചുമിടിപ്പാർന്നു ശാർദ്ദൂലനൊടു ചൊല്ലിനാൻ:-
'നിറം പകർന്നിരിയ്ക്കുന്നു; നിനക്കുണ്ടുതരുതായ്കയും;
ക്രുദ്ധശത്രുക്കളെന്തൻ കയ്യിൽപ്പെട്ടീലല്ലി നിശാട, നീ?'

Digitized By Kerala Sahitya Akademi

എന്നായ്ക്കല്പിച്ചുചോദിച്ചനേരം ചൊന്നാൻ പതുക്കവേ
രക്ഷശ്ശാർദ്ദൂലനോടങ്ങു ശാർദ്ദൂലൻ ഭയവിഹ്വലൻ:- ൭
"നിഗ്രഹ്യരല്ല ചാരക്കപിപുംഗവർ മന്നവ,
വിക്രാന്തന്മാർ, കരുത്തന്മാർ, കാകുത്സ്ഥഭുജരിപാലിതർ.
സംസാരിപ്പാനമെല്ലതല്ലേ, ശങ്കില്ലങ്ങു ചോദ്യമ:
ചുററും മാറ്റത്തെ രക്ഷിപ്പൂ, മല പോലുള്ള വാനരർ! ൮
പക്കസ്സൈന്യത്തെ നോക്കുമ്പോഴെയ്ക്കുമെന്നെയറിഞ്ഞുടൻ
പിടിക്കൂടിയരക്കന്മാർ കൊട്ടയാട്ടി പാരവതാം:
മട്ടുമുഷ്ടികൾ പല്ലുള്ളംകൈകളാലാഞ്ഞുവീക്കി മാം
ചുററും കൊണ്ടുനടന്നാരാ ക്രുദ്ധരാം കീശരുജ്ജിതർ; ൯
നീളെക്കൊണ്ടുനടന്നൾപ്പൂകിച്ചു രാമസദസ്സിലും.
നിണത്തിൽ മുങ്ങി വെളിവററാകുലേന്ദ്രിയനായ ഞാൻ,
കീശർ കൊല്ലാൻ തുടരവേ, തൊഴുതുംകൊണ്ടിരിയ്ക്കയാൽ
സംരക്ഷിച്ചാന, 'മതി,മതി'ന്നു രാമൻ യദൃച്ഛയാ! ൧൦
മലപാറകൾകൊണ്ടിട്ടു വലുതാം കടൽ തൂർത്തിതാ,
ലങ്കാദ്വാരത്തു വന്നെത്തി നില്പൂ രാമനാദായുധൻ.
ഗരുഡവ്യൂഹമാണ്ടെങ്ങും വാനരന്മാർ ചുഴന്നവൻ,
എന്നൊപ്പിരിച്ചു ലങ്കയ്ക്കു വരുന്നുണ്ടു മഹാദ്യുതി: ൧൧
മതിൽ കേറുന്നതിന്മുമ്പേ, രണ്ടിലൊന്നാശു ചെയ്ക നീ:
നല്കുടൻ സീതയെയിവന്നോ;-കിക്കൊള്ളുക യുദ്ധമോ."
അതു കേട്ടു മനസ്സാലൊന്നാലോചിച്ചാശരാധിപൻ,
വൻവാക്കൊന്നുരചെയ്താനശ്ശാർദ്ദൂലനൊടു രാവണൻ: ൧൨
'ദേവദാനവഗന്ധർവരെന്നോടേററമർ ചെയ്കിലും,
കൊടുത്തിടാ സീതയെ ഞാൻ സർവലോകഭയത്തിലും!'
എന്നുരച്ചതിതേജസ്വി രാവണൻ വീണ്ടുമോതിനാൻ:-
"നോക്കിയല്ലോ പടയെ നീ; ശൂരവാനരരാരിതിൽ? ൧൩
മട്ടെന്തു, മഹിമാവെന്തു, ദുർദ്ധർഷകപികൾക്കിതിൽ?
ആർക്കുള്ള പുത്രപൌത്രന്മാർ? സൌമ്യ, നേർ ചൊല്ക, രാക്ഷസ

Digitized By Kerala Sahitya Akademi

എന്നാലവർക്കുള്ള ബലാബലം കണ്ടിങ്ങറിയുകവൻ:
പടക്കണക്കെടുക്കേണമല്ലോ; പോരിന്നൊരുങ്ങുവോർ." ൧൮
ഈ രാവണോദിതം കേട്ട ശാർദ്ദൂലൻ ചാരസത്തമൻ
രാവണൻെറ സമീപത്തിലേവം ചൊൽവാനൊരുങ്ങിനാൻ:-
"രാജാവൃക്ഷരജസ്സിൻെറ പുത്രൻ പോരിൽസ്സുദുർജ്ജയൻ.
ഗദ്ഗദാത്മജനാണിങ്ങു ജാംബവാനെന്നു വിശ്രുതൻ; ൨൦
ധൂമ്രനും ഗദ്ഗദസുതൻ; വ്യാഴത്തിനുടെ സൂനുപോൽ,
ഒററയ്ക്കു രാക്ഷസർക്കുള്ളിൽ ക്ഷോഭത്താനാം പുത്രനുള്ളവൻ.
സുഷേണനൻ, ധാർമ്മികൻ ധർമ്മപുത്രനാകുന്ന വീര്യവാൻ;
സോമപുത്രനി, തിൽദ്ദേവ, സൌമ്യൻ ദധിമുഖൻ കപി. ൨൨
സുമുഖൻ, ദുർമ്മുഖനി,തിൽക്കപിയാം വേഗദർശിയും,
ബ്രഹ്മാവു കപിവേഷത്തിൽത്തീർത്തതാം മൃത്യുതന്നെയാം!
അഗ്നിതൻപുത്രനാണത്രേ, സാക്ഷാൽ നീലൻ ബലേശ്വരൻ;
വായുവിൻപുത്രനാ,ണി,ങ്ങു ഹനുമാനെന്നു വിശ്രുതൻ. ൨൪
ഇന്ദ്രൻെറ പൌത്രൻ, ദുർദ്ധർഷൻ യുവാവൂർജ്ജിതനംഗദൻ;
മൈന്ദൻ, ദ്വിവിദനി രണ്ടാളശ്വിപുത്രർ മഹാബലർ.
യമൻെറ പുത്രരാണൈ,വരിങ്ങു കാലാന്തകോപമർ:
ഗജൻ, ഗവാക്ഷൻ, ഗവയൻ, ശരഭൻ, ഗന്ധമാദനൻ. ൨൬
ഈരഞ്ചുകോടിപ്പേരുണ്ടു പോർ തേടും ശൂരവാനരർ,
ശ്രീമാന്മാർ ദേവപുത്രന്മാർ; ശേഷം ചൊല്ലാവതല്ലമേ!
ഇവൻ ദാശരഥന്നുണ്ണി, യുവാവ,ഴകിയന്നവൻ
തനിച്ചു ദൂഷണഖരത്രിശിരസ്സരെ വധിച്ചവൻ! ൨൮
വിക്രമത്തിലൊരാളില്ലാ ഭുവി രാമനു തുല്യനായ്:
കൊന്നുവല്ലോ, യമനൊക്കുമാ വിരാധകബന്ധരെ!
രാമൻെറ നന്മ ചൊല്ലാനില്ലൊരാൾക്കും ശേഷി ഭൂമിയിൽ:
കൊന്നുവല്ലോ, ജനസ്ഥാനത്തരക്കന്മാരെയൊക്കയും! ൩൦
ധർമ്മിഷ്ഠനാം ലക്ഷ്മണനാം മാതംഗപ്രവരോപമൻ;
ഇവന്നമ്പിൽ പ്പെട്ടാക്കായാൽജ്ജീവിയ്ക്കില്ലമ്പർകോനുമേ!

Digitized By Kerala Sahitya Akademi

ശ്വേതൻ ജ്യോതിർമ്മുഖനുമിങ്ങാദിത്യന്റെ പുത്രരാം;
വരുണന്റെ തനൂജൻതാൻ, ഹേമകൂടപ്ലവംഗനും; ൩൨
വിശ്വകർമ്മാവുതൻ പുത്രൻ, വീരൻ കപിവരൻ നളൻ;
വസുനന്ദനനാണ്ടു,ജ്ജസ്സേറും വിക്രമി ദുർദ്ധരൻ.
രാക്ഷസന്മാർകളിൽ ശ്രേഷ്ഠൻ നിൻഭ്രാതാവു വിഭീഷണൻ
ലങ്കാപുരത്തെക്കൈക്കൊണ്ടു വാഴ്‌വൂ രാമഹിതൈഷിയായ്! ൩൪
ഏവം ചൊന്നേൻ ഭവാനോടു കപിസൈന്യമിതൊക്കയും
സുവേലാദ്രിസ്ഥിതം-മിനി വേണ്ടതിന്നിവിടുന്നുതാൻ.”

—:*:—

മുപ്പത്തൊന്നാം സർഗ്ഗം: സീതാമോഹനം.

—(൦)—

അറിയിച്ചീടിനാർ ചാരരങ്ങു ലങ്കാധിനാഥനെ,
അക്ഷോഭ്യബലനാ രാമൻ സുവേലാദ്രിയിൽ വാഴ്ക്കുതായ്.
ചാരരാൽ,ബ്ബലവാൻ രാമൻ വന്നതായ്ക്കേട്ടു രാവണൻ
തെല്ലു നെഞ്ചിടിപ്പാർന്നിട്ടമാത്യരൊടിതോതിനാൻ:- ൨
'വെക്കം വരട്ടേ, നീതിജ്ഞന്മാരാം മന്ത്രികളേവരും,
മന്ത്രകാലമിതാ, വന്നു നമുക്കെന്നോർത്തരക്കരേ.'
അരുളപ്പാടു കേട്ടിട്ടു വെക്കം വന്നെത്തി മന്ത്രിമാർ;
പിന്നീടമാത്യാശരരൊത്താലോചിച്ചീടിനാനവൻ. ൪
മേലിൽ വേണ്ടതിനെപ്പററിയാലോചിച്ചുട്ടരാസദൻ
അമാത്യരെപ്പിരിച്ചാ,ത്മനിലയം ചെന്നുപൂകിനാൻ.
പിന്നെ, മായാവിയാം വിദ്യുജ്ജിഹ്വാഭിധനിശാടനെ
കൂട്ടിക്കൊണ്ടുക്കാൻ മഹാമായൻ, വൈദേഹിയുടെ പാർപ്പിടം: ൬
ചൊന്നാൻ മായാവിയാം വിദ്യുജ്ജിഹ്വനോടാശരാധിപൻ:—
'മോഹിപ്പിയ്ക്കുക നാം മായകൊണ്ടീജ്ജാനകി സീതയെ.
മായയാ തീർത്തു രാമന്റെ തലയും രജനീചര,
അമ്പൊത്ത വൻവില്ലുമെടുത്തെൻചാരേ വന്നുകൊൾക നീ.' ൮

12

Digitized By Kerala Sahitya Akademi

എന്നു കേട്ടപ്പടിയെക്കുന്നാൻ വിദ്യുജ്ജിഹ്വൻ നിശാചരൻ;
രാജാവവങ്കൽത്തോഷിച്ചാൻ, കൊടുത്താനൊരു ഭൂഷണം.
അശോകവനികയ്ക്കുള്ളിൽച്ചെന്നു പുക്കാൻ മഹാബലൻ,
സീതയെക്കാണ്മാനേറ്റമാശയോടാശരേശ്വരൻ. ൧൦
കാണായ് കുബേരഭ്രാതാവിന്നു,ദൈന്യോചിത, ദീനയാൾ,
ദുഃഖമേ പൂണ്ടു മുഖവും താഴ്ത്തി മണ്ണിലിരിപ്പവൾ,
ഭർത്താവെത്തന്നെയോർത്തോൾ,അശോകവനികാന്തര
പാരത്തു ചുഴലെച്ചുന്നു ഘോരരാക്ഷസിമാരുമായ്. ൧൨
അസ്സീതയ്ക്കരികേ ചെന്നു, സന്തോഷം ചൊൽവതിൻവിധം
കഥിച്ചാൻ മൈഥിലിയോടൊന്നിവണ്ണം ക്രൂരനെന്നിയേ:-
"ഞാൻ സാമം ചൊല്കെ,യാരെക്കണ്ടിട്ടാ തുള്ളിയുറഞ്ഞു നീ
ഭദ്രേ, ഖരാരി, നിൻഭർത്താവാ രാമൻ ഹതനായ് രണേ! ൧൪
അറുത്തേൻ നിന്റെ വേരെല്ലാം; കെടുത്തേൻ നിന്റെ തള്ളലും;
തന്നനർത്ഥവശാൽസ്സീതേ, ഭാര്യയാകുമെനിയ്ക്കു നീ!
മൂഢേ, വെടിയുകിച്ചിന്ത: ചത്താളാലെന്തു ചെയ്തിടും?
ഭദ്രേ, മദ്ഭാര്യമാർക്കെല്ലാമൊരധീശ്വരിയാക നീ! ൧൬
അല്പപുണ്യേ, നിവൃത്താർത്ഥേ, മൂഢേ, പണ്ഡിതമാനിനി,
കേൾക്ക ഭർത്തൃവധം സീതേ, ഘോരം, വൃത്രവധോപമം:
വന്നെത്തിപോലബ്ധിതടത്തെ,ന്നെക്കൊൽവാൻ കകുത്സധ്വജൻ,
കപീന്ദ്രൻ കൊണ്ടുപോന്നോരു പെരുംപടയൊടൊപ്പമേ. ൧൮
സമുദ്രത്തിൻ വടക്കേവക്കാക്രമിച്ചങ്ങു മേവിനാൻ
പെരുംപടയുമായ് രാമൻ, സൂര്യാസ്തമയവേളയിൽ.
വഴിത്തളർച്ചയാൽ നിന്ന പട പിമ്പെൾരാത്രിയിൽ
സുഖിച്ചുറങ്ങവേ, ചെന്നു വീക്ഷിച്ചു ചാരരാദ്യമേ; ൨൦
പിന്നെ പ്രഹസ്തനെത്തിച്ചോരെന്റെ പെരുംപട രാത്രിയിൽ
കൊല്ലുകയുംചെയ്തു പടയെ രാമലക്ഷ്മണ സന്നിധൌ:
പട്ടസം, പരിഘം, ചക്ര,മിരിമ്പുവടി, വാളുകൾ,
ബാണജാലങ്ങൾ, ശൂലങ്ങൾ, തിളങ്ങും കൂടമുൾത്തടി, ൨൨

Digitized By Kerala Sahitya Akademi

വടി, വേൽ, തോമരം, ചക്രം, മുലയ്ക്കകളുമങ്ങിനെ
ഏന്തിയേന്തിക്കപികളിൽച്ചാട്ടിക്കൊണ്ടാർ നിശാചരർ;
കൊയ്ക്കാന്നറങ്ങും രാമന്റെറ തലയെത്തടവെന്നിയേ
വൻവാളാൽ, കൈമെയ്ട്ടകേറും പ്രഹസ്തൻ, പ്രമഥിപ്പവൻ! ൨൪
വിഭീഷണനെതിർത്തിട്ടു കൊല്ലപ്പെട്ടു യദൃച്ഛയാ;
എങ്ങോട്ടോ പാഞ്ഞുപോയ്, കീശരെല്ലാമൊന്നിച്ചു ലക്ഷ്മണൻ.
വിഭഗ്നഗ്രീവനായ് സീതേ, സുഗ്രീവൻ പ്ലവഗാധിപൻ;
അരക്കർ തച്ചു ഹനുമാൻ ഹനു പൊട്ടിക്കിടക്കയാം; ൨൫
ജാംബവാൻ ചാടിയേററിട്ടു ജാനു പോരിലുടഞ്ഞുപോയ്.
പല പട്ടസമേററററ, മുറിച്ചു തരുപോലെയായ്;
മൈന്ദദ്വിവിദരും കൊല്ലപ്പെട്ടുപോയ് വാനരർഷഭർ,
കരഞ്ഞും, വങ്കിതപ്പാന്നും, പാരം ചോരയിൽ മുങ്ങിയും, ൨൬
വാളേററര മുറിഞ്ഞിട്ടു, നീളമേറുമരിന്ദമർ.
പനസൻ പനസം പോലെ പാർത്തലത്തിൽക്കിടക്കയായ്;
ഭൂരിനാരാചഹതനായ് ദരി പൂക്കാൻ ദരീമുഖൻ;
ക്രൂററടങ്ങീ, മഹസ്സേറുംകുമുദന്നമ്പുകൊൾകയാൽ; ൨൭
അരക്കർ ചെന്നമ്പു ചൊരിഞ്ഞതിൽപ്പിന്നാംഗനംഗദൻ
വീണാനം,ഗദമുരിപ്പോയ്ച്ചോരയും കക്കിയൂഴിയിൽ!
ശയിപ്പൂ തേർഗജൌഘത്താൽച്ചതയ്ക്കപ്പെട്ട വാനരർ.
ചിലർ മട്ടിതരശപത്താൽ,ക്കാററുക്കാൽക്കാർകൾ പോലവേ.൨൮
പേടിച്ചു പാഞ്ഞ ചിലരെപ്പിമ്പേ പാഞ്ഞെററു കൊല്കയായ്,
സിംഹങ്ങൾ വൻദന്തികളെപ്പോലവേ രജനീചരർ.
ചിലർ പോയാഴിയിൽച്ചാടി; ചിലരാകാശമേറിനാർ;
ഋക്ഷങ്ങൾ വൃക്ഷം കയറീ, കപിധർമ്മമെടുത്തുതാൻ! ൨൯
കടല്ക്കരകൾ, ശൈലങ്ങൾ, കാടെന്നിവയിൽവെച്ചുടൻ
വളരെപ്പിംഗരെക്കൊന്നാർ വിരൂപാക്ഷർ നിശാചരർ.
ഏവം ഹതൻ നിൻകണവൻ സസൈന്യൻ മമ സേനയാൽ;
കൊണ്ടുവന്നോൻ പൊടിനിണം പൂണ്ടതാം തച്ഛിരസ്സിതും!” ൩൦

Digitized By Kerala Sahitya Akademi

പില്പാട,ത്യന്തദുർദ്ധർഷൻ രാവണൻ രാക്ഷസാധിപൻ
ഒരു രാക്ഷസിയോടങ്ങു, സീത കേൾക്കെയിതോതിനാൻ:—
'കൊണ്ടുവാ, ഘോരകർമ്മാവാം വിദ്യുജ്ജിഹ്വനിശാടനെ:
കൊണ്ടുവന്നതയാളല്ലോ രാമൻെറ തല സംഗരാൽ.' ൩൯
വിദ്യുജ്ജിഹ്വൻധനുസ്സോത്തശ്ശിരസ്സും കൊണ്ടുവന്നുടൻ
താണുകുമ്പിട്ടു നിന്നാനദ്ദശാസ്യൻറെ മുമ്പിലായ്.
ആ നിന്ന രാക്ഷസനൊടു തമ്പുരാനായ രാവണൻ
ചാരേ നിന്ന മഹാജിഹ്വവിദ്യുജ്ജിഹ്വനൊടോതിനാൻ:— ൪൦
'സീതതൻ മുമ്പിലാവ്വെയ്ക്കു രാഘവൻെറ ശിരസ്സുടൻ:
പാവം ദർശിച്ചുകൊള്ളട്ടെ ഭർത്താവിൻ ചരമസ്ഥിതി!'
എന്നു കേട്ടാ നിശിചരൻ പ്രിയദർശനമത്തല
സീതതന്നരികേ വെച്ചു പോയ്മറഞ്ഞിടിനാൻ ദ്രുതം. ൪൨
വലിച്ചെടുത്തുകൊണ്ടാനത്തിളങ്ങും വില്ലു രാവണൻ;
'മൂപ്പാരിലും പുകഴ്ന്നോന്നീ രാമൻെറതെ'ന്നുമോതിനാൻ:—
'ഇതാണോ, നിൻെറ രാമൻെറ കുലയേററിയ കാർമ്മുകം;
ആ മർത്ത്യനെക്കൊന്നിരവിൽ പ്രഹസ്തൻ കൊണ്ടുവന്നതാം!' ൪൪
അരക്കനെക്കൊണ്ടു ശിരസ്സതും, ധനു-
സ്സതും നിലത്തങ്ങിട്ടുവിച്ചു രാവണൻ
പുകൾപ്പെട്ടും ജാനകിയോടു ചൊല്ലിനാ-
നി,'നിശ്ശ്രിയസ്കനൊടു ചേർന്നുകൊൾക നീ!' ൪൬

—:*:—

മുപ്പത്തിരണ്ടാം സർഗ്ഗം: സീതാപ്രലാപം.

—o—

വൈദേഹിയാളത്തലയും, മികച്ചേറിയ വില്ലതും,
ഹനുമാനാൽ പ്രകീർത്തിയ്ക്കപ്പെട്ട സുഗ്രീവസഖ്യവും,
ഭർത്താവിനൊത്താ മുഖവും കൺകളും മുഖവർണ്ണവും
അക്കുന്തൽ നെററി നൽച്ചൂഡാമണിയും നേക്കു നോക്കിനാൾ; ൨

Digitized By Kerala Sahitya Akademi

ഈയെല്ലാലക്ഷണത്താലും കണ്ടറിഞ്ഞേററ മാഴ്കിനാൾ;
കരരിയ്ക്കൊത്തു കേണാർത്തു പഴിച്ചാൾ ഭരതാംബയെ:-
'തൃപ്തയായ്ക്കൊൾക കൈകേയി: ഹതനീക്കുലനന്ദനൻ;
കുലമെല്ലാം നശിപ്പിച്ചു, കലഹക്കാരിയായ നീ! ൪
ആര്യൻ രാമൻ നിനക്കെന്തൊരപ്രിയം ചെയ്തു കൈകയി?
നീ കാട്ടിലേയ്ക്കയച്ചല്ലോ തോൽ ചുററിച്ചെന്നൊടൊപ്പമേ!'
ഏവം ചൊല്ലി വിറക്കൊണ്ടപ്പാവം പെൺതയ്യൽ മൈഥിലി
വീണുപോയി, മുറിഞ്ഞോരു കദളിയ്ക്കൊപ്പമൂഴിയിൽ. ൫
ആശ്വസിച്ചോട്ടുനേരത്താൽബ്ബോധം പൂണ്ടായതാക്ഷിയാൾ
അശ്ശിരസ്സു മുകന്നങ്ങു വിലപിച്ചീടിനാനവൾ:—
'അയ്യോ, ഞാൻ ഹതയായ്, വീരവ്രതം കൊണ്ടു മഹാഭുജ:
കണ്ടേനല്ലോ, വിധവയായ്ത്തീർന്നീ, നിൻചരമദ്ധശിതി! ൬
ഭർത്താവിൻമൃതിതാനത്രേ, സ്ത്രീകൾക്കൊന്നാമതാമഴൽ;
മരിച്ചുവല്ലോ, സദ്വൃത്തയാമെൻ മുന്നിൽസ്സുവൃത്ത, നീ!
ഞാൻ ദുഃഖാൽ ദുഃഖമേററിട്ടു ശോകക്കടലിൽ മുങ്ങവേ,
വീഴിയ്ക്കപ്പെട്ടുപോയല്ലോ, രക്ഷിയ്ക്കാൻ നോക്കുമങ്ങയും! ൧൦
എൻശ്വശ്രുവാമകൌസല്യയ്ക്കുണ്ണിയങ്ങുന്നു രാഘവ,
ലാളിച്ച പൈയ്ക്കു വത്സൻ പോലവത്സത വരുത്തിനാൻ!
ആർ ചൊല്ലിയോ തവ ചിരായുസ്സചിന്ത്യപരാക്രമ,
അവർതൻ വാക്കു പൊളിയായ്: സ്വല്പായുസ്സങ്ങു രാഘവ! ൧൨
അഥവാ, ബുദ്ധി കെട്ടെന്നോ ബുദ്ധിമാനാം ഭവാനുമേ?
പചിപ്പൂ പ്രാണിയെക്കാലം, ഭൂതങ്ങൾക്കാദികാരണം!
ഓരാതെന്തേ മൃതിപ്പെട്ടു നീതിശാസ്ത്രജ്ഞനാം ഭവാൻ?
ഉപായജ്ഞൻ ഭവാൻ ശക്തനല്ലോ ദുർവ്വശ നീക്കുവാൻ ൧൪
ഭവാനെയമ്മട്ടുദയക്രൂരയാം കാളരാത്രിതാൻ
പുല്കിത്തട്ടിപ്പറിച്ചാളെൻപക്കൽ നിന്നാംബുജേക്ഷണ!
നരർഷഭ, മഹാബാഹോ, പാവമാമെന്നെ വിട്ടു നീ
പ്രിയയെപ്പോലവനിയെത്തഴുകിപ്പുള്ളികൊൾകയായ്! ൧൫

Digitized By Kerala Sahitya Akademi

നീ നിത്യം ഗന്ധമാല്യത്താൽ ഞാനൊത്തർച്ചിച്ചിരുന്നതും,
എനിയ്ക്കോമലമാം തൃപ്പൊൻവില്ലല്ലോയിതു വീരനേ!
അച്ഛൻ ദശരഥൻ സർവ്വപിതൃയുക്തനകല്മഷ;
ആ മദീയശ്വശുരനിൽച്ചേർന്നിരിയ്ക്കും ഭവാൻ ദിവി! ൧൮
തൻപുണ്യരാജർഷികുലം മഹത്താം സുകൃതത്തിനാൽ
വാനിൽ നക്ഷത്രമായ് നില്ക്കുന്നതുമിക്ഷിയ്ക്കയാം ഭവാൻ!
എന്നെ നോക്കാത്തതെന്തെന്നോടെന്തേ മിണ്ടാത്തതുഴിപ?
ബാല, ബാല്യത്തിൽ വേട്ടോരു സഹചാരിണി ഭാര്യ ഞാൻ! ൨൦
'ഒപ്പം ചരിപ്പനെ'ന്നേററുചൊന്നതല്ലോ പാണിപീഡനേ;
അതോർത്തു രാമ, നീ കൊണ്ടുപോക മാലേന്തുമെന്നെയും!
എന്നെ ത്യജിച്ചു—മാലേന്തുമെന്നൊപ്പോലും വെടിഞ്ഞു—നീ
പരലോകത്തിലേയ്ക്കെന്തേ ഗമിപ്പാൻ ഗതിമദര! ൨൨
കല്യാണോചിതമതൊന്നു ഞാൻ പുല്കിയിരുന്നുവോ,
വലിച്ചിഴയ്ക്കുന്നുണ്ടാമിന്നാ നിന്മെയ്യാമിഷാശികൾ!
അഗ്നിഷ്ടോമാദിയാം നാനായാഗം ചെയ്താപ്തദക്ഷിണം,
യജ്ഞാഗ്നികൊണ്ടു സംസ്കാരമെന്തേ നേടാതിരുന്നു നീ! ൨൪
അകലെപ്പോന്ന മൂന്നാളിലേകനായിട്ടു ചെല്കയാൽ
ചോദിയ്ക്കും ലക്ഷ്മണനൊട്ടു കൌസല്യ കദനാർത്തയായ്:
അവൾ ചോദിയ്ക്കെ, നിന്മിത്രപ്പടയെക്കൊന്നതങ്ങവൻ
ചൊല്ലുമല്ലോ, നിശി ഭവാനെയും രാക്ഷസർ കൊന്നതും; ൨൬
സുപ്തനാം നിൻ വധവു, മെന്നാശരാലയവാസവും
കേട്ടാൽക്കാകുത്സ്ഥ, നെഞ്ചം വിണ്ടുരുതിപ്പെട്ടുപോമവൾ!
ദുഷ്ട ഞാൻമൂല,മനഘൻ സത്വവാൻ നൃപനന്ദനൻ
രാമൻ കടൽ കടന്നിട്ടു ഗോഷ്പദേ കൊലയേററുപോയ്! ൨൮
മൌഢ്യാൽ,കുലാല്ലിയാമെന്നെ വേട്ടു ദശരഥാത്മജൻ;
ആര്യപുത്രനു രാമനു മൃത്യുവായ്ത്തീർന്നു ഭാര്യതാൻ!
മുഖ്യദാനം മുടക്കിപ്പോയിരിയ്ക്കാം മുമ്പിറപ്പിൽ ഞാൻ:
പെട്ടല്ലോ മാലിൽ ഞാൻ, സർവ്വാതിഥിതൻ ഭാര്യയാകിലും! ൩൦

Digitized By Kerala Sahitya Akademi

രാമങ്കൽ വിശ്ലിഷ്ടയായാൽക്കൊള്ളാമെന്നോ നീയാശു രാവണ:
ഭൎത്താവിനെപ്പാൎശ്വയോടു ചേൎക്ക; ചെയ്യുററ നന്മയെ!
ചേൎക്കിവൻതൻ തലയോടെൻ തല, മെയ്യോടു മെയ്യുമേ;
ഞാൻ മഹാനായ ഭൎത്താവിൻ പിമ്പേ പോകട്ടെ രാവണ!"
വിലപിച്ചാളിതിൻവണ്ണം മാനിനി വെൺതായതാക്ഷിയാം;
ഭൎത്താവിൻ തലയും വില്ലും നോക്കിനാൾ പേൎത്തുപേൎത്തുമേ.
വൈദേഹി വിലപിക്കുമ്പോൾ, ദ്വാരപാലനൊരാശരൻ
സ്വാമിതൻ മുന്നിടത്തങ്ങു വന്നെത്തി തൊഴുകയ്യുമായ്; ൩൪
'തിരുമേനി ജയിക്കു'ന്ന വന്ദിച്ചു, കനിയിച്ചവൻ
ഉണൎത്തിച്ചാൻ, ചമൂനാഥൻ പ്രഹസ്തൻ വന്നു നില്പതായ്:
'പ്രഹസ്തൻ വന്നു നില്ക്കുന്നു സൎവ്വാമാത്യസമേതനായ്;
കാണ്മവാൻവേണ്ടിയദ്ദേഹമയച്ചാന,ടിയൻ പ്രഭോ. ൩൬
ഉണ്ടാവും, തിരുമുമ്പാകെയുണൎത്തിച്ചിട്ടു ചെയ്യുവാൻ
അടിയന്തരമായുള്ളൊന്നു;-വക്കരുളുക ദൎശനം.'
രാക്ഷസൻ വന്നുണൎത്തിച്ചതേവം കേട്ടു ദശാനനൻ
അശോകക്കാവു കൈവിട്ടുപോന്നു കണ്ടാനമാത്യരെ. ൩൮
രാമന്റെ വിക്രമമറിഞ്ഞോ,സ്ഥാനസഭപുക്കവൻ
അമാത്യരൊത്തുറച്ചിട്ടു ചെയ്യാൻ തൻ കാൎയ്യമൊക്കയും.
അശ്ശിരസ്സു,മതിൻവണ്ണമാ മികച്ച ശരാസവും
കാണപ്പെടാതെയായല്ലോ, രാവണൻ പോന്നനേരമേ! ൪൦
രാക്ഷസാധീശനബ്ഭീമവിക്രമാമാത്യരൊത്തുടൻ
രാമനെപ്പററി വേണ്ടുന്ന കാൎയ്യം തീൎച്ചപ്പെടുത്തിനാൻ.
ഹിതമോൎത്തരികേ നില്ക്കും പടനാഥരെയൊക്കവേ
കഥിച്ചാൻ, കാലസദൃശൻ രാവണൻ രാക്ഷസാധിപൻ:- ൪൨
'ഭേരി നാല്ക്കാലിനാൽക്കൊട്ടി മുഴക്കിച്ചിങ്ങു വിദ്രുതം
വരുത്തുകെൻസേനകളെ;-ച്ചൊല്കയുംവേണ്ട കാരണം.'
ശരിയ്ക്കേറാനെന്നു, തങ്കം ചെയ്തതാദരി-
ച്ചു, നല്പമാകും തനതായ സേനയെ

Digitized By Kerala Sahitya Akademi

വരുത്തിനാർ, വന്നു ചെന്നണർത്തിനാ-
രടക്കോരങ്ങും പ്രബലപ്ലവഗേശ്വരർ. ൪൪

:—:*:—:

## മുപ്പത്തിമൂന്നാം സർഗ്ഗം: സീതാസമാശ്വാസനം.

—*—

ഓമന്മൈഥിലിതൻ മാറിൽധരിച്ച നില കാണ്കയാൽ
ചെന്നാളങ്ങു, രമത്തോഴി, സരമാഹ്വയ രാക്ഷസി.
ലങ്കേശനാൽ മോഹിതയായ്സ്സങ്കടം മൂത്ത സീതയെ
ആശ്വസിപ്പിച്ചു സരമയവൾ, കോമളഭാഷിണി: ൨
സംരക്ഷിയ്ക്കപ്പെട്ടും സീതയ്ക്കവളങ്ങൊരുബന്ധുവായ്,
രാവണാജ്ഞപ്പടി, രക്ഷിപ്പോൾ, ദൃഢവ്രത, ദയാവതി.
ദർശിച്ചാളസ്സരമയങ്ങബ്ബോധം കെട്ട സീതയെ,
ഉരുണ്ടെണീററ പൊടി പൂണ്ടൊരശ്വസ്ത്രീയെയാംവിധം. ൪
സഖീസ്നേഹാലവളെയൊന്നാശ്വസിപ്പിച്ചു സുവ്രത:-
"ആശ്വസിയ്ക്കുക വൈദേഹി, വേണ്ടാ ചിത്തത്തിലാർത്തൽ തേ:
നിന്നോടു രാവണൻ ചൊന്നതു,ത്തരം നീയുരച്ചതും,
സഖീസ്നേഹാൽ, വിജനമാം വനേ മറവിൽ നിന്നു ഞാൻ ൬
കേട്ടീടിനേൻ, രാവണനെക്കൂസാതെ ഭീരു, സർവ്വവും:
നിൻകാര്യത്തിൽ വിശാലാക്ഷി, ഗണിയ്ക്കാ ജീവിതത്തെ ഞാൻ!
ആ രാക്ഷസേന്ദ്രനെന്തിന്നോ വെമ്പലോടേ കടന്നുപോയ്,
അതുമെല്ലാമറിഞ്ഞേൻ ഞാൻ വെളിയിൽപ്പോയ് വിദേഹജേ. ൮
ജ്ഞാതാത്മാവായ രാമങ്കൽച്ചെയ്യാൻ പററില്ല സൌപ്തികം;
ആ നരവ്യാഘ്രനെക്കൊല്ലുകയെന്നതും സാധ്യമാവ്വരാ.
കൊല്ലാൻ പററാ, മരംകൊണ്ടു മല്ലാടും കീശർതമ്മെയും:
രാമൻ രക്ഷിപ്പതുണ്ടല്ലോ, ശക്രൻ ദേവന്മാരെയാം വിധം. ൧൦
കൈ നീണ്ടുരുണ്ടവൻ, ശ്രീമാൻ, മാർ വിരിഞ്ഞോൻ, പ്രതാ [പവാൻ,
സന്നദ്ധൻ കാർമുകധരൻ പാരിൽപ്പേരാണ്ട ധാർമ്മികൻ,

Digitized By Kerala Sahitya Akademi

തനിയ്ക്കും നിത്യമന്യന്നും രക്ഷിതാവായ വിക്രമി
ഭ്രാതാവാം ലക്ഷ്മണനൊട്ടം സുഖം വാഴ്വൂ പരന്തപൻ; ൧൨
അരിസൈന്യാന്തകൻ, ശ്രീമാനചിന്ത്യബലപൌരുഷൻ
കൊല്ലപ്പെട്ടിട്ടില്ല സീതേ, രാഘവൻ നീതികോവിദൻ.
ഒല്ലാത്തതിൽ മനം വെപ്പോനെ,ല്ലാൎക്കും വൈരി, ദാരുണൻ,
മായാവി നിങ്കൽക്കാണിച്ച മായയാണിതു കേവലം. ൧൪
നീങ്ങീ നിനക്ക മാലെല്ലാം; നന്മ നിന്നന്തികത്തിലായ്;
ലക്ഷ്മി ചേരുകയായ് നിങ്കൽ; കേൾക്ക തുഷ്ടിപ്രദം പ്രിയം:
സമുദ്രത്തെക്കടന്നിട്ടു കപിപ്പടയൊടൊപ്പമേ
കടലിൻതെക്കരയണഞ്ഞിരുള്ളുന്നുണ്ടു രാഘവൻ. ൧൬
കാണായ്വന്നു കൃതാൎത്ഥൻ മേ കാകുത്സ്ഥൻ ലക്ഷ്മണാന്വിതൻ;
സിന്ധുതീരസ്ഥമസ്സൈന്യച്ചാൎത്തുണ്ടവനു കാവലായ്.
ഇയ്യാളയച്ചിരുന്നല്ലോ വേഗം പോകമരക്കരെ;
കടന്നു രാമനെന്നാണി, അവരെത്തിച്ച വാൎത്തയും. ൧൮
അതു കേട്ടു വിശാലാക്ഷി, രാവണനാശരർകോനിതാ,
ആലോചന നടത്തുന്നു സൎവ്വാമാത്യസമേതനായ്."

എന്നുരയ്ക്കുന്ന സരമ, സീതയോടൊത്തു രാക്ഷസി,
പടയൊട്ടുക്കൊരുക്കുന്ന ശബ്ദം കേട്ടു ഭയങ്കരം; ൨൦
കോൽകൊണ്ടു കൊട്ടും പറതൻ പെരുതാമൊലി കേൾക്കയാൽ
ചൊല്ലീ സീതയൊടാ,ത്തേൻചൊല്ലാളാം സരമയിങ്ങിനെ:-
"പട കൂട്ടുന്നതിന്നാണീപ്പടഹം ഭീരു, ഭൈരവം;
കേൾക്ക, കാറൊലി പോലുള്ള പടുവാം പറയൊച്ച നീ. ൨൨
കോപ്പിടുന്നു മദേഭങ്ങൾ; പൂട്ടുന്നു തേർഹയങ്ങളെ;
തിമൎപ്പൂ വാജിമേൽക്കേറി,ക്കുന്തക്കാർ പെരുതായിരം;
കാലാളുകളുമങ്ങിങ്ങൊത്തുകൂടുന്നു സജ്ജരായ്.
അത്ഭുതാകാരസൈന്യങ്ങൾ തിങ്ങുന്നു രാജവീഥിയിൽ, ൨൪
നീരൊഴുക്കങ്ങൾ കടലിൽപ്പോലി,രമ്പമൊട്ടുക്കൊട്ടും.
സപ്തങ്ങളാമായുധങ്ങള,ണിപ്പരിച, ചട്ടകൾ,



Digitized By Kerala Sahitya Akademi

തേരാനകുതിരക്കൂട്ടം, കോപ്പണിഞ്ഞ നിശാടരും
ചിത്രം പല വർണ്ണം ചേർന്നയന്നോരൊളി കാണ്ക നീ, ൫൮
വേനലിൽക്കാടെരിയ്ക്കുന്ന തീയ്യിൻ വടിവു പോലവേ.
കേൾക്ക നാക്കമണിശ്ശബ്ദം; കേൾക്ക തേരുകളൊച്ചയും;
കുതിരച്ചെനയും കേൾക്ക തൂര്യനാദത്തൊടൊപ്പമേ.
ശസ്ത്രമേന്തും നിശാടേശാനഗരാമാശരക്കിതാ, ൫൯
കേമമായൊരൊരുമ്പാട്ട, കോൾമയിർക്കൊണ്ടിടുംപടി.
നിങ്കലെത്തീ പ്രമോദശ്രീ, നിശാടരിലനർത്ഥവും:
രാമൻ തണ്ടാരിതൾക്കണ്ണൻ, ദൈത്യരെശ്ശക്രനാംവിധം
യുദ്ധേ രാവണനെക്കൊന്നു, വെന്നു, കോപത്തെ വെന്നവൻ ൬൦
നിന്നെ വീണ്ടിടുമേ ഭർത്താവവിചിന്ത്യപരാക്രമൻ!
നിൻഭർത്താവാശരന്മാരിൽ വിക്രമിയ്ക്കും സലക്ഷ്മണൻ,
അമിത്രരിലമിത്രഘ്നൻ വിഷ്ണുവൊത്തിന്ദ്രനാം വിധം.
വേഗത്തിൽക്കാണുമവൻ, വൈരി വീഴിയ്ക്കപ്പെട്ടതിന്നുമേൽ ൬൧
വന്ന രാമൻെറ മടിയിൽച്ചേർന്ന സിദ്ധാർത്ഥ നിന്നെ ഞാൻ!
ആനന്ദക്കണ്ണുനീർ തൂകുമല്ലോ ഭവതി ശോഭനേ,
വന്നു കെട്ടിപ്പുണരുമാ മാർ വിരിഞ്ഞോൻെറ മാറിലായ്!
വേർപെടുത്തുമുടൻ സീതേ, രാമൻ ദേവി, മഹാബലൻ, ൬൨
നീയേറേ മാസമായേന്തും നിതംബാലംബിവേണിയെ!
ഉദിച്ച വാർമതിയെപ്പോക്കം തന്മുഖം കണ്ടു ദേവി, നീ
ശോകക്കണ്ണീർ വെടിയുമേ, പെണ്ണാമ്പു വള പോലവേ!
വൈകാതെതാൻ രാവണനെപ്പോരിൽക്കൊന്നു വിദേഹജേ, ൬൩
ഓമലാം നിന്നൊടൊന്നിച്ചു സുഖം നേടും സുഖോചിതൻ!
വീര്യത്താൽത്തുഷ്ടയായ്ത്തീരും മഹാത്മാവോടു ചേർന്നു നീ,
സദ്വൃഷ്ടിയാലേ, സസ്യത്തൊടൊത്ത മേദിനി പോലവേ!

പെരുമലയെ വലത്തുവെച്ചു വട്ടം
തിരിയുവതാരൊരു വാജി പോലെ വെക്കം,

Digitized By Kerala Sahitya Akademi

ശരണമണയുകാട്ടിനേശിതാവെ:-
ബ്ഭുവനചരക്കവനല്ലയോ നിദാനം!"

---

## മുപ്പത്തിനാലാം സർഗ്ഗം: രാവണാശയനിവേദനം

—*—

ആ വാക്കിനാൽ മോഹിതയായ്ത്താപം പൂണ്ടൊരവൾക്കുടൻ
ആഹ്ലാദമേകീ സരമ മന്നിനു മഴ പോലവേ.
പിന്നെ,സ്സഖിയ്ക്കൊരു ഹിതം ചെയ്യുവാൻവേണ്ടിയസ്സഖി
കാലേ കഥിച്ചാൾ കാലജ്ഞ, സുമന്ദസ്മിതഭാഷിണി:- ൨
'ഉണ്ടല്ലോ ശേഷി മേ, ചെന്നു നിൻചൊല്ലാലസിതേക്ഷണേ,
കുശലം രാമനെക്കേൾപ്പിച്ചൊളിവിൽത്തിരിയേ വരാൻ.
ആലംബമററ വാനിങ്കൽഗ്ഗമിയ്ക്കും മമ പോക്കിനെ
ആളാകാ പിന്തുടരുവാൻ താർക്ഷ്യനോ വായുതന്നെയോ!' ൪
എന്നോതുമസ്സരമയോടോതിനാൾ സീതയുത്തരം
മുമ്പേത്തെയഴൽ ചേർന്നോരു മധുരസ്നിഗ്ദ്ധവാക്കിനാൽ:-
'വാനോ പാതാളമോ പൂകാൻ ത്രാണിയുള്ളവളാണു നീ;
എന്നാലറികെനിയ്ക്കായ് നീ ചെയ്യവേണ്ടതു സാംപ്രതം: ൬
ചെയ്യേണം പ്രിയമിങ്ങെങ്കിലുറപ്പുണ്ടുള്ളിലെങ്കിലോ,
രാവണൻ ചെയ്വതെന്തെന്നു ചെന്നറിഞ്ഞീടുകൊന്നു നീ.
മായയാൽ, ക്രൂരനാദുഷ്ടൻ രാവണൻ ശത്രുരാവണൻ
ബോധം പോക്കുന്നുവല്ലോ മേ, കുടിയ്ക്കും കള്ളു പോലവേ. ൮
ചെയ്യിപ്പൂ തർജ്ജനം മേന്മേൽ, ചെയ്യിപ്പൂ ഭർത്സനം സദാ,
നിത്യമെൻകാവലായ് നില്ക്കുമത്യുഗ്രാശരിമാർകളാൽ.
ഉഴന്നു ശങ്ക തേടുന്നേൻ,ഉള്ളിൽ സ്വാസ്ഥ്യവുമില്ല മേ.
ഉഴന്നോളവനെപ്പേടിച്ചു,ശോകവനി പൂക ഞാൻ! ൧൦
എന്തൊന്നവൻെറ വൃത്താന്ത,മെന്തുവാൻ തീരുമാനവും,
ഇതെല്ലാമറിയിച്ചാല,തെനിയ്ക്കുറെറാരനുഗ്രഹം!

Digitized By Kerala Sahitya Akademi

എന്നോതും സീതയോടോ,മൽച്ചൊല്ലാൾ സരമ മെല്ലവേ,
തന്മുഖത്തൊഴുകം കണ്ണീർ തുടച്ചുംകൊണ്ടു ചൊല്ലിനാൾ:- ൮൨
'നിൻവാഞ്ഛിതമിതാണെങ്കിൽപ്പോകാം ഞാൻ ജനകാത്മജേ;
ഇതാ, മടങ്ങിയെത്തിപ്പോയ്, ശത്രുതന്നുള്ളറിഞ്ഞു ഞാൻ!'
എന്നുരച്ചാ, നിശാടന്റെ ചാരത്തെയ്ക്കു ഗമിച്ചവൾ
കേട്ടാൾ മന്ത്രികളൊന്നിച്ചു രാവണൻ ചൊന്നതൊക്കയും. ൮൪
അദ്ദുരാത്മാവുതൻ തീൎപ്പു കേട്ടു, തീൎപ്പറിവോളവൾ
മടങ്ങിയെത്തിനാൾ പിന്നെ ശോകവനിയിൽ ദ്രുതം.
തിരിയേ ചെന്നു, തന്നെത്താൻ കാത്തിരിയ്ക്കുന്ന സീതയെ
കണ്ടാളങ്ങവൾ, തണ്ടാരു വിട്ട ലക്ഷ്മിയെയാംവിധം. ൮൬
തിരിയേ ചെന്ന നൽച്ചൊല്ലാളാമസ്സരമയെദ്ദൃഢം
സ്നേഹേന തഴുകിസ്സീത താനാനാസനമേകിനാൾ.
'സുഖമായിങ്ങിരുന്നെല്ലാം ശരിയ്ക്കുന്നോതുകയ്ക്ക നീ,
ക്രൂരനായ ദുരാത്മാവാമദ്ദശാസ്യന്റെ നിശ്ചയം.' ൮൮
എന്നായ് വിറയൊടേ ചൊന്ന സീതയെസ്സഖിയാമവൾ
കേൾപ്പിച്ചു, മന്ത്രിമാരൊത്തു രാവണൻ ചൊന്നതൊക്കയും:-
"വൈദേഹി, നിന്നെ വിട്ടേയ്ക്കാനാശരേന്ദ്രനൊടമ്മയും
വളരെച്ചൊല്ലി,യുണ്ടായി, മന്ത്രിവൃദ്ധനവിദ്ധനും. ൯൦
'സൽക്കരിച്ചു കൊടുത്തേയ്ക്കു മനുജേന്ദ്രനു സീതയെ;
പോരേ, ഭവാനു ദൃഷ്ടാന്തം ജനസ്ഥാനകൃതാദ്ഭുതം!
പയോധിയെച്ചാടിയതും, ഹനുമാൻ വന്നു കണ്ടതും,
പോരിട്ടു രക്ഷോവധവും ചെയ്തുമിങ്ങെതു മാനുഷൻ?' ൯൨
എന്നൊക്കെയമ്മയും മന്ത്രിവൃദ്ധനും ബഹു ചൊല്കിലും,
ഒപ്പീലവൻ നിന്നെ വിടാൻ, ലുബ്ധൻ സ്വത്തിനെയാംവിധം!
വിട്ടയയ്ക്കില്ലവൻ നിന്നെ,പ്പോരിൽച്ചാകാതെ മൈഥിലി;
ഇതല്ലോ, മന്ത്രിമാരൊത്ത നൃശംസന്റെ നിശ്ചയം. ൯൪
ഇത്തിരുമാനം ചാവാനുള്ളാശയാൽ വന്നുചേൎന്നതാം!
പേടിയാൽ വിടാൻ നോക്കാ,തോലി പററാതെയങ്ങയെ,

Digitized By Kerala Sahitya Akademi

പോരിലാശരരെപ്പേരും താനും കൊല്ലപ്പെടാതവൻ!
എമ്മട്ടിലും രാവണനെക്ക്രൂരമ്പാൽ യുധി കൊന്നുടൻ ൩൬
കൊണ്ടുപോം നിന്നെയാ രാമനയോധ്യയ്ക്കസിതേക്ഷണേ!"
അത്തുനേരത്തു, ഭേരിശംഖൊലി കൂടിക്കലർന്നതായ്
കേൾക്കപ്പെട്ടു, മഹി കുലുക്കീടും കപിബലാരവം.

അക്കീശസൈന്യധ്വനി കേട്ടു, ലങ്കാ-
വാസ്തവ്യരാം രാക്ഷസരാജഭൃത്യർ
ഓജസ്സിടിഞ്ഞാത്തുരചേഷ്ടരായ്പ്പോയ്;
ശ്രേയസ്സു കണ്ടില,രച്ചന്റെ കേടാൽ! ൩൭

—o—

## മുപ്പത്തഞ്ചാം സർഗ്ഗം: മാല്യവദുപദേശം.

—:*:—

ശംഖൊച്ച ചേരുമക്കേരീശബ്ദമോടൊത്തു രാഘവൻ
ചെന്നേല്ക്കയായ്, മഹാബാഹു രാമൻ പരപുരഞ്ജയൻ.
നിനാദമതു കേട്ടിട്ടു രാവണൻ രാക്ഷസാധിപൻ
ചെറുനേരം വിചാരിച്ചു സചിവന്മാരെ നോക്കിനാൻ; ൧
എന്നിട്ട,ങ്ങസ്സചിവരോടെല്ലാമായിട്ടു രാവണൻ
സഭയെല്ലാം മുഴക്കിക്കൊണ്ടേവം നിന്ദിച്ചു ചൊല്ലിനാൻ,
ലോകസന്താപനൻ ക്രൂരൻ മഹാബലനരക്കർകോൻ:-
"രാമന്റെ സൈന്യസന്നാഹ,മാഴി പിന്നിടൽ, വിക്രമം, ൪
ഇതോരോന്നും ഭവാന്മാരാൽ ചൊല്ലപ്പെട്ടതു കേട്ടു ഞാൻ;
രാമന്റെ വിക്രമമറിഞ്ഞ,വ്യാജബലർ നിങ്ങളോ,
മിണ്ടാതെ തമ്മിൽ നോക്കീടുന്നതുമുണ്ടിങ്ങു കാണ്മു ഞാൻ."
പിൽപ്പാടൊരു മഹാപ്രാജ്ഞൻ, മാല്യവാനെന്ന രാക്ഷസൻ
രാവണച്ചൊല്ലു കേട്ടോതി, മാതാമഹസഹോദരൻ:-
"നൃപ, വിദ്യകൾ ശീലിച്ചു നയം പിന്തുടരും നൃപൻ
പെടുന്നാൾ നിത്യമൈശ്വര്യം; കീഴടക്കും രിപുക്കളെ.
കാലേ രിപുക്കളിൽ സന്ധിവിഗ്രഹങ്ങൾ നടത്തുവോൻ ൭

Digitized By Kerala Sahitya Akademi

തൻപക്ഷത്തിനെ വളർത്തിക്കൊണ്ടുമിതൈശ്വര്യമാർന്നിടും:
താഴ്ന്നവൻ സന്ധിചെയ്യേണം, തുല്യനായ നരേന്ദ്രനും;
അഗണിയ്ക്കൊല്ല മാററാനെ; മികച്ചോൻ ചെയ്ക വിഗ്രഹം.
രാമനോടുചിതം സന്ധിയെന്നെൻനിനവു രാവണ; ൧൪
അവന്നേകുക വൈരത്തിന്നിടയാക്കിയ സീതയെ.
ദേവർഷിഗന്ധർവ്വരവന്നാശിപ്പൂ ജയമേവരും;
അവനോടു പിണങ്ങിടൊല്ലവകൽച്ചെയ്ക സന്ധി നീ.
ഇരുപക്ഷത്തിനെയാണല്ലോ, ഭഗവാനാം പിതാമഹൻ ൧൫
സുരാസുരർക്കു സൃഷ്ടിച്ചു; ധർമ്മാധർമ്മം തദാശ്രിതം:
ധർമ്മം, പെരിയ ദേവന്മാർക്കുള്ള പക്ഷമെന്നു കേൾപ്പു നാം;
രാക്ഷസാസുരർതൻ പക്ഷമാണധർമ്മമിഹ രാവണ.
തിന്നു ധർമ്മമധർമ്മത്തെ;-യന്നാത്രേ കൃതമാം യുഗം; ൧൬
അധർമ്മം തിന്നു ധർമ്മത്തെ;-യന്നോ, കലി നടക്കയായ്.
ഭവാനോ, വലുതാം ധർമ്മം മുടിച്ചു, പാരുചുററലിൽ;
പൂണ്ടാനധർമ്മവു;-മതിന്മൂലം പ്രബലർ വൈരികൾ!
അധർമ്മമതു നിൻതെററാൽച്ചീർത്തു നമ്മെ ഗ്രസിയ്ക്കയായ്; ൧൭
വാഴ്ത്തിയ്ക്കുകയുമായ് ദേവപക്ഷം ദേവാനുകൂലമായ്.
വിഷയങ്ങളിലേപ്പെട്ടു,ന്നെല്ലാമേ ചെയ്തുപോന്ന നീ
പെട്ടത്തിയല്ലോ, തീയ്ക്കൊക്കമൃഷിമാർക്കതിസങ്കടം:
ദുർദ്ധർഷമവർതൻ തേജസ്സേ,രിതീയെന്നപോലവേ. ൧൮
തപസ്സാൽബ്ഭാവിതാത്മാക്കൾ,ധർമ്മാനുഗ്രഹതൽപരർ,
അതാതുൽകൃഷ്ടയജ്ഞങ്ങൾ നിത്യം ചെയ്തവരീ ദ്വിജർ,
അഗ്നൌ ശരിയ്ക്കു ഹോമിപ്പോർ, വേദമുച്ചത്തിലോതുവോർ;
ക്രുസാതെയവരോത്തോച്ച മുഴക്കംപോതു രാക്ഷസർ ൨൦
പാഞ്ഞുപോം ദിക്കിലെയ്ക്കെല്ലാം, വേനലിൽക്കാർകൾപോലവേ!
അഗ്ന്യാഭരാമൃഷികൾതന്നഗ്നിഹോത്രജധൂമമോ,
പത്തുദിക്കിങ്കലും തിങ്ങി രക്ഷസ്സേജസ്സെടുത്തിടും!
അതാതു പുണ്യദേശത്തു സുദൃഢവ്രതരാമവർ ൨൧

Digitized By Kerala Sahitya Akademi

ചെയ്യും കടുത്ത തപവും ചൂടരക്കർക്കെന്നയ്യമേ!
ദേവയക്ഷാസുരർക്കല്ലോ വരത്താൽ നീയവധ്യനായ്;
നരർ, വാനരരൃക്ഷങ്ങൾ, ഗോപുച്ഛർ പടയേറിയോർ
എന്നിപ്പലിഷ്ഠരാണോപ്പതി,ഞെത്തിദൃഢവിക്രമർ. ൨൪
ദുർന്നിമിത്തം പലതരം ഘോരമോരോന്ന കാണുകയാൽ,
നാശമായ്‌രാക്ഷസർക്കെല്ലാമെന്നുണ്ട കരുതുന്ന ഞാൻ:
ക്രൂരമാമിടിവെട്ടോടേ ഘോരഭീമങ്ങൾ കാറുകൾ
പാരം പെയ്യുന്നു, ചൂടുള്ള ചോര ലങ്കയിലെങ്ങുമേ.' ൨൬
കേഴ്കയാൽ വാഹനങ്ങൾക്കിററിററു വീഴുന്നു കണ്ണുനീർ;
മുഷിഞ്ഞു മങ്ങി, മുമ്പെട്ടിൽ വിലസാതായ് ധ്വജവൃജം.
ക്രൂരൻ കുറുക്കൻ കഴവും ക്രകുന്നുണ്ടതിഘോരമായ്;
കൂട്ടംകൂട്ടുന്നുമുണ്ടല്ലോ, ലങ്കയുൾപ്പൂക്കനാരതം. ൨൮
സ്വപ്നത്തിൽഗ്‌ഗൃഹവസ്തുക്കൾ കവർന്നുമെതിർചൊല്ലിയും
വെണ്പല്ലുകളാലിളിയ്ക്കുന്നു, മുന്നിൽ നിന്നു പിശാചികൾ.
ഗൃഹങ്ങളിൽബ്ബലിക്കോപ്പു വന്നു തിന്നുന്നു പട്ടികൾ;
പൈ പെറുന്നു കഴുതയെ;-ച്ചേരുന്നു കീരിയോടെലി, ൩൦
പൂച്ചയോ പുലിയൊന്നിച്ചും, പന്നി നായ്ക്കളൊടൊത്തുമേ.
വെളുത്തു കാൽ തുടുത്തുള്ള കാലചോദിതപക്ഷികൾ,
രാക്ഷസർക്കറുതിയ്ക്കുണ്ട സഞ്ചരിപ്പൂ പിറാവുകൾ;
'ചീചീകൂചീ'തി പേശുന്നു പെൺതത്തകൾ ഗൃഹങ്ങളിൽ.
കോർമ്പയായിപ്പറക്കുന്നു തോററിട്ടും പോരടിയ്ക്കുവാൻ;
ആക്രന്ദമുണ്ടക്കനേകെല്ലാപ്പക്ഷിമൃഗങ്ങളും.
രൂക്ഷൻ, കറുത്തു മഞ്ഞച്ചോൻ, മുണ്ഡൻ, വികടഭീഷണൻ,
കാലനാരുടെയും വീട്ടു നോക്കുന്നു രണ്ടുനേരവും. ൩൪
ദുർന്നിമിത്തങ്ങളിവയും നേരിടുന്നുണ്ട വേറെയും;
നിനച്ചുറച്ചുചെയ്യാലും കാര്യം, മേലിൽഗ്ഗുണത്തിനായ്."

ഇതോതി,യാ രാവണനെസ്സുരിയ്ക്ക പാ-
ർത്ത,രക്കർകോൻതൻ കരൾ കണ്ടുവെയ്ക്കയാൽ

Digitized By Kerala Sahitya Akademi

സമൌനനായി സ്ഥിതിചെയ്തു മാല്യവാൻ,
ബലിഷ്ഠന,ഗ്ര്യരിലഗ്ര്യപൌരുഷൻ. ൩൬

—:*:—

## മുപ്പത്താറാം സർഗ്ഗം: ലങ്കാഗുപ്തീകരണം.

—(൦)—

മാല്യവാനിപ്പടി ഹിതം കഥിച്ചതു ദശാനനൻ
പൊറുത്തീലാ ദുരാത്മാവു, കാലത്തിന്നടിപ്പെട്ടവൻ!
കോട്ടാത്തരമ്പു പൊങ്ങിച്ചു കോപത്തിന്നടിപ്പെട്ടവൻ
പൊറായ്കയാൽക്കണ്ണുരുട്ടി മാല്യവാനോടു ചൊല്ലിനാൻ:- ൨
"ശത്രുപക്ഷം പിടിച്ചിങ്ങു ഹിതമാമെന്നുവെച്ചു നീ
അഹിതം പരുഷം പേശുന്നതെൻചെവിയിലേശിടാ!
ഒരു സാധുനരൻ രാമനേകൻ, ശാഖാമൃഗാശ്രയൻ,
അച്ഛൻ വെടിഞ്ഞു കാടാണ്ടോൻ ശക്തനെന്നോർപ്പതെന്തു നീ? ൪
രാക്ഷസന്മാർക്കധീശൻ ഞാൻ, വാനോർക്കു ഭയമേകുവോൻ;
സർവ്വവിക്രമി ഞാൻ പോരാളത്താനെന്നോർപ്പതുമെന്തു നീ?
വീരദ്വേഷത്തിനാലാവാം, വൈരിയിൽക്കൂറുമൂലമോ,
നീയെങ്കൽപ്പരുഷം ചൊന്നതന്യപ്രേരണമൂലമോ! ൬
നിലയ്ക്കിരിയ്ക്കും പ്രഭുവോടേവൻ പരുഷമോതിടും
പണ്ഡിതൻ, ശാസ്ത്രതത്ത്വജ്ഞൻ, വൈരിപ്രേരണയെന്നിയേ?
കൊണ്ടുപോന്നു വനാൽ,ത്തണ്ടാരില്ലാശ്രീയ്ക്കൊത്ത സീതയെ
തിരിച്ചേകുന്നതെന്തിന്നു രാമങ്കൽപ്പേടികൊണ്ടു ഞാൻ? ൮
കപികോടികൾ മൂഴററ രാമനെച്ചിലനാൾക്കകം
സുഗ്രീവലക്ഷ്മണരൊടേ കൊൽവൻ ഞാൻ; കൊണ്ടുകൊൾക നീ!
വാനോരും ദ്വന്ദ്വയുദ്ധത്തിലാർക്കു നേരിട്ടു നിന്നിടാ,
ആ രാവണൻ രണത്തിങ്കലാരിൽനിന്നു ഭയപ്പെടും? ൧൦
രണ്ടായ്പ്പിളർത്തപ്പെട്ടാലു,മാരിലും താഴ്കയില്ല ഞാൻ;
ഇതെൻ സഹജമാം ദോഷം; സ്വഭാവം മാററിടാവതോ?

Digitized By Kerala Sahitya Akademi

ഛിറ കെട്ടി യദ്ദൃഷ്ട്യൎക്കു രാമനാഴിയിലെങ്കിലോ,
ഇതിലെന്താണൊരാശ്ചൎയ്യം, ഭവാനാ ഭയമേല്ക്കുവാൻ? ൧൨
സമുദ്രത്തെക്കടന്നിട്ടാ രാമൻ കപിബലാന്വിതൻ—
നേരായിങ്ങാണയിട്ടവൻ—ജീവനോടേ മടങ്ങിടാ!”
എവം തള്ളിച്ച പൂണ്ടാത്തുമദ്ദശാസ്യന്റെ ശ്രുണ്ഠിയെ
കണ്ടു നാണിച്ചു, മറുവാക്കൊന്നുമോതീല മാല്യവാൻ. ൧൪
തമ്പുരാനെജ്ജയാശിസ്സാൽപ്പുകഴ്ത്തിത്തക്കവണ്ണമേ
വിട വാങ്ങിത്തിരിച്ചാൻ തൻമന്ദിരത്തെയ്ക്കു മാല്യവാൻ.
രാവണൻ സചിവന്മാരോടൊത്താലോചിച്ചുറച്ചുടൻ
ലങ്കയിൽക്കിടയില്ലാത്ത കാവലിട്ടിതു രാക്ഷസൻ: ൧൬
നിൎത്തി കിഴക്കേവാതില്ക്കൽ പ്രഹസ്താഖ്യനിശാടനെ;
തെക്കേതിങ്കൽ മഹാപാൎശ്വമഹോദരസുവീരരെ;
നിൎത്തി പടിഞ്ഞാർവാതില്ക്കലുണ്ണിയാമിന്ദ്രജിത്തിനെ,
ബഹുരാക്ഷസരാൽച്ചുററപ്പെട്ട മായാവിശേഷനെ; ൧൮
നിൎത്തി വടക്കേവാതില്ക്കൽശ്ശുകസാരണസംജ്ഞരെ;
‘ഞാൻതാനമിങ്ങു നില്ക്കാ’മെന്നാ മന്ത്രികളൊടോതിനാൻ.
വൻവീൎയ്യവിക്രമം പൂണ്ട വിരൂപാക്ഷനിശാടനെ
പെരുത്തരക്കരോടൊത്തു നടുപ്പടയിൽ നിൎത്തിനാൻ, ൨൦
ലങ്കയ്ക്കിവ്വണ്ണമേപ്പാടു ചെയ്തിട്ടാശരപുംഗവൻ,
കൃതാൎത്ഥനായി താനെന്നു നണ്ണിനാൻ കാലചോദിതൻ.

പുരത്തിനേപ്പാടരുഠംചെയ്തതിത്തവൻ
പിരിച്ചയച്ചാനഥ മന്ത്രിമാർകളെ;
ജയാശിഷാ മന്ത്രികളാൽസ്സുപൂജിതൻ
വലുപ്പമേറും മണിമച്ചു പൂകിനാൻ. ൨൨

—*—

## മുപ്പത്തേഴാം സൎഗ്ഗം: കപിസൈന്യഗുപ്തിവിധാനം.

—*—

നരവാനരരാജാക്കളെവരാ, വായുജൻ കപി,
ജാംബവാനൃക്ഷരാജാവു, യാതുധാനൻ വിഭീഷണൻ,



Digitized By Kerala Sahitya Akademi

അംഗദൻ ബാലിതനയൻ, സൌമിത്രി, ശരഭൻ കപി
സുഷേണൻ ബാന്ധവോപേതൻ, മൈന്ദൻ, ദ്വിവിദനങ്ങിനെ വ
ഗജൻ, ഗവാക്ഷൻ, കുമുദൻ, നളൻ, പനസനെന്നിവർ
ഒത്തുകൂടി വിചാരിച്ചാർ ശത്രുനാട്ടിലണഞ്ഞവർ:-
'ഇതാ കാണ്മു, ദശഗ്രീവഗുപ്തമാ ലങ്കയാം പുരം,
അസുരോരഗഗന്ധർവ്വദേവകൾക്കും സുദുർജ്ജയം.
കാര്യസാധകമാം തീർപ്പിന്നാലോചന നടത്തുവിൻ;
എപ്പോഴുമുണ്ടാമിങ്ങല്ലോ, രാവണൻ രാക്ഷസാധിപൻ.'
അമ്മട്ടവരുരയ്ക്കുമ്പോളോതിനാൻ രാവണാനുജൻ,
ഗ്രാമ്യവാക്കു പെടാതർത്ഥപൂർത്തിയോടേ വിഭീഷണൻ:— ൬
"അനലൻ, ശരഭൻതാനും, സമ്പാതിപ്രഘസാഖ്യരും,
ലങ്കാപുരേ പോയ്ത്തിരിയേ വന്നാരിങ്ങെൻറ മന്ത്രിമാർ:
എല്ലാവരും പക്ഷികളായുൾപ്പൂക്കരിബലത്തെയും
ചെയ്യപ്പെട്ടുള്ളൊരേർപ്പാടും കണ്ടു പോന്നിടിനാരിവർ. ൮
ദുരാത്മാവാം രാവണൻെറയേർപ്പാടെന്തവർ ചൊല്ലിയോ,
അതെല്ലാം നേർക്കു ഞാനോതുന്നതു കേൾക്കുക രാഘവ:
പ്രഹസ്തൻ സൈന്യവാൻ നില്പു കിഴക്കേക്കോട്ടവാതിലിൽ;
തെക്കേതിൽ വീര്യമേറുന്ന മഹാപാർശ്വ-മഹോദരർ; ൧൦
മേക്കവാതില്ക്കലങ്ങിന്ദ്രജിത്തനേകാശരാവൃതൻ—
വാൾവില്ലുപട്ടസം പൂണ്ടോർ, ശൂലംമുൾത്തടിയേന്തിയോർ,
നാനായുധന്മാർ ശൂരന്മാർ ചുഴന്നോൻ—രാവണാത്മജൻ;
അനേകമായിരംപേർകളായുധം പൂണ്ട രാക്ഷസർ ൧൨
കൂടിച്ചേർന്നുൾച്ചലിപ്പെന്ന്യേ, ബഹുരാക്ഷസർ ചുറവുമായ്,
വടക്കേക്കോട്ടവാതില്ക്കൽ നില്പു താൻതന്നെ രാവണൻ;
നടുപ്പടയിൽ നില്ക്കുന്നു വിരൂപാക്ഷൻ സരാക്ഷസൻ,
ശൂലംവാൾവില്ലു കൈക്കൊണ്ട പെരുംപടയൊടൊപ്പമേ. ൧൪
ഇമ്മട്ടാമിപ്പടകളെ ലങ്കയിൽക്കണ്ടു വിദ്രുതം
തിരിച്ചുവന്നാരിങ്ങെൻറയമാത്യരിവരേവരും.

Digitized By Kerala Sahitya Akademi

ഗജങ്ങളായിരം നില്പു, രഥങ്ങളയുതം പുരേ,
അശ്വങ്ങളോ, രണ്ടയുതമരക്കരൊരു കോടിയും: ൧൫
വിക്രാന്തന്മാർ, കരുത്തന്മാരാ,ഹവങ്ങളിൽ നിഷ്ഠുരർ,
പ്രിയപ്പെട്ടോർ നിശാടേശന്നൊന്നു,മീ രജനീചരർ;
ഇതിലോരോരരക്കന്നും പടവെട്ടാൻ മഹീപതേ,
നില്ക്കുന്നുണ്ടു സമീപത്തു പത്തുലക്ഷമകമ്പടി." ൧൭
മന്ത്രിമാർ ചൊന്നതാം ലങ്കാവാർത്തയേവം കഥിച്ചുടൻ
കാട്ടിനാനാ രാക്ഷസരെ മഹാബാഹു വിഭീഷണൻ;
രാമങ്കലെല്ലാം ചൊല്ലിച്ചാൻ ലങ്കാവൃത്തമമാത്യരാൽ.
താമരക്കണ്ണനാം രാമനോടപ്പുറമിതോതിനാൻ, ൨൦
പ്രിയം രാമന്നു ചെയ്യാനായ് ശ്രീമാൻ രാവണസോദരൻ:—
"രാവണൻ വൈശ്രവണനോടടർ ചെയ്യുന്നു രാഘവ,
ഇരുമുപ്പത്തുലക്ഷംപേർ പോയിരുന്നു നിശാചരർ:
പരാക്രമത്താൽ, വീര്യത്താൽ,ത്തേജസ്സാല,ഹങ്കരത്തിനാൽ, ൨൨
തള്ളലാലും,ദുരാത്മാവാം രാവണന്നൊക്കുവോരവർ.
മുഷിയായ്ക,ങ്ങയെക്കോപിപ്പിപ്പേൻ; ഭീഷണിയല്ല മേ:
വീര്യത്താൽശ്ശക്തനല്ലോ നീ വിണ്ണോരെയുമടക്കുവാൻ!
അതിനാൽക്കപിസൈന്യത്തെയണിനിർത്തീടണം ഭവാൻ, ൨൪
വൻനാലംഗപ്പട പെട്ടും ദശാസ്യനെയരയ്ക്കുവാൻ."
രാവണാനുജനീവണ്ണം ചൊന്നനേരത്തു രാഘവൻ,
ശത്രുക്കളോടു മറുകൈ ചെയ്യാനായേവമോതിനാൻ:-
"ലങ്കാപ്രാഗ്ഗോപുരത്തിങ്കൽ നീലൻ വാനരപുംഗവൻ ൨൫
പ്രഹസ്തനോടെതിർക്കേണം,വളരെക്കീശർ ചുറവുമായ്;
അംഗദൻ ബാലിതനയൻ, വലുതാം പട ചുറവുമായ്
തെൻവാതില്ക്കൽ മഹാപാർശ്വ-മഹോദരരൊടേല്ക്കണം;
ഹനുമാനോ, പടിഞ്ഞാറെവാതിൽ മട്ടിച്ചു മാരുതി ൨൭
കടക്കട്ടെയമേയാത്മാവ,നേകകപിയുക്തനായ്;
ദൈത്യദാനവസംഘത്തെ മഹാമുനിഗണത്തെയും

Digitized By Kerala Sahitya Akademi

ഉപദ്രവിപ്പവൻ, ക്ഷുദ്രൻ, വരദാനബലാന്വിതൻ,
പാരിലെങ്ങും നടക്കുന്ന നാട്ടാക്കൾക്കുപദ്രവം ചെയ്യുന്നവൻ, ൩൦
ആ രാക്ഷസേന്ദ്രനെക്കൊൽവാൻ താൻതന്നെ, തീൎച്ചചെയ്തു ഞാൻ
സൌമിത്രിയോടുമൊന്നിച്ചു വടക്കേതായ ഗോപുരം
മൎദ്ദിച്ചു കേറുവൻ, സൈന്യമൊത്ത രാവണനുള്ളിടം.
ബലവാൻ കപിരാജാവും, വീൎയ്യവാനൃക്ഷരാജനും, ൩൨
രാക്ഷസേന്ദ്രാവരജനും നില്ക്കട്ടേ നടുസേനയിൽ.
മനുഷ്യരൂപം കൈക്കൊൾകായ്കമരികൾ വലീമുഖർ:
നമ്മൾക്കിതാക സങ്കേത,മിപ്പോരിൽക്കപിസേനയിൽ;
അടയാളം കപിതപം താൻ, നിങ്ങൾക്കിസ്സ്വജനങ്ങളിൽ. ൩൪
പൊരുതാം നരമെയ്യോടേ മാററാരോടെങ്ങളേഴ്വർതാൻ
ഞാനു, മോജസ്സുകൂടുന്ന ലക്ഷ്മണൻ മമ തമ്പിയും,
ഈനാലുപേർ ചേൎന്ന വിഭീഷണനാം മമ തോഴനും."
ആ രാമൻ കാൎയ്യസിദ്ധിയ്ക്കായ് വിഭീഷണനൊടിങ്ങിനെ
ചൊല്ലിസ്സുവേലം കയറാനുറച്ചു ബുദ്ധിമാൻ പ്രഭു,
അതിരമ്യം സുവേലാദ്രിയുടെ താഴ്വര കാണുകയാൽ. ൩൬

അനന്തരം, വപ്രപടകൊണ്ടു പാൎത്ത-
ട്ടെല്ലാം മറച്ചുന്നതബുദ്ധി രാമൻ
സഹൎഷമേ ലങ്കയിലെയ്ക്കു ചെന്നാൻ,
ശത്രുക്കളെക്കൊൽവതിനായ് സ്സുധീരൻ. ൩൭

:—:*:—:

## മുപ്പത്തെട്ടാം സൎഗ്ഗം: സുവേലാരോഹണം.

—*—

സുവേലത്തിന്റെ മുകളിൽക്കേറുവാനായുറച്ചുടൻ
ലക്ഷ്മണാന്വിതനാം രാമൻ മദ്ധ്യത്തിലൊരു മേന്മയിൽ
ചൊന്നാൻ സുഗ്രീവനോടേവം, ധൎമ്മമന്ത്രവിധിജ്ഞനും
സുഹൃത്തുമാകിയ വിഭീഷണരാക്ഷസനോടുമേ:- ൧

Digitized By Kerala Sahitya Akademi

"ധാതുക്കൾ വളരെച്ചേർത്തമിസ്സുവേലാചലേന്ദ്രനിൽ
ചെമ്മേ കേറുക നാമെല്ലാ;-മീ രാവവിടെ മേവിടാം;
ആ രക്ഷസ്സിൻ നിലയമാം ലങ്കയും പാർത്തുകണ്ടിടാം.
ദുരാത്മാവാമെവൻ കട്ടു ചാവാനായെൻെറ ഭാര്യയെ, ൮
അറിഞ്ഞിട്ടില്ലെവൻ ധർമ്മം നടപ്പും കുലശുദ്ധിയും,
ആ നിന്ദിതമെവൻ ചെയ്തു നീചരാക്ഷസബുദ്ധിയാൽ,
ആ രക്ഷോധമനിൽ ക്രോധം, പേർ ചൊല്ലുപ്പൊങ്ങിടുന്നു മേ!
ഈ നീചനുടെ കുററത്താലോപ്പു രക്ഷോവധത്തെ ഞാൻ: ൯
ഒരുത്തൻ പാതകം ചെയ്യും, കാലപാശവശത്തിലായ്
ആ നീചനുടെ ദോഷത്താലൊടുങ്ങിടുന്നു വംശവും!"

ഏവം രാവണനെപ്പററിച്ചൊല്ലിക്കൊണ്ടരിശത്തോടേ
ചിത്രസാനുസുവേലത്തിൽ പ്പാപ്പാനായ്ക്കേറി രാഘവൻ. ൰
അവൻെറ പിറകേ ചെന്നാൻ പ്രമാദം വിട്ടു ലക്ഷ്മണൻ,
അമ്പൊത്ത വില്ലു കൈക്കൊണ്ടു, സുമഹാവിക്രമോദ്യതൻ.
തൽപ്പിമ്പേ കേറി സുഗ്രീവൻ, സാമാത്യൻസവിഭീഷണൻ.
ഹനുമാനംഗദൻ, നീലൻ, മൈന്ദൻ, ദ്വിവിദനങ്ങിനെ ൰൧
ഗജൻ, ഗവാക്ഷൻ, ഗവയൻ, ശരഭൻ, ഗന്ധമാദനൻ,
പനസൻ, കുമുദൻ, പിന്നെ ഹരൻ, രംഭാഖ്യയൂഥപൻ,
സുഷേണൻ, ജാംബവാൻ, പിന്നെയൃഷഭൻ ബുദ്ധിമത്തരൻ,
പ്ലവംഗമൻ ശതബലി, തേജസ്സേറിയ ദുർമ്മുഖൻ ൰൨
ഇവരും, മററുവളരെശ്ശീഘ്രഗാമികൾ കീശരും,
കാററിൻെറയുക്കടയവർ മലയിൽസ്സഞ്ചരിപ്പവർ,
കൂട്ടമിട്ടസ്സുവേലാദ്രി കേറീ രാഘവയുക്തരായ്.
അവരിത്തിരിനേരത്താൽ മലമേലേറി, നീളവേ ൰൩
കണ്ടാരതിൻെറ മുടിമേൽ, വാനാണ്ടവിധമാം പുരി:
വൻവാതിലൊത്തു,ഴകൊട്ടും, മതിൽ ചുററി ലസിപ്പതായ്
രാക്ഷസന്മാർ നിറഞ്ഞുള്ളാ ലങ്ക കണ്ടു കപീശ്വരർ
കരിമെയ്യരരക്കന്മാർ മതിൽത്തറയിൽ നില്ക്കയാൽ, ൰൪

Digitized By Kerala Sahitya Akademi

നിർമ്മിതം മറെറാരു മതിൽ കണ്ടാരക്കപിപുംഗവർ!
പോർ തേടും രാക്ഷസന്മാരെക്കണ്ടാ വാനരരേവരും
കൂട്ടീ പലതരം ശബ്ദം, രാഘവൻ കണ്ടുനില്ക്കവേ.
പില്പാട,ന്തിച്ചുകപ്പാണ്ടിട്ടസ്തമിച്ചു ദിവാകരൻ; ൧൭
വന്നെത്തി, വാരമ്പിളിയാലൊളിമിന്നിയ രാത്രിയും.

പ്ലവംഗസേനേശ്വരനായ രാഘവൻ
പ്രമോദസമ്പന്നവിഭീഷണാശ്രിതൻ,
സലക്ഷ്മണൻ, യൂഥപയൂഥസംവൃതൻ
തദാ സുവേലോപരി മേവിനാൻ സുഖം. ൧൮

—*—

## മുപ്പത്തൊമ്പതാം സർഗ്ഗം: ലങ്കാവിലോകനം.

—(*)—

അ രാവിലസ്സുവേലത്തിൽപ്പാർത്ത വാനരപുംഗവർ
കണ്ടു ലങ്കയിൽ വീരന്മാർ പൂംകാവുകൾ വനങ്ങളും:
നിരപ്പിൽ,സ്സൌമ്യരമ്യങ്ങൾ, പരപ്പുള്ളവ, നീണ്ടവ,
കൺ കക്കുന്നവ കണ്ടിട്ടു വിസ്മയം തേടിനാരവർ. ൨
അശോകം, ചമ്പകം, പുന്ന, പായൻ, പന നിറഞ്ഞതായ്,
പുലാവു പച്ചിലമരം നാഗച്ചാർത്തും ചുഴന്നതായ്,
കടമ്പു, ചിററീന്തൽ, മരുതേ,ഴിലപ്പാല പൂത്തതും,
മൈലെള്ളു, പൂപ്പാതിരിയും, ചുററും കൊങ്ങമരങ്ങളും, ൪
പൂത്തു വള്ളി പടർന്നുള്ള നാനാദിവ്യദ്രുമങ്ങളും
ചേർന്നതായ് വിലസീ ലങ്ക,യമരാവതി പോലവേ,
പച്ചച്ച പുല്പരപ്പോടും, ചിത്രാരണ്യനിരപ്പൊടും,
കോമളച്ചെന്തളിരൊടും, ചിത്രപുഷ്പഗണത്തൊടും. ൬
സുമണം പൂണ്ടു രമ്യങ്ങളായ പൂവുകൾ കായ്കളും
വഹിച്ചിരുന്നു വൃക്ഷങ്ങൾ, പണ്ടങ്ങൾ നരർ പോലവേ.
ചാരു ചൈത്രരഥം പോലാമാ വനം നന്ദനോപമം
സർവ്വർത്തുസഹിതം രമ്യം വിലസീ വണ്ടിനത്തൊടും. ൭

Digitized By Kerala Sahitya Akademi

നത്തും, കളക്കോഴികളും, നൃത്തം വെയ്ക്കുന്ന കേകിയും,
കയിലും കൂകുവതവർ കേട്ടാരക്കാട്ടുചോലയിൽ.
സദാ പക്ഷികൾ മത്താണ്ടും, രാജഭൃംഗങ്ങൾ പാടിയും,
കയിൽ തിങ്ങും മരക്കൂട്ടമൊത്തും, പക്ഷികൾ കൂകിയും ൧൫
വണ്ടു നീളെപ്പറന്നും, നൽക്കരരധ്വനി പൊങ്ങിയും,
കരിംകുരികിൽ ശബ്ദിച്ചും, വെള്ളിപ്പക്ഷികൾ കൂകിയും
ലസിച്ചിരുന്നാപ്പൂങ്കാവും വനവും ചെന്നുപൂകിനാർ
ഹൃഷ്ടരായ് തുഷ്ടരായ് വീരർ കാമരൂപികൾ വാനരർ. ൧൬
പൂകുമോജസ്സികളവൎക്കാഹിതമ്ലാനസൌഖ്യമായ്
വീശീ കാററങ്ങു,ലർച്ചാത്തിലുതമ്മിത്തുമണമൊത്തൊടേ.
ചില യൂഥപരാ വീരകപിയൂഥത്തിൽനിന്നുടൻ
സുഗ്രീവാനുജ്ഞയാ പോയാർ, കൊടി തൂക്കിയ ലങ്കയിൽ. ൧൭
പതറിപ്പോയ് പറവകൾ; നടുങ്ങീ മൃഗദന്തികൾ;
ഞെട്ടിപ്പോയ് ലങ്ക,യാക്കന്നാക്കൎണ്യരാമവരാക്കയാൽ!
ഊക്കേറുമവർതൻ കാൽവെപ്പമത്തീ പാത്തടത്തിനെ;
മേല്പോട്ടുയർന്നു, പെട്ടെന്നു കാൽ വെച്ചുണ്ടായ ധൂളിയും. ൧൮
സിംഹം, പോത്താ,ൾക്കരങ്ങനാരാ,നപന്നിമൃഗങ്ങളും
പേടിച്ചരണ്ടശ്ശബ്ദത്താലോടിനാർ പത്തുദിക്കിനും.
ത്രികൂടശൃംഗമൊന്നങ്ങു,വാനും തൊട്ടുവതു,ന്നതം,
പൂക്കളാൽ നീളെ മൂടപ്പെട്ടുള്ളൊന്നു, കനകോപമം, ൧൯
നൂറുയോജനവിസ്തീൎണ്ണം, നിൎമ്മലം, രമ്യദൎശനം,
ശ്ലക്ഷ്ണം, മഹത്തു, സശ്രീകം, പക്ഷികൾക്കും ദുരാസദം,
കേറാവല്ലാത്തതുള്ളാലും, കൎമ്മത്താൽ മൎത്ത്യനെന്തിനി?
അശ്ശൃംഗത്തിങ്കൽ നില്ക്കുന്നു ലങ്ക, രാവണപാലിതം, ൨൦
നൂർയോജന പരന്നും മുപ്പതുയോജന നീണ്ടുമായ്:
ഉയൎന്ന വെഞ്ചൊറുകളോടെതിരാം ഗോപുരങ്ങളും
പൊൻവെള്ളിമതിലും ചേൎന്നു വിളങ്ങീടുന്നിതപ്പുരി;
ലങ്ക, മേടവിമാനങ്ങളാലേമേററമണിഞ്ഞതാം, ൨൧

Digitized By Kerala Sahitya Akademi

വാനം വർഷാഗമത്തിങ്കൽക്കാർകളാലെന്നപോലവേ.
പ്രാസാദമൊന്നിങ്ങതല്ലോ, തൂണായിരമണിഞ്ഞതായ്,
വാനതമ്മുംവിധം കാണ്മൂ കൈലാസമുടി പോലവേ;
രാക്ഷസേന്ദ്രന്റെ, യജ്ഞഗേഹം, പുരിയ്ക്കൊരു വിഭൂഷതാൻ! ൨൪
പെരുത്തരക്കർ തെയ്യാറായ്ക്കാവലുണ്ടിതിനെപ്പൊഴും.
ചേലാന്നു, കാടിനാ ചേന്നു പൂന്തോട്ടങ്ങളണിഞ്ഞതായ്,
നാനാധാതുവിചിത്രങ്ങൾ പവ്വതങ്ങൾ ചുഴന്നതായ്,
നാനാപക്ഷികൾ ശബ്ദിച്ചു, നാനാമൃഗസമേതമായ്, ൨൫
നാനാവനാച്ഛാദിതമായ്, നാനാരാക്ഷസർ വാഴ്വതായ്,
സമ്പത്സമൃദ്ധമായുള്ളാ രാവണന്റെ മഹാപുരം
കണ്ടു സവാനരൻ രാമൻ, ലക്ഷ്മീവാൻ ലക്ഷ്മണാഗ്രജൻ.
വൻവീടുകൾ നിറഞ്ഞുള്ളാ നഗരം നാകസന്നിഭം ൨൬
കണ്ടിട്ടു വിസ്മയപ്പെട്ടു വീര്യവാൻ ലക്ഷ്മണാഗ്രജൻ.

രത്നം നിറഞ്ഞു,റിയ കാവലുള്ളാ-
പ്പുരം, മഹായന്ത്രകവാടമുഖ്യം
കണ്ടു മഹാസേനയുമൊത്ത രാമൻ,
നിരന്ന വന്മേടകളാൽ മനോജ്ഞം. ൨൭

— :*:—

## നാല്പതാം സർഗ്ഗം: സുഗ്രീവരാവണയുദ്ധം.

—:*:—

രാമനന്നു സുവേലാഗ്രമിരുയോജനവിസ്തൃതം
കേറി സുഗ്രീവനൊന്നിച്ചു, ഹരിയൂഥപർ ചുററുമായ്.
ചെററിടയ്ക്കങ്ങുതാൻ നിന്നു ദിക്കെല്ലാം നോക്കിട്ടംവിധൌ
കണ്ടാനോ,മൽത്രികൂടാഗ്രേ വിശ്വകർമ്മാവു തീർത്തതായ്, ൨
രമ്യകാനനയായ്, ച്ചേലിൽ നില്പതാകിയ ലങ്കയെ.
അങ്ങു ഗോപുരശൃംഗത്തിൽദ്ദുരാസദനരക്കർകോൻ,
വെൺചാമരങ്ങൾ വീശിപ്പോൻ, വെററിക്കുട വിളങ്ങിയോൻ,
ചെഞ്ചന്ദനം പൂശിയവൻ, രത്നക്കോപ്പുകൾ ചാർത്തിയോൻ, ൪

Digitized By Kerala Sahitya Akademi

കാർമേഘത്തിന്നു സദൃശൻ, പൊന്നാണിപ്പട്ടുടുത്തവൻ,
മാറത്തൈരാവതക്കൊമ്പാൽ മുറിഞ്ഞൊരു വടുക്കെട്ടിയോൻ,
മുയൽച്ചോരച്ചുകപ്പുള്ള ചന്ദനം പൂശിയോനവൻ,
ആകാശത്തന്തിവെയിലേററ കാർമുകിൽച്ചാർത്തിനൊത്തവൻ ൬
ഇരുന്നിരുന്നതീക്ഷിച്ചോരാ സുഗ്രീവനഞ്ജസാ,
കപീന്ദ്രനാർ കണ്ടുനിൽക്കേ, രാമനും കണ്ടുനിൽക്കവേ,
വല്ലാത്തൊരരിശം മൂണ്ടു നെഞ്ഞുറപ്പാൽക്കരുത്തിനാൽ
കുന്നിന്മേൽ നിന്നെഴുന്നേററു ഗോപുരത്തെപ്പുക്ക ചാടിനാൻ; ൮
നിന്നൊട്ടുനേരമവനെപ്പാർത്തിട്ടൾപ്പേടിയെന്നിയേ
പുല്ലായ്ഗ്ഗണിച്ചു രക്ഷസ്സോടുരത്തോതീടിനാനവൻ:-
'ലോകേശനാം രാമനു ഞാൻ സഖാവാം ദാസനാശരം;
നിനക്കേകാ വിടുതി ഞാനിന്നു, രാജേന്ദ്രതേജസാ! ൧൦
എന്നുരച്ചു കുതിച്ചാശു ചാടിക്കൊണ്ടാനവന്റെ മേൽ;
നൽക്കിരീടം വലിച്ചൂരി വീഴിച്ചു, ഭുവി ചാടിനാൻ.
വീണ്ടും നേർക്കെത്തുമവനെക്കണ്ടു ചൊല്ലീ നിശാചരൻ:-
'വിഗ്രീവനായ്പ്പോം, ഞാൻ കാണാത്തപ്പോൾസ്സുഗ്രീവനായ നീ!'
എന്നായെഴുന്നേററവനെത്തള്ളിയിട്ടാൻ നിലത്തുടൻ;
പന്തു പോലേററവനെയും തള്ളിയിട്ടാൻ വലീമുഖൻ.

പരസ്പരം വേർപ്പുടലിൽപ്പൊടിഞ്ഞും,
പരസ്പരം മെയ്യിൽ നിണം പുരണ്ടും,
പരസ്പരം പൂണ്ടിളകാതെയാക്കി,-
പ്പരസ്പരം പൂള-ചിലാശു പോലെയായ്, ൧൪
ഉള്ളംകരം മുഷ്ടിയരത്നിപാണി-
യിവററിനാലേ പ്രഹരങ്ങൾ കൂട്ടി,
പൊറാവതല്ലാപ്പടി പോരടിച്ചാർ,
കരുത്തരാ വാനരരാക്ഷസേന്ദ്രർ: ൧൫
വല്ലാത്തൊരുക്കോടു പരം നിയുദ്ധ-
മാടിച്ചിരം ഗോപുരവേദിമധ്യ



Digitized By Kerala Sahitya Akademi

പൊങ്ങിച്ചെറിഞ്ഞങ്ങിനെ മൈ കുനിച്ചു
കാൽ ഗോപുരത്തിണ്ണയിലൂന്നിനിന്നാർ; ൧൫
പൊത്തിപ്പിടിച്ചാർ; മതിൽവക്കിടങ്ങ-
മധ്യത്തിലായ്ക്കെട്ടിമറിഞ്ഞുവീണാർ;
പാർ തൊട്ടിടാതങ്ങെഴുന്നേററുകൊണ്ടാർ;
നിന്നൊട്ടുനേരം നെടുവീർപ്പു വിട്ടാർ; ൧൬
യുദ്ധത്തിലാഞ്ഞേററു പിടിച്ചു ബാഹു-
പാശങ്ങളാൽക്കെട്ടിവരിഞ്ഞുകൊണ്ടാർ;
അഭ്യാസവും വാശി കരുത്തുമുള്ളോർ
പടയ്ക്കു പററുന്നടവിൽച്ചരിച്ചാർ, ൧൭
വ്യാഘ്രേശരെപ്പോലൊരു തള്ളലാന്നും,
വമ്പിച്ചു കൊച്ചാനകൾ പോലിടഞ്ഞും;
മാറോടു മാറങ്ങിനെ ചേർത്തമർത്തി-
ട്ടൊന്നിച്ചുവീണാരവർ മന്നിടത്തിൽ; ൧൮
തമ്മിൽപ്പരം പൊക്കി വലിച്ചെറിഞ്ഞാർ,
പലേതരം പോരടവും മുതിർത്താർ;
ഉഴിച്ചിലഭ്യാസമിടുക്കിണങ്ങു-
മാ വീരർ ചിക്കെന്നു തളർന്നതില്ലാ; ൨൦
ആനത്തള്ളക്കററി തൊഴുന്ന വങ്കെ-
കളാൽത്തടുത്താരിഭരാജതുല്യർ;
പെരുത്തുനേരം പടവെട്ടലോടെ
വട്ടംതിരിഞ്ഞാശു നടന്നുകൊണ്ടാർ. ൨൧
അന്യോന്യമേററുത്തിട്ടു തമ്മിൽക്കൊൽവാൻ തുനിഞ്ഞവർ
തീററിയ്ക്കായ്പ്പുച്ചകൾ കണക്കുന്നിനിന്നാരിടയ്ക്കിടെ. ൨൨
പല വട്ടംതിരിയലും, പലമാതിരി നില്ക്കലും,
പല ഗോമൂത്രഗതികൾ, വെല്ലലും, പിന്തിരിയ്ക്കലും,
വിലങ്ങായുള്ള ഗതികൾ, വളഞ്ഞിട്ടുള്ള പോക്കുകൾ,
തല്ലുകൊള്ളാതൊഴിയലും, തടയും, പുററുമോടലും, ൨൪

Digitized By Kerala Sahitya Akademi

നേർക്കോട്ടം, തവളച്ചാട്ടം, തല്ലിക്കൂസാതെ നില്ക്കലും,
തിരിയ്ക്കൽ,വശം മാറൽ, താന്നോട്ടം, ചൂളിയോട്ടവും
കൈനീട്ടൽ, കൈകൾ പിന്മാററലിതെല്ലാം യുധി തങ്ങളിൽ
പ്രയോഗിച്ചാർ, പയറെറാക്കമക്കപീശചരരാവണർ. ൧൮
അതിന്നിടയ്ക്കു രക്ഷസ്സോ, തൻെറ മായാബലത്തിനെ
തുടങ്ങവാനൊരുമ്പെട്ടാന;-തറിഞ്ഞു കപീശചരൻ
ചാടിനാൻ വാനിടത്തെയ്ക്കു, ജിതകാശി ജിതക്ലമൻ;
ഹരീശനാൽ വഞ്ചിതനായങ്ങുതാൻ നിന്നു രാവണൻ. ൧൯
ഹരിവരപതി പോരിൽത്തത്ര വിഖ്യാതി നേടി,-
പ്പടയിൽ നിശിചരാധീശന്നു വാട്ടം വരുത്തി,
സുവിപുലഗഗനം പിന്നിട്ടു; സൂര്യാത്മജാതൻ
ഹരിവരനടുവിൽത്താൻ രാമപാശ്ചത്തിലെത്തി.
ഇതുവിധമവനങ്ങക്കൃത്യമൊപ്പിച്ചു, കാററിൻ-
ഗതിയൊടു പട പുക്കാനാംകളിത്തക്കപുത്രൻ;
രഘുവരനൃപപുത്രനാജിഹർഷം വളർത്താൻ,
പെരിയ കപികളാലേ പൂജ്യമാനൻ ഹരീന്ദ്രൻ. ൨൦

---

നാല്പത്തൊന്നാം സർഗ്ഗം: അംഗദദൂത്.

—(൦)—

അവങ്കലടയാളങ്ങൾ കണ്ടു ലക്ഷ്മണപൂർവ്വജൻ
സുഗ്രീവനെപ്പുണർന്നിട്ടൊന്നരുളിച്ചെയ്തു രാഘവൻ:-
"എന്നോടു കൂടിയാലോചിയ്ക്കാതീച്ചെയ്തുതു സാഹസം;
സാഹസത്തൊഴിലീവണ്ണം ചെയ്യുമാറില്ല മന്നവർ. ൧
ചെയ്തല്ലോ വീര, സൈന്യത്തെ വിഭീഷണനെ,യെന്നെയും
സംശയേ നിർത്തി,യിത്തീവ്ര സാഹസം സാഹസപ്രിയ!
ഇനിച്ചെയ്യരുതേ വീര, നിരൂപിയ്ക്കാതെയീവിധം:
ഭേദം വല്ലതും വന്നാൽ, സ്സീതയാൽക്കാര്യമെന്തു മേ, ൨

Digitized By Kerala Sahitya Akademi

മഹാബാഹോ, ഭരതനാൽ,ത്തമ്പി ലക്ഷ്മണനാലുമേ,
ശത്രുഘ്നനാലും ശത്രുഘ്ന, വീണ്ടുമെന്മെയ്യിനാലുമേ?
നീ വന്നെത്താഞ്ഞയാൽ മുമ്പു തീൎപ്പു ചെയ്തേൻ മഹാബല,
നിൻവീൎയ്യത്തെയറിഞ്ഞിട്ടും മഹേന്ദ്രവരുണോപമ: ൬
ദശാസ്യനെ രണേ കൊന്നു പുത്രയാനബലാഢ്യനെ,
വിഭീഷണന്നു പട്ടാഭിഷേകവും ചെയ്തു ലങ്കയിൽ,
രാജ്യം ഭരതനിൽച്ചേൎത്തു; പോക്കുവൻ ദേഹമെന്നു ഞാൻ.”

എന്നോതുമാ രാമനോടു സുഗ്രീവൻ ചൊല്ലിയുത്തരം:- ൮
‘നിൻഭാൎയ്യയെക്കട്ടവനാമാ രാവണനെ രാഘവ,
കണ്ടാൽപ്പൊറുക്കുമോ വീര, തൻപൌരുഷമറിഞ്ഞ ഞാൻ?’
എന്നോതും വീരനെപ്പുകഴ്ത്തു കൊണ്ടാടി രഘുനന്ദനൻ
അരുൾചെയ്തീടിനാൻ ലക്ഷ്മിയേറും ലക്ഷ്മണനോടിദം:- ൧൦
‘തണ്ണീരും കായക്കാടുമുള്ളേടം നോക്കി ലക്ഷ്മണ,
ഇസ്സൈന്യൌഘത്തെ വിഭജിച്ചണിനിൎത്തി വസിയ്ക്ക നാം.
അടുത്തുവെന്നു കാണുന്നേൻ പാരൊട്ടുക്കും കൊടുംഭയം,
മഹാവീരപ്ലവംഗൎക്ഷയാതുധാനവിനാശനം: ൧൨
പരുത്ത കാററടിയ്ക്കുന്നു; കുലുങ്ങീടുന്നു മേദിനി;
വിറപ്പൂ പൎവ്വതാഗ്രങ്ങൾ; വിഴുന്നുണ്ടു മരങ്ങളും.
ക്രവ്യാദമട്ടൊത്ത കടുംമേഘങ്ങൾ, കടുനാദികൾ
ഘോരത്തുള്ളികളും മററും പെയ്വു ഘോരങ്ങൾ ഘോരമായ്. ൧൪
ചെഞ്ചന്ദനനിറം പൂണ്ട സന്ധ്യ പാരം ഭയങ്കരം;
തീക്കട്ടയുണ്ടു വീഴുന്നു കത്തും സൂൎയ്യങ്കൽനിന്നിതാ!
വലഞ്ഞാൎത്തു ഖഗമൃഗപക്ഷികൾ നീളവേ
സൂൎയ്യൻെറ നേൎക്കണ്ടാകുന്നു, വഴിപ്പടിയുളവാംവിധം. ൧൬
ചന്ദ്രനോ, ചൂടു നല്കുന്നു നിശയിങ്കൽ വിവൎണ്ണനായ്!
ഉദിപ്പൂ പ്രളയത്തിൽപ്പോല,ററത്തസിതരക്തമായ്,
ഹ്രസ്വം, രൂക്ഷം, തുടപ്പേറുമപൂൎവ്വപരിവേഷവും.
തെളിഞ്ഞ സൂൎയ്യനിൽക്കാണ്മൂ കറുത്ത മറു ലക്ഷ്മണ; ൧൮

Digitized By Kerala Sahitya Akademi

കനത്ത പൊടിയാൽക്കാന്തി കെട്ട നക്ഷത്രപംക്തിയും,
കാണ്ക, ലോകവിനാശത്തെയെല്ലാം ചൊല്ലുന്നു ലക്ഷ്മണ!
പൊക്കം വിട്ടു പറക്കുന്നു കഴു-കാക-പരുന്തുകൾ;
ഓരി കൊൾവൂ കുറുക്കന്മാരതിഘോരമമംഗളം. ൨൦
രക്ഷോവാനരർ ചാട്ടുന്ന ശൂലവാൾപർവ്വതങ്ങളാൽ
മൂടി, മാംസനിണച്ചേറു ചേർന്നതായ്പ്പോം മഹീതലം!
ഇപ്പൊഴേ, രാവണൻ കാത്ത ദുർദ്ധർഷപുരിയിൽ ദ്രുതം
ചെന്നുകേറിടുക്കൊടേ, ചുററും കീശർ ചുഴന്നു നാം." ൨൨
എന്നു ലക്ഷ്മണനോടോതി, വീരനാം ലക്ഷ്മണാഗ്രജൻ
ചിക്കെന്നപ്പർവ്വതത്തിന്മേൽനിന്നിറങ്ങി മഹാബലൻ.
അക്കുന്നിന്മേൽനിന്നിറങ്ങി ധർമ്മാത്മാവായ രാഘവൻ
പാർത്താൻ, പരക്കെ ദുർദ്ധർഷതരമാം നിജസേനയെ. ൨൪
പെരുംകപീന്ദ്രസൈന്യത്തെയൊരുങ്ങിച്ചു നടത്തിനാൻ,
കാലേ പടയ്ക്കായ്ക്കാലജ്ഞൻ രാമൻ സുഗ്രീവസംയുതൻ.
കാലേ മഹത്താം പടയാൽച്ചുററപ്പെട്ടു മഹാഭുജൻ
മുമ്പേ നടന്നാൻ വില്ലേന്തി, ലങ്കാപുരിയിലെയ്ക്കവൻ. ൨൬
വിഭീഷണൻ സസുഗ്രീവൻ, ഹനുമാൻ, ജാംബവാൻ, നളൻ,
ലക്ഷ്മണൻ, നീലനൃക്ഷേശൻ, പിമ്പേ ചെന്നാരവന്നിവർ.
അതിൻ പിമ്പേ വലുതാമൃക്ഷവാനരസേനയും
വലുതാം മന്നിടം മൂടിപ്പിന്തുടർന്നിതു രാമനെ. ൨൮
കുന്നിൻമുടികളും നൂറു നൂറു കൂററൻമരങ്ങളും
കൈക്കൊണ്ടിരുന്നു മാററാരെത്തടുപ്പാൻ കപികുഞ്ജരർ.
കുറച്ചുസമയംകൊണ്ടാ രാമലക്ഷ്മണർ സോദരർ
രാവണൻെറ പുരം ലങ്ക ചെന്നണഞ്ഞൊരരിന്ദമർ. ൩൦
രമ്യം കൊടിക്കൂറ നിരന്നുദ്യാനവനശോഭിതം,
കമാനം മതിലും പൊങ്ങിച്ചിത്രവപ്രം, ദുരാസദം,
വാനവർക്കും ദുരാധർഷമതു,ത്തരവു പോലവേ
വളഞ്ഞിതാത്തു നിലക്കൊണ്ടു രാമചോദിതർ വാനരർ. ൩൨

Digitized By Kerala Sahitya Akademi

ഗിരിശൃംഗാഭമുത്തുംഗമാ ലങ്കോത്തരഗോപുരം
വളഞ്ഞാൻ, കാത്തരുളിനാൻ, രാമൻ, കോദണ്ഡി, സാനുജൻ;
രാവണൻ കാത്തിടും ലങ്കാപുരിയ്ക്കരികിൽ മേവിനാൻ
ലക്ഷ്മണാനുചരൻ, വീരൻ, രാമൻ, ദശരഥാത്മജൻ ൩൪
വടക്കേഗ്ഗോപുരം പുക്ക, രാവണൻ മരുവുന്നിടം:
ആ വാതിൽ കാപ്പാനാളാവില്ലല്ലോ, രാമനൊഴിഞ്ഞൊരാൾ,
രാവണാധിഷ്ഠിതം ഘോരം; പാശിയാലാഴി പോലവേ,
സശസ്ത്രഘോരാശരരാലെങ്ങുമേ പരിരക്ഷിതം, ൩൫
പാതാളം ദൈത്യരാൽപ്പോലേ, ദുർബ്ബലർക്കു ഭയാവഹം!
കണ്ടാനങ്ങു, ഭടന്മാർതൻ ശസ്ത്രങ്ങൾ കവചങ്ങളും.
വെച്ചിരുന്നത,നേകങ്ങൾ പലമട്ടിലുമുള്ളവ.
നീലൻ, കപിബലാധ്യക്ഷൻ മൈന്ദദ്വിവിദരോടുമേ ൩൬
കിഴക്കേക്കോട്ടവാതില്ക്കൽച്ചെന്നു നിന്നിതു വീര്യവാൻ.
തെക്കേവാതിൽ പിടിച്ചാനങ്ങംഗദൻ തുംഗദോർബ്ബലൻ,
ഗജൻഗവാക്ഷൻഗവയൻശരഭന്മാരൊടൊപ്പമേ.
പടിഞ്ഞാറേ വാതിൽ കാത്താൻ കരുത്തൻ ഹനുമാൻ കപി,
പ്രമാഥി-പ്രഘസന്മാരും മററുവീരരുമൊത്തവൻ.
താൻതാൻ നിന്നു നടുപടക്കൂട്ടിൽക്കപികലേശ്വരൻ,
വായുതാർക്ഷ്യോപമഹരിശ്രേഷ്ഠരോടൊക്കെയൊപ്പമേ.
ഖ്യാതയൂഥപരാം മുപ്പത്താറുകോടി പ്ലവംഗമർ ൪൩
ചൂഴന്നൊത്തു നിലക്കൊണ്ടു സുഗ്രീവകപിസന്നിധൌ.
രാമന്റെ ശാസനത്താലേ ലക്ഷ്മണൻ സവിഭീഷണൻ
നിർത്തീ വാതില്ക്കൽ, വാതില്ക്കൽക്കോടികോടി പ്ലവംഗരെ.
രാഘവന്നു പടിഞ്ഞാറായ്ച്ചാരേ ബഹുബലാന്വിതൻ ൪൪
നിന്നാൻ നടുപടക്കൂട്ടിൽസ്സുഷേണൻ ജാംബവാനൊടും.
ആ വലീമുഖശാർദ്ദൂലർ, ശാർദ്ദൂലക്കൊത്തു ദംഷ്ട്രികൾ
വൃക്ഷശൈലത്തലപ്പേന്തി നിന്നാർ പോരിന്നു ഹൃഷ്ടരായ്
ഏവരും വാലുപൊങ്ങിച്ചോർ, നഖദംഷ്ട്രായുധരേവരും, ൪൫

Digitized By Kerala Sahitya Akademi

ഏവരും ചിത്രവികൃതഗാത്രന്മാർ, വികൃതാനനർ;
പത്താനക്കൊല്ലർ ചിലർ, പത്തിരട്ടിയുടയോർ ചിലർ;
ചിലരായിരമാനയ്ക്കു നേരാം വിക്രമമുള്ളവർ.
ചിലരോഘബലം പൂണ്ടോർ; ശൂർമടങ്ങുടയോർ ചിലർ; ൪൯
അമേയബലരാണ,ങ്ങു വേറേ ചില ഹരീശ്വരർ.
അങ്ങാ പ്ലവംഗസൈന്യങ്ങളുടെ മൊത്തൊരുമിയ്ക്കലോ,
ഇയ്യാമ്പാററകൾതൻ പൊങ്ങൽ പോലദ്ഭുതവിചിത്രമായ്!
മറയപ്പെട്ടുപോയൂഴി, നിറയപ്പെട്ടിതംബരം, ൫൦
ലങ്കയ്ക്കരികിൽനിന്നാരാൽ, വന്നൊത്തും കീശരാലുമേ!
വെരുവ്വേറേ നൂറുലക്ഷംപേരൃക്ഷന്മാരും പ്ലവംഗരും
ലങ്കാദ്വാരങ്ങളിൽ ചെന്നേറി, ശിഷ്ടർ ചുററും രണത്തിനും.
ചുററപ്പെട്ടു മലയത,ക്കീശരാലൊക്കെ നീളവേ; ൫൨
സഹസ്രമയുതംപേരും വളഞ്ഞാരപ്പുരത്തിനെ.
മരങ്ങൾ കൈക്കൊണ്ടു മഹാബലർ വാനരർ ചുററുമേ
ചൂഴന്നാ ലങ്ക, കാററിന്നും കടപ്പാൻ പണിയുള്ളതായ്!
വിസ്മയപ്പെട്ടു,പെട്ടെന്നു വലയപ്പെട്ടു രാക്ഷസർ, ൫൪
ശക്രനേർവിക്രമം പൂണ്ട കാറിന്നൊക്കും പ്ലവംഗരാൽ.
വമ്പിച്ചൊരൊച്ചയങ്ങുണ്ടായ് പട നേരിട്ടു കേറവേ,
കവിഞ്ഞെത്തും കടല്ക്കുണ്ടാം കോളിരമ്പം കണക്കിനെ.
ആ വമ്പിച്ച രവത്താലേ ലങ്കയെല്ലാം വിറച്ചുപോയ്, ൫൬
കമാനം, മതിൽ, വങ്കാട്ടു, കാട്ടു മാടിവയോടുമേ!
രാമലക്ഷ്മണർ പാലിച്ചതാമസ്സുഗ്രീവസൈന്യമോ,
തീരെദ്ദുർദ്ധർഷമായ്ത്തീർന്നു സേന്ദ്രദേവാസുരക്കുമേ!

രാഘവൻ നിജസൈന്യത്തെ നിർത്തി, രക്ഷോവധത്തിനായ്
പിന്നെ വേണ്ടതു സാധിപ്പാൻ, ക്രമയോഗാർത്ഥപണ്ഡിതൻ,
മന്ത്രിസംയുതനായ് വീണ്ടും വീണ്ടും ചിന്തിച്ചുറച്ചുടൻ,
വിഭീഷണാനുമതനായ് ക്ഷത്രധർമ്മത്തെയോക്കയാൽ,
അബ്ബാലിപുത്രാംഗദനെ വിളിച്ചിങ്ങിനെ ചൊല്ലിനാൻ:- ൬൦

Digitized By Kerala Sahitya Akademi

"സൌമ്യ, ചെന്നാശു കെൻവാക്കായ് ദ്ദശാസ്യനോടു വാനര,
ചാടി ലങ്കാപുരം പുക്കു, പേടിയാതാ,ടൽ വിട്ടു നീ:
'ശ്രീ വിട്ടൈശ്വൎയ്യമറ്റോനേ, ചാകാൻപോകും വിചേതന,
ദേവൎഷിഗന്ധൎവ്വരെയുമപ്സരസ്ത്രീജനത്തെയും ൰൨
നാഗയക്ഷരെയും ഭൂപന്മാരെയും നീ നിശാചര,
ദ്രോഹിച്ചുവല്ലോ മൌഢ്യത്താൽത്തള്ളലുൾക്കൊണ്ടു രാക്ഷസ;
ബ്രഹ്മാവിൻ വരദാനത്താലുള്ളാ,ഗ്ഗൎവ്വിന്നു തീൎന്നുപോയ്!
നിന്നെശ്ശിക്ഷിയ്ക്കുവോനാം ഞാൻ, ഭാൎയ്യാഹരണകൎശിതൻ: ൰൪
ശിക്ഷചെയ്യുന്നതിന്നല്ലോ, ലങ്കാദ്വാരത്തു നില്പതും.
ഞാൻ കൊന്നു നീ, സുരന്മാൎക്കൃഷിമുഖ്യൎക്കുമാശര,
രാജൎഷിമാൎക്കുമെപ്പേൎക്കുമൊത്ത മാൎഗ്ഗമണഞ്ഞിടും!
മായയാലെന്നെയകലത്താക്കി യാതൊന്നിനാലെ യാ ൰൬
കട്ടു സീതയെ നീ, കാട്ടുകപ്പവാ കൎമ്മ രാധമ!
കൂൎത്ത ബാണഗണത്താലിപ്പാരരാക്ഷസമാക്കുവാൻ,
സീതയെത്തന്നു നീയെന്നെശ്ശരണം പൂകിടായ്കിൽ ഞാൻ!
വന്നുചേൎന്നു നിശാചരേന്ദ്രൻ ധൎമ്മാത്മാവീ വിഭീഷണൻ; ൰൮
തീൎച്ചയായ് നേടുമീ ശ്രീമാൻ ലങ്കൈശ്വൎയ്യമകണ്ടകം.
രാജ്യം ഭുജിച്ചുകൂടല്ലോ ക്ഷണനേരമധൎമ്മി നീ,
മൂൎഖസാഹായ്യവാൻ, പാപി, തന്നെത്താനറിയാത്തവൻ.
പോരോ ചെയ്ക,ഉള്ളുറപ്പിച്ചു ശൌൎയ്യം കൈക്കൊണ്ടു രാക്ഷസ; ൨൦
എന്നാല,ടരിലെന്നമ്പാൽച്ചത്തു നീ ശുദ്ധനായ്വരും.
പറന്നുകൊൾക മൂപ്പാരിൽപ്പക്ഷിയായ് നീ മനോജവൻ;
എന്റെ കണ്ണമ്പിലാപ്പെട്ടാൽജ്ജീവനോടെ മടങ്ങിടാ!
ചൊൽവൻ ഹിതം ഞാൻ നിന്നോട്: ചെയ്തുകൊൾകപരക്രിയ;
ലങ്ക നന്നായി നോക്കിക്കാണ്കെ;-ന്റെ വശത്താണിന്നുയിർ!"

ഏവമക്ലിഷ്ടകൎമ്മാവാം രാമനങ്ങരുൾചെയ്കയാൽ
പോയാൻ വാനരനാം താരേയൻ, മൈ പൂണ്ടുള്ളഗ്നി പോലവേ.
അശ്രീമാനൊട്ടു നേരത്താൽച്ചെന്നു രാവണമന്ദിരേ ൨൪

Digitized By Kerala Sahitya Akademi

കണ്ടു സാമാത്യനായ് മേവുമാ രാവണനെയശ്രമം.
പിന്നീടവൻെറയരികത്തിറങ്ങിക്കപിപുംഗവൻ
എരിതീ പോലെ നിന്നാനാ,ക്കനകാംഗദനംഗദൻ.
ആ നല്ല രാമവാക്യമെല്ലാം കേൾപ്പിച്ചാൻ മന്ത്രിയുക്തനെ, ന്നെ
തന്നെത്താൻതന്നെയറിയിച്ചൊ,രേററക്കുറവെന്നിയേ:—
"അക്ലിഷ്ടകാരിയാം രാമകോസലേന്ദ്രൻെറ ദൂതനാം
ഞാനംഗദൻ ബാലിസുതൻ; കേട്ടിട്ടുണ്ടായ്വരാം ഭവാൻ.
ചൊൽവൂ, നിന്നോടു കാകുത്സൻ കൌസല്യാനന്ദവർദ്ധനൻ: വ്വെ
'വന്നു നേരിട്ടു യുദ്ധം ചെയ്ക,യാവുക പുരുഷൻ, നീ!
കൊല്ലും, ബന്ധുസുതജ്ഞാതിമന്ത്രിമാരൊത്ത നിന്നെ ഞാൻ;
നിന്നെക്കൊന്നേ, ഭയം തീർന്നു തീർന്നുവരും മൂന്നു ലോകവും!
ദേവാസുരാഹിഗന്ധർവ്വയക്ഷരക്ഷോമുനീന്ദ്രരെ വ്വ൦
ദ്രോഹിയ്ക്കും ശത്രുവാം നിന്നെയിന്നു വേരോടറുക്കുവൻ!
വിഭീഷണന്നാമൈശ്വര്യം നീ കൊല്ലപ്പെട്ടതിന്നുമേൽ,
സീതയെസ്സൽക്കരിച്ചിങ്ങു കമ്പിട്ടേകാതിരിയ്ക്കുകിൽ!'"
ഹരിപുംഗവനിവണ്ണം പരുഷച്ചൊല്ലു ചൊല്ലവേ വ്വ൨
അരിശത്തിൻവശത്തായീ നിശാചരഗണേശ്വരൻ.
ക്രോധാൽത്തുടുത്ത കണ്ണോടേ ചൊന്നാൻ സചിവരോടവൻ,
'പിടിപ്പിനിദ്ദുർമ്മതിയെക്കൊൽവിനെ'ന്നു പെരുത്തുരു.
അ രാവണൻെറ ചൊൽ കേട്ടു ഘോരരാം നാലുരാക്ഷസർവ്വർ
പിടികൂടിനാർ, കത്തും തീ പോലുള്ളാ മഹാസ്വിയെ.
താൻതാൻ തന്നെപ്പിടിപ്പിയ്ക്കുയത്രേ ചെയ്തു സുധൈര്യവാൻ,
കരുത്തൊന്നാശരന്മാരെക്കാണിപ്പാൻ വീരനംഗദൻ.
കൈകളിൽത്തൂങ്ങുമവരെ,പ്പതംഗങ്ങളെയാംവിധം വ്വന്ന
കൊണ്ടു ചാടി, മലയ്ക്കൊത്ത മേടമേലെയ്ക്കു ബാലിജൻ.
അച്ചാട്ടത്തിൻെറയുക്കാലേ തെറിച്ചാ ക്ഷണദാചരർ
നിലത്തു വീണാരെപ്പേരു,മരക്കപ്പെട്ട കാണ്കവേ!
ചവുട്ടിക്കേറിനാൻ പിന്നെ പ്രതാപയുതനംഗദൻ, വ്വവ്വ



Digitized By Kerala Sahitya Akademi

രക്ഷോന്ദ്രേന്ദ്രൻെറ ഗിരിശൃംഗോന്നതപ്പുള്ളിമേടമേൽ.
അതോ, ദശാനനൻ കാണ്കെച്ചവുട്ടേററു പൊളിഞ്ഞുപോയ്,
പണ്ടു വജ്രി പിളർത്തോരു ഹിമാദ്രിമുടി പോലവേ.
മേടപ്പുറമുടച്ചിട്ടു, തൻപേർ കേൾപ്പിച്ചു വീണ്ടുമേ ൯ം
ചീർത്ത ശബ്ദത്തൊടലറിയാകാശത്തെയ്ക്കു ചാടിനാൻ;
പ്ലവംഗരുടെ മധ്യത്തിലണഞ്ഞാൻ രാമസന്നിധൌ.
രാവണൻ പാരമരിശം പൂണ്ടാൻ മേടയുടഞ്ഞതിൽ; ൯൨
നെടുവീർപ്പും ത്തുലോമിട്ടാൻ, തനിയ്ക്കുററതി കാണ്കെയാൽ.
രാമനോ, ഹർഷമോടാക്കും വളരെപ്പേർ പ്ലവംഗരാൽ
ചുററപ്പെട്ടരിഹത്യയ്ക്കായ്പ്പോരാടാൻതാനൊരുങ്ങിനാൻ.
സുഷേണനാം മഹാവീര്യൻ കപി സുഗ്രീവശാസനാൽ, ൯൪
കാമരൂപരനേകംപേർ വാനരന്മാർ ചുഴന്നവൻ
ഗോപുരം നാലിലും ചുററിനടന്നാൻ ദുഷ്പ്രധർഷണൻ,
നക്ഷത്രനിരയിൽച്ചന്ദ്രൻ പോലേ, ശൈലശിഖോപമൻ.
അക്കാടർതന്നനേകാക്ഷൌഹിണി ലങ്കാന്തികത്തിലും ൯൬
സമുദ്രത്തിൻെറ തീരത്തും നിലകൊൾവതു കാണ്കയാൽ
അരക്കരത്ഭുതപ്പെട്ടാർ; ഭയപ്പെട്ടീടിനാർ ചിലർ;
ചിലരോ, പോർക്കുമ്പാലേ തേടിനാരുള്ളിലിമ്പമേ.
പ്ലവംഗർ തിങ്ങിന മതിൽകിടങ്ങിടയശേഷവും, ൯൮
കീശരാൽത്തീർത്ത മതിലായ്ക്കണ്ടാർ മാലാണ്ട രാക്ഷസർ;
ഹാ, ഹാ, എന്നാക്കയുംചെയ്താർ പേടിച്ചുൾകെട്ട രാക്ഷസർ!

അതീവ ഭീതിപ്രദമീയിരമ്പം
മുതിന്നപോതാ,ശരർതൻപുരത്തിൽ
മഹായുധം പൂണ്ടു ചരിച്ചുകൊണ്ടാർ
കല്പാന്തവായുക്കൾ കണക്കരക്കർ. ൧൦൦

—*—

Digitized By Kerala Sahitya Akademi

## നാല്പത്തിരണ്ടാം സർഗ്ഗം: യുദ്ധാരംഭം.

—(*)—

ആ രാക്ഷസർ ദശാസ്യന്റെ കൊട്ടാരം പുക്കണന്തിനാർ,
വളഞ്ഞിരിപ്പൂ പുരിയെസ്സകീശൻ രാമനെന്നുടൻ.
പുരം വളഞ്ഞ കഥ കേട്ടരിശം കൊണ്ട രാക്ഷസൻ
ഏഴ്പ്പാടിരട്ടിയായ്ച്ചെയ്തിട്ടൊരു മേടയിലേറിനാൻ. ൨
കാട്ടുവങ്കാട്ടുമാടൊത്ത ലങ്ക കണ്ടീടിനാനവൻ,
പോരിന്നസംഖ്യം പ്ലവഗക്കൂട്ടം ചൂഴെച്ചുഴന്നതായ്.
മന്നൊക്കയും കരങ്ങന്മാർ വിഴുങ്ങിയതു കണ്ടവൻ,
'എവ്വണ്ണം കൊന്നൊടുക്കീടാ'മെന്ന ചിന്തയിലാണ്ടുപോയ്. ൪
ഒട്ടേറെനേരം ചിന്തിച്ചിട്ടുൾക്കനം പൂണ്ട രാവണൻ
നോക്കീ രാമനെയും നീണ്ട കണ്ണാൽക്കപിഗണത്തെയും.
രാഘവൻ പടയോടൊത്തു തുഷ്ടനായ്ച്ചെന്നു കേറിനാൻ;
കണ്ടാൻ, നിശാചരർ ചുഴന്നെമ്പാടും കാത്ത ലങ്കയെ. ൬
ചിത്രധ്വജപതാകാഢ്യ ലങ്ക കണ്ടിട്ടു രാഘവൻ
ചിക്കെന്നു സീതയിൽച്ചെന്നാൻ, മാഴ്കീടുന്ന മനസ്സിനാൽ:-
'ഇതിങ്കലല്ലോ, ഞാൻമൂലമത്തെമാങ്കണ്ണി ജാനകി
പീഡയേല്പും, മെലിഞ്ഞുൾച്ചൂടാണ്ടു മണ്ണിൽക്കിടപ്പുമായ്!' ൮
പീഡപ്പെട്ടും മൈഥിലിയെയോർത്തുകൊണ്ടസ്സധാർമ്മികൻ
വെക്കം, മാറ്റലരെക്കൊൽവാൻ പ്ലവഗർക്കാജ്ഞ നല്കിനാൻ.
ഏവമക്ലിഷ്ടകർമ്മാവാം രാമൻ ചൊല്ലിയനേരമേ
മുഴക്കിനാരാർപ്പുകളാലി,ണക്കത്തോടു വാനരർ. ൧൦
'ശൃംഗങ്ങളാൽപ്പൊടിയ്ക്കാമീ ലങ്ക, മുഷ്ടികളാലെയോ'
എന്നായി നിശ്ചയം ചെയ്താർ കപിയൂഥപരേവരും.
മഹാദ്രിശൃംഗശിഖരങ്ങളും നാനാമരങ്ങളും
പറിച്ചെടുത്തോങ്ങി നിലക്കൊൾകയായ് കപിയൂഥപർ. ൧൨
വേർതിരിഞ്ഞപ്പടകളു,ങ്ങരക്കപ്രൗഢ കാണ്കവേ
ലങ്കയിങ്കൽക്കയറിനാർ കാകുത്സ്ഥൻതൻപ്രിയത്തിനായ്.

Digitized By Kerala Sahitya Akademi

രാമന്നായുയിർ കൈവിട്ടാ സപര്‍ണ്ണാഭരരണാനനർ
ലങ്കതൻനേർക്കുതാൻ ചെന്നാർ സാലതാലശിലായുധർ. ൧൪
കുന്നിൻമുടി, മരം, മുഷ്ടിയിവയാലാ പ്ലവംഗമർ
മതിലിൻമുകളും കാട്ടുമുടച്ചാർ പടിവാതിലും.
തെളിവെള്ളം നിറഞ്ഞുള്ള കിടങ്ങുകൾ നികത്തിനാർ,
പൂഴി,കുന്നിൻമുടി, മരം, പുല്ലു കൊണ്ടിട്ടു വാനരർ. ൧൬
ആയിരംയൂഥവും, കോടിയൂഥവും ചേർന്നു വാനരർ,
ചിലർ കോടിശതംയൂഥം ചേർന്നും ലങ്കയിലേറിനാർ.
പൊങ്കമാനങ്ങളെത്തല്ലിപ്പൊളിച്ചും, കാട്ടുവാഴികൾ
കൈലാസമുടി പോലുള്ള ഗോപുരങ്ങളുടച്ചുമേ, ൧൮
പാഞ്ഞുകൊണ്ടും കുതികൊണ്ടുമാർത്തുകൊണ്ടും പ്ലവംഗമർ
ലങ്കയിൽച്ചെന്നണകയായ്, ക്രൂറനാനകൾ പോലവേ.
'വെല്ക, ഭൂരിബലൻ രാമനാ,ലക്ഷ്മണനമൂർജ്ജിതൻ!
തമ്പുരാൻ വെല്ക, സുഗ്രീവൻ കാകുത്സ്ഥപരിപാലിതൻ!' ൨൦
എന്നു ഘോഷിച്ചുകൊണ്ടും, പേർത്താർത്തുകൊണ്ടും പ്ലവംഗമർ
ലങ്കതൻ മതിലിന്മേൽപ്പാഞ്ഞേറിനാർ കാമരൂപികൾ.
വീരബാഹു-സുബാഹുക്കൾ, നളനാം വനചാരിയും,
മതിൽതല്ലിപ്പൊളിച്ചങ്ങു നിന്നാരിക്കപിയൂഥപർ; ൨൨
അണിനിർത്തുകയുംചെയ്താരതുനേരത്തു സേനയെ.
    തടുത്തുനിന്നാൻ കുമുദൻ കിഴക്കേവാതിലൂർജ്ജിതൻ,
ജയം നേടും പ്ലവംഗന്മാർ പത്തുകോടി ചുഴന്നവൻ.
അവന്നുതാൻ തുണയ്ക്കായി നിന്നാൻ പ്രഘസവാനരൻ, ൨൪
മഹാഭുജൻ പനസനും വലരെക്കിശർ ചുററുമായ്
കപിവീരൻ ശതബലി പോയ്ത്തെക്കേക്കോട്ടവാതിലും
തടുത്തുനിന്നാനെന്നാങ്കുകോടിയൊത്തു മഹാബലൻ.
താരാതാതൻ സുഷേണൻ പോയ്പ്പടിഞ്ഞാർവാതിൽ വാനരൻ
തടുത്തുനിന്നാനിരുമ്പത്തു കോടിയൊട്ടൂർജ്ജിതൻ.
രാമലക്ഷ്മണർ പോയ്നിന്ന വടക്കേവാതിൽ പുക്കടൻ
തടുത്തുനിന്നാനുജ്ജസചി സുഗ്രീവൻ കപിമന്നവൻ. ൨൬

Digitized By Kerala Sahitya Akademi

ഗോലാംഗ്രലൻ പെരുംക്രൂരൻ ഗവാക്ഷൻ ഭീമദർശനൻ
രാമന്നൊരുവശം നിന്നാൻ, കോടിപ്പേരൊത്തു .വീര്യവാൻ;
ഭീമവേഗങ്ങളൃക്ഷങ്ങൾ കോടിപ്പേരൊത്തു വീര്യവാൻ
രാമന്റെ മറേറവശവും നിന്നാൻ ധൂമ്രനരിന്ദമൻ.
ഒരുങ്ങിസ്സദ കൈക്കൊണ്ടു വിഭീഷണനനുജ്ജിതൻ ൩൦
നിന്നാനങ്ങു മഹാവീര്യൻ സശ്രദ്ധാമാത്യയുക്തനായ്.
ഗജൻ, ഗവാക്ഷൻ, ഗവയൻ, ശരഭൻ ഗന്ധമാദനൻ
ഇവർ നീളെസ്സഞ്ചരിച്ചു കാത്താർ വാനരസേനയെ.

അതിൽക്രോധത്തഴപ്പാന്ന രാവണൻ രാക്ഷസേശ്വരൻ ൩൨
ആജ്ഞ നല്കീടിനാനാശു പടയെല്ലാം പുറപ്പെടാൻ.
രാവണൻതൻ വായിൽനിന്നു വീണ വാക്കിതു കേൾക്കയാൽ
പെട്ടെന്നു ഭീമഘോഷത്തോടാത്തുകൊണ്ടാർ നിശാചരർ.
ഉടനേ തിങ്കൾനേർവെള്ളവട്ടിണങ്ങിയ ഭേരികൾ ൩൪
ചുററും രാക്ഷസർ പൊങ്കോലാൽഘോരം കൊട്ടിമുഴക്കിനാർ;
ശംഖം നൂറായിരംവീതം ശബ്ദിച്ചിതതിഘോഷമായ്,
സുഘോരരാമരക്കന്മാർ വായ്കൊണ്ടൂതിനിറയ്ക്കയാൽ.
കോപ്പണിക്കരിമെയ്യന്മാരാശ്ശംഖേന്തിയ രാക്ഷസർ ൩൬
വെള്ളിൽച്ചാർത്തൊത്ത വാർമിന്നലണിമേഘങ്ങൾപോലെയായ്.
ഹർഷിച്ചഥ പുറപ്പെട്ടു രാവണൻ വിട്ട സൈനികർ,
കാലേ വമ്പിച്ച കടലിൽ വേലിയേററങ്ങൾ പോലവേ.
ഉടൻ കപികൾതൻസൈന്യമൊലിയിട്ടിതു നീളവേ; ൩൮
അപ്പോൾ മുഴങ്ങി മലയും, സാനുപ്രസ്ഥഗുഹാന്വിതം!
ബലിഷ്ഠർതൻ സിംഹനാദം ഭേരീശംഖസ്വനത്തൊടും
ആനച്ചിന്നംവിളിയൊടുമശ്വവൃന്ദച്ചിനപ്പൊടും
തേരുരുൾച്ചുറെറാലിയൊടുമരക്കരുടെയാപ്പൊടും ൪൦
കൂടിച്ചേർന്നു മുഴങ്ങിച്ചു ദ്യോവുഭ്രവണ്ണവങ്ങളെ.

പ്ലവംഗരും നിശിചരന്മാരും തമ്മിലനന്തരം

Digitized By Kerala Sahitya Akademi

നടന്നു കൊടുതാം യുദ്ധം, പണ്ടു ദേവാസുരോപമം.
ഹനിച്ചാരുജ്ജ്വലഗദാശൂലവേൽവെണ്മഴുക്കളാൽ ൪൨
തൻവിക്രമങ്ങൾ ചൊല്ലിക്കൊണ്ടശേഷാരന്മാർ പ്ലവംഗരെ.
മരത്താൽഗ്ഗിരിശൃംഗത്താൽപ്പൽനഖത്താലുമൂക്കൊടേ
ഹനിച്ചാരാശരരെയും ക്രൂരന്മാരാം കപികുഞ്ജരർ;
'തമ്പുരാൻ വെൽവു സുഗ്രീവനെ'ന്നുയർന്നു മഹാസ്വനം. ൪൪
'തമ്പുരാൻ വെല്ക, വെല്കെ'ന്നു തൻപേർകഥകൾ ചൊല്ലിയും
വിളിത്തീ ഭീമർ, മതിലിന്മേൽ നിന്ന ചില രാക്ഷസർ
ശൂലത്താൽബ്ഭിണ്ഡിപാലത്താൽ, മന്നിൽ നില്ക്കും പ്ലവംഗരെ;
മന്നിൽ നില്ക്കും പ്ലവഗരും ചാടിക്കേറിസ്സരോഷരായ് ൪൬
പിടിച്ചുവീഴ്ത്തീ മതിലിന്മീതേ നിന്ന നിശാടരെ.
അരക്കരും വാനരരും തമ്മിൽത്തുമുലമപ്പട
മാംസരക്തച്ചളി കലർന്നസാധാരണമട്ടിലായ്!

—o—

## നാല്പത്തിമൂന്നാം സർഗ്ഗം: ദ്വന്ദ്വയുദ്ധം

—*—

ക്രൂരന്മാരാം കപികുഞ്ജന്മാരവ്വണ്ണമടരാടവേ
അരക്കപ്പടകൾക്കുണ്ടായരിശം ഭൃശദാരുണം.
പൊന്നൊപ്പണിഞ്ഞ കുതിര, തീജ്വാലയ്ക്കൊപ്പമാം ധ്വജം,
സൂര്യന്നു ശരിയാം തേരും, ചാരുചട്ടയുമായുടൻ ൨
പുറപ്പെട്ടു ദിക്കു പത്തും മുഴങ്ങിച്ചാശരർഷഭർ,
രാവണന്നു ജയം തേടും ഘോരകർമ്മാക്കളാശരർ.
ജയം കൊതിയ്ക്കും പ്ലവഗന്മാർതൻ പെരിയ സൈന്യവും
പാഞ്ഞേററുകൊണ്ടിതു,ഘോരകർമ്മപരാക്ഷസസേനയെ. ൪
അതിന്നുശേഷമവിടെ ദ്വന്ദ്വയുദ്ധം നടക്കയായ്‌-
പാഞ്ഞടുത്തീടുമാ നക്തഞ്ചരവാനരർതങ്ങളിൽ.
ബാലിപുത്രാംഗദനൊടൊത്തിന്ദ്രജിത്തെന്ന രാക്ഷസൻ
പോരിട്ടാൻ, ത്ര്യക്ഷനോടൊത്തു യമൻ പോലതിദീപ്തിമാൻ; ൬

Digitized By Kerala Sahitya Akademi

പ്രജംഘനോട്ട സമ്പാതി പോരിലെന്നും സുദസ്സഹൻ;
ജംബുമാലിയൊടേപ്പെട്ടാൻ ഹനുമാനാം പ്ലവംഗമൻ;
ചെന്നെതിത്താനതിരുഷാ രാക്ഷസൻ രാവണാനുജൻ,
പോരിൽക്കട്ടത്തൊത്രുക്കളുള്ള മിത്രഘ്നനെ വിഭീഷണൻ;
അരക്കനാം തപനനൊത്തനല്പബലനാം ഗജൻ,
നികുംഭനോട്ട തേജസ്വി നീലനാം പടവെട്ടിനാൻ;
ചെന്നെതിത്താൻ പ്രഘസനെസ്സുഗ്രീവൻ വാനരേശ്വരൻ;
വിരൂപാക്ഷനൊടാമ്മഞ്ഞേററാൻ പോരിൽ, ശ്രീ പൂണ്ട
[ലക്ഷ്മണൻ;
അഗ്നികേതു ദുരാധഷൻ, രശ്മികേതു നിശാചരൻ,
സുപ്തഘ്ന-യജ്ഞകോപന്മാർ, ചെന്നേററു രാമനോടിവർ.
മൈന്ദദ്വിവിദരോടങ്ങു വജ്രമുഷ്ട്യ-ശനിപ്രഭർ
ഈ രണ്ടു ഘോരാശരരോടടുത്താരക്കപീശ്വരർ;
വീരൻ പ്രതപനൻ ഘോരൻ രാക്ഷസൻ രണദുദ്ധരൻ
പോരിൽക്കട്ടത്തൊത്രുക്കളുള്ള നളനോടടരാടിനാൻ;
സുഷേണനെന്നു പേർകേട്ട ബലവാൻ ധമ്മനന്ദനൻ,
വിദ്യുന്മാലിയൊടൊത്തങ്കംവെട്ടിക്കൊണ്ടാൻ മഹാകപി;
മററു വാനരർ ഭീമന്മാർ മററു രാക്ഷസരൊത്തുമേ
ദ്വന്ദ്വയുദ്ധത്തിനായേററാർ, പലരൊത്തു പലേതരം.
അങ്ങുണ്ടായ്, കോൾമയിർക്കൊള്ളിപ്പോരു ക്രുദ്ധപ്പെരുംപട,
ജയകാംക്ഷികളാം വീരകപിരാക്ഷസർ തങ്ങളിൽ.
കീശാശരരിൽനിന്നുണ്ടായ്, കേശമാം പുല്ലുടപ്പൊട്ടം
മെയ്യുങ്ങാടങ്ങളൊട്ടം ചോന്നൊഴുകീ ചോരയാറുകൾ.
ഇന്ദ്രജിത്തരിസൈന്യത്തെക്കീറുമംഗദവീരനെ
ചൊടിച്ചു തച്ചാൻ ഗദയാൽ, വജ്രത്താൽജ്ജിഷ്ണു പോലവേ.
അവൻെറ പൊന്നണിത്തേരു സൂതാശ്വങ്ങളൊടൊപ്പമേ
ഉടച്ചാനംഗദൻ, ശ്രീമാൻ, പോരിലൂക്കുള്ള വാനരൻ.
സമ്പാതിയോ, പ്രജംഘൻെറ മൂന്നമ്പേററതൊടൊപ്പമേ
കൊന്നാൻ പ്രജംഘനെപ്പോരിൻമുന്നിൽ വെൺമരുതൊന്നിനാൽ.

Digitized By Kerala Sahitya Akademi

തേരിൽ മേവും ജംബുമാലി തേർവേൽകൊണ്ടു മഹാബലൻ
പിളൎത്തീ രുഷ്ടനായ്പ്പോരിലനുമാനുടെ മാറിടം.
അത്തേരു, കയറിച്ചിക്കെന്നനുമാനനിലാത്മജൻ
തച്ചുടച്ചീടിനാൻ കൈകൊണ്ടോ, രാക്ഷസനൊടൊപ്പമേ. ൨൨
ആത്തട്ടത്താൻ പ്രതപനൻ നളനോടു ഭയങ്കരൻ;
വീഴ്ത്തീ പ്രതപനൻതൻെറ കണ്ണുരണ്ടും ജവാൽ നളൻ,
കൈവേഗമുള്ള രക്ഷെൻറ ക്രൂരമ്പാലുടൽ വിണ്ടവൻ.
സൈന്യങ്ങളെ വിഴുങ്ങുന്നോൻ പോലെയാം പ്രഘസാഖ്യനെപ്പർ
തല്ലിപ്പിളൎത്തിനാൻ, കൊന്നാൻ സുഗ്രീവനൊരു പാലയാൽ.
അമ്പു തൂകി വലച്ചിട്ടോ,രൊററയമ്പാലെ ലക്ഷ്മണൻ
കൊന്നാൻ, സുഘോരാകൃതിയാം വിരൂപാക്ഷനിശാടനെ.
അഗ്നികേതു ദുരാധൎഷൻ, രശ്മികേതു നിശാചരൻ, ൨൩
സുപ്തഘ്നയജ്ഞകോപന്മാരസ്ത്രത്താൽക്കീറി രാമനെ.
രാമനാ നാൽവരുടെയും തല കൊയ്താൻ സരോഷനായ്,
തീജ്ജ്വാലയോടു ശരിയാം കൊട്ടംക്രൂരമ്പു നാലിനാൽ.
വജ്രമുഷ്ടി രണത്തിങ്കൽ മൈന്ദൻതൻ മുഷ്ടിയേല്ക്കയാൽ ൨൪
തേരശ്വങ്ങളൊടേ വീണു, മോന്തായം പോലെയൂഴിയിൽ.
നികുംഭൻ പോരിൽ, നീലാഞ്ജനൌഘശ്രീ പൂണ്ട നീലനെ
കീറീ ക്രൂരമ്പിനാൽ,സൂൎയ്യൻ ഭാസ്സാൽക്കാറിനെയാംവിധം;
പിന്നെയും നൂറു ബാണത്താൽ,കൈവേഗം പൂണ്ട രാക്ഷസൻ
നികുംഭൻ നീലനെപ്പോരിൽപ്പിളൎത്താൻ, ചിരിക്കുട്ടിനാൻ.
അവൻെറ തേർച്ചക്രത്താൽത്താൻ, നീലൻ, വിഷ്ണുസമൻ രണേ
കൊയ്താൻ പോരിൽ, നികുംഭൻെറ തേർ തെളിപ്പോൻെറ മസ്തകം.
ദ്വിവിദൻ ഗിരിശൃംഗത്താൽ,സ്സൎവ്വരാക്ഷസർ കാണ്കവേ ൩൨
തച്ചാൻ വജ്രാശനിസ്പൎശന, ശനിപ്രഭനേയുമേ.
പോരിൽ,ക്കുന്നാലമരിട്ടും ദ്വിവിദപ്ലവഗേന്ദ്രനെ
അശനിസ്പൎശമൊത്ത ബാണങ്ങൾകൊണ്ടെയ്താനശനിപ്രഭൻ.
അമ്പേററേററമററതിക്രോധാൽക്കൊന്നാൻ ദ്വിവിദവാനരൻ ൪൩

Digitized By Kerala Sahitya Akademi

തേരശ്വത്തോടുമശനിപ്രഭനെപ്പയനൊന്നിനാൽ.
തേർത്തന്നിൽ മരുവും വിദ്യുന്മാലി പൊന്നണിയമ്പുകൾ
വലിച്ചെയ്യ്താൻ സുഷേണനാൽ, പ്പേത്ത പേർത്തലറീടിനാൻ.
തേർത്തന്നിലവനെക്കണ്ടു സുഷേണൻ വാനരോത്തമൻ ൩൮
പീത്തൊരു ഗിരിശൃംഗത്താൽ വീഴ്ത്തിനാനാശു തേരിനെ.
മെവഴക്കമിയന്നോനാം വിദ്യുന്മാലിനിശാടനോ,
തേരിൽനിന്നങ്ങുസാ ചാടി, പ്പാരിൽ നിന്നാൻ ഗദാധരൻ.
അതുകൊണ്ടരിശം കൊണ്ടു സുഷേണൻ ഹരിപുംഗവൻ ൩൯
വലുതാമൊരു കല്ലന്തിപ്പാഞ്ഞണഞ്ഞാൻ നിശാടനെ.
പാഞ്ഞെത്തല്ക്കുമളവിൽച്ചിക്കെന്നസ്സുഷേണകപീന്ദ്രനെ
നെഞ്ഞത്തടിച്ചാൻ ഗദയാൽ വിദ്യുന്മാലി നിശാചരൻ.
കൊടുതാമഗ്ഗദത്തല്ലു കൂട്ടാക്കാതെ കപീന്ദ്രനും ൪൦
അക്കല്ലവന്റെ മാർത്തട്ടിൽച്ചാട്ടിക്കൊണ്ടാൻ മഹാരണേ.
കൽകൊണ്ടുള്ളേറു കൊണ്ടിട്ടു വിദ്യുന്മാലിനിശാചരൻ
വല്ലാതരഞ്ഞ നെഞ്ഞോടേ ചത്തുവീണിതു ഭൂമിയിൽ.
ഇമ്മട്ടാശ്ശൂരരാം കീശർ ശൂരരാമാ നിശാടരെ, ൪൧
ദേവന്മാർ ദൈത്യരെപ്പോലാ ഘോരപ്പോരിൽപ്പൊതുക്കിനാർ.
മുറിഞ്ഞ വാളും, ഗദ, വേൽ, തോമരം, പട്ടസങ്ങളും,
മറിഞ്ഞ തേർകൾ, മൈ വിണ്ട പടക്കുതിരവൃന്ദവും,
കൊല്ലപ്പെട്ട മദേഭങ്ങൾ, വാനരന്മാര, രക്കരും, ൪൨
ചതഞ്ഞ ചക്രാക്ഷനുകച്ഛത്രമൂഴിയിൽ വീഴ്കയും,
കുറുക്കന്മാർ നിറകയുംചെയ്തു ഭീഷണമായ് രണം.
കീശാശരകബന്ധങ്ങളുയർന്നു സർവ്വദിക്കിലും,
ദേവാസുരപ്പടയ്ക്കൊത്തതാകുമക്കൂട്ടിമുട്ടലിൽ. ൪൩

പ്ലവംഗമവ്യാഘ്രർ പിളർക്കയാൽ നിണം
പുരണ്ട മെയ്യോടു നിശീഥിനീചരർ
ദിനാധിനാഥാസ്തമയം കൊതിച്ചുകൊ-
ണ്ടൊരുങ്ങിനാർ പോരിനു പിന്നെയും ബലാൽ.

17

Digitized By Kerala Sahitya Akademi

## നാല്പത്തിനാലാം സർഗ്ഗം: രാത്രിയുദ്ധം.

—(൦)—

അന്നക്കപിനിശാടന്മാർ പോരാടിക്കൊണ്ടു നില്ക്കവേ
സൂര്യൻ മറഞ്ഞു; വന്നെത്തീ പ്രാണൻ പോക്കുന്ന രാത്രിയും.
അന്നു പിന്നെ നിശായുദ്ധം തുടങ്ങി വിജയൈഷികൾ,
തങ്ങളിൽപ്പകയുൾക്കൊണ്ട ഘോരവാനരരാക്ഷസർ. ൨
'അരക്കൻ നീ'യെന്നു കീശർ, 'കീശൻ നീ'യെന്നരക്കരും,
അക്രൂരിരുട്ടത്തടരിൽപ്പരിക്കേല്പിച്ചു തങ്ങളിൽ.
'വെട്ടു, പിളക്ക്, കൊല്ലു'ന്നു, 'മെന്താണോടുന്നതെ'ന്നുമായ്,
കൂടിക്കലർന്താം ശബ്ദം കേൾക്കായ്വന്നിതിരുട്ടതിൽ. ൪
പൊഞ്ചട്ടയിട്ടിരുണ്ടുള്ള രാക്ഷസന്മാരിരുട്ടതിൽ
കാണായിതോഷധിക്കാട്ടു കത്തും ശൈലേന്ദ്രർ പോലവേ.
ആസ്സീമയില്ലാത്തിരുളിലരിശം മൂത്ത രാക്ഷസർ
സഞ്ചരിച്ചാർ, കപികളെത്തിന്നുംകൊണ്ടേറെയൂക്കൊടേ. ൬
അമ്പീമകോപരോ, ചാടിക്കുട്ടംപല്ലാൽപ്പിളർത്തിനാർ
പൊന്നണിത്തുരഗൌഘത്തെ, ത്തീജ്വാലാഭധ്വജങ്ങളും.
കെല്പാലരക്കപ്പടയെക്കലക്കി പോരിൽ വാനരർ:
ആന, പാപ്പാൻ, കൊടി, കൊടിക്കാലണിത്തേരിവററിനെ ൮
വലിച്ചിഴച്ചാർ, പൽകൊണ്ടു കടിച്ചാർ കലികൊണ്ടവർ.
രാമനും ലക്ഷ്മണൻതാനും പാമ്പിന്നൊത്ത ശരങ്ങളാൽ
കൊന്നാരൊട്ടൊട്ടു കാണായിവന്ന മുഖ്യനിശാടരെ.
അശ്വക്കുളമ്പാൽച്ചിന്നിയ്യപ്പെട്ട തേരുരുളിൻപൊടി ൧൦
ചെന്നേറി, പൊരുതുന്നോർതൻ കണ്ണിലും ചെവിതന്നിലും.
കോൾമയിർക്കൊള്ളുമാററു ഭീമമാം പോർ നടക്കവേ,
ചോരത്തണ്ണീർപ്പുഴകളങ്ങൊഴുകി ഘോരഘോരമായ്.
മൃദംഗം പണവം ഭേരിയെന്നിവററിൻെറ നിസ്വനം, ൧൨
കുഴൽശംഖൊച്ച കൂടിച്ചേർന്നുയർന്നിതെതിരെന്നിയേ.
പരിക്ക പെട്ടാശരരും ഹനിയ്യപ്പെട്ട കീശരും

Digitized By Kerala Sahitya Akademi

ഞെരങ്ങിട്ടന്നൊരൊലിയുമുയൎന്നിതതിഘോരമായ്.
ശൂലംവേൽമഴുവാൽക്കൊല്ലപ്പെട്ട വാനരവീരരും, ൧൪
ഗിരിശൃംഗഹതന്മാരാം കാമരൂപരരക്കരും,
ആയുധപ്പൃബലികളും ചേൎന്നപ്പൊഴുതടർക്കളം
ചോരച്ചേറാണ്ടു, കാണ്മാനും കേറാനും കഴിയാത്തതായ്!
ഹരിരാക്ഷസരെത്തിൎക്കുമാ രാത്രിയതിഘോരയായ്, ൧൫
ആൎക്കും നീക്കാവതല്ലാത്ത കാളരാത്രി കണക്കിനെ!

പിന്നീടങ്ങാ നിശാടന്മാർ ഘോരമാകുമിരുട്ടതിൽ
ശരവൎഷങ്ങൾ വൎഷിച്ചു പാഞ്ഞേററൂ രാമനോട്ടതാൻ.
കേൾക്കായ് പാഞ്ഞെത്തുമക്കൂട്ടർ ചൊടിച്ചാൎക്കുന്ന ശബ്ദവും,
കല്പാന്തേ കടലേഴും ചേൎന്നിരമ്പുന്നതു പോലവേ.
രാമനെയ്താന,വരിൽവെച്ചാററരക്കരെയാറിനാൽ,
തീജ്വാലയ്ക്കൊത്ത ക്രൂരമ്പാൽ,കണ്ണിമയ്ക്കുന്നതിന്നകം:
യജ്ഞശത്രു ദുരാധൎഷൻ, മഹാപാൎശ്വൻ, മഹോദരൻ, ൧൦
വജ്രദംഷ്ട്രൻ പെരുംക്രൂററനാ, രണ്ടാൾ ശുകസാരണർ
ഇവരൊട്ടുക്ക രാമാസ്ത്രനിര മൎമ്മത്തു കൊൾകയാൽ
പാഞ്ഞുപോയാരടരിൽനിന്നാ,യുസ്സിൻബാക്കിമൂലമേ!
അങ്ങു, തീജ്ജ്വാലകൾക്കൊക്കും പൊന്നണിസ്സായകങ്ങളാൽ വ
ദിക്കും പ്രദിക്കമൊട്ടുക്ക തെളിയിച്ചാൻ മഹാബലൻ.
ഭീമർ മററാശരന്മാരോ, രാമനോടൊന്നെതിൎക്കയാൽ
മുടിഞ്ഞുപോയ്, തീയ്യിലണഞ്ഞിയ്യാമ്പാററകൾ പോലവേ.
ആയിരംവീതമായ്ച്ചാട്ടും പൊൻകെട്ടുള്ള ശരങ്ങളാൽ ൧൮
വിളങ്ങീ രാത്രി, ഖദ്യോതങ്ങളാൽശ്ശാരദി പോലവേ,
അരക്കരുടെയാൎപ്പാലും, കപിയൊച്ചകളാലുമേ,
ഘോരമാ രാവു പെരികെഘോരമായ്ത്തീൎന്നു വീണ്ടുമേ!
വളൎന്നുവന്നാ വലുതാമശ്ശബ്ദംകൊണ്ടു നിളവേ, ൧൯
ഗുഹാവൃതം ത്രികൂടാദ്രിയേററാൎപ്പിട്ടതുപോലെയായ്!
ക്രൂരന്മാരായ ഗോപുച്ഛരിരുളിൻനിറമുള്ളവർ

Digitized By Kerala Sahitya Akademi

ഭക്ഷിച്ചാർ കൈകളാൽക്കെട്ടിപ്പിടിച്ചാ യാതുധാനരെ.
അംഗദൻ പടയിൽ,ശ്ശത്രുവായ രാവണപുത്രനെ ൨൭
കൊൽവാനടുത്തു, ഹിംസിച്ചാൻ സൂതവാജികളെ ദ്രുതം.
അമ്മട്ടേറെക്കടുത്തോരു കൊടുംപട നടക്കവേ,
അശ്വങ്ങളെസ്സൂതനെയുമംഗദൻ കൊലചെയ്കയാൽ
തേർ വെടിഞ്ഞു,ദ്ധതാൻ ക്ലാന്ത്യാ മറഞ്ഞാനിന്ദ്രജിത്തവൻ. ൩൦
പൂജ്യൻ ബാലിജനച്ചെയ്കൃത്യഷിമാരും നിലിമ്പരും
പുകഴ്ത്തിനാരേവരു,മാ രാമലക്ഷ്മണർപോലുമേ.
എല്ലാർക്കുമറിയാം, പോരിലിന്ദ്രജിത്തിന്റെ വിക്രമം;
അതിനാലാണു തോഷിച്ചതാ, വമ്പൻ തോററപോതവർ. ൩൨
പ്രഹൃഷ്ടരായ് പ്ലവഗരും സസുഗ്രീവവിഭീഷണർ
നന്നു നന്നെന്നു ചേൎത്താൎത്താർ, മാററാൻ തോററതു കാൺകെയാൽ.
ഇന്ദ്രജിത്തോ, കൊടുംക്രോധം പൂണ്ടാനായോധനാന്തരേ,
ആണ്മീമഹേഷ്ടനാം ബാലിപുത്രനാൽത്തോലി പെട്ടതിൽ. ൩൪
അതുനേരത്തുതാൻ രാമൻ വാനരന്മാരൊടോതിനാൻ:-
'കപിരാജാവുമായ്ച്ചേൎന്നു നില്ക്കുവിൻ നിങ്ങളേവരും.
അവൻ ബ്രഹ്മവരം നേടി മൂപ്പാരിനെ വലയ്ക്കുവോൻ;
കാലത്താൽ നിങ്ങളിൽക്കാൎയ്യം സാധിപ്പാൻ വന്നതാണവൻ.
ഇന്നൊന്നു ഞാൻ ക്ഷമിയ്ക്കേണം; നിങ്ങൾ മാഴ്കാതെ നില്ക്കുവിൻ.'
ആപ്പാപി രാവണസുതൻ പോയ്മറഞ്ഞിട്ടദൃശ്യനായ്
ഇടിവാളെതിർക്രൂരമ്പു ചൊരിഞ്ഞാൻ രണകൎക്കശൻ;
രാമലക്ഷ്മണരെഘോരനാഗാസ്ത്രനികരത്തിനാൽ ൩൭
സൎവ്വാംഗത്തിലുമാഞ്ഞെയ്താൻ പോരിൽ ക്രോധിച്ച രാക്ഷസൻ.
മായയാ രാഘവന്മാരെയന്ധാളിപ്പിച്ചു പോരതിൽ,
ആരും കാണാതെയായ് നിന്നു കള്ളപ്പോരിട്ടു രാക്ഷസൻ
കെട്ടീ ബാണങ്ങളാൽ ഭ്രാതൃരാമലക്ഷ്മണരെദ്ദൃഢം. ൪൦
സൎപ്പബാണങ്ങളാൽച്ചിക്കെന്നാ നരവ്യാഘ്രവീരരെ
ചൊടിച്ചവൻ കെട്ടിവരിഞ്ഞതു കണ്ടു കരങ്ങൾ.

Digitized By Kerala Sahitya Akademi

നേരിട്ടുനിന്നിട്ടവരെക്കഴക്കാ-
നശക്തനായ് രാക്ഷസരാജപുത്രൻ
മായാപ്രയോഗത്തിനുറച്ചു ബന്ധി-
ച്ചാനാ നരേന്ദ്രാത്മജരെദ്ദുരാശൻ! ൪൦

—:*:—

## നാല്പത്തഞ്ചാം സർഗ്ഗം: നാഗാസ്ത്രബന്ധനം.

—o—

അവൻെറ ഗതി തേടാനായ് രാജപുത്രൻ പ്രതാപവാൻ
അയച്ചു ബലവാൻ രാമൻ പത്തു വാനരമുഖ്യരെ:
സുഷേണപുത്രരിരുപേർ, നീലൻ പ്ലവഗപുംഗവൻ,
അംഗദൻ ബാലിതനയൻ,ക്കേരും ശരഭ-ഷഭർ, ൨
വിനതൻ, ജാംബവാൻ, പിന്നെസ്സാനുപ്രസ്ഥൻ മഹാബലൻ,
ഋഷഭസ്കന്ധനിവരെച്ചൊല്ലിവിട്ടാൻ പരന്തപൻ.
ഇമ്പമോട്ട, ഗ്രവൃക്ഷങ്ങളേന്തിയക്കീശരേവരും
പത്തുദിക്കിലുമാരാസ്സാനാകാശത്തെയ്ക്കു ചാടിനാർ. ൪
ഉഗ്രക്കേന്തുമവർതൻ കേററം തടുത്തു രാവണാത്മജൻ,
അസ്ത്രജ്ഞനേ,റെയ്യുകളള പരമാസ്ത്രശരങ്ങളാൽ.
കണ്ടീലിരുട്ടിലവനെ,യമ്പാൽ മെയ്യുററ വാനരർ,
കാറാൽ മറഞ്ഞ രവിയെപ്പോലവേ ഭീമവേഗികൾ. ൬
രാമലക്ഷ്മണരിൽത്താനെയ്താഴ്ത്തിനാൻ രാവണാത്മജൻ,
ദേഹമെല്ലാം പിളത്തുന്ന ശരങ്ങൾ സമിതിഞ്ജയൻ.
മൂടിനാനെങ്ങമാ രാമലക്ഷ്മണഭ്രാതൃവീരരെ
നാഗബാണങ്ങളെക്കൊണ്ടു, രുഷ്ടനാമിന്ദ്രജിത്തവൻ. ൮
അവക്കോരോ മുറിവിൽനിന്നൊഴുകീ ചോരയേററവും;
രണ്ടാളുമവർ ശോഭിച്ചു, പൂപ്പിലാശുകൾ പോലവേ.
ആ ജ്യേഷ്ഠാനുജരോടോതി മറഞ്ഞേ നിന്നു രാവണി,
തുടുത്ത കൺകടയുമായ്,ബ്ഭിന്നാഞ്ജനചയോപമൻ:— ൧൦

Digitized By Kerala Sahitya Akademi

'ഞാൻ മറഞ്ഞടരാടുമ്പോളമ്പർകോനായ ശക്രനും
ആളാകാ നേക്കിടുക്കാനോ, കാണ്മാനോ; നിങ്ങളെന്തിനി?
കഴച്ചിറകിഷുച്ഛാത്താൽ മൂടി രാഘവർ നിങ്ങളെ
ഇതാ, കാലാലയം പൂകിയ്ക്കുന്നേൻ, ക്രോധം മുഴുത്ത ഞാൻ.' ൧൨
എന്നോതി,ധാർമ്മികഭ്രാതൃരാമലക്ഷ്മണരെത്തുലോം
പിളത്താൻ ബഹുക്രൂരമ്പാൽ,ത്തിമത്താന,ലറീടിനാൻ.
വാർവില്ലിന്നൊലിപൊങ്ങിച്ചു, ഭിന്നാഞ്ജനചയാസിതൻ
വീണ്ടും വീണ്ടും പെരുംപോരിൽഘോരബാണങ്ങൾ തൂകിനാൻ.
രാമലക്ഷ്മണർതൻ മർമ്മംതോറും മർമ്മവിചക്ഷണൻ
ക്രൂരത്ത ബാണങ്ങളാഴ്ത്തിക്കൊണ്ടാത്താൻ വീരനിടയ്ക്കിടെ.
പോത്തലയ്ക്കൽശ്ശരക്കെട്ടെ പെട്ടിട്ടാ രണ്ടുപേരുമേ
നോക്കാനശക്തരായ്ത്തീർന്നു കണ്ണിമയ്ക്കുമിടയ്ക്കകം. ൧൬
അമ്പിൻമുന തറഞ്ഞാഗമെല്ലാം വിണ്ടിരുപേർകളും,
കയർ വേർപെട്ട രണ്ടിന്ദ്രധ്വജം പോലെ വിറച്ചുപോയ്.
മർമ്മങ്ങൾ വിണ്ടു വാട്ടം പൂണ്ടതീവ വിറ കൊൾകയാൽ
വീണുപോയീ പെരുംവില്ലർ മന്നിലാ വീരമന്നവർ! ൧൮
ആ വീരർ വീരതല്പത്തിൽച്ചോര വാർന്നു കിടക്കയായ്,
സർവ്വാംഗമമ്പാൽച്ചുററപ്പെട്ടുഴൽ പൂണ്ടതിദീനാവൊട്ടം.
അവർക്കൊരു വിരൽപ്പാടില്ലംഗത്തിൽ മുറിയാതെയും,
കൈപ്പടംവരെയമ്പേറു വിള്ളാതെ, വിറയാതെയും! ൨൦
കാമരൂപോഗ്രരക്ഷസ്സു പരിക്കേല്പിയ്ക്കയാലവർ,
ഇരുപ്രസ്രവണം തണ്ണീർ പോലൊ,ഴുക്കി കടുംനിണം.
വീണാനൊന്നാമതായ് രാമൻ, മർമ്മത്തമ്പുകളേല്ക്കയാൽ!
പണ്ടമരർകോനെത്തോല്പിച്ചോനിന്ദ്രജിത്തരിശത്തിനാൽ,
പൊങ്കെട്ടി മുന തേച്ചുള്ള കീഴ്പ്പോട്ടായ്പ്പായുമമ്പുകൾ, ൨൨
നാരാച,മർദ്ധനാരാചം, ഭല്ല,മഞ്ജലികങ്ങളും
ആഞ്ഞെയ്യാൻ വത്സദന്തങ്ങൾ, സിംഹദംഷ്ട്രക്ഷുരങ്ങളും.
പൊൻ ചാർത്തി മൂന്നു വളവുള്ളതായ്,പ്പിടിയയഞ്ഞതായ്
ഞാൺ വിട്ടതാം വില്ലോടവൻ ശയിച്ചു വീരശയ്യയിൽ. ൨൪

Digitized By Kerala Sahitya Akademi

ശരതല്പത്തിലാസ്സീനം നരപുംഗവരാമനെ
കണ്ടിട്ടാ ലക്ഷ്മണന്നങ്ങു ജീവനിൽക്കൊതിയററുപോയ്!
ബാണക്കെട്ടാൽ മൂറിപ്പെട്ട രാമനബ്ജദളേക്ഷണൻ,
ജ്യേഷ്ഠൻ നിലംപൊത്തിയതു കണ്ടു മാൽ തേടിനാനവൻ. ൨൩
വാനരന്മാരുമവനെക്കണ്ടുൾ ചുട്ടു ശ്രുചാർത്തരായ്
ഘോരം നിലവിളിച്ചാരഞ്ജോ,ലോലക്കണ്ണുനീരൊടും.

നിബദ്ധരായ് വീണുകിടക്കവോരാ-
മാ വീരരെച്ചെന്നു ചുഴന്നു നിന്നാർ,
സമീരപുത്രാദികളാം പ്ലവംഗർ
വൈവശ്യമോടേററവുമല്ലൽ പൂണ്ടാർ.

—o—

## നാല്പത്താറാം സർഗ്ഗം: ഇന്ദ്രജിൽപ്രതിയാനം

—*—

കണ്ടാരാ,കാശവും മന്നുമുററുനോക്കം വനാലയർ
ശരാച്ഛാദിതരാം ഭ്രാതൃരാമലക്ഷ്മണരെത്തദാ.
പെയ്തടങ്ങിയ കാർപോലെ രാക്ഷസൻ ചെയ്തു നില്ക്കവേ,
സുഗ്രീവനൊന്നിച്ചവിടെ വന്നുചേർന്നു വിഭീഷണൻ. ൨
നീലദ്വിവിദമൈന്ദന്മാർ സുഷേണകുമുദാംഗദർ
ശീഘ്രം രാഘവരെപ്പററി മാഴ്കിനാർ വായുസൂനുവും.
നിണത്തിൽ മുങ്ങി, നിശ്ചേഷ്ടം, നിശ്ചലം, നേർത്ത വീർപ്പുമായ്,
അമ്പാൽ മറഞ്ഞിരുവരും ശരതല്പേ ശയിക്കയാം; ൪
സർപ്പങ്ങൾ പോലെ വീർപ്പിട്ടും, ചേഷ്ട കെട്ടു,ശിർ മങ്ങിയും,
ചോരയൊലുകയാൽച്ചെംപൊൻകൊടിക്കാലൊളി തേടിയും,
ചേഷ്ട നേർത്തും ശയിച്ചാരാ വീരന്മാർ വീരശയ്യയിൽ.
ആ യൂഥപാലരോ, ചുററും നിന്നാർ ബാഷ്പാകുലാക്ഷരായ്; ൬
രാഘവന്മാർ ശരാച്ഛന്നരായി വീണതു കാൺകയാൽ
നോവുൾക്കൊണ്ടാർ പ്ലവംഗന്മാരേവരും സവിഭീഷണർ.
വാനത്തും ദിക്കിലൊട്ടുക്കും നോക്കിയിട്ടും പ്ലവംഗമർ
കണ്ടില, മായയാൽപ്പോരിൽ മറഞ്ഞുള്ളിന്ദ്രജിത്തിനെ. ൮

Digitized By Kerala Sahitya Akademi

എന്നാൽ മായാമറയ്ക്കുള്ളിൽ നിന്ന സോദരപുത്രനെ
മായയാൽത്തന്നെ കണ്ടെത്തി, നോക്കുന്നേരം വിഭീഷണൻ:
നിസ്തുല്യത്തൊഴിൽ ചെയ്തോനെ,പ്പോരിൽ നിഷ്പ്രതിമല്ലനെ,
വരാപ്തിയാൽ മറഞ്ഞോനെക്കണ്ടൊനങ്ങു വിഭീഷണൻ, ൫൦
തേജസ്സു, പൗരുഷം, വിക്രാന്തിയിവ ചേരുന്ന വീരനെ.
താൻ ചെയ്തതും, പേർത്തവർ വീണതും പാർത്തിന്ദ്രജിത്തവൻ
രാക്ഷസർക്കൊക്കെയിമ്പം ചേർത്തോതിനാനതിതുഷ്ടനായ്:-
"ഖരനെദ്ദൂഷണനെയും കൊലചെയ്തു മഹാബലർ ൫൨
തീൻപോയെ,ൻശരത്താലേ രാമലക്ഷ്മണർ സോദരർ!
പററില്ലി,വരെയിബ്ബാണക്കെട്ടിൽനിന്നു വിട്ടുവാൻ,
സുരാസുരർഷിസംഘങ്ങളെല്ലാമൊത്തൊരുമിയ്ക്കിലും!
ചിന്ത പൂണ്ടല്ലലിലുഴന്നൊന്നു മൂന്നൊന്നുമൂലമോ ൫൪
മെത്ത മെയ്യാൽത്തൊടാതിങ്ങു തീൻപോകുന്നു ശർവരി
വർഷാനദിയ്ക്കൊത്തെ,ന്തൊന്നാൽക്കലങ്ങി ലങ്കയൊക്കയും;
അസ്സർവോന്മൂലനാനർത്ഥത്തിന്നിതാ, ശാന്തി ചേർത്തു ഞാൻ!
രാമനും ലക്ഷ്മണനും നിശ്ശേഷരാം വാനരക്കമേ ൫൬
പാഴായ് വിക്രമമെല്ലാമേ, ശരത്തിൽക്കാറു പോലവേ!"
എന്നാ, നോക്കമരക്കന്മാരെല്ലാരോടുമുരച്ചുടൻ,
ആ യൂഥപാലകരെയുമെല്ലാമാഞ്ഞെയ്തു രാവണി:
നീലങ്കലൊമ്പതെയ്തിട്ടു, മൈന്ദ-ദ്വിവിദർതമ്മെയും ൫൮
പീഡിപ്പിച്ചാനമിത്രഘ്നൻ, മുമ്മൂന്നഗ്ര്യശരങ്ങളാൽ;
ജാംബവാനെപ്പെരുംവില്ലൻ മാറത്തെയ്താനൊരമ്പിനാൽ;
ഊക്കിയന്ന ഹനുമാങ്കലയച്ചാൻ പത്തു സായകം;
ഗവാക്ഷൻ, ശരഭൻ, തേജസ്സേറുമീയിരുവരെയും ൬൦
പോരിലീരണ്ടിനാലെയ്താൻ വേഗമേറിയ രാവണി;
ഗോലാംഗുലേശനിലും, ബാലിപുത്രാംഗദങ്കലും
അമ്പനേകം തെരുതെരെയെയ്തുവിട്ടിതു രാവണി.
അക്കപിശ്രേഷ്ഠരെച്ചെന്തീജ്ജ്വാലയ്ക്കൊത്ത ശരങ്ങളാൽ ൬൨

Digitized By Kerala Sahitya Akademi

പിളൎത്താൎത്താൻ പ്രബലനാ, നൈരൃതമുഖ്യനാ രാവണി.
അഗ്നിശരശ്രേഷ്ഠരൌഘത്താൽ വിറപ്പിച്ചും ഞെരുക്കിയും
ചിരിക്കൂട്ടീടിനാനേ, വരരഥമെയ്സ്താൻ മഹാഭുജൻ:—
'ഘോരമാം ശരബന്ധത്താൽബ്ബന്ധിച്ചേൻ പടമുന്നിൽ ഞാൻ,
കാണ്കി, ജ്യേഷ്ഠാനുജന്മാരെയൊപ്പംതന്നെയരക്കരേ!'
എന്നു കേട്ടാ, നിശാടന്മാരേവരും ക്രൂരയോധികൾ
അച്ചെയ്യനയിലിമ്പം പൂണ്ടു, ത്യന്താ വിസ്മയിച്ചുമേ പോയ്.
ചീൎത്ത ശബ്ദങ്ങളും കൂട്ടി, കാർകൾ പോലവരേവരും; ൨൬
ഹതനായ് രാമനെന്നോൎത്തു വാഴ്ത്തി രാവണപുത്രനെ
വീൎപ്പറനക്കമില്ലാത്താ രാമലക്ഷ്മണരെബ്ഭുവി
കണ്ടിട്ടി,രുവരും കൊല്ലപ്പെട്ടതായ്ത്തന്നെ നണ്ണിനാൻ;
അതിനാൽത്തുഷ്ടി പൂണ്ടിന്ദ്രജിത്തു, പോരിൽജ്ജയിപ്പവൻ ൨൮
രാക്ഷസക്കൊക്കെയിമ്പം ചേൎത്തുൾപ്പുക്കി ലങ്കയാം പുരം.
രാമലക്ഷ്മണർതന്നെസ്സുമംഗോപാംഗമെങ്ങുമേ
ബാണം നിറഞ്ഞതായ്ക്കണ്ടു സുഗ്രീവൻ ഭയമാൎന്നുപോയ്.
പേടിച്ചു കണ്ണീരൊഴുകി ശോകം ചിന്നിയ കണ്ണുമായ് ൩൦
വശംകെട്ട കപിശ്രേഷ്ഠനോടു ചൊന്നാൻ വിഭീഷണൻ:—
"പോരുമേ ഭീതി സുഗ്രീവ, നിൎത്തു കണ്ണീരൊഴുക്കിനെ:
യുദ്ധങ്ങളീനിലയ്ക്കത്രേ; നിയമേന വരാ ജയം.
നമുക്ക വീര, ഭാഗ്യത്തിൻ ബാക്കിയുണ്ടെന്നിരിയ്ക്കുകിൽ ൩൨
മോഹാലസ്യം വെടിയു,മീ മഹാത്മാക്കൾ മഹാബലർ!
ഉൾക്കനാം ചേൎക്കുകങ്ങയ്ക്കും, നാഥനില്ലാത്തെനിയ്ക്കുമേ:
ഇല്ലല്ലോ, സത്യധൎമ്മനിഷ്ഠൎക്കുപമൃത്യുഭയം കപേ!"
എന്നു ചൊല്ലി,ജ്ജലംകൊണ്ടു നനയ്ക്കപ്പെട്ട കയ്യിനാൽ ൩൪
സുഗ്രീവൻെറ സുനേത്രങ്ങൾ തുടച്ചാനാ വിഭീഷണൻ;
വെള്ളം കയ്യിലെടുത്തിട്ടു മന്ത്രാം ചൊല്ലിസ്സുധാൎമ്മികൻ
സുഗ്രീവനുടെ നേത്രങ്ങൾ തുടച്ചാനാ വിഭീഷണൻ.
ധീമാനം വാനരേന്ദ്രൻെറ മുഖം തൊട്ടുതുടച്ചവൻ ൩൬



Digitized By Kerala Sahitya Akademi

സമയോചിതമീവണ്ണം ചൊന്നാൻ സംഭ്രമമെന്നിയേ:—
"ഇപ്പോളധൈര്യമുൾക്കൊള്ളായ്കങ്ങു കീശേശ്വരേശ്വര:
ഇക്കട്ടത്തിലതിസ്നേഹംപോലും മരണഹേതുവാം!
അതിനാൽ,സ്വവ്കാര്യഘ്നമധൈര്യം കൈവെടിഞ്ഞുടൻ,
വേണ്ടുന്നതെന്തു രാമാദിസേനയ്ക്കെന്നു നിനയ്ക്ക നീ.
അഥവാ, രാമനിൽക്കാവൽനില്ക്കാം, ബോധം വരുംവരെ:
ബോധമാന്നാൽബ്ഭയം പോകമല്ലോ നമ്മൾക്കു രാഘവർ.
ഇതെന്തു സാരം രാമന്നിപ്പോഴോ രാമന്നു മൃത്യുവു:
നില്പുണ്ടല്ലോ, ഗതായുഷ്കരല്പശ്രീയിവൻറമേൽ.
അതിനാലാശ്വസിച്ചാലും; നിത്തുകാത്മബലത്തെയും;
സൈന്യത്തെയൊക്കവേ വീണ്ടുമുറപ്പിയ്ക്കുന്നതുണ്ടു ഞാൻ:
ഇതാ, ഭയാൽ നിറംമാറി, മിഴിഞ്ഞിടിന കണ്ണുമായ്
തമ്മിൽച്ചെവിയിൽ മന്ത്രിപ്പൂ കീശന്മാർ കീശസത്തമ!
ചെന്നെത്തുമെന്നെക്കണ്ടിട്ടു ഹൃഷ്ടരായ്ക്കപിസൈനികർ
വെടിയട്ടേ ഭയം, മല്ലാടിട്ട പൂമാലപോലവേ!"
സുഗ്രീവനാശ്വാസമണച്ചാ,ശരേന്ദ്രൻ വിഭീഷണൻ
വീണ്ടും സമാശ്വസിപ്പിച്ചാനാ,പ്പാഞ്ഞ കപിസേനയെ.

ഇന്ദ്രജിത്തോ, മഹാമായൻ സവ്സൈന്യപരീതനായ്
ലങ്കാനഗരിയുൾപ്പുക്കാൻ, ചെന്നുകണ്ടാൻ പിതാവിനെ;
ഇരിയ്ക്കുമാ രാവണനെ വന്ദിച്ചു തൊഴുകയ്യുമായ്
രാമലക്ഷ്മണരെക്കൊന്നൊന്നച്ഛനോടോതിനാൻ പ്രിയം.
ഉടൻ ഹർഷിച്ചെഴുന്നേററാൻ, മകനെത്തഴുകീടിനാൻ
രാവണൻ രാക്ഷസനടുക്ക,രാതിഹതി കേൾക്കയാൽ.
മൂർധ്നി ചുംബിച്ചി,വനോടു ചോദിച്ചാനു,ൾ തെളിഞ്ഞവൻ;
ചോദിച്ചതുള്ളമച്ഛനുകൽശ്ശരിയ്ക്കെല്ലാമുണത്തിനാൻ,
ബാണക്കെട്ടാലവർ നിറം കെട്ടടങ്ങിയ വാത്തയെ.

മഹാരഥൻതൻ വചനം ശ്രവിച്ചി-
ട്ടവൻ ഭ്രമമാകുലമാർത്തനായി,

Digitized By Kerala Sahitya Akademi

കാകുത്സ്ഥനാലേശിയ മാൽ വെടിഞ്ഞു,
കൊണ്ടാടി വാഴ്ത്തീ മകനെസ്സഹർഷം. ൩൦

—:*:—

## നാല്പത്തേഴാം സർഗ്ഗം: മൂർച്ഛിതരാഘവപ്രദർശനം.

—o—

കൃതാർത്ഥനായ് രാവണജൻ ലങ്കായുൾപ്പുക്കവേളയിൽ,
ചുഴന്നു രാമനെക്കാത്താരാർത്തരാം വാനരർഷഭർ:
ഹനുമാനംഗദൻ, നീലൻ, സുഷേണൻ, കുമുദൻ, നളൻ,
ഗജൻ, ഗവാക്ഷൻ, ഗവയൻ, ശരഭൻ, ഗന്ധമാദനൻ, ൨
രംഭ-ഷഭസ്കന്ധർ, ശതബലി, യജ്ജാംബവാൻ, പൃഥു,
ക്രുദ്ധിച്ചണിപടക്കാരും, മരം കൈക്കൊണ്ടു നീളവേ;
മേലും വിലങ്ങും ദിക്കെങ്ങും നോക്കിനില്ക്കുന്ന വാനരർ,
പുല്ലനങ്ങുമ്പൊഴും, നക്തഞ്ചരരെന്നു നിനച്ചുപോയ്! ൪
രാവണൻ ഹർഷമാർന്നിന്ദ്രജിത്തുന്നിയെയയച്ചുടൻ
വിളിച്ചാൻ, സീതതൻ കാവല്ക്കാരാം രാക്ഷസിമാർകളെ.
വന്നെത്തീ രാക്ഷസികളുമാജ്ഞയാൽ ത്രിജടാഖ്യയും;
ആ രാക്ഷസികളോടോതി, ഹൃഷ്ടനാം രാക്ഷസാധിപൻ:— ൬
"ചൊൽ സീതയോടി,ന്ദ്രജിത്തിൻ രാമലക്ഷ്മണനിഗ്രഹം;
കാണിപ്പിൻ പുഷ്പകം കേററി,ക്കൊല്ലപ്പെട്ടോരെയാഹവേ.
എവൻെറ താങ്ങോർത്തു തെളിഞ്ഞെത്ത,ന്നൽച്ചേരുന്നതില്ലവൾ,
അത്തദ്ഭർത്താവു പോർമുന്നിൽ വീഴ്ത്തപ്പെട്ടു സഹാനുജൻ. ൮
വിശങ്ക കൈവിട്ടി,ടർ വിട്ടാ,ശയും വിട്ടു മൈഥിലി
എന്നോടിണങ്ങുമേ സീത, മൈക്കോപ്പെല്ലാമണിഞ്ഞിനി;
ഇന്നു പോരിൽ മൃതിപ്പെട്ട ലക്ഷ്മണൻ ചേർന്ന രാമനെ
കണ്ടു ഭഗ്നാശയായ്, മറെറാരാശ്രയം കണ്ടിടായ്കയാൽ ൧൦
താന്താൻ ചേരും വിശാലാക്ഷി നമ്മോടു നിരപേക്ഷമേ!"
ആ രാവണൻ ദുരാത്മാവീവണ്ണം ചൊന്നതു കേട്ടുടൻ,
'എന്നാണെ'ന്നാ,ശരസ്ത്രീകൾ ചെന്നാർ പുഷ്പകസന്നിധൌ.
എന്നിട്ടാ രാക്ഷസസ്ത്രീകൾ പുഷ്പകം രാവണാജ്ഞയാ ൧൨

Digitized By Kerala Sahitya Akademi

കൊണ്ടുചെന്നാര,ശോകക്കാവിങ്കൽസ്സീതയ്ക്കു ചാരവേ.
പിടിച്ചാബ്ദൎത്തശോകാൎത്തയായ വൈദേഹപുത്രിയെ
അപ്പുഷ്പകവിമാനത്തിൽക്കേററിനാരാശരത്തികൾ.
സീതയെ ത്രിജടോപേതം പുഷ്പകേ കേററിവെച്ചുടൻ ൧൪
രാമലക്ഷ്മണരെക്കാട്ടാൻ തിരിച്ചാരാശരത്തികൾ.
ലങ്കയിങ്കൽക്കൊടികൊടിക്കൂർൽകൾ നാട്ടിച്ചു രാവണൻ;
നടത്തി തുഷ്ടനായ്ക്കൊട്ടിയറിയിപ്പുമരക്കർകോൻ,
രാമലക്ഷ്മണരെപ്പോരിലിന്ദ്രജിത്തു വധിച്ചതായ്. ൧൫
വിമാനമേറിപ്പോന്നിട്ടാ ത്രിജടാന്വിത സീതയും
കണ്ടാളൊട്ടുക്ക വീഴിയ്ക്കപ്പെട്ട വാനരസേനയെ;
കണ്ടാള,ല്ലാസമുൾക്കൊണ്ട പിശിതാശഗണത്തെയും,
രാമലക്ഷ്മണപാൎശ്വത്തിൽത്തീനരാം കീശർതമ്മെയും. ൧൬
കാണായ് സീതയ്ക്കിരുവരും വീരരാം രാമലക്ഷ്മണർ
അമ്പേററ നോവാലുൾബ്ബോധം കെട്ടു, വില്പിടി വിട്ടുപോയ്,
സൎവ്വാംഗവും ശരൌഘത്താൽ മുറിഞ്ഞും, ചട്ട കീറിയും,
ശരസ്തംബാരോയ് മന്നിൽസ്സുരതല്പേ ശയിപ്പതും! ൨൦
പള്ളികൊള്ളുകയാണങ്ങാ ഭ്രാതൃവീരനരൎഷഭർ,
രണഗേനിജകുമാരന്മാർ പോലേ നാളീകലോചനർ;
ശരതല്പത്തിലമ്മട്ടാം പുരുഷൎഷഭവീരരെ
കണ്ടു ദുഃഖാൎത്തയായ്സ്സീത വിലപിച്ചാൾ തുലോം ചിരം. ൨൧
പൊടിയിൽപ്പിടയും ഭൎത്താവെയും സൌമിത്രിതന്നെയും
കണ്ടിട്ടു കേണാൾ വൈദേഹി, കൺ കറുത്ത വരാംഗിയാൾ.

ദേവാത്മജപ്രാഭവയുക്തരാമാ-
ഭ്രാതാക്കളെ ക്കണ്ടഴലശ്രു ചിന്നി,
അവൎക്കു പററീ വധമെന്നു നണ്ണി-
സ്സന്താപമുൾക്കൊണ്ടവളേവമോതി. ൨൪

—(*)—

Digitized By Kerala Sahitya Akademi

## നാല്പത്തെട്ടാം സർഗ്ഗം: സീതാവിലാപം.

—(൦)—

കാന്തന്റെയും,കരുത്തേറും സൌമിത്രിയുടെയും വധം
കണ്ടു,ള്ളൽ മൂത്തു വല്ലാതെ വിലപിച്ചിതു മൈഥിലി.
"ലക്ഷണജ്ഞരവൈധവ്യം, പുത്രസമ്പത്തുമോതി മേ;
ആ വിജ്ഞരെല്ലാം നുണയരി,ന്നു രാമന്റെ നിഗ്രഹാൽ! ൨
യജ്ഞസത്രിയ്ക്കു ഞാനഗ്ര്യപത്നിയെന്നോവരോതിയോ,
ആ വിജ്ഞരെല്ലാം നുണയരി,ന്നു രാമന്റെ നിഗ്രഹാൽ!
ഛാരേ, നല്ലവൾ ഞാനെന്നു ചൊന്നല്ലോ ജ്യോത്സ്യരന്തണർ;
ആ വിജ്ഞരെല്ലാം നുണയരി,ന്നു രാമന്റെ നിഗ്രഹാൽ! ൪
ആർ ചൊല്ലി, വീരഭൂപാലപത്നി ഞാൻ ധന്യയെന്നുമേ,
ആ വിജ്ഞരെല്ലാം നുണയരി,ന്നു രാമന്റെ നിഗ്രഹാൽ!
ഇതാ, പത്മങ്ങളെൻകാലിലി,വയുള്ള വധൂടിമാർ
രാജ്യാഭിഷേകമേല്ക്കും പോൽ ഭർത്തൃഭൂപരൊടൊപ്പമേ! ൬
ഭാഗ്യം വരാതെ വൈധവ്യം പററും ലക്ഷണമൊന്നുമേ
നോക്കുമ്പോളെങ്കൽക്കാണ്മീലാ; ലക്ഷണം കെട്ടൊരുത്തി ഞാൻ!
സ്ത്രീയ്ക്കു പത്മങ്ങൾ സാൎത്ഥങ്ങളെന്നാത്രേ ലക്ഷണോദിതം;
പാഴിലായ്ത്തീന്നിതതെനിയ്ക്കി,ന്നു രാമന്റെ നിഗ്രഹാൽ! ൮
നേൎത്തിരുണ്ടൊപ്പമെൻകുന്തൽ; കൂടിച്ചേൎന്നില്ല ചില്ലികൾ;
രോമമില്ലാതുരുണ്ടാണെൻ ജംഘ; പല്ലിടതൂൎന്നതാം;
കൺ, ചെന്നി, കൈ,കാൽ, തുട,യെൻഗുല്ഫവും പുഷ്ടിയുള്ളതാം;
സ്നിഗ്ദ്ധം സുവൃത്തനഖമെൻവിരൽ വേണ്ടും കണക്കിലാം; ൧൦
തിങ്ങിവിങ്ങിക്കുന്നു കഴിഞ്ഞവയാണെന്റെ കൊങ്കകൾ;
കുഴിഞ്ഞുയൎന്നതെൻപൊക്കിൾ; മാംസളം വിരിമാറിടം;
എൻവൎണ്ണമോ മണിയ്ക്കൊപ്പം; രോമങ്ങൾ മയമുള്ളവ;
'പററടി'ക്കാരി ഞാൻ ചൊല്ലപ്പെട്ടേൻ സല്ലക്ഷണാഢ്യയായ്!
യവചിഹ്നിതമാം, കൈകാലി,ടചേൎന്ന തുടത്തതാം;
പെൺനോട്ടക്കാരരുളിനാരെ, ന്നെസ്സുസ്മിതയെന്നുമേ.

Digitized By Kerala Sahitya Akademi

എനിയ്ക്കു ഭർത്താവിനോടൊന്നിച്ചു രാജ്യാഭിഷേചനം
ചൊന്നല്ലോ ജ്യോത്സ്യരാം വിപ്രർ,തൊട്ടുകൾ പിഴച്ചുപോയ്! ൧൪
ജനസ്ഥാനത്തിലാരാഞ്ഞു വർത്തമാനമറിഞ്ഞുടൻ
അക്ഷോഭ്യാബ്ധി കടന്നിട്ടു, ഗോഷ്പദേ ഹതർ സോദരർ!
എന്നാൽ,വാരുണ, മാഗ്നേയ,മൈന്ദ്രം, വായവ്യമെന്നതും,
അസ്ത്രം ബ്രഹ്മശിരസ്സും നേർക്കറിവോരല്ലി രാഘവർ? ൧൬
മറഞ്ഞുനിന്നുതാൻ രാമലക്ഷ്മണന്മാരെ മായയാ
കൊന്നാന,നാഥയാമെൻെറ നാഥരെ,ശ്ശക്രതുല്യരെ;
പോരിൽക്കാകുത്സ്ഥന്റെ കൺമുമ്പിൽപ്പെട്ടുകിലോ,രിപു
തിരിയ്ക്കില്ലയിരോടല്ലോ, മനോവേഗാഢ്യനാകിലും! ൧൮
കാലത്തിന്നൊക്കെ നിസ്സാരം; ദൈവവും ദുർജ്ജയം തുലോം:
വീഴിയ്ക്കപ്പെട്ടുപോയല്ലോ രാമൻ പോരിൽസ്സഹാനുജൻ!
മാലില്ല മേ രാമനിലും, ബലവാൻ ലക്ഷ്മണനിലും,
എങ്കൽ, മാതാവിലും, സാധുശ്വശ്രുവിങ്കലെഴുംവിധം ൨൦
അവൾക്കിതേ ചിന്ത സദാ, 'സീതാലക്ഷ്മണരാഘവർ
സമാപ്തവ്രതരായ് വന്നുചേർന്നതൊന്നൊന്നു കാണ്മു ഞാൻ!'"
വിലപിച്ചീടുമവളോടോതി ത്രിജട രാക്ഷസി:—
"മാഴ്കൊലാ ദേവി! ജീവിയ്ക്കുന്നുണ്ടു നിൻപതിയാമിവൻ. ൨൨
പറയാം ദേവി, ഞാൻ തക്ക വലുതാം കാരണങ്ങളും,
ഈ രാമലക്ഷ്മണഭ്രാതാക്കന്മാർ ജീവിപ്പിതെന്നതിൽ:
ക്രോധപൂരിതമായ്ത്തീരാ, ഹർഷൗത്സുക്യം വഹിച്ചിടാ,
സ്വാമി പോരിൽക്കൊലപ്പെട്ടാൽപ്പടയാളികൾതൻ മുഖം! ൨൪
പുഷ്പകാഹ്വയമാം ദിവ്യമീ വിമാനം വിദേഹജേ,
വഹിയ്ക്കാ നിന്നെയീവണ്ണ,മിവർ തീർപ്പെട്ടിരിയ്ക്കുകിൽ!
വീരമുഖ്യർ കൊലപ്പെട്ടാൽ,സ്സൈന്യമുത്സാഹശൂന്യമായ്
ചുറ്റുമല്ലോ രണേ, നീരിൽച്ചുക്കാൻ പോം തോണി പോലവേ;
ഇസ്സൈന്യമോ, ഭയം തേടാതു,ഴലാതെ,.കരുത്തൊട്ടും ൨൬
കാവൽ നില്പൂ, സഹർഷം ഞാൻ കഥിച്ച രഘുപുത്രരിൽ.

Digitized By Kerala Sahitya Akademi

അതിനാൽ വിശ്വസിച്ചാലും വ്യക്തചിഹ്നങ്ങൾകൊണ്ടു നീ:
ഹതരല്ലോക്ക കാകുത്സ്ഥർ; ചേഷ്ടയാൽച്ചൊൽവതാണു ഞാൻ.
ഭോഷ്ക മുന്നം പറഞ്ഞിട്ടില്ലെ;ന്നാ ചൊല്ലുകയുമില്ല ഞാൻ;
ചാരിത്രസത്സ്വഭാവത്താലെന്നുള്ളിൽപ്പുക്കിരിപ്പു നീ!
വെല്ലാവല്ലിവരെപ്പോരിൽസ്സുരന്മാർ വാസവർക്കുമേ;
അമ്മട്ടാം നില കണ്ടിട്ടാണ,റിയിക്കുന്നു നിന്നാൽ ഞാൻ. ൩൦
നിഷ്ഠി മഹാലക്ഷണനാരുമാരുമാകെ മൈഥിലി:
മൂർച്ഛിച്ചാലും, വിടന്നില്ല കാന്തിയി ലക്ഷണങ്ങളെയും:
മൃതരല്ലാത്തവരെയെന്ന്സ്ഥാനങ്ങളിലായിർ പോകില്ലൊ,
മുഖത്തു നോക്കിയാലുണ്ടാം, വല്ലതാമെന്ന വൈകൃതം. ൩൨
ത്യജിയ്ക്ക മാലും മറിവും മങ്ങലും ജനകാത്മജ:
രാമലക്ഷ്മണർ ജീവിയ്ക്കാതിരിപ്പാനില്ല സംഗതി."
അവൾതൻ വാക്ക കേട്ടിട്ടു സീത ദേവസുതാഭയാൾ,
'ഇവ്വണ്ണംതന്നെയാകെ'ന്നാൾ തൊഴുകൈ പൂണ്ടു മൈഥിലി. ൩൪
അപ്പുഷ്പകവിമാനം പിന്തിരിയിച്ചു മനോജവം
ലങ്കയ്ക്കു കൊണ്ടുപോയ്, മാഴ്കും സീതയെ ത്രിജടാഖ്യയാൾ.
അവളൊത്തപ്പുഷ്പകത്തിൽനിന്നിറങ്ങിയ സീതയെ
അശോകവനിയിൽത്തന്നേ കൊണ്ടാക്കി രാക്ഷസത്തികൾ. ൩൬

ബഹുദ്രുമൌഘാവൃതമാശരേന്ദ്ര-
ക്കളിപ്പറമ്പാമതണഞ്ഞു സീത,
താൻ കണ്ട രാജാത്മജരെക്കുറിച്ചു
ചിന്തിച്ചു വല്ലാത്ത വിഷാദമാണ്ടാൾ.

—※—

നാല്പത്തൊമ്പതാം സർഗ്ഗം: രാമപ്രബോധനം.

---

ഘോരമാം ശരബന്ധത്തിൽപ്പെട്ടു ദശരഥാത്മജർ,
സർപ്പങ്ങൾ പോലെ വീർപ്പിട്ടു ചോര വാർന്നു കിടക്കവേ,
മാലിൽമുങ്ങിസ്സസുഗ്രീവരക്കപിശ്രേഷ്ഠരവരതും
ആ മഹാത്മാക്കളെച്ചുററി നിന്നുകൊണ്ടാർ മഹാബലർ. ൧

Digitized By Kerala Sahitya Akademi

ഇതിന്നിടയ്ക്കുണർന്നോനാ, വീര്യവാനായ രാഘവൻ
ബാണബന്ധനമേററാലും, നൊമ്പരപ്പാൽക്കരുത്തിനാൽ;

ഉടനെ,മ്പേററമേററാസ്യം വാടിയും ചോര തൂകിയും
വലഞ്ഞ തമ്പിയെക്കണ്ടു വിലപിച്ചാൻ വിഹസ്തനായ്:—
"സീതയാലെന്തു കാര്യം മേ? കാര്യമെന്തുയിരാലുമേ?
മർത്ത്യരിൽത്തേടിയാൽക്കിട്ടാം സീതയ്ക്കൊത്തൊരു പെണ്ണിനെ;
കിട്ടാ, പോരിൽത്തുണയ്ക്കും പ്രാണനാം ലക്ഷ്മണനൊത്ത തമ്പിയെ! ൬

ത്യജിയ്ക്കുവൻ പ്രാണനെ ഞാൻ കീശർതൻ മുമ്പിൽവെച്ചുതാൻ,
സുമിത്രാനന്ദനൻ മൃത്യുവശനായെന്നിരിയ്ക്കുകിൽ!
എന്തോതുമമ്മ കൌസല്യയോടും കൈകേയിതന്നൊടും?
മകനെക്കാണുവാൻ വെമ്പുമമ്മയായ സുമിത്രയെ, ൮

വിറ പൂണ്ടുണ്ണിയില്ലാഞ്ഞു കരരിയ്ക്കൊത്തു കേഴവേ,
എന്മട്ടൊന്നാശ്വസിപ്പിയ്ക്കു,മവനില്ലാതെ ചെന്നു ഞാൻ?
ശത്രുഘ്നനോടെന്തോതും, പേരാളും ഭരതനോടുമേ,
ഞാനൊത്തു കാട്ടിൽപ്പോന്നോനെക്കൂടാതങ്ങോട്ടു ചെന്നു ഞാൻ?
സുമിത്രതൻ ശകാരം ഹാ, സഹിപ്പാൻ ശക്തനായ്വരാ;
ഇങ്ങുതാനുടൽ പോക്കുന്നേൻ; വയ്യാ ജീവിച്ചിരിയ്ക്കുവാൻ!
ആയായ്, ദുഷ്ടൻ നികൃഷ്ടൻ ഞാനെ;-നിയ്ക്കായല്ലി ലക്ഷ്മണൻ
മരിച്ചപോലിതാ, വീണുകിടപ്പൂ ശരശയ്യയിൽ! ൧൨
ആശ്വസിപ്പിച്ചുപോന്നു നീയാർത്തനാമെന്നെ ലക്ഷ്മണ;
മരിയ്ക്കയാലിന്നാളല്ലാ, മാഴ്കുമെന്നോടു മിണ്ടുവാൻ!
ആരിന്നനേകാശരരെപ്പോരിങ്കൽക്കൊന്നുവീഴ്ത്തിയോ,
ആ വീരൻ വൈരിഹതനായമ്മന്നിൽത്താൻ കിടക്കയായ്! ൧൪

തൻചോരയിൽക്കുളിച്ചോനീ,ശ്ശരതല്പേ ശയിപ്പവൻ
വിളങ്ങുന്നു ശരച്ഛാത്താല,സ്തഗൻ രവി പോലവേ!
മർമ്മത്തെമ്പാററുവശാലാളാകുന്നില മിണ്ടുവാൻ;
ചൊല്ലാതെയു,മിവൻതൻ നോവറിയാം കൺചുകപ്പിനാൽ! ൧൬

Digitized By Kerala Sahitya Akademi

എമ്മട്ടോ കാട്ടിലെയ്ക്കെന്നൊപ്പിന്തുടൎന്നു മഹാപ്രഭൻ,
അമ്മട്ടേ പിന്തുടരുവനിവനെക്കാലനുക്കു ഞാൻ!
എന്നുമെന്നെപ്പിന്തുടൎന്നോനെ,ന്നമേ ബന്ധുവത്സലൻ
ഇനീ നിലയിലായല്ലോ, നീചനാമെന്നനീതിയാൽ! ൧൮
ഞാനോൎമ്മിപ്പീലെ,ത്ര ശ്രദ്ധി വന്നാലും വീരലക്ഷ്മണൻ
അനിഷ്ടമോ പരുഷമോ വല്ലപ്പോഴുമുരച്ചതായ്!
ഒരൊററയ്ക്കിലഞ്ചുരു ശരമാരെയ്തിരുന്നവോ,
ഇഷ്വസ്ത്രങ്ങളിലക്കാൎത്തവീൎയ്യനും മീതെ ലക്ഷ്മണൻ! ൨൦
അസ്ത്രത്താലമ്മഹേന്ദ്രൻറയസ്ത്രവും പോക്കുവോനിതാ,
മന്നിൽശ്ശയിപ്പൂ ഹതനായ്, മെത്തരം മെത്ത വേണ്ടവൻ!
എന്നെയപ്പോഴപോവാതം ചുട്ടെരിയ്ക്കുമസംശയം:
അരക്കർകോനാക്കിലല്ലോ, വിഭീഷണനെയിന്ദ്ര ഞാൻ! ൨൨
സുഗ്രീവ, തിരിയേ പോയ്ക്കൊൾകിപ്പോൾത്താനിങ്ങുനിന്നു നീ:
ഞാനില്ലെന്നോൎത്തു രാജാവേ, നേരിട്ടേയ്ക്കും ദശാനനൻ;
നീയംഗദനെ മുന്നിൎത്തിസ്സൈന്യബന്ധുജനത്തൊടും
കടന്നുകൊൾക സുഗ്രീവ, സനീലനളനായ്ക്കടൽ. ൧൪
ചെയ്തു ഹനുമാൻ യുധി, മററാൎക്കും വയ്യാത്തതാം തൊഴിൽ;
പ്രീതൻ ഞാനൃക്ഷരാജങ്കൽ,ഗ്ഗോലാംഗൂലാധിപങ്കലും;
തൊഴിലംഗദനും ചെയ്തു; ചെയ്തു ദ്വിവിദമൈന്ദരും;
യുദ്ധം കേസരിയും ചെയ്തു, ഘോരം സമ്പാതിയും രണേ; വന്നു
ഗവാക്ഷനും, ഗവയനും, ഗജനും, ശരഭാഖ്യനും,
മററുവാനരരും ചെയ്താരെ,നിയ്ക്കായുയിർവിട്ടവർ;
മൎത്ത്യക്കാവില്ല സുഗ്രീവ, ദൈവത്തെത്തട്ടിനീക്കുവാൻ!
സ്നേഹിതന്നും സുഹൃത്തിന്നുമാവതെന്തോ പരന്തപ, ൨൮
അതെല്ലാം ചെയ്തു സുഗ്രീവ, ധൎമ്മൈകമതിയാം ഭവാൻ!
മിത്രകൃത്യമിതാ, ചെയ്തു നിങ്ങൾ വാനരസിംഹരേ;
വിട തന്നേനി,നി സ്വൈരം പോയ്ക്കൊൾവിൻ നിങ്ങളേവരും!"
അവൻറയാവലാതിച്ചൊൽ കേട്ടു വാനരരേവരും ൩൦



Digitized By Kerala Sahitya Akademi

ഓലോലക്കണ്ണുനീർ വാർത്തു തുടുത്തീടിന കണ്ണുമായ്.
ഉടൻ, പടയെ മുച്ചൂടുമുറപ്പിച്ചു വിഭീഷണൻ
വെമ്പിത്തിരിച്ചു രാമന്റെ ചാരത്തെയ്ക്കു ഗദാധരൻ.
നീലാഞ്ജനചയാകാരനവൻ വേഗേന ചെല്കവേ, ൩൨
കണ്ടു, രാവണിയെന്നോർത്തു മണ്ടീ വാനരരേവരും!

—*—

## ഐമ്പതാം സർഗ്ഗം: നാഗാസ്ത്രമോചനം.

—o—

ചോദിച്ചാനഥ തേജസ്വി ഹരിരാജൻ മഹാബലൻ:—
'എന്താണുഴന്നതീസ്സൈന്യം, വങ്കാററിൽത്തോണി പോലവേ?'
സുഗ്രീവമൊഴി കേട്ടോതി ബാലിനന്ദനനംഗദൻ:—
'കണ്ടീലയോ, രാമനെയും ബലി ലക്ഷ്മണനേയുമേ? ൨
രണ്ടുപേരും, ദശരഥാത്മജർ, വീരർ, മഹാശയർ
അമ്പാൽ മൂടി നിണം വാർന്നു ശരതല്പേ ശയിക്കയാം!'
ഉണ്ണിയാംഗദനോടോതീ സുഗ്രീവകപിരാജനും:—
'ഇതുകൊണ്ടായിരിക്കില്ലാ; ഭയം നേരിട്ടിരിക്കണം: ൪
മുഖം വാടി പ്ലവംഗന്മാരായുധങ്ങൾ വെടിഞ്ഞിതാ,
ഭയാൽ മിഴിഞ്ഞ കണ്ണോടേ പായുന്നു ദിക്കിലൊക്കയും.
തമ്മിൽ നാണിച്ചിടുന്നില്ല; നോക്കിടുന്നില്ല പിമ്പുറം;
ചാടിക്കടപ്പൂ വീണോനെ;-ത്തട്ടിനീക്കുന്നു തങ്ങളിൽ.' ൬
ഇതിന്നിടയിലാ, വീരൻ ഗദാപാണി വിഭീഷണൻ
സുഗ്രീവരാഘവന്മാരെജ്ജയാശിസ്സാൽ വളർത്തിനാൻ.
ആ വിഭീഷണനാൽബ്ഭീതർ കീശരെന്നതറിഞ്ഞുടൻ.
സുഗ്രീവനോതി, ചാരത്തുള്ളൃക്ഷരാട്ജാംബവാനൊടായ്:- ൮
'വിഭീഷണനിതാ, വന്നാനി;-തു കണ്ടാണു,ഭീതരായ്
മണ്ടുന്നതു കപിവ്യാഘ്രരി'ന്ദ്രജിത്തെന്ന ശങ്കയാൽ.
പാരം പേടിച്ചു പലപാടേപ്പട്ടമിക്കൂട്ടരെ ദ്രുതം
നിർത്തുകീ, വന്നതു വിഭീഷണനെന്നുരചെയ്ക നീ.' ൧൦

Digitized By Kerala Sahitya Akademi

സുഗ്രീവനിത്ഥ ചൊന്നാറേ ജാംബവാനൃക്ഷമന്നവൻ
വിലക്കിയാശ്വസിപ്പിച്ചാനോ,ടിപ്പോക്കും പ്ലവംഗരെ.
പിന്തിരിച്ചിതു സംഭ്രാന്തി വിട്ടാ വാനരരേവരും,
ഋക്ഷേശവചനം കേട്ടും, വിഭീഷണനെ നോക്കിയും. ൧൨
വിഭീഷണൻ സുധർമ്മിഷ്ഠൻ രാമലക്ഷ്മണർതന്നുടൽ
അമ്പാൽ മൂടിയതായ്ക്കണ്ടിട്ടതിവേദന തേടിനാൻ.
നനച്ച കൈകൊണ്ടവർതൻകണ്ണു രണ്ടും തുടച്ചവൻ
ശോകാർത്തചിത്തനായ്ക്കേണാനാ, വലാതികൾ ചൊല്ലിനാൻ:-
'ഇതാ, പ്രിയായോധനരാം കരുത്തേറിയ വീരരെ
ഈ നിലയ്ക്കാക്കിവിട്ടല്ലോ, കള്ളപ്പോരാടി രാക്ഷസർ!
ദുഷ്ടപുത്രൻ ദുരാത്മാവെൻഭ്രാതാവിൻ പുത്രനാമവൻ
ഋജുവീര്യരെ വഞ്ചിച്ചാൻ വക്രരാക്ഷസബുദ്ധിയാൽ! ൧൬
ശരങ്ങൾ വല്ലാതെ തറഞ്ഞു,തിരം വാർന്നൊലിച്ചിതാ,
നിലത്തു പള്ളികൊള്ളുന്നു, മുള്ളൻപന്നികൾ പോലിവർ!
ആർതൻ വീര്യം പിടിച്ചിട്ടോ നിലനില്പു കൊതിച്ചു ഞാൻ,
ആ രണ്ടു മർത്ത്യർഷഭരും മരിയ്ക്കാനായ്ക്കിടക്കയാം! ൧൮
ഞാനിന്നു ജീവന്മൃതനായ് രാജ്യവാഞ്ഛ നശിയ്ക്കയാൽ;
പ്രതിജ്ഞ നേടിച്ചരിതാർത്ഥനമായ് ശത്രു രാവണൻ!'
ഈവിധം വിലപിച്ചീടുമാ വിഭീഷണനെദ്ദൃഢം
പുണർന്നോ,ജസ്വി സുഗ്രീവൻ കപിരാജാവിതോതിനാൻ:— ൨൦
'രാജ്യം ധർമ്മജ്ഞ, നേടും നീ ലങ്കയിൽ, ശങ്കയില്ലിതിൽ;
ആ രാവണനുമുണ്ണിയ്ക്കും കൈവരില്ലിങ്ങു കാംക്ഷിതം.
അത്രയ്ക്കല്ലുലിവക്കില്ലാ; രണ്ടാളും രാമലക്ഷ്മണർ
മൂർച്ഛ വിട്ടടരിൽക്കൊല്ലും കൂട്ടത്തോടേ ദശാസ്യനെ!' ൨൨
എന്നാ രാക്ഷസനിൽസ്സാന്ത്വം ചൊന്നാശ്വാസമണച്ചുടൻ
സുഗ്രീവനാരാൽ ശ്വശുരസുഷേണനൊടു ചൊല്ലിനാൻ:-
'ഉണർന്നാൽ, ശത്രുഘരരാം രാമലക്ഷ്മണരെപ്പൊവാൻ
കൊണ്ടുപോയ്ക്കൊൾക കിഷ്കിന്ധയ്ക്കു,ശ്ലീബകപിയുക്തനായ്.

Digitized By Kerala Sahitya Akademi

ഞാനോ, രാവണനെബ്ബന്ധുപുത്രരോടേ വധിച്ചുടൻ,
പോയ ലക്ഷ്മിയെയിന്ദ്രൻ പോലെത്തിയ്ക്കാമങ്ങു സീതയെ.'
വാനരേന്ദ്രൻെറയീ വാക്ക കേട്ടു ചൊന്നാൻ സുഷേണനും:-
'പെരുംദേവാസുരപ്പോരിങ്ങറിയാമതിദാരുണം: ൧൮
അന്നു,മ്പെസ്ത്രിൽ മിടുക്കേറുമുമ്പരെപ്പേർത്തു പേർത്തുമേ
ഹനിച്ചുപോന്നു, മറവിൽ നിന്നു ശസ്ത്രജ്ഞർ ദാനവർ;
ആർത്തരാമവരെ,ബ്ബോധം കെട്ടാലും, ചത്തുപോകിലും,
ബൃഹസ്പതി ചികിത്സിയ്ക്കും, മന്ത്രവിദ്യൌഷധങ്ങളാൽ; ൧൯
ആ മരുന്നുകളെത്തിപ്പാൻ പാലാഴിയ്ക്കു ഗമിയ്ക്കണം
സമ്പാതി, പനസൻ മുമ്പാം വാനരന്മാരുടൻ ജവാൽ.
പ്ലവംഗക്കറിയാം, കുന്നിന്മേലുള്ളാ വന്മരുന്നുകൾ:
ദിവ്യസഞ്ജീവകരണി,വാനോർ നട്ട വിശല്യയും. ൨൦
ചന്ദ്ര-ദ്രോണങ്ങളുണ്ടല്ലോ പെരുംപാലലയാഴിയിൽ,
അമൃതന്നു കടഞ്ഞേടത്തു,ങ്ങാണാ നന്മരുന്നുകൾ.
നട്ടതഗ്ഗിരിമേലത്രേ വാനോരാ നന്മരുന്നുകൾ;
ഈ മാരുതി ഹനുമാനങ്ങോട്ടു പോകട്ടെ മന്നവ!' ൨൧

അന്നേരമൊരു കാററുണ്ടായ്, മിന്നൽക്കൊണ്ടലിനത്തെയും
ആഴിവെള്ളത്തെയും ചിന്നിച്ചു,ഴിയേയുമുലപ്പതായ്:
പെരുംചിറകടിക്കാററാൽ ദ്വീപവന്മരമൊക്കയും
കൊമ്പു പൊട്ടിക്കട പറിഞ്ഞുപ്പുവെള്ളത്തിൽ വീണുപോയ്;
ചൂളിപ്പോയ്, മേത്തരം മെയ്യൊത്തങ്ങു മേവുന്ന പാമ്പുകൾ;
നീർജ്ജന്തുക്കളൊട്ടുക്ക താണിതുപ്പാഴിയിൽ ദ്രുതം.
ചെററിടയ്ക്കുള്ളിലോ,ജസ്പി ഗരുഡൻ വിനതാസുതൻ
കാണായി കപികൾക്കെല്ലാം, കത്തുമഗ്നി കണക്കിനെ. ൨൩
അവൻ വന്നതു കണ്ടോ,ടിപ്പോയിതമ്പായ പാമ്പുകൾ,
കെല്പേറുമസ്സൽപുരുഷന്മാരെബ്ബന്ധിച്ചിരുന്നവ.
കാകുത്സ്ഥരെക്കണ്ടഥ, കൊണ്ടാടപ്പെട്ട ഖഗേശ്വരൻ
തലോടിനാൻ കയ്യിണയാലെച്ചന്ദ്രശ്രീമുഖങ്ങളെ. ൨൪

Digitized By Kerala Sahitya Akademi

അവൎക്കങ്ങിനെ മുറികളും സുപൎണ്ണന്റെ തലോടലാൽ;
സ്നിഗ്ദ്ധമായ് സച്ഛനിറമായ്ത്തീൎന്നു മെയ്യുമവൎക്കടൻ.
തേജസ്സ, വീൎയ്യ, മോജസ്സ, കെല്പ്പം, ത്സാഹം ഗുണാധികം,
കാഴ്ച്ച, ബുദ്ധിമിട്ടുക്കോ,മ്മ,യിരട്ടിച്ചിതവൎക്കിവ. ൪൦
സുപൎണ്ണനെഴനേല്പിച്ചശ്ശക്രതുല്യാതിവീൎയ്യരെ
പുണൎന്നാനുടൻ കളിരുമാറ;-വനോടോതി രാമനും:-
"നിൻപ്രസാദാലി,ന്ദ്രജിത്തു പിണച്ച പെരുതാമഴൽ
കേറിക്കടന്നിതാ, ഞങ്ങൾ മുന്നേപ്പോലെ കരുത്തരായ്! ൪൨
എമ്മട്ടച്ഛൻ ദശരഥനെ,മ്മട്ടജപിതാമഹൻ,
അമ്മട്ടങ്ങനാണകയാലുൾക്കാമ്പു തെളിയുന്നു മേ!
ആരാണങ്ങെഴകേറുന്നോൻ, ദിവ്യമാല്യാനുലേപനൻ,
ശുദ്ധവസ്ത്രങ്ങൾ ധരിച്ചുള്ളോൻ, ദിവ്യമൈക്കോപ്പുചാൎത്തിയോൻ?"
അവരോടോതി, തേജസ്വി, വൈനതേയൻ മഹാബലൻ,
പ്രീതിയുൾക്കൊണ്ടു പക്ഷീശൻ, ഹൎഷം തിങ്ങിയ കണ്ണുമായ്:-
"ഞാൻ നിൻസഖാവു, കാകുത്സ്ഥ, പുറംപ്രാണനു,തിപ്രിയൻ
ഗരുത്മാനി,ങ്ങു വന്നെത്തി നിങ്ങൾക്കു തുണ ചെയ്യുവാൻ. ൪൬
വീൎയ്യമേറും ദിതിജരോ, കെല്പേറും ദനുപുത്രരോ,
ഗന്ധൎവ്വരോ, സഹസ്രാക്ഷപുരസ്സരർ നിലിമ്പരോ,
ശക്തരാകാ വിട്ടുത്താനിശ്ശരബന്ധം സുദാരുണം,
മായാബലാൽക്കൂട്ടംകയ്യു ചെയ്യും രാവണിയാൽക്രൂരം. ൪൮
ഇക്കദ്രുപുത്രനാഗങ്ങൾ തീക്ഷ്ണദംഷ്ട്രർ, വിഷോൽകടർ
രക്ഷോമായാപ്രഭാവത്താലമ്പായ്ക്കേറി ഭവാന്റെമേൽ.
ഭാഗ്യവാനാണു ധൎമ്മജ്ഞ, രാമ, സത്യപരാക്രമ,
പോരിൽക്കൂടലരെക്കൊല്ലും തമ്പി ലക്ഷ്മണനൊത്ത നീ. ൫൦
വൃത്താന്തമിതു കേട്ടിട്ടു വെമ്പലോടിങ്ങു പോന്നു ഞാൻ
ജവേന, നിങ്ങളിൽസ്നേഹാൽസ്സഖ്യം രക്ഷിച്ചു കൊള്ളുവാൻ;
വേർപെടുത്തുകയുംചെയ്തേനിച്ചുത്രുഗ്രാസ്ത്രബന്ധനം.
ഇനിക്കരുതൽ കൊള്ളേണം രണ്ടാളും നിങ്ങളെപ്പൊഴും; ൫൨

Digitized By Kerala Sahitya Akademi

സ്വതേ രാക്ഷസരെപ്പോരും പോരിൽക്കപടയോധികൾ;
ശുദ്ധസ്വഭാവരാം ശൂരർ നിങ്ങൾക്കാർജ്ജവമേ ബലം.
അതിനാൽ വിശ്വസിയ്ക്കൊല്ലാ നിങ്ങൾ പോരിലരക്കരെ
ഇദ്ദൃഷ്ടാന്തത്തിനാൽത്തന്നേ സദാ കുടിലരാശരർ!" ൨൭
ഇവണ്ണം രാമനോടോതി,സ്സുപർണ്ണൻ, സുമഹാബലൻ
സ്നേഹാലാശ്ലേഷവുംചെയ്തു യാത്ര ചൊൽവാനൊരുങ്ങിനാൻ:-
'സഖേ, രാഘവ, ധർമ്മജ്ഞ, മാററാരിൽക്കൂടി വത്സല,
അനുജ്ഞ നല്കിയാൽക്കൊള്ളാം;പോകട്ടേ വന്നപാടു ഞാൻ. ൨൮
ചോദിയ്ക്കവേണ്ട തൽകാലം സഖ്യത്തെപ്പററി രാഘവ:
സഖ്യത്തെയറിയും, വീര, പോരിൽസ്സിദ്ധാർത്ഥനായ്ബ്ഭവാൻ.
ലങ്കയെബ്ബാലവൃദ്ധാവശേഷയാക്കിശ്ശരങ്ങളാൽ
വൈരിരാവണനേയും കൊന്നു,ങ്ങു സീതയെ നേടുമേ.' ൨൯
ഇവണ്ണമെല്ലാമരുളിസ്സുപർണ്ണൻ ശീഘ്രവിക്രമൻ,
രാമന്നഴൽ കെടുത്തിട്ടാ, വാനരർക്കു നടുക്കിലായ്
പേർത്തും പ്രദക്ഷിണം വെച്ചു കെട്ടിത്തഴുകി വീരവാൻ
നഭസ്സിലേറിപ്പോയ്ക്കൊണ്ടാൻ സുപർണ്ണൻ വായു പോലവേ. ൩൦
രഘുപുത്രർക്കഴലൊഴിഞ്ഞതു കണ്ടു കപീശ്വരർ
മുതിർത്താർ സിംഹനാദങ്ങൾ; വീശിനാരങ്ങു വാൽകളും;
കൊട്ടീടിനാർ വൻപറകൾ; മൃദംഗങ്ങൾ മുഴക്കിനാർ;
ശംഖൂതിനാരിമ്പമൊടേ; മുന്മട്ടാർപ്പും തുടങ്ങിനാർ. ൩൧
വീരവാനരർ കൈകൊട്ടിക്കൈകൊട്ടി നഗയോധികൾ
നാനാമരം പറിച്ചേന്തി നിന്നാരായിരമായിരം.
ചീർത്തൊച്ചയിട്ടു,രക്കർക്കു നടുക്കം പെടുമാറുടൻ
ലങ്കാദ്വാരങ്ങൾ ചെന്നേറീ, പോരാടാനായ് പ്ലവംഗമർ. ൩൨
കൂടിക്കലന്നങ്ങുളവായ് പ്ലവംഗ-
പ്രധാനർതൻ ഭീഷണമായ ശബ്ദം,
മേഘങ്ങൾ വേനൽക്കൊടുവർഷരാവിൽ
വല്ലാതിരയ്ക്കുന്നൊരിരയ്ക്കൽ പോലെ. ൩൩

—*—

Digitized By Kerala Sahitya Akademi

## ഐമ്പത്തൊന്നാം സർഗ്ഗം: ധൂമ്രാക്ഷനിർഗ്ഗമം.

—*—

ഉരക്കേറുമക്കുരങ്ങന്മാരാർക്കുന്ന തുമുലസ്വനം
രാക്ഷസന്മാരൊടൊന്നിച്ചു കേട്ടുകൊണ്ടിതു രാവണൻ.
പെരികെ സ്നിഗ്ദ്ധഗംഭീരനിർഘോഷമൊലി കേട്ടവൻ
ആ മന്ത്രിമാർതൻ മദ്ധ്യത്തിൽവെച്ചുമുരിയാടിനാൻ:- ൨
"വളരെപ്പേർ പ്ലവംഗർക്കിയിമ്പം പൂണ്ട മഹാരവം,
ഇടിവെട്ടുന്ന കാർകൾക്കൊത്തുള്ളവസ്സ്വനമോർക്കിൽ,
വല്യതാമൊരു സന്തോഷമുണ്ടിവർക്കില്ല സംശയം;
വന്നാദത്താൽക്കലങ്ങിപ്പോയല്ലോ ലവണസാഗരം! ൪
ക്രൂരമ്പാൽക്കെട്ടു പെട്ടോരാ,രാമലക്ഷ്മണർ സോദരർ;
ഇശ്ശബ്ദമോ, മഹത്തേററം; തോന്നുന്നിതൊരു ശങ്ക മേ."
ഇവണ്ണം സചിവന്മാരോടരുൾചെയ്തിട്ടരക്കർകോൻ
അങ്ങു ചാരേ ചുഴന്നുള്ള നിശാടരൊടു ചൊല്ലിനാൻ:- ൬
'അറിവിൻ വെക്ക,മിക്കാട്ടതെണ്ടികൾക്കഖിലർക്കുമേ
ആപത്തു പെട്ടിരിയ്ക്കുമ്പോൾ വന്ന സന്തോഷകാരണം.'
ഇതു കേട്ടിട്ടുഴറേറാടേ മതിൽമേലേറിനിന്നവർ
പാർത്താർ, പെരിയ സുഗ്രീവൻ കാത്തുരക്ഷിച്ച സേനയെ. ൮
അത്യുഗ്രശരബന്ധം വിട്ടാ മഹാഭാഗരാഘവർ
പൊത്തെഴുന്നേററതും കണ്ടിട്ടാർത്തി പൂണ്ടാർ നിശാചരർ.
നെഞ്ചിടിപ്പോടു മതിൽ വിട്ടിറങ്ങിഘോരരാമവർ
മുഖവും മങ്ങിയെപ്പേരും രാക്ഷസേന്ദ്രങ്കലെത്തിനാർ. ൧൦
ആ വിപ്രിയം മുഴുവനും മുഖം വാടിയ രാക്ഷസർ
ഉണർത്തിനാർ ദശാസ്യങ്കലു, ചിതംപോലെ വാഗ്മികൾ:-
'ഇന്ദ്രജിത്തടരിൽ ഭ്രാതൃരാമലക്ഷ്മണർതങ്ങളെ
ബന്ധിച്ചു, കൈയനങ്ങാത്തോരാക്കിയല്ലോ ശരങ്ങളാൽ; ൧൨
കാണാകുന്നു, ശരക്കെട്ടു വിട്ടോരായ്പ്പോർനിലത്തവർ,
കയർ പൊട്ടിച്ച രണ്ടാനപോലേ, ഹസ്തീന്ദ്രവിക്രമർ!"

Digitized By Kerala Sahitya Akademi

അവരച്ചൊല്ലിയതു കേട്ടജ്ജനസ്ഥാനരക്കർകോൻ
ചിന്താശോകത്തിലാപ്പെട്ടു മുഖവും മങ്ങിയോതിനാൻ:- ൧൪
"വരാപ്താമോഘസൂര്യാഭസർപ്പതുല്യോഗ്രപത്രികൾ
കടന്നെയ്തല്ലയോ കെട്ടിയിന്ദ്രജിത്തിരുപേരെയും;
അമ്പാണക്കെട്ടു പൊട്ടിട്ടെൻമാററാർ വിട്ടതി നേടുകിൽ,
സംശയപ്പെട്ടിതിസ്സൈന്യമൊട്ടുക്കെന്നോർത്തിടുന്നു ഞാൻ: ൧൬
പാഴായല്ലോ, പ്രതാപത്താൽ വാസുകിയ്ക്കൊക്കുമമ്പുകൾ;
എൻവൈരിപ്രാണനെപ്പോരിലാഹരിച്ചവയാണിവ!"
എന്നരച്ചരിശം പൂണ്ടും, പാമ്പിനെപ്പോലെ ചീററിയും,
നിശാടമദ്ധ്യേ ധൂമ്രാക്ഷനെന്ന രക്ഷസ്സോടോതിനാൻ:— ൧൮
'പെരുംനിശാടപ്പടയോടിടചേർന്നുഗ്രവിക്രമ,
പോക നീ രാമനെ,ശ്ശാഖാമൃഗരോടൊത്തു കൊല്ലുവാൻ.'
ധീമാനരക്കർകോനേവം ചൊല്കയാലാ നിശാചരൻ
പണിഞ്ഞു ഹൃഷ്ടനായ്പ്പോന്നാനക്കൊട്ടാരത്തിൽനിന്നുടൻ. ൨൦
അതിൻപടിയ്ക്കൽ വന്നിട്ടു സൈന്യാദ്ധ്യക്ഷനൊടോതിനാൻ:-
'സൈന്യത്തെ വെക്കം വെമ്പിയ്ക്ക പോരിനെ, ന്തിന്നു താമസം?'
ധൂമ്രാക്ഷവചനം കേട്ടു ബലാദ്ധ്യക്ഷൻ ബലാനുഗൻ
ഒരുക്കിനിർത്തീ സൈന്യത്തെസ്സത്വരം രാവണാജ്ഞയാൽ. ൨൨
ബലിഷ്ഠർ നാക്കമണിയും കെട്ടിയഘോരരാക്ഷസർ
ധൂമ്രാക്ഷനെച്ചൂഴന്നാരങ്ങി,മ്പമോടാർപ്പു കൂട്ടിയും,
നാനാശസ്ത്രങ്ങൾ കൈക്കൊണ്ടും, ശൂലംമുൾത്തടിയേന്തിയും,
പട്ടസം, ഗദ, കോടാലി,യിരിമ്പാകമുലയ്ക്കയും, ൨൪
കുന്തല്ലങ്ങൾ,പരിഘം,ഭിണ്ഡിപാലങ്ങൾ, ബന്ധുമായ്
ചൂഴെനിന്നും പുറപ്പെട്ടു കാർകൾ പോലാത്തു രാക്ഷസർ:
ധ്വജാലങ്കൃതമായ് നാനാവിധാസ്ത്രഖരയുക്തമായ്
പൊൻജനാൽ ചേർന്നതാം തേരിലേറിച്ചുട്ടയുമായ് ച്ചിലർ; ൨൬
ആഞ്ഞൊട്ടുമശ്വങ്ങളിലും മത്തേഭരിലുമേറിയും
രക്ഷോവ്യാഘ്രർ പുറപ്പെട്ടു വ്യാഘ്രമട്ടിൽദ്ദുരാസദർ.

Digitized By Kerala Sahitya Akademi

ചെന്നായസിംഹമുഖരാം പൊന്നണിഞ്ഞ ഖരങ്ങളെ
ഭചത്ത ദിവ്യരഥം കേറി ധൂമ്രാക്ഷൻ ഖരനിസ്വനൻ. ൨൮
ചിരി പൂണ്ടാ മഹാവീര്യൻ ധൂമ്രാക്ഷൻ രാക്ഷസാവൃതൻ
പോന്നാനാ, ഹനുമാൻ മേവും മേക്കുവാതില്ക്കലെക്കുടൻ.
ഖരനിസ്വനമാം നല്ല കഴുതത്തേരിലൂടവേ
പോരുന്ന ഘോരതരനാം ഭീമവീര്യനരക്കനെ ൩൦
ചുഴന്നുകൂടീ വാനത്തു ഘോരമാം ശകുനവ്രജം;
തേരിന്മീതേ പറന്നെത്തി പെരുംകഴുക ഭീകരം;
കൊടിമേലും പറന്നെത്തി കൂട്ടമിട്ടാമിഷാശികൾ;
ചോര വാന്ന പെരുംവെള്ളക്കബന്ധം വീണിതുഴിയിൽ, ൩൨
വല്ലാതെയലറിക്കൊണ്ടു ധൂമ്രാക്ഷന്നടെ ചാരവേ;
കാർമേഘം ചോര വർഷിച്ചു; കലുങ്ങിപ്പോയി ഭൂമിയും;
മുഖത്തിൻനേക്കടിച്ചു കാററി,ടിവെട്ടേതിരൊച്ചയിൽ;
ഇരുൾക്കൂട്ടം ചുഴന്നങ്ങു മങ്ങൽ പൂണ്ടിതു ദിക്കുകൾ. ൩൪
അമ്മട്ട,രക്കർക്കു ഭയം ചേരുമാററതിഘോരമായ്
കാണായ ദുർന്നിമിത്തത്താൽ ധൂമ്രാക്ഷനഴൽ തേടിനാൻ;
വിമൂർച്ഛ പൂണ്ടാർ ധൂമ്രാക്ഷാഗ്രഗരാശരരേവരും.

തരസ്വി കണ്ടാനൊ,രുപാടരക്കരാൽ-
പ്പരീതനായ്പ്പോരിനു പോന്ന ഭീഷണൻ,
വിശാലമായ് രാഘവബാഹുഗുപ്തമാ-
കമസ്സമുദ്രോപമകീശസേനയെ. ൩൬

—:*:—

ഐമ്പത്തിരണ്ടാം സർഗ്ഗം: ധൂമ്രാക്ഷവധം.

—o—

ഭീമവിക്രമി ധൂമ്രാക്ഷരാക്ഷസൻെറ വിനിർഗ്ഗമം
കണ്ടിട്ടാരിമ്പമോടാർത്തു പോർ തേടും കീശരേവരും.
തുടങ്ങി തുമുലം യുദ്ധമക്കീശാശരർ തങ്ങളിൽ,
ഘോരവൃക്ഷാവലിശ്ശൂലമുദ്ഗരപ്രഹരത്തോടേ. ൧



Digitized By Kerala Sahitya Akademi

ഘോരമാം പരിഘം, ചിത്രത്രിശൂലങ്ങളിവററിനാൽ
ഘോരാശരരിടഞ്ഞേററു കീറി ചുററും പ്ലവംഗരെ;
മരങ്ങളാലാശരരെപ്പോരിൽ വീഴ്ത്തീ പ്ലവംഗരും.
അരക്കന്മാർ ചൊടിച്ചെയ്താർ ഘോരരൂപങ്ങളാം കീശരിൽ, ൪
നേർക്കുപോം ക്രൂരബാണങ്ങളാം കഴുകിൻചിറകുള്ളവ.
കൂടമുഗ്ഗത്തടിയാൽ,ഘോരഗദയാൽ,പ്പട്ടസങ്ങളാൽ
രാക്ഷസന്മാർ പിളർത്തിട്ടുമവ്വലിഷ്ഠപ്ലവംഗരോ,
പൊറായ്കയാലുഗ്രരോഷം പൊങ്ങിയാശരരോടു നിർഭയം: ൬
ബാണങ്ങളേററു മെയ് വിണ്ടോർ, ശൂലമേററുടൽ വിണ്ടവർ,
കൈക്കൊണ്ടാരങ്ങു മരവും കല്ലുമക്കപിയൂഥപർ;
ആണ്ടീമവേഗർ കപികളാർപ്പിട്ടുംകൊണ്ടുതാതിടം
ഭീമരാം രാക്ഷസന്മാരെച്ചതച്ചാർ, പേരുമോതിനാർ. ൮
ഘോരമത്ഭുതമായ്വന്നിതാ രാക്ഷസകപിപ്പട:
നാനാതരം കല്ലുകളാൽബ്ബഹുവൃക്ഷങ്ങളാലുമേ
പതച്ചു വാനരർ ചില രാക്ഷസന്മാരെ നിർഭയം;
പരത്തിച്ചു വായ്കളാൽച്ചോര, ചോര മോന്തീടുവോർ ചിലർ. ൧൦
കൂട്ടീ മരത്താൽച്ചിലരെ;-ച്ചിലരെക്കീറി വാരിയിൽ;
പൊടിച്ചു ചിലരെക്കല്ലാൽ;-ച്ചിലരെക്കീറി പല്ലിനാൽ.
തച്ചൊടിച്ച കൊടിക്കാൽകളും, വീഴ്ത്തപ്പെട്ട ഖരവ്രജം,
ഉടയ്ക്കപ്പെട്ട തേർക്കൂട്ടം, വീഴിയ്ക്കപ്പെട്ട രാക്ഷസർ, ൧൨
കണ്ണോക്കമാനത്തലവർ, കപിശൈലാഗ്രമേല്ക്കയാൽ
മേലാളെന്നടൊത്തരഞ്ഞശങ്കമിവ ചിന്നീ ധരിത്രിയിൽ.
ഭീമവിക്രമർ കീശന്മാർ ചാടിച്ചാടിജ്ജവത്തൊടേ
മോന്തയ്ക്കു ക്രൂരമുള്ള നഖംകൊണ്ടു മാന്തിയ രാക്ഷസർ ൧൪
വിണ്ടും നിറം കെട്ട മുഖം പൂണ്ടും, മുടികളാം ചിന്നിയും,
നിണം മണത്തു മൂർച്ഛിച്ചവനിത്തട്ടിൽ വീണുപോയ്.
തുലോം ചൊടിച്ചു കൊട്ടതായലറിച്ചില രാക്ഷസർ
വജ്രതുല്യനഖർക്കൈപ്പുടം തന്നെയടിച്ചാർ ചതച്ചു തൊട്ടാരെ കീശരെ. ൧൬

Digitized By Kerala Sahitya Akademi

ഉൗക്കിൽപ്പാഞ്ഞെല്ലാമവരെയൊക്ക കൂടിയ വാനരർ
മുഷ്ടികാൽപല്ലുവൃക്ഷങ്ങൾകൊണ്ടഞ്ഞിട്ടുപൊതുക്കിനാർ;
പ്ലവംഗർതൻ തല്ലുകളേറേറോടിനാരാ നിശാചരർ.
സൈന്യം പാഞ്ഞതു കണ്ടിട്ടു, ധൂമ്രാക്ഷൻ രാക്ഷസർഷഭൻ ക്രുദ്ധ
ചൊടിച്ചു മട്ടിയ്ക്കുകയായ് പടയ്ക്കെല്ലാം പ്ലവംഗരെ:
കുന്തമേററിട്ടു രക്തം വാർന്നൊഞ്ഞു ചില വാനരർ;
ചിലർ മുൾത്തടിയാൽത്തല്ലേററവനിത്തട്ടിൽ വീണുപോയ്;
പരിഘോന്മട്ടിതർ ചിലർ; ഭിന്ദിപാലവിദാരിതർ; ൧൦
ചിലരോ, പട്ടസത്തല്ലാൽ വശംകെട്ടു മരിച്ചുപോയ്;
ശൂലക്കുത്തേല്ക്കയാൽച്ചോര വാർത്തു ചില വനാലയർ;
പാഞ്ഞൊളിച്ചു ചിലർ, നിശാചരർതൻ പോക്കുരുത്തിനാൽ;
ചിലൎക്കു നെഞ്ചിടം വിണ്ടു, പിളൎന്നിതൊരു വാരിയും; ൧൨
കുടർ ചാടി ചിലക്കേററം, ത്രിശൂലത്താൽപ്പിളൎക്കയാൽ.
ഹരിരാക്ഷസർ കൂടിച്ചേൎന്നുള്ളാഘോരപ്പെരുംപട,
മരംകല്ലായുധക്കൂട്ടം കലൎന്നു വിലസീ തുലോം:
വിൽഞാൺവീണാമധുരമായെ,ക്കിളാം താളമൊത്തതായ്, ൧൪
ഞരക്കമായ പാട്ടോട്ടം നടന്നു യുദ്ധമാം സദിർ.
വില്ലു കൈക്കൊണ്ടു ധൂമ്രാക്ഷൻ പോൎത്തലയ്ക്കൽ പ്ലവംഗരെ
ചിരിച്ചുകൊണ്ടു ദിക്കെങ്ങുമോടിച്ചാൻ ശരമാരിയാൽ.
ധൂമ്രാക്ഷനിട്ടുനോവിച്ച സേനയെക്കണ്ടു മാരുതി ൧൬
ചൊടിച്ചൊ,രു പെരുംകല്ലുമെടുത്തങ്ങോടിയെത്തിനാൻ;
ക്രോധാൽക്കൺചോപ്പിരട്ടിച്ചോന, ച്ഛനൊത്ത പരാക്രമി
അക്കല്ലെറിഞ്ഞാൻ ധൂമ്രാക്ഷനുടെ തേരിന്റെ നേൎക്കുടൻ.
നേരിട്ടെത്തുന്ന കൽ കണ്ടു വെമ്പിഗ്ഗദയെടുത്തവൻ ൧൮
തേരിൽനിന്നാഞ്ഞുസാ ചാടി നിലക്കൊണ്ടാൻ നിലത്തുതാൻ.
ചക്രം, നുകത്തണ്ടു, ഖരം, കൊടിക്കാൽ, വില്ലിവറെറാടേ
അവന്റെ തേരിനെയരച്ചുകളെല്ലാ, വീണിതുഴിയിൽ.
അവന്റെ തേരുടച്ചിട്ടാ ഹനുമാനനിലാത്മജൻ ൨൦

Digitized By Kerala Sahitya Akademi

തല്ലിനാനാശരന്മാരെ സ്കന്ധശാഖിദ്രുമങ്ങളാൽ.
ദ്രുമത്തല്ലാൽത്തുലോം നൊന്തു, തലമണ്ട പൊളിഞ്ഞുപോയ്,
ചെഞ്ചോരയും വാന്തു നിലംപൊത്തിനാർ ചില രാക്ഷസർ.
രക്ഷോബലത്തെ മണ്ടിച്ചു ഹനുമാനനിലാത്മജൻ ൧൧
ശൈലാഗ്രമൊന്നൊട്ടത്തോടേറ്റി ധൂമ്രാക്ഷനോട്ടടൻ.
നേർക്കത്തുമാ ഹനുമാനെ,ദ്ധൂമ്രാക്ഷൻ വീര്യസംയുതൻ
ഗദയോങ്ങി വിളിച്ചാർത്തുംകൊണ്ടു പാഞ്ഞേറ്റിതഞ്ജസാ.
ചൊടിച്ചാ, മുള്ളു വളരെത്തറച്ചുള്ളൊട്ടതാം ഗദ ൧൨
ഊക്കോടെറിഞ്ഞാൻ ധൂമ്രാക്ഷൻ ഹനുമാന്റെ തലയ്ക്കുതാൻ.
അവങ്കലങ്ങു ചെന്നേറ്റിതാശ്ശൈലാരാകൃതിയാം ഗദ;
അത്താഡനം ഗണിയ്ക്കാതാ,ക്കാറ്റിൻകെല്പുള്ള വാനരൻ
ചാട്ടിനാൻ ശൈലശൃംഗത്തെദ്ധൂമ്രാക്ഷനുടെ മൗലിയിൽ. ൧൩
ശൈലശൃംഗപ്രഹാരത്താൽസ്സർവാംഗവുമുടഞ്ഞവൻ
പെട്ടെന്നു വീണു പാർത്തട്ടിൽ, തകന്ന മല പോലവേ.
ധൂമ്രാക്ഷനിധനം കണ്ടു ചത്തു ശേഷിച്ച രാക്ഷസർ
പേടിച്ചു ലങ്കയുൾപ്പൂകി, വാനരന്മാർ വധിയ്ക്കവേ. ൧൪

പ്രതിഭടരെ വധിച്ചുവിട്ടി, രക്ത-
പ്പുഴകളെയങ്ങു പരത്തി വായുപുത്രൻ,
പെരിയവനരിനിഗ്രഹാൽത്തളർന്നോൻ
പ്രമുദിതനായ്, പ്ലവഗാഭിനന്ദനത്താൽ. ൧൫

—*—

## അമ്പത്തിമൂന്നാം സർഗ്ഗം: വജ്രദംഷ്ട്രയുദ്ധം.

---

ധൂമ്രാക്ഷനിധനം കേട്ടു രാവണൻ രാക്ഷസേശ്വരൻ
പെരുതാമരിശം പൂണ്ടു വീർപ്പിട്ടാൻ പാമ്പു പോലവേ.
ചുടുന്ന നെടുവീർപ്പിട്ടങ്ങരിശത്താൽക്കലങ്ങിയോൻ
കെല്പേറും ശൂരനാം വജ്രദംഷ്ട്രാശരനൊടോതിനാൻ:- ൧

Digitized By Kerala Sahitya Akademi

'ചെല്ക, രാക്ഷസരൊന്നിച്ചു പുറപ്പെട്ടക വീര, നീ;
കൊല്ക, കാകുത്സ്ഥനെക്കീശരൊത്ത സുഗ്രീവനേയുമേ!'
ആമെന്നരക്കപ്രഭുവോടോതി മായാവിയഞ്ജസാ
പുറപ്പെട്ടാൻ പടകളൊത്തൊ,ട്ടേറെപ്പേർ ചുഴന്നുമേ: ര്
ഗജാശ്വോഷ്ട്രംകഴുതകളിടചേൎന്നു, പ്രമത്തനായ്,
ധ്വജംകൊടിക്കൂറയണിത്തേർകളൊത്താ,ത്തഭൂഷനായ്,
വിചിത്രത്തോൾവളകളും കിരീടവുമണിഞ്ഞവൻ
മെച്ചട്ടകളുമിട്ടാശു പുറപ്പെട്ടിതു വില്ലുമായ്. ന്ന
കൊടിക്കൂറകളെച്ചാൎത്തിത്തങ്കപ്പൊന്നുമണിഞ്ഞതായ്
തിളങ്ങും തേർ വലംവെച്ചു കേറിനാൻ പടനായകൻ.
വടി, തോമരവും, ചിത്രശൂലങ്ങളു,മുലയ്ക്കയും,
ഭിണ്ഡിപാലങ്ങൾ, പാശങ്ങൾ, വേൽകളും, പട്ടസങ്ങളും, വ്വ
ചക്രവും, ഗദയും, മൂച്ചു കൂട്ടും കോടാലി, വാളുമായ്
പുറപ്പെട്ടു പലതരം കാലാൾകളുമുദായുധർ:
വിചിത്രവസ്ത്രരെപ്പേരും, ജ്വലിപ്പോരാശരഷഭർ.
നടക്കും മലകൾക്കൊത്ത ശൂരരാം മത്തഹസ്തികൾ, ഫഠ
തോമരംതോട്ടി കൈക്കൊണ്ട യോധർ കേറിയിരിപ്പവ;
ശൂരർ കേറിയ കെല്പേറും ലക്ഷണാഢ്യങ്ങൾ വേറെയും.
ശോഭിച്ചിതാ, പ്പുറപ്പെട്ട ഘോരമാം രാക്ഷസപ്പട,
മഴക്കാലത്തിരയ്ക്കുന്ന മിന്നൽക്കാർനിര പോലവേ. ഫവ
പോന്നാര,ങ്ഗദനാം മേലാൾ മേവും തെൻകോട്ടവാതിലിൽ;
പുറപ്പെടുംനേരമവൎക്കുളവായിതമംഗളം:
കാർ വിട്ട വാനിൽനിന്നപ്പോൾ വീണു കൊടിയ കൊള്ളികൾ;
തീജ്വാല കാന്തുകൊണ്ടുഗ്രമോരിയിട്ടു കുറുക്കനും; ഫര്
അരക്കന്മാൎക്കുതിയെച്ചൊല്ലീ ഘോരമൃഗവ്രജം;
നടക്കവേ കാലിടറീ ഭടൎക്കു ഭയമൂർച്ഛയാൽ.
ഇദ്ദുൎന്നിമിത്തം കണ്ടിട്ടും, വജ്രദംഷ്ട്രൻ മഹാബലൻ
ധൈര്യം പിടിച്ചു തേജസ്വി പുറപ്പെട്ടു രണത്തിനായ്. ഫന്ന

Digitized By Kerala Sahitya Akademi

അവർ ചെല്വതു കണ്ടിട്ടു ജിതകാശികൾ വാനരർ
ദിക്കു പത്തും മുഴക്കിക്കൊണ്ടേററമാൎത്തുവിളിക്കയായ്.
തുടങ്ങി കൂട്ടപ്പടയാ പ്ലവംഗരുമരക്കരും,
ഘോരന്മാർ, ഭീമരൂപന്മാർ, തമ്മിൽക്കൊല്വതിനാശയാ. ൧൮
ചെന്നേല്ക്കുന്ന മഹോത്സാഹർ വിണ്ട മെയ്യും കഴുത്തുമായ്
സൎവാംഗങ്ങളിലും ചോര വാൎന്നു വീണൂ ധരിത്രിയിൽ.
പരിഘം പൂണ്ട ശൂരന്മാർ ചിലർ തമ്മിലിടഞ്ഞുടൻ
ചാട്ടി പലതരം ശസ്ത്രം പോരിൽപ്പിന്തിരിയാത്തവർ. ൨൦
മരങ്ങളുടെ, കല്ലിന്റെ, ശസ്ത്രങ്ങളുടെയും രവം
മുതിൎന്നു കേൾക്കായി, മനം വിള്ളുമാറങ്ങു ഘോരമായ്
തേരുരുൾച്ചുറെറാലിയുമങ്ങുയൎന്നു ചാപശബ്ദവും,
ശംഖഭേരീമൃദംഗത്തിൻ കൂടിച്ചേൎന്നുള്ളൊരൊച്ചയും. ൨൨
ചിലരസ്ത്രങ്ങൾ തിന്നിട്ടു ബാഹുയുദ്ധം നടത്തിനാർ:
ഉള്ളംകൈകാൽകളാൽ, മുട്ടാൽ, മരത്താൽ, മുഷ്ടിയാലുമേ
കടന്നു വീക്കി, മൈവിണ്ടോരാക്കി ചില നിശാടരെ;
കല്ലാൽപ്പൊടിച്ചും ചിലരെ,പ്പോൎക്കുറപ്പുള്ള മൎക്കടർ. ൨൪
വജ്രദംഷ്ട്രൻ പ്ലവഗരെയമ്പാൽത്തുള്ളിച്ചുകൊണ്ടുതാൻ
പോരിൽച്ചരിച്ചു, ലോകാന്തേ പാശി കാലൻ കണക്കിനേ.
അസ്ത്രജ്ഞന്മാർ കരുത്തന്മാർ പോരിൽ നാനായുധാന്വിതർ
കപിസൈന്യങ്ങളെക്കൊന്നാര,രിശം മുത്ത രാക്ഷസർ. ൨൬
കൊല്ലും സൎവാശരരെയും കണ്ടു ബാലിസുതൻ രണേ
ഇരട്ടിയരിശം കൊണ്ടു കല്പാന്താഗ്നിയ്ക്കു തുല്യനായ്;
ആ രാക്ഷസൎക്കൊക്കെ, മരം കൈക്കൊണ്ടുടച്ചിതുനംഗദൻ, ൨൮
സിംഹം ക്ഷുദ്രമൃഗങ്ങൾക്കു പോലേ കോപാരുണേക്ഷണൻ
ഘോരമായ പരിക്രേകി ശക്രസന്നിഭവിക്രമൻ.
അംഗദന്നെതിരായ്നിന്ന ഭീമവിക്രമരാശരർ
വീണു തല പൊളിഞ്ഞങ്ങു, കൃത്തവൃക്ഷങ്ങൾ പോലവേ. ൩൦
ചിത്രധ്വജങ്ങൾ, തേര,ശ്വം, കപിരാക്ഷസമെയ്യുകൾ,
ചോരയെന്നിവയാൽ മൂടിഘോരമായ്ത്തീൎന്നു മന്നിടം.

Digitized By Kerala Sahitya Akademi

ഹാരംതോൾവളവസ്ത്രങ്ങൾ ശസ്ത്രങ്ങളുമണിഞ്ഞതായ്
വിലസീ പോർനിലമതു, ശരദ്രജനി പോലവേ. ൩൨
അംഗദനെല്ലാത്രക്കാലെയാ നിശാടപ്പെരുംപട
ചിതറിപ്പോയിതവിടെ, ക്കാററിനാൽക്കാറു പോലവേ.

—(൦)—

അൈമ്പത്തിനാലാം സർഗ്ഗഃ വജ്രദംഷ്ട്രവധം.

—(*)—

അംഗദന്റെ ജയത്താലും, പടയെക്കൊല്ലുവതാലുമേ
അരക്കനെരിശം കൊണ്ടാൻ വജ്രദംഷ്ട്രൻ മഹാബലൻ.
ഇടിത്തിയ്യൊച്ചയുള്ളുഗ്രവില്ലിന്നൊലി പെടുത്തവൻ
പ്ലവംഗമപ്പടകളിൽപ്പൊഴിച്ചാൻ ശരവൃഷ്ടികൾ. ൨
തേർകളിൽക്കേറിമരുവുമാ നിശാചരമുഖ്യരും
നാനായുധങ്ങളാൽശ്ശൂരർ പൊരുതീ പടയിൽത്തദാ.
പ്ലവംഗരിൽശ്ശൂരരായ കപിവ്യാഘ്രരുമേവരും
ചുററുമൊത്തൊരുമിച്ചിട്ടു കല്ലെടുത്തടരാടിനാർ. ൪
അപ്പൊഴസ്സംഗരത്തിങ്കലനേകായിരമായുധം
ആ വാനരോത്തമന്മാരിലാഞ്ഞുവിട്ടാർ നിശാചരർ;
പ്ലവംഗരും രാക്ഷസരിൽ മരംവങ്കല്ലുകുന്നുകൾ
ചാട്ടിനാര,തിവീരന്മാർ മത്തവാരണസന്നിഭർ, ൬
ശൂരന്മാർ, പൊരുതീടുന്നോർ, പോരിൽപ്പിന്തിരിയാത്തവർ;
അവരും രാക്ഷസരുമായ് നടന്നു നല്ലൊരാഹവം.
തലമണ്ട തുലോം വീണ്ടും, ചിലർ കൈകാൽ മുറിഞ്ഞുമേ,
ശസ്ത്രങ്ങളുടലിൽപ്പററിച്ചേറ്റം, ചോരയിൽ മുങ്ങിയും ൮
നിലംപൊത്തിക്കിടപ്പായീ കീശരും പിശിതാശരും.
നിറഞ്ഞു കാക്ക-കഴുക-പരുന്തുകൾ കുറുക്കരും;
പൊങ്ങിനിന്നു കബന്ധങ്ങൾ ഭീരുഭീതികരങ്ങളായ്.
കൈകൈകെപ്പുടങ്ങൾ തലയും മുറിഞ്ഞുടൽ മുറിഞ്ഞുമേ ൧൦

Digitized By Kerala Sahitya Akademi

നിലത്തു വീണാരപ്പോരിൽ പ്ലവംഗരുമരക്കരും.
പ്ലവംഗസേനയാൽക്കൊല്ലപ്പെട്ടുമാ രാക്ഷസപ്പട
ട്ടെക്കടഞ്ഞുപോയ്, വജ്രദംഷ്ട്രൻതൻമുമ്പിൽവെച്ചുതാൻ.
പ്ലവംഗർ കൊൽവതിൽപ്പേടിച്ചരണ്ട പിശിതാശരെ ൧൨
കണ്ടു, കോപേന കൺ ചെങ്ങി, വജ്രദംഷ്ട്രൻ പ്രതാപവാൻ
വില്ലേന്തി,ക്കപിസൈന്യത്തെത്തുള്ളിച്ചുംകൊണ്ടു കേറിനാൻ;
കഴച്ചിറകമായ് നേരേ പായുമമ്പെയ്തു കീറിനാൻ.
പിളർത്താൻ വാനരരെയഞ്ചേഴെട്ടൊമ്പതുമഞ്ചുമായ്; ൧൪
പെരുത്തരിശമോടെയ്താൻ വജ്രദംഷ്ട്രൻ പ്രതാപവാൻ.
പേടിച്ചമ്പാൽക്കഴത്തററു കപിയൂഥങ്ങളൊക്കയും,
ലോകർ ലോകേശനിൽപ്പോലേ, പാഞ്ഞാംഗദനിലെത്തിനാർ.
കപിയൂഥങ്ങൾ തോൽവിപ്പെട്ടതു കണ്ടിട്ടു ബാലിജൻ ൧൬
ചൊടിച്ചു നോക്കിനാൻ, നോക്കിനില്ക്കുമാ വജ്രദംഷ്ട്രനെ.
വജ്രദംഷ്ട്രാംഗദരിടഞ്ഞേററു രാക്ഷസവാനരർ
ചീർത്ത കോപത്തൊടേ ചുററീ, സിംഹമത്തേഭർ പോലവേ.
ഒരായിരം ശരത്താലേ ബലിഷ്ഠൻ ബാലിപുത്രനെ, ൧൮
തോമരത്താൽഗ്ഗജത്തെപ്പോലെയ്താൻ മർമ്മങ്ങൾതോറുമായ്.
മെയ്യിലെങ്ങും നിണം വാർന്ന ബാലിപുത്രൻ മഹാബലൻ
വജ്രദംഷ്ട്രങ്കൽ മരമൊന്നെറിഞ്ഞാൻ ഭീമവിക്രമൻ.
നേർക്കെത്തുമാ മരം കണ്ടു കൂസൽകൂടാതെ രാക്ഷസൻ ൨൦
മുറിച്ചാൻ പലപാടു;-ററററതു മന്നിൽപ്പതിച്ചുപോയ്.
വജ്രദംഷ്ട്രന്റെയശ്ശൌര്യം കണ്ടിട്ടു കപിപുംഗവൻ
ഒരു കൂററൻമലയെടുത്തെറിഞ്ഞാന,ലറീടിനാൻ.
നേർക്കെത്തുമതു കണ്ടു,ത്തേർ വിട്ടു ചാടി,സ്സവിക്രമൻ ൨൨
ഗദയൊന്നേന്തി മന്നിങ്കൽ നിന്നാൻ സംഭ്രമമെന്നിയേ.
അംഗദൻ വിട്ട മലയോ, ചെന്നു സംഗരമൂർദ്ധനി
സാകത്തണ്ടശ്വചക്രങ്ങളോടുടച്ചിതു തേരിനെ.
തരുമണ്ഡിതമാകും മറെറാരു ശൈലമെറിഞ്ഞുടൻ ൨൪

Digitized By Kerala Sahitya Akademi

വജ്രദംഷ്ട്രന്റെ തലയിൽ വീഴിച്ചാൻ ബാലിനന്ദനൻ.
വജ്രദംഷ്ട്രൻ തദാ ചോര കക്കിനാൻ, മൂർച്ഛ തേടിനാൻ;
ഗദയെപ്പുക്കി വീപ്പിട്ടുംകൊണ്ടൊട്ടിട മയങ്ങിനാൻ.
ബോധം പൂണ്ടിട്ടു, മുന്നിൽത്താൻ നിന്ന ബാലിതനൂജനെ ൧൯
നെഞ്ഞത്തടിച്ചാൻ ഗദയാലാ, രോഷം മുത്ത രാക്ഷസൻ;
ചെന്നു തട്ടിപ്പറിച്ചാനഗ്ഗദ പോർമുന്നിലംഗദൻ.
ഉടൻ ഗദ വെടിഞ്ഞങ്ങു മുഷ്ടിയുദ്ധം തുടങ്ങിനാൻ:
തമ്മിലാഞ്ഞാഞ്ഞിടിച്ചാരാ രണ്ടാളും കപിരാക്ഷസർ; ൨൦
രക്തം ഛർദ്ദിച്ചുകൊണ്ടോരങ്ങിടിഴയററു തളർന്നവർ;
ബുധനം ചൊവ്വയും പോലായ്ച്ചമഞ്ഞാർ ചാരുവിക്രമർ.
പിന്നെത്തേജസ്സു പെരുകുമംഗദൻ കപിപുംഗവൻ
പറിച്ചെടുത്തു നിന്നാൻ, പൂകായ് നിറഞ്ഞോരു പാദപം; ൨൧
വലുതായ്ക്കിങ്ങിണിയണിഞ്ഞുറയും ചേർന്ന നല്ലവാൾ,
കാളത്തോലിൻപരിചയെന്നിവയും പുനരേന്തിനാൻ.
പലമട്ടടവിൽച്ചുററി നടന്നാർ കപിരാക്ഷസർ;
തമ്മിൽ വെട്ടുകയും ചെയ്താർ, ചൊടിച്ചാർത്തു ജയൈഷികൾ. ൨൨
രക്തമാലും മുറികളാൽപ്പൂപ്പിലാശുകം പോലെയായ്,
പോരിൽപ്പാരം തളർന്നിട്ടു മണ്ണിൽക്കാൽമുട്ടു കുത്തിനാർ.
കണ്ണിമയ്ക്കുന്നൊരിടകൊണ്ടംഗദൻ കപികുഞ്ജരൻ
എണീററാനെരികണ്ണോടേ, തല്ലേററൊരഹി പോലവേ. ൨൩
നന്നായ്ത്തേച്ചു തെളിഞ്ഞുള്ള വാളിനാൽബ്ബാലിനന്ദനൻ
വെട്ടിനാൻ വജ്രദംഷ്ട്രന്റെ പെരുംതല മഹാബലൻ.
അവന്നങ്ങേ നിണം വാർന്നു; വാൾവെട്ടാൽ ശ്രേഷ്ഠമത്തല
രണ്ടായി വീഴ്കയും ചെയ്തു, വട്ടംചുററിയ കണ്ണുമായ്. ൨൪
വജ്രദംഷ്ട്രവധം കണ്ടു പേടിച്ചമ്പിയ രാക്ഷസർ
കുതിച്ചുപാഞ്ഞു ലങ്കയ്ക്കായ്, വാനരന്മാർ വധിയ്ക്കവേ,
നാണത്താൽത്തലയല്പം ചാഞ്ഞാ,നനം വാടി,യാർത്തരായ്.



Digitized By Kerala Sahitya Akademi

അയാളെയേവം കൊലചെയ്തു വജ്ര-
ധരപ്രഭാവൻ കപിസൈന്യമധ്യേ
സഹർഷനായ് മാനിതനായി ബാലിജൻ;
സുരാവൃതൻ സ്വഃപ്പതി പോലെയൂർജ്ജിതൻ. ൩൮

—*—

## ഐമ്പത്തഞ്ചാം സർഗ്ഗം: അകമ്പനയുദ്ധം.

—o—

വജ്രദംഷ്ട്രൻ ബാലിജനാൽക്കൊല്ലപ്പെട്ടതു കേൾക്കയാൽ
ചൊല്ലീ, തൊഴുതുനില്ക്കുന്ന സേനേശനൊടു രാവണൻ:-
“പുറപ്പെടട്ടേ വേഗത്തിൽഘോരവീര്യർ, ദുരാസദർ,
സർവ്വായുധാഭിജ്ഞനകമ്പനൻ മുമ്പായ രാക്ഷസർ:
ഇവൻ ശാസിപ്പവൻ, കാപ്പോൻ, നേതാവു, രണസമ്മതൻ,
എന്നും മേ നന്മ തേടുന്നോനെ, ന്നുമായോധനപ്രിയൻ;
ഇവൻ വെല്ലും രാഘവരെസ്സുഗ്രീവബലവാനെയും;
മററുഗ്രമർക്കടരെയും കൊന്നൊടുക്കും പരന്തപൻ.” ൪
ആ രാവണാജ്ഞ കൈക്കൊണ്ടു മികച്ച ബലവാനവൻ
വെമ്പിച്ചുകൊണ്ടാൻ സൈന്യത്തെയപ്പൊഴേ ലഘുവിക്രമൻ.
ഉടൻ, നാനായുധവുമായ്, ക്കൊടുകൺവടിവുള്ളവർ
പുറപ്പെട്ടു, ബലാധ്യക്ഷപ്രേരണാലാശരോത്തമർ. ൬
വിശാലമൊരു തേരേറി,ത്തങ്കക്കുണ്ഡലമിട്ടവൻ,
കാർവർണ്ണമാന്നോൻ, കാർവർണ്ണൻ, കാറിനൊത്ത മഹാസ്വനൻ,
ഭീമാശരൌഘാവൃതനായ്പ്പുറപ്പെട്ടാനകമ്പനൻ:
കമ്പിപ്പിപ്പാൻ പെരുംപോരിലുമ്പർക്കും കഴിയായ്കയാൽ ൮
അകമ്പനനവൻ, തത്ര തേജസ്സാൽബ്ഭാനു പോലവേ.
പോരാടാൻ വാശിയോടവൻ പാഞ്ഞുപോരുംദശാന്തരേ
എന്തെന്നില്ലാത്ത വല്ലായ്മ പൂണ്ടുപോയ് രഥവാജികൾ;
ഇടംകണ്ണും വിറക്കൊണ്ടു പാട തേടുമവന്നുടൻ; ൧൦

Digitized By Kerala Sahitya Akademi

നിറം പകന്നിതു മുഖത്തി,ടറിപ്പോയിതൊച്ചയും;
സുദിനത്തിലുമുണ്ടായീ, രൂക്ഷക്കാറെറാത്ത ദുർദ്ദിനം;
ക്രൂരഭീഷണമായ്പ്പേശീ മൃഗപക്ഷികളൊക്കയും.
എന്നാൽ,സ്സിംഹപൃഥുസ്കന്ധൻ ശാർദ്ദൂലസമവിക്രമൻ ൧൨
അദ്ദുർന്നിമിത്തമോരാതേ പോന്നു പോർമന്നിലെയ്യവൻ.
അരക്കന്മാരൊടൊന്നിച്ചാ രാക്ഷസൻ പോന്നിടുംവിധൌ
പൊങ്ങീ, കടൽ കലങ്ങുംമാറൊരു വമ്പിച്ച നിസ്വനം.
അശ്ശബ്ദത്താൽബ്ഭയപ്പെട്ടു, വലുതാം വാനരപ്പട ൧൪
തരുശൈലായുധത്തോടേ നിലകൊണ്ടിതു പോരിനായ്.
തുടങ്ങീ കൊട്ടതാം വൻപോർ തമ്മിലക്കപിരാക്ഷസർ,
രാമരാവണരെച്ചൊല്ലിദ്ദേഹം പോലും വെടിഞ്ഞവർ!
ഏവരും ശൂരർ, ശൈലാഭരേ,വരും ബലവത്തരർ, ൧൬
പ്ലവംഗരും രാക്ഷസരും തമ്മിൽക്കൊൽവാനൊരുങ്ങിനാർ.
പോരിലൂക്കേറുമക്കൂട്ടരലറുന്ന നിനാദവും
കേൾക്കായി കേമമായ്, ക്രോധാൽത്തമ്മിൽഗ്ഗർജ്ജിച്ചിടുന്നതും.
പൊടിയും പെരികെപ്പൊങ്ങീ തുടുത്തതിഭയങ്കരം, ൧൮
പ്ലവംഗരാക്ഷസോദ്ഭൂതം മറച്ചു ദിക്കു പത്തുമേ.
കടഞ്ഞ പുഴന്തുൽപ്പട്ടൊത്താ വെൺപൊടി മറയ്ക്കയാൽ
യാതൊന്നും കണ്ടറിഞ്ഞീലാ പോർനിലത്തിരുക്കൂട്ടരും:
പതാകയോ, കൊടിക്കാലോ, ചട്ടയോ, പുനരശ്വമോ, ൨൦
ശസ്ത്രമോ, രഥമോ കാണപ്പെട്ടീലപ്പൊടികാരണം.
അവർ പാഞ്ഞെററലറിടും വലുതായുള്ളൊരാരവം
കേൾക്കായി കൂട്ടപ്പടയിൽ; ക്കാണായീലൊരു വസ്തുവും!
ചൊടിച്ചു കീശരെത്തന്നേ ഹനിച്ചാർ കീശരാഹവേ; ൨൨
ഹനിച്ചാരപ്പൊഴിതളിലരക്കരെയരക്കരും.
മാററാരെയും സ്വീയരെയും ഹനിച്ചു ഹരിരാക്ഷസർ.
നിലം നിണത്തിൻനനവാൽച്ചളിക്കെട്ടിയതാക്കിനാർ.
ചോര വാർന്നു കുതിന്നിട്ടപ്പൊടി തീരെയമർന്നുപോയ്; ൨൪

Digitized By Kerala Sahitya Akademi

ശവദേഹങ്ങളാൽ മൂടപ്പെട്ടതായി ധരിത്രിയും.
മരം, വേൽ, കല്ല, കുന്തങ്ങൾ, പരിഘം, ഗദ, തോമരം
ഇവയാൽത്തമ്മിലൂക്കോടെ വീക്കിനാർ കപിരാക്ഷസർ.
പരിഘം തോററ കൈകൊണ്ടു പൊരുതും പവ്വതോപമർ ൨൩
പ്ലവംഗർ ഭീമകൎമ്മാക്കൾ തച്ചാർ പോരിലരക്കരെ;
അരക്കരുമതിക്രോധാൽപ്പരിക്കേല്പിച്ചു കീശരെ,
തോമരം, കുന്തമിവയാമതിഘോരായുധങ്ങളാൽ.
അകമ്പനനതിക്രുദ്ധനരക്കപ്പടനായകൻ ൨൪
പ്രോത്സാഹിപ്പിച്ചിതഘോരവീൎയ്യാശരരെയൊക്കയും.
കീശരും രാക്ഷസന്മാരെ വങ്കല്ലാൽ, വന്മരങ്ങളാൽ,
പാഞ്ഞണഞ്ഞായുധം തട്ടിപ്പറിച്ചൂക്കിൽപ്പിളൎത്തിനാർ.
ഇതിന്നിടയ്ക്കു കുമുദൻ, നളൻ, ദ്വിവിദമൈന്ദരും ൨൦
ചൊടിച്ചു,ൽകടമായൂക്കൊന്നൊട്ടുത്താർ വീരവാനരർ.
ഊക്കേറുമക്കപിശ്രേഷ്ഠർ കളിയായി മരങ്ങളാൽ
പടമുന്നിലരക്കൎക്കു പരിക്കേററം പെട്ടത്തിനാർ;
ക്രൂട്ടമിട്ടാശരരെയിട്ടരച്ചാർ കീശരേവരും, ൨൨

—:*:—

## ഐമ്പത്താറാം സൎഗ്ഗം: അകമ്പനവധം.

—*—

വാനരോത്തമരാച്ചെയ്യു വല്യതാം തൊഴിൽ കാൺകയാൽ
കട്ടത്തൊരരിശം കൊണ്ടാനടരിങ്കലകമ്പനൻ.
മാററാർതൻ തൊഴിൽ കണ്ടിട്ടു കുലികൊണ്ടവിധത്തിലായ്,
പെരുംവില്ലിട്ടുലച്ചുംകൊണ്ടുരച്ചാൻ സൂതനോടവൻ:- ൨
'പെരുത്താശരരെപ്പോരിൽക്കൊൽവതെങ്ങിപ്പെരുത്തുപേർ,
അങ്ങുതന്നെയണച്ചാലുമെൻതേർ ചിക്കെന്നു സൂത, നീ.
അങ്ങിതാ, ബലവാന്മാരാം ഘോരാകൃതികൾ വാനരർ
എൻനേൎക്കു നില്പതുണ്ടെല്ലാം ഗിരിവൃക്ഷായുധാഢ്യരായ്, ൪

Digitized By Kerala Sahitya Akademi

അടർകൊണ്ടാട്ടമിവരെക്കൊല്ലുവേണമെന്നിയ്ക്കുടൻ:
ഇവർ മട്ടിച്ചതായ്ക്കാണ്മൂ, രാക്ഷസപ്പടയൊക്കയും!'
പിന്നെ,പ്പായും ഹയം ചേർന്ന തേരാൽച്ചെന്നോററ കീശരെ
ചൊടിച്ചെയ്താൻ ശരച്ചാർത്താൽ മഹാരഥനകമ്പനൻ. ൮
നില്പാനശക്തരായ് കീശരെ;-ന്തി,നിപ്പോരുതാൻ രണേ?
അകമ്പനശരൌഘത്താൽപ്പേരിക്കേറേറാടിയേവരും.
അകമ്പനന്റെ കീഴ്പ്പെട്ടു ചാകാൻപോമാ സ്വകീയരെ
കണ്ടിട്ടു,ണഞ്ഞാനരികേ ഹനുമാൻ സുമഹാബലൻ. ൯
ആ മഹാകപിയെക്കണ്ടു വീരരാം കപിയൂഥപർ
പാരമിമ്പത്തോടേ ചെന്നു ചുഴന്നാർ പോരിലേവരും:
നിലകൊണ്ട ഹനുമാനെക്കണ്ടിട്ടക്കപിയൂഥപർ
ബലിഷ്ഠരായ്ച്ചമഞ്ഞല്ലോ ബലവത്സംശ്രയത്തിനാൽ. ൧൦
അകമ്പനൻ, മലയ്ക്കൊപ്പമമർന്ന ഹനുമാന്റെമേൽ
കോരിച്ചൊരിഞ്ഞാനമ്പേററ,മുമ്പർകോൻ മഴ പോലവേ.
ദേഹത്തിൽ വീണ കൂരമ്പിൻനിരയെഗ്ഗണിയാതെതാൻ,
അകമ്പനവധത്തിനായ് മനംവെച്ചാൻ മഹാബലൻ. ൧൧
ബലേന, ഭൂരിതേജസ്സാ ഹനുമാനനിലാത്മജൻ,
പാർ കുലുക്കനാവൻ പോലായ്പ്പാഞ്ഞേററാനാ നിശാടനെ.
അലറും ദീപ്തതേജസ്സാമദ്ദേഹത്തിന്റെ രൂപമോ,
ദുർദ്ധർഷമായി, കത്തുന്ന പാവകന്റേതു പോലവേ. ൧൨
തനിയ്ക്കായുധമില്ലെന്നതറിഞ്ഞരിശമാർന്നുടൻ
പറിച്ചെടുത്താൻ മലയൊന്നുക്കോടേ ഹരിപുംഗവൻ.
അപ്പെരുംമലയൊററക്കൈകൊണ്ടെടുത്തനിലാത്മജൻ
വട്ടംചുഴററി, വമ്പിച്ചോരൊച്ചയോടാർത്തു വിയ്യുവാൻ; ൧൩
എന്നിട്ടു പാഞ്ഞേററിതകമ്പനരാക്ഷസവയ്യനെ,
പണ്ടാ നമുചിയെപ്പോരിൽ വജ്രിയാം ഹരി പോലവേ.
ആഞ്ഞോങ്ങപ്പെട്ട ശൈലാഗ്രമതു കണ്ടിട്ടകമ്പനൻ
പിളർത്താൻ ദൂരവേവെച്ചു വൻചന്ദ്രാൎദ്ധശരങ്ങളാൽ. ൧൪

Digitized By Kerala Sahitya Akademi

വാനിൽവെച്ചാശരശരച്ചാർത്താൽ വിണ്ടഗ്ഗിരിത്തല
തകൻ വീണതായ്ക്കണ്ടു ചൊടിച്ചു ഹനുമാൻ തുലോം.
കണ്ടെത്തി, മാമലയ്ക്കൊപ്പമുയൻ മരമൊന്നിനെ
പറിച്ചെട്ടത്താൻ ചിക്കെന്നാ ഹരി രോഷമദാനപിതൻ. ൨൦
തടിയ്ക്കു വണ്ണം പെട്ടമാ മരമേന്തിത്തുലോം മുദാ
ചിരിച്ചു വട്ടംചുററിച്ചാൻ പോരിൽവെച്ചപ്ലവപ്രഭൻ.
പാഞ്ഞേററാശു തുടക്കാററാലൊടിച്ചാൻ പാദപങ്ങളെ;
പിളർത്താന്നുഴി കാൽവെപ്പാല,രിശം മൂത്ത വായുജൻ. ൨൨
മേലാളെത്താനകളെയും, തേർതേരാളികൾതമ്മെയും
ചതച്ചു ഹനുമാൻ ധീമാൻ കാലാളാശരരേയുമേ.
പടയിൽ പ്രാണഹരനാമാ ഹനുമാനെ മുന്നിലായ്,
ചൊടിച്ച കാലനെപ്പോലെ കണ്ടു മണ്ടീ നിശാചരർ. ൨൪
ചൊടിച്ചരക്കരെപ്പേടിപ്പിച്ചവൻ നേക്കടുക്കവേ,
കണ്ടിട്ടകമ്പനൻ വീരൻ ചൊടിച്ചാന,ലറീടിനാൻ.
മെ പിളത്തുന്ന ക്രൂരമ്പു പതിന്നാലെണ്ണമെയ്തുടൻ
പിളത്തി വീയ്യമേറുന്ന ഹനുമാനെയകമ്പനൻ. ൨൬
ചൊരിഞ്ഞ ബഹുബാണങ്ങൾ തറഞ്ഞ ഹനുമാൻ തദാ
കാണായി വീരൻ, വൃക്ഷങ്ങൾ മുളച്ച മല പോലവേ.
വിളങ്ങിനാൻ മഹാകായൻ മഹാവീയ്യൻ മഹാശയൻ,
പുഷ്പിതാശോകസമനായ്,പ്പുക വിട്ടഗ്നി പോലവേ. ൨൮
പില്പാട്ട മറെറാരു മരം പറിച്ചുക്കിട്ടു നിർഭരം
തച്ചാനകമ്പനനിശാടേന്ദ്രൻെറ തലയിൽ ദ്രുതം.
മരംകൊണ്ടരിശം പൂണ്ടാ മഹാത്മാവാം കപീന്ദ്രനാൽ
തല്ലപ്പെട്ടതിനാൽ വീണാൻ, ചത്താനാ രജനീചരൻ. ൩൦
അകമ്പനനിശാടേന്ദ്രൻ കൊലപ്പെട്ടതു കാങ്കെയാൽ,
ഭൂകമ്പേ ശാഖികൾ കണക്കാകെച്ചാഞ്ചാടി രാക്ഷസർ.
ആയുധങ്ങളുപേക്ഷിച്ചാ, ത്തോററ രാക്ഷസരേവരും
പേടി പൂണ്ടോടി ലങ്കയ്ക്കായ്,ക്കീശന്മാർ പാഞ്ഞെതിക്കവേ.

Digitized By Kerala Sahitya Akademi

തോററന്തസ്സററു സംഭ്രാന്തന്മാരായ് മുടിയഴിഞ്ഞവർ
വിയത്തൊലിയ്ക്കും മെയ്യോടേ കിതച്ചുംകൊണ്ടു മണ്ടിനാർ;
അവർ തിക്കിടിനാർ തമ്മിൽ,പ്പേടിച്ചു പുരി പൂകിനാർ;
പിന്നോക്കം നോക്കിനാർ കൂടെക്കൂടെ തന്റേടമെന്നിയേ. ൩൪
ആ രാക്ഷസഗണം ലങ്ക പുക്കാറേ, കീശരേവരും
ചെന്നുചേൎന്നു ഹനൂമാനെ മാനിച്ചു ബലവത്തരർ
മാനിച്ചു മുത്തൊടങ്ങോട്ടുമക്കിശന്മാരെയൊക്കയും
സത്വപവാനായ ഹനുമാൻ വേണ്ടുംപോലനുകൂലമായ്. ൩൫
ആവുംപോലൊക്കെയാപ്പിട്ടാർ ജിതകാശികൾ വാനരർ;
ജീവനുള്ളാശരരെയിട്ടിഴച്ചാരങ്ങു വീണ്ടുമേ.
അരിഘ്നനാമൂൎജ്ജിതഭീമദൈത്യനെ-
ജ്ജനാൎദ്ദനൻ പോലെ, പടത്തലയ്ക്കലായ്
അരക്കരെച്ചെന്നു വധിച്ചു, നേടിനാൻ
കപീന്ദ്രനാ മാരുതി വീരലക്ഷ്മിയെ. ൩൬
പുകഴ്ത്തിനാർ ദേവകളാ പ്ലവംഗനെ-
ബ്ബലിഷ്ഠനാം ലക്ഷ്മണനൊത്തു രാമനും,
ശരിയ്ക്കു സുഗ്രീവമുഖപ്ലവംഗരും,
മഹാബലൻ പംക്തിമുഖന്റെ തമ്പിയും. ൩൭

—*—

## ഐമ്പത്തേഴാം സൎഗ്ഗം: പ്രഹസ്തനിൎഗ്ഗമം.

—(*)—

അകമ്പനവധം കേട്ടിട്ടരിശം കൊണ്ടരക്കർകോൻ
തെല്ലൊന്നു വാടിയ മുഖത്തോടമാത്യരെ നോക്കിനാൻ;
ചെററുനേരം വിചാരം പൂണ്ടാ,ലോചിച്ചാൻ സമന്ത്രിയായ്,
പിന്നെപ്പൂൎവ്വാഹ്നകാലത്തു രാവണൻ രാക്ഷസാധിപൻ ൧
ലാത്തീ ലങ്കാപുരത്തിങ്കൽ,പ്പടക്കൂട്ടൊക്കെ നോക്കുവാൻ;
അരക്കർ കാവൽനിന്നേ,ററം പടക്കൂട്ട് ചുഴന്നതായ്

Digitized By Kerala Sahitya Akademi

കാണായ് ലങ്കാപുരി കൊടികൊടിക്കാലണിയൊത്തുമേ.
വളയപ്പെട്ട പുരി കണ്ടരക്കപ്പെട്ട രാവണൻ ൪
പൊറാഞ്ഞു കാലേ, പോർവമ്പുള്ളാ പ്രഹസ്തനൊടോതിനാൻ:-
"പട പെട്ടെന്നു വന്നേറി ഞെരുക്കിയ പുരിയ്ക്കു ഞാൻ
യുദ്ധമല്ലാതെ വിടുതി കാണ്മീലാ യുദ്ധകോവിദ.
ഞാനോ,മൽസൈന്യപതിയാം ഭവാനോ, കുംഭകർണ്ണനോ, ൫
നികുംഭനോ, ഇന്ദ്രജിത്തോ വേണ,മിബ്ഭാരമേല്ക്കുവാൻ.
അതിനാലൊരു സൈന്യത്തെച്ചേർത്തുടനിന്നുടൻ
പുറപ്പെടുക വെൽവാനായ്ക്കാടക്കൂട്ടത്തിലെയ്ക്കു നീ.
നിൻപുറപ്പാടിനാൽത്തന്നെ പതറിപ്പാഞ്ഞുകൊള്ളുമേ, ൬
രാക്ഷസോത്തമരാർത്തിടുമാർപ്പു കേട്ടു കപിപ്പട:
നെഞ്ചുറപ്പും നെറിവുമില്ലാത്ത ചഞ്ചലികരങ്ങകൾ
സഹിയ്ക്കാ നിൻസ്വനം, സിംഹനാദമാനകൾ പോലവേ!
അസ്സൈന്യം പാഞ്ഞുപോയാലോ, രാമൻ സൌമിത്രിതന്നൊടും
പ്രഹസ്ത, ഗതിയും കെല്പും കെട്ടു നിങ്കീഴിലാസ്ഥരും.
സന്ദിഗ്ദ്ധം മരണം നല്ലു; തീർച്ചപ്പെട്ടുള്ളതല്ലിഹ;
മറിച്ചോ, ഇൗവിധംതാനോ, നമുക്കെന്തോർപ്പു നീ ഹിതം?"
ഇവണ്ണം രാവണൻ ചൊല്ലി, പ്രഹസ്തൻ പടനായകൻ, ൧൨
ദൈത്യേന്ദ്രനൊടു ശുക്രൻ പോലാ,ശരേന്ദ്രനൊടോതിനാൻ:-
'മുമ്പാലോചിച്ചുവല്ലോ നാം ദക്ഷാമാത്യരുമായ് പ്രഭോ;
നടന്നുവല്ലോ നാം തമ്മിൽ നിരൂപിച്ചിട്ടു വാദവും.
വൈദേഹിയെക്കൊടുത്തേച്ചാൽ നന്മയെന്നു നിനച്ചു ഞാൻ; ൧൪
കൊടായ്കിലോ യുദ്ധമെന്നും; കണ്ടല്ലോ നാമതേവിധം.
എന്നെന്നും ശ്ലാഘയാൽ,ദ്രാനാൽ, നാനാസാന്ത്വങ്ങളാലുമേ
ഭവാൻ മാനിച്ച ഞാൻ, കാലത്തെന്തു ചെയ്യില്ല നിൻപ്രിയം?
കാക്കേണമെനിയ്ക്കില്ലുയിർ മേ, പുത്രദാരധനങ്ങളോ; ൧൫
അങ്ങയ്ക്കായ്പ്പോരിലുയിർ ഞാൻ ഹോമിയ്ക്കുവതു കാൺക നീ.'
സ്വാമിരാവണനോടേവം പറഞ്ഞു പടനായകൻ,

Digitized By Kerala Sahitya Akademi

പ്രഹസ്തൻ മുന്നിലായ് നിന്ന ബലാധ്യക്ഷരൊടോതിനാൻ:—
'ക്ഷിപ്രം മേ കൊണ്ടുവരികൊരുരുകൈൗണപാഭസേനയെ: ൮
എൻബാണവജ്രവേഗത്താൽപ്പോർമന്നിൽക്കൊലയേറവേപോയ്
മാംസാദപക്ഷികൾക്കിന്നു പശിതീക്കട്ടെ വാനരർ!'
ഈ പ്രഹസ്തോക്തി കേട്ടിട്ടപ്പടത്തലവർ സത്വരം
ഒരുക്കി രാക്ഷസാഗാരമതിങ്കലൊരു സേനയെ. ൧൦
ആ ലങ്ക തെല്ലുനേരത്താൽ,ത്തീക്ഷ്ണനാനായുധാഢ്യരാൽ,
ഗജങ്ങളാൽപ്പോലെ, നിറഞ്ഞിതാ രാക്ഷസവീരരാൽ.
അഗ്നിതർപ്പണവും വിപ്രപൂജയും തത്ര ചെയ്യവേ,
നൈമണം പൂണ്ടു സൌരഭ്യത്തോടു വീശി സമീരണൻ; ൧൨
മന്ത്രം ജപിച്ചു വിവിധമലർമാലകൾ വാങ്ങിനാർ;
ധരിച്ചാരുൾക്കളിരൊടേ പോർക്കൊരുങ്ങിട്ടു രാക്ഷസർ.
വില്ലും ചട്ടയുമായ് ക്ഷിപ്രം പാഞ്ഞെത്തിനാർ രാക്ഷസർ.
സ്വാമിരാവണനെക്കണ്ടു,ച്ചുറ്റിനിന്നു പ്രഹസ്തനെ. ൧൪
നൃപാങ്കൽ വിടചോദിച്ചു ഭേരികൊട്ടിച്ചു ഘോരമായ്,
ഒരുക്കപ്പെട്ട ദിവ്യത്തേരേറിക്കൊണ്ടാൻ പ്രഹസ്തനാം:
പ്രജവാശ്വങ്ങളെപ്പൂട്ടിസ്സൂതൻ ചൊല്പിൽപ്പിടിച്ചതായ്,
പെരുംകാറൊച്ചയുള്ളൊന്നായ്,സ്സാക്ഷാൽച്ചന്ദ്രാർക്കദീപ്തമായ്,
പാമ്പന്നിക്കൊടിയും, നല്ല മറയും, നല്ല ചക്രവും
പൊൻജന്നലും ചേർന്നൊളിയാൽച്ചിരിയ്ക്കുംവിധമുള്ളതായ്,
ദുർദ്ധർഷമാമത്തേരിങ്കലേറി രാവണശാസനാൽ
ലങ്ക വിട്ടു പുറപ്പെട്ടാനാശു, വമ്പട ചുറ്റുമായ്. ൧൭
ഉടൻ കാറൊച്ച പോലുള്ള പെരുംപറനിനാദവും,
സമുദ്രത്തെ മുഴങ്ങിയ്ക്കുംമട്ടിലാം വാദ്യഘോഷവും
കേൾക്കായി ശംഖധ്വനിയും, സേനേശൻ നടകൊൾകവേ.
ഘോരമാം ശബ്ദമോടാർത്തു മുൻനടന്നിതു രാക്ഷസർ, ൨൦
പ്രഹസ്തനുടെ മുന്നാൾക്കാർ, ക്രൂരന്മാർ, ഭീമരൂപികൾ.
നരാന്തകൻ, കുംഭഹനു, മഹാനാദൻ, സമുന്നതൻ,



Digitized By Kerala Sahitya Akademi

നടന്നാരി പ്രഹസ്താമാത്യന്മാരവനു ചുററുമായ്.
പൂർവ്വദ്വാരാൽപ്പുറപ്പെട്ടാൻ, ഘോരമായ്, ച്ചുട്ടയിട്ടതായ്, ൩൨
ആനക്കൂട്ടത്തിനൊത്തുള്ള പെരുംപട ചുഴന്നവൻ.
കടൽക്കാളിൻകിടയ്ക്കൊത്തൊപ്പട മൂഴെച്ചുഴന്നതാൻ
പോന്നാൻ പ്രഹസ്തൻ ചിക്കെന്നു, കാലാന്തകയമോപമൻ.
അവൻെറ യാത്രാഘോഷത്താല,രക്കന്മാരുമാക്കയാൽ, ൩൪
കൂട്ടീ വികൃതമാം ശബ്ദം, ലങ്കയിൽസ്സർവ്വജീവിയും.
കാർ വിട്ട വാനമാണ്ടിട്ടു, മാംസശോണിതഭോജികൾ,
തേരിന്നു നേരെ വട്ടത്തിൽ വലംവെച്ചു പതത്ത്രികൾ;
തീജ്വാല കാന്തുകൊണ്ടുഗ്രമോരിയിട്ടു കുറുക്കനും; ൩൬
ആകാശാൽക്കൊള്ളിമീൻ വീണു; വീശീ പരുഷമാരുതൻ;
തമ്മിൽപ്പിണങ്ങി,യൊളികെട്ടവയായ്പ്പോയ് ഗ്രഹങ്ങളും;
ആ രാക്ഷസൻെറ തേരിന്മേൽക്കാറു രൂക്ഷാരവത്തൊടും
പെയ്തു രുധിരം;-മായാൾതൻ മുന്നാൾക്കാരും നനഞ്ഞുപോയ്;
കൊടിമേൽത്തെക്ക നോക്കിക്കൊണ്ടിരുന്നി,രുവശത്തിലും
കൊത്തുന്ന കഴുകൻ കട്ടാനയാൾതൻ പ്രഭയൊക്കവേ;
പലവട്ടം രണം പൂക്കോനായ തത്സാരഥിയ്ക്കിഹ,
സൂതന്നു, വാജിസാദിയ്ക്കു, കരാൽച്ചമ്മട്ടി വീണുപോയ്; ൪൦
പ്രയാണേ ദുർല്ലഭശ്രീയൊന്നവങ്കൽ പ്രോജ്ജ്വലിച്ചതും
കെട്ടു ക്ഷണാൽ;-ക്കാലിടറീ വാജികൾക്കു നിരപ്പിലും!
നേർക്കെത്തും പൌരുഷബലദ്യോതിമാനാം പ്രഹസ്തനെ
പോരിൽ നാനായുധങ്ങളോടേ പാഞ്ഞെത്തീറു വാനരപ്പട. ൪൨
ഉടൻ പൊങ്ങി കപികളിലൊരു സംകലനിസ്വനം,
മരം പറിപ്പതിൻേറയും, വൻകല്ലേന്തുന്നതിൻെറയും.
അരക്കന്മാരലറവേ, കീശന്മാർ കൂക്കിയാർക്കവേ,
മോദിച്ചു, രണ്ടു പടയും; പ്ലവംഗരുമരക്കരും ൪൪
ഊക്കേറിയോർ മിടുക്കന്മാര,ന്യോന്യവധകാംക്ഷികൾ
തമ്മിൽത്തമ്മിൽ വിളിയ്ക്കുന്നൊരൊച്ചയും പെരുകി തുലോം.

Digitized By Kerala Sahitya Akademi

പ്രഹസ്തനും വാനരരാജസൈന്യനേ-
ക്കിറങ്ങിനാൻ വെൽവതിനായ് ദ്ദുരാശയൻ;
പ്രവേഗമാമപ്പട ചെന്നുപൂകിനാൻ,
ഹുതാശനെപ്പാററ കണക്ക ചാകുവാൻ. ൪൩

—:*:—

ഐമ്പത്തെട്ടാം സൎഗ്ഗം: പ്രഹസ്തവധം.

—o—

പ്രഹസ്തൻ ഭീമവിക്രാന്തൻ ചെന്നൊത്തുനാളുകണ്ടുടൻ
ചിരിച്ചരിന്ദമൻ രാമൻ വിഭീഷണനൊടോതിനാൻ:—
'ആരാണിതു പെരുംക്രൂരൻ, പെരുംപട ചുഴന്നവൻ?
ചൊല്ലേണ്ണോട്ട മഹാബാഹോ, വീൎയ്യവാനാം നിശാടനെ.' ൧
രാമൻെറ ചോദ്യം കേട്ടിട്ട വിഭീഷണനമോതിനാൻ:-
'ഇത,വൻെറ പടയ്ക്കീശൻ പ്രഹസ്താഖ്യനരക്കനാം:
ലങ്കയിൽക്കെൌണപേന്ദ്രൻെറ പട മൂന്നൊന്നു ചേൎന്നവൻ,
വീൎയ്യവാൻ, ശൂരന,സ്ത്രജ്ഞൻ, വിക്രമത്തിൽപ്പുകഴ്ന്നവൻ.' ൨
പോന്നൊത്തും ഭീമനാം ഭീമവീൎയ്യമൊക്കും പ്രഹസ്തനെ,
ഗൎജ്ജിപ്പോനെ,യരക്കന്മാർ ചൂഴുന്ന പടക്കുറനെ
കണ്ടു മഹാബലന്മാരാം പ്ലവംഗരുടെ വമ്പട,
പെരുംക്രോധാൽ പ്രഹസ്തൻെറ നേരേ ഗൎജ്ജിച്ചുകൊണ്ടുതാൻ. ൩
വാൾ, വേല്യ,ഷ്ടികൾ, ബാണങ്ങൾ, ശൂലങ്ങൾ,മുലയ്ക്കയും,
ഗദ, കന്തം, പരിഘവും, നാനാജാതിമഴുക്കളും,
ചിത്രങ്ങളാം വില്ലുകളും വിളങ്ങീ, വിജയേച്ഛയാ
പ്ലവംഗരൊട്ട പാഞ്ഞെത്തുമരക്കരുടെ കൈകളിൽ. ൪
കീശരോ, പൊരുതാൻ കൈക്കൊണ്ടിരുന്നു പൎവ്വതങ്ങളും,
പെരുംനെടുംകല്ലുകളും പൂത്തുനിന്ന മരങ്ങളും.
അവർ തമ്മിലടുത്തിട്ട നടന്നിതൊരു വമ്പട:
പെയ്യയായ് വളരെപ്പേർ കന്മഴയും ശരമാരിയും. ൫

Digitized By Kerala Sahitya Akademi

പലരാശരർ പോരിങ്കൽപ്പലരെക്കീശമുഖ്യരെ,
കീശന്മാരാശരരെയും വധിച്ചാർ, പലരെപ്പലർ.
അരഞ്ഞു ചിലർ ശൂലത്താൽ, ച്ചിലർ, ചക്രങ്ങളാലുമേ;
ചിലർ വെണ്മഴവററവൂ; പരിഘാഹതരായ് ചിലർ; ൧൨
തികച്ചും വീപ്പുമുട്ടിപ്പോയ് നിലംപൊത്തീടിനാർ ചിലർ,
ചിലർ നെഞ്ചു പിളൎന്നിട്ടും, ബാണക്കെട്ടിൽക്കുടുങ്ങിയും.
വാളേററു രണ്ടായ്ബ്ഭവി വീണുരുണ്ടാർ ചില വാനരർ,
വാരിയ്ക്കാശരർ ശൂലത്താൽപ്പിളൎത്തിടുകയാലുമേ. ൧൪
ചൊടിച്ചു വാനരന്മാരുമരക്കന്മാരെ നീളവേ
മരം ശൈലാഗ്രമിവയാലിട്ടരച്ചു ധരിത്രിയിൽ.
വജ്രനേർകൈത്തലം മുഷ്ടിയിവതൻ വീക്ക കൊാംകയാൽ.
പല്ലും കണ്ണും തകൎന്നോരായ് ച്ഛൎദ്ദിച്ചാർ ചോര വായ്ക്കളാൽ. ൧൬
ആൎത്താരാൎത്തസ്വരം, പോരിൽ; മുഴക്കീ സിംഹനാദവും;
ഏവം ക്രുടിക്കലന്നൊച്ച പൊങ്ങി കപിനിശാടരിൽ.
വീരമാൎഗ്ഗാനുഗതരായ് ക്രൂരരാം കപിരാക്ഷസർ
കണ്ണിട്ടുരുട്ടിക്കൂസാതേ ചൊടിച്ചു പടവെട്ടിനാർ. ൧൮
 നരാന്തകൻ, കുംഭഹനു, മഹാനാദൻ, സമുന്നതൻ,
പ്രഹസ്താമാത്യരിവരെപ്പേരും കൊന്നു പ്ലവംഗരെ.
അവർ പാഞ്ഞേററുകൊണ്ടാശു കീശരെക്കൊലചെയ്യവേ,
ദ്വിവിദൻ മലയാൽക്കൊന്നു നരാന്തകനൊരുത്തനെ; ൨൦
വീണ്ടും, വമ്പിച്ചൊരു മരം പറിച്ചദ്ദൂൎമ്മുഖൻ കപി
കൈവേഗമോടേ മട്ടിച്ചാൻ സമുന്നതനിശാടനെ;
ജാംബവാനരിശം കൊണ്ടു പെരുംകല്ലൊന്നെടുത്തുടൻ
മഹാനാദന്റെ മാറത്തേയ്ക്കാഞ്ഞെറിഞ്ഞാൻ മഹാദ്യുതി. ൨൨
അവരിൽക്കുംഭഹനുവോ, താരനോടേററു വീര്യവാൻ
തലയ്ക്കു വൃക്ഷത്തല്ലേററു പോരിങ്കലുയിർ പോക്കിനാൻ.
അച്ചെയ്ത്തു സഹിയ്ക്കാതേ പ്രഹസ്തൻ, തേരിൽ വാഴുവോൻ
കൊട്ടംപരിക്ക തട്ടിച്ചു വാനരർക്ക ധനുർദ്ധരൻ. ൨൪

Digitized By Kerala Sahitya Akademi

ചുഴിയുണ്ടായതായ്ത്തോന്നി രണ്ടു സൈന്യത്തിലും തദാ;
പൊങ്ങി, കോലംകൊണ്ട നിസ്സീമക്കടല്ക്കൊത്തൊരിരമ്പവും!
മഹത്തായ ശരൌഘത്താൽ പ്രഹസ്തൻ യുദ്ധകോവിദൻ
ത്രൈലോക്യം വലച്ചാനടരിലരിശം മൂത്തു കീശരെ. ൨൬
അരക്കരുടെയും കീശരുടെയും മെയ്കളാൽ മഹി,
വീണ കുന്നുകളാൽപ്പോലേ നിറയപ്പെട്ടു ഘോരമായ്.
ആ നിലം രുധിരൌഘത്താൽ മൂടപ്പെട്ടു ലസിയ്ക്കയായ്,
വസന്തേ പൂപ്പിലാശ്ശുക്കൾ നിറഞ്ഞാലെന്നപോലവേ. ൨൮
ചത്ത വീരൌഘമാം വക്കം ഭഗ്നായുധമരങ്ങളും
രക്തപ്പാഴ്വെള്ളവും ചേർന്നു, യമാംഭോധിയ്ക്കു പോവതായ്,
യകൃൽപ്ലീഹപ്പെരുഞ്ചേറും കുടർച്ചണ്ടിപ്പടച്ചിയും
വിരൽപ്പുല്ലുകളും വിണ്ട തലമെയ്മീനുമൊത്തതായ്, ൩൦
ഗൃദ്ധ്രഹംസഗണം ചിന്നി,ക്കങ്കസാരസജുഷ്ടമായ്,
മേദസ്സാകും നുര നിറഞ്ഞാ,ർത്തസ്വരനിനാദിയായ്,
അധീരർക്കു കടക്കാവല്ലാത്തൊന്നപ്പോർക്കളപ്പുഴ,
ഹംസസാരസർ മേളിച്ച ശരന്നദി കണക്കിനെ. ൩൨
കടന്നു രാക്ഷസകപിശ്രേഷ്ഠരദ്ദുസ്തരപ്പുഴ,
തണ്ടാർപ്പൊടി പരന്നൊരു പൊയ്ക്ക ദന്തീന്ദ്രർ പോലവേ.

പ്രഹസ്തൻ തേരിൽനിന്നസ്ത്രപ്രകരം തൂകിയഞ്ജസാ
പ്ലവംഗരെ വധിയ്ക്കുന്നതീക്ഷിയ്ക്കപ്പെട്ടു നീലനാൽ.
വാനിൽ വീശിന കാററഭ്രജാലത്തെപ്പോലവേ, ബലാൽ
പാഞ്ഞെററതായ്ക്കണ്ടടരിൽ പ്രഹസ്തൻ പടനായകൻ
നീലനെത്തന്നെ പാഞ്ഞെററു സൂര്യശ്രീ പൂണ്ട തേരിനാൽ;
ആ വില്ലാളിപ്രവരനാം പ്രഹസ്തൻ പടനായകൻ ൩൪
വമ്പോരിൽ വില്ലാഞ്ഞുവലിച്ചെയ്താൻ കണകൾ നീലനിൽ.
ശരിയ്ക്കു ചെന്നാബ്ബാണങ്ങൾ നീലൻതൻമെയ് പിളർത്തുടൻ
പാരിലാണ്ടു പെരുഞ്ചുക്കിൽ, ക്രുദ്ധസർപ്പങ്ങൾ പോലവേ.
ചെന്തീയ്ക്കിനൊത്ത ക്രൂരമ്പേററിട്ടു നീലൻ കപീശ്വരൻ ൩൬

Digitized By Kerala Sahitya Akademi

നേക്കിത്തുമാത്രരാധർഷതരനാകും പ്രഹസ്തനെ,
ഒരു വൃക്ഷം പറിച്ചേന്തിയൊന്നടിച്ചിതു വീര്യവാൻ.
അതല്ലേററു ചൊടിച്ചാ,ത്തുംകൊണ്ടാ രാക്ഷസപുംഗവൻ
ശരവർഷങ്ങൾ വർഷിച്ചാൻ പ്ലവംഗപ്പടനാഥനിൽ. ൪൦
ആ രാക്ഷസൻെറ കൊട്ടതാം ബാണൌഘത്തെ മഹാബലൻ
തടപ്പാനരുതാഞ്ഞിട്ടു കണ്ണടച്ചേററുകൊൾകയായ്;
എവ്വണ്ണം കാള പെട്ടെന്നു പെയ്ത ശാരദവൃഷ്ടിയെ,
അവ്വണ്ണമേ പ്രഹസ്തൻെറ ദുർദ്ധർഷശരവൃഷ്ടിയെ, ൪൨
നീലൻ ചിക്കെന്നു കൺ ചിമ്മിസ്സഹിച്ചാനതിഘോരയെ.
ശരവർഷാലരിശമാന്നൊ,രു വമ്പയനാൽ മഹാൻ
കൊന്നു നീലൻ, പ്രഹസ്തൻെറ മനോവേഗിഹയങ്ങളെ;
പിന്നെ നീലൻ പ്രഹസ്തൻെറ വില്ലു തട്ടിപ്പറിച്ചുടൻ ൪൪
പിടിച്ചൊടിച്ചാൻ ബലവാൻ; പേർത്തു പേർത്തലറീടിനാൻ.

അവൻ വില്ലു കളഞ്ഞപ്പോൾ, പ്രഹസ്തൻ പടനായകൻ
ഘോരം മുസലമൊന്നേന്തിത്തേരിൽനിന്നാഞ്ഞു ചാടിനാൻ.
വൈരമോടൊക്കെ പെരുകുമാ രണ്ടു പടനാഥരും ൪൬
മെയ്യിൽച്ചോരയുമായ് നിന്നു, മത്തഹസ്തികൾ പോലവേ;
കൂർപ്പേറിടും ദംഷ്ട്രകളെക്കൂട്ടിമുട്ടിച്ചിരുമ്മിനാർ
സിംഹശാർദ്ദൂലതുല്യന്മാർ, സിംഹശാർദ്ദൂലചേഷ്ടിതർ;
ജയം നേടിയ വീരന്മാർ പോരിൽപ്പിന്തിരിയാത്തവർ ൪൮
കീർത്തിലാഭത്തെ വാഞ്ഛിച്ചാർ, വൃത്രവാസവസന്നിഭർ.
തികച്ചുമൊന്നൊരുമ്പെട്ടാ പ്രഹസ്തൻ മുസലത്തിനാൽ
തച്ചാൻ നീലനെ നെററിയ്ക്കായ്; വാർന്നു നിണമവന്നതിൽ.
നിണം പുരണ്ട മെയ്യോടൊ,ത്തുക്കന്മരമെടുത്തുടൻ, ൫൦
ക്രോധാൽ പ്രഹസ്തമാറത്തെയ്യെറിഞ്ഞാൻ കപിസത്തമൻ.
അത്താഡനം ഗണിയ്ക്കാതേ, പെരുംമുസലമോടവൻ
ബലാൽപ്പാഞ്ഞേററു, ബലവാനായ നീലപ്ലവംഗനെ.
കടുത്തൊരുക്കൊട്ടമവൻ ചൊടിച്ചേല്പതു കാൺകയാൽ ൫൨

Digitized By Kerala Sahitya Akademi

കൈക്കൊണ്ടാൻ വലുതാം കല്ലൊ,ന്നുടക്കറിയ മഹാകപി;
പ്രഹസ്തൻ യുദ്ധനിരതനവലയ്ക്കപ്പോർ നടത്തവേ,
കല്ലവൻതൻ തലയിലേയ്ക്കെറിഞ്ഞാൻ നീലനഞ്ജസാ.
അക്കപിപ്രവരൻ വിട്ട പെരുംകല്ലതു ഭീഷണം ൪൮
പിളർത്തി പലപാടായി, പ്രഹസ്തൻെറ ശിരസ്സിനെ.
ശ്രീ കെട്ട, കെല്പകന്നാ,സ്സേന്ദ്രിയനാ,യുയിർ വിട്ടവൻ
നിലത്തു വീണു, പെട്ടെന്നു വേരററ തരു പോലവേ.
അവൻെറ വീണ്ട തലയിൽനിന്നോററമൊഴുകീ നിണം; ൪൯
ദേഹത്തിൽനിന്നുമൊഴുകീ, കുന്നിൽനിന്നുറവാം വിധം.
നീലൻ പ്രഹസ്തനെക്കൊന്നനേരം ലങ്കയ്ക്കു പാഞ്ഞുപോയ്,
ഹർഷം കെട്ടാശരരുടെ കലുങ്ങാത്താപ്പെരുംപട;
നില്പാനശക്തമായ് പോരിൽസ്സേനാശനെ ഹനിയ്ക്കയാൽ, ൫൦
അണക്കെട്ടു മുറിഞ്ഞാലങ്ങംഭസ്സെന്ന കണക്കിനെ.
അസ്സേനേശവധംമൂലമുത്സാഹം കെട്ട രാക്ഷസർ
രാക്ഷസേന്ദ്രഗൃഹം പുക്ക മിണ്ടാതേ നിന്നു ചിന്തയാൽ;
ബോധം കെട്ട നിലയ്ക്കായി കടുംമാലാഴിയാണ്ടവർ! ൫൧

ബലിഷ്ഠനാകും ജയശാലി നീലനോ,
സ്വചേഷ്ടിതംകൊണ്ടഭിനന്ദ്യമാനനായ്
സലക്ഷ്മണൻ രാമനിലെത്തിയേററവും
സഹർഷനായ്നിന്നിതു യൂഥപാലകൻ. ൫൨

—(൦)—

ഐമ്പത്തൊമ്പതാം സർഗ്ഗം: രാവണകിരീടഭംഗം.

—*—

പോരിൽപ്പ്ലവംഗർഷഭനാ നിശാട-
സേനേശിതാവെക്കൊലചെയ്കയാലേ
കടല്ക്കുനേരാം ജവമോടു പാഞ്ഞൂ
ഭീമായുധം, രാക്ഷസരാജസൈന്യം. ൧

Digitized By Kerala Sahitya Akademi

ചെന്നിട്ടരക്കപ്പെരുമ്പടയോട്ടണഞ്ഞി
സേനേശനെപ്പാവകി കൊന്നതായി;
അക്രൂരമിച്ചൊല്ലിയതും ശ്രവിച്ചു
രക്ഷോധിപൻ ക്രോധവിധേയനായി. ൨
പ്രഹസ്തനെപ്പോരിൽ വധിച്ചതായ്ക്കേ-
ട്ടുഴൽർന്നുഴപ്പാർന്നതികോപമോടേ
രക്ഷോഭടശ്രേഷ്ഠരൊടോതി, ശക്രൻ
വാനോർഭടശ്രേഷ്ഠരൊടെന്നപോലെ:—
"പാടില്ലമാന്തം മാററാരില;-വരിന്ദ്രബലമല്ലനെ
കൊന്നല്ലോ മമ സേനാധീശനെ, നാഗാന്തഗാമ്യനെ! ൪
അതിനാൽ, മാററരെക്കൊന്നു വെൽവാനായ് മടിയെന്നിയേ
താന്താൻ പോകുവനാ,ശ്ചര്യമാകുമപ്പോർത്തലയ്ക്കൽ ഞാൻ.
ഇന്നക്കപിപ്പടയെയും, രാമലക്ഷ്മണർതമ്മെയും
ചുട്ടെരിപ്പൻ ശരൌഘത്താൽ,ച്ചെന്തീയ്യാൽക്കാടു പോലവേ. ൫
ഇതിൻവിധം ചൊന്നെ,രിതിയ്യിനൊപ്പം
തിളങ്ങിമിന്നും വടിവുള്ളതായി
തുരംഗരാജവ്രജമൊത്ത തേരിൽ-
ക്കേറിനാനസ്സുരരാജവൈരി.
സശംഖഭേരീപണവപ്രണാദം,
കൈകൊട്ടിയാർക്കുന്നൊലി,സിംഹനാദം,
നൽസ്തോത്രമിപ്പൂജകളേററുകൊണ്ടേ
പോന്നീടിനാൻ രാക്ഷസരാജവത്സൻ. ൬
ചെന്തീയൊളിക്കണ്ണുരഗാഭരൂപ-
രരക്കർ ചൂഴററ നിശാചരേന്ദ്രൻ
വിളങ്ങിനാനങ്ങു, സുരേശിതാവാം
ഭൂതങ്ങൾ ചൂഴററ പിനാകി പോലെ.
പുരത്തിൽനിന്നാശു പുറത്തണഞ്ഞി-
ട്ടോജസ്വി കണ്ടു കപിസൈന്യമുഗ്രം,

Digitized By Kerala Sahitya Akademi

കാർവണ്ടടൽശ്ശുഭ്രമൊടദ്രിവൃക്ഷം
കൈക്കൊണ്ടൊരുക്കത്തൊടു നില്പതായി. ൧൦
പ്രചണ്ഡമാ രാക്ഷസസേന കണ്ടു
ചോദിച്ചു നാഗോത്തമബാഹു രാമൻ,
ബലാവൃതൻ, ശസ്ത്രധരാഗ്ര്യനായ
വിഭീഷണൻതന്നോടനല്പശോഭൻ:—
'നാനാകൊടിക്കാൽക്കൊടിശസ്ത്രയുക്ത-
വാളംകുന്തശ്ശൂലായുധവജ്രയുക്തം
അക്ഷോഭ്യതദ്ദീന്ദ്രനിഭേഭയുക്ത-
മക്ഷോഭ്യമാമിപ്പട ധീരയുക്തം?' ൧൧
വചസ്സിദം കേട്ടഥ രാമനോടു
വിഭീഷണൻ വാസവതുല്യവീര്യൻ
ഉണർത്തിനാൻ, വമ്പിയലുന്ന നക്ത-
ഞ്ചരഷ്ഠന്മാരുടെ നൽബ്ബലത്തെ:-
"ആനപ്പുറത്തേറിയ കൂറനിട്ടാൾ
ബാലാർക്കനെപ്പോലെ മുഖം തുടുത്തോൻ,
ഗജത്തലയ്ക്കാട്ടവുമേകിയേല്ലോ-
നകമ്പനൻ, തേറുക തമ്പുരാനേ. ൧൨
സിംഹധ്വജൻ തേരിലൊരുത്തനില്ല,
സുരേന്ദ്രവില്ലിന്നെതിർവില്ലുലപ്പോൻ,
ഗജോപമൻ, ദംഷ്ട്ര കടുത്തുരുണ്ടോ-
ന,തിന്ദ്രജിത്താണു, വരപ്രധാനൻ.
വില്ലാളി, വിന്ധ്യാസ്തമഹേന്ദ്രഭാസ്സീ-
ത്തേരാണ്ട തേരാളിവരിഷ്ഠവീരൻ,
നിസ്തുല്യവൻവില്ലൊലിയിട്ടിടുന്നോൻ,
കായം വളർന്നോന,തികായനത്രേ. ൧൩
മണിക്കിലുക്കം പെടുമാനമേൽ വാ-
ണൊരാറം നവാക്കപ്പടി കൺചുകന്നോൻ



Digitized By Kerala Sahitya Akademi

ഗർജ്ജിപ്പതില്ലേ കൊട്ടതായി, വീര-
നിവ്വാം, മഹാത്മാവു മഹോദരാഖ്യൻ.
നാനാതരം പൊന്നണി ചാർത്തിയന്തി-
ക്കാറാണ്ട കന്നൊത്തൊരു വാജിതന്നിൽ,
തിളങ്ങിടും കുന്തവുമേന്തി വാഴ്വോൻ
പിശാചനാമാവ,ശനിപ്രവേഗൻ. ൧൫
ഒരാളിടിത്തീയെതിരുക്കിയന്ന
മിന്നല്ക്കു നേരാം ശിതശൂലമേന്തി,
ചന്ദ്രാഭമാം വൻവൃഷമേറിയെത്തു-
ന്നില്ലേ, പുകഴ്ന്നാത്രിശിരസ്സിതത്രേ.
തടിച്ചു ചേലാന്തു പരന്ന മാറൊ-
ത്തിതാ, മുകിൽച്ചാർത്തുതിർമൂർത്തി കുംഭൻ,
സന്നദ്ധനായ്പ്പന്നഗരാജകേതു
ശോഭിപ്പു, വില്ലിട്ടൊലിചേർത്തുലപ്പോൻ. ൨൦
ഒരാളിതാ, പൊന്നണിവജ്രമൊത്തു
പുകഞ്ഞു കത്തും പരിഘത്തെയേന്തി
വരുന്നു രക്ഷോബലമുഖ്യഭൂതൻ,
ഘോരാദ്ഭുതം ചെയ്യുമിവൻ നികുംഭൻ.
വാൾവില്ലമമ്പിൻനിരയും നിറഞ്ഞു.
തീ പോലെ മിന്നിക്കൊടി ചേർന്ന തേരിൽ
കരേറി മേവുന്നൊരു ക്രൂരനിവ്വാം
നരാന്തകൻ, പർവതശൃംഗയോധി. ൨൫
വ്യാഘ്രോഷ്ട്രനാഗേന്ദ്രമൃഗാശ്വവക്ത്രർ
ഭൂതങ്ങൾ, നാനാവിധഘോരരൂപർ,
കണ്ണിട്ടുരുട്ടുന്നവർ നാലുപാടും
ചേർന്നോനിവൻ ദർപ്പഹരൻ സുരർക്കും;
ചന്ദ്രാഭമായ് നേർശലാകൊണ്ടമി നൽ-
ശ്വേതാതപത്രം വിലസുന്നതെങ്ങോ,

Digitized By Kerala Sahitya Akademi

അങ്ങാ മഹാത്മാവു നിശാടരാജൻ
ശോഭിപ്പു, ഭൂതാവൃതരുദ്രതുല്യൻ; ൨൪
കിരീടവാൻ, ചഞ്ചലകുണ്ഡലാസ്യൻ,
ഗിരീന്ദ്രവിന്ധ്യോപമഭീമകായൻ,
ഇതാ, ലസിപ്പൂ രവിപോലെ, ശക്ര-
കീനാശദപ്പാപഹനാശരേന്ദ്രൻ."

രാമനും വൈരിജിത്തായ വിഭീഷണനൊടോതിനാൻ:-
"അമ്പോ, കത്തുന്ന തേജസ്വി രാവണൻ രാക്ഷസാധിപൻ!
രശ്മിയാൽസ്സൂര്യനെപ്പോലെ, നോക്കാവല്ലാത്ത രാവണൻ!
ഇവൻെറ തേജസ്സണിമൈ വെളിവായ്ക്കാണ്മതില്ല ഞാൻ!
ദേവദാനവവീരക്ഷ്മുണ്ടാകില്ലേവമാമുടൽ:
അത്രയ്ക്കല്ലോ വിളങ്ങുന്നു രാക്ഷസേന്ദ്രൻെറയീയുടൽ! ൨൭
എല്ലാവരും ഗിരിതുല്യന്മാരേ,വരും ഗിരിയോധികൾ,
എല്ലാവരും ദീപ്തശസ്ത്രന്മാരീ മഹാത്മാവുതൻ ഭടർ.
യമനെപ്പോലെ ശോഭിപ്പൂ, ഭീമവിക്രമരുജ്ജ്വലർ
വന്നെല്ലുരുഗ്രഭൂതങ്ങൾ ചുഴന്നോനീയരക്കർകോൻ! ൩൦
ഭാഗ്യ,മിപ്പൊഴുതെൻകണ്ണിലാപ്പെട്ടു പാപിയാമിവൻ;
സീതാഹരണജകോപം ഞാനാഞ്ഞുചാട്ടുവനിപ്പൊഴേ!"
എന്നുരച്ചുടനേ രാമൻ വില്ലെടുത്തിട്ടു വീര്യവാൻ
നല്ലമ്പേന്തി നിലക്കൊണ്ടാൻ പിന്നിൽസ്സൌമിത്രിതാനുമായ്.

തദാ മഹാത്മാവു നിശാചരർകോനാ-
ജ്ജ്വലിഷ്ണുരാം രാക്ഷസരോടുരച്ചാൻ:-
'ദ്വാരങ്ങൾ, പാതപ്പുര, ഗോപുരങ്ങ-
ളിവററിൽ നില്പിൻ സുഖമായശങ്കം.
ഞാൻ നിങ്ങളൊന്നിച്ചിഹ പോന്ന തല്ലി-
തറിഞ്ഞു, പെട്ടെന്നിടചേർന്നു കീശർ
മുടിച്ചുകേറി,ജ്ജനശൂന്യമായ
ദുർദ്ധർഷമാകും പുരി തീണ്ടിയേയ്ക്കും!' ൩൪

Digitized By Kerala Sahitya Akademi

സമേതരാമായവരെപ്പിരിച്ചാ,
ക്ഷപാടരാജ്ഞപ്പടി പോയശേഷം
പിളർത്തിനാൻ വാനരസാഗരൌഘം,
മഹാർണ്ണവൌഘം പെരുമീൻ കണക്കെ.
പെട്ടെന്നു, മിന്നും ശരചാപമോടാ
നിശാടർകോനേല്പതു കണ്ടു പോരിൽ
ഒരദ്രിശൃംഗം വിപുലം പറിച്ചു
പാഞ്ഞേററു രക്ഷോധിപനെക്കപീന്ദ്രൻ. ൩൬
ആബ് ഭൂരിവൃക്ഷാഢ്യതടം നഗാഗ്ര-
മെട്ടത്തെറിഞ്ഞാനഥ രാക്ഷസങ്കൽ;
പെട്ടെന്നതാഞ്ഞേല്പതു കണ്ടു, പോന്നു
കെട്ടിച്ച ബാണാവലിയാൽപ്പിളർത്താൻ.
തടത്തിൽ വന്മാമരമേററമുള്ളാ-
ശ്ശൃംഗം തകർന്നൂഴിയിൽ വീണതോടേ,
വമ്പാമ്പിനൊത്തോരു യമാഭമായ
ബാണം തൊടുത്താൻ പിശിതാശനേശൻ; ൩൮
വലിച്ചുവിട്ടാൻ, പൊരി പാറുമഗ്നി-
ശ്ശിഖോത്ഥാഭയും കാറെറാടിടഞ്ഞ പോക്കും
വജ്രത്തിനൊത്തുക്കമിയന്നതാമ-
ശ്ശരം പ്ലവംഗേശഹതിയ്ക്കു രുഷ്ടൻ.
ദശാനനൻതൻ ഭുജമെയ്തുവിട്ട
ക്രൂരമ്പതി,ന്ദ്രാശനിതുല്യരൂപം
സുഗ്രീവനെച്ചെന്നു പിളർത്തിതുക്കിൽ,
ക്രൌഞ്ചത്തെയുഗ്രം ഗുഹവേൽ കണക്കെ. ൪൦
ആ വീരനമ്പേററു മനം മറിഞ്ഞു,
ഞെരങ്ങിയുംകൊണ്ടു നിലത്തു വീണു;
മോഹിച്ചവൻ ഭൂമിയിൽ വീണതീക്ഷി-
ച്ചി,മ്പം പിടിച്ചാർത്തിതരക്കർ പോരിൽ.

Digitized By Kerala Sahitya Akademi

ഉടൻ, ഗവാക്ഷൻ, ഗവയൻ, സുദംഷ്ട്രൻ,
ജ്യോതിർമ്മുഖൻ, പിന്നെ നഗഷഭന്മാർ,
കനിച്ച മെയ്യുള്ളിവർ കുന്നമോങ്ങി-
പ്പാഞ്ഞെത്തിനാരാശരർകോന്റെ നേരേ. ൪൮
പാഴാക്കിനാൻ ക്രുത്ത ശരങ്ങളാലാ
നിശാടർകോനാ,യവർ തച്ചതെല്ലാം;
കടയ്ക്കു പൊൻ കെട്ടിയ ബാണജാല-
ത്താലക്കപിശ്രേഷ്ഠരെയും പിളർത്താൻ.
സുരാരിയമ്പെയ്തു പിളർത്ത ക്രൂര-
ന്മാരക്കപിശ്രേഷ്ഠർ നിലംപതിച്ചു;
അവൻ തദാ മൂടി ശരങ്ങൾകൊണ്ട,-
ക്കൊട്ടുംപ്ലവംഗപ്പടയെപ്പരക്കേ. ൪൯
കൊല്ലുന്ന പൌലസ്ത്യശരങ്ങളാലേ
മാലേററു വീണാ പ്ലവഗപ്രവീരർ
പേടിപ്പെരുംമുള്ളു തറഞ്ഞു, പേർത്താ-
ത്താലംബ്യനാം രാമനെയാശ്രയിച്ചാർ.
അന്നേരമേ രാമനുദാരശീലൻ
വില്ലേന്തി വില്ലാളി ജവാൽ നടന്നു;
അവങ്കലെത്തിത്തൊഴുതുത്തമോക്തം
താവുംവിധം ലക്ഷ്മണനൊന്നു ചൊന്നാൻ:- ൫൦
'ശേഷിയുണ്ടേററമാശ്ശ്രന്നിദ്ദുർബ്ബുദ്ധിയെ വധിയ്ക്കുവാൻ;
എന്നാലിവനെ ഞാൻ കൊല്ലാം; വിട നല്കുക മേ പ്രഭോ!'
അവനോടോതി തേജസ്വി രാമൻ സത്യപരാക്രമൻ:-
'ചെല്ക, യുദ്ധത്തിലാവോളം യത്നവും ചെയ്ക ലക്ഷ്മണ: ൫൧
രാവണൻ വീര്യമേറുന്നോൻ, പോരിലദ്ഭുതവിക്രമൻ,
അസഹ്യനല്ലോ മൂപ്പാർക്കും ചൊടിച്ചാലി,ല്ല സംശയം.
അവന്റെ പഴുതാരായ്ക കണ്ണാൽക്കരുതൽ പൂണ്ടു നീ;
മറയ്ക്ക തൻ പഴുതുകൾ; ചെയ്ക വില്ലാൽ സ്വരക്ഷയും.' ൫൨

Digitized By Kerala Sahitya Akademi

രാഘവൻതന്റെ മൊഴി കേട്ടാദരിച്ചു പുണന്റടൻ
അഭിവാദനവും ചെയ്തു പോയാൻ പോരിന്നു ലക്ഷ്മണൻ.
അ ഹസ്തിഹസ്തോപമബാഹു കണ്ടു,
ജ്വലിച്ചിടും ഭീഷണവില്ലുയർത്തി
മൈ വിണ്ടുടഞ്ഞാക്കപിമാരെയസ്ത്ര-
പ്പെമാരിയാൽ മൂടുമരക്കർകോനെ. ൯൭
അവനെക്കണ്ടു, തേജസ്വി ഹനുമാനനിലാത്മജൻ
ശരജാലം തടുത്തോ,ടിയണഞ്ഞാനാശരേശനെ.
രാവണന്റെ രഥോപാന്തേ ചെന്നു ധീമാൻ മരുത്സുതൻ
വലംകയ്യോങ്ങി,യവനെപ്പേടിപ്പിച്ചുരിയാടിനാൻ:- ൯൮
'ദേവദാനവഗന്ധർവ്വയക്ഷർക്കും രാക്ഷസർക്കുമേ
അവധ്യനായിട്ടുള്ളു നീ; കീശരാൽ നീ വിപന്നനാം.
എന്റെയിപ്പഞ്ചശാഖോദ്ധ്യതമാങ്ങപ്പെട്ട വലത്തു കൈ
നിൻശരീരാൽപ്പറപ്പിയ്ക്കും, നെടുനാൾ വാണ ദേഹിയെ!' ൯൯
ഹനുമാനുടെ ചൊൽ കേട്ടു, രാവണൻ ഭീമവിക്രമൻ
ചൊടിച്ചു കൺചുകപ്പാന്റിപ്പടിയൊന്നുരിയാടിനാൻ:-
'തച്ചുകൊൾകാശു കില്ലെന്യേ; നേടിക്കൊൾകിടെഴും പുകൾ;
പോർക്കരുത്തൊന്നറിഞ്ഞിട്ടു കൊൽവൻ ഞാൻ നിന്നെ വാനര!'
രാവണൻതന്റെ ചൊൽ കേട്ടു കാററിന്മകനുമോതിനാൻ:-
'ഒന്നോർത്തുനോക്കു, ഞാനന്നു തച്ചു നിന്നാക്ഷനെന്നിയെ!'
എന്നു കേട്ടു,തിതേജസ്വി രാവണൻ രാക്ഷസേശ്വരൻ
തച്ചാൻ മാരുതിതൻമാററത്തുള്ളംകൈകൊണ്ടു വിസ്ഥവാൻ. ൱൦
അത്തല്ലുകൊണ്ടതേജസ്വി പേർത്തും പേർത്തും വിറച്ചുപോയ്;
തെല്ലുനേരം നിലക്കൊണ്ടാ,തുറപ്പാന്റിട്ടു ബുദ്ധിമാൻ
ചൊടിച്ചു,ള്ളംകരത്താൽത്താൻ തച്ചാനമരവൈരിയെ.
ആ വാനരമഹാത്മാവിനുടെയത്തല്ലു കൊൾകയാൽ,
ഭൂകമ്പത്തിൽ മലയ്ക്കൊപ്പം ചാഞ്ചാടിപ്പോയ് ദശാനനൻ.
അവ്വണ്ണമാ രാവണനെപ്പോരിൽത്തച്ചതു കാൺകയാൽ

Digitized By Kerala Sahitya Akademi

ആപ്പിട്ടു കീശരു,മൃഷിസിദ്ധരും, ദേവദൈത്യരും!
ആശംസിച്ചു,തിതേജസ്വി രാവണൻ പിന്നെയോതിനാൻ:- ൫൪
'കൊള്ളാം വാനര, വീര്യത്താൽശ്ശ്ലാഘ്യനെ,ന്നെതിരാളി നീ!'
ആ രാവണന്റെ ചൊൽ കേട്ടു വായുപുത്രനമോതിനാൻ:-
'മോശമെൻവിക്രമ:-മുയിർക്കൊള്ളുന്നല്ലോ ദശാസ്യ നീ!
ഒന്നിനിത്തല്ലുകെ;-ന്തിന്ന മേനിപ്പാലുന്ന ദുർമ്മതേ? ൫൬
പിന്നീട്ടു നിന്നെയെൻമുഷ്ടി കാലന്തികമണച്ചിടും!'
വായുപുത്രോക്തിയാൽ ക്രോധമായവന്നജ്ജ്വലിച്ചുപോയ്;
ചുട്ടത്ത കണ്ണുറ്റു വലംകൈ ചുരുട്ടികിണ്ണത്തുടൻ
കുരങ്ങന്റെ നെഞ്ഞത്തൊന്നാഞ്ഞടിച്ചിതു വീര്യവാൻ; ൫൮
വിറച്ചു ഹനുമാൻ വീണ്ടും, വന്മാറത്തിടി കൊൾകയാൽ.
ബലിഷ്ഠനായ ഹനുമാൻ ബോധംകെട്ടതു കാരണയാൽ,
പെരുംതേരാളി തേരാലേ നീലനോടേറ്റിതഞ്ജസാ.
അരക്കന്മാർക്കരചനാം ദശഗ്രീവൻ പ്രതാപവാൻ ൬൦
ശത്രുമർമ്മം പിളർത്തുന്ന സർപ്പാഭോഗ്രശരങ്ങളാൽ
പൂട്ടെരിച്ചാൻ കപിചമൂപാലനാം നീലനെത്തുമേലാം.
ശരൌഘത്താൽ വശംകെട്ടു, നീലൻ കപിബലേശ്വരൻ
ഒരു കയ്യാൽഗ്ഗിരിയൊന്നുമ്പോനെറിഞ്ഞു രാക്ഷസേശനിൽ. ൬൨
തേജസ്വിയാം ഹനുമാനമാശ്വസിച്ചു മഹാശയൻ
പോരിന്നൊരുങ്ങി, നോക്കിക്കൊണ്ടീറ പൂണ്ടവമോതിനാൻ,
നീലനോട്ടു കടന്നേറ്റ രാക്ഷസപ്പെരുമാളൊടായ്:-
'അന്യനോടമർചെയ്യാനെപ്പോഴെന്നൊപ്പതു ചിതപ്പെടാ.' ൬൪
തേജസ്വിയാം രാവണനമശ്ശൈലശിഖരത്തിനെ
ഏഴു ക്രൂരമ്പുകൊണ്ടെയ്താന;-തോ, ചിതറിവീണുപോയ്.
ചിതറിപ്പോയ ശൃംഗത്തെക്കണ്ടു, കീശബലേശ്വരൻ
ജ്വലിച്ചു പരവീരഘ്നൻ ക്രോധാൽക്കാലാഗ്നി പോലവേ. ൬൬
പായൻ, മുളപ്പുമരുതു, ഞമ, പൂവിട്ട മാവുകൾ,
മററു നാനാമരവുമങ്ങെറിഞ്ഞാൻ നീലനാഹവേ.

Digitized By Kerala Sahitya Akademi

ആ മരങ്ങളെ നേരിട്ടു ചെന്നേറ്റത്തിത്തു രാവണൻ;
പെയ്ത്തു പാവകപുത്രങ്കൽ, ഘോരമാം ശരമാരിയും. ൮൩
മേഘം മാമലയിൽപ്പോലേ ശരൌഘം പെയ്തതേററവൻ
മെ ചുരുക്കി,ക്കൊടിക്കാലിൻമേൽവശത്തെയ്ക്കു ചാടിനാൻ.
തീയ്യിന്മകൻ കൊടിക്കാലിന്മേലിരുന്നതു കാണ്കയാൽ
ജ്വലിച്ചു രാവണൻ ക്രോധാൽ; നീലനങ്ങലറീടിനാൻ. ൮൪
കൊടിമേൽ, മുടിമേൽ, വില്ലിന്മേലുമക്കപിയെത്തദാ
കണ്ടദ്ഭുതപ്പെട്ടു ഹനുമാനും, സൌമിത്രി, രാമനും.
തേജസ്വിയാം രാവണനും കപിലാഘവവിസ്മിതൻ,
ആശ്ചര്യരൂപമായ്ക്കത്തുമാഗ്നേയാസ്ത്രത്തെയേന്തിനാൻ. ൮൫
ഹർഷിച്ചാർത്തുവിളിച്ചാരത്തക്കം കിട്ടിയ വാനരർ,
നീലന്റെ മെയ്വഴക്കത്തിൽപ്പൌലസ്ത്യൻ സംഭ്രമിക്കയാൽ.
പ്ലവംഗരുടെയാർപ്പാലുമരിശം കൊണ്ടു രാവണൻ
സംഭ്രാന്തിയുൾപ്പെട്ടകയാലൊന്നും തോന്നാതെ നിന്നുപോയ്! ൮൬
ആഗ്നേയസംയോജിതമാം ശരം കൈക്കൊണ്ടു രാവണൻ
കൊടിമേൽ നിന്ന നീലന്റെ നേരെ നോക്കി നിശചരൻ.
എന്നിട്ടുരച്ചു, തേജസ്വി രാവണൻ രാക്ഷസേശ്വരൻ:-
'നീ മെയ്വഴക്കക്കാരൻതാനി:-പ്പെരുംചതിയാൽക്കപേ, ൮൭
രക്ഷിച്ചുകൊൾകുയിരിനെ, ത്രാണിയുണ്ടെങ്കിൽ വാനര!
അതാതു രൂപങ്ങൾ വഹിയ്ക്കുന്നുണ്ടു പലപാടു നീ;
എന്നാലു,മെന്നാലസ്ത്രം ചേർത്തയ്ക്കപ്പെട്ട ശിലീമുഖം
പ്രാണസംരക്ഷിയാം നിന്നെ നിർഗ്ഗതപ്രാണനാക്കിടും!' ൮൮
എന്നരച്ചു, മഹാബാഹു രാവണൻ രാക്ഷസേശ്വരൻ
അസ്ത്രത്തൊടൊത്തമ്പു തൊടുത്താഞ്ഞെയ്ത്തു പടനാഥനെ.
അസ്ത്രയോജിതമാമമ്പു നെഞ്ഞത്തേററിട്ടു നീലനും
പെട്ടെന്നു ചുട്ടെരിഞ്ഞുംകൊണ്ടൂഴിത്തട്ടിങ്കൽ വീണുപോയ്: ൯൦
അച്ഛന്റെ മഹിമാവാലും, തൻതേജസ്സാലുമൂഴിയിൽ
മുട്ടുകുത്തിയതേയുള്ളൂ; മരണപ്പെട്ടതില്ലവൻ!

Digitized By Kerala Sahitya Akademi

മൂർച്ഛിച്ച കപിയെക്കണ്ടു, പോരിന്നുഴറി രാവണൻ
പാഞ്ഞേറാൻ കാറൊലിത്തേരാലസ്സൗമിത്രാകുമാരനെ; ൻ൨
ചെന്നാട്ടുത്തു, തട്ടത്താ,ഴിനടുവിൽക്കത്തിനിന്നാവൻ,
ഭൂമിയൊന്നു കലുങ്ങിപ്പോംവണ്ണം വില്ലൊലി കൂട്ടിനാൻ.

അമേയവില്ലിന്നൊലികൂട്ടമായാ-
ളോടോതി സൌമിത്രിയദീനസത്ത്വൻ:-
'എൻനേർക്കു താനേല്ക്കു കരക്കർകോനേ;
ഭവാന്റെ പോർ കീശരൊടല്ല വേണ്ടു.' ൻ൪
അവന്റെ വാക്കും കൊടുതായ് മുഴങ്ങും
ഞാണൊച്ചയും കേട്ടു നിശാടരാജൻ
ആ നിന്ന സൌമിത്രിയൊടേറുമുട്ടി-
സ്സരോഷനായിട്ടുരചെയ്തുകൊണ്ടാൻ:-
'കാകുത്സ്ഥ, ഭാഗ്യം, മമ മുന്നിലെത്തി
ചാകേണ്ടുവാൻ, ബുദ്ധി മറിഞ്ഞവൻ നീ:
മദ്ബാണജാലാർത്തിതനായ് ച്ചമഞ്ഞു
നീ കാലലോകത്തിലിക്ഷണമേ തിരിയ്ക്കും!' ൻ൬
ക്രുദ്ധാതെ സൌമിത്രി, സിതാഗ്രദംഷ്ട്ര-
യുയന്നു ഗർജ്ജിയ്ക്കുമയാളൊടോതി:-
'ഗർജ്ജിച്ചിടാ ഭൂപ, മഹാനുഭാവർ;
നീയോ, നൃശംസാഗ്രഗ, മേനിചൊൽവൂ!
അറിഞ്ഞവൻ ഞാൻ, തവ കെല്പു വീര്യം,
പ്രതാപവിക്രാന്തിയുമാശരേന്ദ്ര;
നിന്നേൻ ധനുസ്സായകപാണിയായ് ഞാൻ;
പാഴ്മേനിവാക്കെന്തിനു? വന്നുകൊൾക.' ൻ൮
ഇബ്ഭാഷിതം കേട്ടു ചൊടിച്ചയച്ചാ-
നരക്കർകോനേഴ സുപുംഖബാണം;
കടയ്ക്കു പൊൻകെട്ടിയ കൂർത്തമൂർത്ത-



Digitized By Kerala Sahitya Akademi

ള്ളമ്പാലറുത്താനവ രാജപുത്രൻ.
അവററിനെ, പ്പന്നഗവര്യരെപ്പോ-
ലഞ്ചാതെ ഖണ്ഡിച്ചതു കാങ്കെയാലേ
ലങ്കാധിപൻ ക്രോധവിധേയനായി-
ട്ടെയ്യ്തീടിനാൻ മററു ശിതാശുഗങ്ങൾ. ൧൦൦
രാമാനുജന്മാവുമുടൻ പൊഴിച്ചാൻ
വില്ലിൽത്തൊടുത്തുഗ്രശരാദിവർഷം;
വരാൾചന്ദ്രക്ഷുരകർണ്ണിഭല്ല-
ത്താലമ്പറുത്താൻ; ചലിയാതെ നിന്നാൻ.
അമർത്ത്യവൈരിപ്പെരുമാളതാതു
ബാണങ്ങൾ പാഴായതു കണ്ടു പാരം
പകച്ചുപോയ് ലക്ഷ്മണലാഘവത്താൽ;-
ക്രുത്തുള്ള ബാണങ്ങളയച്ചു വീണ്ടും. ൧൦൨
കൃത്തിന്ദ്രവജ്രാശനിവേഗമൊത്ത
ശരങ്ങളാ ലക്ഷ്മണനും ക്ഷണത്തിൽ,
വില്ലിൽത്തൊടുത്തിട്ടനലപ്രഭങ്ങ-
ളെയ്യ്താൻ, നിശാദേശനെ നിഗ്രഹിപ്പാൻ.
മുറിച്ചുവിട്ടാനവ രാക്ഷസേന്ദ്രൻ;
മുറിച്ചു, പിമ്പെയ്യ്തിതു ലക്ഷ്മണങ്കൽ,
കാലാഗ്നിതുല്യപ്രഭ,മാത്മയോനി
കൊടുത്തൊരസ്ത്രം, നിടിലസ്ഥലത്തായ്. ൧൦൪
ആ ലക്ഷ്മണൻ വിൽപ്പിടിയൊന്നയഞ്ഞു
വിറച്ചുപോയ് രാവണസായകാർത്തൻ;
വീണ്ടും പണിപ്പെട്ടു വിബോധമാണ്ടു
മഹേന്ദ്രമാററാനുടെ വിൽ മുറിച്ചാൻ.
വില്ലററവങ്കൽത്തല കൃത്ത മൂന്ന-
മ്പെയ്യ്താനുടൻ രാഘവരാജപുത്രൻ;
ശരം തറഞ്ഞപ്പെരുമാൾ വിറച്ചു;
വീണ്ടും പണിപ്പെട്ടു വിബോധമാണ്ടു. ൧൦൬

Digitized By Kerala Sahitya Akademi

വില്ലററു, ബാണങ്ങൾ തറഞ്ഞു, മേദ-
സ്സൊലിച്ച മെയ്യോടു, നിണത്തിൽ മുങ്ങി,
ബ്രഹ്മാവു നല്കീടിന വേലെടുത്താൻ,
മിടുക്കു കൂട്ടം സുരവൈരി പോരിൽ.
ഉടൻ, സധൂമാനലതുല്യമായി,
പ്ലവംഗസേനാഭയകാരിയായി,
ജ്വലിയ്ക്കുമാ വേലിനെയൂക്കിൽ വിട്ടാൻ
സൌമിത്രിതൻനേക്കു നിശാചരേശൻ ൧൦൮
അതേററടുക്കെ, ബ്ഭരതാനുജാതൻ
ഹുതാഗ്നിതുല്യാസ്ത്രശരങ്ങളെയ്താൻ;
എന്നാകിലും, വേലതു ചെന്നുകേറി
രാജാത്മജൻതൻ വിരിമാൎത്തടത്തിൽ.
വേലേല്ക്കയാലാ, വിരുതേറെയുള്ളോൻ
ജ്വലിച്ചു പേൎത്തും രഘുവീരമുഖ്യൻ;
മന്നൻ, മയങ്ങുന്നാവനെ ദ്രുതം ചെ-
ന്നുക്കിൽപ്പിടിച്ചാനിരുകൈകളാലേ. ൧൧൦

ഹിമവാൻ, മന്ദരം, മേരു, സുരരൊക്കം ത്രിലോകവും
കൈക്കെട്ടുകാവതാവാ;-മില്ലടരിൽബ്ഭരതാനുജൻ!
ബ്രാഹ്മമാകിയ വേൽ മാറത്തേല്പിയ്ക്കപ്പെട്ട ലക്ഷ്മണൻ
സ്മരിച്ചുവല്ലോ, താൻ, ചിന്താതീതം വിഷ്ണുപാശമെന്നതും; ൧൧൨
അതിനാൽ,ദൈത്യദപ്പഘ്നനായ രാമാനുജാതനെ
യ്ക്കെപ്പിടിച്ചിട്ടാ,ളായീലനക്കാൻകൂടി രാക്ഷസൻ!
ഉടൻ ചൊടിച്ചു പാഞ്ഞേററാനാ രാവണനെ മാരുതി;
ചൊടിച്ചിടിച്ചാൻ മാറത്തു, വജ്രത്തിനൊത്ത മുഷ്ടിയാൽ. ൧൧൩
ആ മുഷ്ടിപ്രഹരംകൊണ്ടു, രാവണൻ രാക്ഷസേശ്വരൻ
മുട്ടുകുത്തീടിനാൻ മന്നിൽ, വിറച്ചാൻ, വീണുംപോയിനാൻ;
പാരം വായ് കൺചെവികളിൽനിന്നു ചെഞ്ചോര കക്കിനാൻ;
വട്ടംതിരിഞ്ഞനങ്ങാതായ് ത്തേർത്തട്ടിൽ മരുവീടിനാൻ; ൧൧൫

Digitized By Kerala Sahitya Akademi

തന്റേടം കെട്ടു മൂർച്ഛിച്ചാൻ; നിലകിട്ടാതെയായിനാൻ.
രാവണൻ ഭീമവിക്രാന്തൻ ബോധംകെട്ടതു കാണ്കയാൽ
ആർത്താർ പോരിൽപ്ലവഗരു,മൃഷിമാർ, ദേവദൈത്യരും.
ഹനുമാനാ,ദ്ദശാസ്യാർത്തനായ സൌമിത്രിയെ സ്വയം ൧൧൮
തേജസ്വി കൈകളാലേന്തിയെത്തിച്ചു രാഘവാന്തികേ:
വായുജന്റെ സുഹൃത്ത്വത്താൽ,പ്പരയാം ഭക്തിയാലുമേ,
മാററാക്കകമ്പ്യനെന്നാലും ലഘുവായി കപിക്കവൻ.
ആ വേല,ങ്ങടരിൽത്തോററ സൌമിത്രിയെ വെടിഞ്ഞുപോയ്
ദശാസ്യനുടെയത്തേരിൽ സ്വസ്ഥാനത്തെത്തി വീണ്ടുമേ.
ഉണർന്നു ശല്യമററോനായ് ലക്ഷ്മണൻ ശത്രുമർദ്ദനൻ,
അചിന്തനീയം വിഷ്ണ്വംശമത്രേ താനെന്നതോർക്കയാൽ.
തേജസ്വിയാം രാവണനും വമ്പോരിൽബ്ബോധമാണ്ടുടൻ ൧൨൨
ക്രൂരബാണങ്ങളും കൈക്കൊണ്ടാൻ; വലുതാം വില്ലുമേന്തിനാൻ.
വൻവീരർ വിഴ്ത്തപ്പെട്ടിട്ടു പാഞ്ഞുപോം കപിസേനയെ
കണ്ടു, രാവണനെപ്പോരിൽപ്പാഞ്ഞെതിർത്തിതു രാഘവൻ;
ചാരേ ചെന്നവിടുത്തോടു ഹനൂമാനൊന്നുണർത്തിനാൻ:- ൧൨൪
'എൻപുറത്തേറിനിന്നിട്ടു കൊന്നുകൊള്ളുക രക്ഷനെ,
ഗരുഡന്റെ പുറത്തേറി ദൈത്യരെക്കൊന്ന വിഷ്ണുപോലവേ.'
കാററിൻമകൻ ചൊല്ലിയ വാക്കിതു കേട്ടിട്ടു രാഘവൻ
കെല്പേറും വങ്കുരങ്ങിൻമേൽക്കേറിനാനതിശൌര്യവാൻ; ൧൨൬
രഥസ്ഥനാം രാവണനെക്കണ്ടാൻ പോരിൽ നരാധിപൻ.
അവനെക്കണ്ടു പാഞ്ഞെത്താൻ തേജസ്സേറിയ രാഘവൻ
ചൊടിച്ചു, വൈരോചനിയെ വിഷ്ണു പോലു,ദ്യതായുധൻ.
കടുംഞാണൊലിയൊന്നിട്ടാനിടിത്തീയെതിരൊച്ചയിൽ; ൧൨൮
രാമൻ ഗഭീരമാംവണ്ണം രാക്ഷസേന്ദ്രനൊടോതിനാൻ:-
'നില്ക്ക, നില്ക്കുക,നീയെന്നെ വമപ്രിയം ചെയ്തുവെച്ചു നീ
എവിടെപ്പോകിൽ വിട്ടുതി നേടും രാക്ഷസപുംഗവ?

Digitized By Kerala Sahitya Akademi

സുരേന്ദ്രസൂര്യാന്തകർത്തനാട്ടത്തോ,
വിരിഞ്ചരുദ്രാഗ്നികൾതന്നാട്ടത്തോ,
ദിഗന്തരം പത്തിലുമോ ഗമിയ്ക്കിലും
വിമുക്തനാകില്ലിനിയെങ്കൽനിന്നു നീ! ൧൩൦

ഇയ്യാളടക്കേററധുനാ ഭവാൻെറ
വേലേല്ക്കയാലാശു തളർന്നുവല്ലോ;
അതിന്നിതാ, രാക്ഷസരാജ, പുത്ര-
കളത്രവാനാം തവ മൃത്യുവായ് ഞാൻ!
ഇവൻ, ത്രിലോകമദ്ഷ്ടതദർശനന്മാ-
രായിജ്ജനസ്ഥാനനിവാസരായി
വരായുധം പൂണ്ട നിശാടരാമീ-
രേഴായിരംപേരെ മുടിച്ചിതമ്പാൽ.' ൧൩൧

രാമൻെറ വാക്ക കേട്ടിട്ടു, രാക്ഷസേശൻ കപീന്ദ്രനെ,
രാമനെപ്പോരിലേന്തുന്ന വിശ്വവദായുപുത്രനെ,
എയ്തു കാലാനലജ്വാല പോലാം തീക്ഷ്ണശരങ്ങളാൽ,
പൂർവ്വവൈരം സ്മരിച്ചിട്ടു പെരുതാമരിശത്തോടേ. ൧൩൨

രക്ഷസ്സു പോരിൽബ്ബാണങ്ങളാലെത്രയ്ക്കല്ലലിച്ചുവെങ്കിലും,
സ്വഭാവതേജസ്വിയവന്നേറി തേജസ്സു വീണ്ടുമേ!
രാവണൻ മുറിവേല്പിച്ചുകളഞ്ഞ കപിസിംഹനെ
കണ്ടേററമരിശം കൊണ്ടു രാമൻ, തേജസ്സു വായ്പവൻ. ൧൩൩

അടുത്ത,വൻതന്നുടെ തേരു, ചക്രം
കുടധ്വജംവമ്പൊടിയശ്വമാട്ടം,
വാൾവജ്രശൂലത്തൊടു, സൂതനോടു-
മറുത്തു ക്രൂരമ്പുകൾകൊണ്ടു രാമൻ;
പിന്നൂക്കിലെയ്താൻ സുരവൈരിതൻെറ
പരന്നു ചേലേറിയ മാറിടത്തിൽ,
വജ്രാശനിയ്ക്കൊക്കുമൊരമ്പു, വജ്രം
സുമേരുമേൽ ശ്രീവലവൈരി പോലേ.
വജ്രാഭിപാതാശനിയേററുമേതൊ-

Digitized By Kerala Sahitya Akademi

രിശൻ കലുങ്ങില ചലിച്ചുമില്ലാ,
ഭൃശാർത്തനായ് രാമശരം തറഞ്ഞാ
വീരൻ വിറച്ചാൻ, ചിലയും വെടിഞ്ഞാൻ!
അവൻ വിമൂർച്ഛിപ്പതു കണ്ടു, മിന്നു-
ന്നൊരർദ്ധചന്ദ്രത്തെയെടുത്തു രാമൻ
ചിക്കെന്നറുത്താനതിനാൽ മഹാത്മാ-
വ,ക്കാമ്രമാം രാക്ഷസർകോൻകിരീടം. ൧൪൦

പോരിങ്കൽ, നഞ്ഞറ്റൊരു പാമ്പു പോലാ-
യ,ച്ചിസ്സടങ്ങും രവി പോലെ മങ്ങി
ശ്രീ പോയ്ക്കിരീടാഞ്ചലമററു നില്ക്കും
നിശാടർകോനോട്ടരചെയ്തു രാമൻ:
'സുഘോരമാം വൻതൊഴിൽ നീ നടത്തി;
നീയെൻപ്രവീരക്ഷ്ടവും വരുത്തി;
അതിൽത്തളന്നുള്ളവനെന്നു കണ്ടു
കൊൽവില: ഞാനമ്പുകൾകൊണ്ടു നിന്നെ. ൧൪൧

പോയ്ക്കൊൾക, തന്നോൻ വിട: പോരിൽ വാട്ടം
നീ ലങ്കയുൾപ്പുക്ക നിശാചരശ,
തളച്ച് തീർത്തുക തേരിൽ വില്ലോ-
ത്തെ;ൻകെല്പു, തേരാണ്ടു,തുപോതു കാണാം!'
പ്രഹർഷഗർവ്വററി,തു കേട്ടു, ചാപം
മുറിഞ്ഞവൻ, സൂതഹയങ്ങൾ ചത്തോൻ,
ശരാർത്തിതൻ, വന്മകുടം മുറിഞ്ഞോൻ,
ജവാൽത്തിരിച്ചാ പ്രഭു ലങ്ക പുക്കാൻ. ൧൪൨

സുരാസുരദ്വേഷി പെരുംകരുത്ത-
നാ യാതുധാനപ്രഭു പുക്കശേഷം,
രാമൻ പ്ലവംഗക്ഷ്ഥ ലക്ഷ്മണനും
ശല്യങ്ങൾ പോക്കീ പടുപോർത്തലയ്ക്കൽ.

Digitized By Kerala Sahitya Akademi

ആ നിർജ്ജരേന്ദ്രാരിയെ വെന്നാനോരം
ഭൂതവ്രജം, ദിക്കുകൾ, ദേവദൈത്യർ,
മഹാഭുജംഗർഷികള,ണ്ണവങ്ങൾ,
ഭൂതോയസഞ്ചാരികളും തെളിഞ്ഞു! ൧൪൬

അറുപതാം സർഗ്ഗം: കുംഭകർണ്ണപ്രബോധനം.

രാമബാണഭയംമൂലമാത്തനായ,സ്തഗർവനായ്,
ലങ്കാപുരം പുക്കുവെശേന്ദ്രിയനായ്ത്തീർന്നിതാ പ്രഭു.
സിംഹത്താൽ ദ്വിരദം പോലേ, താർക്ഷ്യനാൽപ്പാമ്പുപോലവേ
തോല്പിയ്ക്കപ്പെട്ടിതരചൻ മഹാത്മാവായ രാമനാൽ. ൨
ബ്രഹ്മദണ്ഡപ്രകാശങ്ങൾ, വിദ്യുത്സദൃശദീപ്തികൾ,
രാമബാണങ്ങളെ ഓർത്തിട്ടു നടുങ്ങിപ്പോയ് നിശാചർകോൻ.
ദിവ്യമാം പൊന്നണിസ്സിംഹാസനത്തിന്മേൽ നിഷണ്ണനായ്,
രാക്ഷസന്മാരെ നോക്കിക്കൊണ്ടുരച്ചാനദ്ദശാനനൻ:-
"എനിയ്ക്കു പാഴിലായ്ത്തീർന്നു, വൻതപം ചെയ്തതൊക്കയും:
മനുഷ്യനോടു തോററല്ലോ, മഹേന്ദ്രസമനായ ഞാൻ.
ഇതാ, ബ്രഹ്മാവുതൻ ഘോരവാക്യമെൻനേക്കെട്ടത്തുപോയ്,
'മനുഷ്യരാൽബ്ഭയം കൊൾക നീ'യെന്നുള്ളത,തേവിധം! ൬
ദേവദാനവഗന്ധർവനാഗരാക്ഷസയക്ഷരാൽ
അവധ്യത വരിച്ചേൻ ഞാൻ; യാചിച്ചീല മനുഷ്യരാൽ.
പണ്ടി,ക്ഷ്വാകുകുലത്തിങ്കൽജ്ജാതനാമനരണ്യനാൽ
ചൊല്ലപ്പെട്ട മനുഷ്യൻതാൻ, രാമൻ ദശരഥാത്മജൻ: ൮
'പിറക്കുമെൻെറ വംശത്തിലൊരുവൻ രാക്ഷസാധമ,
സപുത്രാമാത്യസേനാശ്വസൂതനാം നിന്നെയാഹവേ
കൊലപ്പെട്ടുത്തുവാൻവേണ്ടിദ്ദുഷ്ടബുദ്ധേ, കുലാധമ!'
ശപിച്ചു വേദവതിയും ഞാൻ പണ്ടവളൊടേററതിൽ: ൧൦
ജനിച്ചാളാ മഹാഭാഗ, യീവിദേഹജസീതയായ്!'
ഉമ, നന്ദീശ്വരൻ, രംഭ, വരുണൻെറ കുമാരിയും

Digitized By Kerala Sahitya Akademi

ചൊന്നതേ മമ വന്നൊത്തീ: പാഴാകില്ലൃഷിഭാഷിതം!
ഇതുതന്നെയറിഞ്ഞിങ്ങു ചെയ്യിൻ നിങ്ങൾ പരിശ്രമം: ൫൨
നില്ക്കട്ടെ പാതപ്പുരഗോപുരാഗ്രങ്ങളിലാശരർ.
ദേവാസുരമദം തീൎക്കുമാ നിസ്സംഗശരീരനെ
ഉണൎത്തുവിൻ, ബ്രഹ്മശാപാക്രാന്തനാം കുംഭകൎണ്ണനെ."
തന്നെത്തോല്പിച്ചതുമവൻ പ്രഹസ്തനെ വധിച്ചതും ൫൪
ഓൎത്തുഗ്രരക്ഷസ്സൈന്യത്തെച്ചൊല്ലിവിട്ടു മഹാബലൻ:-
"ദ്വാരങ്ങൾ കാത്തുരക്ഷിപ്പിൻ; മതിലിൽക്കേറിനില്ക്കുവിൻ;
ഉണൎത്തുവിനുറക്കത്തിൻവശത്താം കുംഭകൎണ്ണനെ.
ചിന്ത കൂടാതുറങ്ങുന്നു സുഖം കാലഹതാശയൻ; ൫൬
ഉറങ്ങുമൊമ്പതേഴെട്ടും പത്തും മാസം നിശാചരൻ.
മന്ത്രം ചെയ്തൊമ്പതാം നാളുറങ്ങിക്കൊണ്ടതായവൻ;
ചിക്കെന്നുണൎത്തുക, ബലം കൂട്ടുമക്കുംഭകൎണ്ണനെ.
കൊല്ലുമല്ലോ ദ്രുതം പോരിലസ്സൎവ്വാശരസത്തമൻ ൫൮
വാനരന്മാരെയും രാജപുത്രരേയും മഹാബലൻ.
അരക്കൎക്കൊക്കയും മുഖ്യൻ കുംഭകൎണ്ണനവൻ സദാ
പോരിൽ മുമ്പനുറങ്ങുന്നു മൂഢൻ ഗ്രാമ്യസുഖപ്രിയൻ!
കുംഭകൎണ്ണനുറങ്ങായ്കിൽ നേരിടില്ലായിരുന്നു മേ, ൬൦
ഇക്കൊടുംപോരിലാ രാമൻ തോല്പിച്ചാനെന്ന സങ്കടം!
എനിയ്ക്കെന്തിന്നു ദേവേന്ദ്രസമാനബലനാമവൻ,
ഇമ്മട്ടാം ദാരുണാപത്തിൽത്തുണയ്ക്കെത്താതിരിയ്ക്കുകിൽ?"
രാക്ഷസേന്ദ്രന്റയാ വാക്കു കേട്ടിട്ടാ രജനീചരർ ൬൨
കുംഭകൎണ്ണഗൃഹത്തെയ്ക്കു പോയാർ, വൻസംഭ്രമത്തൊടേ:
രാവണൻ ചൊല്ലിവിട്ടോരാ മാംസശോണിതഭോജികൾ
സുഗന്ധമാല്യഭക്ഷ്യങ്ങൾ കൊണ്ടത്രേ പോയി വിദ്രുതം.
പുക്കാർ, വൻവാതിലൊത്തെങ്ങുമൊരു യോജന നീണ്ടതായ് ൬൪
രമ്യമായ്പ്പൂമണം വീശും കുംഭകൎണ്ണന്റെയാഗ്ഗൃഹം;
കുംഭകൎണ്ണന്റെ കൂൎക്കത്താൽപ്പിന്തെറിച്ചു മഹാബലർ

Digitized By Kerala Sahitya Akademi

പ്രയാസപ്പെട്ടു ചെന്നത്രേ ഞെരുങ്ങിപ്പുക്കതഗ്ഗുഹ!
പൊന്തിണ്ണയും ചേൎന്ന വെട്ടപ്പുള്ളാ നൽഗ്ഗുഹ പുക്കവർ ൨൬
കണ്ടാർ, കിടക്കും ഘോരാത്മാവാമക്കൗണപസിംഹനെ,
ഒരുടഞ്ഞ മലയ്ക്കൊപ്പം മലച്ചു വികൃതാംഗനെ.
ചേൎന്നൊത്തുണൎത്തിനാർ, നിദ്ര വാഴ്കുമക്കുംഭകൎണ്ണനെ:
ഊൎദ്ധ്വരോമം നിറഞ്ഞോനെ, ച്ചീറും പാമ്പിന്നു തുല്യനെ, ൨൮
വൻക്രക്ക്ത്താൽ നട്ടങ്ങിച്ചു കിടക്കും ഭീമരൂപനെ,
കരാളനാസാപുടനെ, പ്പാതാളപ്പെരുവായനെ,
സൎവ്വാംഗവും മെത്തയിൽ വെരച്ചാനെ, മേദോസൃഗന്ധിയെ,
പൊന്നിൻതോൾവളയിട്ടോനെ, സ്സൂൎയ്യപ്രഭകിരീടനെ, ൩൦
കണ്ടാരരിന്ദമനാം കുംഭകൎണ്ണക്കൌണപസിംഹനെ.
കൂട്ടിനാരഥ കൂററന്മാർ കുംഭകൎണ്ണന്റെ മുമ്പിലായ്,
തികച്ചും മതിയാംവോളം മാംസം, മേരുവിനൊപ്പമേ:
മൃഗങ്ങൾ മഹിഷം പന്നിയിവററിൻ നിചയങ്ങളും, ൩൨
ആശ്ചൎയ്യരൂപമാം ചോറും കൂട്ടിനാരാശരോത്തമർ;
ചോരക്കുടങ്ങളും പിന്നെപ്പലമാതിരി മദ്യവും
കുംഭകൎണ്ണന്റെ മുൻഭാഗത്തൊരുക്കീ സുരവൈരികൾ.
പൂശിച്ചാർ മികവേറുന്ന ചന്ദനം ശത്രുതാപിയെ; ൩൪
മണപ്പിച്ചീടിനാർ ദിവ്യസുഗന്ധമലർമാലകൾ;
സുഗന്ധധൂപമേല്പിച്ചാർ വാഴ്ത്തിനാർ വൈരിതാപിയെ;
കാർകൾപോലൊച്ചയും കൂട്ടി പേൎത്തും പേൎത്തും പലാശനർ.
തിങ്കൾക്കു ശരിയാം കാന്തി തങ്കും ശംഖുകളൂതിനാർ; ൩൬
കൂടിക്കലരുമാറൊന്നിച്ചരിശം പൂണ്ടു കൂക്കിനാർ;
ആൎത്താർ, കൈകൊട്ടിനാർ, നക്തഞ്ചരരിട്ടു കുലുക്കിനാർ;
മുതിൎത്താർ പെരുതാം ശബ്ദം, കുംഭകൎണ്ണനുണൎന്നിടാൻ.

സശംഖഭേരീപണവപ്രണാദ-
മലച്ച്, കൈകൊട്ടൊലി, സിംഹനാദം



Digitized By Kerala Sahitya Akademi

കേട്ടഞ്ജസാ പക്ഷികൾ ദിക്കുതോറും
പറന്നു വാനാണ്ടു, നിലംപതിച്ചു. ൩൮
വലുപ്പമേറീടിന കുംഭകർണ്ണ-
നിർഗ്ഗർവ്വവാർപ്പാലുണരായ്കയാലേ,
ഗദാമുസൃണ്ഠീമുസലായുധങ്ങ-
ളേന്തീടിനാരപ്പിശിതാശരെല്ലാം.
ഉലയ്ക്കശൈലാഗ്രഗദാമരത്താ-
ലുലൂഖലംകരമുഷ്ടിയാലും,
മന്നിങ്കൽ നിദ്രാസുഖമാണ്ട കുംഭ-
കർണ്ണന്റെ മേൽത്തച്ചു പെരുംനിശാടർ. ൪൦
അക്കുംഭകർണ്ണരക്ഷസ്സിൻ ശ്വാസംകൊണ്ടുള്ള കാററിനാൽ,
അരക്കർ കെല്പരെന്നാലും മുന്നിൽ നില്പാനശക്തരായ്!
അരക്കർ ഭീമവിക്രാന്തർ പിന്നെക്കച്ചേ മുറുക്കിനാർ:
ഭേരീമൃദംഗപണവശംഖകുംഭഗണങ്ങളെ ൪൨
ഒപ്പം മുഴക്കിനാർ ചുററും പതിനായിരമാശരർ.
അവർ തല്ലിയുമാർപ്പിട്ടും നീലാഞ്ജനചയാഭനെ
ഉണർത്തിനോക്കിനാരെന്നാലറിഞ്ഞീലവനേതുമേ!
ഇതൊന്നുകൊണ്ടുമവനെയുണർത്താൻ കഴിയാഞ്ഞവർ ൪൪
അതിലും വലുതായുള്ള ഘോരയത്നം തുടങ്ങിനാർ:
ഖരാശ്വോഷ്ട്രഭരെത്തച്ചാർ വടിചമ്മട്ടിതോട്ടിയാൽ;
മൃദംഗഭേരീശംഖം കെല്പെല്ലാമിട്ടു മുഴക്കിനാർ.
തച്ചാർ, കെല്പൊക്കെയിട്ടോങ്ങി,ത്തദീയാവയവങ്ങളിൽ, ൪൬
പെരുംമരത്താൽ, മുസലത്താലും, മുഷ്ടിത്തടിയാലുമേ.
വായ്ക്കുമാ നിനദംകൊണ്ടു വനാദ്രികളൊടൊപ്പമേ
ലങ്കയെല്ലാം മുഴങ്ങിപ്പോയ്;-ണരാൻ ഭാവമില്ലവൻ!
പിന്നീടിടവിടാതെങ്ങുമൊപ്പമേ വെച്ചുതാക്കിനാർ, ൪൮
ഉരുക്കപ്പൊന്നോലകളാലായിരം പടഹങ്ങളെ.
എന്നിട്ടുമുണരാൻ ഭാവമില്ല,റക്കം മുഴുത്തവൻ,

Digitized By Kerala Sahitya Akademi

.ശാപത്തിന്നടിമപ്പെട്ടോന;-തിൽ, ക്രോധിച്ച രാക്ഷസർ
പെരികെ ക്രോധമുൾക്കൊണ്ടോർ ഭീമവിക്രമരേവരും. ൫൦
ചെന്നു മേൽക്കേറി ചിലരാ രക്ഷസ്സിനെയുണത്തുവാൻ;
കൊട്ടി പെരുംപറ ചിലരൊ; ച്ചയിട്ടാർ തുലോം ചിലർ;
രോമം പറിച്ചിതു ചിലർ; ചിലർ കാതു കടിയ്ക്കയായ്;
നൂറുനൂറുകുടംവെള്ളം വീഴ്ത്തീ ചെവികളിൽച്ചിലർ; ൫൨
കുംഭകർണ്ണനനങ്ങിലാ, വൻനിദ്രയ്ക്കടിപെട്ടവൻ!
കൂടമുൾത്തടി കൈക്കൊണ്ടു ചില കെല്പരയാളുടെ
തല, മാറ,ംഗമിവയിൽ മയക്കി കൂടമുൾത്തടി;
കയറാൽക്കെട്ടിയ ശതഘ്നികൾകൊണ്ടഥ നീളവേ ൫൪
പ്രഹരിയ്ക്കുമ്പൊഴു,മുണന്നീല ക്രൂരൻ നിശാചരൻ!
അവൻെറ മെയ്യിലോടിയ്ക്കപ്പെട്ടിതായിരമാനകൾ;
ചെറെറന്തോ തൊട്ടതായ്ത്തോന്നിയുണന്നാനപ്പൊഴാശരൻ!

ഗിരിത്തലപ്പാലെ മരങ്ങളാലും
തല്ലും പെരുംതല്ല ഗണിച്ചിടാതെ,
നിദ്രാക്ഷയാൽ വാപശിയും പിടിച്ചു
ചിക്കെന്നൊവൻ മൂരിനിവന്നെണീററാൻ:
പാമ്പൊത്തു കുന്നിന്മുടിയൊത്തു കുന്നിൻ-
മുടിക്കരുത്തേന്തിയ കൈ കുടഞ്ഞും,
വക്ത്രം പിളത്തും ബഡബാമുഖം പോ-
ലാ,രാക്ഷസൻ മൂരിനിവന്നാ ഘോരം. ൫൭

ആ മൂരിനിവരുന്നോൻെറ വായ പാതാളസന്നിഭം
കാണായീ, മേരുമുടിമേൽസ്സൂര്യൻ പൊങ്ങിയമാതിരി. ൫൮
മഹാബലൻ മൂരിനിവന്നുണന്നാനാ നിശാചരൻ;
നെടുവീപ്പുമവന്നുണ്ടായ്, പവ്വതാൽക്കാററു പോലവേ.
കുംഭകർണ്ണൻെറയാ രൂപം വിളങ്ങിയെഴുനേല്ക്കവേ,
വെള്ളിൽച്ചാത്തിയലും വഷാരംഭക്കാറിൻെറ മാതിരി. ൬൦

Digitized By Kerala Sahitya Akademi

അവൻെറ ചെന്തീവങ്കൺകൾ മിന്നൽക്കൊത്ത നിറത്തൊടും
കാണായ്, ജ്വലിച്ചിടും രണ്ടു വൻഗ്രഹങ്ങൾ കണക്കിനേ!
ഉടനൊട്ടുക്ക കാണിച്ചാർ വിവിധം ബഹുഭക്ഷ്യവും,
പന്നി പോത്തെന്നിവയെയും; തിന്നാനബ്ബലവത്തരൻ: ൧൬
കുടിച്ചാൻ ചോര ദാഹത്താൽ; ത്തിന്നാൻ മാംസം വിശപ്പി[നാൽ;
മേദഃകുംഭങ്ങളും കള്ളും മോന്തി ശക്രാരി വീണ്ടുമേ.
തൃപ്തനായെന്നു കണ്ടിട്ടു നേരേ ചെന്നാർ, നിശാചരർ;
താണുവന്ദിയ്ക്കയും ചെയ്തു നിന്നാരവനു ചുറ്റുമായ്. ൧൭
ഉറക്കത്താൽ മിഴി കുറച്ചുടഞ്ഞും, കൺ കലങ്ങിയും,
ദൃഷ്ടി ചുററും നടത്തുമ്പോൾക്കണ്ടാനാ യാതുധാനരെ.
രാക്ഷസർക്കൊക്കെയാശ്വാസം ചേർത്താനാ രാക്ഷസർഷഭൻ;
ഉണർത്തലാലത്ഭുതമാണ്ടരക്കരൊടിതോതിനാൻ:- ൧൮
'എന്തിന്നുവേണ്ടിയിട്ടെന്നെയുണർത്തി നിങ്ങൾ സാദരം?
നൽക്ഷേമമല്ലീ രാജാവിന്നി?-ല്ലല്ലോ ഭയമൊന്നുമേ?
അല്ലെങ്കില,ന്യരാലെന്തോ ഭയം നേരിട്ടിരിയ്ക്കണം:
അതിനാലായ്‌വരാം, നിങ്ങളുണർത്തിയതു സത്വരം. ൧൯
ഇപ്പോഴേ രാക്ഷസേശന്നു ഭയം ഞാൻ വേരറുക്കുവൻ:
വീഴിയ്ക്കാം വാസവനെ ഞാൻ; തണുപ്പിയ്ക്കാം ഹുതാശനെ!
അല്പകാര്യത്തിനായ് ജ്യേഷ്ഠനെന്നുറക്കമുണർത്തിടാ;
ചൊല്ലുവിൻ സത്യമായെ,ന്നെയുണർത്താനുള്ള കാരണം.' ൨൦
എന്നായ്ച്ചോടിച്ചു ബലവാൻ കുംഭകർണ്ണൻ കഥിയ്ക്കവേ,
രാജാവിൻ മന്ത്രി യൂപാക്ഷൻ തൊഴുതുംകൊണ്ടു ചൊല്ലിനാൻ:-
'നമുക്കു ദേവകൃതമാം ഭയമൊന്നില്ലൊരിയ്ക്കലും;
രാജാവേ, മർത്ത്യനാലാണ്, നമുക്കു പെരുതാം ഭയം. ൨൧
രാജാവേ, മർത്ത്യനാൽ നമ്മൾക്കെമ്മട്ടാം ഭയമേറുവോ,
അമ്മട്ടാം ഭയമില്ലല്ലോ ദൈത്യദാനവരാലുമേ.

Digitized By Kerala Sahitya Akademi

ചുഴലപ്പെട്ടിതീ ലങ്ക, മലയെല്ലാക്കം പ്ലവംഗരാൽ:
സീതയെക്കട്ട മാലേന്തും രാമനാചിങ്ങ വൻഭയം. ൬൪
ററക്കരങ്ങൻ മല്ലാട്ട കത്തിച്ചാനീ മഹാപുരം;
അക്ഷനഞ്ണിയെയും കൊന്നാനാ,നക്രൂട്ടാളർത്തമ്മൊട്ടം.
താൻതാൻ പൌലസ്ത്യനാം ദേവദ്വേഷി രാക്ഷസർകോനെയും,
'പോയ്ക്കൊൾകെ'ന്നു രണേ വിട്ടാനല്ലോ രാമൻ രവിപ്രഭൻ;
ദൈത്യദാനവവാനോരു ചെയ്യാത്തതിഹ ചെയ്തുടൻ,
പുരാനെ പ്രാണസന്ദേഹമേകിവിട്ടിതു രാഘവൻ!'
പോരിൽ ഭ്രാതാവുതൻ തോൽവി യൂപാക്ഷനറിയിക്കയാൽ,
കണ്ണുരുട്ടിക്കുംഭകർണ്ണൻ യൂപാക്ഷനൊടിതോതിനാൻ:- ൬൫
'ഇപ്പൊഴേ, രാമസൌമിത്രിമാരൊത്ത കപിസേനയെ
പോരിൽക്കൊന്നിട്ട യൂപാക്ഷ, പിന്നെക്കാണ്മൻ ദശാസ്യനെ.
തൃപ്തി ചേർപ്പൂ നരക്കൾക്ക ഹരിമാംസനിണങ്ങളാൽ;
താൻതാൻ കുടിക്കയുംചെയ്യൻ, രാമലക്ഷ്മണർതൻ നിണം!' ൭൦

ക്രോധത്തിനാൽത്തന്നയമേറിയോനാ-
മവൻ മദാലിപ്പടി ചൊന്നനേരം,
മഹോദരൻ കൌണപയോധമുഖ്യൻ
കരദ്വയം കൂപ്പിയുരച്ചുകൊണ്ടാൻ:-

'രാവണൻതന്റെ ചൊൽ കേട്ട ഗുണദോഷം നിനയ്ക്ക നീ;
എന്നിട്ടാവാം,മരികളെപ്പോരിൽ വെല്ക, മഹാഭുജ!' ൭൨
മഹോദരന്റെ ചൊൽ കേട്ടു, രജനീചരർ ചുററുമായ്.
പുറപ്പെട്ടു സുതേജസ്വി, കുംഭകർണ്ണൻ, മഹാബലൻ.
അരക്കരെണ്ണീമനേത്രഭീമവിക്രമരൂപനെ
എഴുന്നേല്പിച്ചു ചെന്നെത്തീ സത്വരം രാവണാലയേ. ൭൪
ചെന്നു സിംഹാസനത്തിന്മേൽ മേവും രാവണനോട്ടടൻ
ചോദിച്ചാർ തൊഴുതുംകൊണ്ടു, പിശിതാശനരേവരും:-
'ഉണർന്നു കുംഭകർണ്ണൻ നിൻഭ്രാതാവാശരപുംഗവ;
അങ്ങോട്ടേ പോകയോ വേണ്ടതി,ങ്ങു വന്നിട്ടു കാണ്കയോ?' ൭൫

Digitized By Kerala Sahitya Akademi

ആച്ചെന്ന രാക്ഷസന്മാരോടോതീ ഹർഷിച്ച രാവണൻ:-
'വരേണമവനിങ്ങോട്ടു; സൽക്കരിപ്പിൻ യഥോചിതം.'
'എറാ'നെന്നാശു തിരിയെ പോന്നാ രാക്ഷസരേവരും
കുംഭകർണ്ണനൊടീവണ്ണം ചൊല്ലീ രാവണശാസനാൽ:- ൨൮
'ഭവദ്ദർശനമിച്ഛിപ്പൂ പുരാൻ, സർവാശരർഷഭൻ;
എഴുന്നള്ളാനൊരുങ്ങീടാം, ഹർഷിപ്പിയ്ക്കു സഗർഭ്യനെ.'
കുംഭകർണ്ണൻ ദുരാധർഷനണ്ണൻതന്നാജ്ഞ കേൾക്കയാൽ
'ഓ' എന്നരച്ചെഴുന്നേററാൻ മെത്ത വിട്ടു മഹൌജസൻ. ൩൦
മുഖം കഴുകി നീരാടിക്കോപ്പണിഞ്ഞു സഹർഷനായ് (ൽ.
വെമ്പിച്ചാൻ, കെല്പു വായ്പിയ്ക്കും പാനത്തിന്നായ്പ്പിപാസയാ
ആ രാക്ഷസന്മാർ വെമ്പൽക്കൊണ്ടുവന്നായ് രാവണാജ്ഞയാൽ
കൊണ്ടുവന്നാർ പലതരം മദ്യകുംഭങ്ങളഞ്ജസാ;.
രണ്ടായിരംകുടം മോന്തി,പ്പോരുവാനായൊരുങ്ങിനാൻ.
മത്തനി,ത്തിരി മത്താണ്ടു, ഹൃഷ്ടൻ, തേജോബലാന്വിതൻ
പ്രശോഭിച്ചു കുംഭകർണ്ണൻ, കാലാന്തകയമോപമൻ.
ഭ്രാതൃഗേഹത്തിനായ്പ്പോരും കുംഭകർണ്ണൻ സരാക്ഷസൻ ൩൪
ഓരോ കാലടിവെപ്പാലും കുലുക്കീ മന്നിടത്തിനെ!

ഇനൻ കരത്താലിള പോലെ, മെയ്യിനാൽ
നരേന്ദ്രമാർഗ്ഗം വിലസിച്ചുകൊണ്ടവൻ
നടന്നിതഞ്ജലിമാല പൂണ്ടുമായ്,
വിരിഞ്ചഗേഹത്തിനു വജ്രി പോലവേ.
അമേയനായ്പ്പർവ്വതശൃംഗതുല്യനാ-
മദ്ദ്ദോത്രവോന്മാഥിയെ രാജവീഥിയിൽ
പൊട്ടെന്നു കണ്ടിട്ടു വിറച്ചുപോയീ;
പുറത്തു നില്ക്കും കപിയൂഥപന്മാർ: ൩൬
കാപ്പാനിരന്നു ചിലർ, കാകുവോനാം
രാമന്നടുക്കൽ;ച്ചിലർ ഞെട്ടിവീണു;
ഞെട്ടിക്കുതിച്ചു ചിലർ ദിക്കുതോറും;

Digitized By Kerala Sahitya Akademi

ഭയാൽക്കിടന്നു ചിലർ മന്നിടത്തിൽ!
കിരീടവാനായ് രവിയെ സ്വതേജസാ
തൊട്ടംപടിയ്ക്കും ഗിരിശൃംഗതുല്യനെ,
മഹാത്ഭുതാകാരനെയൊന്നു കാണ്കയാൽ-
ക്കുതിച്ചിതങ്ങിങ്ങു ഭയേന വാനരർ. ൩൮

—※—

### അറുപത്തൊന്നാം സർഗ്ഗം: കുംഭകർണ്ണവിഷയപ്രശ്നോത്തരം

—※—

അപ്പോഴുത്തേജസ്വിയാം രാമൻ വില്ലെടുത്തിട്ടു വീര്യവാൻ
നോക്കീ, കിരീടവാനായ ക്രൂരനാം കുംഭകർണ്ണനെ:
ആ രാക്ഷസേന്ദ്രൻ കാണായീ മലയ്ക്കൊക്കുന്ന മെയ്യുമായ്,
പണ്ടാകാശം കവിച്ചേന്തും വിഷ്ണുദേവൻ കണക്കിനെ; ൨
പൊന്തോൾവളയണിഞ്ഞോനെ, നീർകൊണ്ടലിനു തുല്യനെ
കണ്ടു വീണ്ടും കുതിച്ചോടീ വലുതാം വാനരപ്പട.
ഓടിപ്പോകും പടയെയും, പെരും രാക്ഷസനേയുമേ
കണ്ടു വിസ്മിതനായ് രാമൻ വിഭീഷണനൊടോതിനാൻ:- ൪
'ആരാണീ, മലപോലുള്ളോനു,തക്കണ്ണൻ, കിരീടവാൻ?
വീരൻ കാണപ്പെടുന്നുണ്ടു, മിന്നൽക്കാർപോലെ ലങ്കയിൽ.
കാണുന്നുണ്ടിങ്ങു ഭൂമിയ്ക്കു കേതുവാമൊരു ക്രൂരനെ;
ഇവനെക്കണ്ടു മണ്ടുന്നു കീശരെല്ലാമതാതിടം. ൬
ചൊല്ലുകെന്നോടാ,രാണിക്രൂരൻ, രക്ഷസ്സോ ദിതിപുത്രനോ?
ഇത്തരം ജന്തുവെക്കണ്ടിട്ടില്ല ഞാൻ മുമ്പൊരിയ്ക്കലും!'
അക്ലിഷ്ടകർമ്മാവാ രാജപുത്രൻ ചോദിച്ചനേരമേ,
വിഭീഷണൻ മഹാപ്രാജ്ഞൻ കാകുത്സ്ഥനൊടിതോതിനാൻ:- ൮
'വൈവസ്വതനെയും പോരിലിന്ദ്രനേയും ജയിച്ചവൻ,
വിശ്രവസ്സിൻ മകനിവൻ, കുംഭകർണ്ണൻ പ്രതാപവാൻ;
വലുപ്പംകൊണ്ടിവനൊപ്പമില്ല, മറ്റൊരു രാക്ഷസൻ.

Digitized By Kerala Sahitya Akademi

ഇവൻ രണേ രാഘവ, ദേവദൈത്യ-
ഗന്ധർവ്വവിദ്യാധരകിന്നരക്കും,
രക്ഷോഹിയക്ഷക്കുമതീവ തോൽവി-
യൊരായിരംവട്ടമണച്ചിരിപ്പൂ! ൧൦

ശൂലപാണി വിരൂപാക്ഷൻ കരുത്തൻ കുംഭകർണ്ണനെ
ഹനിപ്പാൻ ശക്തരായീലാ, കാലനെന്നോർത്തുപോയ് സുരർ!
സ്വതേ തേജസ്സ്വവായേ്ചാനി,കുംഭകർണ്ണൻ മഹാബലൻ;
മററുള്ള രാക്ഷസേന്ദ്രക്കാ,വരത്താലുള്ളതാം, ബലം. ൧൨
പിറന്നപൊഴുതിൽത്താനിക്രൂററനേററം വിശപ്പിനാൽ
അസംഖ്യമായിരം ജന്തുക്കളെത്തിന്മാൻ തുടങ്ങിപോൽ;
അവയെത്തിന്നൊടുക്കുമ്പോൾ ഭയപ്പാടാന്നു നാട്ടുകാർ
ശക്രനെശ്ശരണംപുക്കാര,ക്കാര്യവുമുണത്തിനാർ. ൧൪

ചൊടിച്ചു കുംഭശ്രവണങ്കൽ വിട്ടാൻ
നിലിമ്പർകോൻ വജ്രി നിശാതവജ്രം;
മഹാനിവൻ വജ്രമതേററപോതോ,
വിറച്ചു, കോപാൽപ്പരമാർപ്പുമിട്ടു.

അക്കുംഭകർണ്ണരക്ഷസ്സു മേന്മേലാർത്തിടുമാരവം
കേട്ടു വീണ്ടും നടുങ്ങിപ്പോയ്, നടുക്കം പൂണ്ട നാട്ടുകാർ. ൧൬
പിന്നുമ്പർകോനിൽ ക്രോധത്താൽക്കുംഭകർണ്ണൻ മഹാബലൻ
ഐരാവതത്തിൻ കൊമ്പൂരിത്തച്ചാൻ മാർത്തട്ടിലിന്ദ്രനെ.
കുംഭകർണ്ണപ്രഹാരത്താലുമ്പർകോനുജ്ജ്വലിച്ചുപോയ്;
പെട്ടെന്നതിൽ വിഷാദിച്ചു ദേവബ്രഹ്മർഷിദാനവർ. ൧൮
നാട്ടുകാരൊത്തു നാകേശൻ പോയാൻ ബ്രഹ്മനികേതനേ;
കുംഭകർണ്ണന്റെ ദുഷ്ടെല്ലാം ചൊല്ലീ ലോകേശനോടവർ,
നാട്ടാരെത്തിന്മതും, ദേവന്മാരെയങ്ങാക്രമിപ്പതും,
പരനാരീഹരണവു,മാശ്രമങ്ങൾ മുടിപ്പതും:- ൨൦
'ഇവണ്ണം പതിവായ്ത്തിന്നും നാട്ടാരെയിവനെങ്കിലോ,
അധികം താമസിയ്ക്കാതെയുലകം ശൂന്യമായ്വരും!'

Digitized By Kerala Sahitya Akademi

ഇന്ദ്രന്റെ വചനം കേട്ട സർവ്വലോകപിതാമഹൻ
വരുത്തിനാൻ രാക്ഷസരെ;ക്കണ്ടാനിക്കുംഭകർണ്ണനെ. ൨൨
കുംഭകർണ്ണാവലോകാൽത്താൻ നടുങ്ങിപ്പോയ് പ്രജാപതി;
പിമ്പാശ്വസിച്ചിദം ചൊന്നാൻ കുംഭകർണ്ണനൊടജ്ജൻ:-
'ലോകം മുടിയുവാനത്രേ, പൌലസ്ത്യന്ന പിറന്നു നീ;
അതിനാലിന്നുതൊട്ടേ നീ ചത്തമട്ടിലുറങ്ങിടും!' ൨൪
ബ്രഹ്മാവിൻ ശാപമേററാറേ പ്രഭുവിൻ മുമ്പിൽ വീണുപോയ്;
അതിൽത്തുലോം സംഭ്രമമാന്നണത്തിച്ചിതു രാവണൻ:—
'വളത്തപ്പെട്ട പൊൻവൃക്ഷം കായ്ക്കുംനാളിൽ മുറിയ്ക്കയോ?
തൻപൌത്രന്നിവിധം ശാപമേകിക്കൂടാ പ്രജാപതേ! ൨൫
അതളപ്പാട പാഴാകില്ല;-റങ്ങും, വാദമില്ലിവൻ;
ഇവന്നു കാലം വെച്ചാലു,മുറങ്ങ,ാനുണരാനുമേ.'
രാവണൻതന്റെ മൊഴി കേട്ടാതിനാനാത്മയോനിയും:—
'ഉറങ്ങും മാസമാറിയ്ക്കാല്ല,ണന്നമരുമൊററനാൾ; ൨൭
ചൊടിച്ചാ നാളിലീ വീരന്നുഴിചുററി വിശപ്പിനാൽ
വായും പിളത്തുലകിനെത്തിന്നും,ദീപ്താഗ്നി പോലവേ.
ഇപ്പോഴാപത്തണകയാലുണത്തി കുംഭകർണ്ണനെ
നിൻവിക്രമത്താൽ ഭയവും പൂണ്ടോ രാജാവു രാവണൻ. ൩൦
ഇതാ, വീരനവൻ വീട്ടിൽനിന്നു പോന്നുഗ്രവിക്രമൻ,
വൻക്രോധത്താൽക്കപികളെ ത്തിന്മാനോടിയടുക്കയാം. ൩൧
കുംഭകർണ്ണാവലോകാൽത്താനിതാ, വാനരർ പാഞ്ഞുപോയ്;
പോരിൽച്ചൊടിയ്ക്കുമിവനെക്കീശരെങ്ങിനെ നിന്നിടും?
ചൊല്ക, വാനരരോടെല്ലാ;-മിതൊരുന്നതയന്ത്രമാം;
എന്നു വെച്ചു കുരങ്ങന്മാരിങ്ങു നിർഭയരാകണം."
വിഭീഷണൻ യുക്തിയൊടും സൌമ്യമായ്ച്ചൊന്ന വാക്കിനെ
കേട്ടങ്ങു സേനാപതിയാം നീലനോടോതി രാഘവൻ:— ൩൪
'ചെല്ക; സൈന്യത്തെയെല്ലാമേ കൂട്ടി നില്ക്കുക പാവകേ;
ലങ്കാദ്വാരങ്ങൾ വളക, പാതപ്പുരകൾ പാലവും.



Digitized By Kerala Sahitya Akademi

ശൈലശൃംഗങ്ങൾ വൃക്ഷങ്ങൾ ശേഖരിയ്ക്കുക കല്ലുകളും;
നില്ക്കട്ടെ കീശരെപ്പേരും, ശൈലമേന്തിസ്സശസ്ത്രരായ്.' ൩൬
രാഘവൻ ചൊന്നതിൻവണ്ണം, നീലൻ ഹരിബലേശ്വരൻ
ശാസിച്ചാൻ കീശസൈന്യത്തെശ്ശരിയ്ക്കു കപികുഞ്ജരൻ.
ഉടൻ, ഗവാക്ഷൻ, ശരഭനംഗദൻ, ഹനുമാനിവർ
ശൈലാഭർ ശൈലശൃംഗങ്ങളേന്തി ദ്വാരം കരേറിനാർ. ൩൮
രാമൻെറ ശാസനം കേട്ടു, ജിതകാശികൾ വാനരർ
വൈരിപ്പടയെ വീരന്മാരടച്ചിതു മരങ്ങളാൽ.

കരങ്ങളിൽശ്ശൈലതരുക്കൾ പൂണ്ടഃ-
ക്കട്ടംപ്ലവംഗപ്പടയുല്ലസിച്ചു
മഹീധരത്തിന്നരികേ, കനത്തു
കട്ടത്ത വങ്കാർനിരയെന്നപോലെ. ൪൦

—*—

## അറുപത്തിരണ്ടാം സർഗ്ഗം: രാവണപരിദേവനം.

—*—

ഉറക്കവും ലഹരിയും മുഴുത്താ രാക്ഷസർഷഭൻ
ശ്രീമത്താം രാജമാർഗ്ഗത്തെ പ്രാപിച്ചാൻ, പ്രാജ്യവിക്രമൻ.
രാക്ഷസന്മാരസംഖ്യംപേർ ചുഴന്നൊത്തതിദുർജ്ജയൻ
പൂവർഷം വീട്ടുകളിൽനിന്നേററുംകൊണ്ടെഴുനള്ളിനാൻ. ൨
കണ്ടാൻ, പൊൻജന്നൽനിര ചേർന്ന,ക്കാന്ത്യാ ലസിപ്പതായ്
വിശാലരമ്യമാം നക്തഞ്ചരേന്ദ്രഗൃഹമങ്ങവൻ.

ക്രമാലവൻ, കാർനിര ഭാനു പോലാ,
നിശാടർകോൻഗേഹമണഞ്ഞു, ദൂരേ
ഇരുന്നിടും ജ്യേഷ്ഠനെയങ്ങു കണ്ടാ-
നി,രുന്നിടും ബ്രഹ്മനെ വജ്രി പോലെ. ൪

രക്ഷോവൃതം ഭ്രാതൃഗൃഹം പൂകമാ രാവണാനുജൻ
ഓരോ കാലടിവെപ്പാലും കലുക്കീ മന്നിടത്തിനെ.
കണ്ടാൻ, ഭ്രാതൃഗൃഹം പ്രാപിച്ചുകക്കെട്ടിൽക്കടന്നവൻ,
വിമാനേ പുഷ്പകേ മാൽ പൂണ്ടിരുന്നതുളുമേട്ടനെ. ൬

Digitized By Kerala Sahitya Akademi

ഉടനാഗതനാം കുംഭകർണ്ണനെക്കണ്ടു രാവണൻ
ഹർഷിച്ചു ചിക്കെന്നെഴുന്നേററടുക്കൽക്കൊണ്ടുപോയിനാൻ;
എന്നിട്ടൊരണിമഞ്ചത്തിലിരുന്ന ഗുരുവിൻ പാദം
വന്ദിച്ചാൻ, വേണ്ടതെന്തെന്നാൻ കുംഭകർണ്ണൻ മഹാബലൻ. ൮
എഴുന്നേററ, വനെ പ്രീത്യാ കെട്ടിപ്പുല്കി ദശാനനൻ;
ഭ്രാതാവാൽപ്പൂണ്ടു കൊണ്ടാടപ്പെട്ടിട്ടുകുംഭകർണ്ണനും
ഇരുന്നാനൊരു ദിവ്യശ്രീവിഷ്ടരത്തിൽ യഥോചിതം.
ആ വിഷ്ടരത്തിൽ വാണിട്ടുകുംഭകർണ്ണൻ മഹാബലൻ ൧൦
ദശാസ്യനോടു ചോദിച്ചു, കോപാൽച്ചെങ്ങിയ കണ്ണുമായ്:
'എന്തിനാണ,മ്പൊടങ്ങെന്നെയുണർത്തിയതു മന്നവ?
ചൊല്ലുകാ,രാൽബ്ഭയമങ്ങയ്ക്കിങ്ങോ?-രിപ്പോൾശ്ശവമാകണം?'
അരിശംകൊണ്ടു ചെറുതൊന്നുരുട്ടീടിന കണ്ണുമായ് ൧൨
വാണ സോദരനാം കുംഭകർണ്ണനോടോതി രാവണൻ:-
"ഇന്നെയ്ക്കൊട്ടേറെനാളായ് നീയുറങ്ങുന്നു മഹാബല;
സുഖി നീയറിയുന്നീലാ, രാമനാൽക്കൃതമെൻഭയം:
ഈ ദ്ദാശരഥിയാം രാമൻ സുഗ്രീവാനുചിതന്ത്യജ്ജിതൻ ൧൪
പടയൊത്താഴി പിന്നിട്ടു, നമ്മൾതൻ വേരറുക്കയാം!
നോക്കു, ലങ്കയിലാഹന്ത, പൂംകാവുകൾ, വനങ്ങളും,
സുഖമായ്സ്സേതു തീർത്തെത്തിക്കുരങ്ങക്കടലാക്കിനാൻ!
വധിയ്ക്കപ്പെട്ടുപോയ് പോരിൽ പ്രധാനാശരർ കീശരാൽ;
കീശക്ഷയവു ഞാൻ കാണ്മീലൊ,രുമട്ടിലുമാഹവേ.
തോററിട്ടുമില്ല കീശന്മാർ പോരിൽ മുമ്പൊരിയ്ക്കലും!
ഇതാണു, നേരിട്ട ഭയം; രക്ഷ ചെയ്ക മഹാബല;
കൊല്ലുകാക്കൂട്ടരെ:-യതിന്നല്ലോ നിന്നെയുണർത്തി ഞാൻ. ൧൮
മുടിഞ്ഞിതെൻമുതൽക്കൂട്ടമൊട്ടുക്കെന്നു ധരിയ്ക്ക നീ;
കാക്കുകി,ക്കുഞ്ഞുകിഴവർ മാത്രം ശേഷിച്ച ലങ്കയെ!
ചെയ്കണ്ണന്നായ് മഹാബാഹോ, ദുഷ്കരം നീ പരന്തപ:
മുൻചൊല്ലിയിട്ടില്ലല്ലോ ഞാനൊരു തമ്പിയോടിങ്ങിനെ! ൨൦

Digitized By Kerala Sahitya Akademi

ഉണ്ടു നിൻപേരിൽ മേ സ്നേഹം; തുലോം പ്രത്യാശയും മമ:
ദേവാസുരപ്പോർകളിൽ നീ നേർത്തുനിന്നാശരർഷഭ,
വെന്നല്ലോ ശൂരരു, സുരന്മാരെയും, ദൈത്യർത്തമ്മെയും!
എന്നാലെട്ടക്കകാ, വീര്യമൊക്കയും ഭീമവിക്രമ: ൨൨
കാണ്മീലല്ലോ, നിന്നൊക്കാത്ത കെല്പനെജ്ജാതിയേതിലും!

ഇതെത്രയും പ്രിയഹിതമാചരിയ്ക്ക മേ,
യഥാപ്രിയം പ്രിയരണ, ബാന്ധവപ്രിയ:
തുരത്തുകിയരിനിരയെ സ്വശക്തിയാൽ,-
ശ്ശരദ്ഘനത്തിനെയുരുകാററു പോലവേ.” ൨൩

—:*:—

## അറുപത്തിമൂന്നാം സർഗ്ഗം: കുംഭകർണ്ണനീതിവാക്യം.

— : * : —

ആ രക്ഷഃപ്പെരുമാളുരാവലാതി ചൊന്നതു കേൾക്കയാൽ
ഒന്നുറക്കെച്ചിരിച്ചിട്ടു ചൊല്ലിനാൻ കുംഭകർണ്ണനും:-
“ദോഷം നാം കണ്ടുവല്ലോ, പണ്ടാലോചന നടന്നതിൽ;
അതാണി വന്നതങ്ങയ്ക്കു, ഹിതത്തിൽശ്രദ്ധയായ്കയാൽ. ൨
ചിക്കെന്നങ്ങയ്ക്കു നേരിട്ടു, പാതകം ചെയ്തതിൻ ഫലം,
ദുഷ്കർമ്മക്കാർക്കു നിയതം നരകപ്രാപ്തി പോലവേ.
കാലേക്കൂട്ടി വിചാരിച്ചീലിക്കാര്യം രാജസത്തമ;
കേവലം വീര്യഗർവ്വത്താലോർത്തീലാ ദോഷസംഭവം. ൪
ഏതൊരൈശപ്പൂവാൻ ചെയ്യുമാദ്യം വേണ്ടതു പിന്നെയും,
പിൻവേണ്ടതാദ്യവു,മവൻ നയാനയവിമൂഢനാം.
ദേശകാലങ്ങൾ നോക്കാതെ കർമ്മം ചെയ്യപ്പെട്ടുന്നതോ,
ഹവിസ്സശുചിയിൽപ്പോലെ നേർമറിച്ചായ് ദൂഷിച്ചുപോം. ൬
മൂന്നു കർമ്മങ്ങൾതന്നഞ്ചുയോഗം സചിവയുക്തനായ്
നിരൂപിച്ചിട്ടനുഷ്ഠിപ്പോനത്രേ, സന്മാർഗ്ഗസംസ്ഥിതൻ.
യഥാശാസ്ത്രം നിരൂപിപ്പാൻ മുതിരുന്നോനഭിജ്ഞനാം,
സുഹൃത്സചിവരെബ്ബുദ്ധ്യാ നോക്കിക്കാണുന്ന ഭൂപനും. ൮

Digitized By Kerala Sahitya Akademi

നരൻ ധൎമ്മാൎത്ഥകാമങ്ങളൊന്നിച്ചോ, വേറെവേറെയോ,
കാലേ കൊള്ളേണ,മിരണ്ടു കൂട്ടിയോ രാക്ഷസേശ്വര.
ഈ മൂന്നിൽശ്രേഷ്ഠമാമൊന്നു ഭൂപനോ, ഭൂപതുല്യനോ
ശ്രവിച്ചിട്ടറിവീലെങ്കിൽ, പ്പഠിപ്പവനു പാഴിലാം. ൧൦
ദാനവും, സാമവും, കാലേ ഭേദവും ദണ്ഡമെന്നതും,
യോഗവും, രാക്ഷസശ്രേഷ്ഠ, നയാനയവുമിങ്ങവൻ
മന്ത്രിമാരൊത്തു ചിന്തിച്ചു കാലേ ധൎമ്മാൎത്ഥകാമവും
ഉള്ളടക്കിയനുഷ്ഠിയ്ക്കു,മാപത്തിൽപ്പെട്ടുകില്ലവൻ. ൧൧
ബുദ്ധിജീവികളാമൎത്ഥതത്വവിന്മന്ത്രിമാരുമായ്
ഹിതം ചിന്തിച്ചുവേണം, തൻകാൎയ്യം രാജാവു ചെയ്യുവാൻ.
ശാസ്ത്രാൎത്ഥങ്ങൾ ധരിയ്ക്കാതെ പശുബുദ്ധികളാം നരർ
പ്രസംഗം തട്ടിവിട്ടേയ്ക്കും, മന്ത്രണത്തിനൊരുങ്ങുകിൽ; ൧൨
അൎത്ഥശാസ്ത്രാനഭിജ്ഞന്മാരശ്ശാസ്ത്രജ്ഞാനവൎജ്ജിതർ
പണമേററം പിടുങ്ങാനായ്ച്ചൊന്നതൊന്നുമെടുക്കൊലാ.
ഹിതമായ്ത്തോന്നുമഹിതം ധാടിയാലാർ പുലമ്പുമോ,
കാൎയ്യം കെടുക്കുമവരെത്തള്ളണം മന്ത്രണാൽ ദൃഢം. ൧൩
സ്വാമിധ്വംസത്തിനായ്,സ്സത്രുക്കാരാം മാററാൎക്കധീനരായ്
നേരേമറിച്ചാം കൃത്യങ്ങൾ ചെയ്യിയ്ക്കുമിഹ മന്ത്രിമാർ;
പിണക്കപ്പെട്ട മിത്രാഭാമിത്രരാമീയമാത്യരെ
സംസാരംകൊണ്ടറിയണം സ്വാമി, മന്ത്രവിനിശ്ചയേ. ൧൪
ഇങ്ങു പെട്ടെന്നു കാൎയ്യത്തിൽച്ചാടും ചാപല്യവാനുടെ
പഴുതിൽ, ക്രൌഞ്ചരന്ധ്രത്തിൽ ഖഗർ പോല,ന്യർ കേറുമേ.'
അമിത്രനെയറിഞ്ഞാത്മരക്ഷ ചെയ്യാതിരിയ്ക്കുകിൽ,
അനൎത്ഥത്തിൽപ്പെട്ടുമവൻ, സ്ഥാനഭ്രഷ്ടനുമായ്വരും. ൨൦
അന്നങ്ങയോടു ചൊന്നല്ലോ പ്രിയയും മമ തമ്പിയും;
നല്ലു നമുക്കിങ്ങതുതാൻ; ചെയ്കിനി ഭവാൻ പോലവേ!"
കുംഭകൎണ്ണന്റെയാ വാക്കു കേട്ടിട്ടു ദശകന്ധരൻ
വളച്ചാൻ പുരികം രണ്ടും; ചൊടിച്ചു,വനൊടോതിനാൻ:- ൨൧

Digitized By Kerala Sahitya Akademi

"നമ്മെശ്ശാസിയ്ക്കയോ മാന്യനാചാര്യനുരു പോലെ നീ!
എന്തിന്നിത്തൊണ്ട പൊട്ടിയ്ക്കൽ? ചെയ്യുകൊള്ളുക തക്കതേ.
മോഹത്താൽത്താൻ, ഭ്രമത്താൽത്താൻ, ബലവീര്യം പിടിച്ചുതാൻ
ചെയ്യാതെപോയതധുനാ വീണ്ടും ചൊൽവതു പാഴിലാം! ൨൪
എന്തിഘട്ടത്തിലുചിത,മതാലോചിയ്ക്ക സാംപ്രതം:
കഴിഞ്ഞതോർത്തു മാഴ്കില്ലാ; കഴിഞ്ഞതു കഴിഞ്ഞുപോയ്.
എന്നാനീതിയിലെദ്ദോഷം നികത്തുക നിജൌജസാ,
എൻപേരിൽ സ്നേഹമുണ്ടെങ്കി,ലറിയാമെങ്കിൽ വിക്രമം, ൨൫
ഇക്കാര്യം കാര്യതരമാണെന്നുമെണ്ണുന്നുവെങ്കിൽ നീ.
കാര്യം കെട്ട വലഞ്ഞോനെത്താങ്ങുന്നോനാം, സുഹൃത്തമൻ;
അനയം പെട്ടുപോയോരെത്തുണപ്പോനാണു, ബാന്ധവൻ."
ധീരദാരുണമായേവം കഥിയ്ക്കുമവനോട്ടടൻ, ൨൬
ക്രുദ്ധനിദ്ദേഹമെന്നോർത്തു, മയത്തിൽച്ചൊല്ലി മെല്ലവേ;
ഭ്രാതാവിന്നിന്ദ്രിയക്ഷോഭം കൈവളന്നതു കാൺകയാൽ
സാന്ത്വനംചെയ്തുകൊണ്ടോതി കുംഭകർണ്ണൻ പതുക്കവേ:-
"പോരും, രാക്ഷസരാജേന്ദ്ര, സന്താപം കൊൾവതിങ്ങു നീ; ൩൦
രോഷവും ദൂരവേ നീക്കി സ്വസ്ഥനായരുളേണമേ!
ഇതുൾക്കൊള്ളേണ്ട, ഞാൻ ജീവിച്ചിരിയ്ക്കുമ്പോൾ മഹീപതേ:
ആരാലങ്ങയ്ക്കഴല,വന്നപായം ചേപ്പതുണ്ടു ഞാൻ.
ഏതവസ്ഥയിലും നൂനം ഞാനിങ്ങോതേണ്ടതാം ഹിതം ൩൨
ബന്ധുത്വാൽച്ചൊല്ലിനേൻ, ഭ്രാതൃസ്നേഹത്താലും മഹീപതേ.
ഇഘട്ടത്തിലൊരമ്പുററ ബന്ധു ചെയ്യേണ്ടതിൻവിധം,
പോരിൽ ഞാൻ വൈരികൾക്കല്ലലണയ്ക്കുന്നതു കാൺക നീ:
ഇന്നു കാണ്കെ മഹാബാഹോ, തമ്പിയോടൊത്ത രാമനെ ൩൪
പോർമുന്നിൽ ഞാൻ കൊല്ലുകയാൽപ്പാഞ്ഞുപോം കപിസേനയെ.
ഇന്നാ രാമൻെറ തല ഞാൻ കൊണ്ടുവന്നതു കണ്ടു നീ
സുഖം കൊൾക മഹാബാഹോ; ദുഃഖം കൊള്ളട്ടെ ജാനകി!
ഇന്നു കാണട്ടെ, രാമൻെറയെത്രയും പ്രിയമാം വധം, ൩൫

Digitized By Kerala Sahitya Akademi

ലങ്കയിൽബ്ബാന്ധവർ കൊലപ്പെട്ട രാക്ഷസരേവരും!
ഇന്നു, തൻബന്ധുനിധനാൽ മാലാണ്ടോരുടെ കണ്ണുനീർ
തുടച്ചുകൊൾക,വനചരിവരാതിയെ മുടിച്ചു ഞാൻ!
ഇന്നു, മാമല പോലുള്ള സുഗ്രീവകപിരാജനെ, ൩൮
വെലണിക്കാറിനെപ്പോലെ കാൺക പോരിൽത്തകർന്നതായ്!
ഞാനു,മിന്ദ്രാശനിധ്വനിയെക്കൊൾവാൻ്ഃനാക്കമരക്കരും
സമാശ്വസിപ്പിച്ചു ഭവാനെന്മൊട്ടഴലകല്മഷ?
എന്നെക്കൊന്നോ ഭവാനെക്കൊല്ലുള്ളുവല്ലോ കകുത്സ്ഥജൻ; ൪൦
എന്നെക്കുറിച്ചൊരു ഭയമില്ലെനിയ്ക്കാശരേശ്വര!
എന്നൊത്താനദ്ധ്യനാ ചൊല്ലിവിട്ടുകൊൾക ഭഞ്ജരിന്ദമ:
മററാരെയുമയയ്ക്കേണ്ടാ പോരിന്നതുലവിക്രമ:
ഞാൻ നശിപ്പിച്ചുകൊള്ളാം നിൻശത്രുക്കളെ മഹാബല. ൪൨
ഇന്ദ്രാന്തകന്മാരായാലു,മഗ്നിവായുക്കളാകിലും,
പാശിവിത്തേശരായാലും, പോരുതാമവരോടു ഞാൻ!
കുന്നോളം പോന്ന മെയ്യുള്ളോൻ, ക്രുദ്ധ ശ്ശൂലമെടുത്തു ഞാൻ,
തീക്ഷ്ണദംഷ്ട്രാഢ്യനാക്കുമ്പോളമ്പർകോനും ഭയപ്പെടും! ൪൪
അല്ലെങ്കിലു,ക്കാൽശ്ശസ്ത്രം വെച്ചമിത്രരെയരയ്ക്കവേ
എൻനേർക്ക് നില്പാനാളാകാ, ജീവനിൽക്കൊതിയുള്ളൊരാൾ!
വേൽ വേണ്ടാ, ഗദ വേണ്ടാ, വാൾ വേണ്ടാ, ക്രുദ്ധ ശരങ്ങളും:
ചൊടിച്ചു കൈകളാൽത്തന്നെ കൊല്ലുവൻ വജ്രിതന്നെയും! ൪൬
എൻമുഷ്ടിയുടെയൂക്കിന്നാക്കാകുത്സ്ഥൻ താങ്ങുമെങ്കിലേ,
കുടിയ്ക്കും മമ രക്തത്തെ,ക്കാകുത്സ്ഥനുടെയമ്പുകൾ!
എന്തിന്നു ചിന്താതാപം തേ ഞാനിരിയ്ക്കേ മഹീശ്വര?
പോകാനൊരുങ്ങിയല്ലോ ഞാൻ നിന്മാററാരെ മുടിയ്ക്കുവാൻ.
വിടാം രാമഭയം രാജൻ: കൊന്നോയ്ക്കാമിന്നു പോരിൽ ഞാൻ,
രാമലക്ഷ്മണരേയും കെല്പേറും സുഗ്രീവനേയുമേ.
ലങ്കാ ചുട്ടാശരന്മാരെക്കൊന്നോനാം ഹനുമാനെയും
നില്ക്കുന്ന വാനരരെയും പോരിൽ ഞാൻ കൊന്നൊടുക്കുവൻ: ൫൦

Digitized By Kerala Sahitya Akademi

നല്കാവൂ ഞാൻ തിരുവടിയ്ക്കസാമാന്യപ്പെരുംപുകൾ,
ഇന്ദ്രനാലോ, സ്വയംഭ്രുവാൽത്തന്നെയോ ഭയമേല്ക്കിലും!
നിലിമ്പരും നിലംപൊത്തിപ്പോമല്ലോ, ഞാൻ ചൊടിയ്ക്കുകിൽ:
അടക്കാം ഞാൻ യമനെയു;-മശിയ്ക്കാമഗ്നിയേയുമേ!
സൂര്യനെപ്പോരിൽ വീഴിയ്ക്കാം നക്ഷത്രനികരത്തെയും;
ശതക്രതുവിനെക്കൊല്ലാം; കുടിയ്ക്കാം വരുണാലയം;
തവിടാക്കാം മലകളെ;പ്പിളത്താം പാർത്ഥലത്തെയും!
നെട്ടനാൾ നിദ്രയിൽപ്പെട്ട കുംഭകർണ്ണന്റെ വിക്രമം ൧൪
ഇന്നു കാണട്ടെ, ഭക്ഷിയ്ക്കപ്പെട്ടും ജന്തുക്കളൊക്കയും:
ഈ മൂപ്പാരൊക്കെയായാലും, തീററിയ്ക്കു തികയില്ല മേ!

പോകട്ടെ ഞാൻ, ദാശരഥിപ്രമാഥാൽ-
സ്സുഖം സുഖാർഹം തവ ചേർത്തുവെപ്പാൻ:
സലക്ഷ്മണൻ രാമനെ നിഗ്രഹിച്ചു,
തിന്മൻ കപിശ്രേഷ്ഠരെയാകമാനം! ൧൫
രമിയ്ക്ക; സേവിയ്ക്ക വരാസവം; സമാ-
ചരിയ്ക്ക കൃത്യങ്ങള;കററുകാമയം:
ശരിയ്ക്കു ഞാൻ രാമനെയിന്നു കാലന്നു-
ക്കയയ്ക്കയാൽ,സ്സീത ചിരായ പാട്ടിലാം!"

---

## അറുപത്തിനാലാം സർഗ്ഗം: മഹോദരവാക്യം.

—(*)—

ആവിധം, ബലവാൻ ക്രൂരൻ കുംഭകർണ്ണൻ മഹാബലൻ
കഥിച്ചതു ചെവിക്കൊണ്ടിട്ടുരചെയ്തു മഹോദരൻ:-
"കുംഭകർണ്ണ, കുലീനൻ നീ;-യെന്നാൽക്കാഴ്ചക്കുറച്ചിലാൽ,
തള്ളലാൽ,ബ്ബുദ്ധിയിനാലാ,മല്ലറിവാനേതു കാര്യവും. ൨
തമ്പുരാനറിവില്ലെന്നോ കുംഭകർണ്ണ, നയാനയം?
അഞ്ചോ, വെറുംചെറുപ്പത്താൽപ്പേശാൻ നോക്കുന്നു ധാടിയിൽ!
ദേശകാലവിഭാഗജ്ഞനറിവൂ രാക്ഷസർഷഭൻ,
തന്റെയും മാററരുടെയും ക്ഷയവൃദ്ധികൾ, സാമ്യവും. ൪

Digitized By Kerala Sahitya Akademi

അവ്യഗ്രസേവിയാം ക്ഷുദ്രശീലന്നും ബലമൊന്നിനാൽ
ചെയ്തുകൂടാത്തതാം കൃത്യം ചെയ്യുമതൊരു പണ്ഡിതൻ?
ധർമ്മാർത്ഥകാമങ്ങളെ നീ പൊന്നല്ലോ വേർതിരിച്ചുതാൻ;
അവതൻ തത്ത്വമറിവാനില്ലുണ്ടെല്ലൊരു ശേഷിയും.
നിദാനം കർമ്മമൊന്നല്ലോ, സർവ്വമാം സംഭവത്തിനും;
കാണാമൊരുവനിൽത്തന്നേ സദസൽകർമ്മജം ഫലം.
മുക്തിതന്നേ ഫലം ധർമ്മാർത്ഥങ്ങൾക്കോ; മററു രണ്ടുമാം;
ധർമ്മാർത്ഥലോപമോ നല്കും പ്രത്യവായഫലത്തെയും ൮
ഐഹികാമുഷ്മികഫലം ഭുജിച്ചീടുന്നിതാളുകൾ;
എന്നാൽ ശ്രേഷ്ഠത്തെ നേടുന്നു നേരേ കാമാനുസാരിയും.
അതിനാൽത്തമ്പുരാനോത്ഥാനിതു; കൊണ്ടാടി ഞങ്ങളും;
മാററാങ്കൽസ്സാഹസം ചെയ്താല,തിലെന്തൊരനീതിയാം? ൧൦
ഒററയ്ക്കുതാൻ നേരിടലിൽച്ചൊന്നല്ലോ കാരണം ഭവാൻ;
അതിലും നിന്നനൌചിത്യം ചൊൽവൻ ഞാൻ, ദോഷമുള്ളതും;
ജനസ്ഥാനത്തുവെച്ചു,ഗ്രജസ്സേറും ഭൂരിനിശാടരെ
മുൻകൊന്ന രാഘവനെ നീയൊററയ്ക്കങ്ങിനെ വെന്നിടും? ൧൨
ജനസ്ഥാനത്തിവൻ മുന്നം വെന്ന കെല്പേറുമാശരർ
ഇന്നും സഭയരെപ്പേരും; കാണ്മതില്ലേ പുരത്തിൽ നീ?
ഉറങ്ങും ക്രുദ്ധഹരിയും പാമ്പും പോലെന്നറിഞ്ഞുമേ
ഉണർത്താൻപോകയാണല്ലോ, നീയക്കാകുത്സ്ഥരാമനെ! ൧൪
തേജസ്സാലനിശം കത്തി, ക്രോധംകൊണ്ടുമധൃഷ്യനായ്,
മൃത്യുപോലെ പൊറാവല്ലാത്തവനോടാരടുത്തിടും?
വൈരിതൻനേർക്കു നില്ക്കുമ്പോളിതെല്ലാം സംശയത്തിലാം;
ഒററയ്ക്കങ്ങോട്ടു പോകുന്നതൊട്ടും സമ്മതമല്ല മേ. ൧൬
പ്രാണത്യാഗമുറച്ചോനാം വൃദ്ധിമാനായ ശത്രുവെ
ക്ഷീണനേവൻ മുതിർന്നിടും, ക്ഷുദ്രനെപ്പോലമർത്തുവാൻ?
മനുഷ്യരിലിവനൊപ്പമില്ലൊരാളാശരോത്തമ;
അസ്സുഗ്രീവാഭനോടങ്ങാംവെട്ടാനങ്ങോട്ടുതെങ്ങിനെ?” ൧൮



Digitized By Kerala Sahitya Akademi

ചുണച്ചു കുംഭകർണ്ണങ്കലിതു ചൊല്ലി മഹോദരൻ
രക്ഷോമദ്ധ്യേ ജഗദ്ദ്രോഹിരാവണൻതന്നോടോതിനാൻ:-
“അസ്സീതയെ ലഭിച്ചിട്ടെന്തിന്നു വൈകിപ്പു പിന്നെയും?
വേണമെന്നാകിൽ, വൈദേഹിയിവിടെസ്സ്വ വശപ്പെടും, ൨൦
കണ്ടിട്ടുണ്ടൊരുപായം ഞാൻ, സീതയെപ്പാട്ടിലാക്കുവാൻ;
കേൾക്ക; ചിന്തിച്ചു നന്നെങ്കിൽക്കൈക്കൊൾകാശരനായക:
ഞാൻ സംഹ്രാദി-ദ്വിജിഹ്വന്മാർ, കുംഭകർണ്ണൻ, വിതർദ്ദനൻ,
‘പോക രാമഹതിയ്ക്കീയഞ്ചാളെ’ന്നായ്ച്ചെയ്ക ഘോഷണം. ൨൨
ഉടനേ ഞങ്ങൾ ചെന്നായാളോടു യത്നിച്ചു പോരിടാം;
നിൻവൈരികളെ വെന്നാലോ, വേണ്ടാ നമ്മൾക്കുപായവും.
അതല്ലാ, ശത്രുവും പോരിൽ ഞങ്ങളും ചത്തിടായ്കിലോ,
പില്പാടു മനസാ കണ്ടുവെച്ചിട്ടുള്ളതു ചെയ്തിടാം: ൨൪
ഞങ്ങൾ ചോരയിലാറാടിപ്പോരിൽനിന്നിങ്ങു വന്നിടാം,
രാമന്റെ പേർ കൊത്തിയ ക്രൂരമ്പാൽക്കീറിയ മെയ്യുമായ്;
‘രാമലക്ഷ്മണരെത്തിന്നു ഞങ്ങളെ’ന്നും പറഞ്ഞുടൻ
ത്വൽക്കാൽ പിടിയ്ക്കാം; ഞങ്ങൾക്കു നല്ക സമ്മാനവും ഭവാൻ. ൨൬
പിമ്പാനയാലാൽപ്പുരിയിൽക്കൊട്ടിക്കേൾപ്പിയ്ക്ക പാർത്ഥിവ,
‘ഹതനായ് സാനുജൻ രാമൻ സേനയൊത്തെ’ന്നു നീളവേ.
കല്പിച്ചേകിയ്ക്ക ഭൃത്യർക്കും തുഷ്ടി ഭാവിച്ചരിന്ദമ,
ഭോഗത്തെ,പ്പരിവാരത്തെ,ക്കാമത്തെ, ദ്രവിണത്തെയും; ൨൮
വീരയോധർക്കു വസ്ത്രാനുലേപമാല്യങ്ങൾ പേയവും
ധാരാളം നല്ക; മോദിച്ചു ചെയ്ക പാനം ഭവാനുമേ.
അമ്മട്ടീ,യൊരു സംസാരം പടർന്നെമ്പാടുമെത്തവേ,
‘അരക്കർക്കിരയായ് രാമൻ സസുഹൃത്തെ’ന്നു കേൾക്കവേ, ൩൦
ചെന്നാശ്വസിപ്പിച്ചേകാന്തേ സാന്ത്വനംചെയ്ക സീതയെ;
പ്രലോഭിപ്പിയ്ക്കയുംചെയ്ക കാമരത്നധനാദിയാൽ.
ശോകത്തെ വീണ്ടും വാഴ്പിയ്ക്കുമിക്കള്ളപ്പണിയാൽ പ്രഭോ,
അനാഥയായി നിമ്പാട്ടിൽ വരും, നിഷ്കാമ ജാനകി; ൩൨

Digitized By Kerala Sahitya Akademi

രഞ്ജിയ്ക്കുത്തക്ക ഭർത്താവിൻ വിനാശം വിശ്വസിച്ചവൾ
നിൻപാട്ടിലാകും, നൈരാശ്യാൽ, സ്ത്രീചാപല്യത്തിനാലുമേ;
മുൻസുഖിച്ചവളന്നോളമാർത്തുഃഖാർത്തിത സുഖാർഹയാൾ
ഭവാങ്കലെസ്സുഖം കണ്ടു സർവഥാ പാട്ടിലായ്വരും! ൩൪

ഇതാണു, ഞാൻ നോക്കിയുറച്ചുവെച്ച-
തു;-ാ രാമനെക്കാണുകിലേ വിപത്താം;
വരും മഹത്താം സുഖമിങ്ങുതന്നൊ—
യുൽക്കണ്ഠ വേണ്ടാ—തവ പോരിടാതേ!
മഹീശ, സൈന്യം മുടിയാതെ, സംശയ-
ത്തിലും പെടാതേ, പൊരുതാതെ,രാതിയെ
ജയിയ്ക്കിൽ, വന്നുണ്ണ്യയശസ്സു ലക്ഷ്മിയും,
വലുപ്പവും ഭൂപ, ഭവാന്നു കൈവരും ചിരം.” ൩൫

— : ※ : —

അറുപത്തഞ്ചാം സർഗ്ഗം: കുംഭകർണ്ണനിർഗ്ഗമം.

—o—

ഇതു കേട്ടക്കുംഭകർണ്ണൻ മഹോദരവിഗർഹയാ
അരക്കർകോനാം ഭ്രാതാവു രാവണൻതന്നോടോതിനാൻ:-
“ഞാനങ്ങയ്ക്കുദ്ഗ്രരാത്മാവാം രാമനെക്കൊന്നു സാംപ്രതം
കൊടുംഭയം തീർത്തുതരാം; സുഖം കൊൾകപശത്രുവായ്; ൧

ഗർജ്ജിതം യുധി കർമ്മത്താൽസ്സാധിപ്പിപ്പതു കാൺക നീ!
തങ്ങളെത്തങ്ങൾതാൻ വാഴ്ത്തുകെന്നുള്ളതിനൊരുങ്ങിടാ;
ഒന്നും മിണ്ടാതെ ചെയ്യുന്നു ശൂരന്മാർ ദുഷ്കരത്തൊഴിൽ.
ചുണയും ബുദ്ധിയും കെട്ട നിന്മട്ടാം പ്രാജ്ഞമാനികൾ
ചൊൽവതേ കേൾക്കുമരചന്നവം പറവും മഹോദര!
നിങ്ങൾ പോരിന്നു കൊള്ളാത്തോരെ, പ്പോഴും സേവചൊല്ലു[വോർ,
രാജാവെപ്പിഴ്പ്പുടന്നേവം കെടുത്തു കാര്യമൊക്കെയും: ൨

Digitized By Kerala Sahitya Akademi

രാജാവശേഷയായ് ലങ്ക; മുടിഞ്ഞു മുതൽ, സൈന്യവും;
കാട്ടീലിബ്ഭൂപനിൽ സ്നേഹം, നടത്തീ ശത്രുകാര്യമേ!
ഇതാ, പോകുന്ന മാററാരെജ്ജയിപ്പാനായ്പ്പടയ്ക്കു ഞാൻ;
ഭവാന്മാർതന്നപനയം പോർകൊണ്ടിന്നു നികത്തുവൻ!" ൮
ഈ വിധം, ബുദ്ധിമാനായ കുംഭകർണ്ണനുരച്ചതിൽ
മറുവാക്കരുളിച്ചെയ്താൻ ചിരിച്ചുംകൊണ്ടരക്കർകോൻ:-
"കില്ലില്ല, രാമനെപ്പേടിച്ചിരിപ്പോനീ മഹോദരൻ:
കുഞ്ഞേ, രുചിപ്പതില്ലല്ലോ യുദ്ധം, യുദ്ധവിശാരദ! ൧൦
നിന്മട്ടെനിയ്ക്കൊരാളില്ലാ സ്നേഹത്താൽ,ക്കെല്പിനാലുമേ;
പോക, ശത്രുഹതിയ്ക്കും നീ കുംഭകർണ്ണ, ജയത്തിനും.
ഭയപ്പാടിതു നീക്കാനാണു,ണർത്തിയതു നിന്നെ ഞാൻ:
ഇതാണവസരം, ക്രൂരുള്ള രക്കന്മാർക്കരിന്ദമ! ൧൨
പോക ശൂലവുമായ്,പ്പാശപാണിയാം മൃത്യു പോലവേ;
തിന്നു കീശരെയും, സൂര്യശ്രീരാജസുതർതമ്മെയും!
ഭവാൻെറ രൂപം കണ്ടാൽത്താൻ മണ്ടിക്കൊള്ളും കുരങ്ങുകൾ;
ആ രാമലക്ഷ്മണന്മാർക്കും നെഞ്ചു പൊട്ടിപ്പിളൎന്നുപോം!" ൧൪
കുറഞ്ഞേറും കുംഭകർണ്ണനോടിത്തോതി മഹാദ്യുതി,
വീണ്ടും പിറന്നു താനെന്നു നണ്ണിനാനാശരഷഭൻ!
കുംഭകർണ്ണബലാഭിജ്ഞൻ, തദ്വിക്രമമറിഞ്ഞവൻ,
രാജാവു മോദമുൾക്കൊണ്ടു, തെളിഞ്ഞ ശശി പോലെയായ്! ൧൬
അച്ചൊല്ലാലിമ്പമുൾക്കൊണ്ടു പുറപ്പെട്ടാൻ മഹാബലൻ;
രാജാവിൻ വാക്കു കേട്ടിട്ടു കുംഭകർണ്ണൻ സമുദ്യതൻ
ഊക്കാലരികളെത്തീർക്കും തീക്ഷ്ണമാം ശൂലമേന്തിനാൻ.
മുഴുവൻ കാരിരിമ്പായ്,ച്ചെമ്പൊന്നണിഞ്ഞുജ്ജ്വലിപ്പതായ്, ൧൮
ഇന്ദ്രാശനിയ്ക്കു സമമായ്, വജ്രം പോലെ കനത്തതായ്,
ദേവദാനവഗന്ധർവ്വയക്ഷകിന്നരമാഥിയായ്,
സംരക്തമാല്യാവൃതമായ്, സ്വയമേ തീ പറപ്പതായ്,
വൈരിച്ചോര പുരണ്ടുള്ള പെരുംശൂലമെടുത്തുടൻ ൨൦

Digitized By Kerala Sahitya Akademi

കുംഭകർണ്ണൻ മഹാതേജസ്സാ രാവണനൊടോതിനാൻ:-
'താനേ ഗമിച്ചുകൊള്ളാം ഞാനി;-ങ്ങ നിന്നോട്ടെ വമ്പട:
തിന്നുതീപ്പൻ പൊടിച്ചിന്നക്കീശരെ,പ്പശി പൂണ്ട ഞാൻ!'
കുംഭകർണ്ണൻെറ ചൊൽ കേട്ടു രാവണൻതാനുമോതിനാൻ:- ൧൧
'ശൂലംമുൾത്തടി കൈക്കൊണ്ട പടയൊത്തു ഗമിക്ക നീ:
ഊക്കേറപ്പും പെരുമയുമുള്ളോരല്ലോ കുരങ്ങുകൾ;
തനിച്ചോ കരുതാതേയോ നിന്നാൽ,ക്കൊല്ലും കടിച്ചുതാൻ!
അതിനാലതിദുർദ്ധർഷസേനയോടൊത്തു പോക നീ; ൧൨
മുടിക്ക, രാക്ഷസദ്വേഷിശത്രുപക്ഷത്തെയൊക്കയും.'
എന്നാസനാലെഴുന്നേററു, മണി കോർത്തോരു മാലയെ
ഇടുവിച്ചാൻ, സ്വതേജസ്വി രാവണൻ കുംഭകർണ്ണനിൽ;
മോതിരം തോൾവളകളുമുത്തമാഭരണങ്ങളും ൧൩
ഇടുവിച്ചാൻ മഹാത്മാവെ,ത്തിങ്കൾനേർമുത്തുമാലയും;
രാവണൻ ദിവ്യസുരഭിമാല്യദാമങ്ങളും തദാ
അണിയിച്ചാൻ തദംഗത്തിൽ,ക്കർണ്ണത്തിൽക്കുണ്ഡലങ്ങളും.
കാഞ്ചനാംഗദകേയൂരപതകേക്കോപ്പണിഞ്ഞവൻ ൧൪
കുംഭകർണ്ണൻ, ബൃഹൽകർണ്ണൻ സുഹുതാഗ്നിസമാഭനായ്.
കുത്തു വമ്പിച്ചൊരരപ്പട്ടയാലേ വിളങ്ങിനാൻ,
പാലാഴി കടയാൻ പാമ്പാൽ വരിഞ്ഞ മല പോലവേ.

അഭേദ്യ,മാഘാതസഹം, സ്വഭാസ്സാൽ-
സ്സമുജ്ജ്വലിപ്പൊന്നു, തടിൽപ്രകാശം
പൊൻചട്ടയൊന്നിട്ടു വിളങ്ങിയായാൾ,
സന്ധ്യാംബുദം ചേർന്ന മഹാദ്രി പോലെ. ൧൫

മെയ്യെങ്ങും കോപ്പണിഞ്ഞിട്ടാശ്ശൂലം കൈക്കൊണ്ട രാക്ഷസൻ,
മുച്ചോടളക്കാൻ മുതിരും വിഷ്ണു പോലെ വിളങ്ങിനാൻ.
ഭ്രാതാവിനെപ്പുണർന്നിട്ടു വലവുംവെച്ചു,നന്തരം
അവനെത്താനുവന്ദിച്ചു പുറപ്പെട്ടു മഹാബലൻ. ൧൬

Digitized By Kerala Sahitya Akademi

അയച്ചാനവനെ,ശ്ശോഭനാശിസ്സരുളി രാവണൻ.
ഭേരീശംഖൊലിയോടഗ്ര്യായുധമേന്തിയ സേനയും,
ആനയശ്വങ്ങൾ, കാറൊച്ച പൂണ്ട തേർകളുമൊത്തുടൻ
പിന്തുടർന്നൂ രഥികളാ, വമ്പനാം രഥിവര്യനെ; ൩൪
ഖരോഷ്ട്രാശ്വഗജവ്യാളസിംഹപക്ഷിമൃഗാസ്ഥരായ്
പിന്തുടർന്നൂ കരുത്തേറും ഘോരനാം കുംഭകർണ്ണനെ.

ധൃതാതപത്രൻ, ശിതശൂലഹസ്ത-
നവൻ നറുംപൂമഴയേററുകൊണ്ടേ
വിനിർഗ്ഗമിച്ചാൻ സുരദൈത്യശത്രു,
മദോൽകടൻ ശോണിതഗന്ധമത്തൻ. ൩൬

കാലാളുകൾ ഭീമാശരരും വളരെപ്പേർ സശസ്ത്രരായ്
പിന്തുടർന്നൂ കൊട്ടുംകണ്ണർ മഹാനാദർ മഹാബലർ:
തുട്ടുംകണ്ണർ, പെരും ക്രൂരർ, നീലാഞ്ജനചയോപമർ,
ശൂലങ്ങൾ, വാൾ-ഗദകളും, മൂർച്ചയുള്ള മഴക്കളും, ൩൭
ദുർദ്ധർഷമാം കവിണയും, പരിഘം, ഭിന്ദിപാലവും,
ഉലയ്ക്ക, വമ്പിച്ച കരിമ്പനത്തടിയുമേന്തിയോർ.
ഭീമം രോമാഞ്ചമുണ്ടാക്കും മറെറാരാകൃതി പൂണ്ടുതാൻ
പുറപ്പെട്ടു സുതേജസ്വി കുംഭകർണ്ണൻ, മഹാബലൻ: ൪൦
നൂറുവിൽപ്പാട്ട വണ്ണം പൂണ്ട,റുനൂർ പൊക്കമൊന്നവൻ,
രൌദ്രൻ വണ്ടിയുരുൾക്കണ്ണനൊ,രു മാമല പോലവേ.
ക്രൂരൻ, നിശാടരെയണിനിർത്തിദ്ദഗ്ദ്ധാചലോപമൻ,
കുംഭകർണ്ണൻ പെരുംവായൻ ചിരിച്ചുംകൊണ്ടിതോതിനാൻ:- ൪൧
'ഇന്നാ പ്ലവംഗോത്തമർതൻ വകപ്പോരോന്നിനേയുമേ
ചൊടിച്ചു ചുട്ടെരിപ്പൻ ഞാൻ, തീ പാററകളെയാംവിധം!
ചെയ്തിട്ടില്ലൊരു തെററും മേ, കാട്ടതെണ്ടികൾ വാനരർ;
എന്നാൽ, നമുക്കപ്പരിഷ, പുരോദ്യാനവിഭൂഷണം! ൪൪
പുരം വളഞ്ഞതിൻമൂലം, ലക്ഷ്മണൻ ചേർന്ന രാമനാം;
അവൻ ചത്താൽച്ചത്തിതെല്ലാ;-മവനെക്കൊല്ലുവൻ രണേ!'

Digitized By Kerala Sahitya Akademi

അക്കുംഭകണ്ണനീവണ്ണം ചൊല്ലുംപൊഴുതു രാക്ഷസർ,
കടലൊന്നലയുംമാറു കൊട്ടുതാമൊലി കൂട്ടിനാർ. ൪൩

അക്കുംഭകണ്ണൻ മതിമാൻ ചിക്കെന്നു നടകൊൾകവേ,
അതിഘോരനിമിത്തങ്ങളുളവായ്വന്നു നിളവേ:
കൊള്ളിമീനിടിവാൾ ഘോരം മേഘം കഴുതവണ്ണമായ്;
കടൽ,കാടുകളോടൊപ്പം കലുങ്ങിപ്പോയി മേദിനി; ൪൪
ഓരിയിട്ടു കുറുക്കന്മാർ ഘോരർ തീക്കട്ടവായ്കളാൽ;
വട്ടംതിരിഞ്ഞിടംചുററിപ്പറന്നിതു പതത്രികൾ;
പറന്നുവീണു ശൂലത്തിൽക്കഴുകൻ ഗമനാന്തരേ;
വിറച്ചുപോയ് നേത്രമവന്നിടംകയ്യും ചപിയ്ക്കയായ്; ൪൫
കൊടുംചീററമൊടേ കത്തിക്കൊണ്ടു വീണിതു കൊള്ളിമീൻ;
സൂര്യൻ നിറംകെട്ടവനായ്;-ച്ചീത്തക്കാററുമടിയ്ക്കയായ്!
കോൾമയിർക്കൊള്ളുമാറുണ്ടായ്വന്നാ ദുശ്ശകുനങ്ങളെ
കൂസാതെ പോന്നാനക്കുംഭകണ്ണൻ, കാലബലേരിതൻ. ൪൬
കാൽനടയ്ക്കു, മതിൽ കടന്നിട്ടപ്പർവ്വതസന്നിഭൻ
കണ്ടു, കാറിൻനിരയ്ക്കൊക്കമാശ്ചര്യകപിസേനയെ
തത്ര ശൈലാഭനാം രക്ഷഃശ്രേഷ്ഠനെക്കണ്ടു വാനരർ,
കാററാൽപ്പറന്ന കാർകൾക്കൊത്തല്ലാടത്തെയ്ക്കുമോടിനാർ. ൪൭

പ്രചണ്ഡമാമക്കപിസൈന്യമെങ്ങു,-
മുടഞ്ഞ കാർ പോലെ കുതിപ്പതായി
കണ്ടിമ്പമാണ്ടൊന്നലറി മുകില്ക്കൊ-
ത്താക്കുംഭകണ്ണൻ, മുകിൽ പോലെ വീണ്ടും.
വാനത്തു കാറിൻെറയിരച്ചൽ പോല,-
ങ്ങവൻെറ വല്ലാത്തൊരലച്ച് കേൾക്കെ,
പെരുത്തുപേർ വാനരർ, വേർ മുറിച്ച
സാലങ്ങൾ പോല്യൂഴിയിൽ വീണുപോയി! ൪൮
പൃഥുപരിഘവുമൊന്നെടുത്തു ക്രൂരൻ,
രിപുനിധനത്തിനു ചെന്ന കുംഭകണ്ണൻ

Digitized By Kerala Sahitya Akademi

അതികഷ്ടഭയമേകിനാൻ പ്ലവംഗ-
ക്കുരുഭടന്മാൎക്കു യുഗാന്തമൃത്യു പോലെ!

—*—

## അറുപത്താറാം സൎഗ്ഗം: കുംഭകൎണ്ണയുദ്ധാരംഭം.

—*—

ക്രൂരനാൻ പൎവ്വതശൃംഗാഭൻ, മതിൽ പിന്നിട്ടു വിശ്രുതം
പുരത്തിൽനിന്നു പോന്നാനക്കുംഭകൎണ്ണൻ, മഹാബലൻ.
അവൻ കടൽ മുഴക്കിക്കൊണ്ടലറി ചീൎത്തൊരൊച്ചയിൽ,
ഇടിവെട്ടിയ്ക്കുവോൻ പോലെ, കുന്നൊരിപ്പോൻ കണക്കിനേ! ൧
യമേന്ദ്രവരുണന്മാൎക്കുമവധ്യൻ, ഭീമലോചനൻ,
അവൻ ചെൽവതു കണ്ടിട്ടു പാഞ്ഞുപോയീ വനാലയർ.
അവർതൻ പാച്ചിൽ കണ്ടിട്ടു ചൊന്നാൻ ബാലിജനംഗദൻ,
കെല്പേറും നീലകുമുദഗവാക്ഷനളർതമ്മൊടായ്:- ൨
"തങ്ങൾതൻ വീൎയ്യവും വംശപ്രൌഢിയും വിസ്മരിച്ചുടൻ
പേടിച്ചെങ്ങോട്ടു പോകുന്നു, പാഴ്കുരങ്ങുകൾ പോലവേ?
ചെമ്മേ മടങ്ങുവിൻ സൌമ്യർ: ചെയ്കയോ പ്രാണരക്ഷണം?
പോരാ പോരാടുവാൻ രക്ഷസ്സി;-തൊരുമ്പാച്ചിവേഷമാം. ൩
അരക്കരുടെയീ വന്ന പെരുമ്പാച്ചിമൂൎത്തിയെ
നമുക്കെരിയ്ക്കാം വീൎയ്യത്താൽ;-പ്പിന്തിരിപ്പിൻ പ്ലവംഗരേ!"
പണിപ്പെട്ടാശ്വസിച്ചങ്ങിങ്ങൊത്തുകൂടി പ്ലവംഗമർ
മരമേന്തിപ്പുറപ്പെട്ടു പോർക്കളത്തിങ്കലെയ്ക്കുതാൻ. ൪
മടങ്ങിച്ചുണയുൾക്കൊണ്ടക്കീശന്മാർ കുംഭകൎണ്ണനെ
തല്ലിനാര,തിശം മൂത്ത മത്തഹസ്തികൾ പോലവേ.
ഉയർകുന്നിൻമുടികളാൽ,തല പൂത്ത മരങ്ങളാൽ,
കല്ലാലുമുള്ള തല്ലേല്ക്കിലുങ്ങില മഹാബലൻ: ൫
തദീയാംഗങ്ങളിൽത്തട്ടി,ക്കല്ലുകൾ നുറായുടഞ്ഞുപോയ്;
ഒടിഞ്ഞവനിമേൽ വീണു, തല പൂത്ത മരങ്ങളും.
അവനും കലികൊണ്ടോ,ജസ്സേറും കപിബലങ്ങളെ
പാരം കിണഞ്ഞു മൎദ്ദിച്ചാൻ, തീ കാടുകളെയാംവിധം. ൬

Digitized By Kerala Sahitya Akademi

തള്ളപ്പെട്ടഴിമേൽ വീണു ചോര വാൎന്നു കിടക്കയായ്
ചെമ്പൂമരങ്ങളെപ്പോലേ, വളരെക്കപിപുംഗവർ.
ഓട്ടവും ചാട്ടവും കൂട്ടീ, നോട്ടം വെയ്ക്കാതെ വാനരർ:
ചിലർ ചെന്നാഴിയിൽച്ചാടീ, ചിലരാകാശമേറിനാർ, ൧൨
കൃതത്തേറിയ രക്ഷസ്സു വധിയ്ക്കും വീരരാമവർ;
അവരാഴി കടന്നോരു വഴിയിൽക്കേറി മണ്ടിനാർ;
അണഞ്ഞാർ നിലവും കുന്നും ഭയത്താൽ മുകർ മങ്ങിയോർ;
രൂക്ഷങ്ങളും വൃക്ഷവും കേറി; ചിലർ കുന്നത്തു പററിനാർ; ൧൪
ചിലർ മുങ്ങി സമുദ്രത്തിൽ;-ച്ചിലരോ ഗുഹ പൂകിനാർ;
നിലംപൊത്തീ ചിലർ;നില്ക്കൊണ്ടില ചില വാനരർ;
മന്നിൽ വീണു ചിലർ; ചിലർ ചത്തപോലേ കിടക്കയായ്!
അങ്ങത്താററ വാനരന്മാരെപ്പാൎത്തംഗദനിതോതിനാൻ:- ൧൮
"നില്പിൻ; നമുക്ക പൊരുതാം; പിന്തിരിപ്പിൻ പ്ലവംഗരേ.
തോററ നിങ്ങൾക്ക ഞാൻ കാണ്മീലി,പ്പാരിൽച്ചുററിയാലിടം;
പിന്തിരിയ്ക്കുവിനെല്ലാരും; ചെയ്യയോ പ്രാണരക്ഷണം?
നിവ്വിംല്പപൌരുഷന്മാരേ, ശസ്ത്രമിട്ടേച്ചു പായുകിൽ ൨൦
പരിഹസിയ്ക്കുമല്ലോ പെണ്ണുങ്ങള;-തോ, ചാകാതെ ചാകലാം!
നമ്മളെല്ലാം പരപ്പുള്ള വങ്കുവത്തിൽപ്പിറന്നവർ;
പേടിച്ചെങ്ങോട്ടു പോകുന്നു, പാഴ്കുരങ്ങുകൾ പോലവേ?
എളിയോർ നിങ്ങൾ: വീൎയ്യം വിട്ടോടിയല്ലോ ഭയത്തിനാൽ! ൨൨
ജനസംഘത്തിൽവെച്ചന്നു ചൊന്നാപ്പോ നിങ്ങൾ വമ്പുകൾ;
അവയെങ്ങോട്ടു പോയ്പ്പോയീ, മികച്ചവ തഴച്ചവ?
തോററു ജീവിയ്ക്കുകിൽ, പ്പേടിത്തൊണ്ടനെന്നുള്ള പേർ വരും;
നല്ലോർ നടന്ന വഴിയേ നടപ്പിൻ; പോക്കുവിൻ ഭയം! ൨൪
അല്പായുസ്സുകൾ നാം കൊല്ലപ്പെട്ടു മന്നിൽക്കിടക്കിലോ,
പൊട്ടപ്പോരാളർ ചെല്ലാത്ത സത്യലോകമണഞ്ഞിടാം;
അല്ലെന്നാല,രിയെപ്പോരിൽക്കൊന്നിട്ടു പുകൾ നേടിടാം;
ഭുജിയ്ക്കാം വീരലോകശ്രീ, കൊല്ലപ്പെട്ടാൽ പ്ലവംഗരേ! ൨൬



Digitized By Kerala Sahitya Akademi

പോകില്ലുയിരൊടേ കുംഭകർണ്ണൻ, രാമങ്കലെത്തിയാൽ,
കത്തുന്ന തീയ്യിൽച്ചെന്നിട്ടൊരിയ്യാമ്പാററ കണക്കിനെ.
ഗണിയ്ക്കപ്പെട്ട വളരെപ്പേരൊ,രാളോട്ട തോററു നാം
പാഞ്ഞുപോയ് പ്രാണസംരക്ഷ ചെയ്യുകിൽ,ക്കെട്ടുപോം
[പുകൾ!" ൨൮

എന്നാ, സ്വർണ്ണാംഗദൻ ശൂരനംഗദൻ പറയുംവിധൌ,
ശൂരഗർഹിതമാം വാക്ക ചൊല്ലിനാർ പാഞ്ഞുപോകുവോർ:-
'ഞെരിച്ചു ഞങ്ങളെ ഘോരം, കുംഭകർണ്ണനിശാചരൻ;
നില്പാൻ തവ്വല്ല; പോകന്തു: പ്രിയം,ഞങ്ങൾക്ക ജീവിതം.' ൩൦
ഇത്രമാത്രം പറഞ്ഞിട്ട പുക്കാർ ദിക്കുകളേ വരും,
ഭീമൻ ഭീമാക്ഷനെത്തന്നതീക്ഷിച്ചുകപിയൂഥപർ.
എന്നാലാപ്പാഞ്ഞുപോം വീരവാനരന്മാരെയൊക്കയും,
സാന്ത്വം, ദൃഷ്ടാന്തമിവയാൽപ്പിന്തിരിപ്പിച്ചിതംഗദൻ: ൩൨
ബുദ്ധിമാൻ ബാലിതൻപുത്രനൊരിമ്പവുമന്നയ്ക്കയാൽ,
ആജ്ഞ കാത്തു നിലക്കൊണ്ടാർ കപിയൂഥപരേവരും.
ഋഷഭശരഭമൈന്ദധൂമ്രർ, നീലൻ,
കുമുദസുഷേണഗവാക്ഷരംഭതാരർ,
ദ്വിവിദപനസർ, വായുജൻ തുടന്നോ-
രതിരഭസാലെതിരിട്ടടണക്കഞ്ഞാർ. ൩൪

—*—

## അറുപത്തേഴാം സർഗ്ഗം: കുംഭകർണ്ണവധം.

— : * : —

അംഗദൻതൻെറ ചൊൽ കേട്ടക്രൂരന്മാർ പിന്തിരിച്ചുടൻ,
അങ്ങോളമുള്ളുറപ്പിച്ചു തുനിഞ്ഞാർ പോരിനേവരും.
വീര്യത്തെ വെച്ചുഘോഷിച്ചാർ, കൈക്കൊണ്ടാർ വിക്രമത്തെയും,
ഓരോന്നരച്ചംഗദനാൽ നിത്തപ്പെട്ട വലീമുഖർ. ൨
പുറപ്പെട്ടിമ്പമുൾക്കൊണ്ടു തുമുലപ്പോർ തുടങ്ങിനാർ,
ചാവാനുറച്ചിട്ടുയിരിൽക്കൊതി കൈവിട്ട വാനരർ:

Digitized By Kerala Sahitya Akademi

മരങ്ങൾ, തുംഗശൃംഗങ്ങളിവയേന്തിപ്പൊരുന്നനെ,
ക്രൂരന്മാരാം കരങ്ങന്മാർ പാഞ്ഞേററു കുംഭകർണ്ണനെ. ൪
അക്കുംഭകർണ്ണൻ ക്രോധിച്ചു ഗദയാഞ്ഞോങ്ങി വീശ്ശുവാൻ
പ്രഹരിച്ചു പെരുംക്രൂരൻ ചുററും വിത്തി രിപുക്കളെ.
എഴെട്ടു നൂറായിരവും കീശന്മാർ കുംഭകർണ്ണനാൽ
ചതയ്ക്കപ്പെട്ടു, ഗാത്രങ്ങൾ ചിന്നി, മന്നിൽക്കിടക്കയായ്. ൬
എട്ടമീരെട്ടിരുപതും പത്തും മുപ്പതുമാൾകളെ
കയ്യാൽച്ചുററിപ്പിടിച്ചേന്തി,ത്തിന്നാകൊണ്ടെങ്ങുമോടിനാൻ,
പാരം രുഷാ പാമ്പുകളെത്തിന്നും താർക്ഷ്യൻ കണക്കിനെ.
പണിപ്പെട്ടാശപസിച്ചങ്ങിങ്ങൊത്തുകൂടി പ്ലവംഗമർ ൮
മരംമലകൾ കൈക്കൊണ്ടു നിന്നാർ പോരിൻ തലയ്ക്കലായ്.
  മലയൊന്നു പറിച്ചേന്തി ദ്വിവിദൻ പ്ലവഗർഷഭൻ
ഗിരിശൃംഗാഭനോടേററു, ചാഞ്ഞ മേഘം കണക്കിനെ.
അതു, ചെന്നാഞ്ഞെറിഞ്ഞാനക്കുംഭകർണ്ണങ്കൽ വാനരൻ; ൧൦
അതക്കൂററങ്കലെത്താതെ തൽസ്സൈന്യത്തിൽപ്പതിച്ചുപോയ്.
അശ്വം, ഗജം, തേരിവയെച്ചതച്ചു പെരുതാം മല;
ആ മററു രാക്ഷസരെയും വീണ്ടും മറെറാരഗരതല.
അക്കുന്നാഞ്ഞേല്പയാലശ്വം ചത്തതായ്,സ്സൂതർ ചത്തതായ്, ൧൨
രക്ഷോനിണത്താൽ നനയപ്പെട്ടതായ് പെരുതാം രണം.
ക്ഷിപ്രം തേരാളിമാർ കാലരുദ്രന്നൊത്ത ശരങ്ങളാൽ
ആക്കം കപീന്ദ്രത്തലകൾ കൊയ്തുാർ ഘോരാട്ടഹാസരായ്.
വമ്പരാം വാനരന്മാരും വന്മരങ്ങൾ പറിച്ചുടൻ ൧൪
അരക്കരെ,ഗ്ഗജാശ്വോഷ്ട്രത്തേർകളേയും പൊളിക്കിനാർ.!
ഹനുമാൻ ഗിരിശൃംഗങ്ങൾ, കല്ലുകൾ നാനാമരങ്ങളും
വാനത്തു നിന്നു വർഷിച്ചു കുംഭകർണ്ണന്റെ മൌലിയിൽ.
അശ്ശൈലശൃംഗങ്ങളവൻ ശൂലംകൊണ്ടു പിളർത്തിനാൻ;
ഉടച്ചാൻ വൃക്ഷമഴയും കുംഭകർണ്ണൻ മഹാബലൻ.
    പിന്നെ,ക്കൊടുംവാനരസേനയോടു
    പാഞ്ഞേററുകൊണ്ടാൻ ശിതശൂലമേന്തി;

Digitized By Kerala Sahitya Akademi

തദാ ഹനുമാൻ ഗിരിശൃംഗമേന്തി
നിന്നാനെതിർത്തുമവൻെറ മുമ്പിൽ.
ഗിരീന്ദ്രഭീമാകൃതി കുംഭകർണ്ണൻ-
തന്നൊപ്പോടിക്കൊണ്ടവനാഞ്ഞടിച്ചാൻ;
അതേല്ക്കയാലൊന്നു വിറച്ചിതായാൾ;
മേദസ്സു വാൎന്നും രുധിരത്തിലാണ്ടും. ൧൯
മുടിയുക്കതി പററിയ കുന്നിനൊത്ത
ശൂലം തടിൽകാന്തി ചുഴററിയായാൾ,
ക്രൌഞ്ചാചലത്തെഗ്ഗുഹനഗ്രവേലാൽ-
പ്പോലൊന്നു കുത്തി ഹനുമാനെ നെഞ്ചിൽ.
വിരിഞ്ഞ മാൎത്തട്ടതു ശൂലമേല്ക്കയാൽ-
പ്പിളൎന്നു മൂർച്ഛിച്ചു നിണം വമിച്ചവൻ
സുഘോരമാർത്തു ഹനുമാൻ മഹാരണേ,
യുഗക്ഷയക്കാറിടിയൊത്തൊരൊച്ചയിൽ. ൨൦
പെട്ടെന്നാവനേശിയ നൊമ്പൽ കണ്ടി-
ട്ടിമ്പം പിടിച്ചാൎത്തിതു രാക്ഷസന്മാർ;
പ്ലവംഗരോ, പാഞ്ഞിതു കുംഭകർണ്ണ-
ഭയാൎത്തരായും, യുധി നൊമ്പലാൎന്നും.

പില്പാട്ട നീലൻ, സൈന്യത്തെ നിൎത്തിക്കൊണ്ട മഹാബലൻ,
ധീമാനാം കുംഭകർണ്ണനുമേലൊരദ്രിത്തല ചാട്ടിനാൻ. ൨൧
അതു നേക്കെത്തുവതു കണ്ടിടിച്ചാൻ മുഷ്ടിയാലവൻ;
മുഷ്ടികൊണ്ടിടിയേററിട്ടക്കുന്നിൻമുടി തകൎന്നുപോയ്;
ജ്വാലയും തീപ്പൊരികളും പാറിപ്പാൎത്തട്ടിൽ വീണുപോയ്!
ഋഷഭൻ, ശരഭൻ, നീലൻ, ഗവാക്ഷൻ, ഗന്ധമാദനൻ
ഐവർ വാനരശാൎദ്ദൂലർ പാഞ്ഞെററു കുംഭകർണ്ണനെ.
മരംമലകരംമുഷ്ടികാല്കൾകൊണ്ടാ മഹാബലർ
താഡിച്ചാർ പോരിലെമ്പാടും, ക്രൂരനാം കുംഭകർണ്ണനെ.
അത്തല്ലുകൾ തലോടുംപോലോൎത്താൻ; നോവാൎന്നതില്ലവൻ;വന്നു

ഉരക്കെ ക്രുദ്ധനൃഷഭനെയിരുകൈക്കൂട്ടിലാക്കിനാൻ.
കുംഭകർണ്ണൻ ഭുജകളാൽ വെച്ചമർത്തിയ ഭീഷണൻ,
വായിൽനിന്നു നിണം വാർന്നു വീണുപോയ് വാനരർഷഭൻ.
മുഷ്ട്യാ ശരഭനെക്കുത്തീ, മുട്ടാൽ നീലനെയും രണേ; ൨൮
ഗവാക്ഷനെസ്സുരേന്ദ്രാരി കൈത്തലംകൊണ്ടു തല്ലിനാൻ;
ഗന്ധമാദനനെക്കാലാൽച്ചൊടിച്ചുക്കിൽച്ചവുട്ടിനാൻ.
അത്താഡനത്താൽ നോവാർന്നു ചോര വാർന്നു വിസംജ്ഞരായ്
മന്നിൽ വീണു, മുറിച്ചിട്ട മുരിക്കുകൾ കണക്കവർ. ൩൦

അ വമ്പരാം കപിശ്രേഷ്ഠർ വീഴിയ്ക്കപ്പെട്ടനേരമേ
അനേകമായിരം കീശർ പാഞ്ഞെതിരു കുംഭകർണ്ണനെ.
അശ്ശൈലതുല്യനെശ്ശൈലപ്രായരാം പ്ലവഗർഷഭർ
ചേർന്നൊത്തു ചാടി മേൽക്കേറിക്കടിച്ചാർ ബലവത്തരർ. ൩൨
നഖങ്ങളാൽപ്പല്ലുകളാൽ മുഷ്ടിമുട്ടുകളാലുമേ
ക്രൂരനാം കുംഭകർണ്ണനു പരിക്കേകി കപീശ്വരർ.
ആയനേകായിരം കീശർ മേൽക്കേറിയ നഗോപമൻ,
മല വൃക്ഷങ്ങളാൽപ്പോലേ വിലസീ രാക്ഷസർഷഭൻ. ൩൪
കീശരെല്ലാരെയും കൈകൾകൊണ്ടെടുത്താ മഹാബലൻ
തിന്നുകൊണ്ടാൻ, ഫണികളെഗ്ഗരുഡൻ പോലെ, രുഷ്ടനായ്.
അക്കുംഭകർണ്ണൻ പാതാളവായിലിട്ട വലീമുഖർ
പുറത്തുപോന്നാർ, ചെവിയിലൂടെയും മൂക്കിലൂടെയും! ൩൬
കലികൊണ്ടക്കപികളെത്തിന്നുംകൊണ്ടചലോപമൻ,
കീശരേവരെയും ക്രോധാലൊടിച്ചാൻ രാക്ഷസോത്തമൻ.
മാംസരക്തങ്ങളാലൂഴി കുതിർത്തുംകൊണ്ടു രാക്ഷസൻ
കപിപ്പടകളിൽച്ചുറ്റി, വളർകാലാഗ്നി പോലവേ. ൩൮
വജ്രവാനണ്ടർകോൻ പോലേ, പാശവാൻ മൃത്യു പോലവേ
വിലസീ, ശൂലവാൻ പോരിൽക്കുംഭകർണ്ണൻ മഹാബലൻ.
വേനലിൽത്തിയ്യുണക്കക്കാടെപ്പണ്ണം ചുട്ടെരിയ്ക്കുമോ,
അപ്പണ്ണം കുംഭകർണ്ണൻ ചുട്ടെരിച്ചു കപിസേനയെ! ൪൦
വധിയ്ക്കപ്പെട്ടമാക്കൂട്ടം കൊലപ്പെട്ട വലീമുഖർ
പേടിച്ചിരണ്ടു വികൃതസ്വരമാർത്താരനാഥരായ്,

Digitized By Kerala Sahitya Akademi

കുംഭകൎണ്ണൻ പലരെയായ്ക്കൊല്ലുംപൊഴുതു വാനരർ
രാമനെശ്ശരണംപുക്കാർ, നോവാനുള്ളം തകൎന്നവർ. ൪൨
പ്ലവംഗർതന്നുടവു കണ്ടിന്ദ്രനന്ദനനന്ദനൻ
പാഞ്ഞണഞ്ഞാൻ പെരുംപോരിലൂക്കോടേ കുംഭകൎണ്ണനെ:
വങ്കുന്നിന്മുടിയൊന്നേന്തി,പ്പേൎത്തുപേൎത്താൎപ്പുകൂട്ടിയും,
നടുക്കം കുംഭകൎണ്ണാനുഗാശരൎക്കൊക്കെ നല്കിയും, ൪൪
അക്കുംഭകൎണ്ണന്റെ തലയ്ക്കേറിഞ്ഞാനദ്രിതൻ മുടി.
തലയ്ക്കശ്ശൈലശൃംഗത്തിൻതല്ലു വല്ലാതെ കൊൾകയാൽ
കത്തിജ്ജ്വലിച്ചുകൊണ്ടാനക്കുംഭകൎണ്ണനതിക്രുധാ.
പാഞ്ഞേററാന്തുക്കിലക്കുംഭകൎണ്ണൻ ബാലിജനെ ക്രുധാ, ൪൬
പ്ലവംഗരാകെ ഞെട്ടിപ്പോംമാറു വായ്പേറുമാൎപ്പുമായ്;
ചൊടിച്ചു ചാട്ടിനാൻ ശൂലമംഗദങ്കൽ മഹാബലൻ.
അതു നേൎക്കെത്തുവതു കണ്ടു,ടർ നന്നായ്പ്പയററിയോൻ
പോക്കിനാൻ മെയ്വഴക്കത്താൽ, കരുത്തൻ കപിപുംഗവൻ;
ചിക്കെന്നു ചാടി,ക്കൈകൊണ്ടു തച്ചാനവനെ നെഞ്ചിലായ്.
ചൊടിച്ചവൻ തല്ലുകയാൽ മൂൎച്ഛിച്ചാനാ നഗോപമൻ
പിന്നുണൎന്നിട്ടതിബലൻ കൈചുരുട്ടി നിശാചരൻ ൫൦
തട്ടിയിട്ടാൻ പുറംകയ്യാല;-വൻ മോഹിച്ചു വീണുപോയ്!
മോഹിച്ചക്കപിശാൎദ്ദൂലൻ മന്നിൽ വീണദശാന്തരേ,
അശ്ശൂലമോങ്ങിസ്സുഗ്രീവനുടെ നേൎക്കോടിയെത്തിനാൻ.
കുംഭകൎണ്ണൻ ബലോദഗ്രൻ നേരിടുന്നതു കാൺകയാൽ,
വീരൻ ചാടിയെഴുന്നേററാൻ സുഗ്രീവൻ വാനരാധിപൻ; ൫൨
ശൈലാഗ്രമൊന്നെടുത്താഞ്ഞുവീശിയക്കപിസത്തമൻ
പാഞ്ഞേററാന്തുക്കൊടു മഹാബലനാം കുംഭകൎണ്ണനെ.
പാഞ്ഞേല്ക്കുമാ പ്ലവഗനെക്കാൺകയാൽക്കുംഭകൎണ്ണനും
നിന്നാൻ സൎവാംഗവും കാട്ടി, വാനരേന്ദ്രന്നു നേരെയായ്. ൫൪
മെയ്യിൽക്കപിനിണം വാൎന്നും കീശരെത്തിന്നുകൊണ്ടുമായ്
കുംഭകൎണ്ണന്റെയാ നില്പു കണ്ടു സുഗ്രീവനോതിനാൻ:-

Digitized By Kerala Sahitya Akademi

'വീർത്തി വീരരെ; നീ ചെയ്തു പാരം ദുഷ്കരമാം തൊഴിൽ!
തിന്നു പടയെയും; കിട്ടീ നിനക്കു പെരുതാം പുകഴ്! ൬൮
വിട്ടേയ്ക്കു കപിസൈന്യത്തെ: ക്ഷുദ്രരാലെന്തു ചെയ്യ്തീടും?
താങ്ങുകെൻപർവ്വതംകൊണ്ടുള്ളൊറേറയറിതു രാക്ഷസ!'
കരുത്തും ധൈര്യവും ചേരുമക്കപീശ്വരഭാഷിതം
കേട്ടു, രാക്ഷസശാർദ്ദൂലൻ കുംഭകർണ്ണനമോതിനാൻ: ൬൯
'ഭവാൻ പ്രജാപതിയുടെ പൌത്രനു,ക്ഷരജസ്സുതൻ,
പുകഴ്ന്ന പൌരുഷക്കാരനെ,ന്നേ ഗർജ്ജിപ്പു വാനര!'

അക്കുംഭകർണ്ണൻെറ വചസ്സു കേട്ടു
ചുഴററി വിട്ടാനവനാശു ശൈലം;
വജ്രാശനിയ്യൊത്തിടുമാ നഗത്താ-
ലക്കുംഭകർണ്ണൻെറയുരസ്സിൽ വീക്കീ. ൭൦
അശ്ശൈലശൃംഗം സഹസാ തകന്നു-
പോയ്പോയ,വൻതൻ വിരിമാറിടത്തിൽ;
ചിക്കെന്നതിൽ ഖേദിതരായ് പ്ലവംഗ-
ര;-രക്കരോ, തുഷ്ടിയൊടാർത്തുകൂക്കീ.
അവൻ ചൊടിച്ചാൻ ഗിരിശൃംഗഘാതാൽ;-
ച്ചൊടിയ്ക്കയാൽ വായ പിളർത്തിയാർത്താൻ;
ശൂലം തടിൽകാന്തി ചുഴററിവിട്ടാ-
നൃക്ഷപ്ലവംഗേശനെ നിഗ്രഹിപ്പാൻ. ൭൧
നിശാചരേശാനുജനാഞ്ഞുവിട്ട
പൊന്മാല ചാർത്തീടിന കൂർത്ത ശൂലം
ചാടിപ്പിടിച്ചാശു കരങ്ങൾകൊണ്ടൊ-
ട്ടുക്കാലൊടിച്ചാൻ പവമാനപുത്രൻ:

കാരിരിമ്പായിരംഭാരംകൊണ്ടു നിർമ്മിച്ച ശൂലമേ
മുട്ടിന്മേൽ വെച്ചൊടിച്ചിട്ടാൻ ഹൃഷ്ടനായ് പ്ലവഗർഷഭൻ! ൭൨
ഹനുമാൻ ശൂലമതൊടിച്ചതു കണ്ടു കപിപ്പട
ഹർഷിച്ചാർത്തു പലവുരു, പാഞ്ഞെത്തീ നീളെനിന്നുമേ.

Digitized By Kerala Sahitya Akademi

സിംഹനാദങ്ങളും കൂട്ടിയിമ്പമോടാ വനാലയർ;
ശൂലമമ്മട്ടിലായ്ക്കണ്ടു കൊണ്ടാടി വായുപുത്രനെ. ൩൩

ചൊടിച്ചിത,ശ്ശൂലമൊടിച്ചതങ്ങു
കണ്ടിട്ടു, വമ്പേറിയ കുംഭകർണ്ണൻ;
ലങ്കാചലത്തിൻ മുടിയൊന്നടർത്തി,-
സ്സുഗ്രീവനെച്ചെന്ന,തുകൊണ്ടടിച്ചു.
അശ്ശൈലശൃംഗാഹതികൊണ്ടു പോരിൽ
മോഹിച്ചു വീണാൻ ഭുവി വാനരേന്ദ്രൻ;
മോഹിച്ചവൻ ഭൂമിയിൽ വീണതീക്ഷി-
ച്ചൊ,രിമ്പമോടാർത്തിതു യാതുധാനർ. ൩൪
രണത്തിലുഗ്രാത്ഭുതവീര്യനാമ-
ക്കപീന്ദ്രസുഗ്രീവനെയാശരേന്ദ്രൻ
അണഞ്ഞെടുത്തുക്കൊടു കൊണ്ടുപോയാൻ,
ഘനത്തെയുച്ചണ്ഡമരുത്തു പോലേ.
രണത്തിലാ വന്മുകിൽമൂർത്തിമാനെ-
യേന്തിഗ്ഗമിച്ചീടിന കുംഭകർണ്ണൻ
വിളങ്ങിനാന,ന്നതഘോരശൃംഗ-
സുമേരുവെപ്പോലെ, സുരമരുരൂപൻ. ൩൫
കൊണ്ടങ്ങുപോയാനവനെ പ്രവീരൻ,
രക്ഷോവരന്മാർ യുധി വാഴ്ത്തുമാറും,
കപീന്ദ്രനെച്ചെന്നു പിടിച്ചമൂലം
പകച്ചു വിണ്ണോരുടെയാർപ്പു കേട്ടും.
ഇന്ദ്രാഭനാമാ പ്ലവഗേന്ദ്രനെക്കൈ-
ക്കൊണ്ടി,ന്ദ്രതേജസ്സവനിന്ദ്രവൈരി,
'സരാഘവം സൈന്യമിതൊക്കെയിദ്ദ്യാൾ
പോന്നാൽക്കഴിഞ്ഞു യുദ്ധ'മെന്നുറച്ചാൻ! ൩൬
പ്ലവംഗസൈന്യമവിടെയവിടെപ്പാഞ്ഞുപോയതും,
സുഗ്രീവനാം വാനരനെക്കുംഭകർണ്ണൻ പിടിച്ചതും

Digitized By Kerala Sahitya Akademi

കണ്ടു ചിന്തിച്ചു ഹനുമാൻ, മതിമാൻ, മാരുതാത്മജൻ:-
'സുഗ്രീവനേവം പിടിയിൽപ്പെട്ടതിനൊന്തു ചെയ്യണം? ൯൭
എന്തു ഞാൻ ചെയ്കിലുചിതം, ചെയ്യാൻ ഞാനതു സർവഥാ:
മല പോലായ്ച്ചമഞ്ഞിട്ടു മുടിയ്ക്കുവനരക്കനെ!
ഇടിച്ചുടച്ചുജ്ഝിതകുംഭകർണ്ണ-
നാപായമീ ഞാൻ യുധി ചെയ്കയാലും,
കപീന്ദ്രനെപ്പോയ് വിട്ടുവിയ്ക്കുയാലും,
പ്ലവംഗരൊട്ടുക്ക രസിച്ചിടട്ടേ! ൯൮
അഥവാ, സ്വയമേ നേടിക്കൊള്ളും വിടുതി തമ്പുരാൻ,
ദാനവാരഗരൊന്നിച്ചു വാനവന്മാർ പിടിയ്ക്കിലും!
തോന്നുന്നു മേ: സ്വബാധം വിട്ടിരിയ്ക്കും കപിമന്നവൻ,
യുദ്ധത്തിൽക്കുംഭകർണ്ണന്റെ പർവതത്തല്ലു കൊൾകയാൽ. ൯൯
ഇസ്സുഗ്രീവൻ മുഹൂർത്തത്താൽബ്ബോധം നേടി മഹാരണേ,
തനിയ്ക്കും വാനരന്മാർക്കും ഹിതമെന്തതു ചെയ്തിടും!
ഞാൻ വിടുത്തിടിലോ, പ്രൗഢാത്മവാം സുഗ്രീവനേറുപോം
വല്ലാത്തൊരപ്രീതിയു, മെന്നന്നെയ്ക്കും കീർത്തിനാശവും. ൱
അതിനാൽക്കാത്തുനില്പൻ ചെററിട ഭൂപന്റെ വിക്രമം;
ഉടഞ്ഞ കപിസൈന്യത്തെയാശ്വസിപ്പിച്ചിടട്ടെ ഞാൻ.'
എന്നിവണ്ണം വിചാരിച്ചാ ഹനുമാനനിലാത്മജൻ
വീണ്ടും ധൈര്യമുറപ്പിച്ചാൻ വമ്പിച്ച കപിസേനയെ. ൱൧
വിറയ്ക്കുമാ വാനരവര്യനെക്കൊ-
ണ്ടുടൻ്റപുക്ക ലങ്കാപുരി കുംഭകർണ്ണൻ,
വിമാനപാതപ്പുരഗോപുരാഢർ
നൽപ്പൂക്കൾ വർഷിയ്ക്കുവരതിറുകൊണ്ടേ. ൱൨
ഗന്ധനീർമലർ തൂകുന്നതേല്ക്കയാലും, മഹാബലൻ
വൻപാതതൻ തണുപ്പാലുമുണർന്നു മെല്ലെമെല്ലവേ.
അവൻ പണിപ്പെട്ടു വിബോധമാണ്ട,-
ബ്ബലോൽകടൻതന്നുടെ മാറിൽ വാഴ്വോൻ,



Digitized By Kerala Sahitya Akademi

പുരപ്പെരുംപാതയെ നോക്കി വീണ്ടും
വീണ്ടും വിചാരിച്ചു മഹാനുഭാവൻ:- ൮൬
'എനിയ്ക്കിവണ്ണം പിടിപെട്ടിരിയ്ക്കെ-
സ്സാധിയ്ക്കുമെമ്മട്ടെതിർക്രിയ ചെയ്യാൻ?
കാൎയ്യം പ്ലവംഗക്ഷമനുകൂലമായും
രുചിപ്രദമായും വരുമാറു ചെയ്യാൻ.'
മാന്തിപ്പറിച്ചാൻ കപിമൌലി കുംഭ-
കൎണ്ണന്റെ കൎണ്ണങ്ങൾ കടുംനഖത്താൽ;
ജവേന പല്ലാൽസ്സുരവൈരിതന്റെ
മൂക്കത്തു പാൎശ്വങ്ങളിലും കടിച്ചാൻ. ൮൮
മാന്തിക്കടിച്ചുക്കപിമൌലി മൂക്കും
കാതും പറിച്ചീടിന കുംഭകൎണ്ണൻ
രുഷാന്ധനായ്ച്ചോരയൊലിച്ചു മെയ്യോ-
ടെ,യാളെയങ്ങൂഴിയിലിട്ടരച്ചാൻ.
കൊട്ടുംകരുത്തോടു നിലത്തരച്ചു
നിലിമ്പമാററാരവരാഞ്ഞടിയ്ക്കു,
ജ്വാലവൻ പന്തു കണക്കെ വാനാ-
ണ്ടിണങ്ങിനാൻ രാഘവനോടു വീണ്ടും! ൯൦

മൂക്കും ചെവികളും പോയ കുംഭകൎണ്ണൻ മഹാബലൻ
ചോരയും വാൎന്നു വിലസീ, ചോലയാൽ മല പോലവേ.
നിണത്തിൽ മുങ്ങി,യക്രൂരൻ രാക്ഷസൻ ഭീമവിക്രമൻ
വീണ്ടും നേരിട്ടു പോരാടാനൊരുമ്പെട്ടു മഹാബലൻ.
ചൊടിച്ചു, ചോരയും വാൎന്നു ശോഭിച്ചു രാവണാനുജൻ,
അന്തിച്ചോപ്പാൎന്ന കാർ പോലേ നീലാഞ്ജനചയോപമൻ.

അവൻ ഗമിച്ചപ്പൊഴതി,ന്ദ്രശത്രു
ചൊടിച്ചു പാഞ്ഞാനടരിന്നു വീണ്ടും;
'ഞാനായുധം പോയവനെ'ന്നു കണ്ടു
രൌദ്രൻ കൊട്ടുംമുൾത്തടിയൊന്നെടുത്താൻ. ൯൪

Digitized By Kerala Sahitya Akademi

ചിക്കെന്നരക്കൻ, പുരി വിട്ടു പോന്നു,-
ക്കരാളകീശപ്പടയെക്കരുത്തൻ
പിടിച്ചുതിന്നാൻ യുധി കുംഭകർണ്ണൻ,
ലോകത്തെയാളും പ്രളയാഗ്നി പോലേ.
വിശപ്പിനാൽ മാംസനിണം കൊതിച്ചു,-
ക്കരാളകീശപ്പട പുക്ക പോരിൽ
രാക്ഷഃപിശാചർക്ഷകപിവ്രജത്തെ-
യുഗ്രപ്പിച്ചിനാൽത്തിന്നിതു കുംഭകർണ്ണൻ;
യമൻ യുഗാന്തത്തിലശിച്ചിടുമ്പോ-
ലവൻ ഭുജിച്ചു കപിമുഖ്യരേയും! ൯൩

ചൊടിച്ചു,രക്കരൊത്തൊ,ന്നും രണ്ടും മൂന്നും പെരുത്തുമായ്
ഒറ്റക്കയ്യാൽപ്പിടിച്ചാശു വായിലിട്ടാൻ പ്ലവംഗരെ.
വായിൽനിന്നു നിണംമേദസ്സൊലിപ്പിച്ചു മഹാബലൻ
ഗിരിശൃംഗത്തുഃല്ലാറുംകൊണ്ടു തിന്നാൻ പ്ലവംഗരെ. ൯൭
തിന്നൊടുക്കമ്പൊഴക്കീശർ ശരണംപുക്ക രാമനെ;
കുംഭകർണ്ണൻ കപികളെത്തിന്നു പാഞ്ഞാനതിക്രുധാ.
ഏഴുമെട്ടുമിരുപതും മുപ്പതും നൂറുപേർകളെ
കയ്യാൽച്ചുറ്റിപ്പിടിച്ചിട്ടു തിന്നുംകൊണ്ടങ്ങുഃമാടിനാൻ. ൧൦൦
മെയ്യാകെ മേദോവസചോര വാർന്നു,
ചെവിയ്ക്കുമേൽ പാഴ്കുടർമാല ചേർന്നും
തിന്നാനനീകങ്ങളെയുഗ്രദംഷ്ട്രൻ,
യുഗാത്യയേ വായ്ച്ച യമൻ കണക്കേ.
അപ്പോൾസ്സുമിത്രതൻ പുത്രന,രിപ്പടയുടപ്പവൻ,
ക്രുദ്ധനായ് ലക്ഷ്മണൻ യുദ്ധാവെട്ടി, പരപുരഞ്ജയൻ: ൧൦൨
കുംഭകർണ്ണന്റെ ദേഹത്തിലേഴ ബാണങ്ങൾ വീഴ്ത്തുവാൻ
തറച്ചാനേ,ന്തിനാൻ വീണ്ടും, ചൊരിഞ്ഞാൻ കണ ലക്ഷ്മണൻ.
എന്നാല,തെല്ലാം പാഴാക്കി വേദനക്കൊള്ളമാശരൻ;
അതിൽച്ചൊടിച്ചു ബലവാൻ, സുമിത്രാനന്ദവർദ്ധനൻ. ൧൦൪

Digitized By Kerala Sahitya Akademi

പില്പാടവന്റെ നല്ലൊന്നചട്ടയെസ്സായകങ്ങളാൽ
കീറിപ്പിളത്തിനാന,ന്തിക്കാറിനെക്കാററു പോലവേ.
പൊന്നമ്പെമ്പാട്ടമേററിട്ടാ നീലാഞ്ജനചയപ്രഭൻ
വിളങ്ങി, സൂര്യ്യകിരണം പതിഞ്ഞ മുകിൽ പോലവേ. ൧൩
സുമിത്രാനന്ദസന്ദാതാവോടബ്ഭീഷണരാക്ഷസൻ
വകവെയ്ക്കാതെ ചൊന്നാനൊന്നി,ടിയ്ക്കൊക്കം സ്വരത്തോടെ:—
"യമനെപ്പോലുമമരിലയത്നം വെന്ന ഞാനുമായ്
നിർഭയം പോരിടുകയാൽപ്പുകഴ്ന്നു വീരനെന്നു നീ; ൧൪
കാലന്റെ പോലെ, വരുമ്പാരിൽശ്ശസ്ത്രിയാമെന്റെ മുന്നിലായ്
നിന്നവൻ തന്നെയും ശ്ലാഘ്യൻ; പിന്നെയെന്തടരാടിയോൻ!
ഐരാവതാരൂഢനശേഷാമരാവൃതനിന്ദ്രനും
പോരിൽ നില്ക്കുകയുണ്ടായിട്ടില്ല മേ മുമ്പൊരിയ്ക്കലും! ൧൫
നീയിന്നെന്നെ രസിപ്പിച്ചു, വിക്രമാൽ, ബാലനെങ്കിലും;
രാമങ്കൽപ്പോകുവനിനി,സ്സൌമിത്രേ, വിട നല്ക മേ!
തോഷിപ്പിച്ചു ഭവാനെന്നെ,പ്പോരിൽ വീര്യ്യബലോദ്യമാൽ;
കൊൽവൻ രാമനെമാത്രം ഞാനെ;-ന്നാൽത്തീർന്നു സമസ്തവും! ൧൬
രാമനെക്കൊന്നതിൻശേഷം, മററാരിങ്ങെതിർനില്ക്കുമോ,
പോരിട്ടുകൊള്ളാമവരോടെ,ൻബലത്താൽപ്പൊരുക്കി ഞാൻ!"
ആത്മപ്രശംസയായേവം ചൊന്ന രക്ഷസ്സോടാഹവേ,
ചിരിച്ചുംകൊണ്ടു സൌമിത്രി കഥിച്ചാനതിഘോരമായ്:— ൧൭
"നേർതാൻ; ശക്രാദിവിണ്ണോർക്കുമസഹ്യൻ പൌരുഷാൽബ്ഭവാൻ;
മറിച്ചല്ലി;-ന്നു കണ്ടല്ലോ വീര, നിന്നുടെ വിക്രമം!
ഇതാ, മലയ്ക്കൊപ്പമനങ്ങാതെ നില്ക്കുന്നു രാഘവൻ."
ഇതു കേട്ടാ,ക്കരുത്തേറും കുംഭകർണ്ണനിശാചരൻ ൧൮
സൌമിത്രിയാം ലക്ഷ്മണനെഗ്ഗണിയ്ക്കാതെ കടന്നുപോയ്
രാമനെത്തന്നെ പാഞ്ഞേററു, പാർ കിടന്നലയുംപടി.
ആദ്ദാശരഥിയാം രാമൻ രൌദ്രാസ്ത്രം ചേർത്തുകൊണ്ടുടൻ
കുംഭകർണ്ണന്റെ മാർത്തട്ടിൽക്കൂർത്ത ബാണങ്ങളും തൂകിനാൻ. ൧൯

Digitized By Kerala Sahitya Akademi

പെട്ടെന്നു രാമനാലെയ്യപ്പെട്ടവൻ പാഞ്ഞടുക്കവേ,
വായിൽനിന്നെരിതീക്കട്ടയൊട്ടേറെച്ചാടിയീറയാൽ!
രാമാസ്ത്രമേററു, കൊട്ടതായാത്തുകൊണ്ടാശരഷ്ഭൻ
പാഞ്ഞേററു, കീശരെപ്പോരിൽ മണ്ടിച്ചുംകൊണ്ടു രുഷ്ടനായ്.
അവൻെറ മാറിടത്താണ്ടു പീലി വെച്ച ശരവ്രജം;
വമ്പിച്ച ഗദയും കയ്യിൽനിന്നൂർന്നൂഴിയിൽ വീണുപോയ്;
മററായുധവുമെല്ലാമേ ചിതറിപ്പോയ് ധരിത്രിയിൽ.
തനിയ്ക്കായുധമില്ലെന്നു കണ്ടപ്പോളാ, മഹാബലൻ ൱൨൨
മുഷ്ടികൊണ്ടിരുകാൽകൊണ്ടും വമ്പരിക്കു പെട്ടത്തിനാൻ.
മെയ്യിലമ്പേററമേററിട്ടു രുധിരോക്ഷിതനാമവൻ
ചോര പാരമൊലിപ്പിച്ചു, പർവ്വതം ചോല പോലവേ.
കടുംക്രോധം, നിണമിവകൊണ്ടു മൂർച്ഛിതനായവൻ ൱൨൪
വാനരക്ഷ്മാശരന്മാരെത്തിന്നുകൊണ്ടങ്ങുമോടിനാൻ.
പിന്നീടൊരുഗ്രമാം ശൃംഗം ചുഴററിച്ചണ്ഡവിക്രമൻ
രാമൻെറ നേക്കെറിഞ്ഞാനക്കരുത്തൻ, കാലസന്നിഭൻ.
അതെത്തുംമുമ്പിടയിൽവെച്ചറുത്തു പുരുഷഷ്ഭൻ ൱൨൬
രാമൻ ചൊവ്വിന്നു പോമേഴു പൊന്നണിസ്സായകങ്ങളാൽ.
മേരുശൃംഗോപമമതോ, ശ്രീയാൽ മിന്നുംവിധത്തിലായ്
വീഴുമ്പോളിരുന്നൂർപേരെ വീഴ്ത്തി വാനരമുഖ്യരെ.
അന്നേരത്തു ധർമ്മാത്മാവാ ലക്ഷ്മണനിതോതിനാൻ ൱൨൮
കുംഭകർണ്ണഹതിയ്ക്കപ്പെട്ടുപായം പലതോർപ്പവൻ:-
'കീശരെക്കൌണപരെയുമറിയുന്നീലിവൻ നൃപ;
രക്തഗന്ധമദാൽത്തിന്നു മാററാരെ,ക്കൂററുകാരയും!
ശരിയ്ക്കിവങ്കലെമ്പാടും കേറട്ടേ വാനരഷ്ഭർ; ൱൩൦
ഇവൻെറ ചുററും നില്ക്കട്ടേ യഥാർഹം യൂഥപാലരും.
ക്രമേണ വങ്കനംകൊണ്ടു വലാത്തൂഴിയിൽ വീഴ്കിലും,
മററു വാനരരെക്കൊല്ലൊല്ലി,ദ്ദുരാത്മാവു രാക്ഷസൻ.'
ആ രാജപുത്രൻ മതിമാനിപ്പറഞ്ഞതു കേട്ടുടൻ ൱൩൨

Digitized By Kerala Sahitya Akademi

കേറിനാർ കുംഭകൎണ്ണങ്കലിമ്പമോടാ പ്ലവംഗമർ.
കുംഭകൎണ്ണൻ ചൊടിച്ചൂക്കിലാ, മേൽക്കേറിയ കീശരെ
കുടഞ്ഞു വീഴ്ത്തിനാൻ, പാപ്പാന്മാരെദ്ദൃപ്തദന്തി പോലവേ.
കുടഞ്ഞുവീഴ്ത്തൽ കണ്ടിട്ടു, രുഷ്ടൻ രക്ഷസ്സിതെന്നുമായ്, ൧൩൪
രാമന്റുക്കിൽപ്പുറപ്പെട്ടാൻ, വലുതാം വില്ലുമേന്തിനാൻ.
ക്രോധാൽക്കൺ ചെങ്ങി, നോട്ടത്താൽച്ചുട്ടെരിപ്പോൻ കണക്കിനേ,
ചൊടിച്ചൂക്കോടു പാഞ്ഞേററാൻ വീരൻ രാമനരക്കനെ,
കുംഭകൎണ്ണഭയം മൃത്ത യൂഥപക്കൊക്കെ ഹൎഷദൻ. ൧൩൫

ഉരുക്കുപൊൻ പൂശിയ ഞാണുറപ്പു-
ള്ളതാം കടുംപാമ്പെതിർചാപമേന്തി
ആ രാഘവൻ കീശരെയാശ്വസിപ്പി-
ച്ചേററാൻ, പെരുംതൂണികളും മുറുക്കി.

ആ വാനരപ്പരിഷയാൽച്ചുററപ്പെട്ടതിദുൎജ്ജയൻ,
പിറകേ ലക്ഷ്മണനുമായ്ച്ചെന്നു രാമൻ മഹാബലൻ. ൧൩൬
അവൻ കണ്ടു കരുത്തേറും ക്രൂരനാം കുംഭകൎണ്ണനെ,
സൎവാംഗവും ചോരയിലാറാടിയോനെ,ക്കിരീടിയെ,
എല്ലാരെയും പാഞ്ഞേതല്ലോനെ, ക്രുദ്ധദിഗ്ദന്തിതുല്യനെ,
കീശരെത്തിരയുന്നോനെ, രക്ഷോവൃതനെ, രുഷ്ടനെ, ൧൪൦
പൊന്തോൾവളയണിഞ്ഞോനെ, വിന്ധ്യമന്ദരരൂപനെ,
വായിൽനിന്നു നിണം തൂകുന്നോനെ, വൎഷാഭ്രതുല്യനെ,
രക്തം പുരണ്ട കിറികൾ നാക്കാൽ നക്കും രിപുഘ്നനെ
കപിപ്പടയുടപ്പോനെ,ക്കാലാന്തകയമാഭനെ. ൧൪൨
എരിതിയ്യിന്റെ തേജസ്സു ചേരുമാ രാക്ഷസേന്ദ്രനെ
കണ്ടു വില്ലൊന്നൊലിക്കൊള്ളിച്ചാനപ്പുരുഷപുംഗവൻ.
അപ്പള്ളിവിൽഞാണൊലിയാൽച്ചൊടിച്ചാ രാക്ഷസൎഷഭൻ
അശ്ശബ്ദത്തെപ്പൊറുക്കാതെ പാഞ്ഞേറ്റു രഘുപുത്രനെ. ൧൪൪

മഴയ്ക്കൊരുങ്ങീടിന കാറിനൊത്താ
മലയ്ക്കു നേരാകിയ കുംഭകൎണ്ണൻ

Digitized By Kerala Sahitya Akademi

അടക്കുട്ടക്കംപൊഴുതൊന്നുരച്ചാൻ
ഫണീന്ദ്രഭോഗോത്തമബാഹു രാമൻ:—
'വരൂ നിശാടേശ്വര, മാഴ്കിടാതേ;
നിന്നേനിതാ, വില്ലുമെടുത്തുനേരേ;
ഞാൻ രാമനെന്നോൎക്ക സുരേന്ദ്രശത്രോ;
നിൻജീവിതം തെല്ലിടയാലൊടുങ്ങും!' ൧൪൮

ചിരിച്ചാൻ, രാമനിവനെന്നറിഞ്ഞു വികൃതസ്വനം;
പാഞ്ഞേററാൻ, കീശരെപ്പോരിൽ മണ്ടിച്ചുംകൊണ്ടു രുഷ്ടനായ്.
എല്ലാപ്പ്ലവംഗരുടെയും ഹൃദയം വിണ്ടുപോംവിധം,
വികൃതം ഭീഷണമിടിവെട്ടൽ പോലെ ചിരിച്ചുടൻ ൧൪൯

കാകുത്സ്ഥനോടു ചൊന്നാനക്കുംഭകൎണ്ണൻ മഹാദ്യുതി:-
'വിരാധനല്ല, മാരീചനല്ലാ,ക്കക കബന്ധനും,
ബാലിയല്ല,ല്ല ഖരനും; വന്ന ഞാൻ കുംഭകൎണ്ണനാം!
കാൺകാ,കെക്കാരിരുമ്പാമെൻ കരാളപ്പെരുമുൾത്തടി: ൧൫൦

തോല്പിച്ചതിതുകൊണ്ടല്ലോ, ദേവാസുരരെ മുമ്പു ഞാൻ!
ചെവിയും മൂക്കുമററാനൊന്നാ,ന്നെത്തുള്ളു കവേണ്ട നീ:
ഇല്ലല്ലോ നോവെനിക്കൊട്ടും, ചെവിമൂക്കുകൾ പോയതിൽ!
കാട്ടുകിക്ഷ്വാകുശാൎദ്ദൂല, വീൎയ്യമെൻമെയ്യിലാശു നീ: ൧൫൧

തിന്മനാ,ണത്തവും വീരുമൊന്നു കണ്ടിട്ടു നിന്നെ ഞാൻ!'
അക്കുംഭകൎണ്ണൻെറ വചസ്സു കേട്ടു
സുപുംഖബാണങ്ങളയച്ചു രാമൻ
ആ വജ്രവേഗങ്ങൾ ശരങ്ങളൊന്നും
നോവേതുമാൎന്നില്ലി,ളകീലരക്കൻ!
പൊട്ടിച്ചു സാലങ്ങളെയേതിഷുക്കൾ,
കീശേന്ദ്രനാം ബാലിയെയും വധിച്ചും,
വജ്രത്തിനൊത്തുള്ളവ കുംഭകൎണ്ണ-
ദേഹത്തിൽ നോവന്നുളവാക്കിയില്ല! ൧൫൨

Digitized By Kerala Sahitya Akademi

പേമാരി പോലെക്കണയൊക്കെ മെയ്യാൽ
സകന്നുകൊണ്ടാ ത്രിദശേന്ദ്രവൈരി
രാമന്റെയമ്പൂക്കൾ കെടുത്തിതു,ക്കൾ
കട്ടക്കമാ മുൾത്തടിയാഞ്ഞു വീശി.
പിമ്പു,സർവൻസേനയെയും വിറപ്പി-
യ്ക്കുന്നോ നിണം പററിയ മുദ്ഗരത്തെ
കട്ടത്തൊട്ടുക്കോടു ചുഴററി മണ്ടി-
ച്ചാനങ്ങരക്കൻ കപിമണ്ഡലത്തെ. ൫൨൬
രാമൻ തദാനീം രജനീചരങ്കൽ
വായവ്യമുഖ്യാസ്ത്രമെടുത്തയച്ചാൻ;
സമുദ്ഗരം കയ്യു,തുകൊണ്ടറുത്താ-
ന;-ക്കൈ മുറിഞ്ഞിട്ടവനാർത്തിതേററം.
അവന്റെയാ മുൾത്തടിയൊത്ത,ഗാഗ്ര-
പ്രദം ഭുജം, രാഘവബാണകൃത്തം
പതിച്ചിതാ വാനരർകോൻ ബലത്തി-
ലു,ടച്ചിതാ മർക്കടസേനയെയും. ൫൨൮
ചതഞ്ഞു ചത്തിട്ടവശിഷ്ടരാകും
പ്ലവംഗർ ചാരത്തഥ ചെന്നുകൂടി,
നരേന്ദ്രരക്ഷോധിപർതൻ സുഘോര-
മ്പാന്ദപാഹവം, മൈവിറ പൂണ്ടു കണ്ടാർ.
അക്കുംഭകർണ്ണൻ ശരകൃത്തബാഹു,
ശൃംഗം മുറിഞ്ഞോരു മഹാദ്രി പോലായ്
പറിച്ചെടുത്താൻ മരമൊന്നു കയ്യാൽ;
നരേന്ദ്രനെസ്സംയതി പാഞ്ഞണഞ്ഞാൻ. ൫൩൦
പയന്മരത്തോടുമുയന്നതാകു-
മവന്റെ കൈ, പന്നഗഭോഗതുല്യം
ഐന്ദ്രാസ്ത്രമേല്പിച്ചൊരു പൊന്നണിഞ്ഞ
ബാണത്തിനാലെയ്തു മുറിച്ചു രാമൻ.

Digitized By Kerala Sahitya Akademi

ആക്കുംഭകർണ്ണൻെറയരുത്ത കയ്യോ,
മലയ്ക്കു തുല്യം നിപതിച്ചു മന്നിൽ;
പിടഞ്ഞുകൊണ്ടദ്രിശിലാദ്രുമത്തെ-
ച്ചതച്ചു, രാത്രിഞ്ചരകീശരേയും. ൧൯൨
ഭുജങ്ങളററാശരനാത്തുകൊണ്ടു
ചിക്കെന്നു പാഞ്ഞെത്തുതു കണ്ടു രാമൻ
രണ്ടദ്ധചന്ദ്രം ശിതമെയ്തറുത്താ-
നവൻെറ പാദദ്വയമാഹവത്തിൽ.
അവൻെറയക്കാലിണ, ദിക്പ്രദിക്കു,
മഹാർണ്ണവം, പർവ്വതഗഹ്വരങ്ങൾ,
നിശാടകീശപ്പട, ലങ്കയെന്നി-
തെല്ലാം മുഴങ്ങിച്ചു നിലംപതിച്ചു. ൧൯൪
ഭുജങ്ങളററോൻ, ചരണങ്ങളററോൻ,
വായും പിളത്തിബ്ബഡബാമുഖാഭം,
ആത്തഞ്ഞു സാ രാമനെയോടിയേററു,
വാനത്തു വാർതിങ്കളെ രാഹുപോലേ.
അവൻെറ വായിൽ,ക്കുടെ പൊന്നുകൊണ്ടു
കെട്ടിച്ച ക്രൂരമ്പു നിറച്ചു രാമൻ;
വായ് തിങ്ങി മിണ്ടാനരുതാഞ്ഞയാളോ,
കൃച്ഛ്രാൽ ഞെരുങ്ങി; വെളിവും വെടിഞ്ഞു. ൧൯൬
പിന്നീടെടുത്താൻ, തപനാംശുതുല്യം,
നൽബ്രഹ്മദണ്ഡാന്തകകാലതുല്യം,
ശിതം, സുപുംഖം, പവമാനവേഗ-
മരിഷ്ട,മൈന്ദ്രം ശരമൊന്നു രാമൻ;
നൽസ്വർണ്ണവജ്രക്കുടെയൊത്തു ദീപ്ത-
സൂര്യാഗ്നിഭാസ്സന്തമതങ്ങുരാമൻ,
മഹേന്ദ്രവജ്രാശനിതുല്യവേഗ-
മെയ്തീടിനാൻ രാത്രിചരൻെറ നേരെ. ൧൯൮



Digitized By Kerala Sahitya Akademi

രഘുപ്രവീരൻതൻ കരമുക്തമസ്ത്രമാ
ഹരിത്തു പത്തും പ്രഭയാ വിളക്കിയും,
പുകഞ്ഞ തീ പോലെയെരിഞ്ഞു കത്തിയും
ഗമിച്ചു, ശക്രാശനിവീര്യവിക്രമം.
അതപ്പൊഴേ കൊയ്തിതരക്കർകോന്റെയ-
ച്ഛിരസ്സു, വമ്പൊത്തശൃംഗസന്നിഭം,
സുവൃത്തദംഷ്ട്രം, ഗതചാരുകുണ്ഡലം,
വലാന്തകൻ വൃത്രനുടേതു പോലവേ. ൱൭൦
കാണായി കുണ്ഡലാരൂഢം കുംഭകർണ്ണന്റെ വൻതല,
പ്രാതസ്സൂര്യോദയേ വാനിൻനടുവിൽത്തിങ്കൾ പോലവേ.
രാമന്റെയമ്പേററു മുറിഞ്ഞു വീണി-
ട്ടാ യാതുധാനത്തല ശൈലതുല്യം
ഉടച്ചു പാതപ്പുരഗോപുരങ്ങ-
ളു;-ദാരമാം വപ്രവുമങ്ങുവീഴ്ത്തി.
ആ യാതുധാനന്റെ ഹിമാദ്രിതുല്യം
വളർന്ന മെയ്യോ, കടലിൽപ്പതിച്ചു;
വൻനക്രവന്മത്സ്യഫണിവ്രജത്തെ-
പ്പൊത്തുക്കിയും കൊണ്ടടിമണ്ണു പൂകി.
അക്കുംഭകർണ്ണൻ ദ്വിജദേവശത്രു,
പോരിൽക്കരുത്തൻ കൊലയേററനേരം
കുലുങ്ങി സർവ്വാദ്രികളോടുമൂഴി;
ക്രുടിക്കലെന്നാർത്തു രസേന വാനോർ. ൱൭൪
മഹർഷിദേവർഷികളും, പന്നഗങ്ങളും,
നിലിമ്പർ, ഭൂതങ്ങളും, സുപർണ്ണഗുഹ്യകർ,
സയക്ഷർ ഗന്ധർവ്വരുമംബരസ്ഥലേ
പ്രഹൃഷ്ടരായ് രാമപരാക്രമത്താൽ.
അവന്റെ വമ്പിച്ച വധംനിമിത്തമാ-
സ്സുധീരരാം രാക്ഷസരാജബാന്ധവർ,

Digitized By Kerala Sahitya Akademi

മൃഗേന്ദ്രനെട്ടന്തികൾ പോലെ, രാമനെ-
സ്സഖേദരായ്പ്പാർത്തൊലി കൂട്ടിനാർ തുലോം. ൱൭൰
അമർത്ത്യലോകത്തിലിരുട്ടു നീക്കി
രാഹുപാനനം വിട്ട ഖരാംശു പോലേ,
കപിവ്രജത്തിൽബ്ഭുവി, കുംഭകർണ്ണ-
വധം രണേ ചെയ്തു വിളങ്ങി രാമൻ.
പെരുത്തുപേർ വാനരരാത്തഹർഷരായ്
വിരിഞ്ഞ തണ്ടാർക്കൊതിരാം മുഖത്തൊടും
കൃതേഷ്ടനാം രാഘവനെപ്പുകഴ്ത്തിനാർ,
ദുരാസദാത്യുഗ്രബലാരിനിഗ്രഹാൽ. ൱൭൨
തളച്ച് വമ്പോരിൽ വരാതെ,യുദ്ധവരെ-
ച്ചുതച്ചുപോന്നീടിന കുംഭകർണ്ണനെ
ഹനിച്ചു നന്ദിച്ചു രഘൂദ്വഹൻ രണേ,
സുരാരിയാം വൃത്രനെ വജ്രി പോലവേ.

—(*)—

## അറുപത്തെട്ടാം സർഗ്ഗം: രാവണപ്രലാപം.

---

കുംഭകർണ്ണനെ വമ്പേറും രാഘവൻ കൊലചെയ്കയാൽ,
അരക്കർകോൻ രാവണനോടരക്കന്മാരുണർത്തിനാർ:—
'തമ്പുരാനേ, മൃതിപ്പെട്ടുപോയാനാ മൃത്യുസന്നിഭൻ:
കീശസൈന്യത്തെയോടിച്ചും, കീശരെത്തിന്നൊടുക്കിയും, ൨
ഒട്ടുനേരം വിലസിയിട്ടടങ്ങി രാമതേജസാ;
ഉടൽപ്പൂക്ക മലനേർമെയ്യാൽക്കൊട്ടുതാമർണ്ണവത്തിനും,
ശിരസാ ലങ്കതൻദ്വാരത്തിനും തടവിയററിനാൻ;
കഴുത്തുകൈതുട മുറിഞ്ഞേററം നിണമൊഴുക്കിനാൻ; ൪
കാകുത്സഥാസ്ത്രങ്ങളേററിട്ടു കുംഭകർണ്ണൻ തവാനുജൻ
വിവൃതാഗണ്ഡമായ്ത്തീന്നാൻ, തീ വെന്ത തരു പോലെയും!'
കുംഭകർണ്ണപ്രബലനെപ്പോരിൽക്കൊന്നതു കേൾക്കയാൽ,
മാൽക്കൊണ്ടുരുകി മോഹിച്ചു വീണുപോയ് ദശകന്ധരൻ. ൬

Digitized By Kerala Sahitya Akademi

അപ്പ്ഥനെക്കൊന്നതായ്ക്കേട്ടു ദേവാന്തകനരാന്തകർ
കരഞ്ഞാർ ശോകവശരായ് ത്രിശിരസ്സ,തികായനും.
ഭ്രാതാവെക്കർമ്മപടുവാം രാമൻ കൊന്നതു കേൾക്കയാൽ
മഹോദരമഹാപാർശ്വരല്ലൽത്തള്ളലിലാണ്ടുപോയ്.

പണിപ്പെട്ടഥ തന്റേടം പൂണ്ടിട്ടാ രാക്ഷസർഷഭൻ,
കുംഭകർണ്ണവധാൽ ദീനൻ വിലപിച്ചിതു രാവണൻ:—
"ഹാ, വീര, രിപുദർപ്പഘ്ന, കുംഭകർണ്ണ, മഹാബല,
നീയെന്നെ വിട്ടു വിധിയാൽപ്പോയല്ലോ യമമന്ദിരേ! ൧൦
എനിയ്ക്കും ബാന്ധവന്മാർക്കും ശല്യം നീക്കാതെയൂർജ്ജിത,
പററലർപ്പട ചുട്ടൊ,ററയ്ക്കെന്നെ വിട്ടു ഗമിപ്പു നീ!
ഇല്ലാതെയായെനിപ്പോൾ ഞാനെ,ൻവലംകയ്യൊടിഞ്ഞുപോയ്;
പേടിയ്ക്കാഞ്ഞതി,തിൻ താങ്ങാലല്ലോ ഞാൻ, ദേവദൈത്യരെ!
എവ്വണ്ണമിത്രയും വീരൻ, ദേവാസുരമദാപഹൻ,
കാലാഗ്നിതുല്യൻ ഹതനായ് രാമനാലിന്നു സംഗരേ?
ഇടിത്തീയ്യും നിനക്കേകില്ലല്ലോ വിനയൊരിയ്ക്കലും;
അതിനിങ്ങിനെ രാമാസ്ത്രമേററു മന്നിൽക്കിടക്കയായ്? ൧൪
ദേവവൃന്ദങ്ങളൃഷിമാരൊത്തു വാനത്തു നിന്നിതാ,
യുദ്ധേ നിഹതനാം നിന്നെക്കണ്ടിട്ടാർക്കുന്നു ഹൃഷ്ടരായ്!
തിട്ടു,മിപ്പൊഴുതേ, തക്കം കിട്ടി ഹർഷിച്ച വാനരർ
വന്നേറുമല്ലോ, ദുഷ്പ്രാപലങ്കാദ്വാരത്തിലൊക്കയും! ൧൬
രാജ്യത്താലില്ല മേ കാര്യം; സീതയാലെന്തു ചെയ്യുവൻ?
കുംഭകർണ്ണന്റെ വേർപാടാൽ,ജ്ജീവിപ്പാനിച്ഛയില്ല മേ!
ഞാൻ പോരിൽത്തമ്പിയെക്കൊന്ന രാമനെക്കൊന്നിടായ്കിലോ,
മരിച്ചുപോക താൻ നല്ലതി,പ്പൊഴ്ജീവിതമല്ല മേ! ൧൮
ഇപ്പൊഴേ ചെന്നിടുവനെ,ൻതമ്പിയെങ്ങു,വിടെയ്ക്കു ഞാൻ:
വയ്യാ, ഭ്രാതാക്കളില്ലാതെ ജീവിപ്പാൻ ഞൊടിനേരവും!
ചിരിയ്ക്കുമല്ലോ, മുൻദ്രോഹമോർത്തെന്നെപ്പാർത്തു ദേവകൾ;
എമ്മട്ടിന്ദ്രനെ വെല്ലും, നിൻനിധനാൽ കുംഭകർണ്ണ, ഞാൻ? ൨൦

Digitized By Kerala Sahitya Akademi

വിഭീഷണൻ ചൊല്ലിയതാണെ,നിയ്ക്കീ വന്നതൊക്കയും;
മോഹാൽക്കൈക്കൊണ്ടതില്ലല്ലോ ഞാനാ, മാന്യൻെറ നന്മൊഴി!
കുംഭകർണ്ണപ്രഹസ്തക്ഷീഘോരനാശം ഭവിയ്ക്കയാൽ,
വിഭീഷണൻെറ വാക്കെന്നിലുളവാക്കുന്നു ലജ്ജയെ! ൨൨
അച്ചെയ്യത്തിൻെറ ഫലമാണെനിയ്ക്കീ വന്ന സങ്കടം: '
തള്ളിയല്ലോ, സുധർമ്മ്യശ്രീവിഭീഷണനെയന്നു ഞാൻ!"

മഘവരിപുകനിഷ്ഠകുംഭകർണ്ണ-
ക്ഷപണമറിഞ്ഞഴൽ മൂത്ത പംക്തികണ്ഠൻ
ഇതി പലതരമുൾത്തടം കലങ്ങി-
ക്കൃപണതരം വിലപിച്ചു വീണുപോയി! ൨൪

—:*:—

അറുപത്തൊമ്പതാം സർഗ്ഗം: നരാന്തകവധം.

—:*:—

ഏവം ശോകത്തിലുരുകി,ദ്ദുരാത്മാവായ രാവണൻ
വിലപിപ്പതു കേട്ടിട്ടു ത്രിശിരസ്സുരിയാടിനാൻ:—
'ശരി, ഞങ്ങടെ വീര്യാഢ്യൻ വല്യപ്ഫൻ കൊലയേററുപോയ്;
എന്നാൽത്തിരുവടിയ്ക്കൊപ്പം വിലപിയ്ക്കാ സുപൂരുഷർ! ൨
പോന്നോനല്ലോ ഭവാൻ മൂപ്പാരിന്നു;-മത്തിരുമേനിതാൻ,
തന്നെക്കുറിച്ചു മാഴ്കാനെന്തൊ,രു പാവം കണക്കിനെ!
ബ്രഹ്മാവു തന്ന വേലുണ്ടു, തവ വില്ലമ്പു,ചട്ടയും,
ഖരങ്ങളായിരം പൂട്ടപ്പെട്ട തേരും ഘനസ്വനം; ൪
ശസ്ത്രത്താൽ നൂറുരു ഭവാൻ വെന്നല്ലോ ദേവദൈത്യരെ;
അമ്പുവാൻ, സർവശസ്ത്രാഢ്യൻ കീഴടക്കുക രാമനെ!
എന്നാൽ നില്ക്ക മഹാരാജ: ഞാൻ പോയ്ക്കൊള്ളാം രണത്തി
[നായ്;
താർക്ഷ്യൻ പാമ്പുകളെപ്പോലേ,നിൻമാററാരെയൊടുക്കുവൻ. ൬
ഇന്ദ്രനാൽശ്ശംബരൻ പോലേ, വിഷ്ണുവാൽ നരകൻപടി,
പോരിലെന്നാൽക്കൊലപ്പെട്ടു കിടപ്പാമിന്നു രാഘവൻ!'

Digitized By Kerala Sahitya Akademi

ത്രിശിരസ്സിൻെറ ചൊൽ കേട്ടു, രാവണൻ രാക്ഷസാധിപൻ,
പുനർജ്ജനിച്ചു താനെന്നു നണ്ണിനാൻ കാലചോദിതൻ. ൭
ത്രിശിരസ്സിൻെറ ചൊൽ കേട്ടു, ദേവാന്തകനരാന്തകർ
യുദ്ധത്തിനിമ്പമുൾക്കൊണ്ടു തേജസ്വിയതികായനും.
പിന്നീടു, ഞാൻ,ഞാനെന്നേവം ഗർജ്ജിച്ചാരാശരഷഭർ,
രാവണാത്മജർ, വീരന്മാർ, ശക്രതുല്യപരാക്രമർ: ൧൦
വാനിൽച്ചരിപ്പോരെപ്പേരുമെപ്പേരും മായയേറിയോർ,
എപ്പേരും സുരദർപ്പഘ്നരെ,പ്പേരും രണദുർമ്മദർ;
എപ്പേരും നൽബ്ബലാഢ്യന്മാരെ,പ്പേരും പേർ പരന്നവർ;
എപ്പേരു,മമരിൽത്തോററോരെന്നു കേൾക്കപ്പെടാത്തവർ ൧൨
ഗന്ധർവ്വകിന്നരമഹാനാഗദേവകളോടുമേ;
എപ്പേരും വീരർ ശസ്ത്രജ്ഞരെ,പ്പേരും യുദ്ധകോവിദർ,
എപ്പേരുമുത്തമജ്ഞാനരെ,പ്പേരും വരമാർന്നവർ.
ദിനേശതേജസ്വികൾ,ശത്രുസേനയെ-
പ്പൊതുക്കുമാ മക്കൾ ചുഴന്ന മന്നവൻ
വിളങ്ങി, വൻദാനവഗർവ്വകററിടും
നിലിമ്പർ ചൂഴററ വലാരി പോലവേ. ൧൪
പുത്രന്മാരെപ്പുണർന്നേ,ററം മെയ്ക്കോപ്പുമണിയിച്ചവൻ
ശോഭനാശിസ്സുമരുൾചെയ്തയച്ചാനാഹവത്തിനായ്;
യുദ്ധോന്മത്തൻ, മത്തനെന്നീ ഭ്രാതാക്കന്മാരെയും രണേ ൧൫
കുമാരരുടെ രക്ഷയ്ക്കായ്ച്ചൊന്നയച്ചിതു രാവണൻ.
ലോകരാവണനാം വമ്പൻ രാവണന്നു പണിഞ്ഞുടൻ
വലവുംവെച്ചു ക്രൂരന്മാർ പുറപ്പെട്ടീടിനാരവർ.
സർവ്വൗഷധികൾ,ഗന്ധങ്ങളിവ പൂശി മഹാബലർ ൧൭
പുറപ്പെട്ടാരമരിനിയാശരശ്രേഷ്ഠരാറുപേർ:
ത്രിശിരസ്സതികായന്മാർ, ദേവാന്തകനരാന്തകർ,
മഹോദരമഹാപാർശ്വർ, പോന്നു കാലാജ്ഞയാലിവർ.
ഐരാവതാന്വയജമായ്,ശരിംകാറിന്നു തുല്യമായ്,
സുദർശനാഖ്യമാമാനതന്മേലേറി മഹോദരൻ; ൨൦

Digitized By Kerala Sahitya Akademi

സർവ്വായുധങ്ങളുമെടുത്താവനാഴിയണിഞ്ഞവൻ
ആനപ്പുറത്തു ശോഭിച്ചാന,സ്താഗ്രേ ഭാനു പോലവേ.
ഉത്തമാശ്വങ്ങളെപ്പൂട്ടി,സ്സർവ്വായുധസമേതമായ്,
ശ്രേഷ്ഠമാമൊരു തേരേറീ ത്രിശിരസ്സെന്ന രാവണി; ൧൨
തേരേറി,ച്ചാപധരനാം ത്രിശിരസ്സു വിളങ്ങിനാൻ,
സവിദ്യുദുല്ക്കം മലമേൽ വില്ലണിഞ്ഞാറു പോലവേ;
മിന്നീ വറ്റേരിൽ, മകുടം മൂന്നൊക്കും ത്രിശിരസ്സവൻ,
മൂന്നു പൊങ്കൂടമുടയ പനിമാമല പോലവേ. ൧൪
അരക്കർക്കോന്റെ മകനാം തേജസ്വിയതികായനാം
കേറിനാനൊരു നൽത്തേരിൽ,സ്സർവ്വധാന്വിസത്തമൻ:
നൽച്ചക്രാക്ഷനുകത്തണ്ടു കീഴ്ക്കൂട്ടം കെട്ടുമൊത്തതിൽ,
വില്ലാവനാഴിവാൾകുന്തം പരിഘങ്ങൾ നിറഞ്ഞതിൽ; ൧൫
വിചിത്രപ്പൊന്മകുടവു മൈക്കോപ്പുകളുമൊത്തവൻ
വിളങ്ങിനാൻ, കതിർകളാൽത്തിളങ്ങും മേരു പോലവേ;
രാക്ഷസവ്യാഘ്രർ ചൂഴുററാ രാജപുത്രൻ മഹാബലൻ
അത്തേരിൽ വിലസീ, ദേവാവൃതനാം വജ്രി പോലവേ. ൧൬
ഉച്ചൈശ്രവസ്സിന്നെതിരായ്, പ്പൊൻചാർത്തി,ച്ചിത്രവേഗിയായ്,
ക്രൂററനാം വെൺകുതിരതൻ പുറത്തേറി നരാന്തകൻ;
വിളങ്ങീ കൊള്ളിമീൻപോലാം കുന്തമേന്തിനരാന്തകൻ
മയിൽപ്പുറത്തു വേലേന്തിത്തേജസ്വി ഗുഹനാംവിധം.
വജ്രം പതിച്ച പരിഘമേന്തിദ്ദേവാന്തകൻ തദാ,
ഇരുകയ്യാൽ മല പിടിച്ചുരുളും വിഷ്ണു പോലെയായ്.
മഹാപാർശ്വൻ മഹാകായൻ ഗദയൊന്നേന്തി വീര്യവാൻ
വിളങ്ങീ, ഗദ കൈക്കൊണ്ട കുബേരൻ പോലെ സംഗരേ. ൨൧
പുറപ്പെട്ടാർ മഹാത്മാക്കൾ, വിണ്ണിൽനിന്നമ്പർ പോലവർ;
അവരെ,ഗ്ഗജ,മശ്വം, കാറൊലി ചേരുന്ന തേരുമായ്
പിന്തുടന്നിതു ക്രൂററന്മാരുത്തമായുധരാശരർ.
ശ്രീമാന്മാരക്ഷമാരന്മാർ മഹാത്മാക്കൾ കിരീടികൾ, ൨൪

Digitized By Kerala Sahitya Akademi

**വാനിൽ ഗ്രഹങ്ങളെപ്പോലേ വിളങ്ങീ ഭാസ്കരപ്രഭർ.**
**ശോഭിച്ചിത,വർ കൈക്കൊണ്ടൊരായുധാവലി വെണ്മയിൽ**
**ശരൽക്കാറെതിരായ്, വാനിൽ മരാളനിര പോലവേ.**
**മരിയ്ക്കുയോ, മാററലരെ വെല്ലുയോ, രണ്ടിലൊന്നുതാൻ** ൩൬
**എന്നുറച്ചു പുറപ്പെട്ടു വീരന്മാരടരാടുവാൻ.**
ഗർജ്ജിച്ചാ,രലറിക്കൊണ്ടാർ, പോരുമ്പോൾപ്പോക്കുമ്പിനാൽ;
നേക്കെറിഞ്ഞു പിടിച്ചാരാ വീരന്മാർ വിശിഖങ്ങളെ.
ആപ്പുകൈകൊട്ടൊലികളാൽക്കലുങ്ങിപ്പോയി മന്നിടം; ൩൭
അരക്കർതന്നലറലാൽ വിണ്ടപോലായി വാനവും!

ആഹ്ലാദമോടേ പോന്നിട്ടാ രാക്ഷസേന്ദ്രർ മഹാബലർ
കണ്ടു, കല്ലും മരവുമാണ്ടെത്തുന്ന കപിസേനയെ.
വമ്പന്മാരാം പ്ലവംഗർക്കും കാണായി കൌണപപ്പട: ൪൦
കിങ്ങിണിച്ചാർത്തൊലിക്കൊണ്ടു,മശ്വംതേരാന തിങ്ങിയും,
കറുത്ത കാർനിരയ്ക്കൊത്തും, മഹാശസ്ത്രങ്ങളേന്തിയും,
ദീപ്താഗ്ന്യർക്കാഭരാം രാത്രിഞ്ചരർ നീളെച്ചുഴന്നുമേ.
ആ വന്ന സേനയെക്കണ്ടു, തക്കം കിട്ടിയ വാനരർ ൪൧
പെരുംമലകൾ കൈക്കൊണ്ടു പേർത്തുപേർത്താർത്തുകൂക്കിനാർ;
അരക്കരുടെയേററാക്കൽ പൊറുത്തീലാ പ്ലവംഗമർ.

പ്ലവംഗയൂഥേശ്വരർതന്നലച്ച്
കേട്ടിട്ടു, കെല്പേറിയ കർബുരന്മാർ
സപത്നർതന്നുൽകടമാം പ്രഹർഷം
സഹിച്ചുകൂടാഞ്ഞതിഘോരമാർത്തു. ൪൨

കൊടുംനിശാടപ്പടയിൽക്കടന്നുദ്യതശൈലരായ്
നടന്നാരക്കപീന്ദ്രന്മാർ, സശൃംഗാദ്രികൾ പോലവേ:
വാനേറിനാർ വൃക്ഷശിലായുധരായ്ച്ചില വാനരർ;
അരക്കപ്പടയിൽ ക്രോധത്തോടേ ചില കപീശ്വരർ ൪൩
തടിവൃക്ഷങ്ങൾ കൈക്കൊണ്ടു സഞ്ചരിച്ചാർ നിലത്തുമേ.
നടന്നു, കീശാശരർതൻ കൂട്ടപ്പോരതു ഘോരമായ്:

Digitized By Kerala Sahitya Akademi

മലയും മരവും കല്ലും വർഷിച്ചാരെതിരെന്നിയേ,
ബാണജാലം ചൊരിഞ്ഞാലും ഭീമവിക്രമർ വാനരർ; ൪൫
സിംഹനാദങ്ങളും ചെയ്താരമരിൽക്കപിരാക്ഷസർ.
പൊടിച്ചാർ കല്ലുകളെക്കൊണ്ടു കുരങ്ങന്മാരരക്കരെ;
ചട്ടമെയ്ക്കോപ്പണിഞ്ഞോരാം തേരിൽ മേവുന്ന വീരരെ
ചൊടിച്ചു തല്ലിനാർ പോരിൽ, ഗജാശ്വാരൂഢരെയും ചിലർ ൧൦
തച്ചാർ പൊടുന്നനെച്ചാടിക്കുരങ്ങന്മാരരക്കരെ.
ശൈലാഗ്രം മെയ്യുടച്ചേറും, മുഷ്ടിയാൽക്കണ്ണടന്മേ
വിറച്ചാർ, വീണുപോയാരങ്ങാർത്താരാരാപ്പുംഗവർ.
അരക്കരും ശിതാസ്ത്രത്താൽപ്പിളർത്താർ കപിസിംഹരെ; ൧൨
ശൂലംമുൾത്തടിവാൾകുന്തംവേൽകൊണ്ടും കൊന്നൊടുക്കിനാർ.
അന്യോന്യമങ്ങു വീഴിച്ചാർ തങ്ങളിൽജ്ജയവാഞ്ഛയാൽ,
ക്രുദ്ധർച്ചോരയുടലിൽപ്പുരണ്ട കപിരാക്ഷസർ.
അരക്കരും പ്ലവഗരും വിട്ട വാൾപർവ്വതങ്ങളാൽ
മൂടപ്പെട്ടൊ,ട്ടുനേരത്താൽച്ചെന്നിണം വാർന്നതായ് നിലം
അർക്കരുമ്പുള്ളവരാം പൊതുക്കപ്പെട്ട രാക്ഷസർ,
ഉടഞ്ഞ മലകൾക്കൊപ്പം നിറച്ചു മന്നിടത്തിനെ.
കീശർ ശൂലമൊടിച്ചുക്കിൽത്തള്ളിയോർ തള്ളുവോർകളും ൧൩
വീണ്ടുമംഗങ്ങളാൽച്ചെയ്താരമ്മട്ടറ്റദ്ഭുതാഹവം.
കീശരെക്കീശരാൽത്തന്നേ തച്ചാരന്താമസീചരർ;
തച്ചാരരക്കരാൽത്തന്നെയക്കീശരുമരക്കരെ.
കല്ലു തട്ടിപ്പറിച്ചാ,ഞ്ഞു ചാട്ടീ കീശരിലാശരർ; ൧൫
ശസ്ത്രം പിടുങ്ങി, രക്താശന്മാരെയും വീക്കി വാനരർ.
വീക്കിനാർ ശൂലശൈലാഗ്രംകൊണ്ടു, തമ്മിൽപ്പിളർത്തിനാർ;
സിംഹനാദങ്ങളും ചെയ്താർ പോരിലാശരവാനരർ;
പ്ലവംഗരുടെ തല്ലേറ്റു ചട്ട പൊട്ടിയ രാക്ഷസർ ൨൦
ചൊരിഞ്ഞോരയണ്ണൊലിപ്പിച്ചു, മരങ്ങൾ പാശപോലവേ.
തേരാലെ തേരും, പോരിങ്കൽഗ്ഗജത്താലേ ഗജത്തെയും,



Digitized By Kerala Sahitya Akademi

ഹയത്താലേ ഹയത്തേയും ചതച്ചു, ചില വാനരർ.
ഉള്ളിലിമ്പമൊടെപ്പേരും പെരുംപാറകളേന്തിയും ൬൨
കൊമ്പേറിയ മരംകൊണ്ടും വീക്കീ കീശരരക്കരെ.
ക്ഷുരപ്ര,മർദ്ധചന്ദ്രങ്ങൾ, ഭല്ലം, ക്രൂരമ്പിവററിനാൽ
കപീന്ദ്രർതൻ മരം കല്ലുമറുത്താരഞ്ഞു രാക്ഷസർ.
ഉടഞ്ഞ ഗിരിശൃംഗങ്ങൾ, നുറുങ്ങിയ മരങ്ങളും, ൬൪
ചത്ത കീശാശരന്മാരും ചേർന്നു ദുർഗ്ഗമമായ് നിലം.
അക്കീശരരോ, ഗർവിതഹൃഷ്ടചേഷ്ടർ
യുദ്ധത്തിലുൾപ്പുക്ക ഭയപ്പെടാതെ
പോരിട്ടിതാ രാക്ഷസരോടു, നാനാ-
ശസ്ത്രാഢ്യരെപ്പേരുമദീനസത്ത്വർ.
അസ്സങ്കുലപ്പോരു മുതിർന്നിടുമ്പോൾ,
പ്ലവംഗമന്മാർ സരസം തിമർക്കെ,
നിശാചർ നില്ലാതെ നിലംപതിയ്ക്കെ-
യാർത്തു സുരൗഘങ്ങൾ, മഹർഷിമാരും. ൬൬

ഉടൻ മരുദ്വേഗഹയപ്പുറത്തു
കരേറി, മൂർത്തുള്ളൊരു വേലുമേന്തി
നരാന്തകൻ വാനരരാജസൈന്യം,
മത്സ്യം മഹത്താം കടൽ പോലെ, പുക്കാൻ.
ആ വീരനോ, കീശരെ മിന്നുകുന്ത-
ത്താലേ പിളർത്താനെഴുന്നൂറു പേരെ;
ക്ഷണേന കൊന്നാൻ സുരവൈരി വമ്പൻ
കപീന്ദ്രസൈന്യങ്ങളെയേകനായ്ത്താൻ. ൬൮
അശ്വപ്പുറത്തമരുമാ വമ്പൻ വാനരസേനയിൽ
സഞ്ചരിയ്ക്കുവതീക്ഷിച്ചാർ വിദ്യാധരമഹർഷിമാർ:
അവൻ പോം വഴി കാണായീ മാംസാസ്രച്ചളികെട്ടിയും,
വീണകുന്നുകൾ പോലുള്ള കീശരാലാകെ മൂടിയും. ൭൦

Digitized By Kerala Sahitya Akademi

എപ്പൊഴോ വിക്രമംകൊൾവാനൊരുങ്ങും കപിപുംഗവർ,
അപ്പൊഴെയ്യുവരെക്കേറിക്കുത്തിക്കീറും നരാന്തകൻ!
ജ്വലിയ്ക്കും കുന്തമാഞ്ഞോങ്ങിപ്പോർത്തലയ്ക്കൽ നരാന്തകൻ
എരിച്ചാൻ കപിസൈന്യത്തെ,ക്കാട്ടിനെത്തീയു പോലവേ. ൧൨
പ്ലവംഗർ മരവും കുന്നും പറിച്ചേന്തുവതെപ്പൊഴോ,
കുന്തമേററപ്പൊഴേ വീഴും വജ്രകൃത്താചലാഭയിൽ!
എല്ലാദ്ദിക്കിലുമുജ്ജ്വലിച്ചു സഞ്ചരിച്ചു നരാന്തകൻ
പോരിൽ മർദ്ദിച്ചുകൊണ്ടെങ്ങും, വർഷത്തിൽക്കാററു പോലവേ. ൧൩
ഓടാൻ,നില്പാന,നങ്ങാനും ഭയാൽ വീരരശക്തരായ്:
എല്ലോനു, നില്പോനു, ഗമിപ്പോനും മാലേകി വീര്യവാൻ!
കാലനു തുല്യമായ്സൂര്യതേജസ്സാം കുന്തമൊന്നിനാൽ
പിളർന്നപ്പെട്ടു പാർത്തട്ടിൽ വീണുപോയ് കപിസേനകൾ. ൧൪
ഇടിത്തീ വീഴ്ചതിന്നൊപ്പം കുന്തമേല്പതു താങ്ങുവാൻ
ശേഷിയില്ലാതെയായ് കീശക്കാ;-ർത്തു ചീത്തൊച്ചയോടവർ!
കാണപ്പെട്ടു നിലംപൊത്തും വീരവാനരർതന്നുടൽ,
വജ്രത്താൽശ്ശൃംഗമററിട്ടു വീഴുന്ന മല പോലവേ.
മുൻ കുംഭകർണ്ണൻ വീഴിച്ച വമ്പരാം വാനരോത്തമർ ൧൫
നിന്നിരുന്നു സുഖപ്പെട്ടു, സുഗ്രീവന്റെ സന്നിധൌ.
നോക്കുന്നേരത്തു സുഗ്രീവൻ കണ്ടു വാനരസേനയെ,
നരാന്തകഭയപ്പാടാലങ്ങുമിങ്ങും കുതിപ്പതായ്; ൧൬
പാഞ്ഞ സൈന്യത്തെ വീക്ഷിയ്ക്കെക്കാണായ്‌വന്നു, നരാന്തകൻ
കുന്തം കൈക്കൊണ്ടു കുതിരപ്പുറത്തേറി വരുന്നതും·
ശക്രവിക്രമനാം വീരകുമാരാംഗദനോടുടൻ
ചൊന്നാൻ, തേജസ്സു കൂടുന്ന സുഗ്രീവൻ, വാനരാധിപൻ:- ൧൭
'ചെല്ലു:നീയാ,ക്കുതിരതൻ പുറത്തന്മൂമരക്കനെ
കൊല്ലുകാശു കപിസൈന്യത്തെക്കലക്കീടുന്ന വീരനെ.'
അരുളപ്പാടു കേട്ടിട്ടു പുറപ്പെട്ടിതു ബാലിജൻ
കാർമേനർപ്പടയിൽനിന്നാക്കൻ കാറിൽനിന്നെന്നപോലവേ: ൧൮

Digitized By Kerala Sahitya Akademi

ശൈലസംഘാതസദൃശൻ, കപിപുംഗവനംഗദൻ
ശോഭിച്ചാനംഗദധരൻ, ധാതുമൽഗിരി പോലവേ.
നിരായുധൻ, സുതേജസ്വി, വെറുംദംഷ്ട്രാനഖത്തോടേ
നരാന്തകനൊടേററിട്ടൊന്നുരച്ചു, ബാലിനന്ദനൻ:-
'നില്ക്കീ,സ്സാധുപ്ലവഗരെക്കൊണ്ടു നീയെന്തു ചെയ്തിടും?
വജ്രം പോലേല്പതാം കുന്തം ചാട്ടിക്കൊൾകെൻെറ നെഞ്ചിതിൽ.'
അംഗദച്ചൊല്ലു കേട്ടേറെ ക്രോധം പൂണ്ടാൻ നരാന്തകൻ:
പല്ലാൽത്തുലോം ചുണ്ടു കടിച്ചു,രഗംപോലെ ചീററിയും,
അബ്ബാലിപുത്രാംഗദനോടേററു രുഷ്ടൻ നരാന്തകൻ.
കത്തുന്ന കുന്തം വടിവിൽച്ചുഴററി-
ച്ചാട്ടീടിനാന്തുക്കൊടുമംഗദങ്കൽ;
വജ്രാഭമാം ബാലിസുതൻെറ നെഞ്ച-
ത്തടിഞ്ഞൊടിഞ്ഞിട്ടതു മന്നിൽവീണു.
താർക്ഷ്യൻ മുറിച്ചോരു ഭുജംഗദേഹം
കണക്കെയക്കുന്തമൊടിഞ്ഞനേരം,
ശരിയ്ക്കു കയ്യോങ്ങിയടിച്ചുകൊണ്ടാൻ
തദ്വാജിതൻ മൂർദ്ധനി ബാലിപുത്രൻ. ൫൦
കൺപൊട്ടി,യണ്ണാക്കു കുഴിഞ്ഞു, നാക്കു
പുറത്തു ചാടി,ക്കരതാഡനത്താൽ
ശിരസ്സുടഞ്ഞങ്ങു നിലംപതിച്ചാ-
നവൻെറയാ വാജി,യൊരദ്രി പോലേ.
തുരംഗമം ചത്തുമലച്ചുയാലേ
നരാന്തകന്നിറ മുഴുത്തു പാരം;
മഹാനുഭാവൻ യുധി കൈ ചുരുട്ടി-
സ്സുരേന്ദ്രപൌത്രൻെറ തലയ്ക്കിടിച്ചാൻ.
ആ മുഷ്ടിഘാതാൽത്തല വിണ്ടു, ചുട്ട
കടുംനിണം ചാടിയ ബാലിപുത്രൻ
മേന്മേൽ ജ്വലിച്ചാൻ, വെളിവും വെടിഞ്ഞാൻ;
തൻെറടമാന്നിട്ടു പകച്ചുനിന്നാൻ.

Digitized By Kerala Sahitya Akademi

പിമ്പ,ദ്രിശൃംഗോപമമായ മുഷ്ടി
ചുരുട്ടി, വജ്രത്തൊടിടഞ്ഞൊരുക്കിൽ,
നരാന്തകൻതന്നുടെ മാറിടത്തൊ-
ന്നിടിച്ചു, വമ്പേറിയ ബാലിപുത്രൻ. ൻ൪

ഇടിയ്ക്കുയാൽ നെഞ്ചമരഞ്ഞമന്നു,
ത്തീ കാന്നു,മംഗത്തിൽ നിണം പുരണ്ടും,
നരാന്തകൻ മന്നിൽ മറിഞ്ഞുവീണു;
വജ്രാഭിനിഭിന്നമൊരദ്രി പോലെ.
മുഴക്കിനാർ വാനിൽ നിലിമ്പവര്യർ,
വനാലയന്മാരുമുരത്ത ഘോഷം,
രണാന്തരേ ബാലിജനാ പ്രവീര്യ-
നരാന്തകന്നന്തമണച്ചനേരം. ൻ൫

സുദുഷ്കരം, രാമനു ഹർഷഹേതുവി-
പ്പരാക്രമം ബാലിജനങ്ങു, ചെയ്കയാൽ
പകച്ചിതാ വിക്രമവീര്യശാലിയും;
ജനിച്ചു പോരിമ്പമവന്നു വീണ്ടുമേ.

---

## എഴുപതാം സർഗ്ഗം: ദേവാന്തകാദിവധം.

—o—

നരാന്തകവധം കണ്ടു കേണാർത്തു രാക്ഷസഷഭർ,
ദേവാന്തകൻ, രാവണജൻ ത്രിശിരസ്സു, മഹോദരൻ.
കാറിന്നൊത്ത കരീന്ദ്രകലേറിവാണ മഹോദരൻ
വീര്യാഢ്യനാമംഗദനെപ്പാഞ്ഞണഞ്ഞിതു വീര്യവാൻ; ൧
ഭ്രാതൃദുഃഖത്തിനാൽ വെന്ത ദേവാന്തകനമൂർജ്ജിതൻ
തിളങ്ങും പരിഘം കൈക്കൊണ്ടെതിർത്തു ബാലിപുത്രനെ;
ഉത്തമാശപങ്ങളെപ്പൂട്ടിത്തപനനൊത്ത തേരതിൽ
കേറി വീരൻ ത്രിമൂർദ്ധാവും പാഞ്ഞെറ്റു ശക്രപൌത്രനെ. ൪

Digitized By Kerala Sahitya Akademi

മുവ്വരുമ്പർമദം തീൎത്ത രാക്ഷസേന്ദ്രരെതിൎക്കവേ,
പറിച്ചെട്ടത്താൻ വങ്കൊമ്പുള്ളൊരു വൃക്ഷത്തെയംഗദൻ,
ദേവാന്തകന്റെ നേൎക്കുക്കിലെറിഞ്ഞാൻ വീരനംഗദൻ,
ശക്രൻ ദീപ്താശനി കണക്കാ, വങ്കൊമ്പുള്ള വന്മരം. ൫
അറുത്താൻ ത്രിമൂൎദ്ധാവു പാമ്പിനൊത്ത ശരങ്ങളാൽ;
മരം മുറിയ്ക്കപ്പെട്ടപ്പോൾച്ചാടിച്ചെന്നേററിതംഗദൻ.
ചൊരിഞ്ഞുകൊണ്ടാൻ മരവും കല്ലുമക്കപികുഞ്ജരൻ;
മുറിച്ചാനവയെ ക്രുദ്ധൻ ക്രൂരമ്പാലേ ത്രിശിരസ്സും. ൮
ഒടിച്ചാൻ പരിഘാഗ്രത്താലാ മരങ്ങൾ സുരാന്തകൻ;
ത്രിശിരസ്സമ്പുതിൎത്തോടിയേററാനംഗദവീരനെ.
ആനയാൽബ്ബാലിസുതനെപ്പാഞ്ഞേററിട്ടു മഹോദരൻ
ചൊടിച്ചു കുത്തിനാൻ മാറിൽ, വജ്രതുല്യതോമരങ്ങളാൽ. ൧൦
ചൊടിച്ചു ദേവാന്തകനും ചെന്നേററംഗദനെത്തദാ
പരിഘത്താലെയൊന്നുക്കിൽത്തല്ലിപ്പിന്മാറിനാൻ ദ്രുതം.
മുവ്വരാശരമുഖ്യന്മാരൊപ്പമേ പാഞ്ഞണഞ്ഞതിൽ
ക്രസിയില്ലാസ്സതേജസ്വി, ബാലിപുത്രൻ, പ്രതാപവാൻ ൧൨
ഊക്കൊക്കമവനൊരട്ടേററയൂക്കേട്ടത്ത, തിദുൎജ്ജയൻ
ചാടിത്തച്ചാൻ കരതലംകൊണ്ടു,വന്റെ ഗജേന്ദ്രനെ.
അവന്റെയത്തല്ലേററിട്ടക്കരിരാജന്നു സംഗരേ
അടന്നുവീണു നേത്രങ്ങൾ; വാവിട്ടലറിയഗ്ഗജം. ൧൪
അതിൻ കൊമ്പു പറിച്ചേററി, ബ്ബാലിപുത്രൻ മഹാബലൻ
ദേവാന്തകനെ,യോടിച്ചെന്നാഞ്ഞടിച്ചിതു സംഗരേ.
കാററിട്ടുലച്ച വൃക്ഷം പോലംഗമാകെക്കുഴഞ്ഞവൻ
വായിൽനിന്നങ്ങു ചെമ്പാഞ്ഞിച്ചോരയൊളിച്ചോര കക്കിനാൻ.
പണിപ്പെട്ടാശ്വസിച്ചിട്ട,ദ്ദേവാന്തകനതിദൃതി
ഘോരമാം പരിഘം വീശിത്തച്ചാനംഗദനെബ്ബലി.
പരിഘത്തല്ലു കൊണ്ടിട്ടക്കപിരാജകുമാരകൻ
നിലത്തു മുട്ടുകുത്തിപ്പോയ്; വീണ്ടുമങ്ങേററു ചാടിനാൻ. ൧൬

Digitized By Kerala Sahitya Akademi

അൗ നേരിട്ടം പ്ലവംഗേശപുത്രനെ ത്രിശിരസ്സടൻ
നെററിയ്ക്കേയ്ക്കിതു, ചൊവ്വിൽപ്പോം മൃഗം ഘോരശരങ്ങളാൽ.
പിമ്പ,ംഗദനെയാ മൂവ്വരാശരേന്ദ്രർ ചുഴന്നതായ്
അറിഞ്ഞിട്ട ഹനുമാനും പുറപ്പെട്ടിതു നീലനും: ൧൦
ഒരു പവ്വതശൃംഗത്തെച്ചാട്ടി നീലൻ ത്രിശീഷനിൽ;
പിളത്താനതു ക്രൂരമ്പാൽഭീമാനാം രാവണാത്മജൻ.
ത്തുർന്തുറമ്പാൽപ്പിളന്നിട്ടു, വിണ്ട പാറപ്പുറത്തൊടും,
തീപ്പൊരിജ്വാലകളൊടും വീണിതദ്രിരിതൻ മുടി! ൧൧
അവൻെറയദ്ഭുതമ കണ്ടിവതോടേ സുരാന്തകൻ
പരിഘം പൂണ്ടു പാഞ്ഞെററു പോരിൽ മാരുതപുത്രനെ.
നേരിട്ടക്കവനെ ഹനൂമാനനിലാത്മജൻ
ചാടിത്തലയ്ക്കിടിച്ചാനൊന്ന,ാനിയ്ക്കാത്ത മുഷ്ടിയാൽ. ൧൨
തലയ്ക്കിടിപ്പതോടൊപ്പം, ബലി വീരൻ മരുത്സുതൻ
ഒപ്പിനാൽ വിറപ്പിച്ചാനരക്കരെ മഹാകപി.
തദാ തലത്തട്ടിടിയാൽത്തകന്നി-
ട്ട,ടന്ന കൺപല്ലൊട്ട, നാവു തൂങ്ങി,
ചിക്കെന്നു വീണാനുയിർ വിട്ടു മന്നിൽ-
ദ്ദേവാന്തകൻ രാക്ഷസരാജപുത്രൻ. ൧൩
ബലിഷ്ഠനാ രാക്ഷസയോധമുഖ്യൻ
സുരാരി പോരിൽക്കൊലയേററനേരം,
നീലൻെറ മാറിൽത്തല ക്രുദ്ധ മൂത്ത
ശരം ചൊരിഞ്ഞാൻ ത്രിശിരസ്സു രോഷാൽ.
ക്രുദ്ധൻ മഹോദരൻ വീണ്ടും മല പോലുള്ളൊരാനമേൽ,
കതിരോൻ മന്ദരത്തിന്മേൽപ്പോലവേ കേറിയങ്ങു സാ ൧൪
നീലങ്കലെമ്പാടുമൊരു ബാണപ്പെരുമഴ തൂകിനാൻ,
വാർമിന്നൽവില്ലണിക്കാറു മലമേൽ മഴ പോലവേ.
ശരൌഘമാകും പെരുമാരിയേററി-
ട്ടംഗങ്ങളും വിണ്ടകപിസൈന്യപാലൻ

Digitized By Kerala Sahitya Akademi

ഭ്രഷ്ടാംഗനായ്ത്തീന്നിതു നീലനാ, വ-
ങ്കരത്തനാൽ സ്തംഭിതനാകയാലേ. ൩൦
തൻേറടമാന്നപ്പൊഴുതോ, മരത്തോ-
പ്പിയന്നാ കുന്നൊന്നു പറിച്ചു നീലൻ
കുതിച്ചു ചാടി,ക്കൊട്ടതായൊരുക്കിൽ,
മഹോദരൻതൻെറ തലയ്ക്കടിച്ചാൻ.
മഹോദരൻ മാമലയേററുടഞ്ഞാ,
മഹാഗജത്തോടൊരുമിച്ചുതന്നേ
ഞെരിഞ്ഞുവീണാനുയിർ വിട്ടു മന്നി-
ലൊരദ്രി വജ്രാഹതിയാൽക്കണക്കെ. ൩൨

അപ്പനെക്കൊന്നതീക്ഷിച്ചു വില്ലേന്തി ത്രിശിരസ്സുടൻ;
ക്രോധം പൂണ്ടു ഹനുമാങ്കലെയ്തു കൂർത്ത ശരങ്ങളും.
ഒരു കുന്നിന്മുടി ചൊടിച്ചെറിഞ്ഞാനാ മരുത്സുതൻ;
പലപാടതു കൂരമ്പാൽക്കീറി കെല്പൻ ത്രിശീഷനും. ൩൪
അശൃംഗം യുധി പാഴായ്ത്തീന്നതു കണ്ടു മഹാകപി
വഷിച്ചാൻ, രാവണിയുടെ നേക്കു വൃക്ഷഗണങ്ങളെ.
ആച്ചെല്ലും വൃക്ഷവഷത്തെ വാനിൽവെച്ചേ പ്രതാപവാൻ
കൂരമ്പിനത്താൽ ത്രിശിരസ്സറുത്താന,ലറീടിനാൻ. ൩൬
ഹനുമാനോ, രുഷാ ചാടി ത്രിശിരസ്സിൻ ഹയങ്ങളെ,
സിംഹം ഗജേന്ദ്രനെപ്പോലെ, നഖാഗ്രത്താൽപ്പിളത്തിനാൻ.
വേലൊന്നെടുത്തുടൻ, കാളരാത്രി കാലൻ കണക്കിനെ,
പവനാത്മജനിൽച്ചാട്ടീ ത്രിശീഷൻ രാവണാത്മജൻ. ൩൮
ആകാശാൽക്കൊള്ളിമീൻ പോലഞ്ഞാഞ്ഞു ചാട്ടിയ വേലിനെ
പിടിച്ചു ഹരിശാർദ്ദൂലനൊടിച്ചാനലറീടിനാൻ.
ആഘോരമാം വേലനുമാനിട്ടൊടിച്ചതു കാൺകയാൽ
ഹഷിച്ചു കപിയൂഥങ്ങളാർത്തു, മേഘങ്ങൾ പോലവേ. ൪൦
ഉടനേ വാളെടുത്തോങ്ങി, ത്രിശിരസ്സാശരോത്തമൻ
വെട്ടിനാൻ വായുസുതനെ,പ്പരപ്പേറിയ മാറിലായ്.

Digitized By Kerala Sahitya Akademi

വാളംവെട്ടേററിട്ടു, ഹനുമാൻ, വായുവിൻസൂനു, വീര്യവാൻ
ത്രിശിരസ്സിൻെറ നെഞ്ഞത്തൊന്നടിച്ചാൻ കൈത്തലത്തിനാൽ.
അവൻെറ കൈത്തലത്തല്ലേററാ, യുദ്ധപ്പിടി വിട്ടടൻ,
പോരിൽ ത്രിശീർഷൻ തേജസ്വി താൻ്റടം കെട്ടു വീണുപോയ്.
വീഴുന്നവൻെറ വാളം തട്ടിപ്പറിച്ചിട്ടാ മഹാകപി,
അരക്കരൊക്കെ ഞെട്ടുംമാറൊന്നാർത്തു പർവ്വതോപമൻ. ൪൪
അക്ഷോഭത്തെസ്സഹിയ്ക്കാതെ ചാടിയേററു നിശാചരൻ;
ചാടിയേററു ഹനുമാങ്കൽ മുഷ്ടികൊണ്ടിടിക്കുട്ടിനാൻ.
ആ മുഷ്ടിപ്രഹരത്താലേ ചൊടി കൊണ്ടാൻ മഹാകപി;
ചൊടിച്ചു മകുടത്തിന്മേൽപ്പിടിച്ചാനാശരേന്ദ്രനെ. ൪൫

കിരീടയുക്തങ്ങളും സകുണ്ഡലങ്ങ-
ളവൻെറ ശീർഷങ്ങളും നിശാതവാളാൽ
വെട്ടി ചൊടിച്ചപ്പവമാനപുത്രൻ,
ത്വാഷ്ട്രാത്മജാംഗങ്ങളും വജ്രാരി പോലെ.
എരിഞ്ഞ തിയ്യിന്നെതിർകണ്കളുള്ളാ-
സ്സുക്രാരിശീർഷങ്ങളുഗ്രോപമങ്ങളും,
വിശാലകടാക്ഷങ്ങളും നിലംപതിച്ചു,
നഭസ്ഥലാൽ താരകളെന്നപോലെ. ൪൬
ത്രിശീർഷദേവാരിയെയങ്ങു ശക്ര-
പരാക്രമൻ മാരുതി കൊന്നനേരം
പ്ലവംഗരാർപ്പിട്ടു; കുലുങ്ങി, പാർത്ത-
ട്ടെ;-ന്മാട്ടമേ പാഞ്ഞിതു രാക്ഷസന്മാർ.

ത്രിശിരസ്സു, യുദ്ധോന്മത്തർ ദേവാന്തകനരാന്തകർ,
മഹോദരനുമവ്വണ്ണം കൊലപ്പെട്ടതു കാണ്കയാൽ ൫൦
ചെറും പൊറാതെ കോപിച്ചാൻ മത്തനാമാശ്രഷഭൻ;
ഒട്ടക്കിരിമ്പായ്ശൊട്ടതായ്ത്തിളങ്ങും ഗദയേന്തിനാൻ:
പൊവോളയാൽപ്പൂററിയതായ്, മാംസരക്തം നിരഞ്ഞതായ്,
മിന്നുന്ന വടിവുള്ളൊന്നായ്, ശത്രുരക്തം കുടിച്ചതായ് ൫൨
32

Digitized By Kerala Sahitya Akademi

തേജസ്സാളും തലപ്പോടും, രക്തമാല്യമണിഞ്ഞതായ്,
ഐരാവതമഹാപത്മസാർവ്വഭൗമഭയാവഹം
ഗദ കൈക്കൊണ്ടു, കോപിച്ചു മത്തനാമാശരർഷഭൻ
പാഞ്ഞേററു വാനരന്മാരെ,ക്കത്തും കല്പാഗ്നി പോലവേ. ൮൪
ആ രാവണാവരജനാം മത്തനെപ്പാടിയേററുടൻ
അവൻെറ മുന്നിലായ് നിന്നാൻ ബലവാനൃഷഭൻ കപി
നേരിട്ടു നിന്നതായ്ക്കണ്ടാ മലയ്കൊത്ത കുരങ്ങനെ,
വജ്രം പോലുള്ള ഗദയാൽത്തല്ലാൻ നെഞ്ഞത്തു രുഷ്ടനായ്. ൮൮
അവൻെറയ ഗ്ഗദത്തല്ലു കൊണ്ടിട്ടക്കപിപുംഗവൻ
മാറിടം വിണ്ടു വിറ കൊണ്ടേററം നിണമൊഴുക്കിനാൻ.
പിന്നെച്ചിരേണ ബോധം പൂണ്ടൃഷഭൻ വാനരർഷഭൻ
അക്രൂരൻതൻെറ ഗദതാൻ നേർക്കോടിച്ചെന്നിളക്കൊടേ; ൮൮
പോർമുന്നിലഗ്ഗദാരഗദ പിടുങ്ങിപ്പെട്ടെന്നുപെട്ടെന്നുമേ
ചുഴററിത്തല്ലിനാൻ, മത്താനീകനാകിയ ക്രൂരനെ.
തനതാം ഗദയാൽ വിണ്ടു, പല്ലും കണ്ണും തകർന്നുപോയ്
വീണു മത്തനവൻ, വജ്രമേററൊരു മല പോലവേ. ൯൦
കൺ തകർന്നാ കരുത്താരുമുയിർ വിട്ടാ നിശാചരൻ
നിലത്തു വീണ നേരത്തു പാഞ്ഞുപോയ് രാക്ഷസപ്പട.

ആ രാവണാനുജൻ കൊലപ്പെ-
ട്ടാറേ, കടല്ക്കൊത്ത നിശാടസൈന്യം
ശസ്ത്രങ്ങൾ കൈവിട്ടുയിർതാൻ കൊതിച്ചു
പാഞ്ഞു, തടം പൊട്ടിയൊരാഴിപോലേ. ൯൨

(—*—)

## ഏഴുപത്തൊന്നാം സർഗ്ഗം: അതികായവധം.

---

കോൾമയിർക്കൊള്ളുമാറൊന്നായ്ച്ചെന്ന സൈന്യമുടഞ്ഞതും;
ശക്രവിക്രമർ സോദര്യരടരിൽക്കൊലയേററതും;
അപ്പനമാരിരുപേർ, മത്തയുദ്ധോന്മത്താശരർഷഭർ,
ജ്യേഷ്ഠാനുജന്മാർ വീഴിയ്ക്കപ്പെട്ടതും പാർത്തു കാൺകയാൽ ൨

Digitized By Kerala Sahitya Akademi

പോരിൽച്ചൊടിച്ചു തേജസ്വി, ധാതാവിൻവരമാന്നവൻ,
അതികായൻ, മലയ്ക്കൊത്തോൻ, ദേവാസുരമദാപഹൻ.
ആയിരം സൂര്യരൊന്നിച്ചാൽപ്പോലുദ്ഭാസിച്ചു തേരതിൽ
കരേറിയിന്ദ്രാരിയവൻ പാഞ്ഞെതിർത്താൻ പ്ലവംഗരെ: ൪
പെരുംവില്ലൊലി പൊങ്ങിച്ചു, കിരീടി ശുഭകുണ്ഡലൻ
പേരുച്ചത്തിലുരച്ചിട്ടൊന്നാർത്താൻ ചീർത്തൊച്ചയോടവൻ.
അസ്സിംഹനാദവും, തൻെറ പേരുച്ചത്തിലുരച്ചതും,
സുഘോരമാം ഞാണൊലിയും നടുങ്ങിച്ചു, പ്ലവംഗരെ.
മെയ്വായ്പു കണ്ടു,'യിതേററ കുംഭകർണ്ണനിതെ'ന്നുതാൻ
പേടിച്ചരണ്ടിട്ടന്യോന്യം പിടിച്ചാർ കീശരേവരും!
മൂന്നളക്കും ഹരിയ്ക്കൊപ്പമവൻെറയുടൽ കാൺകയാൽ
പേടിച്ചക്കപിയോദ്ധാക്കളോടിപ്പോയാരതാതിടം. ൮
അതികായനെ മുന്നിൽക്കണ്ടുടൻ വ്യാധാം കെട്ട വാനരർ
ശരണം പൂകിനാർ പോരിൽശ്ശരണ്യൻ ലക്ഷ്മണാഗ്രജനെ.
കണ്ടു കാകുത്സ്ഥനം ദൂരാൽ, ധന്വിയാമതികായനെ,
തേരിൽ നിന്നു കരിംകാർ പോലലറും ഗിരിതുല്യനെ. ൧൦
അക്രൂരനെക്കണ്ടാശ്ചര്യപ്പെട്ടു ചോദിച്ചു രാഘവൻ,
കീശക്കാശപാസമരുളി, വിഭീഷണനൊടിങ്ങിനെ:-
"ആരാണിപ്പർവതാകാരൻ, വില്ലാളി, ഹരിലോചനൻ,
അശ്വമോരായിരം ചേർന്ന വിസ്തീർണ്ണത്തേരിൽ വാഴുവോൻ? ൧൨
ജ്വലിയ്ക്കും കൂർത്ത ശൂലങ്ങൾ, മൂർത്ത തോമരകുന്തവും
ചുഴന്നു ശോഭിപ്പിതിവൻ, ഭൂതാവൃതശിവാഭനായ്!
കാലൻെറ നാവു പോലുള്ള തേർവേലുകൾ ചുഴന്നിവൻ
പാരം ലസിപ്പതുണ്ടല്ലോ, മിന്നലാൽ മുകിൽ പോലവേ. ൧൪
പുറത്തു നിളെപ്പൊൻപൂശിക്കലയേററിയ വില്ലുകളാൽ
പെരുംതേരിതു ശോഭിപ്പൂ, കാർവില്ലാൽ വാനു പോലവേ.
ഇതാ, രാക്ഷസശാർദ്ദൂലൻ, സൂര്യഭാസ്സായ തേരിനാൽ
പോർക്കളത്തെ വിളങ്ങിച്ചു വന്നെത്തുന്നു മഹാരഥൻ; ൧൬

Digitized By Kerala Sahitya Akademi

വിളങ്ങുന്നു, കൊടിമരത്തിന്മേൽ മേവിന രാഹുവാൽ;
ദിക്കുപത്തും വിളങ്ങിപ്പൂ, സൂര്യാംശുശ്രീശരങ്ങളാൽ.
പൊൻപൂശി, മൂന്നു വളവൊത്തി,വൻറയണിവില്ലിതാ,
കാറൊച്ചയോടെ ശോഭിപ്പൂ, മഴവില്ലിന്നു തുല്യമായ്. ൧൫
വൻതേരിന്നുണ്ടു നൽക്കീർത്തിക്കൂട്ടയർകേതു, പതാകയും
നാലുപേർ സാരഥികളു,മിടിവെട്ടെതിരൊച്ചയും;
തേരിൽപ്പത്തെട്ടിരുപത്തുമുണ്ടിവന്നാവാഴികൾ,
ഭീമങ്ങളാം വില്ലുകളും, പൊൻമഞ്ഞപ്പുള്ള ഞാൺകളും! ൨൦
പാർശ്വങ്ങളിൽസ്സുപാർശ്വങ്ങൾ തേരിലുണ്ടിരുവാളുകൾ,
പത്തുകോൽ നീളവും തിട്ടം നാലുകോൽപ്പിടിയുമൊത്തവ.
കറുത്തോൻ, മാമലയ്ക്കൊത്തോൻ, തുടുപൂമാലയിട്ടവൻ
ധീരൻ, കാലപ്പെരുംവായൻ, കാറാണ്ട രവി പോലവേ; ൨൨
പൊന്തോൾവളയണിക്കൈകൾകൊണ്ടും ശോഭിപ്പതുണ്ടിവൻ
ഉയന്ന രണ്ടു ശൃംഗത്താൽപ്പനിമാമല പോലവേ.
ഇതാ, സുനേത്രം വദനം ലസിപ്പൂ കുണ്ഡലങ്ങളാൽ,
പുണർതങ്ങൾക്കു നടുവിൽപ്പൂർണ്ണചന്ദ്രൻ കണക്കിനെ. ൨൪
ചൊല്ലുകന്നോടു മഹാബാഹോ, ഭവാനീ രാക്ഷസേന്ദ്രനെ:
പേടിച്ചോടിയതിവ്വാളെക്കണ്ടല്ലോ, കീശരേവരും."
 തേജസ്സേറും നൃപസുതൻ രാമൻ ചോദിച്ചനേരമേ
പറഞ്ഞു രാഘവനൊടാ,ത്തേജസ്സേറും വിഭീഷണൻ:—
"ദശാസ്യനതിതേജസ്വി രാജാവു ധനദാനുജൻ
ഭീമകൃത്യൻ മഹോത്സാഹൻ രാവണൻ രാക്ഷസാധിപൻ;
ആ രാവണന്നുജ്ജിതനൊരുണ്ണിയുണ്ടായി തത്സമൻ,
വീര്യവാൻ, ശ്രുതവാൻ, വൃദ്ധസേവി, സർവാസ്ത്രവിദ്വരൻ; ൨൭
അശ്വപ്പുറം, തേർ, മാതംഗം, വില്ലു, വാൾ, കഷ്ണായുധം,
ഭേദം, സാമം, നയം, ദാനം, മന്ത്രമെന്നിതിൽ മന്ത്രിയോൻ;
അവൻെറ കൈമേൽച്ചേർന്നത്രേ, ലങ്ക മേവുന്നു നിർഭയം;
അദ്ധാന്യമാലിനീപുത്രന,തികായാഖ്യനാണിവൻ. ൩൦

Digitized By Kerala Sahitya Akademi

ആരാധിച്ചാൻ തപസ്സാലിക്കൃതാത്മാവാത്മയോനിയെ;
അസ്ത്രങ്ങളുമുപാർജ്ജിച്ചാൻ; തോല്പിച്ചാൻ വൈരിമാരെയും.
സുരാസുരാവധ്യതയും നല്കിയിട്ടുണ്ടിവന്നജൻ,
ദിവ്യമിച്ചട്ടയും, സൂര്യനൊപ്പം മിന്നുന്ന തേരിതും. . ൩൨
ഇവൻ തോല്പിച്ചിരിയ്ക്കുന്നു ദേവാസുരരെ ന്നൂറുരു;
ചെയ്തിരിപ്പൂ നിശാടക്കർ രക്ഷ, യക്ഷക്കർ നാശവും.
അനങ്ങാതാക്കി ധീമാനാമിന്ദ്രൻതൻ വജ്രമമ്പിനാൽ;
പാഴിലാക്കി ജലേശൻെറ പാശവും പോരിൽവെച്ചിവൻ! ൩൪
അതികായനിവൻ കെല്പനു,രക്കരിൽ മികച്ചവൻ,
ബുദ്ധിമാൻ, രാവണസുതൻ, ദേവാസുരമദാപഹൻ.
അതിനാലിവനിൽ ക്ഷിപ്രം ചെയ്ക യത്നം നരർഷഭ:
കീശസൈന്യങ്ങളെ മുടിച്ചേയ്ക്കുമല്ലോ, ശരങ്ങളാൽ." ൩൬
അതികായൻ പുരുബലൻ വാനരപ്പട പൂക്കടൻ
ലിപ്പെട്ടത്തിനാൻ ചാപം; പേർത്തുപേർത്തലറീടിനാൻ.
ആ വൻതേരാളിയെത്തേരിൽക്കണ്ടു, ഘോരശരീരനെ
പാഞ്ഞെണഞ്ഞു മഹാത്മാക്കൾ, വാനരത്തലയാളികൾ: ൩൮
കുമുദൻ, ദ്വിവിദൻ, മൈന്ദൻ, നീലൻ, ശരഭനെന്നിവർ
മരവും ശൈലമുടിയും പൂണ്ടു പാഞ്ഞെതിരിതൊപ്പമേ.
അവർതൻ മരവും കുന്നും പൊന്നണിഞ്ഞ ശരങ്ങളാൽ,
അതികായൻ മഹാതേജസ്സറുത്താനസ്ത്രവിദ്വരൻ; ൪൦
എയ്തയുംചെയ്തു, യുധി നേരിട്ട കീശരെയൊക്കയും,
ഒട്ടുക്കിരിമ്പാമമ്പാലക്കെല്പൻ ഭീമാംഗനാശരൻ.
ബാണവർഷാർത്തിതന്മാരായ് മൈ പിളന്നാ പ്ലവംഗമർ
അതികായന്നു വമ്പോരിലെതിർചെയ്യാനശക്തരായ്. ൪൨
അക്കീശവീരസൈന്യത്തെപ്പായിച്ചു രാക്ഷസൻ രുഷാ,
ഘോരത്തിളപ്പെഴും സിംഹം മാൻക്കൂട്ടത്തെക്കണക്കിനെ.

ആ രാക്ഷസേന്ദ്രൻ ഹരിസൈന്യമദ്ധ്യേ
പോരാടിടാത്താരെയുമെയ്തതില്ലാ;

Digitized By Kerala Sahitya Akademi

തൂണീരവും ചാപവുമായണഞ്ഞു
സഗൎവ്വമായ് രാമനൊടേവമോതി:-
'തേരേറി വില്ലമ്പുകളേന്തിയോൻ ഞാൻ
പോരാടിടുന്നില്ലൊരു സാധുവോടും;
ആരാനുമുണ്ടുദ്യമയുക്തനെങ്കി-
ലെനിയ്ക്കു പോരിങ്ങു തരട്ടെ വേഗം!'
അവൻ കഥിയ്ക്കുന്നതു കേൾക്കയാലേ
ചൊടിച്ചു സൌമിത്രിയമിത്രകാലൻ
പൊറായ്കയാലങ്ങെതിരിട്ടുടൻതാൻ;
ക്രുദ്ധാതുരൻ വില്ലുമെടുത്തുകൊണ്ടാൻ. ൪൬
ചൊടിച്ചേററതികായൻെറ മുന്നിലായ് നിന്നു ലക്ഷ്മണൻ
തൂണീരാൽശ്ശരമൊന്നേന്തി, വലിച്ചാൻ പെരുവില്ലിനെ.
ഭൂവാകാശം കടൽ മല ദിക്കുമൊക്കെ നിറച്ചുടൻ
ഞെട്ടിച്ചു രാക്ഷസരെ,യാ ലക്ഷ്മണക്കൊട്ടൊലി. ൪൮
സൌമിത്രിയുടെ പേടിപ്പിയ്ക്കുന്ന വില്ലൊലി കേൾക്കയാൽ
പകച്ചുപോയ് ബലി, മഹാതേജസ്സാ,ശരർകോന്മകൻ;
ഏററ ലക്ഷ്മണനെക്കണ്ടു രോഷമോടതികായനും
ഒരു ക്രൂരമ്പിനെയെടുത്തി,ത്ഥമൊന്നുരിയാടിനാൻ:— ൫൦
'നീ ബാലനല്ലോ സൌമിത്രേ, വിക്രമം തെരിയാത്തവൻ;
പോയ്ക്കൊൾക: കാലസമനാം ഞാനായ്പ്പോരാപ്പതെന്തിനീ ?
എങ്കയ്യാൽച്ചൊരിയപ്പെട്ട ബാണങ്ങളുടെയൂക്കിനെ
താങ്ങാൻ പോരാ ഹിമവാനും, വാനു,ഴിയിവപോലുമേ; ൫൨
പ്രശാന്തകാലാനലനെക്കത്തിപ്പാനാണു നിൻശ്രമം!
വില്ലു വെച്ചു മടങ്ങിപ്പോകെ;-ന്നോടേററുയിർ പോകൊലാ.
ഉള്ളാൽ നീ തിരിയേ പോകാൻ നിനയ്ക്കുന്നില്ലയെങ്കിലോ,
നിന്നുകൊൾക;-യിർ കൈവിട്ടു കാലഗേഹത്തിലെത്തിടാം! ൫൪
കാൺകെൻെറ കൂൎത്ത ബാണങ്ങൾ, വൈരിദപ്പാപഹാരികൾ;
രുദ്രായുധോപമാനങ്ങൾ, തങ്കപ്പൊൻകൊണ്ടണിഞ്ഞവ.

Digitized By Kerala Sahitya Akademi

ഈസ്സപ്പ്തുല്യമാം ബാണം നിന്റെ ചോര കുടിച്ചിടും,
ചൊടിച്ച സിംഹം പെരിയോരാനതൻ ചോര പോലവേ.'
എന്നുരച്ചു തൊടുത്താനൊരമ്പു വില്ലിൽസ്സരോഷനായ്. ൫൮
സഗർവരുട്ടാമതികായവാക്യം
കേട്ടാക്കരുത്തേറിയ രാജപുത്രൻ
പോരിൽച്ചൊടിച്ചാനതലക്ഷ്മി പൂണ്ടോൻ,
മഹാത്ഥമായൊന്നുരചെയ്തുകൊണ്ടോൻ:—
'പ്രമാണിയാകാ മൊഴികൊണ്ടുതാൻ നീ:
കിടച്ചിടാ ശ്രേഷ്ഠത' മെനിചൊന്നാൽ;
സബാണചാപത്തൊടു നില്ക്കുമെങ്കൽ-
ന്റുദ്ഗമതേ, കാട്ടുക നിൻബലത്തെ! ൫൯
തന്നെക്കാണില്ല തൊഴിലാൽ; മെനിചൊല്ലുകയവണ്ട നീ
പൌരുഷം ചേന്നവനെവനവനാം ശൂരനെന്ന പേർ.
വില്ലേന്തിത്തേരിൽ മരുവും സർവായുധയുതൻ ഭവാൻ
അസ്ത്രത്താലോ ശരത്താലോ കാണിയ്ക്ക നിജവിക്രമം; ൬൦
ചില്ലാടു വീഴുവൻ നിന്റെ തല ക്രൂരമ്പുകൊണ്ടു ഞാൻ,
കാലേ മൂത്ത പനംതേങ്ങ വൃന്താൽക്കാറെറന്ന പോലവേ.
ഇന്നു നിന്മെയ്യിൽനിന്നൊ,ന്റെ തങ്കപ്പൊന്നാണിയമ്പുകൾ
മുറിപ്പാടുകളിൽപ്പൊന്തിവന്ന ചോര കുടിച്ചിടും! ൬൧
എങ്കൽ, ബ്ബാലനിതെന്നെണ്ണിയവജ്ഞ കരുതായ്ക്ക നീ:
ബാലൻ താനൊ,രു വൃദ്ധൻ താൻ, കാലനെന്നോർക്ക പോരിൽ
[ഞാൻ;
ബാലൻ വിഷ്ണുവളന്നല്ലോ, മൂപ്പാർ മൂന്നടികൊണ്ടുതാൻ!'
യുക്തിയൊത്തത്ഥവത്തായ ലക്ഷ്മണച്ചൊല്ലു കേൾക്കയാൽ ൬൨
അതികായൻ പ്രകോപിച്ചാനൊ,രഗ്ര്യശരമേന്തിനാൻ.
ഉടൻ വിദ്യാധരാമർത്ത്യർ ഭൂതദൈത്യമഹർഷിമാർ
പെരിയോർ ഗുഹ്യകന്മാരും വന്നാരപ്പട കാണുവാൻ.
അതികായനമർത്താലമ്പു വില്ലിൽത്തൊടുത്തുടൻ ൬൩

Digitized By Kerala Sahitya Akademi

സൌമിത്രിയുടെ നേക്കെയ്ത്തു, വാൻ വിഴങ്ങുന്ന മട്ടിലായ്.
നേരിട്ടണയുമാസ്സർപ്പകല്പമാം ക്രൂര സായകം
മുറിച്ചാനർദ്ധചന്ദ്രത്താൽ, വീരാര്യമർദ്ദി ലക്ഷ്മണൻ.
മെയ്യറുത്ത ഫണിയ്ക്കൊത്താ മുറിച്ച കണ കാണ്കയാൽ ൬൮
അതികായനതിക്രുദ്ധനഞ്ചു ബാണങ്ങളെന്തിനാൻ.
അസ്സായകങ്ങളാഞ്ഞെയ്തു ലക്ഷ്മണനാൽ നിശാചരൻ;
എത്താമുമ്പവ ക്രൂരമ്പാൽ ഖണ്ഡിച്ചു ഭരതാനുജൻ.
ക്രൂരമ്പാലവ ഖണ്ഡിച്ചു, വീരാര്യമർദ്ദി ലക്ഷ്മണൻ ൭൦
തേജസ്സാൽക്കത്തിടുംമട്ടാമൊരു തീക്ഷ്ണാസ്ത്രമെന്തിനാൻ;
അതേന്തിപ്പുള്ളിവില്ലിന്മേൽച്ചേർത്തുവെച്ചിട്ടു ലക്ഷ്മണൻ
ഊക്കിലാഞ്ഞുവലിച്ചാനൊ,ന്നെയ്യുംചെയ്തു വീര്യവാൻ;
ആവോളവും വലിച്ചെയ്താ മൊട്ടുഴിഞ്ഞ ശിലീമുഖം ൭൨
രാക്ഷസേന്ദ്രന്റെ നെറ്റിയ്ക്കു കൊള്ളിച്ചു വീര്യവാനവൻ.
ആഘോരരാനാമരക്കന്റെ നെറ്റിയിൽപ്പൂകിയശ്ശരം
കാണപ്പെട്ടു നിണംപറ്റി, കുന്നിൽ വമ്പാമ്പു പോലവേ.
ലക്ഷ്മണന്റെ ശരം കൊണ്ടു കുലുങ്ങിപ്പോയി രാക്ഷസൻ, ൭൪
രുദ്രാസ്ത്ര മേറ്റു കൊട്ടതാം മുപ്പുരദ്വാരമാംവിധം.
ആശ്വസിച്ചു വിചാരിച്ചു തീർപ്പുചെയ്താ മഹാബലൻ,
'ശരം ശരിയ്ക്കെയ്യുകയാൽ ശ്ലാഘ്യൻ ശത്രുവെനിയ്ക്കു നീ'
എന്നു വായതുറന്നോതി, കൈരണ്ടും തൂക്കിയിട്ടതാ ൭൬
തേർത്തട്ടിൽ വാണു, തേരാലേ സഞ്ചരിച്ചീടിനാനവൻ.
ഒന്നു മൂന്നഞ്ചു പിന്നേഴി മട്ടിലമ്പാശരർഷഭൻ
എടുത്താൻ, വില്ലുമായ്ച്ചേർത്താൻ, വലിച്ചാനഥ തൂകിനാൻ;
രാക്ഷസേന്ദ്രന്റെ വിൽ വിട്ടാ സ്വർണ്ണപുംഖങ്ങളമ്പുകൾ, ൭൮
യമാഭങ്ങളിനാഭങ്ങൾ കത്തായോപാലാക്കി വാനിനെ!
അരക്കനെയ്ത വിശിഖച്ചാർത്തതാ രാഘവാനുജൻ
കൂസലേശാതറുത്തിട്ടാൻ ക്രൂരം ഭൂരിശരങ്ങളാൽ.
അശ്ശരങ്ങൾ മുറിയ്ക്കപ്പെട്ടതു കണ്ടിട്ടു രാവണി ൮൦

Digitized By Kerala Sahitya Akademi

ചൊടിച്ചാൻ, യുധി ക്രൂരമ്പൊന്നൊട്ടത്താൻ വാസവാഹിതൻ.
തൊട്ടുത്തു, തേജസ്വിയവനയച്ചാൻ ക്ഷിപ്രമസ്ത്രം;
കൊള്ളിച്ചാനേററുടൻ സൌമിത്രിയുടെ മാറിലായ്.
അതികായനരസ്സിങ്കലെയ്തു സൌമിത്രി സംഗരേ,
മത്തേഭം മദനീർ പോലെ,യൊലിപ്പിച്ചു കടുംനിണം.
ഹിതെന്ന തങ്കലെല്ലാവ്യാ കളഞ്ഞാൻ വിഭുവാമവൻ;
കൈക്കൊണ്ടാനഥ ക്രൂരമ്പൊന്ന, സ്ത്രമായ്ച്ചേർത്തിണക്കിനാൻ;
ആഗ്നേയാസ്ത്രത്തിനോടത്രേ, ചേർത്തിണക്കിയതസ്ത്രത്താം;
ജ്വലിച്ചിതപ്പൊഴമ്പാണം, മഹാത്മാവിൻെറ വില്ലതും.
എടുത്താൻ സൌര്യമാമസ്ത്രം, തേജസ്വിയതികായനും;
പൊങ്ങെട്ടിപ്പാമ്പു പോലുള്ളൊരമ്പതിങ്കലിണക്കിനാൻ.
കരാളമസ്ത്രാജ്ജ്വലമാതൊട്ടത്ത കണ്ടു ലക്ഷ്മണൻ,
കാലദണ്ഡന്തകൻ പോലെ,യാതെതയ്താനതികായനിൽ.
ആഗ്നേയത്തോട്ടു ചേർന്നൊരു ബാണം കണ്ടു നിശാചരൻ
എയ്തുവിട്ടിതു, സൂര്യാസ്ത്രം ചേർത്തു കത്തീടുമസ്ത്രം.
ആ രണ്ടമ്പുകൾ വാനത്തു കൂട്ടിമുട്ടി പരസ്പരം,
സുദീപ്താഗ്രങ്ങൾ, കോപിച്ച രണ്ടു പാമ്പുകൾ പോലവേ.
പരസ്പരം ദഹിപ്പിച്ചിട്ടങ്ങു വീണു ധരിത്രിയിൽ,
ജ്വാല പോയ്ച്ചാമ്പലായ്ശോഭ കെട്ടാ വങ്കണ രണ്ടുമേ.
അതികായന,തിൽ ക്രുദ്ധൻ വിട്ടാനൈഷീകസായകം;
ഐന്ദ്രാസ്ത്രംകൊണ്ടു ഖണ്ഡിച്ചാനതു സൌമിത്രി വീര്യവാൻ.
ഐഷീകമററതീക്ഷിച്ചു രാവണൻെറ കുമാരകൻ
അരിശംകൊണ്ടൊ,രു ശരം യാമ്യാസ്ത്രത്താടിണക്കിനാൻ.
എന്നിട്ടസ്ത്രമതാഞ്ഞെയ്തു ലക്ഷ്മണങ്കൽ നിശാചരൻ
അതു വായവ്യമാമസ്ത്രംകൊണ്ടു ഖണ്ഡിച്ചു ലക്ഷ്മണൻ.
പിന്നീടു ബാണപ്പെരുമാരി, പേമാരി മുകിൽ പോലവേ,
ചൊടിച്ചു ലക്ഷ്മണൻ പെയ്താനാ രാവണതനൂജനിൽ.
അതികായങ്കലേററിട്ടസ്ത്രങ്ങൾ ഭുവി വീണുടൻ പോയ്,



Digitized By Kerala Sahitya Akademi

വജ്രക്കൽച്ചട്ടമേൽത്തട്ടി മുന പൊട്ടിപ്പൊട്ടുന്നനേ!
അവ പാഴായതീക്ഷിച്ചു, വീരാര്യന്മത്രി ലക്ഷ്മണൻ
ഓരായിരം മഹാബാണം വർഷിച്ചു, പുകൾ വായ്ച്ചവൻ.
എന്നാലിശ്ശരവർഷത്താല,തികായനിശാചരൻ ൻ൹
നോവാർന്നീല,ടരിൽപ്പൊട്ടാച്ചട്ടയിട്ട മഹാബലൻ;
ആളായീലവനെപ്പോരിൽ നോവിയ്ക്കാൻ നരസത്തമൻ!
പില്പാടിവന്റെ ചാരേ വന്നരുൾചെയ്തു സമീരണൻ:-
'ഇവൻ ബ്രഹ്മവരം നേടി,പ്പൊട്ടാച്ചട്ട ധരിച്ചവൻ; ൻവ
ബ്രഹ്മാസ്ത്രമെയ്തുകിവനിൽ: വധ്യനല്ലാ മറിച്ചിവൻ;
ചട്ടയിട്ടോൻ ബലിയിവൻ മററസ്ത്രങ്ങൾക്കവെധ്യനാം.'

സമീരണൻതന്നുടെ വാക്കു കേട്ടു,
സൌമിത്രി, വൃത്രാന്തകതുല്യവീര്യൻ
അമോഘവേഗം ശരമൊന്നെടുത്തി-
ട്ടാ ബ്രാഹ്മമാമസ്ത്രമിണക്കി വെക്കം: ൧൦൦

സൌമിത്രി ക്രൂരപ്പേറിയ നല്ല ബാണ-
ത്തോടാ മഹാസ്ത്രത്തെയിണക്കിവെയ്ക്കേ,
ദിക്കൊക്കെ ആകെ മഹാഗ്രഹങ്ങൾ
ഞെട്ടി, നഭസ്സും മഹിയും വിറച്ചു!
ബ്രഹ്മാസ്ത്രമോടേ, യമദൂതതുല്യം
സുപുംഖമാമമ്പതു വില്ലിലേററി,
സൌമിത്രി ശക്രാരിജനാമവക്ക-
ലയച്ചു ബാണം, യുധി വജ്രതുല്യം. ൧൦൧

അമോഘവേഗം, യുധി ലക്ഷ്മണൻ വി-
ട്ട,ഗ്നിപ്രകാശത്തൊടടുപ്പതായി,
നൽപ്പൊന്നുവജ്രങ്ങൾ കടയ്ക്കണിഞ്ഞു-
ള്ളതൊന്നു കണ്ടാൻ ദശകണ്ഠപുത്രൻ.
അതാശു കണ്ടിട്ട,തികായനെണ്ണം
വെടിഞ്ഞ ക്രൂരമ്പുകളെയ്തുനോക്കി;

Digitized By Kerala Sahitya Akademi

അബ്ജാണമോ, താർക്ഷ്യനൊട്ടൊത്തൊരുക്കി-
ലണഞ്ഞു പൌലസ്ത്യസുതാന്തികത്തിൽ. ൧൦൪

പ്രദീപ്തകാലാന്തകതുല്യമസ്ത്ര-
മതേല്പതായ്ക്കണ്ടു ദശാസ്യപുത്രൻ
കോടാലിവേലൃഷ്ടിഗദാഹളങ്ങൾ
ശൂലങ്ങളും ക്രൂസൽ പെടാതയച്ചും,
അച്ചിത്രരൂപായുധസഞ്ചയത്തെ-
പ്പാഴാക്കിവിട്ടശ്ശരമഗ്നിദീപ്തം
ചെന്നേററു ലങ്കേശ്വരനന്ദനന്റെ
കിരീടമൊക്കം തല കൈക്കലാക്കി. ൧൦൫

ലക്ഷ്മണാശുഗമേററിട്ടത്തല തൊപ്പിയോടപ്പമേ
നിലത്തുവീണു ചിക്കെന്നു, ഹിമാദ്രിമുടി പോലവേ.
അവൻ മെയ്ക്കോപ്പു ചിതറി മന്നിൽ വീണതു കാൺകയാൽ
മാഴ്കിനാരേവരും, കൊല്ലപ്പെട്ടു ശേഷിച്ച രാക്ഷസർ: ൧൦൬
ദീനരായാനനം മങ്ങിപ്പോരിനാൽ വാടിയോരവർ
വല്ലാത്തൊച്ചയൊടുച്ചത്തിൽപ്പെട്ടെന്നാർത്താർ പെരുത്തുപേർ
പേടിച്ചു വെമ്പലോടോടിപ്പോയാർ പുരിയിലെയ്ക്കുടൻ,
നാഥൻ കൊലപ്പെട്ടതിനാലാശ കെട്ടാ നിശാചരർ. ൧൧൦

പെരുത്തുപേർ വാനരരോ, സഹർഷരായ്,
വിരിഞ്ഞ തണ്ടാക്കെതിരാം മുഖത്തൊടും,
കൃതേഷ്ടനാം ലക്ഷ്മണനെപ്പുകഴ്ത്തിനാർ,
ദുരാസദാത്യുഗ്രബലാരിനിഗ്രഹാൽ. ൧൧൧

—o—

ഏഴപത്തിരണ്ടാം സർഗ്ഗം: രാവണചിന്ത.

—*—

അതികായനെയോജസ്വി ലക്ഷ്മണൻ കൊലചെയ്തതും
കേട്ടു നെഞ്ചുമിടിപ്പാന്നു രാജാവിപ്പടി ചൊല്ലിനാൻ:—

Digitized By Kerala Sahitya Akademi

"ധൂമ്രാക്ഷൻ ശസ്ത്രഭൃന്മുഖ്യൻ വില്ലാളി ചുണക്കൂടിയോൻ,
അകമ്പനപ്രഹസ്തന്മാർ, കുംഭകർണ്ണനുമങ്ങിനെ, ൨
അരക്കരിവർ വീരന്മാർ, കരുത്തര,ടർ തേടുവോർ,
മാററാരൊടെന്നും തോല്ക്കാത്തോർ, മാററാർപ്പടയെ വെല്ലുവോർ;
ആ വീര്യാഢ്യർ കൊലപ്പെട്ടു തൊഴിൽവമ്പുള്ള രാമനാൽ;
മററും പെരിയ ശൂരന്മാർ വിഴ്ത്തപ്പെട്ടു പെരുത്തുപേർ ൪
അരക്കർ പടക്കൂററന്മാർ നാനാശസ്ത്രവിശാരദർ!
ബലവീര്യം പുകഴ്വോൻ വരലബ്ധശരങ്ങളാൽ
ഇഭ്രാതൃവീരരെക്കെട്ടിയല്ലോ ശക്രാരിയെന്മകൻ;
ആകില്ലൊ,ന്നിച്ചു വാനോക്കും കെല്പേറുമസുരക്കുമേ ൬
യക്ഷഗന്ധർവനാഗക്കും ഘോരമക്കെട്ടഴിയ്ക്കുവാൻ;
അറിവീലാ, മിടുക്കാലോ, മയക്കാൽ, മായയാലെയോ
വിടുത്തതശ്ശൂരക്കെട്ടി രാമലക്ഷ്മണർ സോദരർ!
എൻചൊല്ലിനാൽപ്പുറപ്പെട്ട ശൂരരാക്ഷസയോധരെ ൮
ഒട്ടുക്ക പോരിൽക്കൊന്നല്ലോ, കരുത്തേറിയ വാനരർ!
കാണ്മീലൊരാളെ ഞാനി,ന്നു രാമലക്ഷ്മണവീരരെ,
സവിഭീഷണസുഗ്രീവസൈന്യരെപ്പോരിൽ വെല്ലുവാൻ;
അമ്പോ, രാമൻ ബലോദഗ്രൻ; വമ്പുള്ളൊന്നസ്ത്രവീര്യവും; ൧൦
ഇവന്റെ വിക്രമാലല്ലോ, നിശാടർ കൊലയേറുപോയ്!
കരുതിക്കാക്കണം, പാടേ പടക്കൂട്ടോടുമിപ്പുരി;
വൈദേഹിയെക്കാത്തുവരുമശോകവനിതന്നിലും
പോരലോ, ചെല്ലലോ, സർവം നാമറിഞ്ഞിട്ടു വേണ്ടതാം. ൧൨
പടയെങ്ങെങ്ങു നിർത്തപ്പെട്ടിട്ടുണ്ട,ങ്ങങ്ങു നീളവേ
നില്ക്കയും ചെയ്യിനിനിയും, തൻതൻപടകളും ചുററുമായ്.
നോക്കേണമാ വാനരർതന്നൊരുക്കവുമരക്കരേ,
അന്തിയ്ക്കും, പാതിരയിലും, പുലർകാലത്തുമെങ്ങുമേ: ൧൪
മാററാർപ്പടയൊരുമ്പെട്ടോ? പാഞ്ഞേറോ? നില്പതന്നെയോ?
അവജ്ഞയാ വാനരരിൽക്കരുതിടൊല്ലൊരിയ്ക്കലും."

Digitized By Kerala Sahitya Akademi

ലങ്കാധിപന്റെയാ വാക്കു കേട്ടാ രാക്ഷസരേവരും
വേണ്ടതിൻവിധമെല്ലാമേ ചെയ്തുവെച്ചു മഹാബലർ. ൫൬
അവരെല്ലാരെയുമയച്ചാശരപ്രഭു രാവണൻ
അഴലുള്ളിൽത്തറഞ്ഞാർത്തനായുൾപ്പുക്കാൻ നിജാലയം-
അമർഷമാമഗ്നിയെരിഞ്ഞുകത്തി-
ജ്ജ്വലിഷ്ണുനാമാ ക്ഷണദാചരേശ്വരൻ
തന്ത്രഭവാപത്തതുതാൻ നിനച്ചുകൊ-
ണ്ടിടയ്ക്കിടയ്ക്കുൽകടവീർപ്പുയയ്ക്കയായ്! ൫൭

## എഴുപത്തിമൂന്നാം സർഗ്ഗം: ബ്രഹ്മാസ്ത്രബന്ധനം.

—: *: —

ദേവാന്തകാദിത്രിശിരോതികായ-
രാ യാതുധാനർഷഭർതൻ വധത്തെ,
ആച്ചത്തുശേഷിച്ച നിശാചരങ്ങ-
ളത്യന്തപരം രാവണനോടുണർത്തി.
പെട്ടെന്നു രാജാവവർതൻ വധം കേ-
ട്ടോലുന്ന കണ്ണീരൊടു മൂർച്ഛയാണ്ടാൻ;
പുത്രക്ഷയം ഭ്രാതൃവധം സുഘോരം
നിനച്ചു രാജാവതിചിന്ത പൂണ്ടാൻ. ൧
രാജാവു ദുഃഖക്കടലിൽക്കിടന്നു
നീന്തിക്കുഴങ്ങുന്നതു കാൺകെയല്ലേ,
അങ്ങിന്ദ്രജിത്തൊന്നാവിടുത്തൊടോതി,
മഹാരഥൻ രാക്ഷസരാജപുത്രൻ:-
"ഉദിച്ചിടായ്കച്ഛന മാന്ദ്യ,മിന്ദ്ര-
ജിത്തിങ്ങുയിർക്കൊൾകെയരക്കർകോനേ:
ഇന്ദ്രാരിബാണേനാൽകരമേല്ക്കിലാക്കം
പ്രാണങ്ങൾ കാപ്പാൻ കഴിവില്ല പോരിൽ! ൨
കണ്ടാലു,മാ ലക്ഷ്മണനൊത്ത രാമ-
നെൻബാണമേററിട്ടുടൽ വിണ്ടു ചിന്നി,

Digitized By Kerala Sahitya Akademi

സർവ്വാംഗവും കൃത്ത ശരങ്ങൾ പാകി-
ദ്ധരിത്രിയിൽച്ചത്തുകിടപ്പതിപ്പോൾ!
കേളി,ന്ദ്രജിത്തിൻെറയുറച്ചതാമീ
പ്രതിശ്രുതം പൌരുഷദൈവയുക്തം:
സലക്ഷ്മണൻ രാമനെയിപ്പൊഴേ ഞാൻ
പാഴാസ്ത്രരാത്തമ്പുകളാൽ നിറപ്പൻ. ൮
ഇന്നി,ന്ദ്രവൈവസ്വതവിഷ്ണുരുദ്ര-
സാധ്യാശ്വിവൈശ്വാനരസൂൎയ്യചന്ദ്രർ
എൻവിക്രമം കാണുമമേയമുഗ്രം,
ബല്യദ്ധ്വരേ ശാർങ്ഗിയുടേതു പോലെ!"
എന്നോതി രാജാവൊടു യാത്ര ചോദി-
ച്ചുദ്ദേവരാജാരി,യദീനസത്ത്വൻ
കാററിന്നു നേരാം ജവമൊക്കുമഗ്ര്യ-
ഖരങ്ങളെപ്പൂട്ടിയ തേരിലേറി. ൯
സൂൎയ്യൻെറ തേരിനൊത്താത്തേരേറി,ത്തേജസ്സു വായ്ച്ചവൻ
ചിക്കെന്നു, യുദ്ധമുള്ളേടത്തെയ്ക്കു പോന്നാനരിന്ദമൻ.
പിന്തുടർന്നു പ്രഹൎഷത്തോടാ,പ്പുറപ്പെട്ട വമ്പനെ,
മികച്ച വില്ലു കൈക്കൊണ്ടു വളരെപ്പേർ മഹാബലർ: ൰
ചിലരാനപ്പുറത്തേറി, നല്ലശ്വങ്ങളിലും ചിലർ,
കുന്തംഗദാമുൾത്തടികൾ വാൾവെണ്മഴുവുമന്തിയും.
നിറഞ്ഞ ശംഖൊലിയൊടും, പെരുമ്പറരവത്തൊടും
പോന്നാന,രക്കരാൽ വാഴ്ത്തപ്പെട്ടുകൊണ്ടിന്ദ്രജിത്തവൻ: ൰൧
ശംഖുതിങ്കൾനിറം തങ്കം കുടയാൽശ്ശുഭ്രമദ്ദനൻ
വിളങ്ങിനാനവൻ, പൂൎണ്ണചന്ദ്രനാൽ വാനു പോലവേ;
പൊങ്കമ്പി ചേൎന്ന നൽപ്പള്ളിപ്പൊമ്പിടിച്ചാമരങ്ങളും
വീശപ്പെട്ടു വീരനാമസ്സർവ്വവില്ലാളിവൎയ്യനിൽ. ൰൨
നിസ്തുല്യവീൎയ്യനായ്സൂൎയ്യതേജസ്സാമിന്ദ്രജിത്തിനാൽ
ശോഭിച്ചു ലങ്ക, വിലസും ഭാനുവാൽ വാനു പോലവേ.

Digitized By Kerala Sahitya Akademi

അടർമന്നിലണഞ്ഞിട്ടാ,ത്തേജസ്സേറുമരിന്ദമൻ
നിറുത്തിനാൻ നിശിചരന്മാരെത്തേരിന്നുചുററുമായ്. ൬
പില്പാടങ്ങു ഹുതാശങ്കുലാ ഹുതാശസമപ്രഭൻ
ഹോമം ചെയ്തു നിശാടേന്ദ്രൻ മന്ത്രങ്ങളോടും യഥാക്രമം;
സുഗന്ധമാല്യാന്വിതമാം ഹവ്യവെൺമലർകൊണ്ടവൻ
ഹോമിച്ചാനഗ്നിയെത്തത്ര, രാക്ഷസേന്ദ്രൻ പ്രതാപവാൻ ൮
ആയുധങ്ങള,മക്കോല്കളും; ചമതയ്ക്കഥ താന്നിയും;
ചുകപ്പുള്ളവ, വസ്ത്രങ്ങളും; കാരിരിമ്പാലെയാം സ്രുവം.
തോമരത്താലമക്കോലാലങ്ങഗ്നിയെ വിരിച്ചവൻ
എടുത്താൻ, ജീവനുള്ളോരു കരുത്താടിൻ കഴുത്തിനെ. ൧൦
ഒരിയ്ക്കൽത്തന്നെ പുകയാതുജ്ജ്വലിപ്പിച്ച വഹ്നിയിൽ
ഉണ്ടായിതടയാളങ്ങൾ, ജയം കാണിച്ചിരിപ്പവ:
വലംചുററിജ്ജ്വലിച്ചുംകൊണ്ടാ ഹവിസ്സേററുവാങ്ങിനാൻ
താൻതാനേത്ഥിതനായഗ്നി, തങ്കപ്പൊന്നൊളി പൂണ്ടവൻ. ൧൨
ആവാഹിച്ചീടിനാൻ പിന്നെ ബ്രഹ്മാസ്ത്രം ശക്രജിത്തവൻ;
അതുകൊണ്ടഭിമന്ത്രിച്ചാൻ തൻതേർവില്ലുകളൊക്കവേ.
ആയസ്ത്രമങ്ങാവാഹിയ്ക്കേ, ഹോമമഗ്നിയ്ക്കു ചെയ്യവേ
ഞെട്ടിപ്പോയ്, ഗ്രഹസൂര്യേന്ദുനക്ഷത്രങ്ങളൊടംബരം! ൧൪

ഹോമം കഴിച്ചു,ജ്ജ്വലദഗ്നിതേജ-
സ്സവൻ, മഹേന്ദ്രപ്രതിമപ്രഭാവൻ,
വില്ലമ്പുവാളുംതേർഹയസൂതരോടൊ-
ത്ത,ചിന്ത്യരൂപൻ ഗഗനേ മറഞ്ഞു.

ഉടൻ തേരശ്വമുംത്തിങ്ങിപ്പതാകാധ്വജശോഭിയായ്
ആർത്തുകൊണ്ടു പുറപ്പെട്ടു പോരിന്നായ് രാക്ഷസപ്പട. ൧൬
കടുവേഗവിചിത്രങ്ങളൊട്ടേറെയണിയമ്പുകൾ,
തോമരം, തോട്ടിയും പോരിൽച്ചാട്ടിനാരവർ കീശരിൽ.
ആ യാതുധാനരെപ്പാർത്തു ചൊന്നാൻ ക്രോധിച്ച രാവണി:-
'പോർചെയ്യിൻ നിങ്ങളിമ്പത്തിൽ, പ്ലവംഗരെ വധിയ്ക്കുവാൻ'

Digitized By Kerala Sahitya Akademi

പിമ്പാ രാക്ഷസരെപ്പേരുമാൎത്തുകൊണ്ടു ജയേച്ഛയാ
ചൊരിഞ്ഞാർ വാനരന്മാരിൽശ്ശരവൎഷം ഭയങ്കരർ.
ഗദ, മൊട്ടമ്പു,ഴത്താണിയമ്പു,ലുല്ലായിവററിനാൽ
അരിഞ്ഞാൻ കീശരെപ്പോരിലവനാ,ശരമദ്ധ്യഗൻ. ൩൦
പരിക്ക പററുമക്കീശർ പോരിൽ വൃക്ഷായുധത്തൊടും
ചെന്നാൎത്തു പാഞ്ഞെററു രണക്രൂരനാമിന്ദ്രജിത്തിനെ.
ഇന്ദ്രജിത്തോ, ചുണകൊണ്ടു, തേജസ്സേറും മഹാബലൻ
പ്ലവംഗരുടെ ദേഹങ്ങളെരിച്ചു രാവണാത്മജൻ. ൩൧
അമ്പൊന്നിനാൽക്കപികളെയഞ്ചേഴൊമ്പതുപേർകളെ
പിളൎത്തിനാൻ യുധി ചൊടിച്ചരക്കന്മാൎക്കു ഹൎഷദൻ.
സൂൎയ്യതുല്യങ്ങളാം ചെംപൊന്നണിഞ്ഞ വിശിഖങ്ങളാൽ,
മൎദ്ദിച്ചു വാനരരെയാ വീരൻ പോരിൽസ്സുദുൎജ്ജയൻ. ൩൨
ശരമേററേററുടൽ പിളൎന്നക്കീശർ യുധി വീണുപോയ്,
വാനോരാലാശ പാഴാക്കപ്പെട്ട ദൈത്യേന്ദ്രർ പോലവേ.
ഘോരബാണാംശുവാൽസ്സൂൎയ്യൻ പോലവൻ താപമേകവേ
പാഞ്ഞെററുനോക്കി ചൊടി പൂണ്ടടരിൽക്കപിപുംഗവർ; ൩൩
എന്നിട്ടു മെയ് പിളൎന്നുള്ളം മങ്ങി വാനരരേവരും
നോവാൎന്നു ചോരയും വാൎന്നു പാഞ്ഞുപോയിത്തുടങ്ങിനാർ.
പ്രാണനെത്തള്ളി രാമന്നായ് വിക്രമിയ്ക്കും പ്ലവംഗരോ,
ആൎത്തുകൊണ്ടു പടയ്ക്കേററാർ, പാറയാമായുധത്തൊടും. ൩൪
ആ വാനരന്മാർ മലതൻമുടിയും കല്ലുരങ്ങളും
യുധി രാവണിതൻനേൎക്കു ചുററുമായ് നിന്നു തൂകിനാർ.
പ്രാണങ്ങളെക്കവരുമക്കല്ലുരപ്പെരുമാരിയെ
അകററിനാൻ സുതേജസ്വി, പോരിൽ വെല്ലുന്ന രാവണി. ൪൦
എന്നിട്ടു, തിയ്യിനെതിരാം പാമ്പിന്നൊക്കും ശരങ്ങളാൽ
പ്ലവംഗമപ്പടകളെപ്പിളൎത്താനടരിൽ പ്രഭു:
അഷ്ടാദശശരം പാഞ്ഞു ഗന്ധമാദനനെത്തുടർന്നു
ബ്ബതെണ്ണമെട്ടുതെയ്യന്‍ ദൂരെ നിന്ന നളങ്കലും; ൪൧

Digitized By Kerala Sahitya Akademi

മൎമ്മം പിളക്കുമേഴെണ്ണം മൈന്ദകലതിവീൎയ്യവാൻ,
അഞ്ചു സായകമവ്വണ്ണമെയ്താൻ പോരിൽഗ്ഗജകലും;
പത്തെണ്ണം ജാംബവാൻതങ്കൽ; മുപ്പതങ്ങിനെ നീലനിൽ.
ദ്വിവിദേഷ്ഥസ്സുഗ്രീവാംഗദന്മാൎക്കും ശരിയ്ക്കവൻ ൪൪
വരലബ്ധോഗ്രതീക്ഷ്ണാസ്ത്രത്താലേ കെല്പു കെടുത്തിനാൻ.
മററു കീശാഗ്രിമരെയും വളരെസ്സായകങ്ങളാൽ
തുയിർപ്പെടുത്തീ ചൊടി പൂണ്ടാളും കാലാഗ്നി പോലവേ.
വെക്കം പോകും രവിയ്ക്കൊത്ത ബാണം ചേലിൽച്ചൊരിഞ്ഞവൻ
പ്ലവംഗമപ്പടകളെപ്പെരും പോരിൽപ്പൊളുക്കിനാൻ.
ശരൌഘത്താൽപ്പുരിക്കേററു വലഞ്ഞുതിരമാണ്ടതായ്
കണ്ടു കുരങ്ങപ്പടയെ, പ്പെരുംപ്രീത്യാ തിമൎത്തവൻ.
വീണ്ടും, വിപുലതേജസ്സാം രാക്ഷസേന്ദ്രാത്മജൻ ബലാൽ ൪൫
ബാണൌഘവൎഷവും ശസ്ത്രവൎഷവും ചെയ്തു ഘോരമായ്
മൎദ്ദിച്ചു കപിസൈന്യത്തെ, ച്ചെപ്പെന്ദ്രാരി ചുററുമേ.

പൊട്ടനാനെത്തൻപട വിട്ടണഞ്ഞു
മികച്ച പോരിൽക്കപിസേനതോറും,
മറഞ്ഞു നിന്നുഗ്രശരം ചൊരിഞ്ഞാൻ,
കറുത്ത മേഘം മഴയെന്നപോലെ. ൪൬

മെയ്യിന്ദ്രജിത്തിൻകണയാൽ ത്തെരിഞ്ഞു
മായാവധാൽ വിസ്വരമാൎത്തുകൊണ്ടേ
രണത്തിൽ വീണു ഗിരിതുല്യർ കീശർ,
മഹേന്ദ്രവജ്രാഹതശൈലരീത്യാ.

അക്കൂട്ടർ ക്രൂരമ്പുകൾമാത്രമേ ക-
ണ്ടതുള്ളൂ പോരിൽക്കപിസേനതോറും;
കണ്ടില്ല, മായാവൃതനായ് മറഞ്ഞ
നിശാടനാം വാസവവൈരിതന്നെ. ൪൭



Digitized By Kerala Sahitya Akademi

അവൻ മഹാത്മാവു നിശാചരേശൻ
സൂര്യാഭമാം ക്രൂരശരവ്രജത്താൽ
ദിക്കാകവേ മൂടിമറച്ചുകൊണ്ടാൻ;
കപീന്ദ്രരെപ്പേർത്തു പിളർത്തുകൊണ്ടാൻ.
അവൻ പ്രദീപ്താനലശോഭമായ
വാളും ശൂലവും വെണ്മഴുവും ചൊരിഞ്ഞു,
തീയാളിയേററം പൊരി പാറുമാറു
കപീന്ദ്രസൈന്യത്തിലുതിർത്തു തീവ്രം. ഒർ
ക്രൂരത്തു ചെന്തീയ്ക്കിനെതിരാമിന്ദ്രജിത്തിൻെറയമ്പുകൾ
വന്നേററു കപിയൂഥപശർ പൂപ്പിലാശുകം പോലെയായ്.
തങ്ങളിൽച്ചെന്നടുത്തൊ,ച്ച പകർന്നാർത്തങ്ങു വീണുപോയ്
രാക്ഷസേന്ദ്രാസ്ത്രമേററിട്ടു മൈ വിണ്ട കപിപുംഗവർ. ഒന്ന
ചിലർ വാനത്തു നോക്കുമ്പോളമ്പു കണ്ണിൽത്തറയ്ക്കയാൽ
തപ്പിത്തടവിനാർ തമ്മിൽ; വീണുംപോയീ ധരിത്രിയിൽ!
ഹനുമാനഥ സുഗ്രീവ,നംഗദൻ, ഗന്ധമാദനൻ,
സുഷേണജാംബവാന്മാരും, വേഗദർശിയു,മങ്ങിനെ ഒവ്വ
മൈന്ദൻ, ദ്വിവിദനും, നീലൻ, ഗവാക്ഷൻ, ഗോമുഖൻ, ഗജൻ,
വിദ്യുദ്ദംഷ്ട്രപ്ലവഗനും, ഹരിലോമാവു, കേസരി,
ജ്യോതിർമ്മുഖൻ, സൂര്യമുഖാന,വം ദധിമുഖൻ കപി,
പാവകാക്ഷൻ, നളൻ, പിന്നെക്കുമുദാഖ്യൻ കുരങ്ങനും, ന്നം
ഇക്കപീന്ദ്രരിലൊട്ടുക്ക ചാട്ടിനാനാശരോത്തമൻ,
കുന്തശൂലങ്ങൾ ക്രൂരമ്പുമിന്ദ്രജിത്തു സമന്ത്രമേ.
പൊമ്പുംഖബാണം ഗദയും പ്രയോഗി-
ച്ചവൻ പ്ലവംഗോത്തമരെപ്പിളർത്തി,
സൌമിത്രിയൊത്തീടിന രാഘവങ്കൽ-
സ്സൂര്യാംശുമട്ടാം ശരമാരി പെയ്തു. ന്നവ
പ്രകാമമമ്പിന്മഴയേററുകൊണ്ടു,
ജലമാരി പോലങ്ങതു ക്രൂസിടാതെ,

Digitized By Kerala Sahitya Akademi

സൌമിത്രിയെപ്പാത്തരംചെയ്തിതേവം,
മഹാദ്ഭുതശ്രീയുതനായ രാമൻ:-
"രണ്ടാമതും ലക്ഷ്മണ, രാക്ഷസേന്ദ്രൻ
മഹാസ്ത്രമെയ്തിട്ടിവനിന്ദ്രവൈരി
കുടുംപ്ലവംഗപ്പട വീഴ്ത്തി, നമ്മെ-
ക്കടന്നാലട്ടുന്ന ശരങ്ങളാലേ. ൩൪
വരം സ്വയംഭ്രുവു കൊടുത്ത വമ്പൻ,
നഭസ്ഥനായ്ബ്ഭീഷണമൈ മറച്ചോൻ,
രണത്തിലിന്നെങ്ങിനെ വധ്യനാകും,
ധൃതാസ്ത്രനിന്ദ്രാരിയദൃഷ്ടദേഹൻ?
സ്രഷ്ടാവ,ചിന്ത്യൻ ഭഗവാൻ സ്വയംഭ്രു-
വി;-യസ്ത്ര,മോത്താലവിടുത്തെയത്രേ;
അമ്പേല്പതിങ്ങെന്നൊടുകൂടി നീയി-
ന്നാകം കലുങ്ങാതെ സഹിയ്ക്ക, ധീമൻ! ൩൫
മൂടുന്നതുണ്ടീ ക്ഷണദാചരേന്ദ്രൻ
ദിക്കാകമാനം ശരമാരിയാലേ;
ശൂരാഗ്ര്യർ വീണിക്കപിരാജസൈന്യ-
മെല്ലാം നിറംകെട്ടതുമായിയല്ലോ!
നാം രോഷവും ഹർഷവുമാകെ വിട്ടു
പോർ നിർത്തി മൂർച്ഛിച്ചു നിലംപതിച്ചാൽ,
ഇവൻ രണാഗ്രത്തിലെ ലക്ഷ്മി നേടി
ധ്രുവം സുരാരിപ്പുര പുക്കുകൊള്ളും." ൩൬
ഇതിൻപടിയ്ക്കിന്ദ്രജിദസ്ത്രഘാതാൽ
സുദീനരായാരിരുപേരുമൊപ്പം;
അവർക്കു വല്ലായ്മ പെടുത്തു പോരി-
ലൊരിമ്പമോടാർത്തിതരക്കർകോനും.
ഇമ്മട്ടയാളക്കപിസേനയേയും
സലക്ഷ്മണൻ രാമനെയും രണത്തിൽ

Digitized By Kerala Sahitya Akademi

വശംകെട്ടത്തിസ്സഹസാ, ദശാസ്യ-
ബാഹുക്കൾ കാക്കം പുരി ചെന്നുപുക്കാൻ. ൧൦

---

എഴുപത്തിനാലാം സർഗ്ഗം: ബ്രഹ്മാസ്ത്രമോചനം.

—:*:—

പോർമുന്നിലമ്മട്ടവർ വാടിയാറേ,
മൂർച്ഛിച്ചുപോയ് വാനരസിംഹസൈന്യം;
സുഗ്രീവനീലാംഗദജാംബവാന്മാ-
ര,വക്കൊന്നും തെരിയാതെയായീ.
വിഷണ്ണമാം സേനയെയെങ്ങു കണ്ടു
വിഭീഷണൻ പ്രാജ്ഞരിൽവെച്ചു മുമ്പൻ
ചൊല്ലീടിനാൻ, വാനരരാജവീര-
ക്കാശ്വാസമേകി,ക്കിടയററ മട്ടിൽ:- ൨
'ഭയപ്പെടൊല്ലാ,കുലരാജ്യപുത്രർ
വിഷണ്ണരായെന്നതിലില്ല മാഴ്കാൻ:
ബ്രഹ്മോക്തി മാനിച്ചൊ,രു വാട്ടമേററ-
താണി,ന്ദ്രജിത്തിൻെറ ശരവ്രജത്താൽ.
ബ്രഹ്മാവുതാനേകിയതാണവന്നീ,
ബ്രഹ്മാസ്ത്രമുൽകൃഷ്ടമമോഘവീര്യം;
അതാദരിച്ചാണടരിങ്കൽ വീണ-
തുവീന്ദ്രജന്മാരി;-തിലെന്തു മാഴ്കാൻ?' ൩

വിഭീഷണോക്തി കേട്ടിട്ടു, ഹനുമാനനിലാത്മജൻ
ആ ബ്രഹ്മാസ്ത്രത്തെ മാനിച്ചു ചൊല്ലിനാനിതു ബുദ്ധിമാൻ:—
'ഊക്കേറും കീശരുടെയീ വധിയ്ക്കപ്പെട്ട സേനയിൽ,
പ്രാണൻ വെടിഞ്ഞിട്ടില്ലാത്തോക്കെല്ലാം ശുശ്രൂഷ ചെയ്ക നാം.'
ഒന്നിച്ചാ വീരരിരുപേർ, ഹനുമദ്രാക്ഷസോത്തമർ
പന്തമേന്തി നടന്നാരാ നിശയിൽപ്പോർത്തലയ്ക്കലായ്.
വാൽ, കൈ, കാലും, തുട, വിരൽ, കഴുത്തിവ മുറിഞ്ഞുപോയ്,
മെയ്യിൽനിന്നു നിണം വാർന്നും, മൂത്രം പോയുമതാതിടം ൪

Digitized By Kerala Sahitya Akademi

വീണടിഞ്ഞുകിടക്കുന്ന മലയ്ക്കൊക്കും പ്ലവംഗരും
വീണ ദീപ്താ‌യുധച്ഛാത്ത്രും ചിന്നിക്കാണായി മന്നിടം.
സുഗ്രീവന,ംഗദൻ, നീലൻ, ശരഭൻ, ഗന്ധമാദനൻ,
ഗവാക്ഷനാ,ഹ്ലകൻ, മൈന്ദൻ, സുഷേണൻ, വേഗദശ്ശിയും, ൧൦
നളൻ, ദ്വിവിദനും, ജ്യോതിർമ്മുഖൻ, പനസനും, രണേ,
ഹനിയ്ക്കപ്പെട്ടതായ്ക്കണ്ടു വിഭീഷണമരുത്സ്തർ:
അറുപത്തേഴുകോടിപ്പേത്രുകക്ക ക്കൂട്ടം പ്ലവംഗരെ
വധിച്ചാൻ പകൽതന്നഞ്ചാംഭാഗംകൊണ്ടാത്മഭൂപ്രിയൻ. ൧൨
കടൽക്കോൾനേർകൊട്ടുംസൈന്യമമ്പാൽ വീണതു കാങ്കയാൽ,
ജാംബവാനെത്തിരഞ്ഞാനാ ഹനുമാൻ സവിഭീഷണൻ.
പ്രായത്താൽജ്ജര ബാധിച്ച വൃദ്ധനെ,ശ്ശരപൂർണ്ണനെ,
വീരനെ, ബ്രഹ്മസുതനെ,ക്കെട്ടും തിയ്യിനെയാംവിധം ൧൪
കണ്ടെത്തി,ച്ചാരവേ ചെന്നു ചോദിച്ചു രാവണാനുജൻ:—
'ആയ്യന്നു ജീവനററിട്ടില്ലല്ലീ, ക്രൂരമ്പു കൊൾകയാൽ?'
വിഭീഷണൻെറ ചൊൽ കേട്ടു, ജാംബവാനൃക്ഷപുംഗവൻ
ശബ്ദം പണിപ്പെട്ടു പുറപ്പെടുവിച്ചേവമോതിനാൻ:— ൧൫
'ആശരേന്ദ്ര, മഹാവീര്യ, തേറുന്നോൻ നിന്നെയൊച്ചയാൽ:
കാണുന്നീലങ്ങയെക്കണ്ണാൽ,ക്രൂരമ്പേങ്ങും തറഞ്ഞ ഞാൻ.
ആരാൽസ്സുപ്രജ, നൽപ്പൈതലുള്ളോളഞ്ജന, വായുവും,
ആ ഹനുമാൻ കപിശ്രേഷ്ഠനെങ്ങാൻ ജീവിച്ചിരിപ്പിതോ?' ൧൬
ജാംബവാനുടെ ചോദ്യം കേട്ടേവം ചൊന്നാൻ വിഭീഷണൻ:—
'ആയ്യപുത്രരെ വിട്ടെ,ന്തേ ചോദിപ്പൂ വായുപുത്രനെ?
രാജാവു സുഗ്രീവനിലും, രാഘവാംഗദർപേരിലും
കാട്ടീലായ്യൻ മഹാസ്നേഹം, വായുജങ്കൽക്കണക്കിനേ!' ൨൦
വിഭീഷണൻെറ ചൊൽ കേട്ടു ജാംബവാനുരിയാടിനാൻ:—
'കേൾ ഞാൻ മാരുതിയെച്ചോദിച്ചതെന്തെന്നാശരഷേഭ:
ആ വീരനുയിർകൊള്ളുമ്പോൾച്ചത്താലും പട ചത്തിടാ;
ഹനുമാനസുവിട്ടാലോ, ചത്തു നാമുയിർ നില്ക്കിലും! ൨൨

Digitized By Kerala Sahitya Akademi

വീര്യ്യാലഗ്നിസമൻ കുഞ്ഞേ, വായുജൻ, വായുസന്നിഭൻ
ജീവിച്ചിരിപ്പുണ്ടെന്നാലേ, വെയ്ക്കേണ്ടു ജീവിതാശ നാം!'
ഉടൻ ചെന്നാ,ക്കിഴവനാം ജാംബവാനെ, വിനീതനായ്
കാൽ പിടിച്ചഭിവന്ദിച്ചു ഹനുമാനനിലാത്മജൻ. ൨൪
ഹനുമാന്റെ ചൊൽ കേട്ടിട്ട,വശേന്ദ്രിയനാകിലും,
വീണ്ടും ജനിച്ചു താനെന്നു നണ്ണിനാനൃക്ഷപുംഗവൻ!
ചൊല്ലിനാനഥ തേജസ്വി ഹനുമാനോടു ജാംബവാൻ:-
"വരു വാനരശാർദ്ദൂല; സംരക്ഷിയ്ക്കുക കീശരെ: ൨൬
മററില്ലി,വക്കററ തുണ, നീതാൻ പര്യ്യാപ്തവിക്രമൻ!
ഇപ്പോൾ നിൻ ശൌര്യ്യമേ വേണം: കാണ്മീലാ മററാരാ-
[ളെ ഞാൻ;
ഹർഷിപ്പിയ്ക്കുക നീ വീരവാനരർക്ഷബലങ്ങളെ;
വിശല്യരാക്കുകി വീണ രാമലക്ഷ്മണർതമ്മെയും. ൨൮
കടലിൻ മേൽവശത്തൂടേ പെരുത്തു വഴി പോയി നീ
ഹനുമാനേ, മഹാമഞ്ഞുമലയിൽച്ചെന്നുചേരണം;
എന്നാല,ത്യുച്ചമായ്പ്പൊന്നാമൃഷഭാചലശൃംഗവും
കൈലാസത്തിൻശിഖരവും കാണാമരിനിഷൂദന; ൩൦
അശ്ശൃംഗങ്ങൾക്കിടയിലായ്യു,ജ്ജ്വലിച്ചതുലപ്രഭം,
എല്ലാ മരുന്നുമായ് വീര, കാണാമോഷധിപർവ്വതം.
അതിന്റെ മുകളിൽക്കാണാസ്സുരും വാനരപുംഗവ,
പത്തുദിക്കും വിളങ്ങിച്ചു മിന്നും നാലു മരുന്നുകൾ: ൩൨
മൃതസഞ്ജീവിനി,യഥ വിശല്യകരണി, തഥാ
പിന്നെസ്സാവർണ്ണ്യകരണി, സന്ധാനകരണീ തഥാ;
അവയെല്ലാം ഹനൂമാനേ; കൊണ്ടുവന്നീടണം ദ്രുതം;
വാനരന്മാക്കയിരണച്ചാ, ശ്വാസം നല്ക മാരുതേ." ൩൪
ജാംബവാന്റെ ചൊൽ കേട്ട ഹനുമാൻ ഹരിപുംഗവൻ
നിറഞ്ഞു ബലവായ്പാലേ, നീർക്കോളാലാഴി പോലവേ.
കുന്നിന്മുടിയ്ക്കുമേൽ വൻകുന്നമത്തിക്കൊണ്ടു നില്ക്കവേ
കാണായി ഹനുമാൻ വീരൻ, രണ്ടാം കുന്നു കണക്കിനെ! ൩൬

Digitized By Kerala Sahitya Akademi

വാനരൻെറ ചവുട്ടാലക്കുന്നു താഴ്ന്നൊന്നമൻപോയ്:
തന്നെത്താങ്ങാനതാളായീല,മത്തൽ പെരുതേല്ക്കയാൽ!
വീണു, കത്തുകയും ചെയ്തു മരങ്ങൾ കപിയൂക്കിനാൽ;
ശൃംഗങ്ങളും നുറുങ്ങിപ്പോയ്, ഹനുമാൻെറയമത്തലിൽ! ൩൯
അമത്തലിൽ മരത്തോളും പാറത്തട്ടുമുടഞ്ഞുപോയ്
ചാഞ്ചാട്ടമാ വന്മലമേൽ നില്ക്കാൻ കീരാരശക്തരായ്.
തിരിഞ്ഞു വൻവാതിലുകൾ; ചെരിഞ്ഞു ഗൃഹഗോപുരം;
വിറച്ചാ ലങ്കയന്നല്ലിൽ നൃത്തംവെപ്പവൾ പോലെയായ്! ൪൦
പവ്തത്തെയമത്തിട്ട പവ്തം പോലെയുള്ളവൻ
കടലും ചേൎന്ന മന്നൊന്നു കലുക്കി പവനാത്മജൻ.
അതിങ്കൽനിന്നാ പ്ലവഗൻ കേറിനാൻ മലയാചലം:
നാനാനീരുറവുള്ളൊന്നു, മേരുമന്ദരസന്നിഭം, ൪൧
നാനാതരുലതാകീൎണ്ണം, വികസൽകമലോൽപലം,
വിദ്യാധരാപ്സരോദേവഗന്ധവ്ൎഷിവൃന്ദവും
വസിച്ചുപോരുവത,രുപത്തു യോജനയുന്നതം,
നാനാമൃഗഗണാകീൎണ്ണം, ബഹുകന്ദരശോഭിതം. ൪൨
യക്ഷകിന്നരഗന്ധവ്ൎരൊട്ടുക്കാകുലരാം വിധം
വലുതായാൻ മുകില്ക്കൊത്ത ഹനുമാനനിലാത്മജൻ;
കാൽകളാലേ മലയമത്ത,രക്കന്മാർ ഭയപ്പെടാൻ
ബഡബാമുഖനേർഘോരവായ് പിളൎത്തലറീടിനാൻ. ൪൩
അലച്ച്യതസാമാന്യം കേട്ട ലങ്കയിലാരാരർ
അശക്തരായ്ത്തീൎന്നു ഭയാലൊന്നനങ്ങാനുമേവരും.
പിന്നെ രാമന്നു കുമ്പിട്ടു വായുജൻ, ഭീമവിക്രമൻ
തുടൎന്നു രാഘവനായിപ്പെരുംതൊഴിൽ, പരന്തപൻ: ൪൪

ഫണിയ്ക്കു നേരാകിയ വാലുയൎത്തി-
ക്കൎണ്ണങ്ങൾ കൂർമ്പിച്ചു, പുറം കുനിച്ചും,
വക്ത്രം പിളൎത്തും ബഡബാമുഖാഭം,
ചാടീടിനാൻ വ്യോമനി ചണ്ഡവേഗൻ.

Digitized By Kerala Sahitya Akademi

കൊണ്ടാശു പോന്നാനവനശ്മവൃക്ഷ-
ശൈലങ്ങളും പ്രാകൃതകീശരേയും;
ഭുജോരുവേഗാലുയരെപ്പറന്നി-
ട്ടതൊക്കെ,യുക്കററു ജലത്തിൽ വീണു. ൧൦
സമീരജൻ സപ്പ്തസമങ്ങളാമ-
ബ്ഭുജങ്ങൾ നീട്ടി,ബ്ഭുജഗാരിവീര്യൻ
നഗേശമുഖ്യാദ്രിയിലെയ്ക്കു പോന്നാൻ,
വലിപ്പിതോ ദിക്കിനെയെന്നമട്ടിൽ!
ജന്തുക്കളൊട്ടുകക കിടന്നലഞ്ഞു
വീചിവ്രജം ചിന്നിയ സാഗരത്തെ
വീക്ഷിച്ചുകൊണ്ടായവനാശു പോന്നാൻ,
മുകുന്ദഹസ്തേരിതചക്രരീത്യാ. ൧൧
അവൻ മരത്തോപ്പുകൾ, പർവ്വതങ്ങൾ,
കുളം, സരസ്സാ,റുകൾ, നൽപ്പുരങ്ങൾ,
സമൃദ്ധമാം നാടിവ കണ്ടു കണ്ടു
വേഗേന പോന്നാൻ പിതൃതുല്യവേഗൻ.
സൂര്യന്റെ വഴിയിൽച്ചേർന്നു, വാട്ടം തട്ടാതെ സത്വരം
പോന്നാനാ, ഹനുമാൻ വീരൻ,പ്പുന്നൊത്ത പരാക്രമി. ൧൨
പോന്നാൻ വാനരശാർദ്ദൂലൻ വായുജൻ വായു പോലവേ,
അലച്ചയാൽദ്ദിക്കുകളെ മുഴക്കിക്കൊണ്ടതിദ്രുതം.

ജാംബവാനുടെ ചൊല്ലോർത്തു :മാരുതന്നൊത്തൊരുക്കൊടേ
പോന്നാശു വായുജൻ കണ്ടു ഹിമവാനെ മഹാകപി: ൧൩
നാനാതരം നീരുറവും, വളരെഗ്ഗുഹ, ചോലയും,
ചാരുരൂപങ്ങൾ വെൺമേഘച്ഛാത്തൊളിശ്ശിഖരങ്ങളും,
നാനാമരങ്ങളും ചേർന്ന വരശൈലത്തിലെത്തിനാൻ.

മികച്ചു വായ്ക്കേറിയ ഘോരശൃംഗം
ചുഴന്ന ശൈലേന്ദ്രനിലെത്തിയാറേ
അവന്നു കാണായി, സുരർഷിവര്യർ
വസിച്ചിടും പുണ്യമഹാശ്രമങ്ങൾ: ൧൪

Digitized By Kerala Sahitya Akademi

ശക്രാലയ,ബ്രഹ്മഗൃഹങ്ങൾ, വെള്ളി-
ക്കുന്നി,ശനമ്പെയ്ത സുദീപ്തദേശം,
ഹയാനനം, ബ്രഹ്മശിരസ്സിതെല്ലാം
കണ്ടാനവൻ, ഭാസ്കരഭൃത്യരേയും;
വജ്രാലയം, വൈശ്രവണാധിവാസം,
സൂര്യപ്രഭം സൂര്യനിബന്ധനാഖ്യം,
ബ്രഹ്മാസനം, മുപ്പുരവൈരിവില്ലും,
ധരിത്രിതൻ നാഭിയുമങ്ങു കണ്ടാൻ; ൩൦
കൈലാസമഗ്ര്യം, ഹിമവാന്റെ പാറ,
തനിച്ച പൊന്നാമൃഷഭാഗ്ര്യശൈലം—
സർവൌഷധിച്ചാർത്തുമെരിഞ്ഞു മിന്നും
മഹൌഷധിക്കുന്നി—വ കണ്ടു പിന്നെ:
തീജ്ജ്വാല പോലാളുമതൊന്നു കണ്ടു
സുവിസ്മിതൻ വാസവദൂതപുത്രൻ
ആ വന്മരുന്നിന്മല ചാടിയേറി-
ത്തേടിടിനാനങ്ങു മരുന്നു നാലും: ൩൧
അനേകമായിരം കാതം പിന്നിട്ടക്കപിസത്തമൻ
ദിവ്യൌഷധീശിഖരിമേൽസ്സഞ്ചരിച്ചു മരുത്സുതൻ.
അപ്പൊഴാ, നന്മലയിലെ മഹൌഷധികളൊക്കയും
തേടിവന്നവനെക്കണ്ടിട്ട,വൻ കാണാതെ നില്ലയായ്. ൩൨
മഹാൻ ഹനൂമാനവ കണ്ടിടാഞ്ഞു
ത്രുദ്ധോം ചൊടിച്ചാന,രിശത്തൊടാർത്താൻ;
പൊറാഞ്ഞു ചെന്തീയെതിർകണ്ണുമായ്പ്പി-
ന്നുരച്ചിതാ മാമലയോടിവണ്ണം:-
'ഇവണ്ണമോ നിന്നുടെ തീർപ്പു? തോന്നി-
ലല്ലോ നിനക്കുംക്കൃപ രാഘവങ്കൽ;
എന്നാലിതാ, കാണുകടഞ്ഞ തന്മെ-
യ്യെ,ൻകൈക്കരുത്താലചലപ്രഭോ, നീ!' ൩൩
35

Digitized By Kerala Sahitya Akademi

അവൻ മരം, ധാതുശതങ്ങളാ,ന,
സുവർണ്ണവും ചേരുമതിൻെറ ശൃംഗം
തകർന്നു കൂടത്തൊടു സാനു കത്തും
വിധം പിടിച്ചുൾക്കിലെടുത്തി വെക്കം.
അതും പറിച്ചേച്ചു, സുരാസുരേന്ദ്ര-
ലോകങ്ങളെ ഞെട്ടിച്ചവനഭ്രമാണ്ടോൻ;
അനേകരാഹുരാശഗർ വാച്ചുമാറു,
വേഗാൽത്തിരിച്ചാൻ, ഗരുഡോഗ്രവേഗൻ. ൩൮
അസ്തുഭാസ്സാം ശിഖരത്തെയേന്തി-
സ്സൂര്യൻെറ മാർഗ്ഗത്തിലണഞ്ഞു വീണ്ടും
വിളങ്ങിനാനദ്രിനിനാഥതുല്യൻ,
സൂര്യൻെറ ചാരത്തെതിർസൂര്യമട്ടിൽ!
ആക്കുന്നിനൊക്കും പവമാനപുത്ര-
നക്കുന്നിനാലേ നിതരാം വിളങ്ങി,
തീ ചേർന്നസംഖ്യം മുനയൊത്ത ചക്ര-
മെടുത്ത ദൈത്യാരി കണക്ക വാനിൽ. ൪൦
കണ്ടുച്ചമാർത്താരവനെ പ്ലവംഗർ;
കണ്ടുച്ചമാർത്താനവനാം സഹർഷം;
തുടർന്നു നിർഘോഷമിതങ്ങു കേട്ടു
ലങ്കാപുരക്കാരതിഘോരമാർത്താർ.
മഹാശയൻ പിന്നെയിറങ്ങിനാനാ
മഹാദ്രിമേൽ വാനരസൈന്യമദ്ധ്യേ;
കപീന്ദ്രരെത്താണവണങ്ങിയങ്ങു
ലങ്കാധിനാഥാനുജനെപ്പുണർന്നാൻ. ൪൨
ആ രണ്ടുപേരും നരദേവപുത്ര-
രാ വന്മരുന്നിന്മണമേല്ക്കയാലേ
വിശല്യരായ്ത്തീർന്നിതതിങ്കലപ്പോ-
ളെ;ണീറുകൊണ്ടാർ കപിവീരർ മററും;

Digitized By Kerala Sahitya Akademi

വിശല്യരായേവരുമല്ലൽ വിട്ടു;
ക്ഷണാൽ,ക്കൊലപ്പെട്ട കപീന്ദ്രർപോലും
ആ നന്മരുന്നിന്മണമേററുണർന്നു,
നിശാത്യയേ നിദ്രിതരെന്നപോലെ! ൭൨

എന്നുതൊട്ടടരിന്നേററു ലങ്കയിൽക്കപിരാക്ഷസർ,
അന്നുതൊട്ടേ, കണക്കാക്കാതിരിപ്പാൻ, രാവണാജ്ഞയാൽ,
കപികുഞ്ജരരപ്പോരിൽ വധിച്ചീടുമരക്കരെ,
വധിച്ചോരെ, വധിച്ചോരെ,യെല്ലാം കടലിലിട്ടിടും! ൭൩

അനന്തരം വായുജനാം പ്ലവംഗൻ
മഹൌഷധിക്ഷ്മാധരമഗ്ര്യവീര്യൻ
ഹിമാദ്രിയിൽത്താൻ ജവമോടണച്ചാൻ;
തിരിച്ചു രാമന്നരികത്തണഞ്ഞോൻ.

— : * : —

## എഴുപത്തഞ്ചാം സർഗ്ഗം: നികുംഭാദിനിർഗ്ഗമം

—o—

പിന്നെ, പ്രചുരതേജസ്സാം സുഗ്രീവൻ വാനരാധിപൻ
മേൽവേണ്ടതു ധരിപ്പിപ്പാൻ ഹനുമാനോടിതോതിനാൻ:-
'കുംഭകർണ്ണവധത്താലും, മക്കളെക്കൊല്കയാലുമേ,
ഇപ്പോളൊരു പുറപ്പാടു കൂട്ടാൻ നോക്കില്ല രാവണൻ; ൧
കൈവേഗവും വൻബലവുമുള്ള വാനരരേവരോ,
അക്കപിവ്യാഘ്രർ പന്തം കൊണ്ടാശു കേറട്ടെ ലങ്കയിൽ!'
സൂര്യൻ മറഞ്ഞതിൽപ്പിമ്പാഘോരമാമന്തിവേളയിൽ
പന്തമേന്തിപ്പുറപ്പെട്ടു ലങ്കയ്ക്കു കപിപുംഗവർ. ൨
പന്തം കൈക്കൊണ്ട കപികളെങ്ങാടും പാഞ്ഞടുക്കയാൽ
കാവൽനില്ക്കും വിരൂപാക്ഷരോടിപ്പോയാർ പൊടുന്നനെ.
ഗോപുരം, കൊത്തളം, നാനാചെറുപാതകൾ, വീഥികൾ,
വമ്പുള്ളിമേടയിവയിൽത്തീ വെച്ചാരിമ്പമോടവർ; ൩

Digitized By Kerala Sahitya Akademi

അഗ്നീ ദഹിപ്പിച്ചിതനേകായിരം ഭവനങ്ങളെ.
നിലംപതിച്ചു മലകൾക്കെതിരാം പള്ളിമേടകൾ;
അങ്ങു കത്തുകയായ്, മുന്തമകിൽച്ചെഞ്ചന്ദനങ്ങളും.
സ്ഫടികങ്ങൾ, മുത്തുമണികൾ, വജ്രക്കൽപ്പവിഴങ്ങളും, ൯
വെൺപട്ടും നല്ല പുഴുത്തൽപ്പട്ടുമങ്ങു ദഹിയ്ക്കയായ്;
വിചിത്രരോമത്തുണികൾ, പൊൻസാമാനങ്ങളാ,യുധം,
വെട്ടപ്പിൽത്തീൎത്ത തേർക്കോപ്പു, കുതിരക്കോപ്പു, ജീനിയും,
ആനച്ചങ്ങല, തൽക്കണ്ഠഭൂഷയും, വിവിധാകൃതി ൧൦
അശ്വഹസ്തികൾതൻ ചട്ട, യോദ്ധാക്കളുടെ ചട്ടയും,
വാൾ, വില്ലു, ഞാണ,മ്പുകളും, തോട്ടി, വേൽ, തോമരങ്ങളും,
രോമജം, വാലജം, ചൎമ്മ,മണ്ഡജവ്യാഘ്രജങ്ങളും,
മുത്തുരത്നമണിപ്പള്ളിപ്പൂമേടകളുമെങ്ങുമേ ൧൧
നാനായുധോച്ചയവുമങ്ങെരിയ്ക്കപ്പെട്ടിതഗ്നിയാൽ.
പലേതരം കെട്ടിടവുമെരിച്ചാനങ്ങു പാവകൻ,
ഗൃഹസ്ഥരാക്ഷസരുടെയൊക്കയും പാൎപ്പിടങ്ങളും.
ചിത്രപ്പൊഞ്ചട്ടയിട്ടവോർ, വസ്ത്രം പൂമാല ചാൎത്തുവോർ, ൧൨
കൾ മോന്തിക്കണ്ണിളകുവോർ, മത്താൽപ്പേച്ചിനടപ്പവർ,
കാന്താലംബിതവസ്ത്രന്മാർ, മാററാരിൽച്ചൊടി പൂണ്ടവർ,
വാൾ ശൂലംഗദ കൈക്കൊൾവോർ, തിന്നുഴിപ്പോർ, കുടിപ്പവർ,
മികച്ച കട്ടിലുകളിൽ പ്രിയമാരൊത്തുറങ്ങുവോർ, ൧൩
സസംഭ്രമംമക്കളെയുമെടുത്തെമ്പാടുമോടുവോർ,
ഏവം ലങ്കയിലുള്ളോരെശ്ശതസാഹസ്രസംഖ്യരെ
ചുട്ടെരിച്ചാ,നജ്ജ്വലിച്ചാൻ വീണ്ടും വീണ്ടും ഹുതാശനൻ.
മികച്ചതായ്,സുസ്ഥിരമായ്,ഗാംഭീൎയ്യഗുണയുക്തമായ്, ൧൪
ചന്ദ്രാൎദ്ധചന്ദ്രാകൃതിയായ്, വൻനിലാമുററമുള്ളതായ്,
രത്നം പതിച്ച ജനൽ ചേൎന്നാ,സനാദി ചുഴന്നതായ്
ആദിത്യനെത്തൊടുംമട്ടായ്,പ്പവിഴം കൽപതിച്ചതായ്,
ഘയിൽക്രൌഞ്ചസ്വനം വീണാമൈക്കോപ്പൊലിയുമാൎന്നതായ്,

Digitized By Kerala Sahitya Akademi

മലപോലുള്ള പൊൻഗേഹക്കൂട്ടമത്തീയ്യിൽ വെന്തുപോയ്.
കാണായി ചെന്തീ ചൂഴററ കമാനപ്പടിവാതിൽകൾ,
വർഷത്തിൽപ്പിണർമിന്നൽച്ചാർത്തൊത്ത മേഘങ്ങൾ പോലവേ.
കാണമാറായി ചെന്തിയ്യാൽച്ചുഴലപ്പെട്ട വീടുകൾ, ൧൧
കാട്ടുതീ കത്തിന മഹാഗിരിശൃംഗങ്ങൾ പോലവേ.
നിലം പതിച്ചു ചെന്തിയ്യാൽച്ചുഴലപ്പെട്ട വീടുകൾ,
വജ്രിവജ്രാഹതമഹാഗിരിശൃംഗങ്ങൾ പോലവേ.
വിമാനത്തിലുറങ്ങുമ്പോൾത്തീയേററ വരനാരിമാർ ൧൪
മൈക്കോപ്പെല്ലാം വെടിഞ്ഞാ,ഹാ എന്നു കേണാരുറക്കനെ!
കത്തിപ്പോകുമതോരോന്നും കാണമാറായി ദൂരവേ,
മരുന്നിൻകാടെരിഞ്ഞീടും ഹിമാദ്രിമുടി പോലവേ.
മാളികാഗ്രങ്ങളും ജ്വാല പാളിക്കത്തിപ്പിടിയ്ക്കവേ, ൧൬
പൂപ്പിലാശുകൾ ചേർന്നൊത്ത പോലെയായ് ലങ്ക രാത്രിയിൽ.
മേലാളികളഴിച്ചിട്ട മാതംഗതുരഗങ്ങളാൽ
ലങ്ക, കല്പത്തിൽ നക്രങ്ങളലഞ്ഞ കടൽ പോലെയായ്.
അഴിച്ചുവിട്ടൊരശ്വത്തെക്കണ്ടേകന്ത ഗജം ഭയാൽ; ൧൮
ഭീതമാമാനയെക്കണ്ടിട്ടശ്വം പിൻവാങ്ങി ഭീതിയാൽ!
കത്തിദ്ദഹിച്ചിടും ലങ്കാ വെള്ളത്തിൽ നിഴലിയ്ക്കയാൽ
അപ്പെരുംകടൽ ശോഭിച്ചിതൊ,രു ചെങ്കടൽ പോലവേ.
പ്ലവംഗർ കത്തിച്ച പുരിയതു ചെററിടകൊണ്ടുതാൻ, ൨൦
ഇപ്പാരിൻ ഘോരനാശത്തിൽക്കത്തുന്ന മഹി പോലെയായ്.
ധൂമം ചുഴന്നു ചെന്തിയ്യിൻ ചൂടു തട്ടിയ നാരിമാർ
കേണാർത്തമൊലി കേൾക്കായി പത്തുയോജന ദൂരവേ!

ദേഹം പൊള്ളിപ്പുറത്തെയ്ക്കു പോരും ചില നിശാടരെ ൨൧
പെട്ടെന്നു പാഞ്ഞണഞ്ഞാരങ്ങടരിന്നായി വാനരർ.
കീശർതൻ ക്രുക്കിവിളിയു,മരക്കരുടെയൊച്ചയും
മുഴക്കി, പത്താശയെയുമാഴിയ്യൂഴികളേയുമേ.
ശല്യം വിട്ടാ മഹാത്മാക്കൾ രണ്ടാളും രാമലക്ഷ്മണർ ൨൪

ക്രൂസൽ ക്രൂടാതെ കൈക്കൊണ്ടാരോരോ പെരിയ വില്ലിനെ.
എന്നിട്ടു രാമനപ്പുള്ളിവില്ലിന്നൊലി പെടുത്തവേ
പൊങ്ങീ തുമുലമാം ശബ്ദം, രാക്ഷസക്കു ഭയാവഹം.
ചൊടിച്ചു ഭഗവാൻ ശംഭു വേദമാം വില്ലു പോലവേ, ൩൫
വൻവില്ലൊലിപ്പെടുത്തിക്കൊണ്ടങ്ങു ശോഭിച്ചു രാഘവൻ.
കീശർതൻ കൂക്കിവിളിയു,മരക്കരുടെയൊച്ചയും,
ആ രണ്ടൊലിയിലും മീതേ കേൾക്കായ് രാമൻെറ ഞാണൊലി;
കീശർതൻ കൂക്കിവിളിയു, മരക്കരുടെയൊച്ചയും, ൩൭
രാമഞാണൊലിയും, മൂന്നും വ്യാപിച്ചു ദിക്കു പത്തിലും.
അവൻെറ വില്ല് വിട്ട ശരച്ചാർത്താലപ്പുരഗോപുരം,
കൈലാസശൃംഗപ്രതിമമുടഞ്ഞൂഴിയിൽ വീണുപോയ്.
വിമാനം വീടിവയിലാ രാമബാണങ്ങൾ കാണ്കയാൽ ൪൦
കേമമായൊരൊരുമ്പാടു തുടങ്ങി രാക്ഷസോത്തമർ.
അങ്ങൊരുമ്പാടു കൂട്ടിക്കൊണ്ടരക്കത്തലയാളികൾ
സിംഹനാദങ്ങളും ചെയ്തു, രൌദ്രി പോലായിതാ നിശ!
ചൊല്ലിവിട്ടാൻ മഹാത്മാവു സുഗ്രീവൻ കപിവര്യരെ:- ൪൨
'അടുത്ത വാതിൽ കയറിപ്പോർചെയ്വിൻ പ്ലവഗേന്ദ്രരേ.
അതാതിടം നിന്നാരാനുമിതിൽ വീഴ്ച വരുത്തിയാൽ,
പിടിച്ചു കൊല്ലാമവനെ, പ്രഭുശാസനലംഘനാൽ!'
എരിപന്തങ്ങളാൽകൈകൾ മിന്നുമക്കപിപുംഗവർ ൪൪
വാതില്ക്കലേറിനിന്നാരേ, ക്രുദ്ധനായ്ത്തീർന്നു രാവണൻ:
അവൻ മൂരി നിവൃത്തപ്പോൾ തിങ്ങിപ്പോയ് ദിക്കു പത്തുമേ;
മൂർത്ത,മംഗങ്ങളിൽക്കാണായ് ക്രോധം, രുദ്രൻെറ പോലവേ!
അവൻ നികുംഭകുംഭാഖ്യകുംഭകർണ്ണതനൂജരെ, ൪൫
വളരെക്കൗണപരൊടൊത്തയച്ചാനതിരുഷ്ടനായ്.
യൂപാക്ഷശോണിതാക്ഷന്മാർ, കമ്പനാഖ്യൻ, പ്രജംഘനും
കുംഭകർണ്ണജരോടൊപ്പം പോന്നു രാവണശാസനാൽ.
അതുൾചെയ്യാൻ കരുത്തേറുമാ രാക്ഷസരൊടൊക്കെയും:- ൪൭

Digitized By Kerala Sahitya Akademi

'ഇവിടംതൊട്ടുതാനാത്തുചെൽവിൻ, ചികെന്നു വെല്ലുവിൻ.'
അവൻ വിട്ട നിശാടന്മാർ വീരരുജ്ജ്വലിതായുധർ
ലങ്ക വിട്ടു പുറപ്പെട്ടു, പേർത്തുപേർത്താർത്തുകൊണ്ടുതാൻ.
രാക്ഷസാഭരണങ്ങൾക്കും തങ്ങൾക്കും ചേർന്ന ശോഭയാൽ ൭൦
മിന്നിച്ചാരവർ വാനെങ്ങും, തിശ്ശുകൊണ്ടാ പ്ലവംഗരും.
മിന്നീ വാനി,ന്ദുവിൻേറയും, താരങ്ങളുടെയും, തദാ,
ആ രണ്ടു സേനകളുടെ മെയ്ക്കോപ്പിൻേറയുമാഭയാൽ.
ചന്ദ്രൻേറയാഭ, ഭൂഷാഭ, ഗ്രഹൌഘം കത്തുമാഭയും ൭൧
കപിരാക്ഷസസൈന്യത്തെശ്ശോഭിപ്പിച്ചിതു നിളവേ.
വീണ്ടു,മങ്ങുയരെക്കത്തും ഗ്രഹങ്ങളുടെ ശോഭകൾ
തണ്ണീരിൽ നിഴലിച്ചേറെ മിന്നീ കൊളളിളകും കടൽ.
പതാകാകേതുയുതമായ്, നല്ല വാൾമഴുവൊത്തതായ് ൭൨
ഭീമാശ്വചഹസ്തിരഥമായ്, നാനാകാലാൾ നിറഞ്ഞതായ്,
ഗദവില്ലേറുകുന്തങ്ങൾശൂലംവാൾതോമരങ്ങളാൽ
മിന്നുമാ രാക്ഷസബലം, ഭീമവിക്രമപൌരുഷം
കാണായ്, കുന്തമൊളിക്കൊണ്ടും കിങ്ങിണിധ്വനി പൊങ്ങിയും
കൈകൾ പൊന്നണിയാൽ മൂടപ്പെട്ടും കോടാലി വീശിയും
കൈവില്ലിന്മേൽശ്ശരം ചേർത്താ വൻശസ്ത്രങ്ങൾ ചുഴററിയും
ഗന്ധസ്രഗ്മധുസേകത്താൽ മണം വൻകാററിനേകിയും
ഘോരമായ് ശൂരരൾത്തിങ്ങി വൻകാറിന്നൊത്തിരമ്പിയും;
അട്ടഹാസാശരബലം പോന്നുവന്നതു കാൺകയാൽ
ഇളകീ വാനരബല,മാർപ്പുമിട്ടിതുറക്കനെ.
വീണ്ടും വേഗത്തിലോടിച്ചെന്നാ മഹാരാക്ഷസപ്പട
മാററലർപ്പടയോടേററു, പാററ തീയ്യിനൊടാംവിധം. ൩൦
കയ്യാൽത്തുടച്ചൊളിക്കൊള്ളിച്ചതാം പരിഘവജ്രവും
പൂണ്ടാ നല്ലാശരബലം വിളങ്ങീ വീണ്ടുമേററവും.
ഭ്രാന്തന്മാർ പോല,ടക്കങ്ങ ചാടിക്കേറി പ്ലവംഗമർ
മുഷ്ടിവൃക്ഷം മലകളാൽ പ്രഹരിച്ചാരരക്കരെ. ൩൧

Digitized By Kerala Sahitya Akademi

അവ്വണ്ണം പാഞ്ഞെടുക്കുന്നാക്കീശന്മാർതൻ ശിരസ്സുകൾ
മൂർത്ത വാളാൽ ദ്രുതം കൊയ്തു രൌദ്രരൂപരരക്ഷരും.
കടിയാൽച്ചെവിയററും, നേക്കിടിയാൽത്തല കീറിയും,
കല്ലേറാൽ മൈ ചതഞ്ഞും സഞ്ചരിച്ചാരങ്ങു രാക്ഷസർ. ൪൫
അവ്വണ്ണം മററു ചിലര,ക്കീശന്മാരിൽ മികച്ചവർ
ചുററും ഹനിച്ചാ,രുഗ്രക്കരും രാക്ഷസന്മാരിൽ മുമ്പരെ;
അവ്വണ്ണം മററുചിലരാ,ഘോരദർശനരാശരർ
മൂർത്ത വാളുകളാൽ വെട്ടീ, വാനരന്മാരിൽ മുമ്പരെ. ൫൦
തല്ലുമവാനെയൊരാൾ തച്ചാൻ, വീഴിപ്പവനെ വീഴ്ത്തിനാൻ,
കടിച്ചാനക്കടിപ്പോനെ,ഗ്ഗർഹിച്ചാൻ ഗർഹമാണനെ.
നല്കെന്നൊരാൾ; നല്കുവിതെന്നൊരാൾ; നല്കുവനെന്നൊരാൾ;
ക്ലേശിപ്പതെന്ത, നില്ലെന്നും പേശിനാരങ്ങു തങ്ങളിൽ. ൫൫
ഉടുപ്പു തുങ്ങിയും, ചട്ട ശസ്ത്രമെന്നിവ നീങ്ങിയും,
വങ്കന്തമോങ്ങിയും, ശൂലംവടിവാളിടതിങ്ങിയും
നടന്നു വങ്കൊട്ടുംപോരു കപിരാക്ഷസർ തങ്ങളിൽ.
പത്തേഴവീതമായ്പ്പോരിൽക്കൊന്നു രാക്ഷസർ കീശരെ; ൬൦
കീശരും രാക്ഷസന്മാരെ വീഴ്ത്തീ, പത്തേഴവീതമായ്.
മുടിവസ്ത്രമഴിഞ്ഞങ്ങു കൊടിചട്ടയുടഞ്ഞുപോയ്
പാഞ്ഞ രാക്ഷസസൈന്യത്തെ നിർത്തീ ചുഴററ വാനരർ.

---

## എഴുപത്താറാംസർഗ്ഗം: കുംഭവധം.

—:*:—

ഘോരമാ വീരർ മുടിയും കൂട്ടപ്പട നടക്കവെ
വീരകംപനനോടേററുമുട്ടീ, പോർ തേടുമംഗദൻ.
മുമ്പേ, ചൊടിച്ചംഗദനെയാഹ്വാനംചെയ്തു കമ്പനൻ
ഗദകൊണ്ടുക്കൊടേ തച്ചാൻ; വിറച്ചിതടികൊണ്ടവൻ. ൧
തന്റേടമാണ്ടാത്തേജസ്വി കുന്നിൻതുമ്പൊന്നു ചാട്ടിനാൻ;
അതു തട്ടിപ്പുരികേററു കമ്പനൻ മന്നിൽ വീണുപോയ്.

Digitized By Kerala Sahitya Akademi

പോരിൽക്കമ്പനനെക്കൊന്നതീക്ഷിച്ചശ്ശോണിതാക്ഷനും
തേരിനാലാശു പാഞ്ഞേററാനങ്ങംഗദനെ നിർഭയം; ൪
ആഞ്ഞെയ്താനംഗദൻതങ്കൽക്രൂരമ്പുകൾ ജവാലവൻ,
മെയ്പിളപ്പവ, തീക്ഷ്ണങ്ങൾ, കാലാഗ്നിസമരൂപികൾ.
ക്ഷുരം, ക്ഷുരപ്രം, നാരാചം, വത്സദന്തം, ശിലീമുഖം,
കർണ്ണി, ശല്യവിപാഠങ്ങളിക്രൂരമ്പുകൾ മേല്ക്കുമേൽ ൬
മെയ്യിലേററാ,പ്രതാപാഢ്യൻ ബലി ബാലിജനംഗദൻ
ചിക്കെന്നൊടച്ചിതു, കട്ടാവില്ലും തേരും ശരങ്ങളും.
എടുത്താൻ വാൾപരിഘകൾ ശോണിതാക്ഷൻ പൊടുന്നനെ;
ചാടിനാൻ വാനിലേയ്ക്കുക്കിൽ,ക്രുദ്ധനായ്ക്രൂരസലെന്നിയേ ൮
അവനെസ്സത്വരം ചാടിപ്പിടിച്ചു,ജ്ജിതനംഗദൻ
കൈകൊണ്ടവൻെറ വാൾ തട്ടിപ്പറിച്ചൊന്നലറീടിനാൻ.
ആ വാളവൻെറ തോൾത്തട്ടിലമൃഴ്ത്തി പിന്നെയംഗദൻ;
പൂണൂൽപ്പാട്ടിലവനെപ്പിളർത്തു കപികുഞ്ജരൻ. ൧൦
അപ്പെരുംവാളതാനോങ്ങിപ്പേർത്തുംപാർത്താത്തു ബാലിജൻ
മററു മാററാലർതൻനേരേ പാഞ്ഞേററു പോർത്തലയ്ക്കലായ്.
ഒന്നാശപസിച്ചി,രിമ്പാകും ഗദപൂണ്ടു,വനോട്ടതാൻ
നേർത്തു വീരൻ ശോണിതാക്ഷൻ, പൊന്നിരുമ്പാൾവളയിട്ടവൻ.
ഉടൻ, പ്രജംഘനോടൊപ്പം ബലി യൂപാക്ഷവീരനും
തേരിലൂടേ ചൊടിച്ചേററാൻ, കെല്പേറും ബാലിപുത്രനെ.
പ്രജംഘശോണിതാക്ഷന്മാർക്കിടയിൽ പ്ലവഗോത്തമൻ,
വിശാഖനടുവിൽച്ചേർന്ന മുഴുവെണ്മതി പോലെയായ്. ൧൪
അംഗദനൊരു രക്ഷയ്ക്കായ് മൈന്ദൻ ദ്വിവിദനെന്നിവർ
അവൻെറയരികേ നിന്നാർ; പാർത്താരൊരെതിരാളിയെ.
ചൊടിച്ചേററിതു വീരോടേ, ക്രൂരന്മാർ കെല്പു കൂടിയോർ.
ഗദ വാളും പരിഘയുമേന്തിക്കീശരെയാശരർ. ൧൬
മൂന്നു കീശപ്രവരരും മൂന്നു രാക്ഷസസിംഹരും



Digitized By Kerala Sahitya Akademi

തമ്മിലേററു പെരുംപോരൊന്നുണ്ടായ് രോമാഞ്ചദായകം:
അവർ വൃക്ഷങ്ങളെയെടുത്താഞ്ഞെറിഞ്ഞിതു സംഗരേ;
മുറിച്ചാനവ ഖഡ്ഗത്താൽ പ്രജംഘൻ സുമഹാബലൻ. ൧൫
അവർ പോരിൽ മരം കുന്നമെറിഞ്ഞു തേർഹയങ്ങളിൽ;
മുറിച്ചാൻ ശരജാലത്താലവ യൂപാക്ഷരാക്ഷസൻ.
പറിച്ചു മൈന്ദദ്വിവിദർ വിട്ട വൃക്ഷങ്ങളും, വീര്യവാൻ
ഇടയ്ക്കൊടിച്ചു ഗദയാൽശ്ശോണിതാക്ഷൻ, പ്രതാപവാൻ. ൨൦
അരിമർമ്മങ്ങളരിയും പെരുംവാളൊന്നൊട്ടുത്തുടൻ
പ്രജംഘൻ ബാലിപുത്രൻെറ നേക്കു പാഞ്ഞെററിത്തുക്കൊടേ.
അവനെച്ചാരവേ കണ്ടു വാനരേന്ദ്രൻ മഹാബലൻ
തച്ചാൻ മുളപ്പുമരുതാം മരംകൊണ്ടതികെല്പൊടേ;
അവൻെറ വാളണിക്കൈമേലിടിച്ചാനഥ മുഷ്ടിയാൽ;
ബാലിപുത്രൻെറയിടിയാലാ വാളൂഴിയിൽ വീണുപോയ്.
നീലോൽപ്പലാഭമാ വാളു മന്നിൽ വീണതു കാൺകയാൽ,
പെരുംകരുത്തൻ വജ്രത്തിന്നൊത്ത മുഷ്ടി ചുരുട്ടിനാൻ; ൨൫
ഇടിച്ചാൻ വീര്യമറീടുമംഗദപ്ലവഗേന്ദ്രനെ
നെററിമേലസ്സുതേജസ്വി; ചാഞ്ചാടിയവനൊട്ടിട.
ഉണർച്ച് പൂണ്ടാ,ത്തേജസ്വി ബാലിപുത്രൻ പ്രതാപവാൻ
വാളാൽ പ്രജംഘൻെറ തല ശരീരാൽ ഭേദി വിച്ഛിന്നാൻ. ൨൬

പോരിലപ്ഫൻെറ കൊലയാലാ യൂപാക്ഷനാദശ്രുവായ്
തേർ വിട്ടിറങ്ങി വാളേന്തി, കണ്ണ തിരുകയാൽ ദ്രുതം.
നേക്കും യൂപാക്ഷനെക്കണ്ടു സത്വരം ദ്വിവിദൻ ബലി
ചൊടിച്ചടിച്ചാൻ നെഞ്ഞത്തായ്;-പ്പിടിയുംക്കൂടിനാൻ ബലാൽ.
ഭ്രാതാവിനെപ്പിടിച്ചാറേ, ശോണിതാക്ഷൻ മഹാബലൻ
ഗദാഗ്രത്താൽ ദ്വിവിദനെത്തല്ലിനാൻ മാർത്തടത്തിലായ്.
അവൻെറയഗ്ഗദത്തല്ലാലക്കരുത്തൻ വിറച്ചുപോയ്;
തട്ടിപ്പറിച്ചാൻ ദ്വിവിദൻ, വീണ്ടുമോങ്ങിന തദ്ഗദ. ൩൦

Digitized By Kerala Sahitya Akademi

ഇതിന്നിടയ്ക്കുതാൻ വീരൻ മൈന്ദൻ വാനരയൂഥപൻ
യൂപാക്ഷനെക്കരംകൊണ്ടു തച്ചാൻ നെഞ്ഞത്തു, വീര്യവാൻ.
അശ്ശോണിതാക്ഷയൂപാക്ഷരിരുകിശരുമായ്പ്പെലാൽ
തുടർന്നു പോരിൽ വല്ലാതിട്ടിഴയ്ക്കുയുമടിയ്ക്കുയും. ൩൨
നഖത്താൽ ദ്വിവിദൻ മാന്തി മുഖത്തശ്ശോണിതാക്ഷനെ;
പിന്മൂക്കൊടേ വീശി നിലത്തിട്ടരച്ചിതു വീര്യവാൻ.
ചൊടിച്ചു യൂപാക്ഷനെയും മൈന്ദൻ വാനരയൂഥപൻ
പിടിച്ചു കൈകളാൽ ഞെക്കി; പതിച്ചു കൊല പെട്ടവൻ! ൩൪

വീരാഗ്ര്യന്മാർ കൊലപ്പെട്ടാ രാക്ഷസപ്പെരുമാൾപ്പട
കുംഭകർണ്ണാത്മജന്മാവിൻ ചാരത്തെയ്ക്കോടി മാലൊടും;
ആപ്പാഞ്ഞുചെല്ലും പടയെക്കുംഭൻ സാന്ത്വപ്പെടുത്തിനാൻ.
തക്കം കിട്ടിയ വൻവീര്യമേന്മയൊക്കും പ്ലവംഗരാൽ ൩൬
വമ്പരാം വീരർ വീഴിയ്ക്കപ്പെട്ട രാക്ഷസസേനയെ
കണ്ടിട്ടു കുംഭൻ തേജസ്വി ദുഷ്കരപ്പോർ തുടങ്ങിനാൻ:
വില്ലാളികൾക്കഗ്ര്യനവൻ വില്ലെടുത്തപ്രമത്തനായ്
തൂകിനാൻ പാമ്പുകൾക്കൊത്ത മൈ പിളർത്താ ശരങ്ങളെ. ൩൮
വീണ്ടും പിളങ്ങിയായാൾതൻ പെരുംവില്ലതൊരമ്പിനാൽ,
വിദ്യുദൈരാവതോദ്ദീപ്തം രണ്ടാം കാർവില്ലു പോലവേ!
ചെവിയോളം വലിച്ചെയ്തു കൊള്ളിച്ചാൻ ദ്വിവിദൻെറ മേൽ,
കട പൊൻകൊണ്ടു കെട്ടിച്ചതാമച്ചിറകണിശ്ശരം. ൪൦
പെട്ടെന്നതേററിട്ടടിവെപ്പുറയ്ക്കാതായ് വിറച്ചുടൻ
തളൎന്നു വീണുപോയ്, കുന്നിൻമുടിയ്യൊത്ത മഹാകപി.
അനുജനപ്പെരുംപോരിലിടിവേററതു കാൺകയാൽ,
വലുതായൊരു കാല്ലന്തിപ്പാഞ്ഞെററാൻ മൈന്ദനുക്കൊടേ; ൪൨
അക്കല്ലരക്കനുടെ നേക്കാഞ്ഞെറിഞ്ഞാൻ മഹാബലൻ;
പിളർത്തി കുംഭനക്കല്ലു തെളിയമ്പുകളഞ്ചിനാൽ.
മുനച്ചേലുള്ള പാമ്പൊക്കും മററൊരമ്പു തൊടുത്തുടൻ

Digitized By Kerala Sahitya Akademi

എയ്തയുംചെയ്തു തേജസ്വി, നെഞ്ചത്തായ് ദ്വിവിദായ്തനെ. ൪൪
എയ്ത്തതേല്ക്കുകയാൽ മൈന്ദന,ുത്ത മർമ്മത്തു കൊൾകയാൽ
ബോധം കെട്ടു നിലംപൊത്തിപ്പോയീ വാനരയൂഥപൻ.
അമ്മാമന്മാർ കരുത്തന്മാർ വീണുപോയതു കാൺകയാൽ
പാഞ്ഞെററാനംഗദൻ വേഗാൽ, വില്ലുയർത്തിയ കുംഭനെ. ൪൬
നേർക്കെത്തുമവനിൽക്കുംഭനഞ്ചിരിമ്പമ്പു തൂകിനാൻ,
കൊമ്പനാൽത്തോമരംപോലെ, മൂന്നു ക്രൂരമ്പു വേറെയും.
കുംഭൻ മുന മടങ്ങാത്ത നാനാപൊന്നണിയമ്പുകൾ
എയ്താനംഗദനിൽ,ത്തേച്ചുകൂർപ്പിച്ചുള്ളവ വീര്യവാൻ. ൪൮
എയ്ത്തേററതിൽക്കുലുങ്ങാതേ, ബാലിതന്മകനംഗദൻ
അവന്റെ തലയിൽപ്പെയ്തുകൊണ്ടാൻ കല്ലും മരങ്ങളും.
ബാലിപുത്രൻ പ്രയോഗിച്ച മരങ്ങളെ നുറുക്കിനാൻ;
കല്ലുമെല്ലാം പിളർത്താനാ, ശ്രീമാനാം കുംഭകർണ്ണജൻ. ൫൦
എയ്തയുംചെയ്തു കുംഭൻ, നേർക്കണയും കപിമുഖ്യനെ,
ആനയെക്കൊള്ളിയാൽപ്പോലേ, രണ്ടമ്പാൽപ്പുരികങ്ങളിൽ;
അവന്നങ്ങൊഴുകീ രക്ത,മടഞ്ഞുംപോയി കണ്ണുകൾ.
ചെഞ്ചോര വാർന്ന മിഴികൾ കയ്യിനാൽപ്പൊത്തിയംഗദൻ ൫൨
അടുത്തുനില്പോരു പയൻ പിടിച്ചാനൊരു കയ്യിനാൽ;
തടി മാറത്തമർത്താററക്കൈകൊണ്ടാഞ്ഞുപിടിച്ചുടൻ
കുറഞ്ഞൊന്നു കുനിഞ്ഞിട്ടു,താന പോലെ പുഴക്കിനാൻ.
ഇന്ദ്രധ്വജത്തിനൊത്തുള്ള മന്ദരോപമമാ മരം ൫൪
ആഞ്ഞെറിഞ്ഞീടുമവനെ,സ്സർവരാക്ഷസർ കാൺകവേ
പിളർത്താൻ, മൈ പിളർത്തീടുമേഴുക്രൂരമ്പുകൊണ്ടവൻ;
നൊന്തുനൊന്തംഗദനതിൽത്തളർന്നാൻ, മൂർച്ഛ തേടിനാൻ.
കടലിൽത്തളരുന്നോൻ പോലക്കപീന്ദ്രൻ ദുരാസദൻ ൫൬
ക്ഷീണിച്ചതീക്ഷിച്ചു,റിയിച്ചിതു രാമനെ മററവർ.
പോർമന്നിൽബ്ബാലിജനേററ വാട്ടം കേട്ടിട്ടു രാമനും

ചൊല്ലിവിട്ടാൻ ഹരിശ്രേഷ്ഠന്മാരാം ജാംബവദാദ്യരെ.
രാമന്റെ ശാസനം കേട്ടിട്ടാ വലീമുഖപുംഗവർ ൪൯
പാരം ചൊടിച്ചു പാഞ്ഞേററു, വില്ലുയർത്തിയ കുംഭനെ;
മരംകല്ലുകൾ കൈക്കൊണ്ടു, കോപാൽച്ചെങ്ങിയ കണ്ണുമായ്
പാഞ്ഞേററു, ബാലിസുതനെപ്പാലിപ്പാൻ കപികുഞ്ജരർ:
സുഷേണജാംബവാന്മാരും വാനരൻ വേഗദർശിയും ൫൦
പാഞ്ഞേററാരരിശത്തോടേ, വീരനാം കൌംഭകർണ്ണിയെ.
കണ്ടാനേകം പ്രബലരാം കപിശ്രേഷ്ഠരെ നിർത്തിനാൻ,
നീക്കത്തിനെ ദ്രുമൌഘത്താൽപ്പോലേ, ശരഗണത്തിനാൽ.
അവന്റെ ബാണമാർഗ്ഗം പുക്കാ വമ്പന്മാർ കപീശ്വരർ ൫൧
കടപ്പാൻ ശക്തരായീലാ, കരയെക്കടൽ പോലവേ.

അക്കീശരമ്പിന്മഴയേററഴൽപ്പെട്ടതു കാങ്കെയാൽ,
ഭ്രാത്രീയനാമംഗദനെപ്പിന്നിലാക്കിക്കപീശ്വരൻ,
സുഗ്രീവന്തുക്കൊടെ പോരിൽപ്പാഞ്ഞേററാൻ കൌഭകർണ്ണിയെ,
സിംഹം ഗിരിതടേ മേയും കുഞ്ജരത്തെക്കണക്കിനേ;
പറിച്ചോ,ട്ടേറെ മരുതും, ഞമ, വമ്പിച്ച സാലവും,
മററു നാനാമരവുമങ്ങാഞ്ഞെറിഞ്ഞാൻ മഹാബലൻ.
വാനം മറച്ച ദുർദ്ധർഷമാകുമാ മരമാരിയെ ൫൫
ചിക്കെന്നു ശരമ്പുകൾകൊണ്ടറുത്തു കുംഭകർണ്ണജൻ.
ഉന്നംവെച്ചുഗ്രനാം കുംഭനെയ്ത ശരമ്പു നീളവേ
തറഞ്ഞാശ്ശാഖികൾ, കൊട്ടുംശതഘ്നികൾ കണക്കെയായ്.
ആ വൃക്ഷവൃഷ്ടിയെക്കുംഭൻ പിളർത്തിയതു കാങ്കെയാൽ, ൫൯
കപീന്ദ്രൻ വീര്യവാൻ ശ്രീമാൻ ക്രുസിലുംക്കനെമേറിയോൻ.
അശ്ശരൌഘം സഹിച്ചുംകൊണ്ടാ,ഞ്ഞെയ്യപ്പെട്ടുകൊണ്ടവൻ
പറിച്ചോടിച്ചാൻ, കുംഭന്റാ മഴവില്ലൊളിവില്ലിനെ.
ദുസ്സാധമായ തൊഴിൽ ചെയ്താശ്ശു ചാടിയടുത്തവൻ, ൬൦
കൊമ്പൊടിഞ്ഞാന പോലായ കുംഭനോടോതി രുഷ്ടനായ്:—

Digitized By Kerala Sahitya Akademi

“നികുംഭാഗ്രജ, നിൻവീര്യം ബാണവേഗവുമത്ഭുതം!
പ്രഭാവവും സൌഹൃദവും രാവണനൊപ്പമുണ്ടു തേ.
പ്രഹ്ലാദബലിവൃത്രാരികുബേരവരുണോപമ, ൬൨
നീയൊരാള,ഗ്ര്യബലനാമച്ഛന്നു കിടയാം മകൻ!
വില്ലേന്തിയ മഹാബാഹു വൈരിഘ്നൻ നീയൊരുത്തനെ,
ദുഃഖങ്ങൾ വശിയെപ്പോലേ, തീണ്ടുമാറില്ല ദേവകൾ.
പോരാടുക മഹാബുദ്ധേ! കാണട്ടേ ഞാൻ പയററുകൾ! ൬൪
നിൻവല്യച്ഛൻ വരപ്രാപ്ത്യാ ചെറുപ്പൂ ദേവദൈത്യരെ;
കുംഭകർണ്ണൻ കരുത്താൽത്താൻ ചെറുപ്പൂ ദേവദൈത്യരെ!
വില്ലിൽ നീയിന്ദ്രജിത്തുല്യൻ; പ്രതാപേ രാവണോപമൻ;
നീയിന്നു ബലവീര്യത്താലരക്കരിൽ മികച്ചവൻ. ൬൬
പോരിൽ നീയെന്നോടു തുല്യം കൂട്ടിമുട്ടുന്നൊരത്ഭുതം
ഇന്നു ലോകങ്ങൾ കാണട്ടേ, ശംബരേന്ദ്രസമക്രമം!
ചെയ്തു നിസ്തുല്യമാം കൃത്യം; കാണിച്ചൂ ശസ്ത്രകൌശലം;
വീഴിച്ചു, ഭീമബലരാം ഹരിവീരരെയും ഭവാൻ. ൬൮
ദുഷ്പേരിൽപ്പേടികൊണ്ടത്രേ കൊല്ലാഞ്ഞു വീര, നിന്നെ ഞാൻ;
ക്ഷീണം തീർത്തെൻബലം കാൺക, വേല ചെയ്തു തളർന്ന നീ!”
ഇസ്സുഗ്രീവാവമാനോക്തികൊണ്ടാ മാനോൽകടനുടൻ
തേജസ്സൊന്നാളി, നെയ് തൂകപ്പെട്ട വഹ്നിയ്ക്കു തുല്യമേ; ൭൦
കുംഭൻ സുഗ്രീവനെച്ചെന്നു പിടിച്ചാനിരുകൈകളാൽ.
നീരുള്ളാനകളെപ്പോലേ കൂടെക്കൂടേ കിതയ്ക്കയും,
മെയ്കൾ തമ്മിൽപ്പിണച്ചങ്ങോട്ടിങ്ങോട്ടൊപ്പം വലിയ്ക്കയും,
വാട്ടത്താൽപ്പുകയും ജ്വാല വായിൽനിന്നു വമിയ്ക്കയും. ൭൨
അവർതൻ കാൽച്ചവുട്ടാലേ ഭൂമി കീഴ്പ്പോട്ടമർന്നുപോയ്;
തിര തള്ളിമറിഞ്ഞാ,കെക്കലങ്ങിപ്പോയ് സമുദ്രവും!
സുഗ്രീവൻ കുംഭനെയെടുത്തെറിഞ്ഞു ലവണാംബുവിൽ
വീഴിച്ചാനാശു, കടൽത്തന്നടി കാട്ടിക്കൊടുത്തുതാൻ! ൭൪
കുംഭൻ വീണതിനാൽപ്പൊങ്ങിച്ചുമഞ്ഞീടിന സാഗരം

Digitized By Kerala Sahitya Akademi

കേറിപ്പരന്നിതെമ്പാടും, വിന്ധ്യമന്ദരതുല്യമായ്!
കുംഭൻ കരമ്യേറി രുഷാ സുഗ്രീവനെയണഞ്ഞുടൻ
ഒന്നാഞ്ഞിടിച്ചാൻ നെഞ്ഞത്തായ് വജ്രത്തിന്നൊത്ത മുഷ്ടിയാൽ.
പൊളിഞ്ഞുപോയ് തൊലിയവനൊ;-ലിച്ചു ചോരയും ഉലോം;
ആ മുഷ്ടിയോ,പെരുത്തുമാതൈയ്യിൽതൽക്കൊണ്ടൊഴിഞ്ഞുപോയ്!
ഊക്കാലതികൽത്തേജസ്സൊന്നുജ്ജ്വലിച്ചിതനല്പമായ്,
വജ്രമല്ക്കുകയാൽ മേരുക്കന്നിൽത്തീജ്ജ്വാല പോലവേ. ൮൮
അവൻറയിടിയേററിട്ട,സ്സുഗ്രീവൻ വാനരഷഭൻ
ചുരുട്ടീ വജ്രസങ്കാശമായ മുഷ്ടി, മഹാബലൻ;
ആയിരം കതിർ ചൂഴററ സൂര്യബിംബത്തിനൊപ്പമായ്
ജ്വലിച്ച മുഷ്ടി കുംഭൻറ മാറത്തായ് വീഴ്ത്തി വീര്യവാൻ. ൯൦
അത്താഡനാൽപ്പരിക്കേററക്കുംഭനമ്പെത്തളർന്നുടൻ
നിലംപതിച്ചുപോയ്, ജ്വാലയററ തിയ്യെന്ന പോലവേ;
അവൻറ മുഷ്ടിഘാതത്താൽ വീണുപോയ് രാക്ഷസൻ ദ്രുതം,
പെട്ടെന്നു വാനിൽ നിന്നുദ്യദ്രശ്മിയാം ചൊവ്വ പോലവേ. ൯൨
മുഷ്ടിയാൽ നെഞ്ഞുടഞ്ഞങ്ങു വീഴും കുംഭൻറ വിഗ്രഹം
കാണായി, രുദ്രൻ വീഴിച്ച സൂര്യബിംബം കണക്കിനേ.

യുദ്ധത്തിൽവെച്ചങ്ങവനെ പ്ലവംഗ-
വ്യാഘ്രൻ കൊടുംവിക്രമി കൊന്നനേരം
കുലുങ്ങി കാടദ്രികളോടുമൂഴി;
നിശാചരക്കുറംബ്ഭയവും വളർന്നു! ൯൪

—* *—

## എഴുപത്തേഴാം സർഗ്ഗം: നികുംഭവധം.

—:* *:—

ജ്യേഷ്ഠൻ സുഗ്രീവനാൽ വീഴ്ത്തപ്പെട്ടുപോയതു കാണ്കയാൽ
നോക്കി നികുംഭൻ, നീറാക്കാൻപോലേ കീശേന്ദ്രനെ ക്രുധാ!
വില്ലാട്ട വീരൻ, പൂമാല്യമണിഞ്ഞൈവിരൽ ചേർത്തതായ്
മഹേന്ദ്രശൃംഗോപമമാം സ്വച്ഛം പരിഘമേന്തിനാൻ; ൨

Digitized By Kerala Sahitya Akademi

പൊന്നോല ചുററി, പ്പവിഴംവജ്രക്കല്ലു പതിച്ചതായ,
യമദണ്ഡോപമം, ഭീമ,മരക്കർക്കു ഭയാപഹം,
ഇന്ദ്രധ്വജോപമമതു ചുഴററിബ്ഭീമവിക്രമൻ
വാ തുറന്നൊന്നലറിനാൻ നികുംഭനതിദീപ്തിമാൻ. ൭
മാറില്പ്പതക്കം, മെയ്ക്കാപ്പും, കൈമേൽക്കേയൂരകങ്ങളും,
വിചിത്രകുണ്ഡലയുഗം, ചിത്രമാകിയ മാലയും
കയ്യിൽപ്പരിഘവും പൂണ്ടാ നികുംഭൻ വിലസീ തദാ,
ഇടിവാർമിന്നൽമഴവില്ലൊത്ത കാർകൊണ്ടൽ പോലവേ. ൮
ക്രൂരന്റെ പരിഘാഗ്രത്താൽ വാതസ്കന്ധം പിളന്നുപോയ്;
ജ്വലിച്ചു വായ്ചൊലിയൊടും പുക വിട്ടഗ്നി പോലവേ.
അളകാപുരിയും ശ്രേഷ്ഠഗന്ധർവ്വഭവനങ്ങളും
അമരാവതിയും സർവ്വഭവനങ്ങളുമൊത്തതായ്, ൯
നക്ഷത്രഗ്രഹതാരേന്ദുവൻഗ്രഹങ്ങളൊടൊപ്പമേ,
നികുംഭപരിഘക്കാററാൽ വട്ടംചുററീ നഭസ്ഥലം!
ദുരാധർഷനമായ്ത്തീർന്നൂ പരിഘാഭരണോജ്ജ്വലൻ
കപികൾക്കാ നികുംഭാഗ്നി, കത്തും കല്പാഗ്നി പോലവേ. ൧൦
അരക്കരും വാനരരുമനങ്ങാതായ് ഭയത്തിനാൽ;
ഹനുമാനോ, മാർ പരത്തിനിന്നാനെതിരിലൂർജ്ജിതൻ.
പരിഘാഭജൻ സൂര്യപ്രഭമാം പരിഘത്തിനെ
കരുത്തനക്കരുത്തന്റെ മാറത്തൊന്നു മയക്കിനാൻ. ൧൧
അവന്റെ ദൃഢവന്മാറിൽപ്പരിഘം നൂറു കഷ്ണമായ്
പെട്ടെന്നുതിന്നു, വാനത്തു നൂറുതീക്കൊള്ളി പോലെയായ്!
ഉരക്കിലപ്പരിഘത്തല്ലേററിട്ടാപ്പെരിയ വാനരൻ
കലങ്ങിയല്ലോ, ഭൂകമ്പത്തിങ്കലദ്രി കണക്കിനേ. ൧൨
അവന്റെയടിയേററിട്ടാ, ഹനുമാൻ പ്ലവഗോത്തമൻ
കൈ ചുരുട്ടീടിനാൻ കെല്പിൽ,പ്പെരുംകെല്പേററമുള്ളവൻ;
അതോങ്ങിയൂക്കിലൂ,ക്കുള്ളോൻ തേജസ്സേറിയ വീര്യവാൻ

Digitized By Kerala Sahitya Akademi

ന്നൊടിടിച്ചാൻ നികുംഭന്റെ മാറിൽ, മാരുതവിക്രമൻ. ൮
പൊളിഞ്ഞുപോയ് ചട്ടയവന്നൊ;-ലിച്ചു, ചോരയും തുലോം;
ആ മുഷ്ടികൊണ്ടു തിളച്ചാളി, പിന്നർമ്മിന്നൽ കണക്കിനെ!
ശരിയ്ക്കിടിയതേററിട്ടാ നികുംഭൻ വിറ കൊണ്ടുപോയ്;
ആശ്വസിച്ചിട്ടെടുത്താനാക്കെല്ലാരും വായുപുത്രനെ. ൯
കണ്ടാർത്തുക്രുക്കിനാർ പോരിൽഘോരം ലങ്കാനിവാസികൾ,
കരുത്തേറും ഹനൂമാനെ നികുംഭൻ പൊക്കിയേന്തവെ.
കുംഭകർണ്ണജനാലേവം കൊണ്ടുപോകപ്പെട്ടപ്പൊഴും
ഇടിച്ചാനാ മരുൽപുത്രൻ, വജ്രത്തിന്നൊത്ത മുഷ്ടിയാൽ. ൧൦
പിടുത്തം വിടുവിച്ചിട്ടു നിലത്തെയ്ക്കാഞ്ഞു ചാടിനാൻ;
നികുംഭനെ മെതിച്ചാനാ ഹനുമാൻ, വായുജൻ ദ്രുതം:
പണിപ്പെട്ടു നിലംപൊത്തിച്ചിട്ടരച്ചാൻ നികുംഭനെ;
ഉരക്കൊടവന്റെ നെഞ്ഞത്തു ചാടിവീണഥ വീര്യവാൻ ൧൧
പിടിച്ചു രണ്ടു കൈകൊണ്ടും കഴുത്തിട്ടു പിരിച്ചുടൻ
പറിച്ചെടുത്താൻ, കൊടുതായാക്രോശവാന്റെ പെരുംതല.

തദനു, പടയിലാർത്തിടും നികുംഭൻ
പവനജനാൽപ്പരിപിഷ്ടനായശേഷം,
ചൊടി പെരുകി രണം തുടർന്നു ഘോരം,
ദശരഥരാക്ഷസവര്യപുത്രർതമ്മിൽ. ൧൨
നികുംഭൻ മൃതിപ്പെട്ടപോതിമ്പമോടാ
പ്ലവംഗൌഘമാർത്തു; മുഴങ്ങീ ദിഗന്തം;
പിളർന്നു വിഹായസ്സ്;-ലത്തു മഹിത്ത-
ട്ട;-രക്കപ്പടയ്ക്കോ, ഭയപ്പാടുയർന്നു!

—:*:—

## എഴുപത്തെട്ടാം സർഗ്ഗം: മകരാക്ഷനിർഗ്ഗമം.

—*—

നികുംഭകുംഭരും കൊല്ലപ്പെട്ടുവീണതു കേൾക്കയാൽ
ക്രോധം മുഴുത്തു, തീ പോലെയുജ്ജ്വലിച്ചിതു രാവണൻ,



Digitized By Kerala Sahitya Akademi

കോപവും താപവും രണ്ടുമൊപ്പമേറിയ രാക്ഷസൻ
വിട്ടാൻ, ഖരന്റെ മകനാം കൺ നീണ്ട മകരാക്ഷനെ:— ൨
‘ചെല്ലാ,ജ്ഞ തന്നേൻ മകനേ, സൈന്യത്തൊടൊരുമിച്ചു നീ:
രാമസൌമിത്രികളെയും കൊല്ലുകാക്കാടരേയുമേ.’
രാവണൻ തന്റെ ചൊൽ കേട്ടു, ശൂരമാനി ഖരാത്മജൻ
കുസൽ കൂടാതെ,‘റാണെ’ ന്നാൻ, മകരാക്ഷൻ നിശാചരൻ. ൪
ദശകണ്ഠനെ വന്ദിച്ചു വലംവെച്ചുജ്ജ്വലോത്തരൻ
വെണ്മേടമേൽനിന്നു പുറപ്പെട്ടു രാവണശാസനാൽ.
ചാരേ നില്ക്കും ബലാധ്യക്ഷനോടിതോതി ഖരാത്മജൻ:—
‘വെക്കം വരുത്തുക രഥം; വിളിയ്ക്കു പടയെ ദ്രുതം.’ ൬
അവന്റെയാ വാക്ക കേട്ടു, ബലാധ്യക്ഷൻ നിശാചരൻ
രഥത്തെയും സേനയെയുമരികേ കൊണ്ടുനിർത്തിനാൻ.
ഉടൻ പ്രദക്ഷിണംവെച്ചു തേരിലേറി നിശാചരൻ
തിടുക്കിനാൻ സാരഥിയെ,‘ത്തെളിയ്ക്കു രഥമാശു മേ.’ ൮
പിമ്പാ രാക്ഷസരോടെല്ലാം മകരാക്ഷനിതോതിനാൻ:—
‘നിങ്ങളേവരുമെന്മുന്നിൽപ്പോരാടുവിനരക്കരേ:
എന്നോട,രക്കപ്പെരുമാൾ പെരുമപ്പെട്ട രാവണൻ
കല്പിച്ചിരിപ്പൂ, സമരേ രാമലക്ഷ്മണനിഗ്രഹം; ൧൦
രാമസൌമിത്രികളെ ഞാൻ കൊൽവനിന്നു നിശാടരേ,
സുഗ്രീവകപിയെ,ക്കീശന്മാരെയും നൽശ്ശരങ്ങളാൽ.
ഇന്നു ശൂലങ്ങൾ ചാടിച്ചും മഹാവാനരസേനയെ
ചെന്നേററരിയ്ക്കുവൻ, ശുഷ്കേന്ധനത്തെത്തീയു പോലവേ.’ ൧൨
മകരാക്ഷന്റെയാ വാക്ക കേട്ടാ രാക്ഷസരേവരും
നാനാശസ്ത്രങ്ങൾ പൂണ്ടൊത്തുകൂടിനാർ ബലശാലികൾ:
അവരെല്ലാം കാമരൂപർ, കണ്മഞ്ഞച്ചവർ, ദംഷ്ട്രികൾ,
ആനകൾക്കൊപ്പമാർപ്പിട്ടു, മുടിചിന്നിബ്ഭയങ്കരർ, ൧൪
ക്രൂരന്മാർ ക്രൂരനായുള്ള ഖരപുത്രനു ചുററുമായ്
പോന്നാരവിടെനിന്നു,ഴി കലുക്കിക്കൊണ്ടു ഹൃഷ്ടരായ്.

Digitized By Kerala Sahitya Akademi

എമ്പാടും താക്കിന പെരുതായിരം ഭേരി, ശംഖുകൾ,
ആൎപ്പു്, കൈകൊട്ടലിവതൻ നിനദം പെരുകീ തുലോം. ൧൬
തേർ തെളിപ്പോന്റെ ചമ്മട്ടി കയ്യിൽനിന്നൂൎന്നുപോയ് തദാ;
പെട്ടെന്നു വീഴ്ചയുംചെയ്തിതാ, നിശാചാരിതൻ ധ്വജം;
അവന്റെ തേർവാജികളോ, വിക്രമം വിട്ടു ദീനരായ്
കാലിടൎച്ചയൊടേ പോന്നു കണ്ണീർ വാൎത്തു നടക്കയായ്. ൧൮
വീശീ പരുക്കനാം കാററും പൊടിയുൾച്ചേൎന്നു ഘോരമായ്,
ആ രൌദ്രദുഷ്ടമതിയാം മകരാക്ഷന്റെ യാത്രയിൽ!
ആ നിമിത്തങ്ങൾ നോക്കാതേ, വീൎയ്യമേറിയ രാക്ഷസർ
രാമലക്ഷ്മണർതൻനേൎക്കു പോന്നുകൊണ്ടാരശേഷരും. ൨൦

ഘനഗജമഹിഷാഭർ, പോൎത്തലയ്ക്കൽ-
പ്പലവുരു വാൾഗദയേററു മൈ പിളൎന്നോർ,
അഹമഹമിക പൂണ്ടു ചുററുമാൎത്താ-
ര,ടർവിരുതേറിടുമാ നിശാചരന്മാർ.

—: 0 :—

എഴപത്തൊമ്പതാം സൎഗ്ഗം: മകരാക്ഷവധം.

— : * : —

മകരാക്ഷൻ പുറപ്പെട്ടതീക്ഷിച്ചക്കപിയൂഥപർ
ചിക്കെന്നു പാഞ്ഞെത്തെററല്ലാരും നിലക്കൊണ്ടിതു പോരിനായ്.
തുടങ്ങീ കോൾമയിർക്കൊള്ളുമാറങ്ങൊരു പെരുംപട,
ദേവദാനവർ തമ്മിൽപ്പോല,ക്കീശാശരർ തങ്ങളിൽ: ൨
വൃക്ഷശൂലങ്ങൾ ചാടിച്ചും, പരിഘം പാറ ചാട്ടിയും
തമ്മിലുന്മൎദ്ദനംചെയ്താരങ്ങു വാനരരാക്ഷസർ.
വേൽവാൾതോമരകുന്തങ്ങൾ ഗദയെന്നിവയാൽച്ചിലർ,
പട്ടസത്താൽക്കവിണയാൽച്ചുററുമമ്പെയ്തിനാലുമേ, ൫
കയർമുൾത്തടിദണ്ഡാലും കലിശംകൊണ്ടുമേ ചിലർ
പരിക്കു കപിവീരന്മാൎക്കണച്ചാരാ നിശാചരർ.

Digitized By Kerala Sahitya Akademi

ഖരപുത്രശരൌഘങ്ങൾകൊണ്ടും നോവാർന്നു വാനരർ
മനം പതറിയും പേടിച്ചുരണ്ടും പാഞ്ഞിതേവരും. ൬
അക്കീശർ പായുന്നതു കണ്ടിട്ടാ രാക്ഷസരേവരും
ഹർഷാൽ സിംഹങ്ങൾപോലാർത്തു; വെന്നു ശോഭിച്ചു രാക്ഷസർ.

ആ വാനരന്മാരെമ്പാടും പാഞ്ഞുപോകും ദശാന്തരേ,
രാമനാ രാക്ഷസന്മാരെത്തടുത്താൻ ശരമാരിയാൽ. ൮
അങ്ങത്തടുക്കൽ കണ്ടിട്ടു, മകരാക്ഷൻ നിശാചരൻ,
അരിശത്തിനു പിടിപെട്ടീവണ്ണമുരിയാടിനാൻ:-
‘നില്ക്ക രാമ: നിനക്കേകാം ഞാനുമായ് ദ്വന്ദ്വയുദ്ധമേ;
നിൻപ്രാണൻ പോക്കുവൻ, വിൽ വിട്ടുന്ന ക്രൂരമ്പിനങ്ങളാൽ. ൧൦
കൊന്നല്ലോ ദണ്ഡകക്കാട്ടിൽവെച്ചന്നെന്നുടെയച്ഛനെ;
അതു ചെയ്തോനെ മുന്നിൽക്കണ്ടു,രിശം പെരുകുന്നു മേ!
എനിക്കംഗങ്ങൾ വേകുന്നുണ്ടേറ്റം രാഘവ, ദുർമ്മതേ:
അന്നു കണ്ടെത്തിയില്ലല്ലോ നിന്നെ വങ്കാട്ടിൽവെച്ചു ഞാൻ! ൧൨
ഭാഗ്യമേ, രാമ, നീയിങ്ങു കാണുമാറായിവന്നു മേ:
തേടിനേൻ, പശിയാൽസ്സിംഹം മൃഗത്തെപ്പോലെ നിന്നെ ഞാൻ.
ഇന്നെ,ന്നമ്പിന്റെയൂക്കാലേ കാലനൂരിൽഗ്ഗമിച്ചു നീ,
നിന്നാൽ വധിക്കപ്പെട്ടോരാം വീരരോടിടചേർന്നിടും! ൧൪
എന്തിനു വളരെച്ചൊൽവൂ? രാമ, കേളൊരു വാക്കു നീ:
ലോകങ്ങളെല്ലാം കാണട്ടേ പോർനിലത്തെന്നെ,നിന്നെയും;
ഗദയാലോ, ശരത്താലോ, കൈകളാലോ, മഹാരണേ,
പയറേറതൊന്നിലതിനാൽപ്പൊരുതിക്കൊൾക രാമ, നീ!’ ൧൬
മകരാക്ഷന്റെ ചൊൽ കേട്ടു, രാമൻ ദശരഥാത്മജൻ
മേന്മേൽപ്പുലമ്പുവോനോടു ചിരിച്ചുംകൊണ്ടു ചൊല്ലിനാൻ:-
‘വെറുതേ, പല ചേരാത്ത മേനിവാക്കെന്തിനാശര?
പോരിൽജ്ജയിക്കവയ്യ,ങ്കംവെട്ടാതേ ചൊൽക്കരുത്തിനാൽ! ൧൮
നിന്നച്ഛനെയുമീരേഴായിരമാശരർതമ്മെയും
ത്രിശിരോദൂഷണരെയും കൊന്നല്ലോ ദണ്ഡകത്തിൽ ഞാൻ.

Digitized By Kerala Sahitya Akademi

കൊക്കും നഖാഗ്രവും കൂർത്ത കഴു കാക്ക കുറുക്കനും
ഇന്നും നല്ലൊരു തീൻ തിന്നും, ധൃഷ്ട, നിന്റെയിറച്ചിയാൽ!' ൨൦

കാകുൽസ്ഥനേവം ചൊന്നാറേ, ഖരപുത്രൻ നിശാചരൻ
അക്കാകുൽസ്ഥന്റെനേക്കെയ്തു പോർനിലത്തേറ്റമമ്പുകൾ;
അസ്ത്രങ്ങൾ, ശരം പെയ്തു രാമൻ നൂറായ് നുറുക്കിനാൻ:
മുറിഞ്ഞു വീണു മന്നിങ്കൽപ്പൊൻപുംഖസുപത്രികൾ. ൨൨
നടന്നു, തമ്മിലൃക്കോടേറ്റിടഞ്ഞവിടെയപ്പട,
ഖരാസുരന്റെ മകനുമദ്ദാശരഥിതാനുമായ്.
കേൾക്കായ്, വില്ലുളിൽനിന്നേറ്റം ഞാണുള്ളംകൈകൾ
[തന്നൊലി,
വാനത്തു രണ്ടു കാറിന്റേതെന്നപോല,ടർക്കുഴിയിൽ. ൨൪
ദേവദാനവഗന്ധർവ്വ കിന്നരോരഗമുഖ്യരും
വാനത്തു ചേർന്നാരെപ്പേരു,മാശ്ചര്യമതു കാണുവാൻ.
എയ്ത്താരംഗങ്ങളിൽത്തമ്മിലെ;-ന്നാൽബ്ബലമിരട്ടിയായ്;
ചെയ്താർ തമ്മിൽ,ച്ചെയ്തതിന്നു പകരം പോർനിലത്തവർ. ൨൬
രാമൻ വിട്ട ശരവ്രാതം പോരിൽ ഖണ്ഡിച്ചു രാക്ഷസൻ;
രക്ഷസ്സു വിട്ടതമ്പാലേ നൂറായ് ഖണ്ഡിച്ചു രാമനും.
നിറഞ്ഞു ശരജാലത്താൽ ദിക്പ്രദിക്കുകളൊക്കെയും;
പാടേ മറഞ്ഞു, കാണാവല്ലാത്തതായ്ത്തീർന്നു ഭൂമിയും! ൨൮
അരിശം പൂണ്ടരക്കന്റെ വിൽ മുറിച്ചാൻ മഹാഭുജൻ;
എട്ടിരിമ്പമ്പുകൊണ്ടെയ്താൻ സൂതനെപ്പിന്നെ രാഘവൻ.
വീഴ്ത്തിനാൻ തേർ പിളർത്തശ്വങ്ങളെയും രാമനമ്പിനാൽ;
തേർ വിട്ടു മന്നിലേ നിന്നാൻ മകരാക്ഷൻ നിശാചരൻ. ൩൦
ആ മന്നിൽ നിന്ന രക്ഷസ്സു കൈക്കൊണ്ടാൻ ശൂലമൊന്നുടൻ,
സർവ്വഭൂതപ്രതിഭയം, സംവർത്താഗ്നിസമപ്രഭം:
ദുർദ്ധർഷമപ്പെരുംശൂലം രൗദ്രത്തം ഭയങ്കരം
തിളങ്ങീ വാനില,പരം സംഹാരാസ്ത്രം കണക്കിനേ; ൩൨
കണ്ടാൽപ്പേടിച്ചരണ്ടോടുമതു, ദേവകളൊക്കെയും!
ജ്വലിക്കുമപ്പെരുംശൂലം വട്ടംചുറ്റിച്ചു രാക്ഷസൻ

Digitized By Kerala Sahitya Akademi

ചാട്ടിനാനാ മഹാത്മാവാം രാമൻതൻ നേർക്കു രുഷ്ടനായ്.
ഖരാത്മജൻ ചാട്ടിയ തിളച്ചൊളിശ്ശൂലമതേല്ക്കവേ, ൩൪
വാനത്തുവെച്ചു മൂന്നമ്പാൽ മുറിച്ചരുളി രാഘവൻ;
അത്തിവ്യപ്പൊന്നണിശ്ശൂലം രാമബാണങ്ങളേല്ക്കയാൽ,
ഒരു വമ്പിച്ച പന്തം പോലുതിർന്നു പല കണ്ണമായ്.
അശ്ശൂലത്തെയനായാസകാരി രാമൻ മുറിക്കയാൽ, ൩൬
നന്നു നന്നെന്നു വർണ്ണിച്ചാരാകാശേ നിന്നിരുന്നവർ.
ശൂലം മുറിക്കപ്പെട്ടാറേ, മകരാക്ഷൻ നിശാചരൻ
രാമങ്കൽ മുഷ്ടിയാഞ്ഞോങ്ങി, നില്ല നില്ലെന്നു ചൊല്ലിനാൻ.
നേർക്കെത്തുമവനെക്കണ്ടു ചിരിച്ചാ രഘുനന്ദനൻ, ൩൮
രാമനാഗ്നേയമാമസ്ത്രം തൊടുത്താൻ പള്ളിവില്ലുമേൽ.
രാമനാലസ്ത്രമതുകൊണ്ടാഞ്ഞെയ്യപ്പെട്ട രാക്ഷസൻ
പോരിൽ നെഞ്ഞു പൊളിഞ്ഞങ്ങു വീണാൻ, ചത്തീടിനാനടൻ.
മകരാക്ഷനെ വീഴിച്ചതങ്ങു കണ്ടാ നിശാചരർ ൪൦
ലങ്കയ്ക്കുതാൻ കുതിച്ചോടീ, രാമബാണാർത്തരേവരും.

ദശരഥസുതബാണമേററു ചത്തീ-
ടിന ഖരസൂനുനിശാടനെത്തദാനീം,
പവിഹതിയിലുടഞ്ഞൊരദ്രിയെപ്പോ-
ല,മരജനങ്ങൾ തുലോം രസേന കണ്ടാർ.

—: * :—

## എണ്പതാം സർഗ്ഗം: ഇന്ദ്രജിന്മായായുദ്ധം.

---

മകരാക്ഷവധം കേട്ടു, പോരിൽ വെല്ലുന്ന രാവണൻ
പല്ലിറുമ്മിക്കടിച്ചുംകൊണ്ടരിശം പൂണ്ടിതേററവും.
അങ്ങപ്പോൾ വേണ്ടതെന്തെന്നുമാലോചിച്ചാൻ സരോഷനായ്;
ചൊല്ലിവിട്ടാൻ ക്രുധാ പോരിന്നു,ണ്ണിയാമിന്ദ്രജിത്തിനെ:— ൨
'കൊല്ക, പീര്യാഢ്യരാം രാമലക്ഷ്മണന്മാരെ വീര, നീ
മറഞ്ഞോ, വെളിവായ്നിന്നോ: സർവ്വഥാ നീ ബലാധികൻ.

Digitized By Kerala Sahitya Akademi

നീയപ്രതിമകർമ്മാവാമിന്ദ്രനെപ്പോരിൽ വെന്നവൻ;
പിന്നെ, മാനുഷരെക്കണ്ടാൽപ്പോരിൽക്കൊല്ലാതിരിയ്ക്കുമോ!' ൭
അമ്മട്ടു രക്ഷർകോൻ ചൊല്ലി,യച്ഛന്റെ മൊഴിയേററുടൻ
ശരിയ്ക്കഗ്നിയെ ഹോമിച്ചാനിന്ദ്രജിത്തധ്വരസ്ഥലേ.
അങ്ങു വഹ്നിയെ ഹോമിയ്ക്കെ,രാക്ഷസസ്ത്രീകൾ സത്വരം
രക്തോഷ്ണീഷങ്ങളും കൈക്കൊണ്ടെത്തി രാവണിതൻ വിധൌ. ൮
ആയുധങ്ങളമക്കോല്കൾ; ചമതയ്ക്കുഥ താന്നിയും;
ചുകന്നുള്ളവ വസ്ത്രങ്ങൾ; കാരിരിമ്പാലെയാം സ്രുവം.
തോമരം ചേർന്നമക്കോല്കൾകൊണ്ടഗ്നി വിരിച്ചുടൻ
എടുത്താൻ, ജീവനുള്ളോരു കരുത്താടിൻ കഴുത്തിനെ. ൯
ഒരിയ്ക്കൽത്തന്നെ പുകയാതുജ്ജ്വലിപ്പിച്ച വഹ്നിയിൽ
ഉണ്ടായിതടയാളങ്ങൾ, വിജയം കാട്ടിടുന്നവ:
വലംചുററിജ്ജ്വലിച്ചുംകൊണ്ടാ ഹവിസ്സേററു വാങ്ങിനാൻ,
താന്താൻ പ്രത്യക്ഷനായഗ്നി തങ്കപ്പൊന്നിറമൊത്തവൻ. ൧൦
അഗ്നിഹോമം കഴിച്ചു,ബ്ദൈത്യരാക്ഷസർതമ്മെയും
തൃപ്തിച്ചു, മറയാൻ ത്രാണിയുള്ള നൽത്തേരിലേറിനാൻ:
നാലു വാജികളെപ്പൂട്ടി,ക്കൂരമ്പുകൾ നിറഞ്ഞതായ്,
പെരുംവില്ലുകളും വെച്ചു വിലസീ ശ്രേഷ്ഠമാ രഥം. ൧൧
അത്തേർ മിന്നിജ്ജ്വലിപ്പൊന്നാം, പൊങ്കോപ്പുകളിയന്നതാം,
മാൻതിങ്കൾതിങ്കൾക്കലകൾ കൊണ്ടണിഞ്ഞുമിരിപ്പതാം.
ഇന്ദ്രജിത്തിൻ കൊടിമരം വൈഡൂര്യങ്ങൾ പതിച്ചതാം,
വമ്പൊൻചറയിറക്കപ്പെട്ടെ,രിതിയ്ക്കൊത്തിരിപ്പതാം. ൧൨
സൂര്യപ്രഭമെത്തും ബ്രാഹ്മമസ്ത്രവും കാത്തുകൊൾകയാൽ
ദുർദ്ധർഷനായ് ച്ചമഞ്ഞാനാക്കരുത്തേറിയ രാവണി.
പുരാൽപ്പോന്നനലേ രക്ഷോമന്ത്രഹോമം കഴിച്ചവൻ
ചൊന്നാനന്തർദ്ധികശലനിന്ദ്രാരി, സമിതിഞ്ജയൻ:— ൧൩
'ഇന്നപ്പാഴ്ക്കാട്ടുഭിക്ഷുക്കളിരുപേരെ വധിച്ചു ഞാൻ
അച്ഛനാം രാവണന്നേകും, പോരിൽ നേടിയതാം ജയം;

Digitized By Kerala Sahitya Akademi

രാമലക്ഷ്മണരെക്കൊന്നി,ന്നൂഴി നിഷ്പ്രീശമാക്കി ഞാൻ
തികച്ചുമേകുവൻ പ്രീതി!' മറഞ്ഞാനി,തുരച്ചവൻ. ൧൮
എന്നിട്ടരിശമോടെത്തി പോരിൽ,പ്പൌലസ്ത്യശാസനാൽ
തീക്ഷ്ണനാരാചകോദണ്ഡൻ,തീക്ഷ്ണനാമിന്ദ്രജിത്തവൻ.
കണ്ടു വീര്യാഢ്യരെയവൻ, ത്രിശീർഷോരഗതുല്യരെ,
കപിമധ്യഗരെ,പ്പ്രാണം വഷിയ്ക്കുമിരുവീരരെ. ൨൦
'ഇതാ, രണ്ടാളു'മെന്നോർത്തു വിൽ കുലച്ചു പിടിച്ചവൻ,
മഴ പെയ്യുന്ന കാർ പോലെ പൊഴിച്ചാൻ ശരധാരകൾ;
വാനത്തു തേരതിൽക്കാണപ്പെടാതെ നിന്നുകൊണ്ടവൻ
രാമലക്ഷ്മണരെപ്പോരിലെയ്താൻ കൃത്ത ശരങ്ങളാൽ. ൨൨
അവൻെറയമ്പുകൾക്കൊപ്പാട്ടം ചുഴന്നാ രാമലക്ഷ്മണർ
വില്ലിലമ്പു തൊടുത്തിട്ടു ദിവ്യാസ്ത്രത്തോടിണക്കിനാർ;
വാനം മൂടുകതാൻ ചെയ്തു ശരൌഘത്താൽ മഹാബലർ.
എന്നാലയാളെത്തൊട്ടീലസ്സൂര്യതുല്യാസ്ത്രപത്രികൾ: ൨൪
തീർത്തിരുന്നു പുകക്കാറാ ശ്രീമാൻ വ്യോമം മറയ്ക്കുവാൻ;
ചേർത്തിരുന്നു ദിശകളിലൊരു മഞ്ഞിരുൾമൂടലും.
ഞാണൊലിക്കയ്യൊലി, കുളമ്പൊലി, തേരുരുളൊച്ചയും
കേട്ടീലവൻ ചുററിടവേ; കാണായ്കുന്നീല രൂപവും! ൨൬
കരുത്തിരുണ്ടുള്ളിരുളിൽച്ചിത്രക്കന്മഴ പോലവേ
പെയ്താനവൻ മഹാബാഹു നാരാചശരമാരികൾ.
രാമനെ ക്രുദ്ധനായ്പ്പോരിൽ, വരം നേടിയ രാവണി
സർവാംഗത്തിലുമാഞ്ഞെയ്തു സൂര്യന്നൊത്ത ശരങ്ങളാൽ. ൨൮
ശൈലങ്ങൾ മഴ പോലെ,സ്സ്രനിര നിന്നേററുകൊണ്ടുതാൻ
ചൊരിഞ്ഞു പൊൻകടക്ക്രൂരമ്പുകളപ്പുരുഷർഷഭർ;
അവ, കങ്കച്ചിറകണിഞ്ഞവ വാനിൽപ്പറന്നുപോയ്
ശക്രാരിയെക്കീറി, നിണം പൂശി വീണു ധരിത്രിയിൽ. ൩൦
ബാണൌഘംകൊണ്ടു വല്ലാതെ പരിക്കേല്ക്കും നരോത്തമർ
മുറിച്ചാർ വളരെബ്ഭല്ലംകൊണ്ടാ,പ്പാട്ടം ശരങ്ങളെ.

Digitized By Kerala Sahitya Akademi

ക്രൂരമ്പിൻചാർത്തവിടെനിന്നതിരുന്നത്തു കണ്ടുവോ,
അവിടെയ്ക്കെയ്തുവിട്ടാർ നല്ലസ്ത്രം ദശരഥാത്മജർ. ൩൨

തേരാൽദ്ദിക്കെങ്ങുമെത്തിക്കൊണ്ടാ, വന്നോരാളി രാവണി
കാകുത്സ്ഥരെത്തെരുതെരെയെയ്യാൻ ക്രൂരത്ത ശരങ്ങളാൽ;
ഘോരമൊത്തു പൊരുതിടിയതുകൊണ്ടവൻ പാരമെയ്തുയാൽ,
വീരരാം ഭ്രാതാക്കന്മാർ പുഷ്പിതാശ്രുകം പോലെയായ്. ൩൪

കണ്ടില്ലവന്റെ രൂപകരതു,മില്ല മെയ് ചാപബാണവും;
കണ്ടില്ല മറ്റുമൊന്നും, കാർകളുളിൽസ്സൂര്യന്റെ രൂപാലവ!
അവൻ കടന്നൊയ്യുകയും കൊല്ലുകയും ചെയ്തു വാനരർ
വീണാരങ്ങുയിർ കൈവിട്ടു നൂറുനൂറായ്ത്തരിത്രിയിൽ. ൩൬

ലക്ഷ്മണൻ പാരമരിശം കൊണ്ട,ഗ്രജനൊടോതിനാൻ:-
'ബ്രഹ്മാസ്ത്രത്തെപ്രയോഗിപ്പൻ, സർവ്വരക്ഷോവധത്തിനായ്.'
രാമൻ സുഭഗലക്ഷ്മാവാമാ ലക്ഷ്മണനൊടോതിനാൻ:-
'കൊന്നിടൊല്ലൊരുവൻമൂലം, നിശാചരരെയൊക്കയും. ൩൮

പോരിടാത്തോനൊ,ളിച്ചുകളവാൻ, തൊഴുതോൻ, ശരണാഗതൻ,
പായുവോൻ, കരുതാത്തോനും നിന്നാൽക്കൊല്ലപ്പെട്ടൊല്ലിഹ.
ഇവനെക്കൊൽവതിൽത്തന്നേ യത്നം ചെയ്യാം മഹാബല:
ആത്തേയമ്യുകൾ നാം; വെക്കം പായും പാമ്പെതിരമ്പുകൾ. ൪൦

മായയാൽത്തേർ മറച്ചുനാമീ ക്ഷുദ്രചരിതാശനെ
കണ്ടെത്തിയാൽ,കരുത്താലേ കൊന്നുകൊള്ളും കപീശ്വരർ.

പാതാളമോ ഭൂതലമോ നഭസ്സോ
വിണ്ണോ ഇവൻ പൂകുവതാകിലാട്ടേ:
ഇമ്മട്ടൊളിച്ചീടിലുമെൻ ശരത്താ-
ലെരിഞ്ഞു ചത്തൂഴിയിൽ വീണുകൊള്ളും!' ൪൨

പൊരുൾപ്പൊരുപ്പോട്ടമിതൊന്നു ചൊല്ലി,
രഘുപ്രവീരൻ, കപിപുംഗവാവൃതൻ



Digitized By Kerala Sahitya Akademi

നൃശംസനാം രൌദ്രാനയങ്ങ കൊല്ലുവാ-
നപായമോത്താൻ ത്വരിതം മഹാശയൻ.

—:*:—

എണ്പത്തൊന്നാം സർഗ്ഗം: മായാസീതാവധം.

—:*:—

മഹാത്മാവായ രാമന്റെ മനോഗതമറിഞ്ഞവൻ
അപ്പോരിൽനിന്ന പിൻവാങ്ങിപ്പുരിയിൽച്ചെന്നുപൂകിനാൻ.
ഊക്കേറുമാ രാക്ഷസരെക്കൊന്നതോത്തരിശത്തിനാൽ
കൺചെങ്ങിയശ്ശൂരനടൻ പുറപ്പെട്ടു മഹാദ്യുതി: ൨
പശ്ചിമദ്വാരമാർഗ്ഗേണ പോന്നു രാക്ഷസർ ചുറവുമായ്,
ഇന്ദ്രജിത്തു മഹാവീര്യൻ, പൌലസ്ത്യൻ, ദേവകണ്ടകൻ.
രാമലക്ഷ്മണസോദര്യവീരർതൻ സമരോദ്യമം
കണ്ടിട്ടപ്പോഴം പ്രയോഗിച്ചാനിന്ദ്രജിത്തൊരു മായയെ: ൪
മായാമൈഥിലിയെത്തേരിൽ നിർത്തി, വമ്പട ചുറവുമായ്
അവളെക്കൊന്നുകളയാനുറച്ചാനിന്ദ്രജിത്തിവൻ;
എല്ലാരെയും വിമോഹിപ്പിയ്ക്കാനുറച്ചതിദുർമ്മതി
സീതാഹതിയ്ക്കൊരുമ്പെട്ടു നേരിട്ടാനാ പ്ലവംഗരെ.
പുരത്തിൽനിന്നു പോന്നൊത്തുമവനെക്കണ്ടു വാനരർ
പാരം ചൊടിച്ചു പാഞ്ഞെത്താർ കല്ലും കൈക്കൊണ്ടു പോരി
[നായ്.
അവർക്കു മുമ്പിലായ്ച്ചെന്നു ഹനുമാൻ കപികുഞ്ജരൻ
ദുർദ്ധർഷമാമൊരു പെരുംകുന്നിന്മുടിയെടുത്തുടൻ. ൮
അവനു കാണായ് ശക്രാരിത്തേരിലമ്പററ മൈഥിലി,
ഒററവേണിയുമായ്, മാലാണ്ടൂണ്ണാഞ്ഞു മുഖമൊട്ടിയോഴം,
മേത്തേപ്പില്ലാഞ്ഞു മെയ്യാകെപ്പൊടിചേരു പുരണ്ടവൾ,
പിഞ്ഞിയൊരൊററവസ്ത്രം പൂണ്ടോ, രാമപ്രിയ പെണ്മണി. ൧൦
അസ്സീതയെച്ചെററിടയാൽപ്പാർത്തറിഞ്ഞു ശരിയ്ക്കവൻ:
തെല്ലനാഴംമുമ്പു കണ്ടില്ലാ, താനിജ്ജനകപുത്രിയെ.

Digitized By Kerala Sahitya Akademi

മെയ്യിൽച്ചേൎന്നഴൽപ്പെട്ടാത്തേരിൽ നില്ക്കുന്ന സീതയെ
കണ്ടിട്ടു ഖിന്നനായ്ക്കണ്ണീർ വാൎത്തുപോയി മരുത്സുതൻ! ൧൨
അമ്പററു ശോകാതുരയായ്പ്പാവമാകിയ സീതയെ
തേരിലാശരനാഥാംഗഭൂവിൻ ചാരത്തു കാണ്കയാൽ,
'എന്താവാം ഭാവമിവനെ'ന്നോൎത്താൻ; ചൊന്നാൻ മഹാകപി;
ആ വാനരേന്ദ്രരോടൊത്തു പാഞ്ഞേററാനിന്ദ്രജിത്തിനെ. ൧൪
അക്കപിപ്പടയെക്കണ്ടിട്ടരിശം മൂത്ത രാവണി
വാളുറയിൽനിന്നൂരി,ത്തീണ്ടി സീതയെ വേണിമേൽ.
മായയാ തേരണയ്ക്കപ്പെട്ടാ സ്ത്രീയെ,യവർ കാണ്കവേ
രാമ രാമേതി കേണാക്കമാറു തല്ലിത്തുടങ്ങിനാൻ. ൧൬
മുടി ചുററിപ്പിടിയ്ക്കപ്പെട്ടതു കണ്ടഴൽ വായ്ക്കയാൽ
വാൎത്തുപോയ് ചുടുകണ്ണീരാ, ഹനൂമാനനിലാത്മജൻ.
ചാരുസൎവ്വാംഗിയാളാമാ രാഘവപ്രിയപത്നിയെ
കണ്ടിട്ടു, പൌലസ്ത്യജനോടുരചെയ്താൻ പരുഷം രുഷാ:- ൧൮
'ദുഷ്ട, തന്നറുതിയ്ക്കത്രേ, തീണ്ടി ത്വ കൊളത്തിൽ നീ!
ബ്രഹ്മൎഷിവംശ്യനെന്നാലും രാക്ഷസക്ഷത്രസംഭവൻ,
ഛീ, ഛീ, മാപാപി നീ;യിമ്മട്ടല്ലോ, നിൻബുദ്ധിതൻ ഗതി!
നൃശംസ, നീച, ദുൎവൃത്ത, ക്ഷുദ്ര, പാപപരാക്രമ, ൨൦
ഇതു നീചത്തൊഴി;-ലറപ്പില്ലല്ലോ തവ നിൎഘൃണ!
രാജ്യം, ഗൃഹം, രാമകരമിവയോടു പിരിഞ്ഞവൾ
തെററെന്തു ചെയ്തു, തേ കൊല്ലുവാൻ തോന്നമാറീ വിദേഹജ?
സീതയെക്കൊന്നു നീ നീണാൾ ജീവിയ്ക്കില്ലൊരുമട്ടിലും: ൨൨
ഇതു ചെയ്യുതിനാൽ വധ്യൻ, പെട്ടല്ലോ മമ കയ്യിൽ നീ!
സ്ത്രീഹന്തക്കുണ്ടു, ജഗദ്വധ്യന്മാരും വൎജ്ജിച്ച പാരുകൾ;
അവററിൽച്ചെന്നണയുമിങ്ങുയിർ കൈവിട്ടു ചത്തു നീ!'
എന്നോതി,സ്സായുധന്മാരാം കീശർ ചൂഴുററ മാരുതി ൨൪
രാക്ഷസേന്ദ്രതനൂജന്റെ നേൎക്കു പാഞ്ഞേററു രുഷ്ടനായ്
പാഞ്ഞണഞ്ഞിടുമാ വിശ്വം വായ്ച്ച വാനരസേനയെ

Digitized By Kerala Sahitya Akademi

തട്ടത്താൻ, കൊട്ടരാം കോപം പൂണ്ട രാക്ഷസസേനയാൽ.
അക്കപിപ്പടയെബ്ബാണശ്രേണിയാലിട്ടലച്ചുടൻ, ൨൮
ഹരീന്ദ്രനാം ഹനുമാനോടിന്ദ്രജിത്തോതിയുത്തരം:-
'സുഗ്രീവൻ രാമനും നിങ്ങളുമിങ്ങാരെച്ചൊല്ലി വന്നുവോ,
ആ മൈഥിലിയെയിപ്പോഴേ കൊൽവൻ, നിന്മുമ്പിൽവെച്ചു
[ഞാൻ!
ഇവളെക്കൊന്നു, ഞാൻ രാമലക്ഷ്മണന്മാരെ നിന്നെയും ൨൯
കൊൽവൻ, സുഗ്രീവനെ,ദൃഷ്ടവിഭീഷണനെയും കപേ!
പെണ്ണുങ്ങളെക്കൊല്ലരുതെന്നല്ലോ നീ ചൊല്വു വാനര;
മാററാർക്ക്ഴലിനാം യാതൊന്നു,തു ചെയ്യാവുമൊന്നുതാൻ!'
എന്നങ്ങുരച്ചു, കേഴുന്ന മായാസീതയെയപ്പൊഴേ ൩൦
വെട്ടിനാൻ, മൂർച്ച കൂടുന്ന വാളാൽത്താന്തന്നെ രാവണി.
പിളർത്താൻ പൂണുനൂൽസ്ഥാനത്തൂടെ പാവത്തെയങ്ങവൻ;
വീണു നിലത്താപ്പൃഥുലശ്രോണിയാം പ്രിയദർശന!
ഇന്ദ്രാരി താന്താനവളെക്കൊന്നോ,തീ ഹനുമാനൊടായ്:- ൩൧
'കാൺകീ, രാമപ്രിയയെ ഞാൻ വാളാൽ വെട്ടിയതിങ്ങു നീ:
ചത്തുപോയ് മൈഥിലിയിവൾ; പാഴിലായ് നിങ്ങൾതൻ ശ്രമം!'
അവളെപ്പെരുതാം വാളാൽത്താന്താൻ കൊന്നിന്ദ്രജിത്തവൻ
ഹർഷിച്ചു തേരിൽ നിന്നാർത്താൻ പെരുതാകുമൊരൊച്ചയിൽ. ൩൨
കേട്ടുകൊണ്ടാർ സമീപത്തു നിന്നിരുന്ന വലീമുഖർ,
വായും പൊളിച്ചുദ്ദൃർഗ്ഗത്തിലമർന്നാർന്നു നിസ്വനം.
അമ്മട്ടു വൈദേഹിയെ നിഗ്രഹിച്ചു,കാം
കളിത്തു നിന്നു ഖലനായ രാവണി;
അവൻെറ ഹർഷോന്നതി കണ്ടു കീശരോ,
ഭൃശം വിഷാദിച്ചു കുതിച്ചുമണ്ടിനാർ. ൩൩

—*—

Digitized By Kerala Sahitya Akademi

## എണ്പത്തിരണ്ടാം സർഗ്ഗം: ഇന്ദ്രജിത്തിന്റെ ഹോമാരംഭം.

---

ശക്രാശനിസ്വനം പോലാക്കൊട്ടതാമാർപ്പു കേട്ടുടൻ
നോക്കിക്കൊണ്ടോടിനാരെല്ലാദ്ദിക്കിന്നും കപിപുംഗവർ.
അവരോടൊക്കെയങ്ങോതി ഹനുമാനനിലാത്മജൻ,
പേടിച്ചരണ്ടു മുഖവും വാടിച്ചിതറിയോടവേ:- ൧
'എന്തേ, നിങ്ങൾ മുഖം വാടിപ്പേടിച്ചുന്ന വെടിഞ്ഞുടൻ
പായുന്നു വാനരന്മാരേ; നിങ്ങൾതൻ ശൌര്യമെങ്ങുപോയ്?
പോരുവിൻ, മുൻനടന്നീടുമെന്റെ പിന്നാലെ പോരിനായ്
കുലീനരായ ശൂരന്മാർ പിന്തിരിപ്പതു യോഗ്യമോ?' ൨
ഏവം മാരുതിതൻ ചൊൽ കേട്ടിമ്പമുൾക്കൊണ്ടു വാനരർ
ശൈലശൃംഗങ്ങൾ മരവും കൈക്കൊണ്ടാരരിശത്തോടേ.
ആർത്തു പാഞ്ഞെല്ലുമ്പയുംചെയ്തു കപിവ്യാഘ്രരക്കരെ;
ചൂഴെച്ചെന്നു ഹനുമാനെപ്പിന്തുടർന്നു മഹാഹവേ. ൩
ആ വാനരേന്ദ്രരെമ്പാടും ചുഴന്ന ഹനുമാനവൻ,
കത്തിജ്ജ്വലിച്ചു ചെന്തീ പോലെരിച്ചാനരിസേനയെ.
രാക്ഷസർക്കു പരിക്കേററം പിണച്ചാനാ മഹാകപി,
കീശസേനാപരിവൃതൻ, കാലാന്തകയമോപമൻ. ൪
ക്രോധവും ദുഃഖവും ബാധിച്ചാ ഹനുമാൻ മഹാകപി
ഇന്ദ്രജിത്തിന്റെ തേരിൻനേക്കൊരു വങ്കല്ലു ചാട്ടിനാൻ.
അതു നേരിട്ടണവതു കണ്ടു സാരഥി തൽക്ഷണം
ആ വിധേയാശ്വയുക്തം തേരകലത്തേയ്ക്കു മാററിനാൻ. ൫
തേരിൽസ്സസൂതനാമിന്ദ്രജിത്തിങ്കലണയാതെതാൻ,
ഏററു പാഴാകുമാറക്കല്ലൂഴിയെക്കീറിയാണ്ടുപോയ്!
കല്ലങ്ങെറിഞ്ഞ നേരത്തു നടുങ്ങി രാക്ഷസപ്പട;
കല്ലു വീഴുംപൊഴുതിലോ, പൊതുങ്ങി തീരെ രാക്ഷസർ. ൬
കൂട്ടമിട്ടവനോടേററാരാർത്തുംകൊണ്ടു വനാലയർ;
പോരിൽ ദ്രുമാദ്രിശൃംഗങ്ങളേന്തിപ്പെരിയ വീറൊടേ

Digitized By Kerala Sahitya Akademi

ഇന്ദ്രാരിനേക്കററികയായ്, ഘോരവിക്രമർ വാനരർ.
വൃക്ഷശൈലമഹാവഷം തൂകിക്കൊണ്ടു വലീമുഖർ ൧൪
മാററാക്കു കദനം ചേത്താരാ,ത്താർ നാനാസ്വരത്തൊടും.
ആ മഹാഭീമർ കപികൾ വീശുന്തോടേ മരങ്ങളാൽ
തച്ചു തല്ലേററു പോർമന്നിൽപ്പിടഞ്ഞു ഘോരരാക്ഷസർ.
തൻസേനയെക്കീശർ വലച്ചതു കണ്ടിന്ദ്രജിത്തുടൻ ൧൬
ചൊടിച്ചായുധവും പൂണ്ടു മാററാരോടടുക്കേറിനാൻ.
തൻസേനയാലേ ചുററപ്പെട്ടമ്പു വഷിച്ചുകൊണ്ടവൻ
ഹനിച്ചു പലരെക്കീശവ്യാഘ്രരെദൃഢവിക്രമൻ.
ശൂലം വാൾ പട്ടസം വജ്രം കൂടമുൾത്തടിയെന്നിവ ൧൮
അവൻെറ പിന്തുണക്കാരും ചാട്ടീ കീശരിലൂക്കൊടേ.
തടികൊമ്പൊത്ത മരവും കല്ലും കൊണ്ടു, മഹാബലൻ
ഹനുമാൻ ഭീമകമ്മാക്കളെരക്കക്കൂഴലേകിനാൻ.
ഹനുമാനരിസൈന്യത്തെത്തട്ടത്ത,ക്കീശരോടുടൻ ൨൦
ചൊല്ലീ:-'പിന്മാറുവിൻ: നമ്മൾക്കാവതല്ലാത്തതിപ്പട.
ഉയിർ നോക്കാതുഴറി നാം രാമനിഷ്ടം വരുത്തുവാൻ
ആരെക്കുറിച്ചു പോർചെയ്തിത,സ്സീത കൊലയേററുപോയ്!
ഇക്കാര്യം രാമസുഗ്രീവന്മാരെച്ചെന്നറിയിച്ചുടൻ, ൨൨
അവരെന്തെതിർക്കൈ നോക്കമതു ചെയ്യാം നമുക്കിനി'
എന്നെല്ലാവാനരരെയും വിലക്കി പ്ലവഗോത്തമൻ
മെല്ലെമെല്ലെപ്പടയുമായ് പ്പേടിയെന്യേ മടങ്ങിനാൻ.
ഹനുമാൻ രാമപാശ്വത്തിലെയ്ക്കു പോവതു കണ്ടുടൻ ൨൪
പുക്കാൻ നികുംഭിലാചൈത്യം ഹോമത്തിനാദ്ദുരാശയൻ;
നികുംഭിലയിൽവെച്ചിന്ദ്രജിത്തു ഹോമിച്ചിതഗ്നിയെ.
യജ്ഞഭൂമിയിൽവെച്ചന്നാ രാക്ഷസൻ വിധിപോലവേ
ഹോമിയ്ക്കുമഗ്നി നിന്നാളീ ഹവ്യശോണിതഭോജിയായ്. ൨൬
ധാരാളം ചോര ഹോമിച്ചു കടുംതിയ്യതുയന്നുടൻ
കത്തിജ്ജ്വലിച്ചു കാണായി, സന്ധ്യാസൂര്യൻ കണക്കിനെ·

Digitized By Kerala Sahitya Akademi

വിധിജ്ഞനിന്ദ്രാരി ശരിയ്ക്കു ഹോമം
നടത്തിനാൻ രാക്ഷസമംഗളാൎത്ഥം;
ആ രാക്ഷസന്മാരതു നോക്കി നിന്നാർ,
മഹാസമാജത്തിൽ നയാനയജ്ഞന്മാർ. ൨൭

—*—

എണ്പത്തിമൂന്നാം സൎഗ്ഗം: രാമസമാശ്വാസനം.

—* *—

രക്ഷഃപ്ലവംഗരുടെയപ്പോരിരമ്പം മഹത്തരം
കേട്ടിട്ടു രാഘവൻ തത്ര ജാംബവാനോടു ചൊല്ലിനാൻ:-
'സൌമ്യ, ദുഷ്കരമാം കൎമ്മം ചെയ്യിരിയ്ക്കും മരുത്സുതൻ:
കേമമായ്ക്കേൾപ്പതുണ്ടല്ലോ, ഭീമമായുധരാബ്ദവും. ൨
അതിനാൽച്ചെന്നു തുണചെയ്താത്മസേനാപരീതനായ്
വെക്കമൃക്ഷേശ്വര, പോരാട്ടമക്കപിപ്രവരന്നു നീ.'
ആമെന്നു നടകൊണ്ടു തന്പടയോടൃക്ഷനായകൻ,
ഹനുമാൻ പ്ലവഗൻ നിന്ന പശ്ചാദ്വാരത്തിലെയ്ക്കുതാൻ. ൪
അപ്പോൾ പോരും ഹനുമാനെക്കണ്ടു വഴിയിലൃക്ഷപൻ,
പോരടിച്ചു കിതയ്ക്കുന്ന വാനരന്മാരൊടൊപ്പമേ.
ഒരുങ്ങിയ കരിംകാറിന്നൊത്താഭീലാരർക്ഷസേനയെ
പാഥി കണ്ടു ഹനുമാനും വിലക്കിപ്പിന്നടക്കിനാൻ. ൬
അസ്സേനയോടുമൊന്നിച്ചു വെക്കം ചാരത്തണഞ്ഞവൻ
കാകുത്സ്ഥനോടുണൎത്തിച്ചു, ശോകം പൂണ്ടതികീൎത്തിമാൻ.
'പോരിൽപ്പൊരുതിടും ഞങ്ങൾ മുന്നിലായ്ക്കണ്ടുനില്ക്കവേ,
കരയും സീതയെക്കൊന്നാനിന്ദ്രജിത്തെന്ന രാവണി. ൮
അതു കണ്ടേന്മനം മാലാൽപ്പതറിപ്പോയ് പരന്തപ;
ആ വൎത്തമാനമിവിടെക്കേൾപ്പിപ്പാൻ വന്നതാണു ഞാൻ.'
അവനാച്ചൊല്ലിയതു കേട്ടഴലാൽ വെളിവെന്നിയേ
വീണുപോയ് രാഘവൻ മന്നിൽ, വേരററ തരു പോലവേ. ൧൦
ആ രാഘവനമൎത്ത്യാഭൻ മന്നിൽ വീണതു കാണ്കയാൽ
എല്ലാബ്ഭാഗത്തുനിന്നും പാഞ്ഞെണഞ്ഞു കപിസത്തമർ.

Digitized By Kerala Sahitya Akademi

തളിച്ചാരവനിൽപ്പദ്മോൽപലസദ്ഗന്ധിയാം ജലം,
പെട്ടെന്നാളിയെരിയുന്ന ദ്വാരാഗ്നിയിലാംവിധം. ൧൨

പില്പാട്ട കൈകളാൽപ്പൂല്കി,യശ്രുലേറിയ ലക്ഷ്മണൻ
അസ്വസ്ഥനാം രാമനോട്ട ചൊന്നാൻ യുക്ത്യർത്ഥയുക്തമായ്:-
“ആര്യ, സന്മാർഗ്ഗവർത്തിയാം വിജിതേന്ദ്രിയനങ്ങയെ
ആപത്തിൽനിന്നു രക്ഷിപ്പാൻ പോരാ, ധർമ്മം നിരർത്ഥകം! ൧൪
കാണപ്പെട്ടുന്നുണ്ട സുഖം ചരത്തിനചരത്തിനും;
ഇല്ലല്ലോ ധർമ്മ;-മതിനാലതില്ലെന്നാണു മന്മതം.
സ്പഷ്ടമല്ലോ, ചരത്തിന്റെയചരത്തിന്റെയും സുഖം;
ഇതുകൊണ്ടല്ലതാ;-ണെങ്കിൽ തപാദൃശന്നല്പൽ നേരിടാ. ൧൬
അധർമ്മം ശരിയാണെങ്കിൽ,ദ്രോഹസ്യൻ നരകത്തിലാം;
ധർമ്മം ചേന്ന ഭവാന്നുണ്ടാകില്ലതാനമൊരല്ലലും.
അവനല്ലലൊഴിഞ്ഞും നീയല്ലൽപ്പെട്ടമിരിയ്ക്കയാൽ
നേരേമറിച്ചായിട്ടല്ലോ ധർമ്മാധർമ്മങ്ങൾതൻ നില! ൧൮
ധർമ്മത്താൽക്കൈവരും ധർമ്മ,മധർമ്മത്താലധർമ്മവും
എന്നാണെങ്കില,ധർമ്മിഷ്ഠക്കധർമ്മം വന്നുചേരണം;
വേർപെട്ടപോകാ ധർമ്മത്തോടധർമ്മാരതരെങ്കിലോ,
ധർമ്മം ചെയ്യുമവർക്കുണ്ടാകേണം ധർമ്മഫലാപ്തിയും. ൨൦
അർത്ഥങ്ങൾ വർദ്ധിയ്ക്കയാണ,ധർമ്മനിധികൾക്കിഹ;
ധർമ്മശീലർക്കഴൽപ്പാട്ട;-മതിനാൽ പ്പാഴതാനിവ!
രാമ, പാപിയധർമ്മത്താൽ വധിയ്ക്കപ്പെട്ടമെങ്കിലോ,
അധർമ്മമാ വധാൽച്ചത്തു! ചത്തതാരെ വധിച്ചിട്ടം? ൨൨
വിധിയാലാണു, കൊല്ലപ്പെട്ടതും കൊന്നതുമെങ്കിലോ,
അദൃഷ്ടമ്മം വിധിയ്ക്കുള്ളൊന്നാണി;-വനുള്ളതല്പതാൻ!
അറിഞ്ഞുകൂടാ മറ്റൈക; വ്യക്തിയില്ലില്ല സത്തയും;
ഇമ്മട്ടാം ധർമ്മമാളാമോ പരപ്രാപ്തിയ്ക്കരിന്ദമ? ൨൪
ഉണ്ടെങ്കിൽസ്സത്തമ, ഭവാന്നുണ്ടാകില്ലൊരു തിന്മയും;
അങ്ങേയ്ക്കേവം പിണകയാല,തൊരില്ലാത്ത വസ്തുതാൻ!

Digitized By Kerala Sahitya Akademi

കെല്പില്ലാപ്പാവമാം ധർമ്മം കെല്പപേക്ഷിപ്പിതെങ്കിലോ,
കെല്പില്ലാത്തൊന്നു,മസ്ത്രാദം, സേവ്യമല്ലെന്നു മന്മതം. ൨൮
ധർമ്മം കെല്പിന്നൊരു തുണ കാര്യസിദ്ധിയിലെങ്കിലോ,
നില്ക്ക ധർമ്മത്തെ വിട്ടി,ട്ടപ്പാടധർമ്മത്തിൽപ്പോലെ കെല്പിലേ.
അതല്ലാ, സത്യവാക്കാണു ധർമ്മമെങ്കിൽപ്പുരന്ദര,
നിങ്കൽച്ചെയ്യുന്നതരിൻ ഭോഷ്കു മുറ്റു നിഷ്ഠുരനായിരുന്നു നീ! ൨൯
പ്രധാനം, ധർമ്മവുമധർമ്മവുമെങ്കിൽപ്പുരന്ദര,
മുനിയെക്കൊന്നു, യാഗം ചെയ്തില്ല വജ്രി ശതക്രതു.
അധർമ്മം വേറെ ധർമ്മത്താലാത്ര പാപം, വിപുലമായ്;
ഇതെല്ലാം വേണ്ടതിന്നൊത്തേ ചെയ്വൂ നൽ കകുത്സ്ഥജ. ൩൦
എന്റെ പക്ഷം, മിതേ താത, ധർമ്മമെന്നാണു രാഘവ;
ധർമ്മത്തിൻ വേരറുത്തല്ലോ തദാ രാജ്യം വെടിഞ്ഞു നീ:
അതാതുവഴിയായ്‌വന്ന വായ്ക്കുമർത്ഥത്തിൽനിന്നു താൻ
ജനിപ്പൂ കർമ്മമെല്ലാമേ, പർവ്വതാൽപ്പുഴ പോലവേ. ൩൧
അർത്ഥമില്ലായ്കയാലല്പതേജസ്സായ മനുഷ്യനാ,
നശിപ്പൂ കർമ്മമെല്ലാമേ,വേനലിൽത്തോടു പോലെവേ.
അർത്ഥം ത്യജിച്ചിട്ടു സുഖം തേടുവോന,സ്സുഖേച്ഛയാൽ
പാപം ചെയ്യാൻ തുടങ്ങീടു;-മതിനാൽ ദോഷവും വരും. ൩൨
അർത്ഥമുള്ളാൾക്കു തോഴന്മാര;-ർത്ഥമുള്ളാൾക്കു ബാന്ധവർ;
അർത്ഥമുള്ളാൾ പുമാൻ പാരി;-ലർത്ഥമുള്ളാൾ വിചക്ഷണൻ;
അർത്ഥമുള്ളാൾക്കു വിക്രാന്തി;-യർത്ഥമുള്ളാൾക്കു ബുദ്ധിയും;
അർത്ഥമുള്ളാൾ മഹാഭാഗ;-നർത്ഥമുള്ളാൾ മഹാഗുണൻ! ൩൩
അർത്ഥം ത്യജിക്കിലുളവാം ദോഷങ്ങളിവ ചൊല്ലി ഞാൻ;
ഇതിങ്കൽബ്ബുദ്ധിവെച്ചല്ലോ, വീര, നാടു വെടിഞ്ഞു നീ.
ധർമ്മകാമമദമാമർത്ഥമുള്ളവനൊക്കയും ശുഭം;
അർത്ഥം കൊതിയ്ക്കുമധനന്നർത്ഥം കിട്ടില്ല തേടിയാൽ! ൩൪
പ്രഹർഷം, കാമ,മന്തസ്സു, ധർമ്മം, ക്രോധം, ശമം, ദമം,
ഇതൊക്കെയർത്ഥംകൊണ്ടല്ലോ പുലരുന്നു നരാധിപ.



Digitized By Kerala Sahitya Akademi

യാതൊന്നിരിയ്ക്കേധർമ്മംതാൻ ചെയ്യാലൈഹികമററുപോം
കാണ്മീലതർത്ഥമതായ്ക്കുകൽ, ട്ടൃട്ടിനേ ഗ്രഹമാംവിധം! ൪൦
നീ വീര, സന്ന്യാസമെടുത്ത,ച്ഛൻതൻ വാക്കിൽ നില്ക്കയാൽ
രാക്ഷസൻ കട്ടുവല്ലോ, നിൻപ്രാണനാതിപ്രിയഭാര്യയെ.
എന്നാലി,ന്നിന്ദ്രജിത്തേററം മാലണച്ചതു വീര, ഞാൻ
പോക്കിക്കൊള്ളാം സ്വകർമ്മത്താലെ;-ഴുന്നേല്ക്കുക രാഘവ. ൪൨
എഴുന്നേല്ക്കു നരവ്യാഘ്ര, ദീർഘബാഹോ, ദൃഢവ്രത:
മഹാത്മാവാണു താനെന്നതറിയുന്നില്ലയോ ഭവാൻ?

അഘരഹിത, ഭവൽപ്രിയപ്രവൃത്തൻ,
ജനകസുതാവധമോർത്തു രുഷ്ടനീ ഞാൻ
കരിതുരഗരഥാശ്വരോദ്ഭരോടേ
തെരുതെരെ ലങ്കയെ വീഴ്ത്തുവാൻ ശരത്താൽ." ൪൪

— : * : —

എണ്പത്തിനാലാം സർഗ്ഗം: ഇന്ദ്രജിദ്വധോപായദർശനം.

—:* *:—

ലക്ഷ്മണൻ ഭ്രാതൃദയിതൻ രാമന്നാശ്വാസമേകവേ,
സൈന്യങ്ങളെയുറപ്പിച്ചിട്ടങ്ങണഞ്ഞു വിഭീഷണൻ,
നാനാസ്ത്രർ മന്ത്രിവീരന്മാർ നീലാഞ്ജനചയോപമർ
നാൽവരൊന്നിച്ചു, നാഗങ്ങൾ ചേന്ന യൂഥപനാംവിധം. ൨
അവനങ്ങെത്തി, മാലാണ്ട മഹാനാം രഘുപുത്രനെ
കണ്ടു കണ്ണുകളിൽക്കണ്ണീർ ചിന്നും വാനരർ തമ്മെയും
മഹാത്മാവായ കാകുത്സ്ഥനിക്ഷ്വാകുകുലനന്ദനൻ
മോഹിച്ചു സൌമിത്രിയുടെ മടിത്തട്ടിൽക്കിടക്കയാം! ൪
നാണിച്ചഴലിനാൽ വെന്ത രാമനെപ്പാർത്തുകാങ്കയാൽ
മാലുൾക്കൊണ്ടാകുലാത്മാവായി,ത്തിതെന്നാൻ വിഭീഷണൻ.
വിഭീഷണനെയും സുഗ്രീവനെയും കീശർതമ്മെയും
പാർത്ത,ശ്രു വാർത്തു സൌമിത്രി ചുരുക്കത്തിലിതോതിനാൻ:- ൬

Digitized By Kerala Sahitya Akademi

‘സീതയെശ്ശക്രജിത്തിങ്ങു കൊന്നതായ് വായുജോക്തിയാൽ
കേട്ടതോടേ മയക്കത്തിലാണ്ടുപോയ് സൌമ്യ, രാഘവൻ.’
ലക്ഷ്മണൻ ചൊല്ലുവതിനെത്തടുത്തിട്ടു വിഭീഷണൻ
വിസംജ്ഞനാം രാഘവനോടനല്പാർത്ഥമിതോതിനാൻ:- ൯
“നരേന്ദ്ര, സങ്കടം മൂത്ത ഹനൂമാനെന്തു ചൊല്ലിയോ,
അതു ചേരാതെയുള്ളൊന്നാ,മാഴി വററിയ്ക്കൽ പോലവേ!
സീതയെപ്പററിയദ്ദുഷ്ടരാവണന്നുള്ള ചിന്തിതം
അറിയാം മേ മഹാബാഹോ; കൊല്ലുകെന്നതു ചെയ്കിടാ. ൰
പലവട്ടമപേക്ഷിച്ചുനോക്കിനേൻ നന്മയോർത്തു ഞാൻ
‘വിട്ടേയ്ക്കു വൈദേഹിയെ’യെന്നാ;-വാക്കും കേട്ടതില്ലവൻ.
സാമത്താൽ,ദാനഭേദങ്ങളാലു,മെന്തിനി ഹിംസയാൽ,
കാണാനുമാവില്ലവളെ, മററുവല്ലതിനാലുമേ! ൰൧
തിരിച്ചാൻ വാനരന്മാരെ മോഹിപ്പിച്ചാ നിശാചരൻ:
മായാവൈദേഹിയവളെന്നറികങ്ങു മഹാഭുജ.
ഇപ്പോൾ നികുംഭിലാചൈത്യം പുക്കു ഹോമം കഴിയ്ക്കയാം;
ഹോമം കഴിഞ്ഞു വന്നെന്നാലി,ന്ദ്രാദിത്രിദശർക്കുമേ ൰൨
പോരിങ്കലേററുകൂടാതായ്ത്തീരുമല്ലോ ദശാസ്യജൻ.
ഇതു നൂന,മവൻ മോഹിപ്പിച്ചു കാട്ടിയ മായയാം,
അതിന്നിടയ്ക്കു കപികളടക്കല്ലാതിരിയ്ക്കുവാൻ;
അതു തീരുന്നതിന്മുമ്പേ, പടയോടങ്ങു ചെല്ക, നാം. ൰൩
വെടിഞ്ഞുകൊള്ളുകീ, വന്ന പാഴ്ശഞ്ചുട്ടു നരർഷഭ:
സൈന്യമൊട്ടുക്ക വാട്ടുന്നുവല്ലോ, നിന്നാഴൽ കാൺകയാൽ!
ഇങ്ങു വാഴ്കുള്ള മുന്മട്ടിലാക്കിസ്സത്തേചാന്നതൻ ഭവാൻ;
അയയ്ക്ക, സൈന്യനാഥാക്കളാം ഞങ്ങളൊത്തു കനിഷ്ഠനെ. ൰൪
ഈ നൃകേസരി ക്രൂരമ്പിൻചാർത്താലശ്ശക്രജിത്തിനെ
അകർമ്മം നിർത്തിയോനാക്കിക്കൊള്ളു;-മെന്നാൽ വധിച്ചിടാം.
പക്ഷിച്ചിറകു വെച്ചൂക്കിൽപ്പോമിത്തീക്ഷ്ണോഗ്രപത്രികൾ,
കുടിച്ചുകൊള്ളും തദ്രക്തം, കടുംപക്ഷികൾ പോലവേ! ൧൦

Digitized By Kerala Sahitya Akademi

അയയ്ക്കുക സുലക്ഷ്മാവാം സൌമിത്രിയെ മഹാരജ,
അരക്കനെ മുടിപ്പാനായ്,വജ്രി വജ്രത്തെയാംവിധം.
നരപരിവൃഢ, കാലതാമസം പ-
ററരുതിഹ വൈരിയെ നിഗ്രഹിപ്പതിങ്കൽ;
വിടുക രിപുഹതിയ്ക്കു, വജ്രി വജ്ര-
ത്തിനെയസുരോന്മഥനത്തിനെന്നപോലെ. ൧൧
കഴിഞ്ഞുപോയ് കൎമ്മമതെങ്കിലിന്ദ്രജി-
ത്തമൎത്ത്യദൈത്ത്യൎക്കുമദൃശ്യനാം യുധി;
സമാപ്തകൎമ്മാവവനേററതിക്കിലോ,
സുരൎക്കുമേ സംശയമേററമാപ്പെട്ടും!"

---

എണ്പത്തഞ്ചാം സൎഗ്ഗം: ലക്ഷ്മണനിൎഗ്ഗമം.

—: * :—

ആ രാക്ഷസൻെറ വചനം കേട്ടിട്ട,ല്പൽത്തളച്ച്യാൽ
വെളിവായിദ്ധരിച്ചീല,ച്ചൊന്നതെന്തെന്നു, രാഘവൻ.
പിന്നെദ്ധൈൎയ്യമുറപ്പിച്ചു രാമൻ പരപുരഞ്ജയൻ
കപിമദ്ധ്യേ സമീപത്താം വിഭീഷണനൊടോതിനാൻ:- ൧
'രാക്ഷസാധിപ, യാതൊന്നാ ഭവാൻ ചൊല്ലി വിഭീഷണ,
അതൊന്നുകൂടിക്കേൾക്കേണം; പറയൂ നിൻവിവക്ഷിതം.'
രാഘവൻ ചൊന്ന വചനം കേട്ട ചൊൽവിരുതുള്ളവൻ,
മുല്പാടുരച്ചതേ വീണ്ടും ചൊല്ലിനാനാ വിഭീഷണൻ:- ൪
"കല്പിച്ചുവല്ലോ, സൈന്യത്തെച്ചേൎത്തു നിൎത്താൻ മഹാരജ;
ചെയ്യേനത,രുളപ്പെട്ടതിന്നപ്പോൾത്തന്നെ വീര, ഞാൻ:
അസ്സൈന്യത്തെ വകുപ്പാക്കി നിൎത്തിനേനൊക്കെ നീളവേ;
നിൎത്തിനേൻ യൂഥപരെയും വേർതിരിച്ചു യഥോചിതം. ൩
വീണ്ടുമൊന്നുണ്ടുണൎത്തിപ്പാനതു കേൾക്ക മഹാപ്രഭോ:
ഭവാൻ വൃഥാ മാഴ്കുകയാൽ, ഞങ്ങൾക്കുമുരുകി മനം;

Digitized By Kerala Sahitya Akademi

വെടിഞ്ഞരുളുകി, വന്ന പാഴൽച്ചൂടും വിഷാദവും.
ത്യജിയ്ക്കാം, മാററലക്കിമ്പമേററുമിയൊരു ചിന്തയെ; ൧൬
തുടരാമുദ്യമം വീര; പേത്തുൾക്കൊള്ളാം പ്രഹഷവും.
സീതാസംപ്രാപ്തിയും രക്ഷോവധവും വേണമെങ്കിലോ,
രഘുനന്ദന, ഞാൻ ചൊല്ലാം; കേൾക്കകെൻെറ ഹിതോക്തിയെ:
പോകട്ടെ നേക്കിസ്സൌമിത്രി മഹാസൈന്യപരീതനായ് ൧൭
നികുംഭിലയണഞ്ഞി,ന്ദ്രജിത്തിനെക്കൊല്ലുവാൻ യുധി.
വട്ടച്ച വിൽ വിടും സപ്പവിഷതുല്യശരങ്ങളാൽ
കൊല്ലട്ടേ രാവണിയെ, വൻവില്ലാളി പടവെല്ലുവോൻ!
ആ വീരൻ നേടിയിട്ടുണ്ടു തപസ്സാലാത്മഭൂവരാൽ, ൧൮
കാമഗസ്യന്ദനാശ്വങ്ങളേയും ബ്രഹ്മശിരോസ്ത്രവും.
അയാളിതാ, സൈന്യവുമായ് നികുംഭിലയണഞ്ഞുപോൽ;
കമ്മം കഴിഞ്ഞെഴുന്നേററാൽത്തിച്ച്, നാമൊക്കയും ഹതർ!
'നികുംഭിലാലയേ ഹോമം തീരാതായുധമേന്തി നീ ൧൯
ആരായ്പ്പൊരുതു,മശ്ശത്രുവിന്ദ്രജിത്തേ, തവാന്തകൻ.'
എന്നത്രേ, സവ്വലോകേശൻ വരം നല്കി മഹൌജ്ജ;
വധം വിധിച്ചതിവ്വണ്ണമാണദ്ധീമാനു മന്നവ.
അയയ്ക്കുകിന്ദ്രാരിവധത്തിന്നു രാമ, ബലിഷ്ഠനെ: ൨൦
അവൻ ചത്താൽ,ദൃഢം ചത്തു കൂററുകാരൊത്ത രാവണൻ!"

വിഭീഷണൻെറ വചനം കേട്ടു രാഘവനോതിനാൻ:-
'അറിവേനാ ദുശാസൻെറ മായ ഞാൻ സത്യവിക്രമ:
ബ്രഹ്മാസ്ത്രജ്ഞനവൻ, പ്രാജ്ഞൻ, മഹാമായൻ, മഹാബലൻ
ബോധംകെടുത്തും, വരുണൻ ചേന്ന വാനോരെയും രണേ.
തേരേറി വാനിൽച്ചുററുമ്പോളവൻെറ ഗതി കീത്തിമൻ,
കണ്ടെത്താ വീര, കാക്കളുളളിൽസ്സൂയ്യൻെറതെന്നപോലവേ!'
ദൃഢാത്മാവായ രിപുവിൻ മായാവിത്തും നിനച്ചുടൻ, ൨൧
പുകൾപ്പെട്ടും ലക്ഷ്മണനോടിവണ്ണം ചൊല്ലി രാഘവൻ:-
'വാനരേന്ദ്രൻെറ മുഴുവൻപടയാലും പരീതനായ്,

Digitized By Kerala Sahitya Akademi

ഹനുമാൻ തൊട്ട തലവന്മാരുമൊന്നിച്ചു ലക്ഷ്മണ,
സസൈന്യമൃക്ഷപ്പെരുമാൾ ജാംബവാൻതാനുമൊത്തു നീ ൨൨
കൊല്ക, മായാബലോപേതനാമാ രാക്ഷസപുത്രനെ;
സ്ഥലം കാണിച്ചുതരുവാനീ, മഹാത്മാവു രാക്ഷസൻ
സചിവന്മാരൊടൊന്നിച്ചു നിൻകൂടെപ്പോന്നുകൊള്ളുമേ.'
രാഘവൻതന്റെ ചൊൽകേട്ട ലക്ഷ്മണൻ സവിഭീഷണൻ ൨൪
കൈക്കൊണ്ടാൻ മറെറാരു പെരുംവില്ലു, ഭീമപരാക്രമൻ.
ഒരുങ്ങി,ച്ചട്ടയിട്ട,മ്പും പൊൻവില്ലും വാളുമേന്തിയോൻ
ശ്രീപ്പാദം തൊട്ടു തലയിൽ വെച്ച,മ്പോടോതി ലക്ഷ്മണൻ:-
'ഇന്നെൻവില്‍ വിട്ട ബാണങ്ങൾ ചെന്നു രാവണപുത്രനെ ൨൬
പിളർത്തു, ലങ്കയണയും, ഹംസർ പൂംപൊയ്ക പോലവേ!
ഇന്നതാനെ,ന്റെ വൻവില്ലിൻ ഞാണതിത്ത ശരവ്രജം
ആ രൌദ്രനെച്ചെന്നു പിളർത്ത, വൻതൻ മെയ്യെരിച്ചിടും!'
ഭ്രാതാവിൻ മുമ്പിൽവെച്ചവമോതി, ശ്രീ പൂണ്ട ലക്ഷ്മണൻ
രാവണാത്മജനെക്കൊൽവാൻ നടകൊണ്ടിതു സത്വരം:
ജ്യേഷ്ഠന്റെ കാല്ക്കൽ വന്ദിച്ചു വലംവെച്ചെഴുന്നള്ളിനാൻ,
ഇന്ദ്രജിൽപാലിതനികുംഭിലാചൈത്യത്തിലെയ്ക്കുവൻ;
വിഭീഷണനൊടൊന്നിച്ചു രാജപുത്രൻ പ്രതാപവാൻ ൩൦
ഭ്രാതാവിനാൽക്കൃതാശിസ്സായ്ഗ്ഗമിച്ചാനാശു ലക്ഷ്മണൻ.
സൌമിത്രിയെ ഹനുമാനുമസംഖ്യകപിയുക്തനായ്
പിന്തുടർന്നു, സഹാമാത്യനാ വിഭീഷണനും തദാ.
വമ്പിച്ച വാനരാനീകമാശു വന്നു വുഴന്നവൻ ൩൨
കണ്ടു വഴിയിൽ നിന്നിട്ടുമൃക്ഷരാജബലത്തെയും.
ഒട്ടേറെ വഴി പിന്നിട്ടാ ലക്ഷ്മണൻ മിത്രതുഷ്ടിദൻ
കണ്ടു, ദൂരത്തണിയുറപ്പിച്ചു രാക്ഷസസേനയെ.
ചെന്നു, ധാതൃവിധിയ്ക്കൊത്താ, മായോപായിയെ വെല്ലുവാൻ ൩൪
വില്ലുമായ് നിന്നിതു, പരാന്തപൻ രഘുനന്ദനൻ.
വിഭീഷണനൊട്ടും, ഗന്ധവാഹൻതൻ സൂനുവിനൊട്ടും,

Digitized By Kerala Sahitya Akademi

വീരാംഗദനൊട്ടും കൂടി രാജപുത്രൻ പ്രതാപവാൻ,
പലതരമമലായുധങ്ങൾ മിന്നി-
ക്കൊടികൾ നിറഞ്ഞു, രഥിപ്രവീരർ തിങ്ങി,
പ്രതിഭയതരമായ്പ്പെരുത്തൊരുക്കൊ-
ത്തി,തൾവടിവാമരിസേനയിൽക്കടന്നാൻ. ൩൩

—:*:—

## എൺപത്താറാം സർഗ്ഗം. ഇന്ദ്രജിദ്യുദ്ധാരംഭം.

—*—

ഉടനേതന്നെ സൌമിത്രിയോടു രാവണസോദരൻ
കഥിച്ചാൻ കാര്യസിദ്ധിയ്ക്കായ്, മാററാർക്കഹിതമാംവിധം:
'ഇതാ, കാണുന്നതുണ്ടല്ലോ കാർകരിംകൌണപപ്പട;
ഇതിനോടടരാടട്ടേ വെക്കം, കീശർ നഗായുധർ. ൨
ഈ വമ്പട പിളർത്തീടാൻ യത്നം ചെയ്യുക ലക്ഷ്മണ:
രാക്ഷസേന്ദ്രാത്മജനെയും കാണാ,മിതു പിളർത്തിയാൽ.
ഇന്ദ്രാശനിയ്ക്കൊത്ത ശരം ചൊരിഞ്ഞുംകൊണ്ടമിത്രരെ
പാഞ്ഞെതല്ല വെക്ക,മിക്കർമ്മം തീരുന്നതിനു മുമ്പു നീ. ൪
കൊല്ക, വീര, ദുരാത്മാവായ് മായിയായ്ധർമ്മഹീനനായ്
പാരിന്നെല്ലാം ഭയം നല്കും ക്രൂരനാമിന്ദ്രജിത്തിനെ.'
വിഭീഷണന്റെ ചൊൽ കേട്ടു, ലക്ഷ്മണൻ ശുഭലക്ഷണൻ
ചൊരിഞ്ഞൊനാശരാധീശസുതനെച്ചൊല്ലിയമ്പുകൾ. ൬
ഋക്ഷപ്ലവംഗമന്മാരും വൃക്ഷശൈലനഖായുധരായ്
ഒന്നിച്ചുചെന്നു പാഞ്ഞെററാരാ, നിന്ന പടയോട്ടടൻ.
അരക്കരും വാൾക്കുരമ്പുരവൽതോമരഗണത്തൊടേ
നേരിട്ടു നിന്നാർ പ്ലവഗപ്പടയെക്കൊന്നൊടുക്കുവാൻ. ൮
അപ്പോൾ തുമുലമായ്ത്തീർന്നു കപിരാക്ഷസർതങ്ങളിൽ;
മുഴക്കനൊരിരമ്പത്താൽ മുഴങ്ങീ ലങ്കയൊക്കയും.
പലമട്ടാമായുധങ്ങൾ, ശിതബാണങ്ങൾ, ശാഖികൾ,
ഓങ്ങും ഘോരാദ്രിശൃംഗങ്ങളിവ മൂടീ നഭസ്സിനെ. ൧൦

Digitized By Kerala Sahitya Akademi

വികൃതാനനബാഹുക്കളരക്കർ കപിവീരരിൽ
ശസ്ത്രങ്ങൾ പാട്ടികൊണ്ടേററം ഭയപ്പാടു പെടുത്തിനാർ;
അമ്മട്ടേ, മഴവൃക്ഷങ്ങൾ, ശൈലാഗ്രങ്ങളിവററിനാൽ
തച്ചാർ, കൊന്നാർ കപികളും, പോരിലാശരസിംഹരെ; ൧൨
ക്രൂരന്മാരാം കരുത്തേറുമൃക്ഷവാനരമുഖ്യരും
പൊരുതിട്ടരക്കർക്കു ഭയപ്പാടു വളർത്തിനാർ.
  തൻസൈന്യം പരർ പീഡിപ്പിച്ചുവശപ്പെടുത്തു കേൾക്കയാൽ
അക്കർമ്മം മുഴമിപ്പിയ്ക്കാതെഴുന്നേററു ദുരാസദൻ; ൧൪
മരത്തോപ്പിരുൾ കൈവിട്ടു പോന്നാൻ ക്രോധിച്ചു രാവണി
മുമ്പേ പൂട്ടിയൊരുക്കപ്പെട്ടിരുന്ന രഥമേറിനാൻ.
ചൊടിച്ചു കാർമുകം തൂക്കി, ഭയങ്കരം മൃത്യു പോലവേ ൧൬
അവൻ തേരേറിയതു കണ്ടുടൻ ഘോരനാത്തു പുറമേ,
സൌമിത്രിയോടു പോരിന്നണ്ടിമവേഗാശരപ്പട.
അന്നേരത്തു ഹനുമാൻ, മലയ്ക്കു കിടനില്പവൻ
ഏല്ക്കാവതല്ലാത്തൊരു മാമരമേന്തിയരിന്ദമൻ ൧൮
ആ യാതുധാനപ്പടയെച്ചുട്ടാൻ കാലാഗ്നി പോലവേ;
ഭൂരിവൃക്ഷങ്ങളാൽബ്ബോധംകെടുത്താൻ പോരിലക്കപി.
അനിലാത്മജനുക്കാൽക്കൊന്നൊടുക്കുന്നതു കണ്ടുടൻ
ഹനുമാങ്കലുതിർത്താരങ്ങനേകായിരമാശരർ: ൨൦
ശൂലത്താൽ തീക്ഷ്ണശൂലക്കാർ, വാളെടുത്തവർ വാളിനാൽ,
പട്ടസക്കാർ പട്ടസത്താൽ, വേലേന്തിയവർ വേലിനാൽ,
പരിഘത്താൽ,ഗ്ഗദകളാൽ,ത്തെളികുന്തങ്ങളാലെയും,
ഇരിമ്പുമുൾത്തടികളാൽ, നൂറുനൂറു ശതഘ്നിയാൽ. ൨൨
കൊടുംവെൺമഴുവാൽ, ബ്ഭിണ്ടിപാലത്താലും, നിശാചരർ
ഇടിത്തീയെതിർകയ്യാലും, വജ്രോപമദംഷ്ട്രയാലുമേ
പ്രഹരിച്ചാർ ചുഴലവുമനന്തര, മചലത്തുല്യനെ;
അവർക്കു,മതിശം കൊണ്ടോൻ പരിക്കേററം പെടുത്തിനാൻ ൨൪
മലയ്ക്കൊത്ത മരുത്സൂനു കപീന്ദ്രൻ ക്ലേശമെന്നിയേ

Digitized By Kerala Sahitya Akademi

ശത്രുക്കളെയുടയ്ക്കുന്നതങ്ങു കണ്ടു ദശാസ്യജൻ.
ചൊല്ലിനാൻ സൂതനോടവൻ:-'ചെല്ക,ക്കീശന്റെ ചാരവേ:
വിട്ടാല,വൻ മുടിച്ചേയ്ക്കുമീ നമ്മുടെയാരക്കരെ!' ൨൬
എന്നവൻ ചൊല്കയാൽസ്സൂതൻ വായുപുത്രന്റെ നേർക്കുതാൻ
തെളിച്ചാനതിദുർദ്ധർഷനിന്ദ്രജിത്തമരും രഥം.
നേരിട്ടടത്തമ്പുകളും പട്ടസം വാൾമഴുക്കളും
പെയ്തു കരങ്ങളെൻ്റെ തലയ്ക്കന്നൂരാസുരനാത്മജൻ. ൨൮
ഘോരങ്ങളാമസ്ത്രങ്ങൾ നിഷ്ഫലമാക്കിട്ടാ മരുത്സുതൻ
പൊതുതാമരിശം കൊണ്ടാനെ,ന്നോവമുരിയാടിനാൻ:—
'പോർ ചെയ്ക ശൂരനാണെങ്കിൽദ്ദുർമ്മതേ, രാവണാത്മജ:
നീ വായുജന്മാൻ വന്നിട്ടു ജീവനോടെ മടങ്ങിടാ! ൩൦
പോർ ചെയ്ക കൈകളാൽ, ദ്വന്ദ്വപ്പോരാവാമെന്നൊടെങ്കിലോ;
അതിലാരംഭവേഗ്ഗർ നീ താങ്ങുക്കൊണ്ടു ദുർമ്മതേ!'
ഹനുമാനെ ഹനിപ്പാനായ് വില്ലയത്തി ദശാസ്യജൻ;
അതപ്പൊഴേ ലക്ഷ്മണനെദ്ധരിപ്പിച്ചാൻ വിഭീഷണൻ:- ൩൨
'പുരന്ദരജേതാവാം രാവണാത്മജനിങ്ങിതാ,
തേരിൽ വാണു, വധിച്ചിടാൻ ഭാവിപ്പൂ വായുപുത്രനെ.
കൊല്ലുകാ രാവണിയെ നീ സൌമിത്രേ, നിസ്തുലങ്ങളായ്,
വൈരിരോധികളാം പ്രാണഹാരിഘോരശരങ്ങളാൽ.' ൩൪

വിഭീഷണൻ വൈരിവിഭീഷണൻ പോ-
രേത്തവം പറഞ്ഞപ്പൊഴതാ മഹാനാം
കണ്ടു, കൊടുംകെട്ടിനൊടൊത്തു തേരിൽ
മേവുന്നമപ്പർവ്വതമൂർത്തിമാനെ.

—o—

എണ്പത്തേഴാം സർഗ്ഗം : ഇന്ദ്രജിദ്വിഭീഷണസംവാദം.

—*—

ഏവം സൌമിത്രിയോടോതി,യുൾ കുളിർത്ത വിഭീഷണൻ
ധന്വിയാമവനെക്കൂട്ടിക്കൊണ്ടുപോയാനതിദ്രുതം.



Digitized By Kerala Sahitya Akademi

കുറച്ചുദൂരം പോയിട്ടു വങ്കാടൊന്നിൽക്കടന്നുടൻ
കാട്ടിക്കൊടുത്താനച്ചൈത്ര്യം ലക്ഷ്മണന്നു വിഭീഷണൻ; ൨
ഒരു കാർമേഘസമമാം ഘോരരൂപം വടദ്രുമം
ചൊല്ലിക്കൊടുത്താൻ സൌമിത്രിയ്ക്കാത്തേജസ്വി വിഭീഷണൻ;-
'ഇങ്ങല്ലോ, ഭൂതബലിയെച്ചെയ്തുപോരുന്നു രാവണി;
പിന്നീടത്രേ പടയ്ക്കുള്ളുമാറുള്ളതു മഹാബലൻ. ൪
എന്നാൽക്കാണരുതാതാകുമേതു ദേഹിയ്ക്കുമാശരൻ;
വധിയ്ക്കും പോരിൽ മാററാരെ;-ക്കെട്ടും ശ്രേഷ്ഠശരങ്ങളാൽ
പേരാല്ക്കൽച്ചെൽവതിൻ മുമ്പാബ്ബലിയാമിന്ദ്രജിത്തിനെ
മുടിയ്ക്കു ക്രൂരമ്പുകളാൽ,ത്തേർസ്സുതാശ്വങ്ങളോടുമേ.' ൬
ആവാമെന്നുരചെയ്തിട്ടു, ലക്ഷ്മണൻ മിത്രഹൃഷ്ടിദൻ
വിചിത്രവില്ലൊലിക്കൊള്ളിച്ചങ്ങു നിന്നാൻ മഹാദ്യുതി.
ഉടൻ കാണായ് കവചത്താരുമിന്ദ്രജിത്തു ദശാസ്യജൻ,
ധ്വജിയാം തീയൊളിത്തേരിൽ,ച്ചാപവാൻ, ഖഡ്ഗയിട്ടവൻ. ൮
ആത്താല്ക്കാളുള്ള പൌലസ്ത്യനോടു ചൊന്നാൻ മഹാദ്യുതി:-
'നിന്നെ വെല്ലുവിളിയ്ക്കുന്നേൻ: വഴിപോലെടർ നല്കുമേ.'
എന്നു കേട്ടു,തിതേജസ്വി നെഞ്ഞുറപ്പുള്ള രാവണി
വിഭീഷണനെയങ്ങീക്ഷിച്ചോതി, പരുഷമാംവിധം:-- ൧൦
"ഇങ്ങുണ്ടായിവളർന്നാൻ നി,യെന്നച്ഛന്നുററ സോദരൻ;
എവ്വണ്ണമപ്ഫൻ ദ്രോഹിപ്പൂ മകനാമെന്നൊ രാക്ഷസ?
ചാർച്ചയില്ല ദുരാത്മൻ, തേ വേഴ്ചയില്ലി,ല്ലജാതിയും,
നെറിയില്ലി,ല്ലസൌഭ്രാത്രം, ധർമ്മവും ധർമ്മദൂഷണ! ൧൨
ശോച്യനും ദുർമ്മതേ സത്തുക്കൾക്കു നിന്ദ്യനുമാണു നീ:
പരന്റെ ഭൃത്യനായല്ലോ, സ്വജനത്തെ വെടിഞ്ഞു നീ!
കാണ്മീല, ബുദ്ധിമാന്ദ്യത്താൽ നിസ്സ്വിപ്പെരിയൊരന്തരം:
എങ്ങുവാൻ സ്വജനാവാസ?-മെങ്ങു നീച, പരാശ്രയം? ൧൪
പരൻ ഗുണാഢ്യനാകട്ടേ, സ്വജനം ഗുണഹീനവും;
നിർഗ്ഗുണം സ്വജനം നല്ലു; പരൻതാൻ,പരനായവൻ!

Digitized By Kerala Sahitya Akademi

എവൻ സ്വപക്ഷം കൈവിട്ടു പരപക്ഷത്തു ചേരുമോ,
അവൻ സ്വപക്ഷനാശത്തിലവരാൽത്താൻ കൊല്ലപ്പെടും! ൧൬
നിനക്കിത്രയുമുണ്ടല്ലോ കനിവില്ലായ്ക രാക്ഷസ:
ഇക്കൈ സ്വജനമാം നിന്നെ ചെയ്യുമുള്ളു രാവണാനുജ!"
ഏവം ഭ്രാതൃസുതൻ ചൊല്ലി, വിഭീഷണനുമോതിനാൻ:-
"എൻശീലമറിയാതപ്പോലെന്തുറാംചൊൽവു നിശാട നീ? ൧൮
ദുഷ്ടാ രാക്ഷസർകോൻപുത്ര, മുഷ്കരയ്ക്കാക ഗൌരവാൽ.
ഞാൻ ക്രൂരരാക്ഷസകുലേ പിറന്നോരുവനെങ്കിലും,
ജനങ്ങൾക്കാദ്യഗുണമേത, തെൻശീലമരാക്ഷസം.
പ്രിയമല്ല കടുംകൈ മേ; പ്രിയമല്ലിങ്ങധർമ്മവും; ൨൦
ഭ്രാതാവു ശീലഭേദത്താൽ ഭ്രാതാവെ നിരസിയ്ക്കുമോ?
ധർമ്മശീലപരിഭ്രഷ്ടനായ പാപപ്രസക്തനെ,
കയ്യിൽനിന്നാഹിയെപ്പോലെ വെടിഞ്ഞാലേ സുഖം വരൂ.
പരസ്വഹാരി ദുർവൃത്തൻ പരദാരാഭിമർശകൻ ൨൧
ത്യാജ്യനെന്നരുളിച്ചെയ്യും തീ പെട്ട പുര പോലവേ.
പരദ്രവ്യാപഹരണം, പരദാരാഭിമർശനം,
സുഹൃത്തുകളിലവിശ്വാസമിത്രിദോഷം ക്ഷയപ്രദം!
ഘോരം മഹർഷിനിധനം, വാനോരോടൊക്കെ മത്സരം, ൨൪
പ്രാതികൂല്യം, പെരുംവൈരം, ശുണ്ഠി, ഗർവ്വെന്നതിന്നകൾ,
ജീവിതൈശ്വര്യഘോരങ്ങളെ, യെന്നെന്റെ ഗുണങ്ങളെ
മൂടിക്കളഞ്ഞു, മേഘങ്ങൾ പർവ്വതങ്ങളെയാംവിധം!
ഇത്തിന്മയാൽ വെടിഞ്ഞേൻ ഞാൻ ഭ്രാതാവാം താതൽപിതാവിനെ;
ഈ ലങ്കാപുരിയില്ലിനി, ല്ല നീ, നിന്നച്ഛനുമില്ലിനി!
ഒരുറക്കാരനാം ചെക്കൻ നെറികേട്ടോനരക്ക, നീ
കാലപാശാവൃതൻ; ചൊല്ലിക്കൊൾക തോന്നിയതൊക്കയും!
ഇന്നിങ്ങാപത്തിലായ്പ്പോയ് നീ, മുഷ്കനൊന്നോട്ടു ചൊല്ലുയാൽ!
പേരാല്ലൽച്ചെല്ലുവാൻ പററാ നിനക്കധമരാക്ഷസ.
കാകുത്സ്ഥരിൽക്കയർത്തിട്ടു ജീവിപ്പാൻ പററുകില്ല തേ: ൩൦

Digitized By Kerala Sahitya Akademi

നരേന്ദ്രനാം ലക്ഷ്മണനോടേററുകൊൾകടരാട്ടവാൻ;
ഹതനായ്ദേവകാര്യത്തെച്ചെയ്യും കാലാലയത്തിൽ നീ!
എടുത്തു കാണിയ്ക്കുക തങ്കരുത്തിനെ;-
ശ്ശൂരായുധൌഘം ചെലവാക്കുകൊക്കയും; ൩൨
ബലത്തൊടേ ലക്ഷ്മണബാണലക്ഷ്യമായ്-
ബ്ഭവിച്ചു നീയിന്നുയിർ കൊണ്ടുപോയിടാ!”

—:*:—

എണ്ണത്തെട്ടാം സർഗ്ഗം: ഇന്ദ്രജില്ലക്ഷ്മണയുദ്ധം.

—: 0 :—

വിഭീഷണൻെറ ചൊൽ കേട്ടിട്ടരിശം മൂത്ത രാവണി
ഉരത്ത വാക്കരച്ചുംകൊണ്ടുക്കിൽ നേരിട്ടു കേറിനാൻ:
ചേലോടണിഞ്ഞ വലുതാം നീലാശ്വത്തേരിലേറിയോൻ
വാളുമായുധവും തെയ്യാറുള്ളോൻ, കാലാന്തകോപമൻ,
പാരം നീണ്ടു പരന്നുക്കൊത്തുറപ്പു,ള്ളുഗ്രകാർമ്മുകം ൨
പൊക്കിപ്പിടിച്ചും, മാററാരെക്കീറും ബാണങ്ങളേന്തിയും.
കണ്ടു ബലി പെരുംവില്ലൻ തേരാളോൻ കോപ്പണിഞ്ഞവൻ
ശ്രീപൂണ്ട ശത്രുഹന്താവാമാ രാഘവകനിഷ്ഠനെ, ൪
ഹനുമാൻതൻെറ മുതുകത്തു,യോദ്ധാക്കുതുല്യനെ.
ചൊന്നാൻ വിഭീഷണൻ ചേന്ന സൌമിത്രിയൊടു വാശിയിൽ
ആ വാനരവ്യാഘ്രരൊടും:-‘കണ്ടുകൊൾകെൻ പരാക്രമം:
ഇപ്പൊഴെ,ൻവില്ലു ചൊരിയും ശരവർഷം ദുരാസദം, ൬
ഉരസ്സിൽപ്പെയ്ത്ത മഴ പോലേല്ക്കുമേ നിങ്ങളാഹവേ!
ഇപ്പൊഴെ,ൻെറ പെരുംവില്ലിൽനിന്നുതിന്ന ശരങ്ങളാൽ
കത്തിപ്പോം നിങ്ങൾതൻഗാത്രം, ചെന്തിയ്യാൽപ്പഞ്ഞി-
[പോലവേ!
ക്രൂരമ്പു, തോമരം, ശൂലം, വാൾ, വേലെന്നിവകൊണ്ടു ഞാൻ വ്യ
പിളൎന്നു കാലഗേഹത്തിൽച്ചേർപ്പൻ നിങ്ങളെയൊക്കയും.
കൈകൊണ്ടു പോരിങ്കൽശ്ശരവർഷം പൊഴിച്ചു ഞാൻ

Digitized By Kerala Sahitya Akademi

കാറു പോലലറുന്നോര,മാരുണ്ടെന്മുമ്പിൽ നില്ക്കുവാൻ?
അന്നു രാപ്പോരിൽ ഞാൻ വജ്രാശനിയ്ക്കൊത്ത ശരങ്ങളാൽ ൧൦
മോഹിച്ചുവീഴ്ത്തിയല്ലോ, മുന്നാംക്കാരൊത്തിരുപേരെയും;
മറന്നുപോയിരിയ്ക്കാം നീ;യല്ലെങ്കിൽച്ചാക്കടുത്തുപോയ്:
ക്രുദ്ധസർപ്പാഭനാമെങ്കൽ വന്നുവല്ലോ പടയ്ക്കു നീ!'
രാക്ഷസശ്രേഷ്ഠനുടെയഗ്ഗർജ്ജനം കേട്ട ലക്ഷ്മണൻ ൧൨
ക്രുദ്ധനായ്ക്രൂസഭ്രൂഭംഗം ചൊല്ലി രാവണിയോടുടൻ:—
ദുഷ്പ്രാപംതന്നെ, നീ ചൊന്ന കാര്യാന്തം തവ രാക്ഷസ;
പ്രവൃത്തികൊണ്ടു കാര്യാന്തം പ്രാപിപ്പോനാണു, ബുദ്ധിമാൻ.
എന്നാലാ,ക്കം കിടയ്ക്കാത്തൊരത്ഥം ഹീനാത്ഥനായ നീ ൧൪
വാക്കാൽപ്പേരി,'ക്കൃതാത്ഥൻ ഞാനെ'ന്നു നണ്ണുന്നു ദുർമ്മതേ!
അന്നു യുദ്ധത്തിലൊ,ളിവിൽ നിന്നു നീ ചെയ്തുവെച്ചതോ,
ചോരക്കു ചേന്ന വഴിയാം; വീരക്കൊത്തുള്ളതല്ലതാൻ!
ഞാൻ നിന്നമ്പിൻവഴിയണഞ്ഞല്ലോ നില്ക്കുന്നു രാക്ഷസ; ൧൬
കാണിയ്ക്കുകിപ്പൊഴത്തേജസ്സ്;-ന്തിനായ് മേനിചൊൽവു നീ!

എന്നു കേട്ടിട്ടു കൊടുതാം വിൽ കുലച്ചു മഹാബലൻ
തൂകിനാൻ ക്രൂരബാണങ്ങളിന്ദ്രജിത്ത,ടർവെല്ലുവോൻ.
ആത്തുകിയ ജവം കൂടും പാമ്പിൻനഞ്ഞെതിരമ്പുകൾ ൧൮
ലക്ഷ്മണാംഗലഗ്നത്തു,തും സപ്പങ്ങൾക്കൊത്തു വീൺഃപായ്.
ഊക്കേറിയ ശരൌഘത്താലിന്ദ്രജിത്തുകഴിലാഹവേ
തുലോമെയ്താൻ സുലക്ഷ്മാവാമാ ലക്ഷ്മണനെ രാവണി.
അംഗങ്ങളിൽക്കൂടും പാരമേറു ചോരയൊലിയ്ക്കയാൽ ൨൦
വിളങ്ങി ലക്ഷ്മണൻ ശ്രീമാൻ, പുക വിട്ടഗ്നി പോലവേ.
ഇന്ദ്രജിത്തോ, സ്വകമ്മത്തെയുറവുനോക്കിയറിഞ്ഞുടൻ,
ചീത്ത ശബ്ദം മുതിരുമാറാത്തേവമുരിയാടിനാൻ:-
'എൻവിൽ വിട്ടം ചിറകണിഞ്ഞുള്ള കൂർപ്പേറുമമ്പുകൾ ൨൨
ഉന്നാളുമേ ലക്ഷ്മണ, നിൻപ്രാണനെ പ്രാണഹാരികൾ!
__ ന്നാ,ട്ടേറെക്കുറുക്കന്മാർ പരുന്തുകൾ കഴുക്കളും

Digitized By Kerala Sahitya Akademi

വന്നു കേറട്ടെ, ഞാൻ കൊന്നു ചത്ത നിൻ മീതെ ലക്ഷ്മണ!
ക്ഷത്രബന്ധു സദാ നീചൻ നീയാം ക്രൂരറ തമ്പിയെ ൨൭
ഞാൻ കൊന്നതിപ്പോഴേ കാണും രാമൻ പരമദുർമ്മതി!
മെച്ചട്ട പൊട്ടിസ്സൌമിത്രേ, വില്ല ദൂരത്തെറിച്ചുപോയ്
തലയും പോയ് നിലംപൊത്തുമിപ്പൊഴേ, ഞാൻ വധിച്ച നീ!'
ഏവം ചൊടിച്ചു പരുഷം ചൊല്ലും രാവണിയോടുടൻ, ൨൮
യുക്തിയും പൊരുളും ചേൎന്ന മറുവാക്കോതി ലക്ഷ്മണൻ:-
'ത്യജിയ്ക്ക ചൊൽവമ്പു,ച്ചണ്ഡകർമ്മാവല്ലോ നിശാട നീ;
എന്തിന്നിപ്പോരാൽ ദുർബ്ബുദ്ധേ? ചെയ്യൊപ്പിയ്ക്കുക നന്മയിൽ!
ചെയ്യാതെ, മേനിചൊല്ലുന്നതെന്തിനാണിങ്ങു രാക്ഷസ? ൨൯
ചെയ്ക, നിന്മേനിവാക്കി ഞാൻ വിശ്വസിച്ചീടുമാറു നീ!
പരുഷം പറയാതേയു,മേതുമാക്ഷേപിയാതെയും,
മേനിചൊല്ലാതെയും കൊൽവൻ നിന്നെ;-ക്കാണ്ക നരാധമ!'
എന്നുരച്ചു,ഞെഴഞ്ഞാണിക്കുരമ്പാഞ്ചുവലിച്ചുടൻ ൩൦
ഏറെയുക്കിലരക്കന്റെ നെഞ്ഞത്തെയ്യെയ്തു ലക്ഷ്മണൻ.
നന്നായ്ച്ചിറകു വെച്ചുകൊത്താളും പാമ്പെതിരമ്പുകൾ
വിലസീ രാക്ഷസ സാരസ്സിൽ,സ്സൂര്യരശ്മികൾ പോലവേ.
അവന്റെയമ്പേല്ക്കുകയാൽച്ചൊടിച്ചാ രാവണാത്മജൻ ൩൧
മൂന്നു ബാണങ്ങൾ വഴിപോലാഞ്ഞെയ്തു ലക്ഷ്മണങ്കലും.
നരരാക്ഷസസിംഹന്മാർ തമ്മിലന്നു ജയേച്ഛയാൽ
കൂട്ടിമുട്ടിത്തുമുലമായ് ഘോരമായ്ത്തീർന്നിതപ്പട:
രണ്ടാളും വങ്കരുത്തന്മാർ, രണ്ടാളും സപരാക്രമർ, ൩൨
രണ്ടാളും സുഷ്ഠുവിക്രാന്തർ, സർവ്വശസ്ത്രാസ്ത്രകോവിദർ,
രണ്ടാളുമസമാനൌജസ്സേറ്റ്ജസ്സുരതിദുർജ്ജയർ.
വാനിൽ ഗ്രഹദ്വയം പോലേ പൊരുതാർ വീരരാമവർ;
വലനും വൃത്രനും പോലേ പോരിൽദ്ദുർദ്ധർഷർ നിർഭയം; ൩൩
പൊരുതാരാ മഹാത്മാക്കളിരു സിംഹങ്ങൾ പോലവേ;
വളരെശ്ശരജാലങ്ങൾ ചൊരിഞ്ഞുംകൊണ്ടു നിന്നവർ,

Digitized By Kerala Sahitya Akademi

നരരാക്ഷസസിംഹന്മാരിമ്പമോടടരാടിനാർ.
ജയേച്ഛയാ, കാർമ്മുകബാണഹസ്തരാ-
നരാശരശ്രേഷ്ഠർ തുലോം പ്രഹൃഷ്ടരായ്
ചൊരിഞ്ഞുകൊണ്ടാർ ശരവർഷമേററവും, ൩൨
പരസ്പരം രണ്ടു ബലങ്ങളും രപോചവേ
മുതിന്നു, പോരിന്റെ പയററു കൂടിയോർ,
ശിതായുധന്മാർ, വിശിഖാസിഭീഷണർ,
മഹാബലന്മാർ പരമെയ്ത്തു മേല്ക്കുമേൽ,
മഹാഹവേ ശംബരശക്രർ പോലവേ.

—*—

എണ്പത്തൊമ്പതാം സർഗ്ഗം: ഇന്ദ്രജില്ലക്ഷ്മണമഹായുദ്ധം.

—*—

ശരം തൊടുത്ത,മിത്രഘ്നൻ ക്രുധാ ദശരഥാത്മജൻ,
പാമ്പിനെപ്പോലെ ചീററിക്കൊണ്ടെയ്താനാ രാക്ഷസേന്ദ്രനിൽ.
ഞാണൊലിക്കൈപ്പെരുംശബ്ദം കേട്ടിട്ടാ രാവണാത്മജൻ
നിറം കെട്ട മുഖത്തോടേ നോക്കീ ലക്ഷ്മണനെത്തദാ. ൨
അരക്കനാം രാവണിതൻ മുഖത്താ മങ്ങൽ കാൺകയാൽ,
പോരിമ്പം പൂണ്ട സൌമിത്രിയോടു ചൊന്നാൻ വിഭീഷണൻ:-
'അടയാളങ്ങൾ ഞാൻ കാണുന്നുണ്ടീ രാവണപുത്രനിൽ:
വെമ്പിക്കൊൾക മഹാബാഹോ; തോററുപോയ്, തർക്കമില്ലിവൻ!'
ഉടൻ തൊടുത്തു തീക്ഷ്ണങ്ങൾ തീജ്ജ്വാലയ്ക്കൊക്കുമമ്പുകൾ
വിട്ടാനവകൽസ്സൌമിത്രി, നഞ്ഞേറും പാമ്പിനൊത്തവ.
തൊട്ടാലിന്ദ്രാശനിക്കൊക്കും ലക്ഷ്മണാസ്ത്രങ്ങളേല്ക്കയാൽ
സംക്ഷുബ്ധസർവ്വേന്ദ്രിയനായ്ബ്ബോധം വിട്ടാൻ കുറച്ചിട. ൩
ക്ഷണത്താലിന്ദ്രിയസ്വാസ്ഥ്യം വീണ്ടുകിട്ടിയുണർന്നവൻ
കണ്ടു പോരിൽ നിലകൊള്ളുമദ്ദാശരഥിവീരനെ.
ഉടൻ സൌമിത്രിയോടേററാൻ ചൊടിയാൽക്കൺചുകന്നവൻ;
ചെന്നണഞ്ഞ,വനോടോതി, വീണ്ടും പരുഷവാക്കവൻ:- ൪

'ഓർക്കുന്നതില്ലേ, മുമ്പേത്തെപ്പോരിലെന്നെൻപരാക്രമം?
നിലംപൊത്തിയുരുണ്ടല്ലോ, കെട്ടേററണ്ണനുമൊത്തു നീ!
നിങ്ങളെപ്പോരിൽ മൂപ്പാട്ട ശക്രാശനിശരങ്ങളാൽ
മോഹിച്ചുവീഴ്ത്തിയല്ലോ ഞാൻ മുന്നാംകാരെയുമൂഴിയിൽ; ൧൬
മറന്നുപോയിരിയ്ക്കാം നീ;-യല്ലെങ്കിൽക്കാലന്തിക്കൽത്താൻ
പോകേണമെന്നാ;-മിച്ഛിയ്ക്കുന്നതല്ലാ നീയെന്നൊടേറിടാൻ!
മുമ്പേത്തെപ്പോരിൽ നീ കണ്ടിലെൻപരാക്രമമെങ്കിലോ,
ഇന്നു കാട്ടിത്തരാം;-മുന്നിനിന്നുകൊള്ളുക സാമ്പ്രതം!' ൧൭
എന്നരച്ചേഴുബാണങ്ങളതൈത്തയ്ത്തു ലക്ഷ്മണൻറമേൽ
മികച്ചു കൂർത്തുമൂർത്തുള്ള പത്തമ്പു ഹനുമാനിലും.
രോഷാൽ വാരിയിരട്ടിച്ചാൻ പിന്നെ നൂറു ശരങ്ങളെ
ശരിയ്ക്കെയ്തു പിളർത്താനാ വിഭീഷണനെ വീര്യവാൻ. ൧൮
ഇന്ദ്രജിത്തിൻ പണിയതു കണ്ടിട്ടാ രാമസോദരൻ
വകവെയ്ക്കാതി,'തെന്തുയ്ക്കുണ്ടെ'ന്നു ചൊല്ലിച്ചിരിച്ചുതാൻ
ഘോരബാണങ്ങളെയെട്ടത്തെയ്ത്തു പുരുഷപുംഗവൻ.
കൂസാതെ രാവണിയൊട്ടും, പോരിൽ ക്രോധിച്ച ലക്ഷ്മണൻ,
'ഇവണ്ണമല്ലെയ്യുവതു പോരിൽശ്ശൂരർ നിശാചര:
ഈദുർബലം നിൻ പതിരമ്പെല്ലാമൊരു തലോടൽ മേ!
ഏവമല്ലാ പൊരുവതു പോരിൽശ്ശൂരർ ജയൈഷികൾ.'
എന്നോതിയുംകൊണ്ടവനിൽച്ചൊരിഞ്ഞാൻ ശരവൃഷ്ടികൾ. ൧൯
അവൻറ പൊന്നണിച്ചട്ട ബാണൌഘത്താൽത്തകർന്നുപോയ്
ചിന്നീ തേർത്തട്ടിൽ,വാനത്തുനിന്നു ഡുഃക്ഷുന്നി പോലവേ.
ചട്ട പോയിട്ടെ,ഴത്താണിയമ്പാൽ മുറികൾ പെട്ടടൻ
പൂചരിക്കതിരോൻ പോലായ്, വീരനിന്ദ്രാരി സംഗരേ. ൨൦
അതിലീറ പിടിച്ചാരായിരമമ്പാലെ രാവണി
വീരലക്ഷ്മണനെപ്പോരിൽപ്പിളർത്താൻ ഘോരവിക്രമൻ.
തകർന്നുപോയ് മഹാദിവ്യകവചം ലക്ഷ്മണൻറയും;
ചെറുത്താർ,ചെയ്തതിന്നൊല്ലാം പകരം ചെയ്തു തങ്ങളിൽ. ൨൧

Digitized By Kerala Sahitya Akademi

ത്തുമുലപ്പോർ പൊരുതിനാർ, കൂടെക്കൂടേ കിതച്ചവർ,
സർവ്വാംഗമമ്പേററു മുറിഞ്ഞെമ്പാടും ചോര ചാടിയും.
പെരുത്തുനേരമാ വീരർ തമ്മിൽക്കുത്ത ശരങ്ങളാൽ
ചെത്തിഗാത്രങ്ങൾ, പെരിയോർ പടനന്നായ്പ്പയററിയോർ;൨൪
ചെയ്തു നിജജയത്തിന്നു യത്നവും ഭീമവിക്രമർ.
മൂടപ്പെട്ടു ശരൌഘത്താൽ; പൊട്ടിപ്പോയ് പടച്ചട്ടകൾ;
ഇരുപ്രസ്രവണം നീർ ചൊരിയും പോലെ ചോരയും.
വാനത്തിരുകരിംകാർകൾ മഴ പെയ്യുന്നു പോലവെ, ൨൬
കൊടുതായ്ച്ചീററിടും ഘോരബാണൌഘം പെയ്തുകൊണ്ടുതാൻ
പടവെട്ടുമവർക്കങ്ങു കഴിഞ്ഞു പല നാളുകൾ;
എന്നാൽ, വൈമുഖ്യമോ, പോരിൽ വാട്ടമോ പൂണ്ടതില്ലവർ!
വീണ്ടും വീണ്ടും വരാസ്ത്രങ്ങൾ കാട്ടിക്കൊണ്ടസ്ത്രവിദരർ ൨൮
നാനാരൂപങ്ങൾ ബാണങ്ങൾ നട്ടുകൊണ്ടാർ നഭസ്ഥലേ.
കൈവേഗമോടു മുകടെന്ന്യേ ചിത്രമായ്ച്ചേലിലെയ്തവർ
പൊരുതീ ഘോരതുമുലം, രണ്ടാളും നരരാക്ഷസർ.
കേൾക്കായ് വെവ്വേറെയവർതന്നുള്ളംകയ്യൊലി ഘോരമായ്; ൩൦
അതാൾകളെ നടുങ്ങിച്ചു, കൊടുതാമിടി പോലവേ.
പോരാട്ടമവർതൻ ശബ്ദമതു തത്ര തഴയ്ക്കയായ്,
വാനത്തിരുകൊടുംകാർകളിടിവെട്ടുന്നതിൻവിധം.
കട പൊന്നാമെഴുത്താണിയമ്പേററു മുറി പെട്ടവർ ൩൨
ചോര വാർത്താർ, കരുത്തന്മാർ, യശസ്വികൾ, ജയൈഷികൾ.
ഇരുഗാത്രത്തിലും ചെന്നേററിട്ടപ്പൊങ്കടയമ്പുകൾ
രക്തം പുരണ്ടു വീണ്ടു,ഴിഞ്ഞെത്തട്ടിലെയ്തുകൊണ്ടു പോയ് രണേ;
തീക്ഷ്ണായുധങ്ങളാൽക്കുത്തിയുതമ്മി ചിലതംബരേ; ൩൪
ഒടിച്ചു, തുരന്താരായി; മുറിച്ചും ചില പത്രികൾ.
അവർതൻ ബാണനിരയത്യുഗ്രമായ്ത്തീർന്നിതാഹവേ,
സത്രേ ദീപ്താഗ്നിയുഗ്മത്തിൻ ഒക്കപ്പുൽനിര പോലവേ.
പ്രകാശിച്ചു മുറിപ്പെട്ടാപ്പെരിയോരുടെ മെയ്യുകൾ, ൩൬

കാട്ടിൽപ്പൂത്തിലയില്ലാത്തൊരിലവും പ്ലാശുമാംവിധം.
പെത്തുംപെത്തും തുമുലമായ്ഘോരമായേററുമുട്ടിനാർ
ഇന്ദ്രാരിയും ലക്ഷ്മണനും, പരസ്പരജയേച്ഛയാ.
ലക്ഷ്മണൻ രാവണിയെ,നേക്കാ ലക്ഷ്മണനെ രാവണി, ൩൮
ഏവം തങ്ങളിലെയ്തിട്ടു പോരിൽ ക്ഷീണിച്ചതില്ലവർ.
മെയ്യിൽത്തറാത്ത ബാണങ്ങളാലാ വീര്യാഢ്യരുജ്ജിതർ
വിളങ്ങി, വൃക്ഷങ്ങൾ മുളച്ചുള്ള രണ്ടദ്രി പോലവേ.
അവർതൻ ഗാത്രമെല്ലാമേ ശരൌഘംകൊണ്ടു മൂടിയും, ൪൦
ചെഞ്ചോര വാർന്നു വിലസീ, കത്തും തിയ്യെന്നപോലവേ.
പടവെട്ടുമവർക്കങ്ങു കഴിഞ്ഞു പല നാളുകൾ;
എന്നാൽ, വൈമുഖ്യമോ പോരിൽ വാട്ടമോ പൂണ്ടതില്ലവർ!

അടരിലപജയം വരാത്ത രാമാ-
വരജനു പെത്തമടർത്തളച്ചു തീർക്കാൻ
പ്രിയഹിതവിധി ചെയ്തുകൊണ്ടു നിന്നാ-
നടരിലണഞ്ഞു വിഭീഷണൻ ബലിഷ്ഠൻ. ൪൨

—*—

തൊണ്ണൂറ്റൊന്നാം സർഗ്ഗം : ഇന്ദ്രജിദ്വധോദ്യോഗം

—:*:—

കാനം ചുരന്ന കരികൾ പോലെയാ നരരാക്ഷസർ
ഇടഞ്ഞു തമ്മിൽക്കൊൽവാനായടർ ചെയ്യുന്നു കാണ്കയാൽ,
അവർതന്നടർ കാണ്മാൻ നിന്നിരുന്ന ബലി ശൌര്യവാൻ
വൻവില്ലുമേന്തിപ്പോർമുന്നിൽ നിന്നാനാ രാവണാനുജൻ. ൨
നിന്നിട്ടു, വലുതായുള്ള വില്ലിന്നൊലി പെടുത്തിനാൻ;
വിട്ടാനരക്കരിൽ മുന കൂർത്ത വൻവിശിഖങ്ങളും.
നേർക്കെയ്യപ്പെട്ടു പായുന്നാത്തീയ്യിന്നൊത്ത ശരങ്ങളോ,
വജ്രങ്ങൾ വന്മലകളെപ്പോലെ കീറീ നിശാടരെ. ൪
വിഭീഷണാനുചരരാ രാക്ഷസോത്തമരും രണേ
പിളർത്താർ, പട്ടസംശൂലംവാളാലാശേ വീരരെ.

Digitized By Kerala Sahitya Akademi

അപ്പൊഴാ രാക്ഷസന്മാരാൽച്ചുററപ്പെട്ട വിഭീഷണൻ
വിളങ്ങി, ഹസ്തകളഭമധ്യത്തിൽദ്ദന്തി പോലവേ. ൬
പിന്നെ, രാക്ഷസരോടങ്കംവെട്ടാൻ നോക്കം പ്ലവംഗരെ
പ്രേരിപ്പിച്ചോതിനാൻ കാലേ കാലജ്ഞൻ കൌണപോത്തമൻ:-
'ഈ നിന്നിട്ടമൊരാളത്രേ, ലങ്കേശന്നുററൊരാശ്രയം;
അയാൾക്കിപ്പടതാൻ ബാക്കി; നില്പതെന്തു ഹരീന്ദ്രരേ? ൮
ഈപ്പാപിയാം രാക്ഷസനെപ്പോർത്തലയ്ക്കൽ വധിയ്ക്കുകിൽ,
തിൻപോയ് രാവണനൊഴിഞ്ഞ,വൻതറ ബാക്കിയാം പട:
പ്രഹസ്തൻ കൊലയേററല്ലോ, വീരൻ ബലി നികുംഭനും,
കുംഭകർണ്ണനു,മക്കുംഭൻ,ധൂമ്രാക്ഷൻ യാതുധാനനും, ൧൦
ജംബുമാലി, മഹാമാലി, തീക്ഷ്ണവേഗാശനിപ്രഭർ,
സുപ്തഘ്ന-യജ്ഞകോപന്മാർ, വജ്രദംഷ്ട്രനരക്കനും,
സംഹ്രാദി, വികടാ-രിഘ്നർ, തപനൻ, ദമന,ങ്ങിനെ
പ്രഘാസനും, പ്രഘസനും, പ്രജംഘന,ഥ ജംഘനും, ൧൨
അഗ്നികേതു ദുരാധർഷൻ, വിദ്യുദ്വാൻ രശ്മികേതുവും,
വിദ്യുജ്ജിഹ്വ ദ്വിജിഹ്വന്മാർ, സൂര്യശത്രുവരക്കനും,
കമ്പനൻ,സത്തപ്രസുപ്തന്മാർ, ദേവാന്തക-നരാന്തകർ,
അകമ്പന-സുപാർശ്വന്മാർ, ചക്രമാലിയരക്കനും; ൧൪
ഇവർക്കെല്ലാം ബഹുനിശാടേന്ദ്രരെക്കൊലചെയ്കയാൽ,
കടൽ നീന്തിക്കടന്നോരേ, കടപ്പിൻ കൈക്കളമ്പുടൻ!
ഇത്രയേ്ക്ക, ബാക്കി നിങ്ങൾക്കിങ്ങുള്ള വെൽവ ൻ പ്ലവംഗരേ!
വന്നേററൊക്കെക്കൊലപ്പെട്ടു ബലഗർവുള്ള രാക്ഷസർ. ൧൬
അയുക്തമല്ലോ മകനെക്കൊൽവതിങ്ങ, ച്ഛനായ ഞാൻ;
അറപ്പു വിട്ടും രാമന്നായ്ക്കൊന്നോനേ ഭ്രാതൃപുത്രനെ;
എന്നാൽ,ക്കൊല്ലാനൊരുങ്ങുമ്പോളെൻകൺ മൂടുന്നിതശ്രുവാൽ.
ഈ ലക്ഷ്മണൻതാനവനെത്തീർത്തുകൊള്ളും മഹാഭുജൻ; ൧൮
കൊൽവിൻ ചേർന്നൊത്തു, തൽപാർശ്വേ നില്ക്കും ഭൃത്യരെ വാനരർ.'
എന്നാ, യശസ്വി രക്ഷസ്സു സംപ്രേരിപ്പിച്ചുകൊണ്ടതിൽ

Digitized By Kerala Sahitya Akademi

ഇമ്പം പൂണ്ടവരായ് വാലു വീശിനാർ വാനരോത്തമർ.
മുതിത്താർ പേർത്തുമേ ചാർത്താർത്തുംകൊണ്ടു നാനാരവങ്ങളും ൨൦
കാർ കണ്ടിട്ടാൺമയിലുകൾ പോലവേ കപിപുംഗവർ.
ജാംബവാനും, തദാ സ്വനിജയൂഥപരീതനായ്
ഹനിച്ചു രാക്ഷസന്മാരെ,ക്കല്ലുപല്ലുനഖങ്ങളാൽ.
ഹനിയ്ക്കുമൃക്ഷേശനെയാക്രമിച്ചേറിയ രാക്ഷസർ ൨൨
ഭയം വെടിഞ്ഞു ചുഴലെച്ചൂഴന്നാർ, വിവിധായുധർ:
ക്രൂരമ്പു പട്ടസം യഷ്ടി തോമരം മഴുവും രണേ
വിട്ടാര,രക്കപ്പടയെത്തകർക്കും ജാംബവാൻെറ മേൽ.
കൂട്ടപ്പട മുതിത്താരക്കപിരാക്ഷസർ തങ്ങളിൽ; ൨൪
ചൊടിച്ചു ദേവാസുരർപോലുച്ചണ്ഡമൊലികൂട്ടിനാർ.
വീര്യവാനാം ഹനൂമാനുമൊരു വൃക്ഷം പറിച്ചുടൻ,
സൌമിത്രിയെത്തന്മുതുകിൽനിന്നിറക്കി മഹാശയൻ
ചൊടിച്ചേററാശരക്കേകി പരിഭ്രാക്കായിരമായിരം. ൨൬

അപ്ഘോരനോടു തിമിത്താങ്കംവെട്ടിയിട്ടിന്ദ്രജിത്തവൻ
പരവീരഘ്നസൌമിത്രിയോടു പാഞ്ഞേററു വീണ്ടുമേ.
ഉടൻ പട തുടർന്നിട്ടാ വീരലക്ഷ്മണരാക്ഷസർ
ശരൌഘം തൂകിയുംകൊണ്ടു പരിക്കേല്പിച്ചു തങ്ങളിൽ. ൨൮
ശരങ്ങളാൽപ്പലവുരു മറഞ്ഞിതു മഹാബലർ,
വർഷത്തിൽക്കാർകളാൽച്ചന്ദ്രസൂര്യർ പോലെ, തരസ്വികൾ.
എടുത്തീടൽ, തൊടുത്തീടൽ, വില്ലു മാറിപ്പിടിയ്ക്കലും,
വലിയ്ക്കല,മ്പുകൾ ശരിയ്ക്കുയ്ക്കലും, ദേവർ തിരിയ്ക്കലും, ൩൦
പിടിയ്ക്കുന്നലു,മുന്നത്തിൽക്കൊള്ളിയ്ക്കലു,മിതൊന്നുമേ
കാണപ്പെട്ടീല, പോരാട്ടമവർതൻ കരലാഘവാൽ!
വില്ലിൽനിന്നൂക്കോടേ പാഞ്ഞ ബാണൌഘംകൊണ്ടു ചുററുമേ
അന്തരിക്ഷം നിറകയാലൊ,ന്നും കാണപ്പെടാതെയായ്. ൩൨
ലക്ഷ്മണൻ രാവണിയെ നേർക്കാ,ലക്ഷ്മണനെ രാവണി,
ഏവം തമ്മിലിടഞ്ഞെല്ലേക്കയവ്യവസ്ഥ കടുത്തുപോയ്!

Digitized By Kerala Sahitya Akademi

രണ്ടാളുമവരുടക്കോടേ വിട്ട തീക്ഷ്ണശരങ്ങളാൽ
നിറയപ്പെട്ടിതു ചുഴന്നതുപോലായ് നഭസ്ഥലം. ൩൭
അവർതൻ തീക്ഷ്ണവിശിഖശതങ്ങളുടെ പാച്ചിലാൽ
ദിക്കും പ്രദിക്കും മുഴുവനമ്പുകൊണ്ടിടതൂർന്നതായ്!
ഇരുൾ മൂടിത്തുടലാം ഘോരതരമായ്ത്തീർന്നിതൊക്കയും,
സൂര്യൻ പോയസ്തമിച്ചപ്പോളിരുളാണ്ടതു പോലവേ. ൩൮
പെരുഞ്ചോരപ്പുഴകളും പാഞ്ഞിതായിരമായിരം;
ക്രുകിബ്ബീമസ്വനം കൂട്ടി ക്രൂരരാം മാംസഭോജികൾ.
വീശീല കാററപ്പോഴതിൽ;ക്കത്താതായ്ത്തീർന്നിതഗ്നിയും;
'ശുഭം വരട്ടെ ലോകങ്ങൾക്കെ'ന്നരച്ചു മഹർഷിമാർ; ൩൯
ഗന്ധർവ്വചാരണന്മാരുമങ്ങു വന്നിട്ടതിങ്ങിനാർ.
രാക്ഷസേന്ദ്രന്റെ പൊന്നുകോപ്പുള്ളാ നീലാശ്വങ്ങൾ നാലിനെ
നാലു ബാണങ്ങൾകൊണ്ടെയ്താൻ സുമിത്രയുടെ നന്ദനൻ;
ഉടനേ, വെണ്മ പൂണ്ടേററം കൂർത്ത മററൊരു ഭല്ലവും ൪൦
തികച്ചാഞ്ഞുവലിച്ചെയ്താൻ സുപുഷ്പപത്രം സുഭാസ്വരം;
മഹേന്ദ്രാശനിതുല്യത്താൽ,ത്തവരെബ്ബാണനാദിയാൽ,
അബ്ബാണാശനിയാൽ ശ്രീമാൻ കൈവേഗം പൂണ്ട രാഘവൻ
കൊയ്താനുടലിൽനിന്നു,ങ്ങു തേർ തെളിപ്പോന്റെ മസ്തകം. ൪൧
സൂതനെക്കൊല്കയാൽ,ത്തേജസ്സേറും മണ്ഡോദരീസുതൻ
താൻതന്നെ ചെയ്താൻ സാരത്ഥ്യ;-മെടുത്താൻ വില്ലു വീണ്ടുമേ.
അപ്പോരിൽവെച്ചാസ്സാമർത്ഥ്യം കാണുവോർ വിസ്മയിച്ചുപോയ്!
കയ്യുശങ്ങളിലാംനേരമെയ്തു ക്രൂരനവന്റെ മേൽ; ൪൨
വീണ്ടും വില്ലിങ്കലാംനേര,മമ്പയച്ചു ഹയങ്ങളിൽ;
അത്തക്കമോരോന്നിലുമേ, കൈവേഗം വായ്ച ലക്ഷ്മണൻ
നിർഭയം സഞ്ചരിപ്പോനെയെയ്താൻ പോരിൽശ്ശരങ്ങളാൽ.
പോരിൽസ്സാരഥി കൊല്ലപ്പെട്ടതു കണ്ടിട്ടു രാവണി ൪൩
അടർക്കരുമ്പു കൈവിട്ടാൻ, വാട്ടവും തേടിനാനവൻ.
അരക്കന്റെ മുഖത്തുള്ളവാട്ടം കണ്ടതി ഹൃഷ്ടരായ്

Digitized By Kerala Sahitya Akademi

കൊണ്ടാടീ ലക്ഷ്മണനെയാ പ്ലവഗത്തലയാളികൾ.
ഉടൻ പ്രമാഥി, രഭസൻ, ശരഭൻ, ഗന്ധമാദനൻ ൪൮
ഈ നാലുപേരമഷ്ത്താല്പൂക്ക പൂണ്ടാർ കപീശ്വരർ:
ആ വീൎയ്യമേറും കപികൾ ഭീമവിക്രമരഞ്ജസാ
അവൻെറ യുത്തമാശ്വങ്ങൾ നാലിലും ചാടിയേറിനാർ.
കുന്നിന്നൊത്ത കുരങ്ങന്മാരവർ കേറിയിരിയ്ക്കയാൽ, ൫൦
ആ വാജികൾക്ക ചെഞ്ചോരയൊഴുകീ വായിൽനിന്നുടൻ;
ചതഞ്ഞരഞ്ഞാ ഹരികൾ ചത്തു മന്നിൽപ്പതിച്ചുപോയ്!
ഹയങ്ങളെക്കൊന്നാ,യാൾതൻ പെരുംതേരുമുടച്ചവർ
ഉൗക്കോടു തിരിയേ ചാടി നിന്നാർ സൌമിത്രിസന്നിധൌ. ൫൨
ഹതാശ്വസൂതമാം തേരിൽനിന്നുടൻ ചാടിയിട്ടവൻ
ശരം വൎഷിച്ചു പാഞ്ഞേററു സൌമിത്രിയൊടു രാവണി.

സദശ്വഘാതേന പദാതിയായ് മഹാ-
ശിതാസ്ത്രഗം ത്തുകമയാളെ യേററവും
പിളൎത്തുകൊണ്ടാനടരിൽശ്ശരങ്ങളാൽ,-
സ്സുരാധിരാജോപമനായ ലക്ഷ്മണൻ. ൫൪

—* *—

## തൊണ്ണൂറെറാന്നാം സർഗ്ഗം: ഇന്ദ്രജിദ്വധം.

—*—

അശ്വങ്ങൾ ചാകയാൽ മന്നിൽ നിന്ന തേജസ്വി രാക്ഷസൻ
ഇന്ദ്രജിത്തരിശം മൂത്തു തേജസ്സാൎക്കത്തിയാളിനാൻ.
ആ വില്ലാളികൾ കൊൽവാനായ്പ്പാരമമ്പെയ്തു തങ്ങളിൽ
പാഞ്ഞേററാർ വെല്ലുവാൻ, കാട്ടിലിരുദന്തീന്ദ്രർ പോലവേ. ൨
തങ്ങളിൽ പ്രമഥിച്ചുംകൊണ്ടാ വാനരനിശാടരും
പോരിങ്കൽ സ്വാമിയെ വിടാതങ്ങങ്ങു വിചരിയ്ക്കയായ്.
പില്പാടാ, രാക്ഷസക്കെല്ലാമൊരിമ്പമുളവാംവിധം
പ്രശംസിച്ചും പ്രഹൎഷിച്ചും കഥിച്ചാൻ രാവണാത്മജൻ:- ൪

Digitized By Kerala Sahitya Akademi

'ഇതാ ക്രൂരികളിൽപ്പുഴ്ന്നു ദിക്കെല്ലാം രാക്ഷസസത്തരേ;
തന്നാളെയും പരനെയുമിങ്ങു കണ്ടറിയാതെയായ്.
പോർ ചെയ്യിൻ, കീടാരറിയാതിരിപ്പാൻ, നിങ്ങൾ നിർഭയം:
ഞാനോ, രഥത്തിൽക്കയറി വന്നീടാം വാനരാഗ്രരേ; ൬
പുരിയിൽപ്പോകമെന്നോടിക്കൂററന്മാരാം കുരങ്ങുകൾ
അടക്കട്ടെത്തുക്കൂടൊല്ലാ; ചെയ്യിൻ നിങ്ങളതിൻവിധം'
എന്നോതി വാനരന്മാരെ വഞ്ചിച്ചാ രാവണാത്മജൻ
ലംകാനഗരിയുൾപ്പുക്കാൻ തേരിന്നായ് വൈരിഘാതുകൻ. ൮
എന്നിട്ടോ,രൊളിമിന്നും പൊന്നണിത്തേരണിയിച്ചതിൽ,
നല്ല വാജികളെപ്പൂട്ടി, വാൾകുന്തങ്ങൾ നിറച്ചതിൽ,
വേണ്ടതോതിക്കൊടുക്കുന്നൊരശ്വജ്ഞൻ സൂതനുള്ളതിൽ
കേറിനാനതിതേജസ്വി, പോരിൽ വെല്ലുന്ന രാവണി. ൧൦
മുഖ്യരക്ഷോഗണം ചൂഴെച്ചേർന്നാ മണ്ഡോദരീസുതൻ
പുറപ്പെട്ടു പുരിയിൽനിന്നാശു, കാലബലേരിതൻ.
പുരത്തിൽനിന്ന പോന്നിന്ദ്രജിത്തശ്ശീഘ്രഹയങ്ങളാൽ
സവിഭീഷണസൌമിത്രിയോടു നേർത്താൻ മഹൌജസാ. ൧൨
രാവണാത്മജനെത്തേരിൽ വാഴ്ന്നതായ്ക്കണ്ടു ലക്ഷ്മണൻ,
വീര്യമേറും കപികളും, വിഭീഷണനരക്കനും
അബ്ബുദ്ധിമാന്റെ വേഗത്താലത്ഭുതപ്പെട്ടിതേററവും!
രാവണാത്മജനോ, കോപിച്ചടരിൽക്കപിമുഖ്യരെ ൧൪
നൂറുമായിരവുംവീതം വീഴിച്ചു വിശിഖങ്ങളാൽ.
വട്ടംവളച്ച വിൽകൊണ്ടാ,പ്പോരിൽ വെല്ലുന്ന രാവണി
ചൊടിച്ചെയ്തു കപികളെപ്പേരുതാം ലാഘവത്തോടേ.
നാരാചഘാതമേല്ക്കുന്നാഘോരവിക്രമർ വാനരർ ൧൬
ആശ്രയിച്ചു ലക്ഷ്മണനെ, ലോകർ ധാതാവെയാംവിധം.
ഉടനേ, യുദ്ധകോപത്താൽ ജ്വലിച്ചു രഘുനന്ദനൻ
അവന്റെ വില്ലു ഖണ്ഡിച്ചാൻ. കൈവേഗം വെളിവാംവിധം.
അവൻ മററൊരു വില്ലേന്തിക്കലേയററി പൊടുന്നനെ; ൧൮

Digitized By Kerala Sahitya Akademi

അതും മൂന്നു ശരംകൊണ്ടു മുറിച്ചു രഘുനന്ദനൻ;
എന്നിട്ടു, വിൽ മുറിക്കപ്പെട്ടാ രാവണിയെ ലക്ഷ്മണൻ
ആശീവിഷവിഷംപോലുള്ളഞ്ചമ്പാലെയ്തു നെഞ്ചിലായ്.
ആ വൻവിൽ വിട്ട ബാണങ്ങളവൻതൻ മൈ പിളർത്തുടൻ ൨൦
മന്നിൽപ്പതിച്ചു, ചെരിയ തുട്ടപാമ്പുകൾ പോലവേ.
വിൽ മുറിഞ്ഞു, ഗിരം കന്നുകൊണ്ടാ രാവണനന്ദനൻ
വങ്കെല്പും ഞാണുറപ്പും ചേർന്നൊരു നൽച്ചാപമന്തിനാൻ;
മികച്ച കൈവേഗമൊടേ സൌമിത്രിയുടെനേർക്കവൻ ൨൨
ചൊരിഞ്ഞാൻ ശരവർഷങ്ങളിന്ദ്രൻ മഴകൾ പോലവേ.
എന്നാലിന്ദ്രാരി പാപ്പെയ്ത ദുർദ്ധർഷശരവൃഷ്ടിയെ
തട്ടത്താനിടർ തേടാതെ ലക്ഷ്മണൻ, ശത്രുമർദ്ദനൻ;
രാവണിക്കിടർ തേടാതെ തേജസ്വി രഘുനന്ദനൻ ൨൪
കാട്ടിക്കൊടുത്താൻ പുണയു;-മതൊരത്ഭുതഹേതുവായ്!
പിന്നെല്ലാരാക്ഷസരെയു,മോരോരുത്തനെ മൂന്നിനാൽ
പൊരുത്തരിശമോടെയ്താൻ; ശീഘ്രാസ്ത്രം യുധി കാട്ടിനാൻ;
രാക്ഷസേന്ദ്രാത്മജനെയുമാടെത്തെയ്തു സായകങ്ങളാൽ. ൨൬
കരുത്തൻ വൈരി വൈരിഘ്നനതിയായെയ്തേററവൻ
ഒട്ടേറെയമ്പിടവിടാതയച്ചു ലക്ഷ്മണങ്കലും.
അതെത്തുംമുമ്പു ക്ഷുരമ്പാൽ മുറിച്ചു രഘുനന്ദനൻ;
ആ രഥിക്കുള്ള സൂതന്റെ തലയും രഥിസത്തമൻ ൨൮
മൊട്ടഴിഞ്ഞൊരു ഭല്ലത്താൽക്കൊയ്തു പോരിൽസ്സുധാർമ്മികൻ.
സൂതനില്ലാതെയും, വട്ടംവെച്ചോടിത്തേർ നടത്തിനാർ
ചുണയോടത്തുരംഗങ്ങള ;-തൊരത്ഭുതഹേതുവായ്!
അമർഷവശനായ്പ്പോരിൽസ്സൌമിത്രി ദൃഢവിക്രമൻ ൩൦
ആ വാജികളെ ഞെട്ടിച്ചുകൊണ്ടാഞ്ഞെയ്താൻ ശരങ്ങളാൽ.
അച്ചെയ്തതു സഹിക്കാതെ, ബലവാൻ രാവണാത്മജൻ
അമർഷിയാം ലക്ഷ്മണനെയെയ്താൻ പത്തു ശരങ്ങളാൽ;
വജ്രതുല്യങ്ങളായുള്ളാപ്പാമ്പിൻനഞ്ഞൊത്തൊരമ്പുകൾ ൩൨

Digitized By Kerala Sahitya Akademi

അവന്റെ പൊന്നൊളിച്ചട്ടതന്മേൽത്തട്ടിപ്പൊട്ടിഞ്ഞുപോയ്.
കീറാ സൌമിത്രിതൻ ചട്ടയെന്നറിഞ്ഞിട്ട രാവണി
സൌമിത്രിയുടെ നെററിയ്ക്കായ് മൂന്നു നൽക്കടെയമ്പുകൾ
വായ്ക്കും ക്രോധത്തൊടാഞ്ഞെയ്താൻ; ശീഘ്രാസ്ത്രവിധി കാട്ടിനാൻ!
നെററിമേലക്കണകളാൽശ്ശോഭിച്ചു രഘുനന്ദനൻ
യുദ്ധശ്ലാഘി, രണാഗ്രത്തിൽ, ത്രികൂടഗിരി പോലവേ.
അരക്കനമ്മട്ടമ്പെയ്തു വമ്പൊരിലഴൽ പെയ്കിലും,
അശ്ശക്രജിത്തിനെയുമഞ്ചാഞ്ചെയ്താനാശു ലക്ഷ്മണൻ, ൯൩
കുണ്ഡലം മിന്നിന മുഖത്തായിട്ടഞ്ചു ശരങ്ങളാൽ.
കരുത്തേറിയ വില്ലോടെ വീരരിന്ദ്രാരിലക്ഷ്മണർ
വിശിഖാസ്ത്രങ്ങളാൽത്തമ്മിലാഞ്ഞെയ്തു ഭീമവിക്രമർ.
നിണം പുരണ്ട മെയ്യോടാ വീരരിന്ദ്രാരിലക്ഷ്മണർ ൯൪
പോരിൽശ്ശോഭിച്ചു രണ്ടാളും, പൂപ്പിലാശ്ശുകൾ പോലവേ.
തമ്മിൽച്ചെറുത്താ വൻവില്ലരിരുപേരും ജയാശയാ
ഘോരബാണങ്ങൾകൊണ്ടെയ്തു സർവാംഗങ്ങളിലും സമം.
  പിന്നെ,പ്പോരിങ്കലരിശംകൊണ്ട രാവണനന്ദനൻ ൯൫
വിഭീഷണനെ മൂന്നമ്പാലെയ്തു രമ്യാനനത്തിലായ്.
വിഭീഷണാശരേന്ദ്രങ്കൽ മൂന്നിരിമ്പമ്പയച്ചുടൻ
ഓരോന്നാഞ്ഞെയ്തിത,ക്കീശയൂഥപന്മാരിലൊക്കയും.
അതിൽ പ്രകോപം പെരുകി,ത്തേജസ്സേറും വിഭീഷണൻ ൯൬
ഗദയാൽക്കൊന്നു, ദുഷ്ടനുമിന്ദ്രജിത്തിൻ ഹയങ്ങളെ.
ഹതാശ്വമാം തേരിൽനിന്നുടൻ ചാടിയിട്ടവൻ
തേർവേലയച്ചാനപ്ഫൻറമ്മനക്ക്, തേജസ്സു കൂടിയോൻ.
അതു വരുന്നല്പതായ്ക്കണ്ടു, സുമിത്രാനന്ദവർദ്ധനൻ ൯൭
മുറിച്ചു കൂരമ്പുകളാൽ;-പ്പത്തായ് വീണിതതൂഴിയിൽ.
ഹതാശ്വനാമവനുടെ മാറത്തെയ്തു വിഭീഷണൻ,
അഞ്ചു വജ്രാഭബാണങ്ങൾ, ചൊടിച്ചു ദൃഢകാർമുകൻ;
കുറിയ്ക്കുകൊണ്ടു,വൻതൻ മെയ് പിളർത്തു, സ്വർണ്ണപുംഖികൾ ൯൮



Digitized By Kerala Sahitya Akademi

നിണം പുരണ്ടു, പെരിയ തുടപാമ്പുകൾ പോലെയായ്.
അപ്പ്ഫനോടു ചൊടിച്ചിന്ദ്രജിത്തെടുത്താനൊരാശ്ശുഗം,
രക്ഷോമധ്യത്തിൽവെച്ചഗ്ര്യം, യമദത്തം, മഹാബലൻ.
അവൻ തൊടുത്ത വമ്പുള്ളാശ്ശരം കണ്ടു, മഹാദ്യുതി ൪൮
സൌമിത്രിയുമെടുത്താൻ മററൊരസ്ത്രം ഭീമവിക്രമൻ:
ദത്തം കിനാവിങ്കൽ മഹാത്മാവാം ധനദനാൽ സ്വയം,
സേന്ദ്രദേവാസുരന്മാൎക്കും ദുർജ്ജയ,മത്തു ദുസ്സഹം.
അവർതൻ നല്ല ചാപങ്ങൾ, പരിഘം തോററ കൈകളാൽ ൫൦
'കെല്ലിലാഞ്ഞുവലിയ്ക്കുമ്പോൾ ക്രുകി, ക്രൌഞ്ചങ്ങൾ പോലവേ.
ആ വീരർ പള്ളിവില്ലിന്മേൽത്തൊടുത്താഞ്ഞുവലിയ്ക്കവേ,
ആ മികച്ച ശരം രണ്ടുമുജ്ജ്വലിച്ചിതു കാന്തിയാൽ.
വിൽ വിട്ടു പാഞ്ഞബ്ബാണങ്ങൾ വാനം മിന്നിച്ചുകൊണ്ടുടൻ മു-
മുനയാൽ മുനമേലാരു ക്രൂട്ടിമുട്ടി കരുത്തോടേ.
ആശുഘോരശ്രബാണങ്ങൾ തങ്ങളിൽക്കൂട്ടിമുട്ടവേ,
കൊടുംതീയതിൽനിന്നുണ്ടായ്, പുകഞ്ഞും പൊരി പാറിയും.
പെരുംഗ്രഹങ്ങളെപ്പോലെ തമ്മിൽക്കൂട്ടിയടിച്ചവ ൫൪
പോരിങ്കൽ നൂറുനൂറായിപ്പാറിപ്പാരിൽപ്പതിച്ചുപോയ്!
പോർമുന്നിലശ്ശരംരണ്ടും പോക്കപ്പെട്ടതു കാൺകയാൽ
നാണവും ശുണ്ഠിയും പൂണ്ടാരിന്ദ്രജിദ്രാമസോദരർ.
വാശി പൂണ്ടഥ സൌമിത്രി വാരുണാസ്ത്രത്തെയേന്തിനാൻ;
രൌദ്രമെയ്താനുടൻ പോരിലിന്ദ്രജിത്താഹവസ്ഥിരൻ;
ആ വാരുണാസ്ത്രമതിനാൽപ്പോക്കപ്പെട്ടു മഹാത്ഭുതം.
പിന്നെച്ചൊടിച്ചു തേജസ്വിയിന്ദ്രജിത്തമർവെല്ലുവോൻ
തൊടുത്താൻ കത്തുമാഗ്നേയം, പാർ മുടിപ്പതിനാംവിധം; ൫൮
വീരനാം ലക്ഷ്മണനതു സൌരാസ്ത്രംകൊണ്ടു നിർത്തിനാൻ.
അസ്ത്രത്തെ നിൎത്തിയതു കണ്ടരിശം മൂത്ത രാവണി
ഘോരമാസുരമാമസ്ത്രമേന്തി, രിപുവധത്തിനായ്:
വില്ലിൽനിന്നുടനേ ചാടി വിളങ്ങും കൂടമുൾത്തടി, ൬൦

Digitized By Kerala Sahitya Akademi

മുസൃണ്ഠി, ശൂലമിവയും, ഗദവാൾവെണ്മഴുക്കളും;
ആസുരാസ്ത്രമതുച്ചണ്ഡമടരിൽക്കണ്ടു ലക്ഷ്മണൻ
ആക്കം തടുത്തുകൂടാത്തൊന്നു,ശേഷായുധദാരണം,
മാഹേശ്വരംകൊണ്ടു തടുത്തീടിനാനതു കാന്തിമാൻ. ൫൭
അത്ഭുതം, കോൾമയിർക്കൊള്ളിപ്പോന്നായിതവർതൻരണം;
ചുഴന്നിതാ ലക്ഷ്മണനെ, വാനിൽ മേവുന്ന ദേവകൾ.
കീശാശരക്കൊട്ടുംപോരു ഘോരാരാവം നടക്കവേ,
സാശ്ചര്യാനേകഭൂതങ്ങൾ തിങ്ങിശ്ശോഭിച്ചിതംബരം. ൫൮
ദേവർഷിപിതൃഗന്ധർവഗരുഡോരഗരാഹവേ
പുരന്ദരനെ മുൻനിർത്തി രക്ഷിച്ചു രഘുപുത്രനെ.
  മികച്ച മറെറാരു ശരം തൊടുത്തു പിന്നെ ലക്ഷ്മണൻ
തൊട്ടാൽത്തീയെന്നു തോന്നിപ്പൊന്നി,ന്ദ്രജിദ്ദാരണത്തിനായ്: ൫൯
ഉരുണ്ടു, നൽച്ചിറകുമായ്, നന്മൊട്ടൊത്ത,ഴകാർന്നതായ്,
പൊങ്കൊത്തുപണി ചെയ്തുള്ളൊന്നു,ഗാത്രനാശനമഗ്ര്യം;
ദുസ്സഹം, നിർത്തവല്ലാത്തൊന്നു,രക്കർക്കു ഭയാവഹം,
പാമ്പിൻവിഷം പോലുള്ളൊന്നു, ദേവവൃന്ദാഭിപൂജിതം; ൫൯
പണ്ടു ദേവാസുരരണേ, ഹര്യശ്വൻ വീര്യവൻ പ്രഭു
തേജസ്വി ശക്രനിതിനാലത്രേ വെന്നതു ദൈത്യരെ;
പോർകളിൽത്തോൽവിപിണയാത്തൈന്ദ്രാസ്ത്രമതു ലക്ഷ്മണൻ,
ശ്രേഷ്ഠം ശരം ശ്രേഷ്ഠനരൻ തൊടുത്തു ശ്രേഷ്ഠവില്ലുമേൽ; ൬൦
തൊടുത്താഞ്ഞുവലിച്ചാനാ ഞാൺ മുറുക്കിയ കാർമ്മുകം,
ദുർദ്ധർഷം, ശത്രുമഥനം, കല്പാന്തേ കാലനാം വിധം.
ശ്രേഷ്ഠവില്ലിൽത്തൊടുത്താഞ്ഞുവലിച്ചുംകൊണ്ടിതോതിനാൻ,
തൻകാര്യസിദ്ധിയ്ക്കായിട്ടു, ലക്ഷ്മീവാനായ ലക്ഷ്മണൻ:- ൬൧
'സത്യസന്ധനും, ധാർമ്മികനും, രാമൻ ദശരഥാത്മജൻ
പൌരുഷാഗ്ര്യനു ണെങ്കിൽ,ക്കൊല്ലുകമ്പേ, മേഘനാദനെ!'
എന്നോതി,യുള്ളിൽ പോം ബാണം ചെവിയോളം വലിച്ചുടൻ
പൊരിക്കലിന്ദ്രജിത്തിൻനേർക്കയച്ചു വീരാരിസൂദനൻ ൬൨

Digitized By Kerala Sahitya Akademi

ഐന്ദ്രാസ്ത്രത്തോടു ചേർത്തിട്ടു ലക്ഷ്മീവാൻ വീരലക്ഷ്മണൻ.
അതു,തൊപ്പിയണിശ്ശ്രീമച്ഛിരസ്സജ്ജ്വലകുണ്ഡലം
കൊയ്തു,ന്ദ്രജിത്തിൻദേഹത്തിൽനിന്നു വീഴിച്ചിതുഴിയിൽ!
അരക്കനെണ്ണിയുടെയാത്തോൾ മുറിഞ്ഞ പെരുംതല ൬൮
തങ്കപ്പൊന്നിറമായ്ക്കാണായ് ചെന്നിണം വാർന്നു ഭൂമിയിൽ.
കൊല്ലപ്പെട്ടിട്ടു പാർത്തട്ടിൽ വീണുപോയ് രാവണാത്മജൻ,
ചട്ടയും തൊപ്പിയും വില്ലുമെല്ലാം ദൂരെത്തെറിച്ചുടൻ.
ഇമ്പമോടാർത്തിതക്കീശരേവരും സവിഭീഷണർ, ൬൯
വാനോർ വൃത്രവധത്തിൽപ്പോല,വന്നു കൊല പെട്ടതിൽ.
വൻഘോഷമുളവായ് വാനില,മരന്മാർ, മഹർഷിമാർ,
ഗന്ധർവ,പ്സരസ്ത്രീകളെന്നിവർക്കിടയിൽത്തദാ.
അവൻ വീണതറിഞ്ഞിട്ടാപ്പെരുതാം രാക്ഷസപ്പട ൭൦
ദിക്കെങ്ങും പുക്കിതു, ജയോല്ലാസികീശർ വധിയ്ക്കവേ.
കീശർ മട്ടിയ്ക്കവേ, ശസ്ത്രം കൈവെടിഞ്ഞാ നിശാചരർ
തൻേറടമെന്നിയേ പാഞ്ഞുപോയീ ലങ്കയിലെയ്ക്കുതാൻ.
പേടിച്ചു പലപാടോടി കൂട്ടമിട്ടെങ്ങുമാശരർ, ൭൧
വാൾപട്ടസംവെണ്മഴവാം ശസ്ത്രം കൈവിട്ടു സർവരും.
ഭയേന ലങ്കയുൾപ്പൂകി ചിലർ വാനരപീഡിതർ;
ചിലരോ കടലിൽച്ചാടി; ചിലർ പർവതമേറിനാർ.
ഇന്ദ്രജിത്തു കൊലപ്പെട്ടു പോർനിലത്തു കിടക്കവേ, ൭൨
കണ്ടതില്ലങ്ങു,സംഖ്യപേരരക്കരിലൊരാളെയും!
സൂര്യൻ മറഞ്ഞാലംശുക്കൾ നില്ക്കാത്തതു കണക്കിനേ,
അവൻ വീണപ്പൊഴാ നക്തഞ്ചരർ ദിക്കുകൾ പൂകിനാർ.
കതിർ വിട്ടർക്കനെപ്പോലേ, കെട്ട ചെന്തീയ്യു പോലെയും ൭൩
ചമഞ്ഞുപോയ് ചത്തുമലച്ചു,തിതേജസ്വിയാമവൻ.
വളർന്നിരുന്ന വല്ലന്തി വിട്ടതായ്,ശ്ശത്രുവാററതായ്
ഹൃഷ്ടമായ് ലോക,മന്നിന്ദ്രജിത്തു വീണദശാന്തരേ.
ഭഗവാനിന്ദ്രനും സർവദേവർഷിമാരൊടൊപ്പമേ ൭൪

Digitized By Kerala Sahitya Akademi

രസിച്ചു, പാപകർമ്മാവാമാ രക്ഷസ്സിൻ വധത്തിനാൽ:
കേൾക്കായ് വാനത്തമരർതൻ പെരുമ്പറയടിസ്വനം;
അപ്സരോയുക്തർ പെരിയ ഗന്ധർവ്വർ നടമാടിനാർ;
പൊഴിച്ചാർ പൂമഴകളു;-മതൊരദ്ഭുതഹേതുവായ്! ൻ൦
പുകഴ്ത്തിനാർ നിഷ്ഠുരനാമരക്കനെ വധിച്ചതിൽ;
തെളിഞ്ഞു നീർ ദിക്കുകളും; രസിച്ചു ദൈത്യദാനവർ.
വന്നാർ, സർവ്വജഗദ്ഭീതികൃത്തവൻ വീണവേളയിൽ;
ചേർന്നൊത്തു ചൊല്ലുകയുംചെയ്താർ ദേവഗന്ധർവ്വദാനവർ:- ൻ൨
'ഉൾച്ചൂടുമല്ലലും വിട്ടു സഞ്ചരിയ്ക്കട്ടെയന്തണർ!'
സാഹ്ലാദമഭിനന്ദിച്ചു, പടയിൽക്കപിപുംഗവർ,
നിസ്തുല്യബലനാം രക്ഷസ്സിംഹനെക്കൊലചെയ്തതിൽ.
വിഭീഷണൻ, ഹനുമാനും, ജാംബവാനൃക്ഷനാഥനും ൻ൩
ജയത്താലഭിനന്ദിച്ചു വാഴ്ത്തി ലക്ഷ്മണനെത്തുലോം.
ആർപ്പിട്ടുമങ്ങലറിയും ചാടിയും രഘുപുത്രനെ
ചുഴന്നരികിലായ് നിന്നാർ, തക്കം കിട്ടിയ വാനരർ.
വാലിട്ടു വീശിയും കൈകൾ കൊട്ടിയും വിപിനാലയർ ൻ൪
'ലക്ഷ്മണൻ വിജയിയ്ക്കുന്നു'വെന്ന ഘോഷം മുഴക്കിനാർ.
തമ്മിൽക്കെട്ടിപ്പുണർന്നിട്ടങ്ങിമ്പമുൾക്കൊണ്ട വാനരർ
ചൊല്ലീ,രാഘവനെപ്പററി നാനാസദ്ഗുണവാർത്തകൾ.

ഹരിരിപുവെ വധിച്ചതായ് ശ്രവിച്ചി-
ട്ടവിരളമുൾക്കളിരാണ്ട വാനവന്മാർ,
യുധി വരസഖനായ ലക്ഷ്മണൻത-
ന്നസുകരമത്തൊഴിൽ കണ്ടു വിസ്മയിച്ചാർ. ൻ൫

—*—

## തൊണ്ണൂററിരണ്ടാം സർഗ്ഗം : ലക്ഷ്മണശ്ലാഘനം.

—*—

**ചോരയാൽ മെയ്നനഞ്ഞുള്ള ലക്ഷ്മണൻ ശുഭലക്ഷണൻ**
**അശ്ശക്രജിത്തിനെപ്പോരിൽക്കൊന്നിട്ടുൾക്കളിർ തേടിനാൻ.**

Digitized By Kerala Sahitya Akademi

പിന്നീടാ വീര്യവാൻ ജാംബവാനെയും ഹനുമാനെയും
അക്കീശരെയുമെല്ലാമേ കൂട്ടി,ത്തേജസ്സു കൂടിയോൻ ൨
അങ്ങുനിന്നാശു പോന്നെത്തീ രാമസുഗ്രീവസന്നിധൌ.
വിഭീഷണഹനുമാന്മാർ പിടിച്ചീടിന ലക്ഷ്മണൻ
രാമന്റെ തിരുമുമ്പിൽച്ചെന്നഭിവന്ദിച്ചു ലക്ഷ്മണൻ
ജ്യേഷ്ഠന്റെയരികേ നിന്നാൻ, വിഷ്ണുവിന്ദ്രങ്കലാംവിധം. ൪
ചെന്നിട്ടു വീരൻ കൊടുതാമിന്ദ്രജിത്തിൻവധത്തെയും
ഞെരങ്ങിക്കൊണ്ടു കേൾപ്പിച്ചാൻ മഹാത്മാവായ രാമനെ;
ഇന്ദ്രജിത്തിൻ തല മഹാത്മാവാം സൌമിത്രി കൊയ്തതോ,
ആഹ്ലാദമോടുണർത്തിച്ചാൻ കാകുത്സ്ഥങ്കൽ വിഭീഷണൻ. ൬
സൌമിത്രികൃതമിന്ദ്രാരിവധം കേട്ടതൊടൊപ്പമേ
നിസ്തുല്യഹർഷമാർന്നേവം ചൊല്ലീ രാമൻ സുവീര്യവാൻ:-
'കൊള്ളാം ലക്ഷ്മണ; തോഷിച്ചേൻ, ചെയ്തുപെട്ടു സുദുഷ്കരം;
ജയിച്ചു, രാവണിയുടെ നാശത്താലെന്നറിയ്ക്ക നീ!' ൮
ചൊല്ലേവമാ ലക്ഷ്മണനെശ്ശിരസ്സിങ്കൽ മുകന്നവൻ,
ലജ്ജിപ്പോനെപ്പിടിച്ചങ്കമേററി സ്നേഹേന വീര്യവാൻ
മടിത്തട്ടിലിരുത്തിച്ചേർത്തമർത്തു തഴുകീടിനാൻ;
ത്തുക്കണ്ണോർത്തീടിനാൻ പേർത്തും പേർത്തും ക്രൂരററ തമ്പിയെ. ൧൦
പോരിൻപരിക്കാൽ നോവാന്നു നിശ്വസിയ്ക്കുന്ന തമ്പിയെ,
ദുഃഖസന്തപ്തനായ്പ്പാരം നെടുവീർപ്പിട്ടു രാഘവൻ
വീണ്ടും മൂർദ്ധ്നി മുകന്നിട്ടു വെമ്പലോടേ തലോടിനാൻ.
ആശ്വസിപ്പിച്ചു സൌമിത്രിയോടു ചൊന്നാൻ നരർഷഭൻ:- ൧൨
"സാധിച്ചു ദുഷ്കരക്കയ്യാൽ നീ തികച്ചും സുമംഗളം:
ഹതനായ് രാവണൻ നൂനം,മിന്നു പുത്രവധാൽ യുധി!
ഇന്നു ഞാൻ വിജയം കൊണ്ടേനദ്ദുഷ്ടരിപുവിൻ വധാൽ:
ഭാഗ്യം, വീര, ദുരാത്മാവാം രാവണന്റെ വലത്തുകൈ ൧൪
വെട്ടിക്കളഞ്ഞു നീ;-യായാൾക്കിവനല്ലോ മഹാശ്രയം!
വിഭീഷണ[illegible]മവർ ചെയ്തു പോരിങ്കൽ വൻതൊഴിൽ.

Digitized By Kerala Sahitya Akademi

മൂന്നനാൾകൊണ്ടൊരുവിധം വീഴ്ത്തിയല്ലോ പ്രവീരനെ!
നിശ്ശത്രുവായ്പ്പോയ് ഞാനി;-ന്നിങ്ങെത്തുമല്ലോ ദശാനനൻ,
പെരുംപടക്കൂട്ടൊട്ടമേ, മകൻ വീണതു കേൾക്കയാൽ;
മകന്റെ കൊലയാലുൾ പൊട്ടത്തുമാ രാക്ഷസാധമനെ
വധിയ്ക്കുവൻ ദുഷ്ടമനെ, വൻബലത്താൽച്ചെറുത്തു ഞാൻ;
ഇന്ന ദുഷ്ടാപായല്ലാതായ് മമ സീതയുമുഴിയും, ൧൮
സൌമിത്രേ, നാഥനാം നിന്നാലിന്ദ്രാരി ഹതനാകയാൽ!"
ആശ്വസിപ്പിച്ചനുജനെപ്പുണർന്നു, രഘുനന്ദനൻ
രാമൻ സുഷേണനെ വിളിച്ചാമോദമൊടിതോതിനാൻ:-
'പരിക്കേററവനീ മിത്രപ്രിയൻ സൌമിത്രി സന്മതേ; ൨൦
തികച്ചും സ്വാസ്ഥ്യമടയുംവണ്ണം ചെയ്ക ചികിത്സ നീ.
പരിക്ക മാററുക വിഭീഷണസൌമിത്രിമാർക്കുടൻ;
മരത്താൽപ്പൊരുതും ശൂരവാനരർക്ഷബലങ്ങളിൽ
പോർചെയ്തോർ മററുമുണ്ടല്ലോ പരിക്കമുറി പെട്ടവർ, ൨൨
അവർക്കെല്ലാം യത്നേന വരുത്തുക സുഖം ഭവാൻ.'
രാമനേവം പറഞ്ഞാറേ സുഷേണൻ ഹരിയൂഥപൻ
നസ്യമായ്, ലക്ഷ്മണനേകീ മഹാനൊരു മഹൌഷധം.
അതിൻഗന്ധം മണത്തപ്പോൾപ്പരിക്കവെന്ന ശാന്തമായ്; ൨൪
നിലച്ചു വേദന; നികന്നണങ്ങിപ്പോയ് വ്രണങ്ങളും!
വിഭീഷണാദ്യരാം തോഴന്മാർക്കും രാഘവശാസനാൽ
സർവ്വവാനരമുഖ്യർക്കുമവൻ ചെയ്തു ചികിത്സയെ.
പരിക്ക നീങ്ങി, നോവെല്ലാം ശമിച്ചു,ൾച്ചൂടകന്നുപോയ്, ൨൬
ക്ഷണേന മുന്നിലയിലായ് മോദിച്ചാനങ്ങ ലക്ഷ്മണൻ.

സസൈന്യനാം രാമനുമർക്കപീന്ദ്രനും
വിഭീഷണൻ ജാംബവദൃക്ഷനാഥനും
പ്രഹൃഷ്ടരായ്, ലക്ഷ്മണനങ്ങരോഗനായ്-
ത്തെളിഞ്ഞെഴുന്നേററതു കാണ്കയാൽച്ചിരം.

Digitized By Kerala Sahitya Akademi

സുദുഷ്കരം ലക്ഷ്മണകൎമ്മമേറെ-
പ്പുകഴ്ത്തിനാനാ മികവുററ രാമൻ;
മഹേന്ദ്രജിത്തിൻ നിധനം ശ്രവിച്ചി-
ട്ടാഹ്ലാദമാൎന്നു യുധി യൂഥപേന്ദ്രർ. ൫൪

—:*:—

തൊണ്ണൂററിമൂന്നാം സൎഗ്ഗം; സീതാവധനിവാരണം.

—:*:—

പൌലസ്ത്യന്റെയമാത്യന്മാർ കേട്ടു,മഞ്ഞിന്ദ്രജിദ്വധം
കണ്ടറിഞ്ഞും, വിഷാദം പൂണ്ടറിയിച്ചാർ ദശാസ്യനെ:-
'കൊന്നാൻ മഹാരാജ, മഹാദ്യുതിയാം നിൻകുമാരനെ
രണേ വിഭീഷണസഖൻ ലക്ഷ്മണൻ, ഞങ്ങൾ കാണ്കെവേ: ൨
ശൂരൻ ശൂരനോടേററിട്ടു പോൎകളിൽത്തോററിടാത്തവൻ,
ശൂരൻ ലക്ഷ്മണനാൽക്കൊല്ലപ്പെട്ടാനിന്ദ്രാരി നിന്മകൻ;
പുക്കാൻ സല്ലോകമമ്പാലേ ലക്ഷ്മണന്നാൎത്തി ചേൎത്തവൻ!'
യുദ്ധത്തിലുണ്ണിയാമിന്ദ്രജിത്തിൻ ദാരുണമാം വധം,
ഘോരം ഭയങ്കരം കേട്ടു ബോധം വിട്ടാനവൻ തുലോം.
ചിരാലുണൎന്നിട്ടരചൻ വിലപിച്ചാൻ വിഹ്വലനായ്,
പുത്രശോകപ്രമഥിതേന്ദ്രിയനായ് രാക്ഷസൎഷഭൻ:-
"അയ്യോ, രാക്ഷസസേനേശ, എന്റെയുണ്ണീ, മഹാരഥ! ൩
എമ്മട്ടിന്ദ്രനെ വെന്നി,ന്നു ലക്ഷ്മണന്നടിപെട്ടു നീ?
അമ്പാൽപ്പിളൎത്തുമല്ലോ നീ കാലാന്തകരെയും രുഷാ,
മന്ദരാഗ്രങ്ങളും; പോരിലീ ലക്ഷ്മണനെയെന്തിനി!
ഇന്നു വൈവസ്വതൻ രാജാവെത്രയും മാന്യനായി മേ: ൪
അവൻ മൃതിപിണച്ചല്ലോ നിനക്കിന്നു മഹാഭുജ!
ഇതേ വഴി സുയോധൎക്കു സൎവ്വാമരഗണത്തിലും:
സ്വാമിയ്ക്കായിക്കൊലപ്പെട്ടാലപ്പുമാൻ വിണ്ണണഞ്ഞിടും!
ഇന്നു വാനവർ, ദിക്പാലർ മഹൎഷികളുമേവരും ൫

Digitized By Kerala Sahitya Akademi

ഇന്ദ്രജിത്തിൻവധം കേട്ടിട്ടുറങ്ങാം നിർഭയം സുഖം!
ഇന്നു മൂന്നുലകം, കാട്ടു ക്കുട്ടമുഴിയുമൊക്കെയും,
ഇന്ദ്രജിത്തൊരുവൻ വിട്ടുപോകയാൽശ്ശൂന്യമായി മേ!
ഇന്നു ഞാൻ കേട്ടിട്ടു,മകത്താക്കപ്പെട്ടൊരിടവൊലി, ൧൨
ഗിരിതൻ ഗുഹയിൽപ്പെണ്ണാനകൾതന്നൊച്ച പോലവേ!
ഇളമസ്ഥാന,മിലങ്കാ, രാക്ഷസന്മാർ, പരന്തപ,
അമ്മ, ഞാൻ, ഭാര്യ,യെന്നെല്ലാം വെടിഞ്ഞെങ്ങോട്ടു പോയി നീ!
വീര, നീ വേണമല്ലോ, ഞാൻ കൃതാന്തപുരി പൂകിയാൽ ൧൪
ശേഷക്രിയ കഴിച്ചീടാൻ; നേർമറിച്ചായി നിൻനില!
എന്നാൽസ്സുഗ്രീവസൗമിത്രിരാമർ ജീവിച്ചിരിക്കവേ,
എന്റെ ശല്യത്തെ നീക്കാതെയെങ്ങുപോയ് നമ്മെ വിട്ടു നീ!"
എന്നൊക്കെ വിലപിക്കുന്ന രാവണാശരനാഥനെ ൧൬
ബാധിച്ചിതൊരു വമ്പിച്ച കോപം, പുത്രവിപത്തിനാൽ:
സ്വതേ കോപാജ്ജ്വലനവൻ വീണ്ടും പുത്രവധാധിയാൽ
സമുജ്ജ്വലിച്ചു, വേനല്ക്കു കതിരാൽബ്ഭാനു പോലവേ.
നെററിമേൽ ഭ്രുകുടികളുമിടചേർന്നു വിളങ്ങിനാൻ, ൧൮
സനക്രവന്തിരകളാൽ പ്രളയക്കടൽ പോലവേ.
ക്രോധത്താൽക്കോട്ടുവായിട്ട വായിൽനിന്നു പുകഞ്ഞുടൻ
ചാടീ ചെന്തീയും, വൃത്രന്റെ വായിൽനിന്നെന്നപോലവേ!
പുത്രന്റെ കൊലയാലും ചുട്ടു,രിശത്തിൻ വശത്തിലായ് ൨൦
ചിന്തിച്ചാ, രാവണൻ ശ്ശൂരനുറച്ചാൻ മൈഥിലീവധം.
സ്വതേ ചുട്ടത്തതായ് ക്കോപത്തിസ്സുകൊണ്ടും ചുട്ടത്തതായ്
ജ്വലിച്ചു, രാവണന്നുടെ കണ്ണു രണ്ടും ഭയങ്കരം!
സ്വതേ ഘോരമവൻതൻമെയ്യു,രിശത്തിൽ പെരുകയാൽ, ൨൨
അരിശം കൊണ്ട രുദ്രന്റെ രൂപം പോലായ്ച്ചമഞ്ഞുപോയ്!
കണ്ണിൽനിന്നു വീണ കണ്ണുനീർത്തുള്ളി വീണു കോപാലവന്നുടൻ
കത്തും വിളക്കിൽ നിന്നുള്ള നെയ്ത്തുള്ളി കണക്കിനെ!
ജോംകളയ് പല്ലുകടിച്ചീടുമവൻറെ ശബ്ദമൊച്ചയും, ൨൪



Digitized By Kerala Sahitya Akademi

ആട്ടുന്നവർ തിരിയ്ക്കുന്ന ചക്കിൻെറയൊലി പോലവേ!
കാലാഗ്നി പോലായരിശംകൊണ്ടിട്ടെങ്ങെങ്ങു നോക്കിയോ,
അങ്ങങ്ങു പേടിച്ചിറുകിപ്പതുങ്ങിപ്പോയി രാക്ഷസർ!
ചരാചരത്തെത്തിന്നാൻ തരമാം യമൻ പോലെ പൊടിച്ചവൻ നാ-
ദിക്കിലെയ്യൊക്കെ നോക്കുമ്പോളടുത്തിലൊരരക്കനും!
ആവോളമരിശം കൊണ്ട രാവണൻ രാക്ഷസാധിപൻ
രക്ഷോമധ്യത്തിൽവെച്ചോതി പോരിൽ നേരേ നിറുത്തുവാൻ:-
"ഞാനനേകായിരത്താണ്ടു ചെയ്യ്തേൻ ദുഷ്കരമാം തപം; ൨൮
അതാതിൻെറ കഴോശത്തിൽത്തോഷിപ്പിച്ചേൻ വിരിഞ്ചനെ.
അത്തപസ്സിൻ ഫലത്താലും, വിരിഞ്ചപ്രീതിയാലുമേ,
ദൈത്യരാലില്ല, സുരരാലില്ലെന്നെന്നാ ഭയം മമ.
ബ്രഹ്മാവു തന്നതാം ചട്ടയുണ്ടല്ലോ മേ രവിപ്രഭം, ൩൦
ദേവാസുരപ്പോരുകളിലതിന്നും വജ്രശക്തിയാൽ;
അതുമിട്ടിന്നു ഞാൻ പോരിലിങ്ങു തേരേറി നില്ക്കവേ,
ആരിന്നെന്നോടടക്കിക്കും, സാക്ഷാൽ ദേവേന്ദ്രനാകിലും?
അന്നു, ദേവാസുരപ്പോരുകാലത്തു, മമ നാന്മുഖൻ ൩൨
അമ്പൊത്തൊരു പെരുംവില്ലു തന്നുവല്ലോ പ്രസന്നനായ്;
ഇന്നാ,യിരം പറയടിച്ചെടുപ്പിന,തെരിങ്ങൽ മേ,
രാമലക്ഷ്മണരെക്കൊൽവനക്കൊട്ടുംപള്ളിവില്ലിനെ."
പുത്രഘാതാധിയാൽ ക്രോധത്തിന്നു കീഴ്പ്പെട്ട രാവണൻ ൩൪
നിനച്ചു, സീതയെക്കൊൽവാൻ നിശ്ചയം ചെയ്തു ശൌര്യവാൻ.
തീർപ്പു ചെയ്തു തുടുംകണ്ണൻ സുഘോരൻ ഘോരദർശനൻ
മാഴ്കിച്ചൊന്നാൻ, സ്വരം മാഴ്കമാം രാക്ഷസരൊടൊക്കയും:-
'മായകൊണ്ടെന്നുടെ മകൻ കാടന്മാരെ മിരട്ടുവാൻ, ൩൬
അന്യെന്തോ, കൊന്നു കാണിച്ചുവല്ലോ, സീതയിതെന്നു താൻ;
അതിതാ, സത്യമായ്ത്തന്നെ ചെയ്യുവൻ ഞാൻ നിജപ്രിയം—
ക്ഷത്രബന്ധുപ്രവണയാം വൈദേഹിയെ മുടിയ്ക്കുവൻ!'
എന്നായ്സ്സചിവരോടോതി വാളെടുത്താൻ പൊട്ടനനെ; ൩൮

Digitized By Kerala Sahitya Akademi

തെളിഞ്ഞ വാനിന്നൊതിരായ് മാല്യം ചാർത്തിയ പള്ളിവാൾ
എടുത്തൂരിപ്പിടിച്ചാശു, ഭാര്യാമാത്യപരീതനായ്,
സീത മേവുന്നിടത്തെയ്ക്കു പുറപ്പെട്ടാനൊരുക്കൊടേ,
പുത്രശോകാൽ മനഃക്ഷോഭം വായ്ച്ചു കോപിച്ച രാവണൻ. ൪൦
പോരും രാക്ഷസനെക്കണ്ടു സിംഹനാദം മുഴക്കിനാർ;
ചൊല്ലിനാർ തങ്ങളിൽപ്പുല്കി, ക്രുദ്ധനെക്കണ്ടു രാക്ഷസർ:-
'ഇന്നാ ഭ്രാതാക്കളിരുപേർ പുരാനെക്കണ്ടു മാഴ്കിടും:
തിരുമേനി ജയിച്ചല്ലോ നാലു ദിക്പാലരെ ക്രുധാ; ൪൨
മറ്റും വളരെ മാറ്റാരെ വീഴ്ത്തിയല്ലോ രണങ്ങളിൽ
ത്രൈലോക്യരത്നങ്ങൾ കവർന്നാസ്വദിയ്ക്കുന്ന രാവണൻ;
മന്നിലില്ലവിടെയ്ക്കൊത്തോൻ കെല്പിലും വിക്രമത്തിലും!'
അവർ ചൊല്ലുന്നതിനിടയ്ക്കശോകവനികാന്തരേ ൪൪
വൈദേഹിയാളെപ്പാഞ്ഞെത്തീറ്റാനരിശം മൂത്ത രാവണൻ;
ഹിതം തേടും സുഹൃത്തുക്കൾ തടുത്താലുമതിക്രുധാ,
വ്യോമ്നി രോഹിണിയെച്ചെല്ലുമംഗാരകൻ പാഞ്ഞെത്തീറ്റു രോഷവാൻ.
രാക്ഷസസ്ത്രീകൾ കാക്കുന്ന മാന്യയാകിയ മൈഥിലി ൪൬
കണ്ടു, കുപിതനായ്പ്പള്ളിവാളേന്തിയ നിശാടനെ.
സുഹൃജ്ജനം പലവുരു തടുക്കകിലുമായവൻ
വാൾ പൂണ്ടടുക്കുന്നതു കണ്ടുഴൽപ്പെട്ടിതു മൈഥിലി.
വിഷാദവതിയായ്സ്സീത വിലപിച്ചാളിതിൻവിധം:- ൪൮
"എന്നൊപ്പാഞ്ഞെത്തല്ലതുണ്ടല്ലോ താൻതാനിദ്ദുഷ്ടനീറയാൽ;
കൊല്ലും, സനാഥയാമെന്നെയൊരനാഥയെയാംവിധം!
പതിവ്രതയാമെന്നെ പ്രേരിപ്പിച്ചാൻ പെരുത്തുരു,
'എൻഭാര്യയായി വാഴ്കേ'ന്നു; ഞാനോ, തീർപ്പിട്ടു തള്ളിനേൻ. ൫൦
ഞാനിണങ്ങായ്കയാൽ നൂനം, നിരാശതയിലാണ്ടിവൻ,
ക്രോധമോഹങ്ങൾ പൂണ്ടു,ന്നെക്കൊല്ലുവാനദ്യമിയ്ക്കയാം!
അല്ലെങ്കിലാ, നരവ്യാഘ്രരാമലക്ഷ്മണർ സോദരർ,
ഞാൻമൂലം പോരിൽ വീഴ്ത്തപ്പെട്ടിരിയ്ക്കാമിന്നു നീചനാൽ; ൫൨

Digitized By Kerala Sahitya Akademi

ഹാ, കഷ്ടമിതു: ഞാന്മൂലം മരിച്ചല്ലോ നൃപാത്മജർ!
അഥവാ പുത്രശോകത്താൽ ക്രൂരനെൻകഥ തീക്കയാം,
രാമലക്ഷ്മണരെക്കൊല്ലാനാകാഞ്ഞി,പ്പാപിരാക്ഷസൻ!
ചെയ്തില്ലല്ലോ, ഹനുമാൻ ചൊന്നതു ഞാൻ ബുദ്ധികേടിനാൽ:
അന്നവന്റെ പുറത്തേറിപ്പോയാല,ജിതയാകിലും,
ഭർത്താവിൻ മടി പൂകാതിന്നേവം മാലിൽപ്പെടില്ല ഞാൻ!
ആയേകപുത്ര കൌസല്യയ്ക്കുടയും നെഞ്ചു, തീച്ചതാൻ
പുത്രനു പോരിൽ മൃതി വന്നതു കേൾക്കകിലപ്പൊഴേ! ൬൮
ഓർമ്മല്ലോ മഹാത്മാവിൻ പിറപ്പും, ബാല്യകാലവും,
താരുണ്യവും, ധർമ്മവിധിശ്രദ്ധയും, കേണുകൊണ്ടവൾ!
പിണ്ഡം വെച്ചാ,ത്മജവധാലാശ കെട്ടു, സ്മൃതംജ്ഞയായ്
ചെന്തീയിൽച്ചാട്ട,മല്ലെങ്കിൽ വെള്ളത്തിൽ മുഴുകും ധ്രുവം! ൬൯
ഛീ, ക്രൂനി,യാരുദുഷ്ടത്തി, പാപനിശ്ചയ, മന്ഥര:
കൌസല്യയ്ക്കവളാലല്ലോ ദുഃഖം പെട്ടുവതിങ്ങിനെ!"
അചന്ദ്രയായ്ച്ചൊവ്വ കടന്നേററ രോഹിണി പോലവേ
പാവമാം സീതയീവണ്ണം വിലപിപ്പതു കാൺകയാൽ, ൭൦
രാക്ഷസപ്പെരുമാളിന്റെയമാത്യനൊരു രാക്ഷസൻ,
സുപാർശ്വനെന്നവൻ, മേധാശീലയുക്തൻ, വിശുദ്ധിമാൻ,
മന്ത്രിമാരാൽത്തടുക്കപ്പെട്ടി ല്ല,മിങ്ങിനെ ചൊല്ലിനാൻ:-
'എമ്മട്ടങ്ങനു പൌലസ്ത്യ, സാക്ഷാൽ വൈശ്രവണാനുജ, ൭൧
ക്രോധാൽധർമ്മമുപേക്ഷിച്ചു കൊൽവാൻ ഭാവിപ്പു സീതയെ?
വേദവിദ്യാവ്രതസ്നാതൻ സ്വകർമ്മനിരതൻ ഭവാൻ
പെൺകൊലയ്ക്കു തുടങ്ങുന്നതെന്തു വീരാരാരേശപം?
സുരൂപയാം മൈഥിലിയെക്കാത്തിരിയ്ക്കുക മന്നവ; ൭൨
ചാട്ടുകാ,രാഘവങ്കൽത്താൻ ക്രോധം തെളളുമായ്പ്പുവാൻ!
കറുത്തതാം പതിനാലിനി;-ഇന്നു യാത്രയ്ക്കൊരുങ്ങി നീ
കറുത്ത വാവുനാൾ പോക പടയ്ക്കായുളള ജയത്തിനായ്,
ശൂരൻ, തേരാളി, വാളോടേ തേരേറി മനീഷി നീ ൭൩

Digitized By Kerala Sahitya Akademi

രാമനാം ദാശരഥിയെക്കൊന്നാൽ, മൈഥിലി കൈവരും!'
സുഹൃത്തുണർത്തിച്ച സുധർമ്മ്യവാക്കിതാ-
ദരിച്ചു, ദുഷ്ടാശയനായ രാവണൻ
തിരിച്ചു കൊട്ടാരമണഞ്ഞു വിശ്വവാൻ
സമിത്രനായ്ത്താൻ സഭ പൂകി വീണ്ടുമേ.

—:*:—

തൊണ്ണൂററിനാലാം സർഗ്ഗം: മൂലബലയുദ്ധം.

—*—

സഭ പുക്കാ,പ്പെരുംമാൽകൊണ്ടവശപ്പെട്ട തമ്പുരാൻ
ക്രുദ്ധസിംഹോപമം വീർപ്പിട്ടി,രുന്നാൻ പരമാസനേ;
കൈക്കൂപ്പിച്ചൊല്ലുകയുംചെയ്താനസ്സേനാശരൊടൊക്കയും,
പുത്രദുഃഖച്ചുടപ്പാന്നാക്കരുത്തേറിയ രാവണൻ:- ൧
'എല്ലാരും ചെല്ലുവിൻ നിങ്ങളെ,ല്ലാഗ്ഗജഹയത്തൊടും,
രഥൌഘങ്ങളൊടും, കാലാൾക്കൂട്ടങ്ങളൊടുമൊപ്പമേ.
ചുഴന്നാ രാമനെത്തന്നാ, വർഷത്തിൽക്കാർകൾ പോലവേ
ശരവർഷങ്ങൾ വർഷിച്ചു കൊല്ലുവിൻ നിങ്ങൾ സംഗരേ. ൨
അഥവാ, നാളെ ഞാൻ കൊന്നുകൊള്ളാം,മൂലകം കാണ്കവേ,
വജ്രബാരിൽ നിങ്ങൾ ക്രൂരമ്പാൽ മൈ പിളർന്നിയ രാമനെ.'
എന്നീ രാക്ഷസരാജൻതന്നാജ്ഞ കൈക്കൊണ്ട രാക്ഷസർ
പോന്നു, പായും രഥച്ചാർത്തോടാനപ്പടകളോടുമേ. ൩
മെയ്മുടിയ്ക്കുന്ന പരിഘം പട്ടസം വാൾകളമ്പുകൾ
മഴുക്കളിവയെപ്പെരുമാഞ്ഞുവിട്ടാർ പ്ലവംഗരിൽ.
നടന്നു, പേടി തോന്നീടുമാറക്കൂട്ടപ്പെരുംപട
അരക്കരും വാനരരും തമ്മിൽസ്സൂര്യോദയം മുതൽ. ൪
നാനാഗദകളാലും വാൾമഴുകുന്തങ്ങളാലുമേ
തമ്മിൽപ്പരിക്ക തട്ടിച്ചാർ പോരിലക്കപിരാക്ഷസർ.
ഏവം പട തുടന്നപ്പോൾപ്പൂറപ്പെട്ട പെരുംപൊടി ൫

Digitized By Kerala Sahitya Akademi

വാനരാശരർതൻ ചോരയൊഴുക്കത്താലമന്നുപോയ്.
ആനതേർവക്ക, കുതിരമീന്നം, കൊടിമരങ്ങളും,
മൈച്ചുങ്ങാടങ്ങളും ചേന്നൊത്തൊലിച്ചു ചോരയാറുകൾ.
ചെഞ്ചോരതന്നിലാറാടിക്കൊണ്ടു വാനരരേവരും ൧൨
അരക്കർതൻ കൊടിമരംചട്ടതേർത്തുരഗങ്ങളെ
ചാടിച്ചാടിയുടച്ചിട്ടാർ പോരിൽ നാനായുധത്തെയും.
അരക്കർതൻ മുടി, ചെവി, നെററി, മൂക്കിവ മക്കടർ
കടിച്ചു മാന്തിക്കണ്ടിച്ചാർ തീക്ഷ്ണദന്തനഖങ്ങളാൽ. ൧൩
ഓരോരരക്കനെപ്പോരിൽ നൂറു വാനരപുംഗവർ
പാഞ്ഞെററാർ, കായ്ച വൃക്ഷത്തെപ്പതഗങ്ങൾ കണക്കിനെ.
കനത്ത ഗദയാൽ, വാളാൽ, കുന്തത്താൽ, വെണ്മഴുക്കളാൽ
ഘോരവാനരരെക്കൊന്നു ഗിരിതുല്യരരക്കരും. ൧൪

അരക്കർ കൊലചെയ്യുന്ന വല്യതാം വാനരപ്പട
ശരണ്യൻ ദാശരഥിയെശ്ശരണാപൂകി രാമനെ.
ഉടനൽകടതേജസ്സാം രാമൻ വില്ലേന്തി വീര്യവാൻ
അരക്കപ്പടയുൾപ്പുക്കു വർഷിച്ചാൻ ശരവൃഷ്ടിയെ. ൧൫
അങ്ങുൾപ്പുക്കു ശരത്തിയ്യാൽച്ചുട്ടെരിയ്ക്കുന്ന രാമനെ,
സൂര്യനെക്കാർകൾ വാനിൽപ്പോലെതിരിത്തീല തിഭീഷണർ.
ആ രാമൻ ചെയ്യുതിൽപ്പിഴമ്പ കണ്ടുള്ളൂ പോരിലാരാർ,
രാമന്റെ ദുഷ്കരം കമ്മമോരോന്നുമതിദാരുണം!
വൻതേർകളെപ്പററപ്പിച്ചാൻ,ലച്ചാനരസേനയെ;
കണ്ടിലാ രാമനെയവർ, കാട്ടിൽക്കാററിനെയാംവിധം!
രാമന്റെയമ്പിനാൽ വെന്തു,മററും വിണ്ടുമുടഞ്ഞുമേ
കാണായ് ശസ്ത്രാത്തമാം സൈന്യ;-മില്ലാ കൈവേഗി രാഘവൻ!
കൈകളിൽ പ്രഹരിയ്ക്കുന്ന രാമനെക്കണ്ടതില്ലവർ,
ഇന്ദ്രിയാത്ഥാസ്ഥനാം ഭൂതാത്മാവെ പ്രജകൾ പോലവേ! ൨൩
'ഇതാ, കൊൽവൂ ഗജൌഘത്തെ;യിതാ, കൊൽവൂ രഥീന്ദ്രരെ;
ഇതാ, ക്രൂരമ്പിനാൽക്കൊൽവൂ കാലാളശ്വഗണങ്ങളെ.'

Digitized By Kerala Sahitya Akademi

എന്നാൽ, രാക്ഷസരെപ്പേരും യുധി രാഘവതുല്യരെ
ഹനിച്ചുകൊണ്ടാരന്യോന്യം രാമസാമ്യാൽസ്സരോഷരായ്! ൨൮
കണ്ടീലവര,നീകത്തെച്ചുട്ടെരിയ്ക്കുന്ന രാമനെ,
മഹാത്മാവഗ്ര്യഗാന്ധർവ്വാസ്ത്രത്താൽസമ്മോഹം കെട്ടകയാൽ.
കാണായ് പോരിലരക്കർക്ക് രാമനായിരമായിരം;
വീണ്ടും കാണായി വമ്പാരിലേകനായ്ത്തന്നെ രാഘവൻ! ൨൯
മഹാത്മാവിൻെറ വില്ലിൻെറ വട്ടംചുററുന്ന പൊന്തല,
അലാതവലയം പോലെ കണ്ടു; രാമനെയില്ലവർ!
മെയ്യാം ക്രൂടം, ബലജപാല, വിൽച്ചുററ,മ്പേരുകാല്ക്കളും,
ജ്യാതലാഘോഷവും, തേജസ്സുച്ചത്തണ്ടും, ഗുണാഭയും, ൩൦
ദിവ്യാസ്ത്രധാരയും ചേർന്ന രാമചക്രമരക്കരെ
പോരിൽക്കൊൽവതു കാണായീ കാലചക്രം കണക്കിനേ!
മരുജ്ജവത്തേരുകൾതന്നനീകം പതിനായിരം,
കരുത്തുകൂടിയ ഗജാനീകമീരൊമ്പതായിരം, ൩൧
മേലാൾ ചേർന്ന ഹയാനീകമീരഞ്ചും നാലുമായിരം,
കാലാൾകളാം രാക്ഷസർതന്നനീകമിരുലക്ഷവും
ഏകനാം രാമനാൽക്കൊല്ലപ്പെട്ടു യാമാർദ്ധവേളയാൽ
തീയ്യൊക്കുമമ്പിനംകൊണ്ടു, കാമരൂപരരക്കരിൽ! ൩൨
ധ്വജം വീണു, ഹയം ചത്തു, തേരുടഞ്ഞു,ശിർ കെട്ടടൻ
ലങ്കാപുരിയിലെയ്ക്കോടി, ചത്തുശേഷിച്ച രാക്ഷസർ.
ചത്താനകാലാൾക്കുതിരക്കൂട്ടത്താലപ്പടക്കളം,
ക്രുദ്ധനാം കാലരുദ്രൻെറ കളിത്തറ കണക്കെയായ്! ൩൩
അന്നേരം ദേവഗന്ധർവ്വസിദ്ധന്മാരുമൃഷീന്ദ്രരും
,നന്നു, നന്നെ’ന്നു രാമൻെറയക്കർമ്മത്തെപ്പുകഴ്ത്തിനാർ.
രാമൻ ധർമ്മചാരൻ ചാരേ നില്ക്കും സുഗ്രീവനോട്ടടൻ
ചൊന്നാൻ വിഭീഷണനൊടും, ഹനുമൽകപിതന്നൊടും, ൩൪
ഹരീന്ദ്രജാംബവാനോടും, മൈന്ദദ്വിവിദർതമ്മൊടും:-
‘ഈയൊരസ്ത്രബലം ദിവ്യ,മെനിയ്ക്കും ത്ര്യംബകന്നുമേ!’

Digitized By Kerala Sahitya Akademi

ആ യാതുധാനപ്പടയെത്തദാനീം
കൊന്നാ മഹാത്മാവു മഹേന്ദ്രതുല്യൻ,
ശസ്ത്രാസ്ത്രവൃഷ്ടിയിൽത്തളരാത്ത രാമൻ
സഹർഷദേവസ്തുതനായി നിന്നാൻ.

—*—

തൊണ്ണൂറ്റനാലാം സർഗ്ഗം: രാക്ഷസീവിലാപം.

—০—

ആ മേഘാളൊത്ത മാതംഗഹയങ്ങൾ പെരുതായിരം,
തീവർണ്ണമായ്ക്കൊടിമരം പേർന്ന രഥർ പെരുതായിരം,
പൊൽക്കൊടിക്കാല്ലുള്ളവയോർ ശൂരന്മാർ കാമരൂപികൾ
ഗദാപരിഘയോദ്ധാക്കളേഴക്കർ പെരുതായിരം, ൨
എന്നീ രാവണസൈന്യത്തെ രാമനക്ലിഷ്ടചേഷ്ടിതൻ
ചെമ്പൊന്നണിഞ്ഞ ക്രൂരമ്പിൻ നിരയാൽക്കൊന്നതീർത്തതായ്
കണ്ടും കേട്ടും ഭയപ്പെട്ട ഹതശേഷരരക്കരും
രാക്ഷസസ്ത്രീകളും ചേർന്നൊത്തൊത്തരായ്ച്ചിന്ത തേടിനാർ: ൪
വൈധവ്യമേല്ക്കയാൽ, പുത്രനിധനാൽ, ബന്ധുഹത്യയാൽ
മാൽ മൃത്തൊന്നിച്ചു കേണാർത്തു വിലപിച്ചാർ നിശാടിമാർ:-
"വൃദ്ധക്കിഴിയാം ശൂർപ്പണഖ, കരാള, വയറെങ്ങിയോൾ
എമ്മട്ടു പോയ്ക്കണ്ടു വനേ, കാമനൊക്കുന്ന രാമനെ, ൬
സത്വപ്രധ്യനെ, ക്കോമളനെ, സ്സർവ്വഭൂതഹിതൈഷിയെ?
കണ്ടിട്ടെട്ടല്ല കാമിച്ചു ലോകവധ്യ, വിരൂപിണി;
എമ്മട്ടു, നന്മയില്ലാത്തോൾ നന്മയേറും കരുത്തനെ,
സുമുഖൻ രാമനെക്കാമിച്ചാളാദ്ദുർമ്മുഖി രാക്ഷസി? ൮
മൈ ചുളിഞ്ഞോൾ, മുടി നരച്ചവൾ, ചേർച്ച പെടാത്തവൾ
ഇയ്യുള്ളോർതന്നാഭാഗ്യത്താൽ, ച്ചെയ്തു രാമബലാക്രമം,
അകാര്യം, മഹാസാഹസം, സർവ്വലോകവിഗർഹിതം,
അരക്കർക്കും ദൂഷണന്നും ഖരന്നും മൃതി പറ്റുവാൻ. ൧൦

തന്മൂലമല്ലോ, നിർമ്മിച്ചാനീ വൻവൈരം ദശാനനൻ;
ചാവാന,സ്സീതയെക്കൊണ്ടുപോന്നു രാവണരാക്ഷസൻ!
കിട്ടുകില്ല ദശാസ്യന്നു ജനകാത്മജസീതയെ;
തിരാപ്പകയുറപ്പിച്ചുതാനമ്മൂർജ്ജസ്വി രാമനിൽ! ൧൬
വൈദേഹിയാളെക്കാംക്ഷിയ്ക്കുമാ വിരാധനിരാടനെ
കൊന്നതല്ലോ രാമനൊററയ്ക്കു; ദൃഷ്ടാന്തമത്തു പോരുമേ!
ഘോരകർമ്മാക്കളാമിരേഴായിരംഭൂപരരക്ഷകരെ
കൊന്നുവല്ലോ ജനസ്ഥാനേ, തീജ്ജ്വാലാഭശരങ്ങളാൽ; ൧൭
ത്രിശിരോദൂഷണരെയും സൂര്യന്നൊത്ത ശരങ്ങളാൽ;
കൊന്നു ഖരനെയും പോരിൽ;-ദൃഷ്ടാന്തമത്തു പോരുമേ!
പിന്നിട്ട,യോജനക്കയ്യനാ രക്താശി കബന്ധനും
കൊല്ലപ്പെട്ടു ചൊടിച്ചാക്കെ;-ദൃഷ്ടാന്തമത്തു പോരുമേ! ൧൮
കൊന്നല്ലോ രാഘവൻ മേരുതുല്യനെ,ബ്ബലശാലിയെ,
ബാലിയെ,ശ്ശക്രസുതനെ;-ദൃഷ്ടാന്തമത്തു പോരുമേ!
ആശ കെട്ടാത്തു നായൃശ്യമൂകത്തിൽ നിവസിയ്ക്കുമാ
സുഗ്രീവനേകിനാൻ രാജ്യം; ദൃഷ്ടാന്തമത്തു പോരുമേ! ൧൯
രാക്ഷസർക്കൊക്കെ ഹിതമായ് ധർമ്മാത്ഥമൊട്ട യുക്തിയിൽ
വിഭീഷണൻ ചൊന്നതിവനാജ്ഞനാൽത്തെളിയാതെപോയ്;
വിഭീഷണൻ ചൊന്നവിധം ചെയ്തു പൌലസ്ത്യനെങ്കിലോ,
ഈ ലങ്ക ചുടുകാടാകില്ലായിതന്നു പെരുംശുചാ! ൨൦
രാമനാൽക്കൊല്ലനാം കുംഭകർണ്ണനും, ലക്ഷ്മണാഖ്യനാൽ
ദുദ്ധർഷനതികായൻ, പൊന്നുണ്ണിയാമിന്ദ്രജിത്തുമേ
കൊല്ലപ്പെട്ടതു കേട്ടിട്ടുമറിയുന്നില രാവണൻ!"

'എന്നുണ്ണി, യെന്നാങ്ങള, യെൻഭത്താവു ഹതനായ് രണേ!'
എന്നിക്ഷപാചരീഘോഷം കേൾക്കപ്പെട്ടു ഗൃഹേ ഗൃഹേ.
"കൊല്ലപ്പെട്ടു രഥാരോഹഭമങ്ങളായിരമായിരം,
ശൂരനാം രാമനാൽ പ്പോരിൽ കാലാളുകളരക്കരും.
രുദ്രനോ, വിഷ്ണുവോ, ഇന്ദ്രയാഗം ചെയ്ത മഹേന്ദ്രനോ ൨൧
44

Digitized By Kerala Sahitya Akademi

കൊല്‌വൂ രാമൻെറ മൈ പൂണ്ടു നമ്മെസ്സാക്ഷാൽ കൃതാന്തനോ!
രാമനാൽ വീരർ കൊല്ലപ്പെട്ടു,യിരിൽക്കൊതിയററ നാം
ഭയത്തിനററം കാണാതെ വിലപിപ്പൂ വിനാഥരായ്!
രാമൻെറ കയ്യിൽനിന്നേ'മർത്ത്യഗ്രദ്ധമേററതേ', ൧൪
അറിവീലാ ലശഗ്രീവൻ ശൂരൻ ലബ്ധമഹാവരൻ!
ഗന്ധർവരും ദേവകളും പിശാചരുമരക്കരും
പോരാ, രണേ രാമനെതിർത്തോനെ രക്ഷപ്പെടുത്തുവാൻ!
ദുർന്നിമിത്തങ്ങളും കാണ്മൂ രാവണന്നു രണേ രണേ; ൧൬
ചൊല്ലുന്നു രാമനെക്കൊണ്ടു രാവണനനവസാനവും!
ദേവാസുരാശരരിൽനിന്നല്ലോ പ്രീതൻ പിതാമഹൻ
അഭയം നല്കി; നരരിൽനിന്നിന്നില രാവണൻ;
അതിനാലാണ നേരിട്ടതേവം നരഭയം ധ്രുവം, ൨൦
രാവണന്നുമരക്കർക്കും ദാരുണം പ്രാണനാശനം!
വരം വാങ്ങിക്കരുത്തുറെറാരരക്കൻ മാൽ പെടുത്തവേ,
പിതാമഹനെയച്ചിച്ചു സുരർ തീവ്രതപങ്ങളാൽ;
വാനോരുടെ ഹിതത്തിന്നായ്, മഹാത്മാവാം പിതാമഹൻ ൨൨
തോഷിച്ചീ വലുതാം വാക്ക വാനോരോടൊക്കെയോതിനാൻ:-
'ഇന്നുതൊട്ടെല്ലാക്കാലത്തും, ദാനവാശരരേവരും
പേടി പൂണ്ടു നടക്കുള്ളൂ, സതതം മൂന്നു പാരിലും.'
പില്ലാടെ,യപ്പുരമൊന്നിച്ചുചേന്നിട്ടിന്ദ്രാദിദേവകൾ ൨൪
പ്രീതനാക്കി, മഹാദേവൻ മുപ്പുരാരി വൃഷാങ്കനെ.
പ്രസാദിച്ചു മഹാദേവൻ ദേവന്മാരോടിതോതിനാൻ:-
'ഉണ്ടാമൊരുത്തി, നിങ്ങൾക്ക നന്മയ്ക്കാ,ശരനാശിനി'
പണ്ടമർത്ത്യപ്രഹിതയാം ക്ഷുത്തു ദൈത്യരെയാവിധം ൨൬
തിന്നുമിസ്സീത രക്ഷോഘ്നി, രാവണനപിതർ നമ്മളെ
നെറി കെട്ട ദുരാത്മാവാം രാവണൻെറയനീതിയാൽ
ഇതാ, ദുഃഖം നിറഞ്ഞേറെ ഘോരനാശമണഞ്ഞുപോയ്!
കല്പാന്ത്യയേ യമൻ പോലെ രാമൻ ബാധിച്ചു നമ്മളെ ൨൮

Digitized By Kerala Sahitya Akademi

രക്ഷപ്പെട്ടത്താനുലകിൽക്കാണാകുന്നീലൊരുത്തനും!
പെരുംഭയം പെട്ട നമുക്കില്ലാ ശരണമൊന്നുമേ,
കാട്ടിൽച്ചെന്തീനടുക്കിൽപ്പെണ്ണാനകൾക്കെന്നപോലവേ!
തക്കതായുള്ളതേ ചെയ്യാനപ്പൌലസ്ത്യൻ മഹാശയൻ ൪൮
ആരാൽബ്ഭയ,മവങ്കൽത്താൻ ചെന്നല്ലോ ശരണാർത്ഥിയായ്!"

ഇവണ്ണ,മാ രാക്ഷസമാതരേവരും
ഭുജങ്ങളാൽത്തമ്മിലണച്ചു പുല്കിനാർ;
ഭയം തുലോമേറാഴൽ മൂത്തു വാടിനാർ;
സുഘോരമായുള്ള രവം മുഴക്കിനാർ ൪൦

—:*:—

## തൊണ്ണൂററാറാം സർഗ്ഗം: രാവണനിർഗ്ഗമം.

—*::*—

മാൽ മൂത്ത രാക്ഷസസ്ത്രീകൾ ലങ്കയിങ്കൽഗ്ഗൃഹേ ഗൃഹേ
വല്ലാതെ വിലപിയ്ക്കുന്ന ശബ്ദം കേട്ടിതു രാവണൻ
നെടുതാം വീർപ്പയച്ചോ,ട്ടു നേരം നിനച്ചു പൂണ്ടുടൻ
തികച്ചും ക്രുദ്ധനായ് ഘോരാകാരനായതിൻ രാവണൻ. ൨
ക്രോധാൽക്കണ്ണേറ്റവും ചെങ്കൽപ്പല്ലാൽച്ചുണ്ടു കടിച്ചവൻ
ഉദ്ഭ്രാന്തനായരക്കക്കോ,നെരികാലാഗ്നി പോലവേ!
കണ്ണാലെരിയ്ക്കുവോൻ പോലായ് ക്രോധത്താലസ്പഷ്ടാക്ഷരം
പറഞ്ഞാനരികേ നില്ക്കുമരക്കരൊടരക്കർകോൻ, ൪
മഹോദര-മഹാപാർശ്വ വിരൂപാക്ഷരൊടിങ്ങിനെ:
'വെക്കം പുറപ്പെടാൻ ചൊൽവിൻ പടയോടെന്റെയാജ്ഞ
[യാൽ.'
അരുളപ്പാടു കേട്ടിട്ടാ,പ്പേടിച്ചുഴറിയ രാക്ഷസർ
അവ്യഗ്രരാം രാക്ഷസരെ പ്രേരിപ്പിച്ചാർ നൃപാജ്ഞയാൽ. ൬
ആമെന്നരച്ചാ,ഘോരാംഗന്മാരാം രാക്ഷസരേവരും
മംഗളം ചെയ്തു ഘോരന്മാരൊത്തു പുറപ്പെട്ടു രണത്തിനായ്:

Digitized By Kerala Sahitya Akademi

വേണ്ടുംവിധം രാവണനെയാദരിച്ചാ നിശാചരർ
കൈക്കൂപ്പിനിന്നാരെപ്പേരും, സ്വാമിയ്ക്കു ജയകാംക്ഷികൾ. ൮
ചിരിച്ചങ്ങവരുളിച്ചെയ്തു്ാനരിശം മൂത്ത രാവണൻ
മഹോദര—മഹാപാർശ്വ—വിരൂപാക്ഷരോടിങ്ങിനെ:-
"ഇന്നു, വിൽവിട്ട കല്പാന്തസൂര്യോപമശരങ്ങളാൽ
രാമലക്ഷ്മണരെക്കാലന്തുരിലാക്കുന്നതുണ്ടു ഞാൻ! ൧൦
ഖരന്നും കുംഭകർണ്ണന്നും പ്രഹസ്തന്നിന്ദ്രജിത്തിനും
പകരം ചെയ്യുതുണ്ടിന്നു ശത്രുക്കളെ വധിച്ചു ഞാൻ!
ആകാശവും ദിക്കുകളുമാർകളും സാഗരങ്ങളും
കാണപ്പെടാതെയാ,മെന്റെ ബാണാഭ്രങ്ങൾ മറയ്ക്കയാൽ! ൧൨
ഇന്നു, കീശേന്ദ്രരുടെയാ വകുപ്പോരോന്നിനെയുമേ
വിൽകൊണ്ടും ചിറകുള്ളമ്പിൻനിരകൊണ്ടും മുടിയ്ക്കുവൻ!
ഇന്നു, കാറ്റൊക്കടയ തേരേറി ഞാൻ കപിസേനയെ,
വില്ലാഴിയിൽപ്പൊന്തുമിഷുത്തിരച്ചാർത്താലുടയ്ക്കുവൻ! ൧൪
പൊയ്കതാരല്ലിനിറന്മാർതൻ വ്യൂഹപ്പൊയ്കകളിന്നു ഞാൻ
കലക്കമാനയെപ്പോലെ, മുഖപ്പൊയ്താർ വിരിഞ്ഞവ!
ഇന്നു, പോരിൽക്കപീന്ദ്രന്മാരമ്പിൽക്കോർത്ത മുഖങ്ങളാൽ
സനാളാബ്ജങ്ങളാൽപ്പോലെയണിയിക്കും ധരിത്രിയെ! ൧൬
ഇന്നു, വൃക്ഷായുധന്മാരാം യുദ്ധചണ്ഡപ്ലവംഗരെ
പിളർത്തുവനൊരമ്പെയ്തിൽ നൂറുനൂറുപേരെ ഞാൻ യുധി!
ഏവർക്കിങ്ങു കൊലപ്പെട്ടോ ഭർത്താവാങ്ങുള്ളയുണ്ണികൾ,
തുടപ്പനവർതൻ കണ്ണീരിന്നു, വൈരിവധേന ഞാൻ. ൧൮
ഇന്നെന്നമ്പാൽ മുറിപ്പെട്ടു ചത്തു ചിന്നിയ കീശരാൽ,
കാണ്മാൻപ്രയാസമുള്ളൊന്നാക്കിട്ടുവൻ പോരിൽ മന്നിടം!
ഇന്നു ഗോമായുഗൃദ്ധ്രാദിമാംസാശികളെയൊക്കയും
നിറച്ചൂട്ടുവനസ്ത്രൃത്താൽശ്ശത്രുമാംസം വിളമ്പി ഞാൻ!
ഒരുക്ക വിരവോടെൻതേർ; വില്ലു കൊണ്ടുവരാം ദ്രുതം;
കൂടെപ്പോരട്ടെ മേ ബാക്കിയുള്ള രാക്ഷസരൊക്കയും."

Digitized By Kerala Sahitya Akademi

അരുളപ്പാടു കേട്ടിട്ടു മഹാപാർശ്വനമോതിനാൻ,
'സൈന്യത്തെ വെമ്പിയ്ക്കെ'ന്ന,ങ്ങു നില്ക്കും സൈന്യേശർത്ത
സൈന്യേശരൊപ്പമേ പുററിനടന്നു ലങ്കയിൽ ദ്രുതം, [മ്മോടായ്.
അരക്കരെച്ചെന്നു പുറപ്പെടുവിപ്പാൻ ഗൃഹേ ഗൃഹേ.
പോന്നെത്തിനാർ തെല്ലിടയാൽബ്ഭീമദർശനരാശരർ
ആർപ്പിട്ടുകൊണ്ടു ഭീമാസ്യർ, വിവിധായുധപാണികൾ: ൨൪
വാൾപട്ടസങ്ങളും, ശൂലം, ഹളം, ഗദ,യുലയ്ക്ക,യും,
വൻകൂടമൾത്തടികളും, തല കൂർത്തുള്ള വേലുകളും,
തെളിഞ്ഞ ചക്രം, വടികൾ, ഭിന്ദിപാലം, ശതഘ്നിതയും,
മൂച്ചകൂട്ടും മഴുവുമായ്, മററും നല്ലായുധത്തൊടും. ൨൫
പിന്നെസ്സൈന്യേശനെത്തിച്ചാൻ സത്വരം രാവണാജ്ഞയാൽ
അഷ്ടാശ്വയുക്തം, സജവ,മൊരു സൂതാന്വിതം രഥം.
തൻതേജസ്സാൽ ജ്വലിയ്ക്കുന്നാക്കൊട്ടുംതേരേറിയഞ്ജസാ
പുറപ്പെട്ടാൻ, ബഹുനിശാചരർ ചൂഴററ രാവണൻ ൨൬
ബലവാള്ളാൽധരണിയെപ്പിളർപ്പോനെന്നപോലവേ!
രാവണാനുജ്ഞയാലപ്പോൾ, മഹാപാർശ്വൻ, മഹോദരൻ,
ധൂമ്രാക്ഷൻ. വിരൂപാക്ഷനിവരും തേർകളേറിനാർ;
ഇമ്പമാർന്നക്കൊണ്ടു കൊട്ടുതാമൊച്ചയിട്ടാർത്തുകൊണ്ടവർ ൩൦
പുറപ്പെട്ടാർ ജയത്തിനായ്,പ്പാർ പിളർപ്പവർപോലവേ!
രാക്ഷസപ്പടയാൽച്ചൂററപ്പെട്ടു തേജസ്വി പോർക്കിനായ്
വില്ലുമേന്തിപ്പുറപ്പെട്ടാൻ, കാലാന്തകയമോപമൻ.
പുറപ്പെട്ടാൻ പ്രവേഗാശ്വത്തേരിലേറി മഹാരഥൻ, ൩൨
രാമലക്ഷ്മണർ മേവുന്ന കോട്ടവാതിലിലൂടവേ.
അപ്പോൾ നിഷ്പ്രഭനായ് സൂര്യൻ;-ഇരുളാൽ മൂടി ദിക്കുകൾ;
ഘോരപക്ഷികൾ ശബ്ദിച്ചു; കലുങ്ങിപ്പോയി ഭൂമിയും!
കാർ ചോര പെയ്തു; വഴിയിലശ്വങ്ങൾക്കിടറീ പദം; ൩൪
കഴുക്കനോരിയിട്ടു; വന്നടിഞ്ഞു കൊടിമേൽക്കഴു;
വിറക്കൊണ്ടിതിടത്തേക്കണ്ണി;-ടംകയ്യും ചലിയ്ക്കയായ്;

Digitized By Kerala Sahitya Akademi

നിറം പകൎന്നിതു മുഖത്തൊ;-ച്ഛയും തെല്ലടങ്ങതുപോയ്.
യുദ്ധത്തിലെയ്ക്കു പോരുന്ന ദശഗ്രീവാശരന്നുടൻ
ഉണ്ടായിതീ നിമിത്തങ്ങൾ, പോരിൽക്കൊല കുറിപ്പവ.
കൊള്ളിമീൻ വീണു വാനത്തുനിന്നിടിയെന്നോത്തൊരൊച്ചയിൽ
കേൾക്കായി കാകാരവമോടശ്ശുഭം കഴുകൊച്ചയും!

ഈ വന്ന ഘോരോൽപാതങ്ങൾ നോക്കാതെ കാലചോദിതർ
പോന്നു കൊലപ്പെടാൻവേണ്ടി,ബ്ബുദ്ധിമോഹേന രാക്ഷസർ.
ആ വമ്പരാമരക്കന്മാരുടെ തേരൊലിവായ്പിനാൽ
പോരിന്നേല്ക്കുകയേ ചെയ്തു'പ്ലവംഗരുടെ സേനയും.
ആ വാനരനിശാടന്മാർ കൂട്ടപ്പട തുടങ്ങിനാർ,
ചൊടിച്ചു തമ്മിൽ വിളിയും കൂട്ടിക്കൊണ്ടു ജയേച്ഛയാ.
ചൊടിച്ചഥ ദശഗ്രീവൻ പൊന്നണിഞ്ഞ ശരങ്ങളാൽ
വലീമുഖപ്പടകളിൽ വമ്പരിക്ക പെടുത്തിനാൻ:
പ്ലവംഗരിൽച്ചിലരുടെ തല കൊയ്തിതു രാവണൻ;
പിളൎത്തീ ചിലർതൻ നെഞ്ചും; ചിലർതൻ ചെവി പോക്കിനാൻ;
വീൎപ്പുമുട്ടിച്ചു ചിലരെ;-ച്ചിലർതൻ വാരി കീറിനാൻ;
ചിലർതൻ നയനം പോക്കി;പൊളിച്ചു ചിലർതൻ തല.

ദശാനനൻ കണ്ണു ചൊടിച്ചുരുട്ടി-
യെങ്ങെങ്ങണഞ്ഞു യുധി തേരിലൂടേ,
അങ്ങങ്ങു,വൻതൻ കണയേൽക്ക താങ്ങാ-
നശക്തരായ്പ്പോയ് കപിപുംഗവന്മാർ.

—: * :—

## തൊണ്ണൂറേഴാം സൎഗ്ഗം: വിരൂപാക്ഷവധം.

—*—

അമ്മട്ടു രാവണാസ്ത്രത്താലംഗമററ വലീമുഖർ
ചിന്നിക്കിടപ്പതായ്ത്തീൎന്നിതപ്പൊഴപ്പൃഥിവീതലം.
ഏതിടത്തും, ദശാസ്യന്റെ ദുസ്സഹാശുഗധാരയെ,
ചെന്തീയിനെപ്പാററകൾ പോലേററുനില്പാനശക്തരായ്;

ക്രൂരമേററു വലഞ്ഞാൎത്തുംകൊണ്ടു മണ്ടീടിനാരവർ,
എരിതീയേററു പൊള്ളുന്ന കൊമ്പനാനകൾ പോലവേ.
കാററു വങ്കാർകളെപ്പോലെ, പോരിൽക്കപിബലങ്ങളെ
ശരങ്ങളാൽപ്പറപ്പിച്ചുംകൊണ്ടണഞ്ഞു ദശാനനൻ. ൭
ഊക്കിനാലെ കപികളെപ്പരിക്കേല്പിച്ചു രക്കർകോൻ
കാകുത്സ്ഥനോടു ചെന്നേററു, പോരിനായിട്ടു സത്വരം.
പോരിൽത്തോറേറാടുമക്കീശന്മാരെക്കണ്ടക്ഷജൻ ദ്രുതം
സുഷേണനെപ്പടത്തമ്പിൽ നിൎത്തിപ്പോരിന്നൊരുങ്ങിനാൻ: ൮
സുഗ്രീവനാ,ത്തനിയ്ക്കൊത്ത വീരനാകും പ്ലവംഗനെ
നിൎത്തിയിട്ടു,രിതൻ നേരെ പുറപ്പെട്ടു ദ്രുമായുധൻ.
അവന്റെ പിന്നിലും, രണ്ടുവശത്തും, കപിയൂഥപർ
കൊണ്ടുചെന്നകിനാർ നാനാവൻവൃക്ഷാദ്രികളേവരും. ൯
വമ്പിച്ചൊരൊച്ചയോടാൎത്താ വമ്പൻ സുഗ്രീവനാഹവേ
മററും പലരെ വീഴ്ത്തിക്കൊണ്ടണഞ്ഞാനാശരാഗ്ര്യരെ;
ക്രൂരൻ മെതിയ്ക്കയുംചെയ്തു വാനരേശനരക്കരെ,
കല്പാന്തവേളയിൽക്കാററു വന്മരങ്ങളെയാംവിധം. ൧൦
യാതുധാനപ്പടകളിൽ ച്ചൊരിഞ്ഞാൻ മലതൻമഴ,
കാട്ടിൽപ്പക്ഷിപ്പരിഷയിൽക്കാറു കന്മഴ പോലവേ.
കപീന്ദ്രൻ പെയ്ത മലതൻമഴ കൊണ്ടിട്ടു രാക്ഷസർ
വീണു തല തകൎന്നോരായ്, ശൃംഗത്തശൈലങ്ങൾ പോലവേ. ൧൧

സുഗ്രീവനാലടിയ്ക്കപ്പെട്ടടയ്ക്കപ്പെട്ടു രാക്ഷസർ
നാലുപാടും നിലവിളികൂട്ടവേ, നിപതിയ്ക്കവേ,
വില്ലാളിയാം വിരൂപാക്ഷൻ, തമ്പേർ കേൾപ്പിച്ചു രാക്ഷസൻ
തേർ വിട്ടു ചാടിട്ടുദ്ധൃഷ്ടനൊരാനപ്പുറമേറിനാൻ. ൧൨
അക്കൊമ്പന്റെ പുറത്തേറി വിരൂപാക്ഷൻ മഹാബലൻ
ഘോരശബ്ദത്തൊടാൎത്തുംകൊണ്ടോ,ടിയേററാൻ പ്ലവംഗരെ.
സുഗ്രീവങ്കലവൻ വിട്ടാൻ ഘോരേഷുക്കൾ ചമൂമുഖേ;
പേടിച്ച രാക്ഷസരെയും പ്രഹർഷിപ്പിച്ചു നിൎത്തിനാൻ. ൧൩

Digitized By Kerala Sahitya Akademi

ക്രുത്ത ബാണങ്ങളാ രക്ഷസ്സൈന്യയാലക്കപീന്ദ്രനും
ചൊടിച്ചാന,വനെക്കൊൽവാനുറച്ചാൻ ചൊടി വായ്ചവൻ.
മരമൊന്നു പറിച്ചേന്തി ശൂരൻ പോരാളി വാനരൻ
ചാടിത്തച്ചാൻ പെരുംമാന്തയ്ക്ക,വനുതൻ കൊലയാനയെ. ൧൮
സുഗ്രീവൻ തച്ച തല്ലേററനേരമക്കൊലയാനയും
ഒരു വില്ലാട്ട പിൻവാങ്ങിപ്പടിഞ്ഞാന,ലറീടിനാൻ.
ചതയ്ക്കപ്പെട്ട നാഗത്തെ വിട്ടടൻ ചാടി വീര്യവാൻ
നേരിട്ടെതിർത്താൻ, രിപുവാമസ്സുഗ്രീവനെ രാക്ഷസൻ: ൨൦
വാറുംമൂരിത്തോൽപ്പരിചകളെടുത്തു ലഘുവിക്രമൻ
അധിക്ഷേപിച്ചടുത്താന,ങ്ങനിനില്ക്കും പ്ലവംഗനെ.
അതിൽച്ചൊടിച്ചു സുഗ്രീവൻ പെരുംകല്ലൊന്നെടുത്തുടൻ
ആ വിരൂപാക്ഷനുടെ നേക്കെറിഞ്ഞാൻ, മേഘസന്നിഭം. ൨൨
അക്കല്ലു നേക്കെത്തുവതു കണ്ടിട്ടാ രാക്ഷസർഷഭൻ
മാറിനിന്നു സുവിക്രാന്തൻ വാളുകൊണ്ടൊന്നു വെട്ടിനാൻ.
കരുത്തനാം രാക്ഷസനാ വാളാൽ വെട്ടിയതേല്ക്കയാൽ,
വീരൻ തെല്ലിട തൂർന്നാടാ കെട്ടപോലായി വാനരൻ. ൨൪
പിന്നെപ്പെട്ടെന്നു നേരിട്ടു ചാടി, വമ്പോരിൽവെച്ചവൻ
കൈ ചുരുട്ടിയരക്കന്റെ നെഞ്ഞത്തൂക്കോട വീക്കിനാൻ.
മുഷ്ടികൊണ്ടിടിയേററിട്ട വിരൂപാക്ഷൻ നിശാചരൻ
ചൊടിച്ചാ വാളിനാൽ വിഴ്ത്തി സുഗ്രീവനുടെ ചട്ടയെ; ൨൬
വെട്ടേററവൻ മുന്നണിയിൽ മുട്ടുകുത്തിപ്പതിച്ചുപോയ്.
വീണിട്ടെഴുന്നേററക്കീശനവനിൽക്കൈത്തലത്തിനാൽ
കൊട്ടതായ്ച്ചീറുമിടിപോലെതിർതല്ലൊന്നു തല്ലിനാൻ.
സുഗ്രീവനുടെയക്കൈത്തല്ലടവാൽ തെറ്റാക്കിവിട്ടുടൻ, ൨൮
അവന്റെ മാറിടത്തൊന്നു വീക്കി രക്ഷസ്സു മുഷ്ടിയാൽ.
അതിൽ വല്ലാതെ കോപിച്ചാൻ സുഗ്രീവൻ വാനരേശ്വരൻ
തൻതല്ലാ രാക്ഷസൻ പോക്കിവിട്ടതായ്ക്കാങ്കയാലുമേ.
നോക്കിനാൻ തക്ക പഴുതാ വിരൂപാക്ഷനിൽ വാനരൻ! ൩൦

Digitized By Kerala Sahitya Akademi

പിന്നെ വങ്കൈത്തലം ക്രോധാൽച്ചെന്നിട്ടൊന്നു മയക്കിനാൻ;
ഇന്ദ്രവജ്രത്തിനെതിർക്കൈത്തലത്തല്ലേററു പൃഥ്വിയിൽ,
വെള്ളം പ്രസ്രവണാൽപ്പോലേ ദ്വാരമൊമ്പതിൽനിന്നുമേ
ചോര കക്കി, വിരൂപാക്ഷൻ വീണുപോയ് ശോണിതാർദ്ര
[നായ്. ൩൨
നുര ചേൎന്ന നിണം വാൎന്നും, പൊടിയാൽ മൂണ്ടുരുട്ടിയും
കാണായ് വിരൂപാക്ഷനവൻ, വിരൂപാക്ഷതയേറിയും!
ഞെട്ടിത്തെറിച്ചൊന്നു പെരിഞ്ഞുരുണ്ടു രുധിരാർദ്രനായ്
വല്ലാതൊന്നാക്കിയും ചെയ്ത ശത്രുവെക്കണ്ടു വാനരർ! ൩൪

കരുത്തൊടമ്മട്ടരിനെതിത്താ-
ക്കപിക്ഷപാടപ്പടയണ്ണവങ്ങൾ
കരാളമാംവണ്ണമിരമ്പി, തീരം
കവിച്ചതാം രണ്ടലയാഴി പോലേ.
കപീന്ദ്രനാലാ പ്രബലൻ വിരൂപ-
നേത്രൻ കൊലപ്പെട്ടതു കാണ്കയാലേ,
പ്ലവംഗനക്തഞ്ചരസൈന്യമെല്ലാം,
തടം കവിച്ചേന്തിയ ഗംഗ പോലായ്! ൩൬

—* :: *—

## തൊണ്ണൂറെറട്ടാം സൎഗ്ഗം: മഹോദരവധം.

—:*:—

വമ്പോരിലഞ്ജസാ തമ്മിൽക്കൊല്ലുമാ രണ്ടു സേനയും
വററിത്തുടങ്ങീ, വൻവേനല്ക്കിരുപൊയ്ക കണക്കിനെ.
വിരൂപാക്ഷവധത്താലും തമ്പടയ്ക്കുടവാലുമേ
ഇരട്ടിയരിശം കൊണ്ടു രാവണൻ, രാക്ഷസാധിപൻ.
പ്ലവംഗർ കൊല്കയാൽസ്സൈന്യം ക്ഷയിയ്ക്കുന്നതു കാണ്കയാൽ
വിഷണ്ണനായ്ത്തീൎന്നിതവൻ, ഭാഗ്യക്കേടോൎത്തു സംഗരേ.
ചാരേ നില്ക്കും ദ്വിഷജ്ജിത്താം മഹോദരനൊടോതിനാൻ:-
'ഇപ്പോളിനി മഹാബാഹോ, നിങ്കൽ നില്പൂ ജയാശ മേ. ൪



Digitized By Kerala Sahitya Akademi

വീര, കൊല്ലുകിസൈന്യത്തെ;-ക്കാട്ടുകിന്നു പരാക്രമം:
കാലമായ്, തിന്ന ചോറിൻ കൂറ് കാട്ടാൻ; പോർചെയ്ക നന്മ[യിൽ'

എന്നു കേട്ടിട്ടെഴുന്നേറ്റാ, രാക്ഷസേന്ദ്രൻ മഹോദരൻ
അരാതിപ്പടയിൽക്കേറി, തീയ്യിലീയ്യാം കണക്കിനേ. ൩
എന്നിട്ടവൻ പരിക്കേകീ വാനരൎക്ക് മഹാബലൻ,
തേജസ്വി നിജവീൎയ്യത്താൽ, സ്വാമി ചൊല്ലിയയച്ചവൻ.
കല്ലേറിടും വാനരരും വൻകല്ലുകളെടുത്തുടൻ,
ഘോരാരിപ്പടയിൽക്കേറിയാഞ്ഞെറിഞ്ഞാർ നിശാടരിൽ. ൪
മഹോദരനതിക്രുദ്ധൻ പൊന്നണിഞ്ഞ ശരങ്ങളാൽ
വമ്പാരിൽ വാനരരുടെ കൈകാൽതുട നുറുക്കിനാൻ.
ആ വാനരന്മാരെപ്പേരും രാക്ഷസാൎത്തിതരായ് തുലോം:
ചിലർ ദിക്കെങ്ങുമേ പാഞ്ഞാർ; ചെന്നു സുഗ്രീവനിൽച്ചിലർ.
വൻവാനരബലം പോരിലുടവാന്നതു കണ്കയാൽ
പാഞ്ഞണഞ്ഞിതു സുഗ്രീവൻ മഹോദരനെയന്തികേ.
ഘോരമായ് മല പോലുള്ള പെരുംകല്ലൊന്നെടുത്തുടൻ
എറിഞ്ഞാനവനെക്കൊൽവാൻ, തേജസ്സേറും ഹരീശ്വരൻ. ൰൧
ദുൎദ്ധൎഷമാമക്കല്ലുക്കിൽ നേരേ ചെൽവതു കണ്ടുടൻ,
ക്രുദ്ധനെന്നിന്നമ്പുകളാൽപ്പിളൎത്താനാ മഹോദരൻ.
ആ രാക്ഷസൻ ശരൌഘത്താൽപ്പുത്തുന്തറായ് മറികയാൽ,
വെമ്പും കഴുകിനൊപ്പം വീണിതക്കല്ലു ഭൂമിയിൽ. ൰൨
അക്കൽ പിളൎന്നതായ്ക്കണ്ടു സുഗ്രീവൻ കലികൊണ്ടുടൻ
പറിച്ചെറിഞ്ഞാൻ മരമൊന്നു,ടൎമ്മന്നിലരക്കനിൽ;
അതും പിളൎത്തി കണയാൽ ശൂരൻ പരപുരഞ്ജയൻ.
പാരിൽ വീണൊരു പരിഘം കണ്ടെത്തി ക്രുദ്ധനാമവൻ; ൰൩
ആഞ്ഞിളങ്ങുന്ന പരിഘം വീശിക്കാണിച്ചുകൊണ്ടവൻ
പരിഘത്തിൻ കട്ടംതല്ലാൽക്കൊന്നാൻ തത്തുരഗാഗ്ര്യരെ.
ഹയങ്ങളും ചത്ത വണ്ടിയിൽനിന്നു ചാടി നിശാചരൻ
ചൊടിച്ചു ഗദയൊന്നേന്തി,വീരനാമമ്മഹോദരൻ. ൰൪

Digitized By Kerala Sahitya Akademi

ഇടഞ്ഞു പോരിലാ വീരർ ഗദാപരിഘപാണികൾ,
ഇരുകാളകൾ പോലാർത്തു, മന്നിൽ കാറുകൾ പോലവേ.
അരിശം കൊണ്ടെറിഞ്ഞാനസ്സുഗ്രീവനാൽ നിശാചരൻ,
സൂര്യസന്നിഭമാസ്സുറ്റ തിളങ്ങുന്നുഗ്രമഹോദരൻ. ൧൦
അ മഹാഘോരഗദ വരുന്നതു കണ്ടരം, മഹാബലൻ
സുഗ്രീവൻ ക്രോധതാമ്രാക്ഷൻ പെരുംപോരിൽ കപീശ്വരൻ
അവൻറ ഗദമേൽ തച്ചാനങ്ങോങ്ങി പരിഘത്തിനാൽ;
പൊളിഞ്ഞു ഗദയൊത്തപ്പരിഘം പാരിൽ വീണുപോയ്.
പിള്ളയെടുത്തു തേജസ്വി സുഗ്രീവൻ മന്നിൽനിന്നവൻ,
എല്ലാമിരുമ്പായ്ക്കൊടുതായ് പ്പൊന്നണിഞ്ഞൊരുലയ്ക്കയെ.
അതോങ്ങി വിട്ടിതദ്ദേഹം; ഗദ മറ്റവനായ ളുമേ;
അവ തമ്മിൽക്കൂട്ടിമുട്ടിപ്പിളർന്നൂഴിയിൽ വീണുപോയ്. ൧൪
ഭഗ്നായുധന്മാരവരോ, മുഷ്ടി പൂണ്ടേറ്റുമുട്ടിനാർ
തേജോബലസമേതന്മാരി,രുചെന്തീകൾ പോലവേ.
ഇടിക്കൂട്ടിടിനാർ തമ്മിൽ;-മുപ്പത്തുപെത്തുചിരിടിനാർ;
കൈത്തലംകൊണ്ടുമേ തമ്മിൽത്തച്ചു വീണാർ നിലത്തവർ; വന്നു
പൊട്ടന്നനെയെഴുന്നേറ്റാർ; പ്രഹരിച്ചാർ പരസ്പരം;
കൈകളാൽത്തള്ളിനാർ വീരർ തങ്ങളിൽത്തോൽവിയെന്നിയേ;
തളർന്നുപോയി കൈപ്പോരിലാ വീരന്മാർ പരന്തപർ.
ചാരേകിടന്നിരുന്നൊരു വാളും പരിചയും ക്ഷണാൽ ൧൮
കൈക്കലാക്കിടിനാൻ പിള്ളാടാ മഹോദരരാക്ഷസൻ;
ഏവം, വീണുകിടപ്പോരു വാൾവാൾ പരിചയെന്നിവ
കൈക്കൊണ്ടാനതിവേഗത്തിൽ സ്സുഗ്രീവകപിവര്യനും.
ആവാൾകളാങ്ങിപ്പാഞ്ഞോറാരിബലമോടൊത്തു പോരിനായ്,ന൦
സർവാംഗങ്ങളിലും ക്രോധം പൂണ്ടു യുദ്ധാസ്ത്രകോവിദർ.
വലവു. വട്ടവും ചുററി രണ്ടാളുമതിവേഗമേ;
തമ്മിലേററരിശം കൊണ്ടു രണ്ടാളും ജയതൽപരർ.
ആശ്ശൂരന്തുക്കറിയവൻ വിച്ഛിലാഘി മഹോദരൻ ൨൨

Digitized By Kerala Sahitya Akademi

ആ വാളാൽ വമ്പരിചമേലാഞ്ഞുവെട്ടീ ദുരാശയൻ;
തറഞ്ഞ വാൾ വലിയ്ക്കുമ്പോൾ, വാൾകൊണ്ടു കപിസിംഹനും
കൊയ്ത്തു, പോർത്തൊപ്പിയിട്ടുള്ള കുണ്ഡലോപേതമാം തല.
അവ്വണ്ണം തല വിശപ്പെട്ടാശരേന്ദ്രൻ ധരിത്രിയിൽ ൨൪
വീണുപോയതു കണ്ടു,ങ്ങു നിലയാതായി തമ്പട.
അവനെക്കൊന്നു, കീശന്മാരൊത്താർത്തു വാനരൻ മുദാ;
രുഷ്ടനായീ ദശഗ്രീവൻ; തുഷ്ട്യാ വിലസി രാഘവൻ.
മുഖം വാടി വശംകെട്ടോരായ്പ്പോയ് രാക്ഷസരേവരും; ൨൭
തുലോം പേടിച്ചരണ്ടോട്ടം തുടങ്ങീ പിന്നെയേവരും.

വങ്കുന്നിനൊട്ടേടമിടിഞ്ഞപോലാ
മഹോദരൻതന്നെ നിലത്തുവീഴ്ത്തി,
ശ്രീയാൽ വിളങ്ങി രവിപുത്രനങ്ങു,
തൻദീപ്തിയാലേ രവി പോലധൃഷ്യൻ.
രണശിരസി ജയിച്ച വമ്പനാമ-
ക്കപിപതിയെ,സ്സുരസിദ്ധയക്ഷസംഘം
ഭുവി മരുവിന ദേഹിസംഘമോടൊ-
ത്തമിതരസപ്രസരം പുകഴ്ത്തിനിന്നാർ. ൨൯

—* ∴ *—

## തൊണ്ണൂറ്റൊമ്പതാം സർഗ്ഗം: മഹാപാർശ്വവധം.

— :*: —

മഹോദരനു സുഗ്രീവൻ മൃതി ചേർത്തു കാൺകയാൽ
ചൊടിച്ചു കൺചുകപ്പാർന്നു മഹാപാർശ്വൻ മഹാബലൻ
ഭീഷണാംഗദസൈന്യത്തെക്കലക്കി വിശിഖങ്ങളാൽ:
അവൻ മുഖ്യപ്ലവഗർതൻ തല ദേഹത്തിൽനിന്നുടൻ ൨
വീഴിച്ചാന,നിലൻ ഞെട്ടിൽനിന്നു കായ കണക്കിനേ.
അമ്പെയ്തറുത്തു ചിലർതൻ കൈകൾ തോളിവ രാക്ഷസൻ;
ചില വാനരർതൻ വാരി പിളർത്തു കലികൊണ്ടവൻ.
മഹാപാർശ്വശരൌഘത്താൽ വലഞ്ഞിട്ടാ വലീമുഖർ ൪

Digitized By Kerala Sahitya Akademi

പിന്തിരിഞ്ഞീടിനാരു,ൾക്കാമ്പിടിഞ്ഞഴലൊടേവരും.
അരക്കനേററിടർപ്പെട്ട പടയെക്കണ്ടു ബാലിജൻ
ഊക്കു പൂണ്ടാൻ മഹാബാഹു,വേററത്തിൽക്കടൽ പോലവേ.
ഇരിമ്പായ പരിഘം സൂര്യപ്രഭമെടുത്തുടൻ ൩
തച്ചാൻ മഹാപാൎശ്വനെയക്കപിപ്രവരനാഹവേ.
അത്തല്ലു കൊണ്ടിട്ടാ,സ്സൂതനോത്ത തേരിങ്കൽനിന്നുടൻ [നായ്.
മോഹിച്ചു വീണുപോയ് മന്നിൽ, മഹാപാൎശ്വൻ വിസംജ്ഞ
തദാ തേജസ്വിയൃക്ഷേശാൻ, നീലാഞ്ജനചയോപമൻ, വ്യ
കാർ പോലാം തന്റെ കൂട്ടത്തിൽനിന്നു പോന്നതിവീൎയ്യവാൻ,
കുന്നിന്മുടിയ്ക്കു കിടയാം വങ്കല്ലൊന്നേന്തി രുഷ്ടനായ്
കൊന്നാനശ്വങ്ങളെ;-ച്ചിക്കെന്നുടച്ചാനാ രഥത്തെയും.
ക്ഷണത്താൽബ്ബോധമുൾക്കൊണ്ടു, മഹാപാൎശ്വൻ മഹാബലൻ൩
ആയംഗദങ്കലാഞ്ഞെയ്തു വീണ്ടും വളരെയമ്പുകൾ.
ഋക്ഷേശനാം ജാംബവാനെ മൂന്നമ്പാലെയ്തു മാറിലായ്;
ഗവാക്ഷനെയുമവ്വണ്ണമെയ്തുൻ വളരെയമ്പിനാൽ.
ഗവാക്ഷജാംബവാന്മാരമ്പേററുഴന്നതു കാൺകയാൽ, ൫൨
എടുത്താൻ ഘോരപരിഘം. തുംഗരോഷമൊടംഗദൻ.
ആയിരിമ്പായ പരിഘം സൂര്യരശ്മി സമപ്രഭം
എടുത്തു രണ്ടുകൈകൊണ്ടും ചുഴററിപ്പെരുത്തൊടേ
എറിഞ്ഞാൻ കൊല്ലുവാനായിട്ടു,ംഗദൻ ബാലിനന്ദനൻ ൫൪
ചൊടിച്ചു, ദൂരവേ നിന്ന മഹാപാൎശ്വനിശാടനിൽ.
കെല്പോടെറിഞ്ഞ പരിഘമതാ രക്ഷസ്സുതന്നുടെ
കയ്യിൽനിന്നു ശരം ചേൎന്ന വില്ലും വീഴിച്ചു, തൊപ്പിയും.
പാഞ്ഞണഞ്ഞവനെ, ക്രുദ്ധൻ ബാലിപുത്രൻ പ്രതാപവാൻ
കുണ്ഡലം ചേൎന്ന ചെകിടത്തടിച്ചാൻ കൈത്തലത്തിനാൽ.
അതിൽച്ചൊടിച്ചുകൊണ്ടുഗ്രനും മഹാപാൎശ്വൻ മഹാദ്യുതി
എടുത്തിട്ടൊരു കൈകൊണ്ടു, വലുതാമൊരു വെണ്മഴു:
മെഴുക്കിട്ടു തെളിഞ്ഞുള്ളൊന്നു, റപ്പുള്ളൊന്നു,തായസം ൫൬



Digitized By Kerala Sahitya Akademi

ചാട്ടിനാനതിരോഷത്തോടരക്കൻ ബാലിപുത്രനിൽ.
അയാളിടംചുമൽത്തട്ടിലേററമാഴ്ത്തിയ വെണ്മഴ
വേർപെടുത്തിക്കളഞ്ഞാനാ,ക്കോപസംഗതനംഗദൻ.
ഉടൻതാനംഗദൻ വീരൻ വജ്രത്തിന്നൊത്ത മുഷ്ടിയെ ൨൦
ചുരുട്ടിനാനതിക്രുദ്ധൻ, തന്നച്ഛന്നൊത്ത വിക്രമി;
മുലസ്ഥ്ഥലത്തരക്കന്റെ മാറത്താ, മമ്മകോവിദൻ
തൊട്ടാൽക്കുലിശമായ്ത്തോന്നും മുഷ്ടികൊണ്ടാഞ്ഞുവീക്കിനാൻ.
ആ വീക്കൽകൊണ്ടു വമ്പോരിലാ രക്ഷസ്സിന്റെ മാറിടം ൨൫
പൊളിഞ്ഞുപോയ്; ജ്വാൽക്കൊല്ലപ്പെട്ടവൻ വീണിതൂഴിയിൽ.
അവൻ നിലംപതിച്ചപ്പോളിളകിത്തീന്നിതപ്പട;
രാവണന്നുള്ളവാസ്സുന്ത പോരിങ്കലതിരോഷവും.
ഹൃഷ്ടരാം വാനരരുടെ പുഷ്ടമാമട്ടഹാസമോ, ൩൦
സാട്ടാലഗോപുരം ലങ്ക ശബ്ദത്താൽ വിണ്ടുപോംവിധം,
സേന്ദ്രദേവാരവം പോലെ സാന്ദ്രമായ്പ്പൊങ്ങി നിർഭരം,

വിണ്ണോരുമക്കാലരുമൊന്നുപോലെ
മതിർത്ത ഘോഷം യുധി കേൾക്കയാലെ
ചൊടിച്ച ശക്രാരി നിശാചരേന്ദ്ര-
നൊരുങ്ങിനിന്നാനടരിന്നു വീണ്ടും. ൩൪

—: * :—

൧൦൧-ാം സർഗ്ഗം: രാമരാവണയുദ്ധാരംഭം.

— : * : —

മഹോദരമഹാപാർശ്വാശരർതൻ കൊല കാണ്കയാൽ,
ബലിഷ്ഠനാ വിരൂപാക്ഷവീരനും കൊലചെയ്കയാൽ
ക്രോധത്തിൻ കോമരം പോലായ് പെരുംപോരിൽദ്ദശാനനൻ;
സൂതനെപ്രേരണം ചെയ്താനി,ത്തുരമോതീടിനാനവൻ :- ൫
'അമാത്യരെക്കൊന്നതിനും, പുരി രോധിച്ചതിന്നുമേ,
ആ രാമലക്ഷ്മണന്മാരെക്കൊന്നീ ഞാൻ മാലകറ്റുവൻ,

Digitized By Kerala Sahitya Akademi

വിഖ്യാതം രാമമരം പോരിൽസ്സീതാപുഷ്പഫലപ്രദം;
ഇതിൻ കൊമ്പുകളാണല്ലോ, സുഗ്രീവൻ, ജാംബവാൻ,നളൻ, ൭
കുമുദൻ, ദ്വിവിദൻ, മൈന്ദനംഗദൻ, ഗന്ധമാദനൻ,
സുഷേണനും, ഹനൂമാനും, ഹരിയൂഥപരേവരും.'
ആത്തേരാളി മഹാൻ തേരിൻഘോഷത്താൽദ്ദിക്കപത്തിലും
ഒലി ചേർത്തഞ്ജസാ ചെന്നാനെതിർത്താൻ രഘുപുത്രനെ. ൮
ആ നിനാദം നിറകയാൽ,,ത്രസ്തസിംഹമൃഗേമായ്
കലുങ്ങിപ്പോയ് ഗിരിനദീവനമോട്ടഴിയൊക്കയും!
താമസാസ്ത്രം മഹാഘോരം സുദാരുണമയച്ചവൻ
സർവകീശരെയും ചുട്ടാൻ; വീണുഴപ്പായ് ചുറ്റുമങ്ങവർ. ൯
അവർ തോറേറാടിയതിനാലുയർന്നു കൊട്ടതാം പൊടി:
ബ്രഹ്മാവാൽത്താൻ കൃതമതു ശക്തരായീല താങ്ങുവാൻ.
അസംഖ്യരിസൈന്യം ന്യൂനരായ് രാവണാഗ്ര്യശരങ്ങളാൽ
ഉടഞ്ഞതങ്ങു കണ്ടിട്ടു മുന്നിൽ നിന്നാൻ കകുത്സധ്വജൻ. ൧൦
കപിസൈന്യത്തെ മണ്ടിച്ച രാക്ഷസവ്യാഘ്രനാലുടൻ
കാണപ്പെട്ടു നിലക്കൊള്ളും രാമൻ, തോൽവിപെടാത്തവൻ,
ഭ്രാതാവാം ലക്ഷ്മണനൊട്ടും, വിഷ്ണുവൊത്തിന്ദ്രനാംവിധം,
വാനത്തുരമ്യംപോലാം വൻവില്ലു കത്തിപ്പിടിച്ചവൻ, ൧൧
പൊൽത്താരിതൾനെടുംകണ്ണൻ, കൈ നീണ്ടവനരിന്ദമൻ.
ആ രാമനതിതേജസ്വി, ബലിഷ്ഠൻ, ലക്ഷ്മണാന്വിതൻ,
പ്ലവംഗർ തോററതും, പോരിലാ രാവണനെതിർപ്പതും
കണ്ടിവത്താൽ നടുവിലായ്പ്പിടിച്ചാൻ വില്ലു രാഘവൻ. ൧൨
പില്ലാടൊലിപ്പെട്ടതാനായ്ത്തുടങ്ങി പള്ളിവില്ലവൻ,
മഹാവേഗം, മഹാനാദം, പാർപ്പിളപ്പോൻകണക്കിനേ!
രാവണാസ്ത്രരവത്താലും രാമവില്ലൊലിയാലുമേ
നിലംപതിച്ചാരവരും, ന്യൂനരായ് നിശാടരും. ൧൩
ആ രാജപുത്രർതൻ ബാണമാർഗ്ഗം പ്രാപിച്ച രാവണൻ
കാണായി, സൂര്യചന്ദ്രന്മാർക്കരികേ രാഹു പോലവേ,

Digitized By Kerala Sahitya Akademi

ക്രൂരമ്പാലവനോടാദ്യം പോരാടാൻവേണ്ടി ലക്ഷ്മണൻ
വിട്ടാൻ, വില്ലു വലിച്ചു,ഗ്നിജ്വാല പോലാകുമമ്പുകൾ. ൧൮
വില്ലാളി ലക്ഷ്മണൻ വിട്ടമാത്രയ്ക്കു, വാനിൽവെച്ചുതാൻ,
അസ്ത്രങ്ങൾ ശരൌഘത്താൽ നിൎത്തി തേജസ്വി രാവണൻ:
ഒന്നൊററയമ്പിനാൽ, മൂന്നു മൂന്നിനാൽ,പ്പത്തു പത്തിനാൽ
മുറിച്ചാൻ ലക്ഷ്മണാസ്ത്രങ്ങൾ, കൈവേഗം വെളിവാംവിധം. ൨൦
സൌമിത്രിയെക്കടന്നിട്ടു, രാവണൻ പോരിൽ വെല്ലുവോൻ
അണഞ്ഞാൻ, മലയെപ്പോലെ നിശ്ചലം നിന്ന രാമനെ.
രാഘവങ്കലണഞ്ഞിട്ടു രോഷാൽച്ചെവന്ന കണ്ണുമായ്
ശരവൎഷങ്ങൾ വൎഷിച്ചു രാവണൻ രാക്ഷസേശ്വരൻ. ൨൨
രാമനും രാവണനുടെ വിൽ വിട്ട ശരധാരകൾ
പാഞ്ഞെത്തുന്നതു കണ്ടാത്തേ,ന്തി ഭല്ലങ്ങൾ സത്വരം.
മുറിച്ചാൻ തീക്ഷ്ണഭല്ലത്താലസ്ത്രൌഘം കകുത്സ്ഥജൻ,
സംക്രുദ്ധസൎപ്പസങ്കാശമതിഘോരം, സമുജ്ജ്വലം. ൨൪
രാഘവൻ രാവണനിലും, രാവണൻ രാഘവങ്കലും
പലമട്ടായ ക്രൂരമ്പു ചൊരിഞ്ഞാർ, തമ്മിലഞ്ജസാ.
ചുററിനാർ വട്ടവും ചിത്രമിടവും വലവും ചിരം;
തട്ടിനാർ ബാണവേഗത്തെ,ത്തങ്ങളിൽ, ത്തടവെന്നിയേ. ൨൬
പേടിച്ചുപോയ് ഭൂതികളു,ഞ്ഞൊപ്പമമ്പു ചൊരിഞ്ഞവർ
യമനും രുദ്രനും പോലെ രൌദ്രരായടരാടവേ.
നാനാബാണങ്ങളാൽ വാനം നിറയപ്പെട്ടുപോയ് തദാ,
വൎഷാരംഭത്തിൽ വാർമിന്നൽക്കാർകളാലെന്നപോലവേ; ൨൮
ജനാൽവെച്ചതു പോലായി ഗഗനം ശരധാരയാൽ!
കഴച്ചിറക വെച്ചുള്ള വായ്ച ക്രൂരമ്പിനങ്ങളാൽ
ശരക്കൂരിരുൾ തിങ്ങിച്ചു ഘോരം പോരാടിനാരവർ,
സൂൎയ്യൻ മറഞ്ഞപൊഴുതും രണ്ടു വങ്കാർകൾ പോലവേ. ൩൦
മുകി, തങ്ങളിൽക്കൊൽവാൻ കൊതിയുള്ളവർ തൻ പട,
അനാസാദ്യ,മനാലോച്യം, വൃത്രവൃത്ര പോലവേ.

Digitized By Kerala Sahitya Akademi

രണ്ടാളുമഗ്ര്യവില്ലന്മാർ രണ്ടാളും രണകോവിദർ
രണ്ടാളുമസ്ത്രവിന്മുഖ്യർ ചുററി രണ്ടാളുമാഹവേ.
രണ്ടാളും ചെന്നിടത്തുടെയെല്ലാം പാഞ്ഞു ശരോമ്മികൾ
കാറേററിട്ടിരുസിന്ധുക്കളുടെയൂമ്മികൾ പോലവേ.
എയ്തുകൊണ്ടേ മരുവിന രാവണൻ ലോകരാവണൻ
ഇരിമ്പമ്പിൻനിര ചൊരിഞ്ഞാനാ രാമന്റെ നെററിമേൽ; ൩൪
അതു രൌദ്രധനുമ്മുക്തം, നീലോൽപലദളപ്രഭം
തലയിൽച്ചൂടിനാൻ രാമനു;-ളവായീല വേദന!
മന്ത്രങ്ങളെജ്ജപിച്ചിട്ടു രൌദ്രാസ്ത്രം ചേത്തുകൊണ്ടുതാൻ
ശരങ്ങളേന്തിനാൻ വീണ്ടു,മരിശം കൊണ്ട രാഘവൻ; ൩൫
അയച്ചാനവ തേജസ്വി വിൽ വലിച്ചഥ വീയ്യവാൻ.
അസ്ത്രങ്ങൾ പെരും കാറിന്നൊക്കും പൊട്ടാത്ത ചട്ടമേൽ
പതിച്ചിട്ടാ,ശരാധീശന്നുളവാക്കില വേദന!

വീണ്ടുമെയ്തു രഥേ മേവും രാക്ഷസേശനെ നെററിമേൽ ൩൬
സർവ്വാസ്ത്രപടുവാം രാമൻ ദിവ്യാസ്ത്രവിശിഖങ്ങളാൽ;
ഐമ്പടപ്പാമ്പുകൾക്കൊപ്പം ചീറുമാ നൽശ്ശരങ്ങളോ,
നിലം പിളത്തങ്ങാഴ്ന്നൂകി, രാവണന്റെ തടുക്കലാൽ.
രാമന്റെയസ്ത്രത്തെ മുടിച്ചു,രിശം മൂത്ത രാവണൻ ൪൦
വെളിപ്പെടുത്തിനാൻ പില്പാടാ,സുരാസ്ത്രം സുഭീഷണം:
സിംഹശാർദ്ദൂലവക്ത്രങ്ങൾ, കങ്കകാകമുഖങ്ങളും,
പരുന്തുകഴുചക്രത്തങ്ങൾ, ഗോമായുവദനങ്ങളും,
വായ് പിളത്തവ, ഘോരങ്ങൾ ചെന്നായവദനങ്ങളും, ൪൨
ഐമ്പടപ്പാമ്പുകളുമാം ക്രൂര ബാണങ്ങൾ തൂകിനാൻ;
ഗദ്ദഭോപമവക്ത്രങ്ങൾ, വരാഹവദനങ്ങളും,
നായ്കോഴിസപ്പമകരസമാനവദനങ്ങളും,
മററു ക്രൂരമ്പുകളുമാഞ്ഞെയ്താൻ മായാവി രാമനിൽ, ൪൪
ചൊടിച്ചു പാമ്പിനെപ്പോലെ ചീറിക്കൊണ്ടു മഹാദ്യുതി.
അമ്മട്ടാസുരമാമസ്ത്രമേററാറേ രഘുനന്ദനൻ

Digitized By Kerala Sahitya Akademi

ആഗ്നേയാസ്ത്രം മഹോത്സാഹനയച്ചാനഗ്നിസന്നിഭൻ:
അയച്ചാനെ,രിതീവക്ത്രങ്ങളും, സൂര്യമുഖങ്ങളും, ൪൮
ചന്ദ്രാർദ്ധചന്ദ്രവക്ത്രങ്ങൾ, ധൂമകേതുമുഖങ്ങളും,
ഗ്രഹനക്ഷത്രവക്ത്രങ്ങൾ, വന്തികൊള്ളിമുഖങ്ങളും,
വിദ്യുൽപ്രഭങ്ങളും മററുമായ തീക്ഷ്ണശരങ്ങളെ;
ആ രാവണോഗ്രബാണങ്ങൾ കാകുത്സഥാസ്ത്രഹതങ്ങളായ് ൪൯
വാനിൽവെച്ചറുതിപ്പെട്ടു പത്തുന്തറായ്ത്തെറിച്ചുപോയ്.
ആയസ്ത്രം രാമനക്ലിഷ്ടകർമ്മാവങ്ങു മുടിച്ചതിൽ
ഇമ്പം പൂണ്ടാത്തിതെപ്പേരും വീരന്മാർ, കാമരൂപികൾ,
രാമൻെറ ചുററുമായ് നിന്ന സുഗ്രീവാദികൾ വാനരർ. ൫൦

കരുത്തൊടാ രാവണബാഹുമുക്തമാം
വരാസ്ത്രമമ്മട്ടു മുടിച്ചു രാഘവൻ,
നൃപാത്മജൻ വമ്പടയിൽ പ്രഹൃഷ്ടനാ-
യു;-റക്കെയാത്താർ സരസം കപീശ്വരർ. ൫൧

— ✻ —

## ഒരുനൂററൊന്നാം സർഗ്ഗം: ലക്ഷ്മണപാതനം.

—: ✻ :—

ആയസ്ത്രം പാഴിലായാറെ, രാവണൻ രാക്ഷസാധിപൻ
ഇരട്ടിയരിശം പൂണ്ടാന,രിശത്താലൊരസ്ത്രവും:
മയൻ നിർമ്മിച്ചതാം രൌദ്രം മററൊരസ്ത്രം ഭയാനകം
രാമങ്കലെയ്യതിനൊരുമ്പെട്ടു തേജസ്വി രാവണൻ. ൧
ഉടൻ മിന്നിത്തിളങ്ങുന്ന ശൂലംഗദമുസലങ്ങൾ
വില്ലിൽനിന്നു പുറപ്പെട്ടു, വജ്രസാരങ്ങളൊക്കയും;
മുദ്ഗരം, കൂടപാശങ്ങളും, ജ്വലൽകുലിശങ്ങളും
ചാടീ തീക്ഷ്ണങ്ങൾ വിവിധം, കല്പാന്തക്കാററിനൊപ്പമേ. ൪
ആയസ്ത്രം രാഘവൻ ശ്രീമാനുത്തമാസ്ത്രജ്ഞസത്തമൻ
ഗാന്ധർവ്വമാം മഹാസ്ത്രത്താൽ മഥിച്ചാനലഘുദ്യുതി.

Digitized By Kerala Sahitya Akademi

ആയസ്ത്രത്തെ മഹാത്മാവു രാമൻ പോക്കിയനേരമോ,
സൌരാസ്ത്രമെയ്താൻ, ക്രോധത്താൽക്കണ്ണു ചെങ്ങിയ രാവണൻ:
ധീമാൻ ഭീമജവൻ പംക്തികണ്ഠൻതൻ വില്ലിൽനിന്നുടൻ
പുറപ്പെട്ടു തിളങ്ങുന്ന ചക്രങ്ങൾ, സുമഹത്തുകൾ;
എമ്പാടും പായുമവയാൽ മിന്നീ ഗഗനമണ്ഡലം;
ചാടും ഗ്രഹാൎക്കോഡുചരാൽപ്പോലെ മിന്നീ ദിഗന്തവും. ൮
അച്ചക്രങ്ങൾ ശരൌഘത്താൽ മുറിച്ചു രഘുനന്ദനൻ,
സൈന്യാഗ്രേ രാവണന്നുടെ നാനാശ്ത്രപായുധങ്ങളും.
ആയസ്ത്രം പോക്കിയതു കണ്ടു, ശരസ്വാമി രാവണൻ
രാമനെപ്പത്തു ബാണംകൊണ്ടെയ്തു മൎമ്മത്തിലൊക്കയും. ൧൦
രാവണൻ പത്തു ബാണങ്ങൾ വൻവില്ലാലെയ്തേററതിൽ
കലുങ്ങിയില്ലല്പവു, മാത്തേജസ്സേററിയ രാഘവൻ;
എയ്താൻ വളരെയസ്ത്രങ്ങൾ കൊണ്ടംഗങ്ങളിലൊക്കയും,
സംക്രുദ്ധനായ് രാവണനെ,പ്പോരിൽ വെല്ലുന്ന രാഘവൻ. ൧൨

ഇതിന്നിടയ്ക്കു, കുപിതൻ ബലവാൻ രാഘവാനുജൻ
കൈകൊണ്ടാനേഴു ബാണങ്ങൾ, വീരാരിഘ്നൻ ലക്ഷ്മണൻ:
ഉൗക്കേറുമക്കണകളിലൊന്നാൽ നൂറായ് നുറുക്കിനാൻ
രാവണൻതൻ നരശിരോധ്വജത്തെയമിതദ്യുതി; ൧൪
കൊയ്താനൊരമ്പിനാൽ ശ്രീമാൻ, കരുത്തേറിയ ലക്ഷ്മണൻ,
അരക്കന്നുടെ സൂതന്റെ കുണ്ഡലം വിലസും തല;
ആനത്തുമ്പിക്കരം പോലാമാശരേന്ദ്രന്റെ ചാപവും
മുറിച്ചു, മൂൎച്ചയേറീടുമഞ്ചസ്ത്രംകൊണ്ടു ലക്ഷ്മണൻ. ൧൮
ആ രാവണന്റെ നീലാദ്രിശൈലാഭാശേഷാശ്വമങ്ങളെ
അടിച്ചുകൊന്നാൻ ഗദയാൽ, ച്ചാടിയേറു വിഭീഷണൻ.
അശ്വങ്ങൾ ചത്ത വൻതേരിൽനിന്നു കീഴ്ച്ചാടി വേഗവാൻ
കടുത്തൊരരിശം കൊണ്ടാൻ ഭ്രാതാവിൻനേൎക്കു രാവണൻ: ൧൯
ജ്വലിയ്ക്കുമിടിവാൾ പോലാമൊരു വേല്ശിതശക്തിമാൻ
പായിച്ചു വിഭീഷണൻതൻനേൎക്കാ,ശരേന്ദ്രൻ പ്രതാപവാൻ,

Digitized By Kerala Sahitya Akademi

മുറിച്ചാനേല്പതിന്മുന്നേ മൂന്നമ്പാലതു ലക്ഷ്മണൻ;
അപ്പോളുയർന്നു വമ്പോരിൽ പ്ലവംഗരുടെയാർപ്പൊലി. ൧൦
പൊന്മാല കോലുമാ വേലോ വീണു മൂന്നായ് മുറിഞ്ഞുടൻ,
പൊരി ചേർന്നെരിവകൊള്ളി വാനിൽ നിന്നെന്നപോലവേ.
പിന്നെയുലോം സമ്മതമായ് കാലനാലുമധൃഷ്യമായ്
തൻതേജസ്സാൽ ജ്വലിപ്പൊന്നാം വൻവേലൊന്നെടുത്തിനാനവൻ;
കരുത്തൻ രാവണൻ വീശിക്കൊണ്ട ദുർദ്ധർഷമാമതേ,
തിളങ്ങി സുമഹാഘോര,മിന്ദ്രാശനിസമപ്രഭം.
തദാ ചിക്കെന്നു താൻതന്നെ നേരിട്ടാൻ വീരലക്ഷ്മണൻ,
ആ പ്രാണസംശയം പെട്ട വിഭീഷണനു മുന്നിലായ്: ൧൪
അദ്ദേഹത്തെ വിടുത്താൻ വിൽ വലിച്ചാ വീരലക്ഷ്മണൻ
വേലേന്തിയ ദശാസ്യങ്കൽച്ചൊരിഞ്ഞു ശരവൃഷ്ടികൾ.
മഹാത്മാവാൽശ്ശരനിര ചൊരിയപ്പെട്ടതേല്ക്കവേ
വിക്രമം പിന്തിരികയാവൊ,രമ്പെട്ടീല ചാട്ടുവാൻ. ൧൬
ഭ്രാതാവെ ലക്ഷ്മണൻ മോചിപ്പിച്ചതീക്ഷിച്ചു രാവണൻ
ലക്ഷ്മണന്നെതിരായ് തന്നെ നിന്നേവമുരിയാടിനാൻ:—
'വിഭീഷണനെ നീയേവം വിടുത്തല്ലോ ബലാലതു;
അതിനാലാശരനെ വിട്ടീ, വേൽ നിന്നിലായല്ലുവൻ. ൧൮
എൻബാഹുപരിഘത്താലേ ചാടിയേല്ക്കപ്പെട്ട വേലിതാ,
നിന്മാർ പിളർത്തുയിരിനെക്കൊണ്ടുപോം, രക്തസിക്തമായ്!'
എന്നുരച്ചെ,ൺകടമണിയണിവേലതുരസ്ഥാനം,
മായകൊണ്ടു മയൻ തീർത്ത,മോഘ,മരിഘാതുകം, ൨൦
തേജസ്സാൽക്കത്തിടും പോലുള്ളൊന്ന,തിക്രോധി രാവണൻ
സൌമിത്രിയുടെ നേക്കാഞ്ഞു ചാട്ടിനാന,ലറീടിനാൻ.
ഭീമവേഗനവൻ വിട്ട വേലതി,ന്ദ്രാശനിസ്വനം
പാഞ്ഞു സൌമിത്രിയുടെ നേക്ക്,ടർന്നുതലയിലൂക്കൊടേ. ൨൨
ആച്ചെല്ലും വേലിനോടായിട്ടുരുളിച്ചെയ്തു രാഘവൻ,
'സ്വസ്തി ലക്ഷ്മണനു,ന്താഹം പോയ് നിഷ്ഫലമാകകെ!'ന്നു താൻ.

Digitized By Kerala Sahitya Akademi

ദുഷ്ടനാം രാവണൻ പോരിൽ വിട്ടാപ്പാമ്പെതിർവേലുടൻ
ക്രൂരാത്മ ലക്ഷ്മണന്നുടെ മാറിടത്തിങ്കലാണ്ടുപോയ്; ൩൪
അടിഞ്ഞു ലക്ഷ്മണന്നുടെ വിരിമാറിലതുക്കൊടേ,
നാഗരാജന്റെ നാവിന്മട്ടാളകവൊന്നു,മിതല്പ്രഭം.
ആ രാവണന്റെയുഗ്രമാലേ പാരമൂറ്റംപ്പൂണ്ട വേലിനാൽ
പിളർക്കപ്പെട്ടനെഞ്ഞോടേവീണുപോയ് ലക്ഷ്മണൻ ഭുവി.
ലക്ഷ്മണൻതൻ സ്ഥിതിയതു കണ്ടു,രാൽ നിന്ന രാഘവൻ.
ഭ്രാതൃസ്നേഹേന സന്തപ്തഹൃത്തായ്ത്തീർന്നു മഹാദ്യുതി.
കണ്ണിൽക്കണ്ണീർ നിറഞ്ഞൊ,ട്ടുനേരം നിനവു പൂണ്ടവൻ
അതിമാത്രം ചുണക്കൊണ്ടു കല്പാന്തത്തീയു പോലെയായ്. ൩൯
അഴൽപ്പെടേണ്ടും സമയമല്ലിതെന്നോർത്തു രാഘവൻ
ചെയ്യാൻ തുമുലമാം യുദ്ധം, രാവണനെക്ഷപണൈഷിയായ്,
സൌമിത്രിയെയും വീക്ഷിച്ചു സവ്യഥം ത്വരപ്പൊടും:
ആ രാമൻ കണ്ടുവല്ലോ, വൻപോരിൽ വേലാൽപ്പിളർക്കയാൽ ൪൦
രക്താർദ്രനാം ലക്ഷ്മണനെ, സ്സാരഗാദ്രിയെയാംവിധം.
ബലിഷ്ഠൻ രാവണൻ വിട്ട വേലതൊന്നു പറിയ്ക്കുവാൻ
സമർത്ഥരായീല കിണഞ്ഞിട്ടുമക്കപിസത്തമർ,
നിശാചരേന്ദ്രന്റെ ശരവ്രാതമേററും വലഞ്ഞവർ; ൪൧
സൌമിത്രിയെപ്പിളർത്തിട്ടു,ഭുവി തൊട്ടുകിടക്കയാം.
ഇരുകൈകളാൽപ്പിടിച്ചിട്ടാ,ക്കൊട്ടതാം വേൽ കകുത്സധ്വജൻ
വലിച്ചെടുത്താൻ; ബലവാനൊടിച്ചാനടരിൽ ക്രുധാ.
വേൽ വലിയ്ക്കുമ്പൊളവനെസ്സർവാംഗത്തിലു,മൂർജ്ജിതൻ ൪൪
എയ്തിരുന്നു ദശഗ്രീവൻ മർമ്മഭേദിശരങ്ങളാൽ;
അമ്പേറ്റങ്ങളും ഗണിയ്ക്കാതെ രാമൻ ലക്ഷ്മണനെദ്ദൃഢം
പുണർന്നു, ഹനുമാനോടും സുഗ്രീവനോടുമോതിനാൻ:-
"സൌമിത്രിയെ വളഞ്ഞിങ്ങു നില്പിൻ വാനരമുഖ്യരേ: ൪൫
വിക്രമാവസരമിതാ, കിട്ടീ സമയം മേ ചിരപ്പ്രിതം,
വേഴാമ്പലിന്നു മേഘമാന്ത്രേ തേടും കാർക്കാല്ല പോലവേ;



Digitized By Kerala Sahitya Akademi

കൊലപ്പെട്ടേയീപ്പാപി രാവണൻ, പാപനിശ്ചയൻ.
ഇന്നിപ്പൊഴേ—ഞാൻശപഥം ചെയ്യുൻ---നിങ്ങൾക്ക കീശരേ,
കാണാം, രാവണനോ രാമൻതാനോ വേർപെട്ട വിഷ്ടപം!
രാജ്യനാശം, വനാവാസം, ദണ്ഡകം ചുററിയോടലും,
വൈദേഹിയെത്തിണ്ടിയതു, മരക്കരൊടടുക്കലും,
വന്നേററ കൊടുവന്മാലും, നരകോപമപീഡയും—
എല്ലാം പോക്കവനിന്നിങ്ങ ദശാസ്യനെ വധിച്ചു ഞാൻ!
ആക്കായിട്ടീക്കപികൾതൻ പടയെക്കൊണ്ടുപോന്നു ഞാൻ;
പൊരുതും ബാലിയെക്കൊന്നു സുഗ്രീവന്നേകി രാജ്യവും;
ആക്കായിട്ടാഴിയോടേററു; കെട്ടി ചിറയുമാഴിയിൽ;
അദൃഷ്ടനിന്നിതാ, പോരിൽദൃഷ്ടിമാർഗ്ഗമണഞ്ഞുപോയ്!
എൻദൃഷ്ടിമാർഗ്ഗം പ്രാപിച്ചിട്ടുയിർക്കൊള്ളില്ല രാവണൻ;
കണ്ണിൽ നഞ്ഞുള്ള പാമ്പിൻെറ കണ്ണിൽപ്പെട്ടാൻ കണക്കിനേ,
താർക്ഷ്യൻെറ ദൃഷ്ടിയിൽപ്പെട്ടുപോയ പാമ്പെന്നപോലെയാ!
സുഖമായ് കണ്ടുകൊൾകിപ്പോരെൻെറയും രാവണൻെറയും,
കുന്നിമ്പുറങ്ങളിലിരുന്നദ്ധ്യൃഷ്യകപിസിംഹരേ.
രാമനാമെൻെറ രാമത്വമിന്നു കാണട്ടെ പോരിതിൽ
സചാരണഷിഗന്ധർവ്വസുരമാം മൂന്നുലോകവും!
ഇന്നു ഞാൻ ചെയ്യിടുന്നുണ്ടു, ഭൂമി നില്പുള്ളനാൾവരെ
ചരാചരാമരോപേതം ലോകം കീർത്തിപ്പതാം തൊഴിൽ!"
എന്നുരച്ചിട്ടു തങ്കപ്പൊന്നണിക്രൂരമ്പിനങ്ങളാൽ
എയ്യാൻ ദശാസ്യനെപ്പോരിൽ,ത്തെററു പററാതെ രാഘവൻ.
ആ രാവണനുമുദ്ദീപ്തമിരിമ്പമ്പുമുലയ്ക്കുയും
തൂകിനാൻ രാഘവൻതങ്കൽ;മേഘം പേമാരി പോലവേ.
രാമരാവണരെയ്യിട്ടു തങ്ങളിൽക്കൂട്ടിമുട്ടവേ,
ശരങ്ങൾക്കും ശരങ്ങൾക്കുമുളവായ് തുമുലസ്വനം;
കത്തും മുനകളോടൊത്ത രാമരാവണപത്രികൾ
വീണ്ടും തകർന്നും വാനിങ്കൽനിന്നു വീണു ധരിത്രിയിൽ.

Digitized By Kerala Sahitya Akademi

ആ രാമരാവണന്മാർതൻ പെരുംതൊണ്ടിയൊച്ചയോ,
സമസ്തഭൂതങ്ങളെയും ഞെട്ടിച്ചു പരമാത്ഭുതം. ൩൨
മഹാശയൻ മിന്നിയ പള്ളിവില്ലുമായ്-
ശ്ശരൗഘം പെയ്തു പരിക്കണ്ണെയ്കയാൽ,
ഭയേന പാഞ്ഞാനെതിരിട്ട രാവണൻ,
മരുത്തടിച്ചാട്ടിന കാറു പോലവേ.

— : * : —

## ഒരുനൂററിരണ്ടാം സർഗ്ഗം: ലക്ഷ്മണസഞ്ജീവനം.

—:*:—

ബലിഷ്ഠൻ രാവണൻ പോരിൽ വേലാൽക്കുത്തിയ ലക്ഷ്മ
ശൂരൻ ചോരക്കളത്തിങ്കൽക്കിടക്കുന്നതു കണ്ടവൻ, [ണൻ,
ധൃഷ്ടനാം രാവണനുമായ്ശ്ശരൗഘം പെയ്തുകൊണ്ടുതാൻ
തുമുലപ്പോരടിച്ചിട്ടു, സുഷേണനോടു ചൊല്ലിനാൻ:- ൨
'ഇതാ, രാവണശക്തിയാൽ വീണുപോയ് വീരലക്ഷ്മണൻ
നിലത്തുഴന്നു പോരാളിമട്ടി;-തിൽത്തെല്ലില്ലെനിയ്ക്കുഴൽ.
മമ പ്രാണാധികപ്രിയനാമീ നിണം വാർന്ന വീരനെ
കണ്ടിട്ടകം വാടുമെനിയ്ക്കെന്തു കെല്പമർ ചെയ്യുവാൻ? ൪
ആ യുദ്ധശ്ലാഘിയാമീയെൻഭ്രാതാവു ശുഭലക്ഷണൻ
മരിച്ചുപോയാലെ,ന്തിന്നാണുയിരും സുഖവും മമ?
നാണംകൊള്ളുന്നിതെൻവീര്യം; കൈവില്ലു വഴുതുന്നു മേ;
തളർന്നീടുന്നു ബാണങ്ങൾ; കണ്ണിൽത്തിങ്ങുന്നു കണ്ണുനീർ;
വാടുന്നു ഗാത്രങ്ങൾ തുലോം, സ്വപ്നചാരിയ്ക്കു പോലവേ;
വായ്ക്കുന്നു മേ കടുംചിന്ത;-തോന്നുന്നു മരണേച്ഛയും, ൬
തമ്പിയെപ്പാപി പൌലസ്ത്യൻ കൊലചെയ്തതു കണ്കയാൽ!'
അപ്പുറംപ്രാണനാമോമൽസ്സോദരൻ മർമ്മതാഡനാൽ
വല്ലാത്ത നോവാൻ കിതപ്പതു കണ്ടിട്ടു രാഘവൻ
വിലപിച്ചാൻ വിഷാദം പൂണ്ടാകുലേന്ദ്രിയനായ്ത്തുലോം:- ൧൦

Digitized By Kerala Sahitya Akademi

വിജയത്തിങ്കലും ശൂര, തോഷം തോന്നുന്നതില്ല മേ:
ചന്ദ്രൻ കാണപ്പെടാതായാലുണ്ടാമോ വല്ല തുഷ്ടിയും?
"പോരാൽ മേ കാര്യമില്ലി,ല്ല ജീവനാലി,ല്ല സീതയാൽ,
തമ്പി സൌമിത്രി പോർമണ്ണിൽക്കൊലപ്പെട്ടതു കാണ്കയാൽ! ൧൨
നാടെന്തിന്നു,യിരെന്തിന്നാണെ?-നിഷ്കില്ലടരാൽ ഫലം
ശയിപ്പിതല്ലോ ഹതനായ്, ലക്ഷ്മണൻ പോർത്തലയ്ക്കിതാ!
എമ്മട്ടെൻപിറകേ പോന്നു കാട്ടിലെയ്ക്കീ മഹാദ്യുതി,
അമ്മട്ടിവന്റെ പിറകേ പോവൻ ഞാനും യമാലയേ! ൧൪
സദാ ബന്ധുജനപ്രേയാൻ, സദാ മാം പിന്തുടർന്നവൻ
ഇമ്മട്ടിലാക്കപ്പെട്ടല്ലോ കൂടയോധിനിശാടരാൽ!
ദേശംതോറും കളത്രങ്ങൾ;-ദേശംതോറുമിണങ്ങരും;
കാണ്മീല ഞാൻ, സഹജനാം ഭ്രാതാവെക്കിട്ടുമൂരിനെ! ൧൬
രാജ്യമെന്തിന്നു, സൌമിത്രിയില്ലാതേ ദുഷ്പ്രധർഷ, മേ?
പ്രിയപുത്ര സുമിത്രാംബയോടു ഞാനെന്തു ചൊല്ലിടും?
സുമിത്രതൻ ശകാരത്തെസ്സഹിയ്ക്കുകെളുതല്ല മേ!
അമ്മ കൌസല്യയോടെന്തു ചൊല്ലും കൈകേയിതന്നോടും, ൧൮
ഉഗ്രതപസ്വി ശത്രുഘ്നനോടെന്തോതും ഭരതനോടുമേ,
ഇവനോടൊത്തു പോന്നിട്ടു,മിവനില്ലാതെ ചെന്നു ഞാൻ?
ഇങ്ങേ താൻ മരണം നല്ലു; ബന്ധുഗർഹണമല്ല മേ!
എന്തുവാൻ ദുഷ്കൃതം ചെയ്തേനാവോ, ജന്മാന്തരത്തിൽ ഞാൻ:
മുന്നിൽ നിന്നേ കൊലപ്പെട്ടാനല്ലോ മേ തമ്പി ധാർമ്മികൻ!
ഹാ, സോദര, നരശ്രേഷ്ഠ, ശൂരക്ഷ്മാമര, പ്രഭോ,
തനിച്ചെ,ന്നെ ത്യജിച്ചെന്തേ പരലോകം ഗമിപ്പു നീ!
വിലപിച്ചീടുമെന്നോടെന്തൊന്നും മിണ്ടാത്തു സോദര? ൨൦
കിടപ്പതെന്തേ?-ണീയ്ക്കോ,ന്നു നോക്കൂ, മാൽ വായ്ക്കുമെന്നെ നീ:
വനാദ്രികളിൽ മാൽ മൂത്തു ദീനനായ് മൂർച്ഛ കൊൾകവേ
എന്നെസ്സമാശ്വസിപ്പിച്ചുപോന്നോനല്ലോ മഹാഭുജ!"
എന്നു രാമൻ വിഷാദാർത്തേന്ദ്രിയനായ് വിലപിയ്ക്കവേ പര

Digitized By Kerala Sahitya Akademi

ആശ്വസിപ്പിച്ചുകൊണ്ടോതി സുഷേണൻ സുവചസ്സിദം:-
'ത്വജിയ്ക്കുകി,യുശിർ കെടുത്തുന്ന തോന്നൽ നരർഷഭ,
സേനാഗ്രേ കണകൾക്കൊപ്പം നോവുണ്ടാക്കുന്ന ചിന്തയും.
മഹാബാഹോ മരിച്ചിട്ടില്ലി, ശ്രീമാനായ ലക്ഷ്മണൻ: ൨൯
ഇല്ലല്ലോ, കരിവാളിപ്പും മുഖത്തു വികൃതത്വവും.
തെളിഞ്ഞു നൽപ്രഭയുമൊത്തല്ലോ കാണുന്നതി മുഖം.
കൈത്തലം പദ്മരക്തം; നൽത്തെളിവുള്ളവ കണ്ണുകൾ;
വടിവീമട്ടിരിയ്ക്കില്ലാ, പ്രാണൻ പോയോർക്കു മന്നവ! ൩൦
വിഷാദം വീര, തേ വേണ്ടാ, പ്രാണവാനീയരിന്ദമൻ:
സ്രസ്താംഗനായ് വീര, നിലത്തുറങ്ങുന്നോന്റെ നെഞ്ചിടം
ചൊല്ലുന്നുണ്ടുയിരുണ്ടെന്നു, കൂടെക്കൂടെ മിടിയ്ക്കയാൽ.'
എന്നു രാഘവനോടോതിസ്സുഷേണനതിബുദ്ധിമാൻ
ചാരെ നില്ക്കും ഹനുമാനെ വെമ്പിച്ചുംകൊണ്ടിതോതിനാൻ:-
'ഇങ്ങുനിന്നാശു പോയ്‌സ്സൌമ്യ, മഹൌഷധിമലയ്ക്കുമേൽ, ൩൧
മുമ്പു ചൊല്ലിത്തരികയുണ്ടായല്ലോ വീര, ജാംബവാൻ,
അതിൻ തെക്കേമുടിയ്ക്കുള്ള മരുന്നിങ്ങാനയിക്ക നീ:
ഒന്നാ വിശല്യകരണി, സാവർണ്യകരണൌഷധി,
വീര, സന്ധാനകരണി, സഞ്ജീവനിയുമിങ്ങു നീ ൩൨
കൊണ്ടുവന്നീടുകി,വീരലക്ഷ്മണന്നുയിരേകുവാൻ.'
എന്നീച്ചൊൽ കേട്ട ഹനുമാൻ ചെന്നൊൗഷധിമലയ്ക്കുമേൽ,
ശ്രീമാൻ ചിന്തയിലാണ്ടാനാ വന്മരുന്നറിയായ്കയാൽ.
തോന്നി, കരുത്തു കൂടുന്ന വായുപുത്രനിതേവിധം: ൩൩
'കൊണ്ടുപോയ്ക്കളയാം, ശൈലത്തിന്റെയീ മുടി തന്നെ ഞാൻ;
ഇതേമുടിയ്ക്കുമേലാണസ്സുഖദൌഷധിയെന്നു ഞാൻ
ചിന്തതാലറിവേനി,മ്മട്ടല്ലോ ചൊല്ലി സുഷേണനും.
ഞാനാ വിശല്യകരണികൊണ്ടല്ലാതെ തിരിയ്ക്കുകിൽ ൩൪
താമസത്താൽ വരും ദോഷം; ഉഴലാമമളിയും പെടും!'
എന്നു ചിന്തിച്ചു ഹനുമാൻ ചെന്നു വെക്കം മഹാബലൻ

Digitized By Kerala Sahitya Akademi

വങ്കുന്നത്തേറി മുവ്വട്ടമുലച്ചു മലതൻ മുടി;
പുഷ്പിച്ച നാനാവൃക്ഷങ്ങളും നില്പതെല്ലാമന്നു മഹാബലൻ ൩൮
പറിച്ചെടുത്തു പൊന്തിച്ചാൻ കൈകളാൽക്കപികുഞ്ജരൻ.
ഗിരിശൃംഗത്തെ, നീർകൊണ്ട കാർകൊണ്ടലിനെയാംവിധം
കൈക്കൊണ്ട വാനിടത്തെയ്ക്കു ചാടിനാനാ മരുത്സുതൻ.
വൻവേഗാൽ വന്നണഞ്ഞദ്രിശൃംഗത്തെത്താഴെവെച്ചവൻ ൪൦
തെല്ലൊന്നു വിശ്രമിച്ചിട്ടു സുഷേണനൊടിതോതിനാൻ:-
'മനസ്സിലായീലിവന്നാ മരുന്നു ഹരിപുംഗവ;
അതിനാൽക്കൊണ്ടുപോന്നേനിഗ്ഗിരിശൃംഗം മുഴക്കെ ഞാൻ;
എന്നു ചൊല്ലും ഹനുമാനെ പ്രശംസിച്ചു സുഷേണനാ ൪൨
പറിച്ചെടുത്തുകൊണ്ടാനാ മരുന്നുകൾ കപീശ്വരൻ.
വിസ്മയപ്പെട്ടുപോയ് പോരിലക്കിരാമരക്കരും,
വാനോർക്കും ദുഷ്കരം വായുപുത്രൻ ചെയ്തതു കാണ്കയാൽ.
വഴിപോലെ ചതച്ചിട്ടാ മരുന്നു കപിസത്തമൻ ൪൪
നസ്യമായ് ലക്ഷ്മണന്നേകി, സുഷേണൻ സുമഹാദ്യുതി.
സശല്യൻ ലക്ഷ്മണനതിൻഘ്രാണനാൽ വീരാരിസൂദനൻ
ചിക്കെന്നു ശല്യവും നോവും വിട്ടെഴുന്നേററു ഭൂതലാൽ.
ആ ലക്ഷ്മണൻ മഹിയിൽനിന്നെഴുന്നേററതു കാണ്കയാൽ, ൪൬
നന്നു നന്നെന്നു കൊണ്ടാടീ തുഷ്ടർ കീശർ സുഷേണനെ.
വരുവരൂ എന്നരുളി രാമൻ വീരാരിസൂദനൻ
നിറകണ്ണീരൊടേ കെട്ടിപ്പുല്കീ ലക്ഷ്മണനെദ്ദൃഢം.
പുണർന്നിട്ടരുളിച്ചെയ്താൻ സൌമിത്രിയൊടു രാഘവൻ:-
'ഭാഗ്യം, മൃത്യുവിൽനിന്നിങ്ങു തിരിയേവന്നു വീര, നീ! ൪൮
പ്രാണനാലില്ല കാര്യം മേ, സീതയാൽക്കൂടി ലക്ഷ്മണ!
ജയത്താലെന്തു കാര്യം മേ, നീ മൃതിപ്പെട്ടുപോവുകിൽ?'
എന്നീവണ്ണം മഹാത്മാവാമാ രാഘവനരയ്ക്കവേ, ൫൦
അഴഞ്ഞ വാക്കിലഴൽ പൂണ്ടുരചെയ്തിതു ലക്ഷ്മണൻ:-
'അന്നാ പ്രതിജ്ഞ ചെയ്തിട്ടു, സത്യവിക്രമനാം ഭവാൻ,

Digitized By Kerala Sahitya Akademi

ധൈര്യമററാൽ നിസ്സാരൻ പോലിനോവമുരയ്ക്കാലാ:
പ്രതിജ്ഞ പാഴാക്കിട്ടുമാറില്ലല്ലോ സത്യവാദികൾ; ൪൨
മഹത്ത്വചിഹ്നമാണല്ലോ, പ്രതിജ്ഞാപരിപാലനം.
എന്നെച്ചൊല്ലി നിരാശത്വം തേടായ്കനഘനേ ഭവാൻ;
ഇന്നു രാവണനെക്കൊന്നു പാലിച്ചാലും പ്രതിജ്ഞയെ.
നിന്നമ്പിൻവഴിയിൽപ്പെട്ട ശത്രു ജീവിച്ചു പോയിടാ, ൪൫
ഗജ്ജദ്ദംഷ്ട്രോഗ്രസിംഹത്തിൻ മുന്നിലാമാന പോലവേ!
എന്നാലിദ്ദുഷ്ടനെശ്ശീഘ്രം കൊൽവാനിച്ഛിച്ചിടുന്നു ഞാൻ,
ഇസ്സൂര്യൻ തൊഴിൽ ചെയ്തസ്തംഗമിപ്പതിനു മുന്നമേ.

ദശമുഖനെക്കൊലചെയ്തിടേണമെങ്കിൽ,-
ത്തവ നിറവേററിടണം പ്രതിജ്ഞയെങ്കിൽ,
നൃപവരപുത്രിയിൽ നീ സരാഗനെങ്കിൽ,
ദ്രുതമിഹ ചെയ്തിടുകെൻെറ വാക്കു വീര.'

—✱ :: ✱—

## തൊണ്ണൂററിമൂന്നാം സർഗ്ഗം: ഇന്ദ്രരഥാരോഹണം.

—:✱:—

ലക്ഷ്മണൻ ചൊല്ലിയ വചസ്സതു കേട്ടിട്ടു രാഘവൻ
തൊട്ടത്താൻ പരവീരഘ്നൻ വില്ലെടുത്തിട്ടു വീര്യവാൻ;
രാവണങ്കൽക്കൊടുംബാണം ചൊരിഞ്ഞാൻ പടമുന്നിലായ്;
പിന്നെ മറെറാരു തേരേറി രാവണൻ രാക്ഷസാധിപൻ ൨
പാഞ്ഞെററിതല്ലോ, സ്വർഭാനു സൂര്യനെപ്പോലെ രാമനെ.
തേരിൽ നിന്നു ദശഗ്രീവൻ വജ്രതുല്യശരവ്രജം
തൂകീ രാമങ്കൽ, മേഘം വന്മലമേൽ മഴപോലവേ.
എരിതീയ്ക്കിൻ കിടയൊക്കും പൊന്നണിഞ്ഞ ശരങ്ങളെ. ൪
ചൊരിഞ്ഞു രാമനും, പോരിൽ ശ്രദ്ധ വെച്ചു ദശാസ്യനിൽ.
പാരിൽ നില്ക്കുന്നവൻ രാമൻ; തേരിൽ നില്ക്കുന്ന രാക്ഷസൻ;
തമ്മിലൊക്കില്ല പോരെന്നാർ, ദേവഗന്ധർവകിന്നരർ.

Digitized By Kerala Sahitya Akademi

ഉടൻ, പൊഞ്ചിത്രവടിവായ്, ക്കിങ്ങിണിച്ചാർത്തണിഞ്ഞതായ്,
വൈഡൂര്യമാം നകത്തണ്ടുളെളാന്നായ്, ജ്വാലാർക്കതുല്യമായ്, ൬
നല്ല പച്ചക്കുതിരകളം വെൺചാമരമണിഞ്ഞവ
പൊന്തൊങ്ങൽ കെട്ടിപ്പൊക്കോപ്പിട്ടർക്കതുല്യങ്ങളം ചേർന്നതായ്
പൊങ്കൊടിക്കാലുമൊത്തിന്ദ്രന്നുണ്ടല്ലോ ശ്രേഷ്ഠമാം രഥം— ൮
ഇന്ദ്രന്റെ ശാസനത്താലപ്പള്ളിത്തേരേറി മാതലി
വിൺ വിട്ടിറങ്ങി,യിക്ഷ്വാകുപുത്രൻതൻ മുന്നിലെത്തിനാൻ;
ചമ്മട്ടിയേന്തിത്തേരിങ്കൽ നിന്നു രാമനൊടോതിനാൻ
കരങ്ങളം കൂപ്പി, ദേവേന്ദ്രസൂതനാകിയ മാതലി:— ൧൦
'ശ്രീമൻ, കാകുത്സ്ഥ, ദേവേന്ദ്രനങ്ങയ്ക്കു വിജയത്തിനായ്
കല്പിച്ചുതന്നതാണിത്തേരു, ശത്രുതാപ, പരന്തപ;
ഇതാ, പെരിയ വില്ലൈന്ദ്രം, ചെന്തീയ്ക്കൊത്ത ചട്ടയും,
സൂര്യാഭയുളളമ്പുകളും, നിശിതം തെളിവേലുമേ. ൧൨
ഇത്തേരേറി പ്രഭോ, കൊല്ക, രാവണാസുരനെബ്ഭവാൻ,
ഞാനാം സൂതനമായ് വീര, ദൈത്യരെജ്ജിഷ്ണു പോലവേ.'
എന്നു കേട്ടു, വലംവെച്ചു വന്ദനംചെയ്തു തേരതിൽ
കേറി, ലോകങ്ങളെ ശ്രീയാൽത്തിളക്കിക്കൊണ്ടു രാഘവൻ. ൧൪

സുമഹാബാഹു രാമന്റെ, രക്ഷസ്സാം രാവണന്റെയും
ഇരുതേർപ്പോരതാശ്ചര്യം വിലസീ പുളകാവഹം:
ഗാന്ധർവംകൊണ്ടു ഗാന്ധർവം, ദൈവംകൊണ്ടഥ ദൈവവും
ഫോക്കിനാനാരേരസ്രാസ്ത്രം, രാമൻ ദിവ്യാസ്ത്രകോവിദൻ. ൧൬
പിന്നെയും ഘോരമായുളള രാക്ഷസാസ്ത്രമനുത്തമം
അയച്ചാനതികോപേന രജനീചരനായകൻ.
ആ രാവണന്റെ വിൽ വിട്ട പൊന്നാണിഞ്ഞ ശരങ്ങളോ,
നഞ്ഞേറിടും പാമ്പുകളായ് ച്ചെന്നു രാമന്റെ നേർക്കുടൻ; ൧൮
എരിവക്ത്രത്തൊടെരിതീ വായിലൂടേ വമിച്ചവ
വായും പിളർത്തിഘോരങ്ങളം ചെന്നു രാമന്റെ നേർക്കുതാൻ.

തൊട്ടാൽ വാസുകി പോലായ് നമ്മെത്തെറിപ്പടമെരിഞ്ഞവ
മറച്ചു ദിക്കുകളെയും പ്രദിക്കുകളെയും സമം. ൧൦
പോരിൽ നേരിട്ടമസ്സപ്പനിരയെക്കണ്ടു രാഘവൻ
പ്രയോഗിച്ചീടിനാൻ ഘോരം ഗാരുഡാസ്ത്രം, ഭയങ്കരം.
രാമനാ വിട്ട തീ പോലെ മിന്നും പൊങ്കടയമ്പുകൾ
പൊന്നൊളിഗ്ഗരുഡന്മാരായ് പ്പറന്നു സപ്പവൈരികൾ; ൧൨
ഹനിച്ചിതുക്കേറിട്ടമസ്സപ്പാസ്ത്രങ്ങളെയൊക്കയും,
രാമൻെറ താർക്ഷ്യമെല്ലാന്നാക്കാമരുപികളമ്പുകൾ.
അസ്ത്രം തട്ടത്തതിൽ ക്രോധിച്ചരക്കപ്രേട്ട രാവണൻ
രാമൻെറനേക്കു വഷിച്ചാൻ ഘോരങ്ങൾ ശരമാരികൾ: ൧൪
അമ്പായിരം കൊണ്ടക്ലിഷ്ടകമ്മാവാകിയ രാമനെ
പരിക്കേല്പിച്ചി,ഷുച്ചാത്താലെയ്തു മാതലിതന്നെയും,
മുറിച്ചു കൊടിയുന്നംവെച്ചൊററയമ്പാലെ രാവണൻ.
കനകക്കൊടി തേരിങ്കൽനിന്നു തേത്തട്ടിൽ വീഴ്ത്തിനാൻ; ൧൬
മഹേന്ദ്രാശ്വങ്ങളിലുമാഞ്ഞെയ്തു രാവണനമ്പുകൾ.
ദുരാത്മാവാം രാവണൻെറയപ്പെരുംതൊഴിൽ കാങ്കയാൽ
വിഷാദപ്പെട്ടുപോയ് ദേവഗന്ധവ്വാസുരചാരണർ;
രാമൻെറ വാട്ടം കണ്ടിട്ടു സിദ്ധന്മാരൃഷിമുഖ്യരും ൧൮
വിഷണ്ണരായ്ത്തീന്നു, വിഭീഷണനും വാനരേന്ദ്രരും.
രാമചന്ദ്രൻ ദശഗ്രീവരാഹുവാൽ ഗ്രസ്തനാം വിധൌ,
പ്രാജാപത്യർക്ഷമാം സോമപ്രിയരോഹിണിയെ സ്വയം
സമാക്രമിച്ചിതു ബുധൻ, പ്രജകൾക്കശുഭത്തിനായ്! ൨൦
പുകഞ്ഞു കോപം തള്ളി മറിഞ്ഞെതിയും പോലെയായ്ക്കടൽ
ചൊടിച്ചുയർന്നു, രവിയെത്തൊട്ടുവാനെന്നപോലവേ!
സൂര്യൻ പരുപരുത്തും, വാൾനിറമാന്നൊളിമങ്ങിയും
കാണായ് കബന്ധാങ്കിതനായ്,ധൂമകേതുവിണങ്ങിയും! ൨൨
ഇക്ഷ്വാകുനാളാമിന്ദ്രാഗ്നിദേവതാകവിശാഖയെ
വെളിവാംവണ്ണമേ തീണ്ടിനിന്നാൻ വാനത്തു ചൊവ്വയും!



Digitized By Kerala Sahitya Akademi

മൈനാകകൈക പത്തുമുഖങ്ങളുമായ്ക്കണ്ടിൽ വില്ലോടേ
കാണായീ രാവണൻ തത്ര, മൈനാകമല പോലവേ. ൩൮
ദശാസ്യരാക്ഷസനിൽനിന്നിടിവേല്ക്കുന്ന രാമനോ,
അടർത്തലയ്ക്കലാളായീലാ,ശ്ശരങ്ങൾ തൊടുക്കവാൻ.
ചെററു ചെങ്ങിയ കണ്ണോടും, വളഞ്ഞ പുരികത്തോടും,
കൺകൊണ്ടെരിപ്പോൻ പോലേറെ ക്രോധിച്ചാൻ ക്രുദ്ധനാമവൻ.

—: * :—

## ഒരുനൂററിനാലാം സർഗ്ഗം: രാവണശ്ശൂലോദ്ധരണം.

— : * : —

ക്രോധിച്ച ധീമാൻ രാമൻെറ മുഖമങ്ങിനെ കാണ്കയാൽ
ഭൂതങ്ങളെല്ലാം ഞെട്ടിപ്പോയ്; കലുങ്ങിപ്പോയി ഭൂമിയും;
സസിംഹവ്യാഘ്രമാം ശൈലം ചാഞ്ചാടീ ചലവൃക്ഷമായ്;
അതിമാത്രം കലങ്ങിപ്പോയ് പുഴകൾക്കീശനാഴിയും; ൧
ഖഗങ്ങളും ഖരാരാവം പെരുക്കുംകോറിനങ്ങളും
ദുർന്നിമിത്തങ്ങൾ ഗർജ്ജിച്ചു വാനിൽച്ചുററിനടക്കയായ്!
രാമൻെറയരിശം, ഭീമോൽപ്പാതമെന്നിവ കാണ്കയാൽ
ഞെട്ടിപ്പോയ് ഭൂതമൊട്ടുക്കു; രാവണാന്തുള്ളവായ് ഭയം. ൨
വിമാനസംസ്ഥർ ദേവന്മാർ, ഗന്ധർവ്വര,ഹിസത്തമർ,
ഋഷി-ദാനവ-ദൈത്യന്മാർ, നഭശ്ചരർ പതത്രികൾ,
നോക്കിക്കണ്ടാരിവർ പെരുംപട, കല്പാന്തസന്നിഭം,
നാനാഘോരാസ്ത്രരക്ഷസ്സരിരുപേർ പൊരുതീടവേ. ൩
പേശിനാർ മത്സരം പൂണ്ടു ദേവദാനവരവരും
അപ്പെരുംപട ക്രൂരോർടേ കണ്ടുകൊണ്ടു സഹർഷരായ്:
'ജയിയ്ക്കുകെ'ന്നു നിന്നോതീ ദശാസ്യനൊടു ദാനവർ;
വാനോരോ, 'നീ ജയിയ്ക്കു'ന്നാർ കാകുത്സ്ഥനൊടു മേല്ക്കുമേൽ. ൪
ഇതിന്നിടയ്ക്കു രാമങ്കലരിശംകൊണ്ടു രാവണൻ
പ്രഹരിപ്പാനൊരു മഹായുധം തേടീ ദുരാശയൻ;

Digitized By Kerala Sahitya Akademi

വജ്രസാരം, മഹാനാദം, സർവ്വശത്രുവിനാശനം,
ഗിരിശൃംഗാഭമുനകൾകൊണ്ടു ചിത്താക്ഷിഭീഷണം, ൫൦
പുകഞ്ഞപോലിരിപ്പോന്നു, യുഗാന്താഗ്നിചയോപമം,
അതിരൌദ്ര,മനാസാദ്യം, കാലനാലും ദുരാസദം
ദാരണം ഭേദനമൊരു ശൂലം സർവ്വഭയാവഹം,
തീക്ഷ്ണാഗ്രമേന്തിനാൻ, കോപാൽക്കത്തുംപോലായ രാവണൻ;
നടുക്കിലായ്പ്പിടിച്ചാനശ്ശൂലം വൻക്രോധി വീര്യവാൻ,
പോരിൽശ്ശൂരരനേകംപേരരക്കന്മാർ ചുഴന്നവൻ.
ശരീരമൂക്കാഞ്ഞിപ്പെരുംക്രൂറനാത്താൻ പോരിൽബ്ഭയങ്കരം,
തമ്പടയ്ക്കിമ്പമുൾച്ചേർത്തു, കോപത്താൽക്കൺ ചുകന്നവൻ: ൫൪
പൃത്ഥ്വിയെഗ്ഗഗനത്തെദ്ദിക്പ്രദിക്കുകളെയും തുലോം
കലുക്കി, രാക്ഷസേന്ദ്രൻെറ കൊട്ടതാകിയ നിസ്വനം;
ചെയ്യൂ വാസ്സിയലുമദ്ദുരാത്മാവിൻെറയൊച്ചയാൽ
ഞെട്ടിപ്പോയ് ഭൂതമൊട്ടുക്ക; കലങ്ങിപ്പോയ് സമുദ്രവും! ൫൭
ആ വൻശൂലമെടുത്തത്യുച്ചത്തിലൊന്നാർത്തു രാവണൻ
പരുഷം രാമനോടങ്ങു ചൊല്ലിനാൻ, വീര്യമേറിയോൻ:-
'ഞാൻ ചൊടിച്ചോങ്ങുമീ വജ്രസാരമാം ശൂലമിപ്പൊഴേ
രാമ, സാനുജനാം നിൻെറ ജീവനെക്കൈക്കലാക്കിടും! ൫൮
ഇന്നു, മുന്നണിയിൽക്കൊല്ലപ്പെട്ട ശൂരാശരക്കു ഞാൻ
തുല്യനാക്കിടുവൻ നിന്നെ,യുക്കാൽക്കൊന്നാഹവോദ്ധത!
നില്ക്കി,താ, കൊല്ലുവൻ നിന്നെശ്ശൂലംകൊണ്ടിങ്ങു രാഘവ!'
എന്നൊന്നുരച്ചിട്ടശ്ശൂലം ചാട്ടിക്കൊണ്ടാനരക്കർകോൻ. ൬൦
രാവണോന്മുക്ത, മെൺനാക്കമണി ചേരുമതുൽസ്വനം,
വാർമിന്നലൊളി ചിന്നിച്ചു വിലസീ ഗഗനസ്ഥലേ.
കണ്ടാൽപ്പേടിയ്ക്കുമാറാളുമശ്ശൂലം കണ്ടു രാഘവൻ,
രാമൻ ബാണങ്ങളാഞ്ഞെയ്തു, വിൽ വലിച്ചതിവീര്യവാൻ.
വരുന്നല്ലോ ശരൌഘത്താൽത്തടുത്തരുളി രാഘവൻ,
പൊങ്ങും കല്പാഗ്നിയെശ്ശക്രൻ മഴയാലെന്നപോലവേ;

Digitized By Kerala Sahitya Akademi

എന്നാലെരിച്ചു രാമൻെറ വില്ലു വിട്ട ശരങ്ങളെ
ആ രാവണമഹാശ്ശൂലം, തീ പാററകളെയാംവിധം. ൨൪
വാനത്തുവെച്ചുണ്ട്രാണങ്ങൾ, ശ്ശൂലം തട്ടിപ്പൊടിഞ്ഞുടൻ
വെണ്ണീറായത്തു കണ്ടിട്ടു തുലോം കോപിച്ചു രാഘവൻ.
ഉടനാ മാതലിസമാനീതമാമൈന്ദ്രശക്തിനെ
കൈക്കൊണ്ടാനരിശം മൂത്ത രാഘവൻ രഘുനന്ദനൻ. ൨൬
ബലിഷ്ഠൻ വീശിയ മണിക്കിലുക്കം പൂണ്ട വേലതാ,
വാനം വിളക്കി, കല്പാന്തക്കൊള്ളിമീൻ പോലെ ശോഭയാൽ;
വിട്ട വേലതു പൌലസ്ത്യശ്ശൂലത്തിൽച്ചെന്നാടിയ്ക്കയാൽ,
പിളർന്നാപ്പെരുതാം ശ്ശൂലമൊളിയും കെട്ടു വീണുപോയ്. ൨൮
പിളർത്താൻ പിമ്പവനുടെ വാതാശ്വങ്ങളെ രാഘവൻ,
ചീററിക്കൊണ്ടുകൊടേ ചൊവ്വിൽപ്പാഞ്ഞ തീക്ഷ്ണശരങ്ങളാൽ;
പിളർത്തി രാവണനെയും മാറിൽക്കൂരമ്പിനങ്ങളാൽ;
പാരം കിണഞ്ഞു കാകുത്സ്ഥൻ മൂന്നമ്പാൽ നെററിമേലുമേ. ൩൦
സർവ്വാംഗമമ്പേററു പിളർന്നു,തിരം വാർന്ന മെയ്യിനാൽ
പൂത്തോരശോകം പോലായീ, പോരിൽ മേവുമരക്കർകോൻ,

രാമാസ്ത്രമംഗങ്ങളിലേല്ക്കയാലേ
രണത്തിലാററടി നിശാചരേന്ദ്രൻ
തളർന്നു നിന്നാനരിൻനടുക്കെ;
വളർന്ന കോപത്തെയുമുദ്വഹിച്ചാൻ. ൩൧

—:*:—

ഒരുനൂററഞ്ചാം സർഗ്ഗം. രാവണക്രോധപ്രവാഹനം.

---:*:---

പൊടിച്ചു രാഘവൻ പോരിൽപ്പരിക്കവെമണയ്ക്കയാൽ,
ആ രാവണൻ രണശ്ലാഘിയരിശംകൊണ്ടു തെററവും.
രോഷാൽ ജ്വലിച്ച കണ്ണോടേ വില്പൂട്ടിക്കിയവൻ രണേ
പരിക്കിയേററി കാകുത്സ്ഥന്ന,രിശം മൂത്തു പിന്നവാൻ: ൧

Digitized By Kerala Sahitya Akademi

വാനിൽനിന്നാംബുദം പോലെ ചീറുമസ്ത്രമാരിയാൽ
നിറച്ചു, രാവണനവൻ, കുളത്തെപ്പോലെ രാമനെ.
വിൽ വിട്ട വിശിഖൌഘത്താൽ നിറയപ്പെട്ട രാമനോ,
മഹാദ്രി പോലനാകമ്പ്യൻ, കുലുങ്ങിലേതുമാഹവേ; ൬൭
ശരങ്ങളെല്ലാമൌഘത്താൽ തടുത്ത,ങ്ങരിൽ നിന്നവൻ,
സൂര്യരശ്മികളെപ്പോലെയേറുകൊണ്ടിതു വീര്യവാൻ.
അനേകമായിരം ബാണം കൈവേഗക്കാരനാശരൻ
തറച്ചാനാ, മഹാത്മാവാം രാമൻതൻ മാറിലീറയാൽ. ൬൮
അതിനാൽച്ചോന്നിണം വാന്ന ലക്ഷ്മണാഗ്രജനാഹവേ
കാണായി, കാട്ടിൽപ്പൂത്തോരു വൻപിലാശമെന്നപോലവേ.
അമ്പേല്ക്കയാൽച്ചൊണയൊടാ,ത്തേജസ്സേറിയ രാമനും
കൈക്കൊണ്ടാൻ പ്രളയാദിത്യതേജസ്സുള്ള ശരങ്ങളെ. ൬൯
വാരി വായ്ച്ചവരായ്ത്തീന്നാ രണ്ടാളും രാമരാവണർ
തമ്മിൽക്കാണാതെയായ് പോരിൽശ്ശരൌഘക്കുരിരുട്ടിനാൽ.
പിന്നീട്ടരിശമുൾക്കൊണ്ട രാമൻ ദശരഥാത്മജൻ
ചിരിച്ചു രാവണനൊടു പരുഷം വീരനോതിനാൻ:- ൭൦
"അജ്ഞനാൽ നിശാരക്ഷസ്സ, ദീനയാമെൻെറ ഭാര്യയെ
കട്ടുവല്ലോ ജനസ്ഥാനാലതുകൊണ്ടാൽ വീരനല്ല നീ;
ഞാൻ പിരിഞ്ഞിട്ടവശയായ്പ്പെരുംകാട്ടിലിരിക്കവേ
വൈദേഹിയെബ്ബലാൽക്കട്ടു 'ശ്ശൂരൻ ഞാനെ'ന്ന കാണ്മു നീ! ൭൧
അനാഥസ്ത്രീകളിൽശ്ശൂര, പരദാരാഭിമർശക,
കുമർത്ത്യത്തൊഴിൽ ചെയ്തിട്ട, 'ശ്ശൂരൻ ഞാനെ'ന്ന കാണ്മു നീ!
നിർല്ലജ്ജ, നിലകെട്ടോനേ, വീതചാരിത്ര, ഗർവിനാൽ
മൃത്യുകവച്ചെന്നൊടുത്തിട്ട, 'ശ്ശൂരൻ ഞാനെ'ന്നകാണ്മു നീ! ൭൨
ശ്ശൂരൻ, കുബേരസോദര്യൻ, ബലത്തികവുമുള്ളവൻ,
യശസ്യവും ശ്ലാഘ്യവുമാമൊരു വൻതൊഴിൽ ചെയ്തു നീ!
തള്ളിച്ചമൂലമേ ചെയ്തുവെച്ചതായ്, ഗർഹണീയമായ്,
വേണ്ടാത്തതാമത്തൊഴിലിൻ വൻഫലം നേടുകിന്നു നീ! ൭൩



Digitized By Kerala Sahitya Akademi

'ശ്ശൂരൻ ഞാനെ'ന്നു നണ്ണുന്നു തന്നെപ്പററി ദുരാശ, നീ;
സീതയെത്തസ്കരന്നൊപ്പം കക്കാൻ നാണവുമില്ല തേ!
എൻചാരെവെച്ചാണെ ബലാൽ സീതയെത്തൊട്ടതെങ്കിലോ,
കണ്ടേനേ തമ്പി ഖരനെ,യന്നൊന്നമ്പേററു ചത്തു നീ! ൧൬
ഭാഗ്യ,മെന്നുടെ കൺമുമ്പിൽ വന്നല്ലോ നീ സുദുർമ്മതേ!
നിന്നെ ഞാനിന്നു ക്രൂരമ്പാൽക്കാലാലയമണയ്ക്കുവൻ;
ഇന്നൊന്നമ്പുകൾ കൊയ്തിട്ട നിൻ സുകുണ്ഡലമാം തല
വലിച്ചിഴയ്ക്കട്ടെ പടപ്പൂഴിയിൽ,പ്പിശിതാശികൾ! ൨൦
മന്നിൽപ്പതിച്ച നിൻ മാറിൽ വന്നിരുന്നിട്ടു രാവണ
കുടിയ്ക്കട്ടെ തൃഷാ ഗൃധ്രർ, ബാണവ്രണജമാം നിണം!
ഇന്നൊന്നമ്പാൽപ്പിളന്നസ്തപ്രാണനായ് വീണ നിൻ കുടർ
പക്ഷി കൊത്തിവലിയ്ക്കട്ടെ, താർക്ഷ്യൻ പാമ്പിനെയാംവിധം!"
എന്നേവം ചൊല്ലിയുംകൊണ്ടു രാമൻ വീരനരിന്ദമൻ
ശരങ്ങൾ തൂകിനാൻ, ചാരേ മരുവും രാക്ഷസേന്ദ്രനിൽ.
ഇരട്ടിയായി ബലവും, വീര്യവും, യുധി ഹർഷവും,
വൈരിയെക്കൊല്ലുവാൻനോക്കും രാമന്നസ്ത്രപ്രഭാവവും: ൨൪
വെളിപ്പെട്ടു സുവിദിതാത്മാവിന്നസ്ത്രങ്ങളൊക്കെയും;
പ്രഹർഷത്താൽസ്സുതേജസ്വി കൈവേഗം കൂടിയോനുമായ്.
ദുർന്നിമിത്തങ്ങളാമഭ്രിഘനങ്ങൾ തങ്ങൾച്ചേർന്നു തറിഞ്ഞവൻ,
ഏറെപ്പരിക്ക തട്ടിച്ചു രാവണന്നാ, ശേഷാന്തകൻ. ൨൬
പ്ലവംഗർതൻ കല്ലുകളും രാമൻെറ ശരവർഷവും
വന്നേല്ക്കവേ മരോസ്യന്നു, വട്ടംതിരികയായ് മനം:
ആയുധത്തെയെടുത്തില്ലാ; വിൽ വലിച്ചതുമില്ലവൻ;
എതിർചെയ്തീല രാമൻെറ വീര്യത്തിന്നു,ൾത്തളച്ചയാൽ; ൨൮
എയ്യപ്പെട്ടിട്ടു മസ്ത്രങ്ങൾ, നാനാത്രുപായുധങ്ങളും
യുദ്ധകാര്യം നടത്താതായ്, മൃത്യുകാലമടുക്കയാൽ.
അമ്മട്ടു കണ്ടു,വനുടെ തേർ നടത്തുന്ന സാരഥി
പോരിൽനിന്നു, പരുങ്ങാതേ പിന്മാററി മന്ദമാ രഥം,

Digitized By Kerala Sahitya Akademi

## ഒരുനൂററാറാം സർഗ്ഗം: രാവണരഥപ്രത്യാനയനം.

— * —

മൂർച്ഛ വിട്ടപ്പൊഴോ, ക്രോധം മൂത്തു ചെങ്ങിയ കണ്ണുമായ്
ചോദിച്ചാൻ സൂതനോടാശരേശൻ, കാലപ്രചോദിതൻ:-
"വീര്യമില്ലാത്തവൻ, ശേഷികെട്ടോൻ, ഞാൻ, ശൗര്യമററവൻ,
നിസ്സത്വൻ, ഭീരു, നിസ്സാരൻ, നിസ്തേജസ്സ്, സ്വവഞ്ചിതൻ, ൧
മായാവിഹീനൻ, മട്ടില്ലയെല്ലാരുമന്യയാംവിധം
എന്നോർത്തല്ലീട്ടു, രാത്മാവേ, താന്തോന്നിത്തൊഴിൽ ചെയ്കയോ?
എന്തിനെന്നെഗ്ഗണിയ്ക്കാതെ, യെന്മതം നോക്കിടാതെയും
ശത്രുവിൻമുമ്പിൽവെച്ചേർത്തേരിത്തു പിന്മാററീനിത്തി നീ? ൨
നീയിന്നു, നീച, ഞാനേറെനാളായ് നേടിയ കീർത്തിയും
തേജസ്സും വീര്യവും പോക്കിയല്ലോ വിശ്വാസമെന്നതും!
പോരുതിപ്രീതനാക്കേണ്ടും ശത്രു വിശ്രുതവീര്യവാൻ
കാണ്കവേ, പോർ കൊതിപ്പോനാമെന്നെക്കോമാളിയാക്കി നീ! ൩
ഈത്തർ തെളിപ്പതില്ലല്ലോ നീ മൗഢ്യംകൊണ്ടു ദുർമ്മതേ;
നീ വൈരിയാൽ വശത്താക്കപ്പെട്ടതായ്ത്തോന്നിടുന്നു മേ.
ഇതു, നന്മ നിനയ്ക്കുന്ന സുഹൃത്തിൻ തൊഴിലാവ്വരാ;
വെറുംവിരോധികൾക്കൊത്തതല്ലോ, ചെയ്തുകളഞ്ഞു നീ! ൪
വെക്കം തിരിയ്ക്ക തേർ, വൈരി പോകുന്നതിനു മുന്നമേ,
കൂട്ടെപ്പാർത്തവനാണെങ്കിൽ ക്കൂറുമുള്ളവനെങ്കിൽ നീ."
ബുദ്ധികേടാല്പരത്തേവം ചൊന്ന രാവണനോടുടൻ
ഹിതം സാന്ത്വനയം ചൊന്നാൻ ഹിതമുൾക്കൊണ്ടു സാരഥി:- ൫
'പേടിച്ചല്ല, റിയാഞ്ഞല്ലാ, ഛിദ്രിപ്പിച്ചല്ല വൈരികൾ,
അശ്രദ്ധയാലല്ല, തെററാലല്ലോ, ക്കാഞ്ഞല്ലുപകാരവും;
നേരേമറിച്ചു, നന്മയ്ക്കും കീർത്തിരക്ഷയ്ക്കുമായി ഞാൻ
സ്നേഹാർദ്രചിത്തനായ്ച്ചെയ്തേൻ ഹിതമാമെന്നൊരപ്രിയം. ൬
ഇക്കാര്യത്തിൽ, പ്രിയഹിതം നോക്കുമെന്നെ മഹാപ്രഭോ,
കുററപ്പെടുത്താതെയെളിയൊരനാര്യൻ പോലവേ ഭവാൻ!

Digitized By Kerala Sahitya Akademi

കേളു,ണർത്തിച്ചീടാ,മെന്തിനാണു തേർ പോരിൽനിന്നു ഞാൻ,
കടലേറ്റോളമാററിനെപ്പോലെ പിന്മാററിക്കൊണ്ടതെന്നതും: ൨൪
കണ്ടേൻ പെരുംപോർത്തൊഴിലാൽത്തളൎച്ചയിവിടെയ്ക്കു ഞാൻ;
കണ്ടീല വിശ്വസൌമുഖ്യം, തിരുമേനിയ്ക്കു കേററവും.
തേർനടത്തിത്തളൎന്നിട്ടീപ്പുള്ളിത്തേർത്തുരഗങ്ങളും
വലഞ്ഞുവേൎക്കയാൽ, മാരിയേററ ഗോക്കൾ കണക്കെയായ്. ൨൬
നിമിത്തമേതേതിവിടെ നമുക്കാവിർഭവിച്ചുവോ,
കണ്ടല്ലോ ഞാനതതിൽ മിക്കതിലും പ്രാതികൂല്യവും.
ദേശകാലം ധരിയ്ക്കേണം, നിമിത്തങ്ങളുമിംഗിത,
തേരാളിതന്നിംഗിതവും, മാന്ദ്യ,മിമ്പം,തളൎച്ചയും; ൨൮
പൊക്കവും, താഴ്ചയും, മന്നിൻ നിരപ്പും, വിഷമങ്ങളും,
പോർക്കാലവും ധരിയ്ക്കേണം; ശത്രുപ്പഴുതു നോക്കണം;
അടുത്തു ചെല്ലലൊ,ഴിയൽ, നില്പും, പിന്നോട്ടു മാറലും—
ഇതൊക്കയും ധരിയ്ക്കേണം, തേരേറിത്തേർ തെളിപ്പവൻ. ൩൦
അങ്ങയ്ക്കു വിശ്രമത്തിന്നു,മിത്തേർക്കുതിരകൾക്കുമേ
കടുംതളൎച്ച തീൎപ്പാനും ചെയ്യേൻ തക്കതിതൊന്നു ഞാൻ.
താന്തോന്നിത്തത്തിനാലല്ലി,ത്തേരു പിന്മാററി വീര, ഞാൻ;
സ്വാമിസ്നേഹത്തഴപ്പാലാണി,തു ചെയ്തതു ഞാൻ പ്രഭോ. ൩൨
ആജ്ഞാപിയ്ക്കുക: യാതൊന്നു ചൊല്ലുമങ്ങരിന്ദമ,
അതനുഷ്ഠിയ്ക്കുവൻ വീര, കടം വീട്ടുവാതിന്നു ഞാൻ.'

അസ്സൂതനൊടെയാ വാക്കാൽസ്സന്തോഷം പൂണ്ടു രാവണൻ
പലമട്ടവനെ ശ്ലാഘിച്ചേവം ചൊന്നാൻ രണോത്സുകൻ:- ൩൪
'വെക്കമിത്തേരു രാമൻെറ നേരെ വിട്ടുക സാരഥേ:
മാററാരെ യുധി കൊല്ലാതെ പിന്തിരിയ്ക്കില്ല രാവണൻ!'
എന്നുരച്ചിട്ടു, തോഷിച്ചു രാവണൻ രാക്ഷസേശ്വരൻ
അവന്നു നല്കി, നല്ലോരു ഹസ്താഭരണമുജ്ജ്വലം. ൩൬
രാവണൻതൻെറ ചൊൽ കേട്ടു പിന്തിരിച്ചിതു സാരഥി:

Digitized By Kerala Sahitya Akademi

അനന്തരം രാവണശാസനത്തിനാൽ-
ത്തെളിച്ചിതശ്വങ്ങളെയാശു സാരഥി;
നിശാചരേന്ദ്രന്റെ മികച്ച തേരതോ,
ക്ഷണേന പോർമുന്നിലണഞ്ഞു രാമനെ.

—:*:—

ഒരുനൂററേഴാം സർഗ്ഗം: ആദിത്യഹൃദയോപദേശം

— : * : —

രാമൻ പോരാൽത്തളർന്നിട്ടു ചിന്തയും പൂണ്ടു നില്പതും
രാവണൻ പൊരുതാനായി മുന്നിടത്തിലണഞ്ഞതും
കണ്ടു, ദേവകളൊന്നിച്ചു പോർ കാണ്മാൻ വന്നുചേർന്നവൻ,
ചെന്നു രാമനൊടായ്ച്ചൊന്നാനഗസ്ത്യൻ ഭഗവാനൃഷി:- ൨
"രാമ, രാമ, മഹാബാഹോ, കേൾക്ക ഗുഹ്യം സനാതനം;
മാററാരെയെല്ലാമിതിനാൽ വെല്ലാമുണ്ണീയുമ്മ സംഗരേ:
ആദിത്യഹൃദയം, പുണ്യം, സർവ്വശത്രുവിനാശനം
ജപിയ്ക്ക നിത്യം ജയദ,മെത്രയും ശുഭ,മവ്യയം, ൪
സർവ്വമംഗളമംഗള്യം സർവ്വപാപപ്രണാശനം:-
ചിന്താശോകപ്രശമനമായുർവ്വർദ്ധനമുത്തമം:

ആദിത്യഹൃദയം.

'രശ്മിമാനെ,യുദിപ്പോനെ,ദ്ദേവാസുരവിനമ്യനെ,
വിവസ്വാനെ,ബ്ഭാസ്കരനെപ്പൂജിയ്ക്ക' ഭുവനേശനെ. ൬
തേജസ്വി സർവ്വദേവാത്മാവിവൻ കിരണഭാവനൻ
രക്ഷിപ്പൂ രശ്മിവൃന്ദത്താൽദ്ദേവാസുരജനങ്ങളെ.
ബ്രഹ്മാവും വിഷ്ണുവുമിവൻ ശിവൻ സ്കന്ദൻ പ്രജാപതി
മഹേന്ദ്രൻ ധനദൻ കാലൻ യമൻ സോമൻ ജലേശനും; ൮
പിതൃക്കൾ, വസു-സാദ്ധ്യന്മാർ, മരുദ-ശ്വിമനുക്കളും,
പ്രജാ-പ്രാണാ-ഗ്ന്യ-നിലരു, മൃതുകാരൻ പ്രഭാകരൻ.
ആദിത്യൻ, സവിതാ, സൂര്യൻ, ഖഗൻ, പൂഷാവു, രശ്മിമാൻ,
ഹിരണ്യരേതസ്സു, സുവർണ്ണാഭൻ, ഭാനു, ദിവാകരൻ, ൧൦

Digitized By Kerala Sahitya Akademi

ഹരിദശ്വൻ, സഹസ്രാംശു, സപ്തസപ്തി, മരീചിമാൻ,
ത്വഷ്ടാവി, രുട്ടകററുന്നോൻ, ശംഭു, മാർത്താണ്ഡനം, ശുമാൻ,
ഹിരണ്യഗർഭൻ, ശിശിരൻ, തപനൻ' ഭാസ്കരൻ, രവി,
അദിത്യാത്മഭവൻ; ശംഖൻ, സിഗർഭൻ, ഹിമാപഹൻ, ൧൨
വ്യോമനാഥൻ, തമോഭേത്താവു, ഋഗ്യജുസ്സാമപാരഗൻ,
ഘനവൃഷ്ടി, പയോമിത്രം, വിന്ധ്യവീഥിപ്ലവംഗമൻ,
മൃത്യു, മണ്ഡലി, വെല്ലുള്ളോൻ, പിംഗളൻ, സർവതാപനൻ,
കവി, വിശ്വൻ, മഹാധാമാ, രക്തൻ, സർവഭവോദ്ഭവൻ, ൧൪
നക്ഷത്രഗ്രഹതാരങ്ങൾക്കീശ്വരൻ, വിശ്വഭാവനൻ,
തേജസ്സുകൾക്കും തേജസ്വി; ദ്വാദശാത്മൻ, നമോസ്തു തേ!
നമിയ്ക്കാമുദയാദ്രിയ്ക്കു; ചരമാദ്രിയ്ക്കു കുമ്പിടാം;
ജ്യോതിർഗ്ഗണാധിപതിയാം ദിനനാഥനു കുമ്പിടാം! ൧൬
ജയനു, ജയഭദ്രനു, ഹര്യശ്വനു നമോ നമഃ,
നമോ നമസ്സഹസ്രാംശുവിയ്ക്കാ,ദിത്യനു നമോ നമഃ!
നമസ്സുഗ്രനു വീരനു; സാരംഗനു നമോ നമഃ;
നമഃ പത്മപ്രബോധനു; മാർത്താണ്ഡനു നമോ നമഃ! ൧൮
ബ്രഹ്മേശനു, ച്യുതേശനു, സൂര്യനാ,ദിത്യഭാസ്സിനും,
ഭാസ്വാനു സർവഭക്ഷനു, രൌദ്രമൂർത്തിയ്ക്കു കുമ്പിടാം!
ഹിമഘ്നന്നു,മിതാത്മാവിന്നു,രിഘ്നനു, തമോഘ്നനും,
കൃതഘ്നഘ്നനു, ദേവനും, ജ്യോതിർന്നായകനും നമഃ! ൨൦
ഹരിയ്ക്കു, തപ്തവർണ്ണനു, വിശ്വകർമ്മാവിനും നമഃ
വഹ്നിയ്ക്കു, തിമിരഘ്നനു, ലോകസാക്ഷിയ്ക്കു കുമ്പിടാം!
ലോകം മുടിയ്ക്കുന്നിതിവൻ; സൃഷ്ടിപ്പിതിതുതാൻ പ്രഭു;
മൂടേകനു, വാട്ടനു, വർഷിപ്പൂ രശ്മിയാലിവൻ. ൨൨
ഉറങ്ങും ലോകരിലു,കത്തുണർന്നുമരുവോനിവൻ;
അഗ്നിഹോത്രമിവൻ തന്നെ,യഗ്നിഹോത്രിഫലങ്ങളും.
വേദവും യജ്ഞവുമിവൻ, യജ്ഞത്തിന്റെ ഫലങ്ങളും;
ലോകത്തിലുള്ള കൃത്യങ്ങൾക്കൊക്കെയും പ്രഭവീ രവി! ൨൪

Digitized By Kerala Sahitya Akademi

ആപത്തികൾക്കഴപ്പത്തിൽദ്ദുർഗ്ഗമത്തിൽബ്ഭയത്തിലും
ഇവനെക്കീർത്തനം ചെയ്യോനിടിവേല്ക്കില്ല രാഘവ;
പൂജിയ്ക്കുകളുറപ്പിച്ചീ ലോകേശൻ ദേവദേവനെ.
ഇതു മൂന്നുരു ചൊന്നാൽ നീ പോർകളിൽജ്ജയമാർന്നിടും; ൨൬
ഇക്ഷണത്തിൽ മഹാബാഹോ, കൊല്ലും രാവണനെബ്ഭവാൻ."
എന്നോതി വന്നവഴിയേ നടകൊണ്ടാനഗസ്ത്യനം.
ഇതു കേട്ടു മഹാതേജസ്സുഴലററവനായ് തദാ;
ധരിച്ചാനതു സംപ്രീത്യാ,പ്രയതാത്മാവു രാഘവൻ; ൨൮
ആദിത്യനെപ്പാർത്തു ജപിച്ചുംകൊണ്ടാനതിഹർഷവും.
മൂവ്വട്ടമാചമിച്ചിട്ടു ശുദ്ധ്യാ വില്ലേന്തി വീര്യവാൻ
പ്രഹൃഷ്ടനായ് രാവണനെപ്പാർത്തെത്തുത്താൻ രണത്തിനായ്;
ഉറച്ചാനവനെക്കൊൽവാനേ,തു വമ്പണി ചെയ്തുമേ. ൩൦

ഹൃദി തെളിവൊടതീവ കോൾമയിർക്കൊ-
ണ്ടഥ രവി രാമനെ നോക്കിയൊന്നുരച്ചു,
സുരനികരനടുക്ക നിന്നു നക്ത-
ഞ്ചരപതിനാശമറിഞ്ഞു, 'വെമ്പുകെ'ന്നായ്. ൩൧

— o —

ഒരുനൂററെട്ടാം സർഗ്ഗം: നിമിത്തപ്രാദുർഭാവം.

— * —

മാററാർപ്പടയെ മർദ്ദിയ്ക്കുമത്തേരമ്പുററ സാരഥി—
ഗന്ധർവ്വനഗരം പോലായ്,ക്കൊടിക്കൂറയുയർന്നതായ്,
ഗുണം തികഞ്ഞ പൊന്മാലയണിയശ്വങ്ങൾ ചേർന്നതായ്,
അടക്കോപ്പൊക്കയും ചേർന്ന, കൊടിക്കാലുകൾ നിരന്നതായ്, ൨
പാർ മുഴക്കുന്നതായ്, വാനം വിഴുങ്ങുംമട്ടിലുള്ളതായ്,
അരിസേനയ്ക്കുരതിയും നിജസേനയ്ക്കു ഹർഷവും
ചേർപ്പതാം രാവണൻതൻ തേർ—തെളിച്ചാനാശു സാരഥി.
ഉരമ്പി വന്മാറെററാലി പൂണ്ടാശു നേരിട്ടടുപ്പതായ് ൪

Digitized By Kerala Sahitya Akademi

കണ്ടു മനുഷ്യേശ്വരനാ രാക്ഷസേശന്റെ തേരിനെ.
കറുത്തശ്വങ്ങളെപ്പൂട്ടി,ക്കട്ടംതേജസ്സിയന്നതായ്,
മിന്നൽക്കൊടി നിറഞ്ഞി,ന്ദ്രവിൽനേർവില്ലുല്ലസിച്ചതായ്,
പേമാരി വാരിദം പോലേ ശരമാരി പൊഴിച്ചതായ് ന്ദ
കാറൊത്തതാമാ വൈരിത്തേർ നേരിട്ടേല്പതു കാൺകയാൽ,
വജ്രമേററിട്ടു പിളരും മലയ്ക്കൊക്കുന്നൊരൊച്ചയിൽ,
വളഞ്ഞതർദ്ധേന്ദു പോലായ വില്ലിൽ ഞാണൊലി ചേർത്തുടൻ
ചൊല്ലീ മാതലിയാമിന്ദ്രസൂതനോടൊന്നു രാഘവൻ:- വ്വ
'മാതലേ, നോക്ക,ക്രുദ്ധനോടേ നേരിട്ടും രിപുവിന്റെ തേർ.
വീണ്ടും വൻവേഗമോടിടംചുററി നേരിട്ടമീയിവൻ
തീർച്ചയാക്കിയിരിയ്ക്കുന്നു പോരിലേററു കൊലപ്പെടാൻ!
അതിനാൽപ്പിഴയാതെ ചെന്നെതിർക്ക രിപുവിന്റെ തേർ; ഫ0
ഉടച്ചിടട്ടെ ഞാൻ, പൊങ്ങും കാറിനെക്കാററു പോലവേ.
പരുങ്ങാതു,ശിർകേടേശാതു,മംകൺപതറലെന്നിയേ,
കടിഞ്ഞാൺവലി തൊറാതേ രഥമാശു തെളിയ്ക്ക നീ.
ഇന്ദ്രന്റെ തേർ തെളിപ്പോനാം നിന്നോടില്ലൊന്നുമോതുവാൻ,
പോരിന്നേകാഗ്രനാപ്പിയ്ക്കയാണു, ശാസിയ്ക്കയല്ല ഞാൻ!'

രാമന്റെയാ വചസ്സാലേ ഇഷ്ടനായിട്ടു മാതലി
തെളിച്ചുകൊണ്ടുടൻ പള്ളിത്തേർ സുരസാരഥിസത്തമൻ:
രാവണന്റെ മഹത്താം തേരിടത്താക്കിച്ചുമച്ചവൻ, ഫർ
ചക്രം പൊങ്ങിച്ച പൊടിയാൽ മൂടീ രാവണനെത്തുലോം.
ചൊടിച്ചഥ തുടുംകണ്ണിട്ടുരുട്ടിദ്ദശകന്ധരൻ
തേർക്ക നേരിട്ട രാമങ്കലാഞ്ഞെയ്തു സായകങ്ങളെ.
കേററം പൊറാഞ്ഞു കോപത്താൽധൈര്യമുൾക്കൊണ്ടു രാമനും
എടുത്തു പോരിലൂക്കേററമാർന്ന മാഹേന്ദ്രചാപവും,
സൂര്യാംശു പോലെ വിലസുമൂക്കേറിയ ശരങ്ങളും.
തുടർന്നു പെരുതാം യുദ്ധം, തമ്മിൽക്കൊൽവാൻ കൊതിപ്പവർ,
പരസ്പരം നേർത്തു,കാട്ടമിരുസിംഹങ്ങൾ പോലവേ, ഫവ്വ

Digitized By Kerala Sahitya Akademi

വന്നെത്തീ ദേവഗന്ധർവ്വർ സിദ്ധന്മാരൃഷിമുഖ്യരും
ഇരുതേർപ്പോരു കാണ്മാനായ്, രാവണക്ഷയകാംക്ഷികൾ.
ഘോരോല്പാതങ്ങളുണ്ടായി കോൾമയിർക്കൊള്ളുമാറുടൻ,
രാവണന്നു വിപത്തിന്നും, രാഘവന്നു ജയത്തിനും: ൨൦
രാവണന്റെ രഥത്തിന്മേൽച്ചോര പെയ്തു വലാഹകം;
കടുത്ത ചുഴലിക്കാറ്റുമിടംചുററിയടിയ്ക്കയായ്;
വാനത്തു വട്ടംവെച്ചുംകൊണ്ടുരത്ത കഴുകങ്ങളും,
അവന്റെ തേർ നടന്നിട്ടമിടത്തെല്ലാം പറക്കയായ്; ൨൨
ചെമ്പരത്തിമലർക്കൊക്കും സന്ധ്യയാലേ പരീതയായ്,
അനൃജ്ജപചിത പോലായി ശ്രീമല്ലങ്കയഹസ്സിലും;
ഒച്ച വായ്ചിടിവെട്ടോടെ ചാടീ വങ്കൊള്ളിമീനുകൾ:
മാഴ്കിച്ചിതവ, പൌലസ്ത്യപ്രിയശ്രുതങ്ങളരക്കരെ; ൨൪
രാവണൻ ചെന്നിടത്തെങ്ങും കുലുങ്ങിക്കൊണ്ടിതുഴിയും;
പൊരുതും രാക്ഷസർക്കാ, കൈ പിടിയ്ക്കപ്പെട്ടപോലെയായ്;
വെളുത്തി,രുണ്ടും, ചെമ്പിച്ചും, മഞ്ഞച്ചും, രാവണന്റെ മേൽ
കാണായി ഭാസ്കരാംശുക്കൾ, കുന്നിൻധാതുക്കൾ പോലവേ; ൨൬
ഗൃധ്രാനുചിതർ കുറുനരികൾ തീ വമിയ്ക്കുന്ന വായുമായ്
അവന്റെ നേർക്കിരശമായാടരിയിട്ടാരമംഗളം;
നേരിട്ടടിച്ചു പവനൻ, പോരിൽപ്പൊടി പടർത്തിയും
ആ രാക്ഷസാധിരാജന്നു കണ്ണുകാണാതെയാക്കിയും. ൨൮
അവന്റെ പടയിൽച്ചുറ്റുമുതിർന്നിതിടിവാളുകൾ,
അസഹ്യാരാവഘോരങ്ങൾ, ജലദങ്ങളെന്നിയേ.
ദിക്കും പ്രദിക്കുമെല്ലാമേ ക്രൂരിരുട്ടാൽ മറഞ്ഞുപോയ്;
വാനം കാണാവതല്ലാതായ്, വമിച്ചു പൊടിമാരിയാൽ. ൩൦
പറന്നെത്തി കൊട്ടംശാന്തു വിട്ട, വന്റെ രഥോപരി,
ഉഗ്രാഭിലച്ചുകൊണ്ടുഗ്രന്മാരുതപ്പിടകൾ ക്രുദ്ധമായ്;
ജ്വലനാൽത്തിപ്പൊരികളും, കണ്ണിൽനിന്നശ്രുവും സദാ
പെയ്യുമാറവന്റെ യശ്വങ്ങൾ, തീയും വെള്ളവുമൊപ്പമേ! ൩൨



Digitized By Kerala Sahitya Akademi

എന്നിപ്രകാരം വളരെദ്ദുർന്നിമിത്തം ഭയങ്കരം
ഘോരമായുളവായ്വന്നു, രാവണന്നു വിപത്തിനായ്.
രാമന്നോ, സുനിമിത്തങ്ങളുണ്ടായ്വന്നു മനോജ്ഞമായ്:
ജയം കുറിയ്ക്കുന്നവയായിരുന്നിതവയൊക്കയും. ൩൪

തൻജയത്തിന്നു സുനിമിത്തങ്ങൾ കണ്ടതിഹൃഷ്ടനായ്
വധിച്ചുപോയ് രാവണനെന്നെന്നുറച്ചിതു രാഘവൻ.
നിമിത്തജ്ഞവരനാറവു, തനിയ്ക്കുദിച്ചതാം
നിമിത്തമെല്ലാം യുധി കണ്ടു രാഘവൻ
പ്രഹൃഷ്ടനായ് നിവൃതി തേടിനാൻ തുലോ;-
മടർക്കെട്ടത്താനതിയായ വീര്യവും. ൩൫

— ※ —

## ഒരുനൂറെറാമ്പതാം സർഗ്ഗം: രാവണവധചുഭാഗം.

— ० —

തുടർന്നു ക്രൂരതരമായ്, രാമരാവണർ തങ്ങളിൽ
പെരിയോരിതുതർപ്പോരു, പാരിന്നൊല്ലാം ഭയങ്കരം.
അപ്പോളരക്കപ്പടയും, മഹാവാനരസൈന്യവും;
ആയുധങ്ങൾ പിടിച്ചെന്നുമനങ്ങീടാതെ നില്പയായ്: ൨
മനുഷ്യ-രാക്ഷസർ ബലാഢ്യർ ചെയ്യുന്നു കാങ്കയാൽ,
അതിൽത്താനാം പതിഞ്ഞെ,ററം വിസ്മയപ്പെട്ടിതവരും;
നാനായുധമണികൈകളിലകാതൽത്തത്തോടേ
പോർ നോക്കി നില്ക്കയേ ചെയ്താർ; പ്രഹരിച്ചില തങ്ങളിൽ;
കാകുത്സ്ഥരാവണന്മാരെ റിടന്നയനങ്ങളാൽ
നോക്കും പ്ലവംഗാരോരർതൻ പട ചിത്രത്തിനൊപ്പമായ്!
അവിടത്തിൽ നിമിത്തങ്ങൾ കണ്ടാ രാവണരാഘവർ
തീപ്പൊരികൊണ്ടു ദൃഢാമർഷർ പൊരുതി പോടിയെന്നിയേ: ൫
ജയിയ്ക്കാമെന്നു കാകുത്സ്ഥൻ, മരിയ്ക്കാമെന്നു രാവണൻ,
തീർമാനം ചെയ്തു യുദ്ധത്തിൽക്കാട്ടീ തൻവീര്യമൊക്കയും:

Digitized By Kerala Sahitya Akademi

ദശാസ്യനരിശത്തോടേ തൊടുത്തു വിശിഖങ്ങളെ
രാമൻെറ തേർക്കൊടിക്കാലിൻ നേർക്കങ്ങാഞ്ഞെയ്തു വീഴ്ത്തുവാൻ. വ
എന്നാലാ, വാസവത്തേരിൻ കൊടിക്കാലണയാതെതാൻ
നിലംപതിച്ചുപോയ്, തേരിൻശക്തിയേററശ്ശരവ്രജം.
വീഴ്ത്തുവാൻ രാമനും പള്ളിവിൽ വലിച്ചു സരോഷനായ്
ചെയ്തതിന്നങ്ങു പകരം ചെയ്‌വാൻ കല്പിച്ചൊരുങ്ങിനാൻ: ൪൦
രാവണൻെറ കൊടിക്കാലിൻ നേർക്കെയ്താൻ ക്രുദ്ധൻ ബാണമുടൻ,
തൻതേജസ്സാൽ ജ്വലിപ്പോന്നു, വമ്പാമ്പിനൊത്തു ദുസ്സഹം.
ദശാസ്യൻതൻ ധ്വജം ഖണ്ഡിച്ചൂഴിയും പൂക്കിതശ്ശരം;
മുറിഞ്ഞു വീണു മന്നിലാ, രാവണരഥധ്വജം. ൪൨
ധ്വജഭംഗം നിരീക്ഷിച്ചു, ബലമേറിയ രാവണൻ
രോഷാമർഷാൽദ്ദഹിപ്പിപ്പോൻ പോലവേ കത്തിയാളിനാൻ:
അരിശം മൂത്തു വളരെശ്ശരം വർഷിച്ചു രാവണൻ
കത്തും കണകളാലെയ്തു രാമൻെറ തുരഗങ്ങളെ, ൪൪
ദിവ്യങ്ങളാ വാജികളാ, വിരളാതിടറാതെയും
സ്വസ്ഥരായ് നിന്നിതു,ല്പിത്താർത്തണ്ടിൻതല്ലേല്ക്കിലാംവിധം!
അത്തുരംഗങ്ങൾതൻ ക്ഷോഭമില്ലാത്ത നില കാൺകയാൽ
വീണ്ടുമേററെച്ചൊടിച്ചമ്പിൻ മഴ പെയ്തിതു രാവണൻ; ൪൬
ഗദാപരിഘചക്രങ്ങളു, മുസലങ്ങളിനെ,
മരങ്ങളും, ഗിരിശൃംഗങ്ങളും, ശൂലവും, വെൺമഴുക്കളും
മായകൊണ്ടു വിനിർമ്മിച്ചു പെയ്താനിശ്ശസ്ത്രവർഷവും,
കൊട്ടംമാറെറാലിയുള്ളൊന്നു, തുമുലോഗ്രം, ഭയങ്കരം. ൪൮
പോരിലബ്‌ഭൂരിശസ്ത്രപ്പെരുമാരി ചെന്നു പതിക്കയായ്,
രാഘവൻെറ രഥം വിട്ടു കപിപ്പടയിലെങ്ങുമേ.
ശരങ്ങളാൽഗ്ഗഗനവുമിടതിങ്ങിയതാക്കിനാൻ:
ബാണങ്ങളായിരം വീതമുത്സാഹക്കരവെന്നിയേ ൫൦
ചൊരിഞ്ഞാനദ്ദശഗ്രീവൻ, നിരാസംഗമനസ്കനായ്.
രാവണൻ പോരിലുഴറി പ്രയത്നിപ്പതു കാൺകയാൽ

Digitized By Kerala Sahitya Akademi

തൊട്ടത്താൻ ക്രുദ്ധബാണങ്ങൾ, പുഞ്ചിരിക്കൊണ്ടു രാഘവൻ;
നൂറുമായിരവും വീതം വിട്ടാൻ പോരിലവൻ ശരം; ൨൨
അതു കണ്ടിട്ടു, തന്നമ്പാൽ മൂടി വാനിനെ രാവണൻ.
അമ്മട്ടവർ ചൊരിഞ്ഞോരു മിന്നുന്ന ശരമാരിയാൽ,
മിന്നും വാന,മ്പിനാൽത്തീർത്ത രണ്ടാം വാനെന്നപോലെയായ്!
തെററീല, പിളരാഞ്ഞീലാ, പാഴായീലൊരു ബാണവും; ൨൪
തങ്ങളിൽ ഗ്ഗാഢമായ് ക്കൂട്ടി മുട്ടിപ്പാരിൽപ്പതിച്ചുപോയ്,
രാമരാവണരമ്മട്ടു പോരിങ്കൽത്തൂകുമമ്പുകൾ.
പോരാടിനാരി,ടവിടാതിടംവലവുമെയ്യുവോർ:
നഭസ്സവർ ശരൌഘത്താൽ വീർപ്പുമുട്ടിയതാക്കിനാർ!
രാഘവൻ രാവണാശ്വത്തെ, രാഘവാശ്വത്തെ രാവണൻ
എയ്താർ തമ്മിൽച്ചെയ്തതിന്നു പകരം ചെയ്തുകൊണ്ടവർ.
ഇമ്മട്ടവരതിക്രുദ്ധരെട്ത്തെപ്പട വെട്ടിനാർ;
കോൾമയിർക്കൊള്ളുമാറൊ,ട്ടുനേരം തുമുലമായ് രണം. ൨൭

കരുത്തർ ക്രൂരമ്പുകൾകൊണ്ടു പോരടി-
ച്ചിതാഹവേ, രാവണലക്ഷ്മണാഗ്രജർ;
തദാ ധ്വജം വീണതിനാലരക്കർകോൻ
രഘൂത്തമാങ്കൽച്ചൊടി കൊണ്ടിതേററവും.

—:*:—

ഒരുനൂററിപ്പത്താം സർഗ്ഗം: രാവണശിരശ്ഛേദനം.

— : * : —

പോരിലങ്ങു പൊരുതുമാ രാമരാവണരെത്തദാ
വിസ്മിതസ്വാന്തരായ് നോക്കിനിന്നു, ദേഹികളൊക്കയും.
രണ്ടുപേരുടെയും വൻതേർ തമ്മിൽച്ചെന്നേറുമുട്ടിയും,
തമ്മിൽച്ചോടിച്ചും, പടയിൽപ്പരിക്കുകൾ പെടുത്തിയും, ൨
തമ്മിൽക്കൊൽവാനൊരുമ്പെട്ടും ഭയസന്ദായിയായ് ത്തുലാം;
പാച്ചിൽ, വട്ടംതിരിയലും, ചെല്ലലും, പിന്തിരിയലും,

Digitized By Kerala Sahitya Akademi

സൂതൻ തെളിയ്ക്കയാലേവം കാട്ടീ വിവിധമാം ഗതി.
രാവണൻ രാഘവനെയും, രാമൻ രാവണനേയുമേ
ആഞ്ഞെയ്തിട്ടേ,ല്ക്ക പിന്മാറുകിയ്യാശുഗതി തേടിനാർ.
ശരൌഘം തൂകമവർതൻ പള്ളിത്തേർകളൊരേവിധം,
മഴ പെയ്യും രണ്ടുകാർ പോലടർമന്നിൽ നടക്കയായ്.
അവയേവം വിവിധമാം ഗതി കാണിച്ചു സംഗരേ
രണ്ടും തങ്ങളിൽ നേരിട്ടു നിലകൊണ്ടിതു വീണ്ടുമേ.
നുകം നുകത്തൊടും, വാജിമുഖം വാജിമുഖത്തൊടും
കൊടി ചേർന്നു കൊടിയൊടു,മത്തേർകളുടെ നില്പതിൽ.
പിന്നീടു, രാമൻ വിൽ വിട്ട മിന്നും കൂർത്ത ശരങ്ങളാൽ,
നാലിനാൽപ്പിന്നടത്തിച്ചു രാവണാശ്വങ്ങൾ നാലിനെ.
അശ്വങ്ങൾതൻ പിന്നടയാലരിശം സഹിയാതെയായ്
ചൊരിഞ്ഞാൻ കൂർത്ത ബാണങ്ങൾ കാകുത്സ്ഥങ്കൽദ്ദശാനനൻ.
എന്നാൽ,ബ്ബലം വായ്ച ദശഗ്രീവൻ പെരികെയെയ്കതിൽ
കാകുത്സ്ഥന്നുളവായീലാ നൊമ്പരലാ, ഭാവഭേദമോ!
ഇടിത്തീ വീഴ്കതിന്നൊപ്പമിരമ്പം പെട്ടമ്പുകൾ
വീണ്ടുമെയ്താൻ, കുലിശഭൃത്സൂതൻതൻ നേർക്കു രാവണൻ.
എന്നാൽ,ശ്ശരങ്ങൾ വമ്പിച്ചൊത്തൂക്കൊടെ മെയ്യിലേററതിൽ
കണ്ടീല മുറിവോ നോവോ തരിമ്പും പോരിൽ മാതലി.
തൻെറ കാര്യത്തിലത്രയ്ക്കില്ലി,ദ്ദസൂതനെയെയ്കതിൽ
ചൊടിച്ചമ്പുകളാൽപ്പിന്തിരിവാങ്ങിച്ചു വൈരിയെ രാഘവൻ.
മുപ്പതെന്നോ,രുപതും നൂറുമായിരവും ശരം.
ചൊരിഞ്ഞൂ രാഘവൻ വീരനരിതൻ തേരിലേയ്ക്കുടൻ;
അതിൽച്ചൊടിച്ചു തേരാളു രാവണാശരനായകനും
ഗദാമുസലവർഷത്താൽ വലച്ചാൻ യുധി രാമനെ;
നടന്നു കോൾമയിർക്കൊള്ളുമാററുമുലവമ്പട.
ഉലയ്ക്കയും പരിഘവും ഗദയും പായുമൊച്ചയാൽ,
ശരപുംഖക്കാററിനാലും കലങ്ങി കടലേഴുമേ;

Digitized By Kerala Sahitya Akademi

കടൽക്കലക്കമതിലോ, പാതാളസ്ഥിതരാകവേ
വലഞ്ഞുപോയീ, ദൈതേയനാഗരായിരമായിരം.
കലുങ്ങീ മലവങ്കാട്ടുകാടൊത്ത മഹിയൊക്കയും;
നിറംകെട്ടു കതിരവൻ; വീശാതായീ സമീരണം.
അന്നേരം ദേവഗന്ധർവ്വസിദ്ധന്മാരൃഷിവര്യരാ
ചിന്തയിൽപ്പെട്ടിതെല്ലാരും, കിന്നരോരഗമുഖ്യരും:
'നന്മ ഗോക്കൾക്കു വിപ്രർക്കും! നിലനില്ക്കട്ടെ പാരുകൾ!
ജയിക്കു പോരിൽക്കാകുത്സ്ഥൻ രാവണാദ്യരനാഥനെ!'
എവം ജപിച്ചുകൊണ്ടത്രേ കണ്ടു ദേവർഷിമാരവർ
രാമരാവണർതൻ യുദ്ധമത്യുഗ്രം, രോമഹർഷണം.
അപ്സരോഗണഗന്ധർവ്വർ നിസ്തുലപ്പട കാൺകയാൽ,
'ആകാശമാകാശസമം; കടലോ കടൽ പോലവേ;
രാമരാവണർതൻയുദ്ധം രാമരാവണതുല്യമേ!'
എന്നോതിക്കൊണ്ടു പാർത്താരാ രാമരാവണസംഗരം.
അഷാ രാമൻ മഹാബാഹു രഘുകീർത്തിവിവർദ്ധനൻ
പാമ്പൊളിക്കത്തിയമ്പൊന്നു പള്ളിവില്ലിൽത്തൊടുത്തുടൻ
ശ്രീമത്താം രാവണശിരസ്സറുത്താൻ ദീപ്തകുണ്ഡലം;
അശ്ശിരസ്സഴിഞ്ഞുമൽ വീണതീക്ഷിച്ചു പാർകൾ മൂന്നുമേ.
ഉളവായ് മറ്റൊരു തല രാവണനു, തു പോലെതാൻ:
ക്ഷിപ്രമേ, ക്ഷിപ്രകരനാം ക്ഷിപ്രകാരി കകുത്സ്ഥജൻ
ആ രണ്ടാം രാവണശിരസ്സറുത്തു പോരിലമ്പിനാൽ.
അശ്ശിരസ്സററമാത്രയ്ക്കു കാണായ് മറ്റൊന്നു വീണ്ടുമേ;
അതും വജ്രാഭബാണങ്ങൾകൊണ്ടറുത്തു കകുത്സ്ഥജൻ.
ഇമ്മട്ടറുത്താനൊരുനൂററൊന്നൊരേതരമാം തല;
എന്നാൽക്കണ്ടീല തീർമാനം ദശഗ്രീവന്റെ മൃത്യുവിൽ!
സർവ്വാസ്ത്രകുശലൻ, വീരൻ, കൌസല്യാനന്ദവർദ്ധനൻ,
വളരെബ്ബാണമുടയോൻ ചിന്തയിൽപ്പെട്ടു രാഘവൻ:-
'ഏവയാൽച്ചത്തു മാരീചനെ, വയാൽ ഖരദൂഷണർ,

Digitized By Kerala Sahitya Akademi

വിരാധൻ ദണ്ഡകക്കാട്ടിൽ,ക്രൌഞ്ചക്കണ്ടിൽക്കബന്ധനും,
അസ്സായകങ്ങളിവ മേ, പോരിൽ വിശ്വാസമുള്ളവ ൩൨
രാവണങ്കൽ ഫലിയ്ക്കാതെപോവാനെന്താണു കാരണം?
എന്നു ചിന്തയിലാപ്പെട്ടു പോരിൽക്കരുതലോടുമേ.
ശരവർഷങ്ങൾ വർഷിച്ചു രാമൻ രാവണനമാറിനായ്.
അതിൽച്ചൊടിച്ചു തേരാണ്ട രാവണാദാനവാധനും. ൩൪
ഗദാമുസലവർഷത്താൽ വലച്ചു യുധി രാമനെ.
നടന്നു, കോൾമയിർക്കൊള്ളുമാറത്യുഗ്രമായ രണം:
വാനിലും, മന്നിലും വീണ്ടും മലതൻ മുകൾത്തന്നിലും,
യക്ഷാഹിദേവാസുരരും പിശാചരാക്ഷസരും ൩൬
കണ്ടുനില്ക്കെപ്പൊരിയൊരപ്പോര് നടന്നിതു രാപ്പകൽ.
രാവും പകലുമെന്നില്ല മുഹൂർത്തം ഞൊടിനേരവും
വിരമിയ്ക്കാതെതാൻ നിന്നു രാമരാവണസംഗരം.

ദശരഥസുത-രാക്ഷസേന്ദ്രരിൽ-
ജ്ജയമില്ല രാമനു കണ്ടിടാനാപ്പോരിൽ,
സുരവരരഥസൂതനാ മഹാ-
നടരതിൽവെച്ചുവിട്ടത്തെ ടാശു ചൊന്നാൻ. ൩൭

— * —

ഒരുനൂററിപ്പത്തിനൊന്നാം സർഗ്ഗം: രാവണവധം.

---:*:---

ഓർമ്മപ്പെടുത്തിനാനൊരു രഘുപുത്രനെ മാതലി:—
'അറിയാപ്പോലെ,വനെയെന്തനുവർത്തിപ്പു വീര, നീ?
അവന്നു കൊൽവാനായി,വരനിൽ ബ്രഹ്മാസ്ത്രത്തെയ്യുവാൻ പ്രഭോ;
ഇപ്പോളാകുന്നു, ദേവന്മാർ കഥിച്ചു മൃതികാലവും.' ൨
എന്നീ മാതലിതൻവാക്കാലോർമ്മ തേടിയ രാമനും
കൈക്കൊണ്ടാൻ ചീററിടും പാമ്പിനൊത്തൊരു ജ്വലമാം ശരം:
ഇതല്ലോ മുമ്പിവന്നേകിയഗസ്ത്യൻ ഭഗവാനൃഷി;
ബ്രഹ്മാവേകിന വൻബാണമമോഘം പോരിൽ വീഴ്ത്തുവാൻ. ൪

Digitized By Kerala Sahitya Akademi

ഇന്ദ്രന്നുവേണ്ടിപ്പണ്ടോജസ്സേറും ബ്രഹ്മാവു തീൎത്തതാം,
പണ്ടു മൂന്നുലകം വെൽവാനണ്ടർകോന്നു കൊടുത്തതാം;
ഇതിൻ പക്ഷങ്ങളിൽക്കാററു, മുനമേലഗ്നിഭാസ്കരർ,
മെയ്യിൽ വാനം, കനത്തിങ്കൽ മേരു മന്ദരമെന്നിവ; ൬
ത്തുലോം ജ്വലിപ്പതായ്,പ്പൊന്നു ചാൎത്തി, നൽക്കടയുള്ളതായ്,
സമസ്തഭൂതതേജസ്സാൽത്തീൎത്തതായ്,സ്സൂൎയ്യകാന്തിയായ്,
പുകഞ്ഞ കാലത്തീ പോലായ്,ത്തിളങ്ങും ഫണി പോലെയായ്,
ആളാനയശ്വൌഘങ്ങൾക്കുടനുടൻ ക്ഷിപ്രകാരിയായ്, ൮
ഗോപുരം സാക്ഷ മലകളിവയെയും പിളൎപ്പതായ്,
നാനാരക്തങ്ങളാം മേദസ്സും പുരണ്ടതികരാളമായ്
വജ്രസാരം, മഹാനാദം, നാനാസമിതിഭേദനം,
ആരും പേടിയ്ക്കുമാറുഗ്രം, ചീറും പാമ്പെന്നപോലെയായ്, ൧൦
കങ്കഗൃധ്രബകൌഘത്തെ ഘോരരക്ഷോഗണത്തെയും
നിത്യമൂട്ടുന്നതായ്,പ്പോരിൽ കാലനെപ്പോലെ ഭീമമായ്
കപീന്ദ്രപ്രീതികരമായ,രക്കരെ മുടിപ്പതായ്,
വിചിത്രചാരുവാം നാനാതാൎക്ഷ്യപ്പീലിക വെച്ചതായ്, ൧൨
പാരിൽവെച്ചഗ്ര്യമമ്പാണ,മിക്ഷ്വാകുഭയനാശനം,
മാററാൎക്കു പേർകെടുപ്പൊന്നു, തനിയ്ക്കോ ഹൎഷദായകം;
മന്ത്രം ചൊല്ലി, മഹാബാണമതു, രാമൻ മഹാബലൻ
വേദത്തിൽച്ചൊന്നതിൻവണ്ണം തൊടുത്താൻ വില്ലിലൂൎജ്ജി
അശ്രേഷ്ഠമായ വിശിഖം രഘുപുത്രൻ തൊടുക്കവേ [തൻ. ൧൪
ഞെട്ടീ ദേഹികളെല്ലാരേ; കുലുങ്ങിപ്പോയി ഭൂമിയും.
രാവണങ്കൽച്ചൊടിയോടേ, വില്ലു പാരം വലിച്ചവൻ
ആവോളമാക്കമൊന്നോടെറ്റു മൎമ്മത്തെക്കീറുമസ്ത്രരം. ൧൬
അതു, വജ്രധരൻ വിട്ട വജ്രം പോലെ ദുസ്സഹം
പതിച്ചു രാവണോരസ്സിൽ യമൻ പോലനിവാൎയ്യമായ്.
ഏറെയുക്കിൽ വിടപ്പെട്ട ശരീരാന്തവിദസ്ത്രരം
പിളൎത്തിതാദ്ദുരാത്മാവാം രാവണന്റെ തന്റെ മാറിനെ. ൧൮

Digitized By Kerala Sahitya Akademi

ചോര പററിജ്ജവത്തോടേ, ജീവിതം പോക്കമസ്ത്രരം
രാവണൻതന്നുയിർ കവർന്നു,ഴിത്തട്ടിങ്കലാണ്ടുപോയ്;
ഉടൻ രാവണനെക്കൊന്നു, ചോരയാലാർദ്രമസ്ത്രരം
തൊഴിൽ ചെയ്തു ശമിച്ചെത്തി, വീണ്ടും തന്നാവനാഴിയിൽ. ൧൦
അവൻ ഹനിയ്ക്കപ്പെട്ടായുർഭ്രഷ്ടനാംപൊഴുതഞ്ജസാ
വീണു പ്രാണങ്ങളോടൊത്തക്കയ്യിൽനിന്നമ്പുവില്ലുകൾ.
പ്രാണൻ പോയ്, ഭീമവേഗാഢ്യൻ നൈരൃതേന്ദ്രൻ മഹാപ്രഭൻ
മന്നിൽ വീണു രഥാൽ, വജ്രഹതനാം വൃത്രൻ കണക്കിനെ. ൧൧
മന്നിൽ വീണവനെക്കണ്ടു ചത്തുശേഷിച്ച രാക്ഷസർ,
സ്വാമിതൻകൊലയാൽപ്പേടിച്ചരണ്ടെമ്പാടുമോടിനാർ;
ആർത്തുകൊണ്ടവരോടേററു പാദപായുധർ വാനരർ.
ദശാസ്യവധവും രാമജയവും പാർത്തുകാണ്കയാൽ ൧൨
ഹർഷിച്ച കീശർ മററിയ്ക്ക, ലങ്കയ്ക്കോടിനാർ ഭയാൽ,
ഗതിയില്ലാഞ്ഞവരാമായ്ക്കണ്ണീരോലും മുഖത്തൊടും.
അതിലിമ്പത്തൊടലറി ജിതകാശികൾ വാനരർ;
ഘോഷിച്ചു രാമജയവുമാ രാവണവിനാശവും. ൧൩
ഉടൻ മുഴങ്ങീ വാനത്തും സൌമ്യം വാനോർപ്പെരുമ്പറ;
ദിവ്യഗന്ധമണമൊത്തങ്ങു വീശീ സുഖമാരുതൻ.
പൊഴിഞ്ഞു വാനിൽനിന്നപ്പോൾപുഷ്പവർഷമുഴിയിൽ,
രാമൻെറ തേർ മറയുമാറ,ഭിരാമം, സുദുർല്ലഭം. ൧൪
രാഘവസ്തുതിയോടൊത്തു കേൾക്കായ്വന്നു നഭസ്ഥലേ,
മഹാത്മാക്കളാമമരർതൻ നന്നു നന്നെന്ന ഘോഷവും.
പെരുതാം ഹർഷമുളവായ് സുരർക്കും ചാരണർക്കുമേ,
സർവ്വഭീതികരൻ രൌദ്രൻ രാവണൻ ഹതനായതിൽ. ൨൦
വിഭീഷണാംഗദരെയും സുഗ്രീവനെയുമമ്പിനാൽ
തൃപ്തരാക്കി, നിശിചരവ്യാഘ്രനെക്കൊന്നു രാഘവൻ.
പ്രസന്നമായ്ത്തീർന്നിതു ദേവമണ്ഡലം;
തെളിഞ്ഞു ദിക്കൊക്കെ, വിളങ്ങി വാനവും;



Digitized By Kerala Sahitya Akademi

അകമ്പയായ് മേദിനി; കാററു സൌമ്യമായ്;
നിറം കെടാതേ വിലസീ ദിനേശനം. ൩൨

അണഞ്ഞു സുഗ്രീവവിഭീഷണാദ്യരാം
സുഹൃദ്വരന്മാരഥ ലക്ഷ്മണാനുജിതർ
ശരിയ്ക്കു പൂജിച്ചിതു, പോരിൽ വെല്ലുയാൽ-
സ്സഹർഷരായ്,സ്സൌഭഗമാൎന്ന രാമനെ.

യുധി ഹതവിമതൻ, സ്ഥിരപ്രതിജ്ഞൻ,
സ്വജനബലങ്ങൾ ചുഴന്നു ലാലസിച്ചു
രഘുകുലനൃപനന്ദനൻ മഹൌജ-
സ്സ,മരഗണാവൃതനാം വലാരി പോലേ. ൩൪

—*:: *—

ഒരുന്നൂററിപ്പന്തിരണ്ടാം സൎഗ്ഗം: വിഭീഷണവിലാപം.

— : * : —

രാമനിൎജ്ജിതനായ്ച്ചത്തു കിടക്കുന്ന സഹോദരനെ
കണ്ടു,ള്ളൽത്തള്ളലുറ്റത്തിങ്ങി വിലപിച്ചാൻ വിഭീഷണൻ:-
"വീര, വിക്രാന്ത, വിഖ്യാത, വിനീത, നയകോവിദ,
മഹാൎഹശയ്യ, കൊലയേററന്തേ മന്നിൽക്കിടപ്പു നീ, ൨

നെടുതാം തോൾവളയണിക്കയ്യനങ്ങാതെ നീട്ടിയും,
സൂൎയ്യനെപ്പോലെ മിന്നുന്നികിരീടം തെറ്റി നീങ്ങിയും!
അതാണിവന്നത;-ടിയനന്നു ചൊന്നതു വീരനേ,
രുചിച്ചീലിവിടെയ്ക്കല്ലോ, കാമമോഹത്തഴപ്പിനാൽ: ൪

പ്രഹസ്തനും, മദാലിന്ദ്രജിത്തും, മററു ജനങ്ങളും
കുംഭകൎണ്ണൻ, രഥിവരനതികായൻ, നരാന്തകൻ,
താന്താനങ്ങും ഗണിച്ചീലതൊന്നി, വന്നാതതിൻ ഫലം!
പോയ്പ്പോയ് നയങ്ങൾതൻ സീമ; പോയ്പ്പോയ് ധൎമ്മകളേബരം;
പോയ്പ്പോയ്കരുത്തിൻസംക്ഷേപം; പോയ്പ്പോയീ സ്തുതിഗോചരം;

Digitized By Kerala Sahitya Akademi

ആദിത്യൻ വിളർത്തുപോയ് മന്നിൽ;-ചന്ദ്രൻ ധ്വാന്തത്തിലാണ്ടു
കെട്ടുപോയീ ഹുതവഹനു;-ത്സാഹമിളകാതെയായ്, [പോയ്;
ശസ്ത്രപാണികളിൽ ശ്രേഷ്ഠനീ വീരൻ മന്നിൽ വീഴ്കയാൽ! ൧൯
ബാക്കിയെന്തു, ബലം കെട്ട ലോകത്തിന്നിങ്ങു സാംപ്രതം?
പൊടിയിൽപ്പള്ളികൊൾകയാണല്ലോ, പോരിലരക്കർകോൻ!

ധൈര്യക്ഷമതന്തും, ഹാരമായ നൽപ്പൂ,
തപക്കരുത്തും, ദൃഢശൌര്യദേവതം
ചേർന്നോരു രക്ഷോധിപതുംഗവൃക്ഷം
രാമാനിലോന്മൂലിതമായ് രണത്തിൽ! ൨൦

വംശൌഘവംശം, പൊടിയായ കീർത്തി,
തേജോവിഷാണം, തെളിവായ തുമ്പി—
ഇമ്മട്ടിലാം രാവണമത്തഹസ്തി-
യിക്ഷ്വാകുസിംഹാർദ്ദിതമായ്പ്പടിഞ്ഞു!

പരാക്രമോത്സാഹമഹാർച്ചി, തൻകൈ-
ല്പാകുന്ന ധൂമം, നെടുവീർപ്പുധൂമം,
പ്രതാപവും താവിന രാക്ഷസാഗ്നി-
തണ്ണെക്കെട്ടു യുധി രാമമേഘം! ൨൧

അരക്കരാം വാലഥ പൂണ്ട കൊമ്പു-
പൊരുത്താൻ, ദംഷ്ട്രജ്ജിത്തു, വധത്തിൽ മുമ്പൻ,
രക്ഷോവൃഷൻ മാദപരാക്രമനേത്രൻ
ചത്തു നൃപവ്യാഘ്രവിഹിംസനത്താൽ!”

അർത്ഥസുവ്യക്തിയും തക്ക യുക്തിയും ചേർന്ന ഭാഷിതം
മാലാണ്ടു ചൊല്ലുന്ന വിഭീഷണനോടോതി രാഘവൻ:- ൨൨
“യതിയ്ക്കാഞ്ഞല്ലിവൻ ചത്തു, യുദ്ധത്തിൽച്ചണ്ഡവിക്രമൻ;
അത്യുന്നതമഹോത്സാഹൻ ക്രസാതേ വീണതാണിവൻ.
മാർഗ്ഗമാറില്ലിതിൻവണ്ണം, ക്ഷത്രധർമ്മധരർ ചത്തതിൽ:
മേന്മ കാംക്ഷിച്ചുകൊണ്ടല്ലോ വീഴുന്നു, പോർനിലത്തവർ. ൨൩

Digitized By Kerala Sahitya Akademi

ധീമാനെവൻ വിറപ്പിച്ചു പോരിൽസ്സേന്ദ്രത്രിലോകിയെ,
അവൻ മരിച്ച കാൎയ്യത്തിൽ മാഴ്കീടുന്നതയുക്തമാം.
ഉണ്ടായിട്ടില്ല പണ്ടെന്നും യുദ്ധത്തിൽപ്പതിവായ് ജയം;
മാററാർ കൊല്ലുകിലാം; വീരൻ മാററാരെ യുധി കൊല്കിലാം.

ഇതല്ലോ പൂൎവ്വകാദിഷ്ടം ക്ഷത്രിയക്കൊത്തതാം ഗതി;
ക്ഷത്രിയൻ പടയിൽച്ചത്താൽ മാഴ്കൊല്ലെന്നാണു നിശ്ചയം.
ഈ നിശ്ചയം നിരൂപിച്ചു, തത്ത്വമോൎത്ത്,ത്തൽ വിട്ടടൻ
ഇതിങ്കലിനി വേണ്ടുന്ന കാൎയ്യം ചിന്തിച്ചുറയ്ക്ക നീ." ൨൦

ആച്ചൊന്ന വീരനാം രാജപുത്രനോടു വിഭീഷണൻ
മാലിൽ വെന്തോതിനാൻ, മേലിൽ വേണ്ടും ഭ്രാതൃഹിതത്തിനെ:-

'മുമ്പിപ്പുമാൻ പോരിൽ മടങ്ങിയിട്ടി-
ല്ല,മൎത്ത്യർ ചേരും വലവൈരിയോടും;
രണത്തിലിന്നങ്ങയൊടേററു തോററു,
കരയ്ക്കടുക്കും കടലെന്നപോലെ.

ദാനങ്ങൾ ചെയ്താനിവനൎത്ഥികൾക്കു;
ഭോഗം ഭുജിച്ചാൻ; ശ്രിതരെബ്ഭരിച്ചാൻ;
ധനങ്ങൾ കൂട്ടാളികളിൽച്ചൊരിഞ്ഞാൻ;
മാററാരിലേററം പക വീട്ടിവിട്ടാൻ.

ഇങ്ങോർ മഹാതാപസനാ,ഹിതാഗ്നി,
വേദാന്തവിത്തു,ത്തമകൎമ്മശൂരൻ;
പഞ്ചത്വമാൎന്നോരിവനൊത്ത കൃത്യം
ഞാൻ ചെയ്തുകൊള്ളട്ടെ തവ പ്രസാദാൽ.' ൨൧

ഇവണ്ണമാം ദീനവചസ്സിനാലേ
വിഭീഷണൻ നേർ്റിയിച്ചനേരം,
മഹാശയൻ രാജസുതൻ വിധിച്ചു,
വിണ്ണോറുമാധാനമദീനസത്ത്വൻ:

Digitized By Kerala Sahitya Akademi

"ചാവോളമല്ലോ വൈരങ്ങൾ; നമ്മൾ സാധിച്ച കാൎയ്യവും;
സംസ്കാരം ചെയ്കിവന്നി;-ന്നാളങ്ങയ്ക്കാംമട്ടെനിയ്ക്കുമേ!" ൨൩

—:*:—

## ഒരുനൂററിപ്പതിമൂന്നാം സൎഗ്ഗം: രാവണാന്തഃപുരസ്ത്രീവിലാപം.

—*—

രാവണനന്നു മഹാത്മാവാം രാമനാൽക്കൊലപെട്ടതായ്
കേട്ടിട്ടന്തഃപുരാൽപ്പോന്നാർ, മാലിൽ വാടും നിശാടിമാർ:
പലവട്ടം തടുത്താലും, മാഴ്കിക്കുന്തലഴിഞ്ഞവർ
ഉരുണ്ടോർ പൊടിയിൽ,ക്കട്ടി ചത്ത പൈക്കൾ കണക്കെയായ്;
വടക്കേഗ്ഗോപുരത്തൂടേ പോന്നരക്കരൊടൊപ്പമേ
ഘോരാഹവം പുക്കാരാഞ്ഞാർ, കൊല്ലപ്പെട്ട മണാളനെ;
അങ്ങാ,യ്യ്പുത്രാ, എന്നും, ഹാ നാഥാ, എന്നും വിളിച്ചവർ
പുക്കാർ, കബന്ധാങ്കിതമായ്ച്ചോരച്ചേറാണ്ട മന്നിടം.
കണ്ണീർ നിറഞ്ഞ കണ്ണോടും ഭർത്തൃദുഃഖാൎത്തമാരവർ,
കൊമ്പൻ പട്ടിഞ്ഞ പിടികൾ പോലേ നിലവിളിയ്ക്കുയായ്.
അവൾ കാണായി മഹാവീൎയ്യൻ കൂററൻ മഹാദ്യുതി
ഹതനാം രാവണൻ മന്നിൽ, നീലാഞ്ജനചയോപമൻ. ൩
പോർപ്പൂഴിയിൽക്കിടക്കുന്നാ ഭൎത്താവെക്കണ്ടു പാഞ്ഞവർ
തന്മെയ്യിൽ വീണാർ, കണ്ടിച്ച കാട്ടുവള്ളികൾ പോലവേ.
ഒരുത്തി ബഹുമാനത്താലവനെപ്പുണ്ടു കേഴ്കയായ്,
ഒരുത്തി കണ്ഠമാലംബിച്ചൊ,രുത്തി കഴൽ പുല്കിയും; ൪
ഒരുത്തി കൈരണ്ടുമെടുത്തുരുണ്ടിതു ധരിത്രിയിൽ;
ഹതന്റെ വദനം കണ്ടിട്ടൊരുത്തി ഗതസംജ്ഞയായ്;
തലയങ്കത്തിൽവെച്ചാസ്യം പാൎത്തു കേണാളൊരംഗന,
മഞ്ഞു തണ്ടലരിൽപ്പോലെ, കണ്ണീർ വാൎന്ന മുഖത്തൊടും. ൫
ഭൎത്താവാം രാവണൻ മന്നിൽ വിഴ്ത്തപ്പെട്ടതു കാണ്കയാൽ
ഇമ്മട്ടാൎത്ത്യാ പെരുത്താൎത്താർ; വിലപിച്ചാർ തുലോം ശുചാ:—

Digitized By Kerala Sahitya Akademi

'ആരിന്ദ്രനെവിറപ്പിച്ചിതാ,ർ വിറപ്പിച്ചു കാലനെ,
ആർ വൈശ്രവണരാജാവെപ്പുഷ്പകാപേതനാക്കിയോ, ൧൨
ഗന്ധർവ്വർക്കും മഹാത്മാക്കളേവർക്കുമൃഷികൾക്കുമേ
ആരേകീ വൻഭയ,മവൻ പോരിൽച്ചത്തുകിടക്കയായ്!
ദേവന്മാരാലസുരരാൽ നാഗപ്പരിഷയാലുമേ
ഭയമൊന്നറിയാത്തുള്ളാൾക്കിതാ, മാനുഷനാൽബ്ഭയം! ൧൪
ദേവാസുരർക്കരക്കർക്കും കൊല്ലാവല്ലാത്തൊരാളിതാ,
കാലാളാം നരനാൽപ്പോരിൽക്കൊല്ലപ്പെട്ടു കിടക്കയായ്!
സുരാസുരർക്കും യക്ഷർക്കും കൊൽവാൻ വയ്യാത്തൊരാളിതാ,
ഏതോ ദുർബ്ബലനെപ്പോലെ കൊല്ലപ്പെട്ടു മനുഷ്യനാൽ!' ൧൬
ഇവ്വണ്ണം പലതും ചൊല്ലിക്കേണാർ തന്നാരിമാരവർ;
വീണ്ടും മാലാൽ വശംകെട്ടു വിലപിച്ചിതു മേല്ക്കുമേൽ:-
'ക്രൂരകാർ പതിവായ്പ്പത്ഥ്യം ചൊന്നതും കേട്ടിടാതെ നീ
ചാവാനായ്സ്സീതയെക്കട്ടു;കൊല്ലിച്ചു യാതുധാനരെ; ൧൮
അവരും ഞങ്ങളും വിത്തപ്പെട്ടിതൊപ്പം ഭവാനുമേ!
ഹിതം ചൊല്ലും പ്രിയഭ്രാതൃവിഭീഷണനെയും ഭവാൻ
കേറിഞെറിപ്പറഞ്ഞല്ലോ, മൌഢ്യത്താൽത്തൻ വധത്തിനായ്!
വൈദേഹിയാം സീതയെ നീ രാമന്നായ്ത്താൻ കൊടുക്കുകിൽ,
നമുക്കെല്ലാമിതേ മാതിരി വരുമായിരുന്നില്ലാ;
തവ സിദ്ധാത്ഥനായേനേ, ബാന്ധവൻ, ക്ഷേമിത്രവും;
വൈധവ്യമെങ്ങൾക്കു വരാതെയായേനേ, മാറ്റാർക്കു തുഷ്ടിയും!
എന്നാൽ,സ്സീതയെ രൌദ്രൻ നീ ബലാൽത്തടവിൽ വെച്ചുയാൽ,
അരക്കർ, ഞങ്ങൾ, നീ, മൂന്നിനേയും വീഴിച്ചിതൊപ്പമേ!
അഥവാ, തവ താന്തോന്നിത്തൊഴിലല്ലാരക്ഷർഷഭ:
എല്ലാം ദൈവം നടത്തിപ്പൂ; ദൈവം കൊന്നോ കൊലപ്പെട്ടു!
വാനരർക്കുമരക്കർക്കും വന്നപോരിലിവിടെയ്ക്കുമേ: ൨൦
നാശമേവം മഹാബാഹോ, ദൈവയോഗാലണഞ്ഞതാം.
അത്ഥത്താലു,ഥ കാമത്താൽ, വീര്യത്താലാ,ജ്ഞയാലുമേ

Digitized By Kerala Sahitya Akademi

നീക്കാവതല്ലൊ,ഝയെട്ട ദൈവേച്ഛയുലകിൽദ്ദൃഢം!'
മാൽ മൂത്തിവണ്ണം വിലപിച്ചാരാ ലങ്കേശനാരിമാർ, ൨൭
ദൈന്യാൽ കരരികാംക്കൊപ്പം, കണ്ണീർ ചിന്നിയ കണ്ണുമായ്.

— ം —

## ഒരുന്തററിപ്പതിനാലാം സർഗ്ഗം: രാവണസംസ്കാരം.

---:*:---

ആ രാക്ഷസവധൂവൃന്ദമാവിധം വിലപിക്കവേ
മൂപ്പാളുമോമനപ്പത്നി കണ്ടു നാഥനെയാൎത്തിയാൽ:
അചിന്ത്യകാരിയാം രാമൻ കൊന്ന നാഥൻദശാസ്യനെ
കണ്ടു മണ്ഡോദരി വശംകെട്ടങ്ങു വിലപിക്കയായ്: ൨
"അഹോ, മഹാഭാഗ, ഭവാൻ ചൊടിച്ചാൽവൈശ്രവണാനുജ:
നേരേനില്പാൻ നടുങ്ങിപ്പോമല്ലൊ പാകാരിപോലുമേ;
മഹാന്മാരാമൃഷികളും, ഖ്യാതഗന്ധർവവൎഗ്ഗവും
നിന്നാൽവ്യഥപ്പെട്ടോടും പാഞ്ഞതല്ലോ ചാരണൌഘവും; ൪
ആ നീ വെറുംമാനുഷനാം രാമനോടേററുതോററതിൽ
നാണിയ്ക്കുന്നീലി,തെന്താവാം രാജാവേ, രാക്ഷസർഷഭ!
വീഴ്ത്താൽ മൂപ്പാരമശേഷാനാം ശ്രീമാൻ ഭൂസുഹന്തങ്ങളെ
വധിച്ചതെങ്ങിനെ,യൊരു കാട്ടതെണ്ടുന്ന മാനുഷൻ? ൬
മനുഷ്യനെത്താത്തേടത്തു നടക്കും കാമരൂപി നീ
രാമനാൽ മരണം പൂകി പോരിലെ,ന്നതു ചേൎന്നിടാ!
വിശ്വസിപ്പീല,നീകാരേ രാമൻ ചെയ്തതിതെന്നു ഞാൻ:
എല്ലാം തികഞ്ഞ നിന്നോടു നേൎത്തുവല്ലോ കടന്നവൻ! ൮
ജലസ്ഥാനത്തുവെച്ചെന്നോ ബഹുരാക്ഷസയുക്തനെ,
നിൻഭ്രാതൃഖരനെക്കൊന്നാന,ന്നേ മാനുഷനല്ലിവൻ!
എന്നോ, സുരകൾക്കും കേറാവല്ലാത്ത ലങ്കാപുരിയ്ക്കകം
കേറി ഹനുമാൻ വീഴ്ത്തതാദ,ന്നേ ദുഃഖത്തിലായി നാം! ൧൦
എന്നോ, വങ്കടലിൽസ്സേതു ബന്ധിച്ചു ഘോരവാനരർ,
അന്നേ, രാമൻ മനുജനല്ലെന്നു തോന്നീ മനസ്സിൽ മേ!

Digitized By Kerala Sahitya Akademi

അല്ലെങ്കിലന്തകൻ താന്താൻ രാമവേഷത്തിൽ വന്നതാം,
അമേയയാം മായയെയും തീൎത്തു നിൻനിധനത്തിനായ്! ൧൨
അല്ലെങ്കിൽശ്ശക്രനാൽത്തീണ്ടപ്പെട്ടിതങ്ങു മഹാബല;
ശക്രന്നു ശേഷിയെങ്ങുള്ളൂ നോക്കാനും പോരിലങ്ങയെ?
കില്ലില്ലി,വൻ മഹായോഗി, പരാത്മാവു, സനാതനൻ,
ആദിമദ്ധ്യാന്തരഹിതൻ, മഹാനെക്കാൾത്തുലോം മഹാൻ, ൧൪
തമമാതീതൻ, വിധാതാവു, ശംഖചക്രഗദാധരൻ,
ശ്രീവത്സവത്സൻ, നിത്യശ്രീയ,ജയ്യൻ,ശാശ്വതൻ,ധ്രുവൻ,
മനുഷ്യരൂപമാൎന്നിട്ടു, വിഷ്ണുസത്യപരാക്രമൻ,
വാനരാകാരരായ്ത്തീൎന്ന വാനോരെല്ലാം ചുഴന്നവൻ, ൧൬
സാക്ഷാൽ സമസ്തലോകേശൻ, ലോകങ്ങൾക്കു ഹിതത്തിനായ്
കൊന്നാന,രക്കരാമാൾക്കാരൊത്തങ്ങയെ മഹാദ്യുതി.
ഇന്ദ്രിയങ്ങളെ വെന്നല്ലോ മൂലോകം വെന്നു, പണ്ടു നീ;
ആ വൈരമോൎക്കയാലാവാം, വെന്നിതിന്നിന്ദ്രിയങ്ങൾ താൻ!
'വൈരം വെടിയണം രാമനോടെന്നായ് ഞാൻ കഥിയ്ക്കവേ,
കൂട്ടാക്കമാറില്ലല്ലോ നീ;യിക്കൈവന്നത,തിൻ ഫലം!
പെട്ടെന്നു സീതയെക്കാമിപ്പോനായ് നീ രാക്ഷസർഷഭ,
ഐശ്വൎയ്യവും ദേഹമിതും തന്നാൾക്കാരും നശിയ്ക്കുവാൻ! ൨൦
അരുന്ധതീരോഹിണിമാരിലുമുൽകൃഷ്ട മൈഥിലി;
ആ മാന്യയെത്തീണ്ടുകയാലകൃത്യം ദുഷ്ട, ചെയ്തു നീ!
ക്ഷമയെക്കാൾ ക്ഷമ, ശ്രീയെക്കാളും ശ്രീ, ഭൎത്തൃവത്സല,
ശൂന്യാരണ്യസ്ഥ, കല്യാണി സീത, സൎവാംഗസുന്ദരി; ൨൨
ദീനയാമവളെ വ്യാജാൽക്കൊണ്ടുപോന്നാത്മദൂഷണ,
വൈദേഹിയോടു ചേരാനുള്ളാക്കാമം സാധിയാതെതാൻ
പതിവ്രതാതപസ്സാൽ നീ വെന്തുപോയ് നൂനമെൻപ്രഭോ!
തന്വംഗിയെത്തീണ്ടിയ നീയപ്പൊഴേ വെന്തിടാഞ്ഞതിൽ ൨൪
നിന്നെപ്പേടിപ്പിതിന്ദ്രാഗ്നിമുഖ്യദേവകളൊക്കയും!
ശരിയ്ക്കനുഭവിയ്ക്കുന്നു പാപത്തിൻ കൊടുതാം ഫലം,

Digitized By Kerala Sahitya Akademi

കാലം വന്നെത്തിയാലപ്പോഠംച്ചെയ്യുവൻ; വാദമില്ലിതിൽ!
ശുഭം ചെയ്യോൻ ശുഭം നേടും; പാപിയോ പാപമേററിടും:വന്നു
വിഭീഷണൻ സുഖം നേടീ; നീ നേടി ദുഃഖമിങ്ങിനെ!
മററു മങ്കകളുണ്ടജ്ഞേയ്ക്കി,തിലും ചന്തമേറിയോർ;
അങ്ങോ, കാമൻെറ കീഴിൽപ്പെട്ടന്ധാളിച്ചറിയാതെപോയ്!
കലത്താലഴകാൽ, വിദ്യാവിരുതാൽ, മീതെയല്ല മേ, ൨൮
സീത തുല്യയുമല്ല;ങ്ങന്നന്ധാളിച്ചറിയാതെപോയ്!
എമ്മട്ടുമേതു ദേഹിയ്ക്കും വരാ മൃതിയഹേതുവായ്;
അങ്ങയ്ക്കു മൃതിയീവണ്ണം പിണഞ്ഞു, സീത ഹേതുവായ്;
സീതയാലുള്ള മൃതിയെദ്ദൂരാൽക്കൊണ്ടിങ്ങു പോന്നു നീ! ൩൦
വൈദേഹിയഴൽ കൈവിട്ടു രാമനൊത്തു രമിച്ചിടും;
അഭാഗ്യ ഞാനോ, കൊടുതാമഴലാഴിയിൽ വീണുപോയ്!
കൈലാസം, മന്ദരം, മേരു,വച്ചൈത്രരഥമാം വനം
വാനോർത്തോപ്പൊക്കെയിവയിലങ്ങയൊത്തു രമിച്ചവഠം, ൩൨
വിചിത്രമാല്യാംബരയായ,തുലശ്രീസമേതയായ്,
ചേരും വിമാനമേറിപ്പോയ് നാനാദേശങ്ങഠം കണ്ട ഞാൻ
കാമഭോഗപരിഭ്രഷ്ടയായല്ലോ വീര, നിൻവധാൽ;
ആ ഞാനേ മറെറാരുവളായ്; മോശ,മൈശ്വര്യമസ്ഥിരം! ൩൪
ഹാ,പുരാനേ, മൃദു, സ്നിഗ്ദ്ധം, സുഭ്രൂ,വുന്നതനാസികം,
കാന്തിലക്ഷ്മീദ്യുതികളാൽച്ചന്ദ്രപത്മാർക്കസന്നിഭം,
കിരീടകൂടോജ്ജ്വലിതം, താമ്രോഷ്ഠം, ദീപ്തകുണ്ഡലം,
മത്താൽക്കണ്ണുഴറിത്തത്തി യാതൊന്നോ പാനഭൂമിയിൽ ൩൬
നാനാസ്രക്ചാരുസുഭഗം വിലസീ സ്മിതഭാഷിയായ്,
അതേതിരുമുഖം ശോഭിയ്ക്കാതെയായ് സാംപ്രതം പ്രഭോ:
രാമബാണങ്ങളാൽ വീണ്ടും, ചോര വാർന്നു നനഞ്ഞുമേ,
മേദസ്സോടു തലച്ചോറും ചിന്നി,ത്തേർപ്പൊടി പററിയും! ൩൮
ഹാ, മേ വൈധവ്യകരമാമന്ത്യാവസ്ഥ പിണഞ്ഞുപോയ്;
ഒരിയ്ക്കലുമിതൊന്നോർത്തിട്ടില്ലല്ലോ, ബുദ്ധി കെട്ട ഞാൻ!



Digitized By Kerala Sahitya Akademi

എന്നച്ഛൻ ദാനവാധീശനെ,ൻഭർത്താവാശരേശ്വരൻ,
എന്നുണ്ണിയിന്ദ്രജിത്തെന്നു തെളിഞ്ഞേനതീവ ഞാൻ; ൪൦
ശൂരർ ദൃപ്താരിമഥനർ, വിഖ്യാതബലപൌരുഷർ,
എങ്ങും നിർഭയരെൻനാഥരെ,ന്നൊത്ത വിശ്വസിച്ചു ഞാൻ.
ഇത്രയ്ക്കുന്നതസ്ഥിയന്നോരാം നിങ്ങൾക്കാശരപുംഗവ;
എവ്വണ്ണം വന്നിതീയാപത്തോരാതൊ,രു മനുഷ്യനാൽ? ൪൨
മാമലയ്ക്കൊത്തു വലുതായ്, സ്നിഗ്ദ്ധനീലാശ്മനീലമായ്,
വൈഡൂര്യാംഗദകേയൂരമുത്തുമാലയണിഞ്ഞതായ്,
ക്രീഡയിൽച്ചാരുതരമായ്,പ്പോർക്കളത്തിൽ ജ്വലിപ്പതായ്,
മിന്നലാൽക്കാറുപോലേതോ ശോഭിച്ചു ഭൂഷണാദിയാൽ, ൪൪
ഇപ്പൊഴത്തിരുമെ തന്നെ തീക്ഷ്ണാസ്ത്രവ്യാപ്തമാകയാൽ
തൊടാവല്ലാത്തതായ് മേലിൽപ്പുണരാനു കഴിയാത്തതായ്:
മർമ്മങ്ങളിൽശ്ശരിയ്ക്കേറ്റ മുള്ളകോലെതിരമ്പുകൾ
നീളെത്തറഞ്ഞു, നിതരാം സ്നായുബന്ധങ്ങളററതായ്, ൪൬
രാജാവേ, മന്നിൽ വീണല്ലോ ശ്യാമമായ്, രക്തവർണ്ണമായ്,
വജ്രപ്രഹരമേററിട്ടു തകന്ന മല പോലവേ.
കില്ലില്ലി,തു കിനാവല്ലോ: നിന്നെ രാമൻ വധിയ്ക്കയോ?
ഭവാൻ മൃത്യുവിനും മൃത്യു, മൃത്യുവിൻകീഴടങ്ങുമോ? ൪൮
മുപ്പാർമുതൽ ഭുജിയ്ക്കുന്നോൻ, മുപ്പാർക്കതിഭയങ്കരൻ,
ദിക്പാലജേതാവു, മഹേശനെ മേല്പോട്ടേറിഞ്ഞവനു,
ഗർവ്വിഷ്ഠരെത്തളച്ചിട്ടോൻ, വിക്രമം വെളിവാക്കിയോൻ,
ഭൂതങ്ങൾ മുറയിട്ടിട്ടുമാറാതത്താനു, പാർ കലക്കിയോൻ, ൫൦
മാററാക്കരികിലോജസ്സാലുദ്ധതോക്തികൾ ചൊല്ലുവോൻ,
തൻബന്ധുഭൃത്യവർഗ്ഗത്തെക്കാത്തവനു, ഭീമവിക്രമൻ,
ദാനവേന്ദ്രരെയും ഭൂരിയക്ഷരെയും വധിച്ചവനു,
നിവാതകവചന്മാരെപ്പാട്ടിൽവെച്ചവനി,ശ്വരൻ, ൫൨
പലയാഗം നശിപ്പിച്ചോൻ, തന്നാൾക്കാരെപ്പുലർത്തിയോൻ,
യുദ്ധത്തിൽ മായ നിർമ്മിപ്പോൻ, ധർമ്മസേതു പിളർത്തവൻ,

Digitized By Kerala Sahitya Akademi

നരാസുരദൈത്യസൽകന്യമാരെത്തേടിക്കവന്നവൻ,
ശത്രുസ്ത്രീകൾക്ക മാൽ ചേർത്താൻ, സ്വജനങ്ങൾക്ക നായകൻ,
ലങ്കയാം ദ്വീപു രക്ഷിച്ചോൻ, ഭീമകൎമ്മങ്ങൾ ചെയ്യുവൻ,
ഞങ്ങൾക്ക കാമഭോഗങ്ങൾ തന്നോൻ, തേരാളിസത്തമൻ;
ഇത്രയും പോന്ന ഭൎത്താവെ രാമൻ കൊന്നതു കാൺകിലും
ഈ മെയ് താങ്ങുന്നതുണ്ടല്ലോ, ഹതകാന്ത കഠോര ഞാൻ! ൧൬
മികച്ച കട്ടിലുകളിൽക്കിടന്നിട്ടാശരേശ്വര,
എന്തീ മന്നിലുറങ്ങുന്നു, പൊടിപററിത്തുടുത്തു നീ?
പോരിലെന്നെൻ കിടാവിന്ദ്രജിത്തിനെക്കൊന്നു ലക്ഷ്മണൻ,
അന്നേ ഞാൻ ഹതയായി;-ന്നോ, വിഴുത്തപ്പെട്ടു തികച്ചുമേ!
ഞാൻ മാഴ്കാ ബന്ധു വേർപെട്ടാൽ; നാഥൻ നീ വിട്ടമൂലമോ,
മാഴ്കിട്ടമേതുകാലത്തും കാമഭോഗവിഹീന ഞാൻ!
പുക്കല്ലോ ദുർഗ്ഗമാം ദീൎഘമാൎഗ്ഗമിന്നു നരേന്ദ്ര, നീ;
കൊണ്ടുപോകെന്നെയും: നീ വിട്ടുയിർക്കൊള്ളില്ല ദീന ഞാൻ!
എന്തിങ്ങു പാവമാമെന്നെ വിട്ടു പോകാൻ നിനപ്പു നീ?
മിണ്ടാത്തതെന്തി, വിലപിച്ചുഴലും മന്ദയോടു നീ?
കണ്ടിട്ടു കോപിച്ചില്ലല്ലീ നീ,യിങ്ങു മറ വിട്ടു ഞാൻ
പുരിയ്ക്കു വെളിയിൽപ്പോന്നു നടന്നേ വന്നതിൽ പ്രഭോ! ൧൭
കാണ്കെ, നിൻഭാൎയ്യമാർ നാണമറ വിട്ടിഷ്ടഭാൎയ്യന,
പുറത്തു പോന്നതെപ്പേരും; കണ്ടിട്ടരിശമില്ലയോ?
അനാഥർ വിലപിപ്പൂ നിൻകളിത്തുണകളാമിവർ;
ഇവൎക്കാശ്വാസമേകാത്തതെന്താണാ,ദരിയാത്തതും? ൧൮
നിന്നാൽ വൈധവ്യമാൎന്നല്ലോ വളരെക്കുലനാരിമാർ,
സതിമാർ, ധൎമ്മപരമാർ, ഗുരുശുശ്രൂഷ ചെയ്യുവോർ;
മാലാളുമവർതൻ ശാപാൽശ്ശത്രുവിന്നടിപെട്ടു നീ;
നിൻദ്രോഹാലന്നവർ ശപിച്ചതത്രേ വന്നു മന്നവ! ൧൯
ഈ ലോകവാദം മുക്കാലും നിങ്കൽത്താൻ സത്യമായ് പ്രഭോ:
'പതിവ്രതകൾതൻ കണ്ണീർ പാഴതേ മന്നിൽ വീണിടാ.'

Digitized By Kerala Sahitya Akademi

എവ്വണ്ണം, ഭൂപ, പാരെല്ലാം തേജസ്സാലക്രമിച്ച നീ
ക്ഷുദ്രം സ്ത്രീമോഷണമിതു ചെയ്തു, ശൌര്യം നടിപ്പവൻ? ൯
രാമനെ സ്വാശ്രമാൽക്കള്ളമാനിനെക്കൊണ്ടകററി നീ
ആ രാമപത്നിയെ ഹരിച്ചതു നിൻഭീരുലക്ഷണം!
അങ്ങയ്ക്കു പോരിൽപ്പിരുതാം ഞാനോക്കുന്നീലൊരിയ്ക്കലും;
ഭാഗ്യക്കേടാലതങ്ങയ്ക്കു വന്നതോ, നാശലക്ഷണം! ൧൦
ഭൂതവും ഭാവിയും വർത്തമാനവും നേക്കറിഞ്ഞവൻ,
മൈഥിലീഹരണം കണ്ടു ചിന്തിച്ചു, നെടുവീർപ്പുമായ്
ചൊല്ലിയല്ലോ മഹാഭാഗൻ, സത്യവാക്കെൻെറ ദേവരൻ;
ആ നാശമത്രേ, നേരിട്ടതാശരേന്ദ്രക്കിതിൻവിധം! ൧൧
കാമക്രോധങ്ങളാലുണ്ടായ്ച്ചേർന്നതാം വ്യസനത്തിനാൽ
വേരററ മഹാപത്തിതാപ്പെട്ടു നീനിമിത്തമേ;
ഈ രാക്ഷസകുലം സർവം നാഥനില്ലാത്തതാക്കി നീ!
അങ്ങുന്നു ശോച്യനല്ലാ മേ വിഖ്യാതബലപൌരുഷൻ; ൧൨
എന്നാൽ, നാരീസ്വഭാവത്താൽ മാഴ്കിപ്പോകുന്നു മേ മനം!
പുണ്യവും പാപവും കൈക്കൊണ്ടാത്മീയഗതി പൂകി നീ;
എന്നെക്കുറിച്ചേ മാഴ്കുന്നേൻ, നിൻനാശാലഴലാണ്ട ഞാൻ!
കേട്ടീലല്ലോ, ഹിതം തേടും ക്രൂരുകാരുടെ വാക്കു നീ, ൧൩
ഭ്രാതാക്കളൊട്ടുക്കു ഹിതം ചൊന്നതും ദശകന്ധര:
ശരിയ്ക്കു യുക്ത്യർത്ഥയുതം സൌമ്യം ശ്രേയോവിധായകം
വിഭീഷണൻ ചൊന്നതു നേക്കൊന്നനുഷ്ഠിച്ചതില്ല നീ:
മാരീചകുംഭകർണ്ണന്മാരെന്നോടുമുരച്ചതും ൧൪
കേട്ടീല, വീര്യമത്തൻ നീ;-യിവണ്ണമിതതിൻ ഫലം!
മഴക്കാർവർണ്ണ, മഞ്ഞപ്പട്ടുടുത്തോനേ, ശുഭാംഗദ,
സ്വാംഗങ്ങളും നീട്ടിയിട്ടെ,ന്തേ പള്ളികൊള്ളുന്നു ചോരയിൽ?
മിണ്ടാത്തതെന്തു,റങ്ങുന്നോൻ പോലെ,ശ്ശോകാർത്തയോടു നീ? ൧൫
പോർ വിട്ടോടാത്ത വീരശ്രീദക്ഷരക്ഷസ്സുതന്നുടെ
മകനാം തൻമകനേ, എന്നെ നോക്കീടാത്തതുമെന്തുവാൻ?

Digitized By Kerala Sahitya Akademi

എണീയ്ക്കു,ണീയ്ക്കു: പുതുതായ്ത്തോൽവി പെട്ടു കിടക്കയോ?
ഇന്നല്ലോ ലങ്കയുംപ്പൂകീ, പേടിയാതക്കരശ്ശികരം! ൮൨
നീയക്കാരോസ്സാം യാതൊന്നാൽപ്പോരിൽ മാററാരെ വീഴ്ത്തമോ,
അപ്പൊന്നണിത്ത്വപ്പരിഘമിതാ, നിന്നാൽസ്സദാർച്ചിതം,
പോരിൽപ്പുരപ്രഹരണം, വജ്രഭ്രദചജ്രസന്നിഭം
ആയിരം കഷ്ണമായ്ച്ചിന്നിയല്ലോ, ബാണങ്ങളേല്ക്കയാൽ. ൮൪
പ്രിയയെപ്പോലടർക്ഷോണിയാളെപ്പുല്കിശ്ശയിപ്പു നീ;
എന്നോട,പ്രിയയോടെന്നപോലെ,ന്തേ മിണ്ടിടാത്തതും?
ഛീ, മാലിൻതെക്കലൊലെൻനെഞ്ചിതൊരായിരമെണ്ണമായ്,
പൊട്ടിത്തെറിപ്പതില്ലല്ലോ, ഭവാൻ തിപ്പെട്ടിരിയ്ക്കവേ!" ൮൬
എന്നെല്ലാം വിലപിച്ചുംകൊണ്ട,ശ്രു തിങ്ങിയ കണ്ണുമായ്;
സ്നേഹത്താലുള്ളുരുകിയദ്ദേവി മോഹിച്ചുവീണുപോയ്!
രാവണോരസ്സിൽ വിലസീ ബോധം കെട്ട തളർന്നവരം,
അന്തിച്ചെമ്മുകിൽതന്മേലൊരൊളിവാർമിന്നൽ പോലവേ. ൮൮
അന്നേരമരികേ ചെന്നാ, വലംകെട്ട സപത്നിമാർ
കേണുകൊണ്ടേ,ററവും കേഴുന്നാളെ ധൈര്യപ്പെടുത്തിനാർ:-
'ദേവി നേക്കറിയുന്നില്ലേ, ലോകത്തിൻ നിലയസ്ഥിരം:
സ്ഥിതിയ്ക്കു മാററമെത്തുമ്പോളിളകും രാജലക്ഷ്മിയും!' ൯൦
ഇവണ്ണമവർ ചൊല്ലുമ്പോളേ,ററം തേങ്ങിക്കരഞ്ഞുപോയ്,
കണ്ണീരൊലിച്ചു ചോർകൊരക രണ്ടുമാറാട്ടമാറവരം.
ഇതിന്നിടയിലേ രാമൻ വിഭീഷണനൊടോതിനാൻ:-
'ജ്യേഷ്ഠന്നു ചെയ്ക സംസ്കാരം! മാററുകീ നാരിമാരെയും.' ൯൨.
ആ രാമനുടെ ചൊൽ കേട്ട വണക്കത്തിൽ വിഭീഷണൻ
പേർത്താലോചിച്ചു ധർമ്മജ്ഞൻ, ധർമ്മാർത്ഥം ചേർന്നൊരുത്തരം,
രാമാനുസരണത്തിന്നുവേണ്ടിത്താനുരിയാടിനാൻ:-
'ക്രൂരനെ,ധർമ്മമററോനെ,ബ്ഭോഷ്കാർന്നോനെ, നൃശംസനെ, ൯൪
പരാംഗനാബാധകനെസ്സംസ്കരിക്കുകയില്ല ഞാൻ:
ഭ്രാതൃരൂപൻ രിപുവെനിയ്ക്കിവൻ, സർവാഹിതോദ്യതൻ;



Digitized By Kerala Sahitya Akademi

രാവണൻ പൂജ്യനല്ലല്ലോ, ഇരുതാൽ പൂജ്യനെങ്കിലും.
നൃശംസനെന്നുരച്ചേയ്ക്കാമെന്നെ മന്നിലാളുകൾ;
ഇവന്റെ തിന്മ കേട്ടാലോ, നന്നായെന്നോത്തുമവരും!'
അതു കേട്ടററമമ്പാർന്ന രാമൻ, ധാർമ്മികസത്തമൻ,
വാക്യജ്ഞൻ വാക്യപടുവാം വിഭീഷണനൊടോതിനാൻ:-
"ഞാൻ ചെയ്യണം താൽ പ്രിയവു;-മെൻജയം തവ മേന്മയാൽ;
തീർച്ചയായ് വേണ്ടതോതേണം ഞാൻ നിന്നോടാരാരശേഷര.
അധർമ്മം ഭോഷ്കുമുടയോനീ നിശാചരനെങ്കിലും,
തേജസ്വി, ബലവാൻ, ശൂരനെന്നും സമരങ്ങളിൽ;
തോററതായ്ക്കേൾവിയില്ലല്ലോ ശക്രാദിസുരർതമ്മൊടും
ബലശാലി, മഹാത്മാവു, രാവണൻ, ലോകരാവണൻ!
ചാവോളമല്ലോ വൈരങ്ങൾ; നമ്മൾ സാധിച്ചു കാര്യവും;
സംസ്കാരം ചെയ്കിവന്നി; ഞങ്ങൾക്കുമെട്ടനിസ്സമം.
ദശാനനൻ നിൻകൈകൊണ്ടു സംസ്കാരം വിധിപോലവേ
നേടേണ്ടോനാണു ധർമ്മജ്ഞ; കീർത്തിമാനായ്വരും ഭവാൻ."
രാഘവൻതന്റെ ചൊൽ കേട്ടു വെമ്പലോടെ വിഭീഷണൻ
ചേരുംമട്ടുള്ള സംസ്കാരം രാവണന്നായ്പ്പെടുത്തിനാൻ:
ലങ്കാപുരത്തിലുൾപ്പുക്കാ രാക്ഷസേന്ദ്രൻ വിഭീഷണൻ
രാവണീയാഗ്നിഹോത്രത്തെക്കൊണ്ടുപോന്നാനതിദ്രുതം;
മരപ്പാത്രങ്ങൾ, ശകട, മമ്മട്ടഗ്നികൾ, യാജകർ,
ചന്ദനത്തിൻവിറകുകൾ, നാനാവിറകുമുട്ടികൾ,-
നറുംമണം പെരുമകിൽ മുതലായ സുഗന്ധികൾ,
പവിഴം, മുത്തുമണിയെന്നിവയും കൊണ്ടു രാക്ഷസൻ
പോന്നാനിത്തിരിനേരത്താലരക്കരൊടു കൂടവേ;
പിന്നീടു മാല്യവാനോടുകൂടി ക്രിയ തുടങ്ങിനാൻ.
വെള്ളവസ്ത്രം ധരിപ്പിച്ചു രാവണാശരനാഥനെ
കേററി പൊമ്പള്ളിമേനാവിൽ, കണ്ണീരും തൂകിയന്തണർ.
മുഴക്കി നാനാവാദ്യങ്ങൾ; കൊണ്ടാടി സ്തുതിപാഠകർ;

ചിത്രക്കൊടിക്കൂറകളാൽ വിചിത്രപ്പൂക്കളാലുമേ
അണിഞ്ഞ മേനാവതെടുപ്പിച്ചുടൻ സവിഭീഷണർ ൫൫൦
വിറകുംകൊണ്ടു തെക്കോട്ടു നടകൊണ്ടാരശേഷരും.
പാത്രങ്ങളിൽജ്ജ്വലിപ്പിയ്ക്കപ്പെട്ടുള്ളഗ്നികളോടുമേ
മുന്നിലായി നടന്നാരാ യാജകന്മാരശേഷരും.
പിമ്പേ നടന്നാരന്തഃപുരനാരികളേവരും, ൫൫൧
വെമ്പലോടേ, കരഞ്ഞും, വീണും നീറിക്കൊണ്ടേ നമ്പോലവേ!
ദശാസ്യനൊട്ടുചിതസ്ഥാനേ വെച്ചു ദുഃഖാർത്തരാമവർ,
രാമച്ചവും പദ്മകവും ചുഴന്നുള്ളോരു പട്ടട
മാന്തോൽവിരിപ്പുമായ്ത്തീർത്താർ ചെമ്മേ ചന്ദനമുട്ടിയാൽ.
കഴിച്ചാരാശരേന്ദ്രന്നു മികച്ച പിതൃമേധവും:
അഗ്നികോണിൽ, യഥാസ്ഥാനം വെച്ചാരഗ്നിയെ വേദിമേൽ;
നിക്ഷേപിച്ചാർ:ചുമൽസ്ഥാനേ തൈർനെയ്യാൽപ്പൂർണ്ണമാം സ്രുവം
ശകടം കാല്ക്കലായ് വെച്ചാർ, തുടകൾക്കു നടുക്കരൽ;
ഉലൂഖലം മരപ്പാത്രങ്ങളാകയും
ഉലയ്ക്കയും യഥാസ്ഥാനം വെച്ചു കർമ്മം നടത്തിനാർ,
ശാസ്ത്രത്തിൽക്കണ്ടതിൻമട്ടും, മഹർഷിവിധിപോലെയും.
അങ്ങു നല്ലാടിനെക്കൊന്നു, രാക്ഷസേന്ദ്രന്നു രാക്ഷസർ ൫൫൨
നെയ്യാൽ നനച്ച വപയെ വെച്ചാർ തിരുമുഖത്തിലായ്.
ഗന്ധമാല്യങ്ങളാൽ നാനാവസ്ത്രത്താലും ദശാസ്യനെ
അണിയിച്ചു,ള്ളരസ്സാന്തർ വിഭീഷണനുമൊത്തവർ
മലരും തൂകിനാരങ്ങു, കണ്ണീരോലും മുഖത്തൊടേ. ൫൫൩
തീ കൊളുത്തുകയും ചെയ്താൻ വിധിപോലെ വിഭീഷണൻ;
കുളിച്ചീറൻതുകിലുമായ്,കരുകപ്പുല്ലൊടൊപ്പമേ
എള്ളും കൂട്ടിയതാം വെള്ളം വിധിപോലെ കൊടുത്തുടൻ,
വീണ്ടും വീണ്ടും സാന്ത്വമോതി, 'പ്പോയ്ക്കൊൾകെ'ന്നാ വധുക്കളെ
തിരിച്ചയച്ചാന;-വരെപ്പേരുമുൾപ്പൂകിനാർ പുരം.
സ്ത്രീജനം പുരി പുക്കാറേ, രാക്ഷസേന്ദ്രൻ വിഭീഷണൻ

Digitized By Kerala Sahitya Akademi

രാമൻെറയരികത്തെത്തി നിന്നുകൊണ്ടോൻ വിനീതനായ്.
രാമനും സേനയോടൊത്തു, സസുഗ്രീവൻ, സലക്ഷ്മണൻ, ൧൨൪
ശത്രുവെക്കൊന്നു ഹർഷിച്ചു, വൃത്രനെശ്ശക്രനാംവിധം.

—:*:—

## ഒരുനൂററിപ്പതിനഞ്ചാം സർഗ്ഗം: വിഭീഷണാഭിഷേകം.

---

രാവണൻെറ വധംകൊണ്ടു ദേവഗന്ധർവ്വദാനവർ
പോയാർ തൻതൻ വിമാനത്തിൽ, സ്സൽകഥാകഥനത്തോടേ:
രാവണൻെറ വധം, ഘോരം രാഘവൻെറ പരാക്രമം,
പ്ലവംഗരുടെ നൽപ്പോരും, സുഗ്രീവനുടെ മന്ത്രവും, ൨
സൌമിത്രിയാം ലക്ഷ്മണൻെറ വീര്യവും സ്നേഹമേന്മയും,
ഹനുമദതിക്രമമതും, സീതതൻെറ സതീത്വവും,
ചൊല്ലി ഹർഷിച്ചു പോയ്ക്കൊണ്ടാർ വന്നാപാടാ മഹാശയർ.
രാമനോ, തീയൊളി പെറുമൈന്ദ്രദിവ്യരഥത്തിനായ് ൪
വിട നല്കി, മഹാഭാഗൻ മാനിച്ചാനിന്ദ്രസൂതനെ. •
രാമനാൽ വിട നല്കപ്പെട്ടിന്ദ്രസാരഥി മാതലി
ആദ്ദിവ്യമായ തേരേറിപ്പൊങ്ങിനാൻ വിണ്ണിലെയ്ക്കുതാൻ.
അദ്ദേവസാരഥിശ്രേഷ്ഠൻ വിണ്ണു കേറിയ ശേഷമോ, ൬
സുഗ്രീവനെത്തഴകിനാനേററമമ്പുററ രാഘവൻ;
സുഗ്രീവനെത്തഴകിയിട്ടങ്ങു ലക്ഷ്മണവന്ദിതൻ
കപിവ്രജത്താൽ മാനിക്കപ്പെട്ടു കൈനില പൂകിനാൻ.
ചൊല്ലിനാൻ രാഘവൻ, ചാരേ നില്പോനായ്സ്സത്വശാലിയാ
സുമിത്രാപുത്രനാം തേജസ്സാളും ലക്ഷ്മണനോടുടൻ:- ൮
'ഈ വിഭീഷണനെ സൈ്വരമഭിഷേചിയ്ക്ക ലങ്കയിൽ,
ഭക്തിയും കൂറുമുള്ളോനെ, സ്സൌമ്യ, പൂർവ്വോപകാരിയെ:
ഇതാണെൻ മുഖ്യമാം കാമ്യ-മെനിയ്ക്കി രാവണാനുജൻ ൧൦
ലങ്കാഭിഷിക്തനായ് സ്സൌമ്യ, കാണാകേണം വിഭീഷണൻ!'
എന്നു രാമൻ മഹാത്മാവു ചൊന്നനേരത്തു ലക്ഷ്മണൻ

Digitized By Kerala Sahitya Akademi

ആമെന്നോതി പ്രഹൃഷ്ടം പൂണ്ടെടുത്താൻ കനകക്കുടം;
അക്കുടം കയ്യിലരുളി മനോജവകപീന്ദ്രരെ,
കടൽനീർ കൊണ്ടുവരുവാനയച്ചാനതിസത്തമവാൻ. ൧൨
അതിവേഗേന പോയിട്ടാ,ക്കരുത്തേറിയ വാനരർ
സമുദ്രജലവും കൊണ്ടു വന്നെത്തി, വാനരോത്തമർ.
പിന്നീടൊരു കുടം കൈക്കൊണ്ടി,രുത്തിപ്പരമാസനേ,
തണ്ണീർകൊണ്ടഭിഷേചിച്ചാൻ വിഭീഷണനെ ലക്ഷ്മണൻ: ൧൪
രാമോക്ത്യാ, ലങ്കയിൽ നിശാചരമദ്ധ്യ യഥാവിധി
രാജാവായ,ഭിഷേചിയ്ക്കപ്പെട്ടാനലംമ്മശീലനാൽ,
മിത്രങ്ങൾ ചുഴലെഴച്ചന്ന ശുദ്ധശീലൻ വിഭീഷണൻ.
ഹർഷിച്ചു തൽസ്സചിവരും തദ്ഭക്തന്മാരരക്കരും ൧൬
വിഭീഷണാശരേന്ദ്രാഭിഷേകം കണ്ടിട്ടു ലങ്കയിൽ.
രാമദത്തം മഹാരാജ്യം നേടിയിട്ടാ വിഭീഷണൻ
നാട്ടാരെയാശ്വസിപ്പിച്ചു രാമന്നരികിലെത്തിനാൻ.
അക്ഷതങ്ങൾ, കൊഴുക്കട്ട, മലർ, ദിവ്യസുമങ്ങളും ൧൮
കാഴ്ചവെച്ചാരവന്നങ്ങു ഹൃഷ്ടരായ്പ്പൌരരാക്ഷസർ.
അവ വാങ്ങി,ദ്ദുരാധർഷനവൻ രാമന്നു നല്കിനാൻ,
മാംഗല്യം മംഗളം' സർവ്വം വിഴ്വവാൻ ലക്ഷ്മണന്നുമേ.
കൃതാർത്ഥനായ്ത്തീർന്ന വിഭീഷണനെ, ക്കൃതകാര്യനെ ൨൦
കണ്ടിട്ടതെല്ലാം കൈക്കൊണ്ടാൻ തൽപ്രീതിയ്ക്കു കകുത്സ്ഥജൻ.
പിന്നെ,ക്കൈക്കൂപ്പിയരികേ നിന്ന കിശനോടോതിനാൻ,
വീരനോടു, മലയ്ക്കൊത്ത ഹനുമാനോടു രാഘവൻ:-
'വിഭീഷണമഹാരാജാനുജ്ഞ വാങ്ങിച്ചു സൌമ്യനേ, ൨൨
ലങ്കയുൾപ്പുക്കു ചോദിയ്ക്കു കുശലം സീതയോടു നീ;
സുഗ്രീവനും ലക്ഷ്മണനും ഞാനും കുശലിയെന്നതും
ചൊല്ക, രാവണനെപ്പോരിൽക്കൊന്നതും ജയിസത്തമ.
ഈ പ്രിയം മൈഥിലിയോടു കഥിച്ചു കപിനായക, ൨൪
പ്രതിസന്ദേശവും വാങ്ങിത്തിരിച്ചുവരികിങ്ങു നീ.'

Digitized By Kerala Sahitya Akademi

## ഒരുനൂററിപ്പതിനാറാം സർഗ്ഗം ഹനുമത്സീതാസംവാദം.

— * —

എന്നു ചൊല്ലിവിടപ്പെട്ട ഹനുമാനനിലാത്മജൻ
പുക്കാൻ ലങ്കാപുരം, നക്തഞ്ചരരാൽ പൂജ്യമാനനായ്;
ലങ്കാപുരം പുക്ക വിഭീഷണാനുമതി വാങ്ങിനാൻ.
അദ്ദേഹത്താലനുജ്ഞാതനാഹനുമാൻ യഥോചിതം
വൃക്ഷവാടിയിലുൾപ്പുക്കാൻ സീതയാൽ വിദിതൻ കപി.
കണ്ടാനവൻ, ഴക്ക നീക്കാത്തോരു മാഴ്കും രോഹിണി പോലെയായ്
മരച്ചോട്ടിലരക്കപ്പെൺനടുക്കമ്പററിരിപ്പതും;
മെല്ലെച്ചെന്നഭിവാദ്യം ചെയ്തവൻ താണു വണങ്ങിനാൻ.
ബലിഷ്ഠനാം ഹനുമാൻ ചെന്നതു കണ്ടിട്ടു ദേവിയോ,
മിണ്ടാതിരുന്നാൾ, കണ്ടോർമ്മിച്ചിട്ടു സന്തുഷ്ടി തേടിനാൾ.
സൌമ്യം തിരുമുഖം കണ്ടു ഹനുമാൻ പ്ലവഗോത്തമൻ
രാമൻെറയരുളപ്പാടെല്ലാമേ ചൊല്ലാനൊരുങ്ങിനാൻ:-
'വൈദേഹി, രാമൻ കുശലി സസുഗ്രീവൻ, സലക്ഷ്മണൻ;
കൃതാർത്ഥൻ കുശലം ചൊൽവൂ, മാററാരെക്കൊന്നരിന്ദമൻ.
വിഭീഷണൻ തുണയ്ക്കൊത്ത രാമൻ ദേവി, സലക്ഷ്മണൻ
പ്ലവംഗരൊത്തു കൊന്നല്ലോ വിശ്വവാനാം ദശാസ്യനെ.
ചൊല്ലുവൻ തേ പ്രിയം ദേവി; വീണ്ടും തേ തുഷ്ടിയേകുവിൻ:
തവ പ്രഭാവാൽ ധർമ്മജ്ഞേ, വൻജയം രാഘവന്നിതാ,
കൈവന്നു പടയിൽസ്സീതേ; സ്വാസ്ഥ്യമാകുന്നതൽ വിട്ടു നീ.
വീരൻ നിന്നോടു കുശലം ചോദിച്ചു രഘുനന്ദനൻ
ചൊന്നാൻ കൃതാർത്ഥഹൃദയൻ, രാമനാമോദമേദുരൻ:-
ശത്രുരാവണനെക്കൊന്നേൻ; ലങ്കയും കീഴടക്കി ഞാൻ;
നിന്നെ വീണ്ടിടുവാൻ ബുദ്ധിവെച്ചുറക്കം വരാതെ ഞാൻ
മഹാബ്ധിയിൽസ്സേതു തീർത്തു, കടന്നെൻ പ്രതിജ്ഞയെ.
സംഭ്രമം കൊൾകയും വേണ്ടാ, രാവണാലയസംസ്ഥ നീ:
വിഭീഷണങ്കൽച്ചേർത്തല്ലോ ലങ്കൈശ്വര്യമിതൊക്കെ ഞാൻ;

Digitized By Kerala Sahitya Akademi

ആശ്വസിയ്ക്ക, വിശങ്കം, തന്നില്ലത്തത്രേ വസിച്ചു നീ!
വരുന്നുണ്ടിവനും നിന്നെക്കാണ്മാനാശിച്ചു ഹൃഷ്ടനായ്." ൧൮
എന്നു കേട്ടിട്ടെഴുന്നേററാ,ച്ചന്ദ്രനേർമുഖി മൈഥിലി
ഹർഷത്താൽത്തടയപ്പെട്ടിട്ടൊ,ന്നും ചൊല്ലാതെ മേവിനാൾ!
മറുവാക്കരുളാസ്സീതയോടു ചോദിച്ചു വങ്കപി:-
'ദേവി ചിന്തിപ്പതെന്തെ,ന്നോടെന്തേ മിണ്ടാതെ നില്പതും?' എന്നു
ഏവം ഹനുമാൻ ചോദിയ്ക്കേ,ധർമ്മമാർഗ്ഗസ്ഥ മൈഥിലി
കണ്ണീരാൽത്തൊണ്ടയിടറുംമാറു ചൊന്നാൾ തുലോം മുദാ:-
ഈ പ്രിയം ഭർത്തൃവിജയം കേട്ടു ഹർഷത്തിലാഴ്കയാൽ
വാക്കില്ലാത്തവളായ്ത്തീർന്നൊരിത്തിരിയിടയ്ക്ക ഞാൻ. ൧൯
കാണുന്നില്ലൊന്നുമല്ലോ ഞാനാലോചിച്ചതിൽ, വാനര.
മൽപ്രിയം ചൊല്ലിയ നിനക്കൊക്കും പ്രത്യഭിനന്ദനം;
ഞാൻ സൌമ്യ, കണ്ടതില്ലല്ലോ മന്നിലൊരിടത്തിലും,
മൽപ്രിയം ചൊന്നതിന്നങ്ങയ്ക്കേകുവാൻ തക്കതൊന്നുമേ: ൨൦
വെള്ളിയോ സ്വർണ്ണമോ, നാനാജാതിരത്നസമൂഹമോ
തികയില്ലീ വചസ്സിന്നു മുല്ലോകമേകയ്ക്കിലും തന്നെയോ!'
എന്നു വൈദേഹി ചൊന്നപ്പോൾ, മറുവാക്കരിയാടിനൻ,
സാഹ്ലാദം സീതതൻ മുന്നിൽത്തൊഴുതേ നിന്നു വാനരൻ:- ൨൧
'ഭർത്തൃപ്രിയഹിതോദ്യുക്ത, ഭർത്താവിൻ ജയകാംക്ഷിണി,
ഇത്തരം സ്നേഹമോലും വാക്കിനിടുന്നേ കഥിച്ചിട്ടു;
സൌമ്യേ, സാരം പെരുകുമീ സ്നേഹവത്തായ നിന്മൊഴി
നാനാരത്നങ്ങളെക്കാളും, വിണ്ണിനെക്കാളുമുത്തമം! ൨൨
കിട്ടിക്കഴിഞ്ഞിരിക്കുന്നു വിൺ മുമ്പാം ഗുണവും മമ:
കണ്ടേനല്ലോ, വിജയിയാം മാററാരെക്കൊന്ന രാമനെ!'
അവൻെറയാ വാക്കു കേട്ടു, ജനകാത്മജ മൈഥിലി
ഏററവും ശുഭമാം വാക്കു കാററിന്മകനൊടോതിനാൾ:- ൨൩
'മാധുര്യസംഭൂഷിതമായ്,സ്സുലക്ഷണസമൃദ്ധമായ്
അഷ്ടാംഗബുദ്ധിയുതമായ്ച്ചൊൽവാൻ ത്വാനി ഭവാന്നു താൻ.

Digitized By Kerala Sahitya Akademi

ശ്ലാഘ്യനല്ലോ, സമീരൻെറ പുത്രൻ നീയതിധാർമ്മികൻ:
ശൌര്യ്യം, ശാസ്ത്രം, ബലം, സത്വം, മഹാപടുത, വിക്രമം, ദൃ
തേജസ്സ്, ധൈര്യ്യം, ക്ഷമയും, സ്ഥൈര്യ്യം, കില്ലില്ല, താഴ്മയും,
മററുള്ളനേകഗുണവും ശോഭിയ്ക്കുന്നു ഭവാങ്കലേ!'
സീതയോടോതിനാൻ വീണ്ടും, ഭാവം മാറാതെ താഴ്മയിൽ
സഹർഷം സീതതൻമുന്നിൽത്തൊഴുകൈ പൂണ്ടുനിന്നവൻ:- ൩൦
'ഒട്ടുക്കീ രാക്ഷസികളെ, യങ്ങൊന്നനുവദിയ്ക്കിൽ ഞാൻ
കൊന്നൊടുക്കാവു: തർജ്ജിച്ചോരല്ലോ ദേവിയെ മുമ്പിവർ!
ക്ലേശിയ്ക്കും സതിയാം നിന്നോട,ശോകവനികാന്തരേ,
ഭീമശീലാംഗിമാരുഗ്രതരനേത്രകളുഗ്രമാർ ൩൨
ചൊന്നല്ലോ ഘോരമീ രക്ഷസ്സ്ത്രീകൾ; മേ നല്കുകീ വരം
മുഷ്ടികൈകാലടികളാൽ വിവിധം പ്രഹരിച്ചു ഞാൻ
ഇഘോരമാരെയെല്ലാമേ കൊന്നുകൊള്ളാവു ശോഭനേ!
കണംകാൽമുട്ടിനാൽ വീക്കി,പ്പല്ലുകളാൽക്കടിക്കുട്ടിയും, ൩൪
മൂക്കും കാതുകളും തിന്നും, മുടി പറിച്ചുപറിച്ചുമേ,
തല്ലും, മേല്ക്കേറിയും ക്രൂര നഖത്തുമ്പാലെ മാന്തിയും
വീഴ്ത്തിക്കൊല്ലാവു ഞാന,ങ്ങയ്ക്കപ്രിയം ചെയ്തവററിനെ:
ഇപ്രകാരം പല പരിക്കേകിക്കൊണ്ടു യശസ്വിനി, ൩൬
കൊല്ലാവൂ, ദേവിയെ, ദ്രോഹിച്ചോരാമിവരെയൊക്കെ ഞാൻ!'
ഇവണ്ണം ഹനുമാൻ ചൊല്കെ,ദ്ദീനവത്സല ജാനകി
ധർമ്മയുക്തം ഹനുമാനോടരുൾചെയ്തു യശസ്വിനി:-
"രാജസേവാവശകളാമസ്വതന്ത്രകൾ ദാസിമാർ ൩൮
പരാജ്ഞയാ ചെയ്തതിലാർ ചൊടിയ്ക്കും വാനരോത്തമ?
ഭാഗ്യദോഷത്തിനാലും പ്രാഗ്ദുഷ്കൃതത്താലുമാണ, മേ
വന്നുപെട്ടതിതെല്ലാമേ; സ്വകർമ്മമനുഭൂതമാം!
വന്നെത്തേണം ദശായോഗാലിതെ,ന്നാണെൻെറ നിശ്ചയം; ൪൦
ദശാസ്യദാസികളികളിൽ ഞാൻ പൊറുത്തേനിങ്ങശക്തിയാൽ
രാവണാജ്ഞാവശാലെന്നെത്തർജ്ജിച്ചോരീ നിശാടിമാർ;

Digitized By Kerala Sahitya Akademi

തല്പധത്താലിനിത്തജ്ജീയ്ക്കില്ലല്ലോ വാനരോത്തമ!
പുലിയ്ക്കരികിൽവെച്ചേവമേതാ കരടി ചൊല്ലിപോൽ, ൪൨
ഒരു പൌരാണികശ്ലോകം ധർമ്മ്യം; കേളതു വാനര:
'പരദ്രോഹികളെപ്പോലും ദ്രോഹിയ്ക്കില്ലറിവുള്ളവൻ:
ആചാരം വിട്ടുകൂടല്ലോ; ശിഷ്ടർ, ചാരിത്രഭൂഷണർ.'
ദുർവൃത്തർതാൻ, നല്ലവർതാൻ, വധ്യന്മാരിൽ പ്ലവംഗമ, ൪൪
ദയ കൊള്ളേണമുൽകൃഷ്ടൻ: കുററം ചെയ്യാതെയില്ലൊരാൾ.
ലോകഹിംസാവിനോദക്കാർ കാമരൂപികൾ നിഷ്ഠുരർ
കുററങ്ങൾ ചെയ്തതായാലു,മർഹിയ്ക്കുന്നില്ല ദണ്ഡനം."
സീതയിങ്ങിനെ ചൊന്നാറേ, ഹനുമാൻ വാക്യകോവിദൻ ൪൬
പേരുററ രാമപ്രിയയാം സീതയോടോതിയുത്തരം:-
'രാമന്നു യോഗ്യയാം ധർമ്മപത്നി തന്നെ, ഗുണാഢ്യ നീ;
നല്കു, മേ പ്രതിസന്ദേശം: പോകട്ടെ രാമസന്നിധൌ.'
ഹനുമാനിതുരച്ചപ്പോൾച്ചൊന്നാൾ വൈദേഹി ജാനകി:- ൪൮
'കാണാനുണ്ടാഗ്രഹമെനിയ്ക്കാ,ശ്രിതസ്നേഹി നാഥനെ!'
സീതതൻ വാക്കു കേട്ടിട്ടു, ഹനുമാനനിലാത്മജൻ
അവിടെയ്ക്കിമ്പമേകിക്കൊണ്ടേവം ചൊന്നാൻ മഹാമതി:-
'കാണാകുമിഹ തേ രാമൻ, പൂർണ്ണേന്ദുപാസ്യനാം, സലക്ഷ്മണൻ,
സ്ഥിരമിത്രൻ, ഹതാമിത്രൻ, ശചീശ്ശേന്ദ്രൻ കണക്കിനേ!'
സാക്ഷാൽ ശ്രീപോലെ വിലസുമസ്സീതയോടിതിൻവിധം
ചൊല്ലി,ച്ചിക്കെന്നു പോന്നെത്തി ഹനുമാൻ രാഘവാന്തികേ.

—※—

ഒരുനൂററിപ്പതിനേഴാം സർഗ്ഗം: സീതാസമാനയനം.

—※—

കഥിച്ചാനഭിവാദ്യം ചെയ്താ മഹാപ്രാജ്ഞനാം കപി,
പദ്മാക്ഷനായ വില്ലാളിശ്രേഷ്ഠനാം രാമനോടിദം:—
'ആരെക്കുറിച്ചീയാരംഭം, ചെയ്തതിൻ ഫലസിദ്ധിയും,
ആ മാലിൽ വെന്ത വൈദേഹി ദേവിയെക്കാണേണം ഭവാൻ: ൨



Digitized By Kerala Sahitya Akademi

അത്രയും മാലകപ്പെട്ടോരാം, കണ്ണിൽക്കണ്ണീർ നിറഞ്ഞവരാം,
ഹൃഷ്ടയായ്ത്തീർന്നവളല്ലോ, നിൻജയം കേട്ടിട്ടു മൈഥിലി;
മുമ്പു കണ്ടതിൽ വിശ്വാസാൽച്ചൊല്ലുകയുംചെയ്തു ദേവി മാം:-
'ഭർത്താവെയും തമ്പിയേയും കാണാറായ് ഞാൻ കൃതാർത്ഥരെ" ൪
ഹനുമാനിത്തു ചൊന്നാറെ, രാമൻ, പെരിയ ധാർമ്മികൻ
പെട്ടെന്നു കണ്ണുനീരൊട്ടു ചിന്നിച്ചിന്തയിലാണ്ടുപോയ്;
ചുടുന്ന നെടുവീർപ്പിട്ടു ഭൂമിയെപ്പാർത്തുകൊണ്ടവൻ,
ചാരേ നില്ക്കും മുകിലൊക്കൊത്ത വിഭീഷണനൊടോതിനാൻ:-
'മുങ്ങിക്കുളിച്ചു ദിവ്യാംഗരാഗവും ദിവ്യഭൂഷയും
അണിഞ്ഞ സീതയെക്കൊണ്ടുവരികിങ്ങു ചിരേണ നീ.'

എന്നു രാമൻെറ ചൊൽ കേട്ടു വെമ്പലോടേ വിഭീഷണൻ
ശുദ്ധാന്തം പുക്കു,തന്മാതരാലുണർത്തിച്ചു സീതയെ:-
'വൈദേഹി, ദിവ്യമെയ്ക്കോപ്പു ചാർത്തി ദിവ്യാംഗരാഗയായ്
യാനമേറുക; ഭദ്രം തേ: കാണ്മാൻ കാക്കുന്നു നിൻപതി.'
ഇതു കേട്ടിട്ടു വൈദേഹി വിഭീഷണനൊടോതിനാൾ:-
'കുളിയ്ക്കുംമുമ്പു കാണാറായ് ഭർത്താവെക്കർബുരേശ, ഞാൻ.' ൧൦
അവൾതൻ വാക്കു കേട്ടിട്ടു വിഭീഷണനുമോതിനാൻ:-
'നിൻഭർത്താവരചൻ ചൊന്നപോലത്രേ ചെയ്തിടേണ്ടു നീ.'
അവൻെറയാ വാക്കു കേട്ടു പതിദേവത മൈഥിലി
ആവാമെന്നോതിനാൾ സാധ്വി, ഭർത്തൃഭക്തിവ്രതാഢ്യയാൾ.
മുങ്ങിക്കുളിച്ചതിൻശേഷം തരുണസ്ത്രീജനങ്ങളാൽ
മികച്ച പട്ടും മെയ്ക്കോപ്പും ചാർത്തിയ്ക്കപ്പെട്ട സീതയെ
നൽപ്പട്ടാൽ മൂടിന മണിപ്പല്ലക്കേററി വിഭീഷണൻ
കൊണ്ടുപോന്നാൻ, പെരുത്തുപേരരക്കരുടെ രക്ഷയിൽ. ൧൪
അറിഞ്ഞും ചിന്തയുൾക്കൊണ്ട മഹാത്മാവെയണഞ്ഞവൻ
വണങ്ങിയാഹ്ലാദമൊടേ, സീത വന്നതുണർത്തിനാൻ.
രക്ഷോഗൃഹേ ചിരം വാണോളവൾ വന്നതു കേൾക്കയാൽ
ഹർഷം, വല്ലായ്മ,യരിശം, മൂന്നുമേ തേടി രാഘവൻ. ൧൬

Digitized By Kerala Sahitya Akademi

അരികെ മേവിന വിഭീഷണനെപ്പാർത്തു രാഘവൻ
ശങ്കയോടേ നിരൂപിച്ചു ഹർഷം വിട്ടേവമോതിനാൻ:-
'രാക്ഷസാധിപതേ, സൌമ്യ, നിത്യമെൻജയതൽപര,
വെക്കമെന്നരികത്തേയ്ക്കു വന്നുകൊള്ളട്ടെ മൈഥിലി.' ൧൯
രാഘവൻതൻ മൊഴിയതു കേട്ടു വെക്കം വിഭീഷണൻ
ജനത്തെ മാററിനിർത്താനായ്ച്ചെയ്താനേർപ്പാടു നിഷ്ഠവേ.
കഞ്ചുകിൽച്ചൂരൽത്തഴവുള്ളോർ തൊപ്പികുപ്പായമിട്ടവർ
ചുററും നടന്നാരവിടെ, മാററിനിർത്തിടുമാളുകൾ. ൨൦
ഋക്ഷരും വാനരവരരും രാക്ഷസന്മാരുമേവരും
മാററിനിർത്തപ്പെട്ടകയാലകലത്തേയ്ക്കു നീങ്ങിനാർ.
മാററിനിർത്തപ്പെട്ടനേരമങ്ങുണ്ടായിതൊരാരവം,
കാറേററു പൊങ്ങും കടൽതന്നിരമ്പം പോലെ കേമമായ്. ൨൨
മാററിനിർത്തപ്പെട്ടവർ സംഭ്രമിച്ചതു കണ്ടുടൻ
തടുത്താനതു കാകുത്സ്ഥൻ,ദാക്ഷിണ്യത്താൽപ്പൊറായ്കയാൽ.
നിന്ദിച്ചുചൊൽകയുംചെയ്താനെരിയ്ക്കും കണ്ണുമായ് രുഷാ,
രാമനാ മതിമാനായ വിഭീഷണനൊടിങ്ങിനെ:-
'എന്തിനെന്നെഗ്ഗണിയ്ക്കാതിയ്യാളുകൾക്കേഴൽ ചേർപ്പൂ നീ?
നിർത്തുകിപ്പതുറിപ്പിയ്ക്കലി;-വരെൻ ജനതാളുകൾ.
വീടല്ല, മതിലല്ലാ,ടയല്ലോരാവരണം ദൃഢം;
ഈവകപ്രാഭവവുമല്ലാ;- ചാരം, സ്ത്രീയ്ക്കു നന്മററ! ൨൩
പോരിൽ, സ്വയംവരത്തിങ്കലാ,പത്തിങ്കൽ,കഴക്കിലും,
യാഗത്തിലും, വേളിയിലും സ്ത്രീയെക്കാണ്മതദോഷമാം.
ഇവളും വിനയിൽപ്പെട്ടോൾ, വൻകഴക്കിലുമാണിവൾ;
ദോഷമില്ലിവളെക്കണ്ടാൽ, വിശേഷിച്ചെൻറെ ചാരവേ. ൨൯
അതിനാൽ,ഡോലി കൈവിട്ടു വന്നൊത്തട്ടേ നടന്നുതാൻ;
കണ്ടുകൊള്ളട്ടെയെൻചാരത്തീ വനാലയർ സീതയെ.'
ഏവം രാമൻെറ ചൊൽ കേട്ടു ചിന്തയോടേ വിഭീഷണൻ
രാമന്നരികിലെത്തിച്ചു, വണക്കം പൂണ്ടു സീതയെ. ൩൦

Digitized By Kerala Sahitya Akademi

സൌമിത്രിസുഗ്രീവരുമാ ഹനുമാനാം പ്ലവംഗനും
രാമന്റെ വാക്കു കേട്ടിട്ടു വേദനക്കൊണ്ടിതേററവും:
ഭാൎയ്യയെഗ്ഗണിയാതുള്ള തന്റെ ഘോരേംഗിതങ്ങളാൽ,
സീതയിൽ പ്രീതിഹീനൻ പോലല്ലോ കാണായി രാഘവൻ!
ലജ്ജയാ നിജഗാത്രത്തിലൊളിച്ചുംകൊണ്ടു മൈഥിലി,
പിമ്പേ വിഭീഷണനുമായ്ബ്ഭൎത്താവിൻ മുന്നിലെത്തിനാൾ;
വസ്ത്രംകൊണ്ടു മുഖംമൂടിജ്ജനമദ്ധ്യേ സലജ്ജയായ്
ഭൎത്താവെപ്പുക്കാ,ൎയ്യപുത്രാ! എന്നായ്ക്കേണീടിനാളവൾ. ൩൪
വിസ്മയിച്ചും പ്രഹൎഷിച്ചും സ്നേഹംപൂണ്ടും പതിവ്രത
ഭൎത്താവിൻ സൌമ്യവദനം പാൎത്താൾ, സൌമ്യതരാസ്യയാൾ.
കുറളിനുടെ തളച്ച്യാകെ നീങ്ങി
തെളികുളിരവിളിനേർമുഖിയ്ക്കുടൻതാൻ,
ചിരതരമവിലോകിതം പ്രിയൻതൻ
മുഴുമതിനന്മുഖമന്നു കാൺകെയാലേ. ൩൫

—*—

## ഒരുനൂററിപ്പതിനെട്ടാം സൎഗ്ഗം: രാമപരുഷവാക്യം.

കുനിഞ്ഞൊരുവശം നിന്ന സീതയെക്കണ്ടു രാമനോ,
തിരുവുള്ളത്തിലെബ്ഭാവം വെളിവാക്കാനൊരുങ്ങിനാൻ:-
"നിന്നെ വീണ്ടേനിതാ, ഭദ്രേ, വൈരിയെക്കൊന്നു പോരിൽ ഞാൻ
പൌരുഷംകൊണ്ടു ചെയ്യേണ്ടുന്നതിതാ, നിറവേററിനേൻ. ൨
അണഞ്ഞേനരിശത്തിന്റെയററം; മായ്ച്ചേൻ പരാഭവം;
പറിച്ചെറിഞ്ഞേനൊപ്പം ഞാൻ, മാററാനെയവമാനവും.
ഇന്നെന്റെ പൌരുഷം കാണായി:-ന്നെൻയത്നം ഫലത്തിലായ്;
സ്വാതന്ത്ര്യവും ലഭിച്ചേനിതാ, പ്രതിജ്ഞതെ കടക്കയാൽ. ൪
കട്ടാനെന്നോടു വേർപെട്ട നിന്നെച്ചപലരാക്ഷസൻ;
ദൈവം പിണച്ച ദോഷത്തെ മായ്ച്ചേൻ ഞാൻ മാനുഷത്തിനാൽ.

Digitized By Kerala Sahitya Akademi

വന്നൊരൊറ്റൊരവമാനത്തെ ത്രാണിയാൽ മായ്ച്ചിടായ്കിലോ,
ത്രാണി കെട്ടവനാമായാൾക്കെന്തിനാകുന്നു പൌരുഷം? ൬
ആഴി ചാടിയതും, ലങ്കയാകമാനമുടച്ചതും,
ഫലിച്ചിതി, ഹനുമാൻെറയാ വാഴ്ത്തുന്നക്ക വന്തൊഴിൽ.
യുദ്ധത്തിൽ വിക്രമം പൂണ്ടും ഹിതം മമ നിനച്ചുമേ
സുഗ്രീവൻ സബലൻ ചെയ്ത യത്നമിന്നു ഫലത്തിലായ്. ൮
ദുഷ്ടനാം ജ്യേഷ്ഠനെ വെടിഞ്ഞെ,ന്നൊത്താന്താനണഞ്ഞവൻ
വിഭീഷണൻ ചെയ്ത പണിപ്പാടുമിന്നു ഫലത്തിലായ്."
രാമനിവ്വണ്ണമരുൾചെയ്വതു കേട്ടിട്ടു മൈഥിലി,
പെണ്മാൻ പോലേ മിഴി വിടൎന്നശ്രുനീരിൽക്കുളിച്ചുപോയ്! ൧൦
അവളെക്കാണ്കവേ രാമന്നരിശം വായ്ച്ചു വീണ്ടുമേ,
കത്തും തീയ്യിന്നു നെയ്യേററം വീഴ്ത്തിയാലെന്നപോലവേ.
വളഞ്ഞ പുരികത്തോടും, തൃക്കൺനോട്ടം തിരിച്ചവൻ
പരുഷം സീതയോടോതി, കപിരാക്ഷസർ കേൾക്കവേ:- ൧൨
"എന്തു ചെയ്യേണമോ മൎത്ത്യനവമാനത്തെ മായ്ക്കുവാൻ,
അതു, രാവണനെക്കൊന്നു ചെയ്തേൻ മാനത്തിനായി ഞാൻ;
വീണ്ടേൻ നിന്നെ,ദ്ദുൎദ്ധൎഷയായ ദക്ഷിണദിക്കിനെ
തപസ്സാൽബ്ഭാവിതാത്മാവാമഗസ്ത്യമുനി പോലവേ. ൧൪
ഞാൻ മിത്രജനവീൎയ്യത്താലിസ്സാധിച്ച രണശ്രമം
നിനക്കായ്ച്ചെയ്തതല്ലെന്നും ഭദ്രേ, ബോധിച്ചുകൊൾക നീ;
ഇച്ചെയ്തതെ,ൻെറ ചൊല്ക്കൊണ്ട വംശത്തിന്നൊരിളപ്പവും
ദുഷ്പേരുമേല്ക്കായ്വതിനും, നീതി പാലിപ്പതിന്നുമാം; ൧൬
ചാരിത്രസംശയം പ്രാപിച്ചെന്മുന്നിലമരുന്ന നീ,
നേത്രരോഗിയ്ക്കു ദീപം പോലെനിയ്ക്കഹിതയേററവും!
അതിനാൽ വിട തന്നേൻ: പോയ്ക്കൊൾകിഷ്ടംപോലെ ജാനകി;
ഇപ്പത്തുദിക്കിലും, ഭദ്രേ, നിന്നാലേ കാൎയ്യമില്ല മേ. ൧൮
കുലീനനേതൊരാളന്യഗൃഹത്തിൽപ്പാൎത്ത പെണ്ണിനെ
തിരിച്ചേല്ക്കും, തേജസ്വിയൽകണ്ഠിതമനസ്കനായ്?

Digitized By Kerala Sahitya Akademi

രാവണാങ്കേ വസിച്ചോൾ നീ, ദുഷ്ടൻ കണ്ണാലെ കണ്ടവൾ;
നിന്നെത്തിരിച്ചെടുക്കാമോ, കുലവമ്പോതിടുന്ന ഞാൻ? ൨൦
എന്തിന്നോ വീണ്ടു ഞാൻ നിന്നെ,യതു കിട്ടിക്കഴിഞ്ഞു മേ;
ഇല്ലൊരാസക്തി മേ നിങ്കൽ; വിട്ടുപോകാം യഥേഷ്ടമേ!
ഇവണ്ണമിതു ഞാൻ ഭദ്രേ, തീർപ്പു ചെയ്തിട്ടുരച്ചതാം;
പാക്കാം യഥേഷ്ടം ഭരതൻതങ്കലോ, ലക്ഷ്മണങ്കലോ; ൨൨
സീതേ, ശത്രുഘ്നസുഗ്രീവരാ,ശരേന്ദ്രൻ വിഭീഷണൻ,
സേവിച്ചുകൊൾകിവരെയോ, സുഖം തോന്നുമിടത്തെയോ!
സീതേ, മനോജ്ഞദിവ്യാംഗി നിന്നെക്കണ്ടിട്ടു രാവണൻ
നീണാൾ സഹിയ്ക്കുകില്ലല്ലോ, സ്വഗൃഹത്തിൽ വസിയ്ക്കവേ.'

ചിരാൽ പ്രിയം കേൾപ്പതിനർഹ,യപ്രിയം
പ്രിയങ്കൽനിന്നിങ്ങനെ കേട്ടു മാനിനി,
കരേണു കംഭീന്ദ്രനൊടിച്ചൊരിന്തൽ പോ-
ല,തീവ കണ്ണീർ വിറ പൂണ്ടു തൂകിനാൾ!

—(*)—

ഒരുനൂററിപ്പത്തൊമ്പതാം സർഗ്ഗം: സീതാഗ്നിപ്രവേശം.

---

ദേഹം തരിയ്ക്കുമാറേവ,മരിശം കൊണ്ടു രാഘവൻ
പരുഷം ചൊല്കയാൽപ്പാരം വേദനക്കൊണ്ടു മൈഥിലി.
മുമ്പാട്ടു കേട്ടിട്ടില്ലാത്ത ഭർത്തൃരൂക്ഷോക്തിയീവിധം
മാലോകർമദ്ധ്യേ കേട്ടിട്ടസ്സീത ലജ്ജയിലാണ്ടുപോയ്. ൨
തന്റെ ഗാത്രങ്ങളിൽത്തന്നെയുൾപ്പൂകിക്കൊണ്ടു ജാനകി
ഷത്രു മുള്ളുവാക്കാൽ, മുള്ളുള്ളിൽപ്പാഞ്ഞപോലശ്രു തൂകിനാൾ.
പിന്നെ,ക്കണ്ണീരൊഴുകിന തന്മുഖത്തെത്തുടച്ചവൾ
മെല്ലവേ തൊണ്ടയിടറിബ്ഭർത്താവോടേവമോതിനാൾ:- ൪
'രൂക്ഷമായ് ക്കർണ്ണകടുവായ് ച്ചേരാത്ത മൊഴിയിങ്ങിനെ
ചൊൽവതെന്തെന്നൊടെൻവീര, ഹീനൻ ഹീനയൊടാംവിധം?
അങ്ങുന്നു കരുതുംമട്ടിലല്ലെൻനില മഹാഭുജ;
വിശ്വാസം പൂണ്ടുകൊൾകിങ്ങെ;-ൻചാരിത്രത്താണു സത്യമാം!

Digitized By Kerala Sahitya Akademi

പ്രാകൃതസ്ത്രീനടപ്പാലജ്ജാതിയിൽശ്ശങ്ക കൊൾവു നീ;
ത്യജിയ്ക്കുകിശ്ശങ്കഃ പരീക്ഷിതയല്ലോ, ഭവാനു ഞാൻ.
ഗാത്രസ്പർശം വശക്കേടാലല്ലോ, പററീ മമ പ്രഭോ;
അതെൻെറയിച്ഛയാലല്ലാ; കുററം ദൈവത്തിനാണതിൽ! ൮
എനിയ്ക്കധീനമെൻചിത്തമിതോ നില്പൂ ഭവാങ്കലേ;
മെയ്യിൻ പരാധീനതയിലെന്തു ചെയ്യുമശക്ത ഞാൻ?
ഒപ്പം വളർച്ച, സംസർഗ്ഗമിവകൊണ്ടെന്നെ മാനദ,
അറിഞ്ഞിട്ടില്ല നീയെങ്കിലെ,ന്നെയ്ക്കും ഹതയായി ഞാൻ! ൧൦
വീര, കാണ്മാനയച്ചല്ലോ വീരനാം ഹനുമാനെ നീ;
ലങ്കയിൽപ്പാർക്കുമീയെന്നെയന്നെന്തേ വെടിയാഞ്ഞു നീ?
നിൻവാക്കു കേട്ടമാത്രയ്ക്കി,ക്കപിതൻ മുമ്പിൽവെച്ചുതാൻ
ജീവിതത്തെ വെടിഞ്ഞേനേ, വീര, നീ കൈവെടിഞ്ഞ ഞാൻ;
പെടാഞ്ഞേനേ തവ വൃഥാ പ്രാണസംശയദം ശ്രമം,
ഫലമില്ലാത്ത കഷ്ടപ്പാടിതു നിൻകൂററുകാർക്കുമ!
നരശാർദ്ദൂല, രോഷത്തിൻ പിടിമ്പേതന്നെ നടക്കയാൽ,
നിസ്സാരനൊരുവൻ പോലേ, സ്ത്രീത്വമേ കണ്ടതുള്ളു നീ; ൧൪
ജനകാത്മജയെന്നായ് ഞാൻ മന്നിൽനിന്നു ജനിച്ചതും,
എൻനടപ്പും ഗണിച്ചീലാ, നടപ്പറിയുവോൻ ഭവാൻ!
വകവെച്ചീല, ബാല്യത്തിൽ ബാലൻ വേളികഴിച്ചതും
എൻഭക്തി, ശീലമിവയുമൊക്കവേ പിന്നിലാക്കി നീ!’ ൧൬
എന്നോതിക്കണ്ണുകൊണ്ടശ്രുഗദ്ഗദം പൂണ്ടു മൈഥിലി,
ചിന്തയാണ്ടാർത്തനായ്‌നില്ക്കും ലക്ഷ്മണൻതന്നൊടോതിനാൾ:-
‘സൌമിത്രേ, തീക്കു ചിതയൊന്നെനിയ്ക്കീ, മാലിന്നൌഷധം:
ജീവിച്ചിരിയ്ക്കുവാനാളല്ലി,ല്ലാപ്പൊല്ലാപ്പു പെട്ട ഞാൻ! ൧൮
ഭർത്താവു നന്നു നണ്ണാതെ ജനമദ്ധ്യേ ത്യജിയ്ക്കയാൽ,
തക്കതാം ഗതി പൂകാനായ്ത്തീയിൽച്ചാടുന്നതുണ്ടു ഞാൻ.’
ഏവം വൈദേഹി ചൊന്നാറേ, വീരാര്യമർദ്ദി ലക്ഷ്മണൻ
സഹിച്ചുകൂടായ്മയൊടേ നോക്കിനാൻ രാഘവാനനം. ൨൦

Digitized By Kerala Sahitya Akademi

രാമൻെറ ഭാവമാംഗ്യത്താൽസ്സൂചിപ്പിച്ചതറിഞ്ഞുടൻ
നിൎമ്മിച്ചാൻ ചിത സൌമിത്രി വീരൻ, രാമമതസ്ഥിതൻ:
തദാ കാലാന്തകന്നൊത്ത രാമനെക്കനിയിയ്ക്കുവാൻ,
മിണ്ടാൻ, നോക്കാനുമാളായീലഹല്ലാ; മിത്രരിലാരുമേ! ൨൨
ഉടൻ, തിരുമുഖം ചായ്ച്ചുനിന്ന രാമനെ മെല്ലവേ
വലംവെച്ചെ,രിയും തിയ്യിന്നരികത്തെത്തി മൈഥിലി.
ദേവകൾക്കും ദ്വിജന്മാൎക്കും വണങ്ങിയഥ ജാനകി
തൊഴുകൈ പൂണ്ടു ചെന്തിയ്യിൻ ചാരേ നിന്നേവമോതിനാൾ:-
"രാമങ്കൽനിന്നാകന്നിട്ടില്ലെന്നുമെന്മനമെങ്കിലോ,
ലോകത്തിൻ സാക്ഷിയാമഗ്നിയെന്നെപ്പാലിയ്ക്കു നീളവേ!
ശുദ്ധചാരിത്ര ഞാൻ ദുഷ്ടയെന്നോൎപ്പൂ രാമനെങ്കിലോ,
ലോകത്തിൻ സാക്ഷിയാമഗ്നിയെന്നെപ്പാലിയ്ക്കു നീളവേ! ൨൬
കൎമ്മവാഗ്ബുദ്ധിയാൽ,സ്സൎവ്വധൎമ്മവിത്തായ രാമനെ
തള്ളിയോളല്ല ഞാനെങ്കിലെ,ന്നെപ്പാലിയ്ക്കു പാവകൻ;
ഭഗവാനാകുമാദിത്യൻ, വായു, ദിക്കുകൾ, ചന്ദ്രനും,
പകലും, രാത്രിയു,മിരുസന്ധ്യയും, ഭൂതധാത്രിയും ൨൮
മററുള്ളോരുമറിഞ്ഞിട്ടുണ്ടെൻെറ ചാരിത്രമെങ്കിലോ!"
എന്നു ചൊല്ലി ജ്വലനനെ വലംവെച്ചഥ ജാനകി
നിശ്ശങ്കാന്തഃകരണയായ്ച്ചാടിനാളാളുമഗ്നിയിൽ.
അങ്ങാൎക്കിടാങ്ങൾ കിഴവർ കലൎന്ന പുരുഷാരമോ, ൩൦
ഒരു ഞെട്ടലൊടേ കണ്ടു, തിയ്യിൽച്ചാടുന്നസീതയെ.
പുതുതങ്കനിറം പൂണ്ടോൾ തങ്കപ്പൊന്നാഭരണമണിഞ്ഞവൾ
ചാടിനാളെരിചെന്തിയ്യിൽ,സ്സൎവ്വലോകസമക്ഷമേ!
കണ്ടാരഗ്നിയിൽ വീണീടുമാ വിശാലാക്ഷി സീതയെ,
ഒരു പൊൻവേദിയെപ്പോലേ ജീവജാലങ്ങളൊക്കയും; ൩൨
കണ്ടാര,ഗ്നിയിൽ വീണീടുമാ മഹാഭാഗയെത്തദാ
ദേവൎഷിഗന്ധൎവ്വർ, മഖേ പൂൎണ്ണാഹുതിയെയാംവിധം.
യാഗത്തിൽ മന്ത്രസംശുദ്ധവസുധാര കണക്കിനേ
തീ പൂകുമവളെക്കണ്ടു കേണാർ്ല്ലാ സ്ത്രീകളൊക്കയും, ൩൪

Digitized By Kerala Sahitya Akademi

ശാപാൽ വിൺ വിട്ടു നരകേ വീഴും ദേവിയെയാംവിധം
കണ്ടാരവളെ മുപ്പാരും ദേവഗന്ധർവ്വദൈത്യരും.
അവൾ തിയ്യിൽപ്പതിയ്ക്കുമ്പോളു,യ്യയ്യോ എന്നൊരാരവം ഝന്നു
പ്ലവംഗർക്കുമരക്കർക്കും പെരികെപ്പൊങ്ങി നിസ്ഥലം.

—: * :—

## ഒരുനൂററിരുപതാം സർഗ്ഗം: രാമസ്തവം.

—: * :—

ആ വിലാപങ്ങൾ കേട്ടുള്ളലാണ്ടു ബാഷ്പാകുലാക്ഷനായ്
ചെററുനേരം വിചാരത്തിൽപ്പെട്ടു രാമൻ സുധാർമ്മികൻ.
അപ്പോൾക്കുബേരപ്പെരുമാൾ, പിതൃസംയുതനാം യമൻ,
ആയിരംകണ്ണനാമിന്ദ്രൻ, വരുണൻ ജലനായകൻ, ൨
ശ്രീമാൻ തൃക്കണ്ണു മൂന്നുള്ള മഹാദേവൻ വൃഷധ്വജൻ,
ലോകമൊട്ടുക്കു സൃഷ്ടിയ്ക്കും ബ്രഹ്മാവാം ബ്രഹ്മവിത്തരൻ
ഇവരേവരുമൊത്തക്ക്ശ്രീവിമാനാധിരൂഢരായ്
ലങ്കാപുരത്തെഴുന്നള്ളി, രാമൻതൻ മുന്നിലെത്തിനാർ. ൪
കൈക്കോപ്പു ചാർത്തിയ പെരുംകൈകൾ പൊക്കിപ്പിടിച്ചവർ
ചൊന്നാർ, സാഞ്ജലിയായ് നിന്ന രാമനോടമരോത്തമർ:-
'ലോകമൊട്ടുക്കു സൃഷ്ടിപ്പോൻ, ശ്രേഷ്ഠൻ, ജ്ഞാനിവരൻ ഭവാൻ
എന്തുകൊണ്ടാണുപേക്ഷിപ്പൂ തിയ്യിൽച്ചാടുന്ന സീതയെ? ൬
എന്തുകൊണ്ടറിയുന്നീലാ, താൻ ദേവശ്രേഷ്ഠനെന്നതും?
ഋതധാമാവു വസു നീ വസുക്കൾക്കരചൻ പുരാ;
ആദികർത്താവു നീ മൂന്നു ലോകങ്ങൾക്കും സ്വയംപ്രഭു;
രുദ്രർക്കെട്ടാമനാം രുദ്രൻ,ഞ്ചാമൻ സാധ്യരിൽബ്ബവാൻ. ൮
അശ്വിമാർ തവ കർണ്ണങ്ങൾ; ചന്ദ്രഭാസ്കരർ കണ്ണുകൾ;
ലോകങ്ങൾക്കൊടുവും മുമ്പും കാണാകും നീ പരന്തപ.
എന്നിട്ടുമങ്ങുപേക്ഷിപ്പൂ, പാഴ്നരൻപോലെ സീതയെ!'
എന്നു ലോകേശർ ചൊന്നാരേ ലോകനേതാവു രാഘവൻ ൧൦

അമരോത്തമരോടോതീ രാമൻ പരമധാർമ്മികൻ:—
'ഞാനെന്നെ മർത്ത്യനെന്നോർപ്പൂ, രാമൻ ദശരഥാത്മജൻ;
ഞാനാരാ,രുടെ,യെന്തിന്നെന്നരുൾക ഭഗവാൻ മമ.'
എന്നോതും രാഘവനൊടാ ബ്രഹ്മാവാം ബ്രഹ്മവിത്തരൻ ൧൬
അരുളീ:-"രാമ, കേട്ടാലും സത്യം സത്യപരാക്രമ;
ഭവാൻ നാരായണൻ ദേവൻ ശ്രീമാൻ ചക്രായുധൻ വിഭു
തേററയൊന്നാം വരാഹം നീ ഭൂതഭവ്യാരിനാശനൻ;
നീസത്യമക്ഷരം ബ്രഹ്മം മധ്യാന്തനിധനായി രാഘവ; ൧൭
ലോകങ്ങൾക്കെററധർമ്മം നീ വിഷ്വക്സേനൻ ചതുർഭുജൻ;
ശാർങ്ഗചാപൻ ഹൃഷീകേശൻ പുരുഷൻ പുരുഷോത്തമൻ
വാളേന്തിടുന്നോനജിതൻ വിഷ്ണു കൃഷ്ണൻ ബൃഹദ്ബലൻ;
സേനാനി നീ ഗ്രാമണിയും;ബുദ്ധി സത്വം ദമം ക്ഷമ; ൧൮
ഉൽപത്തിനാശകൃത്തും നീയുപേന്ദ്രൻ മധുമാഥിയും;
ഇന്ദ്രകർമ്മാ മഹേന്ദ്രൻ നീ പത്മനാഭൻ രണാന്തകൻ
ശരണ്യൻ നീ ശരണവുമെന്നാർ ദിവ്യമഹർഷിമാർ.
സഹസ്രശൃംഗൻ വേദാത്മാ ശതജിഹ്വൻ മഹർഷഭൻ ൧൯
ആദികർത്താവു നീ മൂന്നുലോകങ്ങൾക്കും സ്വയംപ്രഭു
സിദ്ധർക്കുമഥ സാധ്യർക്കുമാശ്രയം മല്ലിറന്നവൻ;
നീ യജ്ഞം നീ വഷട്കാരം നീയോങ്കാരം പരന്തപ;
നിന്നാദ്യന്തങ്ങളറിവീല,ആന്നിന്നവനെന്നതും. ൨൦
കാണാകും സർവ്വഭൂതത്തിൽഗ്ഗോബ്രാഹ്മണന്മാരിലും ഭവാൻ
ദിക്കിലൊട്ടുക്ക വാനത്തും മല കാടെന്നിവററിലും.
സഹസ്രാംഘ്രി സഹസ്രാക്ഷൻ ശ്രീമാൻ ശതശിരസ്സു നീ
ഭൂതങ്ങളെദ്ധരിയ്ക്കുന്നു സശൈലക്ഷിതിയെയുമേ; ൨൧
ഭൂവിൻ നാശത്തിലോ നീരിൽക്കാണാകും നാഗരാജനായ്
ദേവദാനവഗന്ധർവ്വപ്പാരും താങ്ങി രാമ നീ!
ഞാൻ നിൻെറ മാറിടം രാമ; നാവോ, ദേവി സരസ്വതി;
ദേവന്മാർ ബ്രഹ്മമാകും നിൻ ഗാത്രരോമങ്ങളാം പ്രഭോ; ൨൨

Digitized By Kerala Sahitya Akademi

രാവത്രേ നിൻ നിമേഷം; നിന്നുന്മേഷം പകൽനേരമാം;
നിൻസംസ്കാരങ്ങൾ വേദങ്ങൾ; നിയ്യൊഴിഞ്ഞില്ലൊരെണ്ണവും.
പാരൊക്കയും നിൻ മെയ്യത്രേ; നിന്നുറപ്പാണു മന്നിടം;
അഗ്നി കോപം; പ്രസാദം തേ ചന്ദ്രൻ ശ്രീവത്സലക്ഷണ. ൨൬
അളന്നുവല്ലോ മൂപ്പാരും പണ്ടു മൂന്നടികൊണ്ടു നീ;
ബലിദൈത്യേന്ദ്രനെബ്ബന്ധിച്ചിന്ദ്രന്നരുളി രാജ്യവും.
സീത ലക്ഷ്മി, ഭവാൻ വിഷ്ണു ദേവൻ കൃഷ്ണൻ പ്രജാപതി;
ഇങ്ങു രാവണനെക്കൊൽവാൻ മർത്ത്യരൂപമെടുത്തതാം. ൨൮
ആ ഞങ്ങൾതൻ കാര്യമിതാ, ചെയ്തൂ നീ ധാർമ്മികോത്തമ:
രാമ, രാവണനെക്കൊന്നു; വിണ്ണിൽ കേറുക ഹൃഷ്ടനായ്.
സഫലം ദേവ, വീര്യം തേ; സഫലം നിൻ പരാക്രമം;
സഫലം കാഴ്ചയും രാമ, സഫലം സ്തുതിയും തവ; ൩൦
സഫലന്മാർകളാം, നിങ്കൽബ്ഭക്തിയുള്ള മനുഷ്യരും.
പുരാണനവ്യയൻ ദേവൻ പുരുഷോത്തമനങ്ങയെ
ഭജിപ്പവർ സദാ നേടും കാമമിങ്ങും പരത്തിലും.
ഈ വേദസിദ്ധമാം സ്തോത്രമിതിഹാസപുരാതനം ൩൨
നിത്യം ചൊല്ലും മനുഷ്യർക്കു പരാകില്ലിടിവൊന്നുമേ."

— o —

ഒരുനൂററിരുപത്തൊന്നാം സർഗ്ഗം: സീതാസ്വീകാരം.

---

പിതാമഹനിതിൻവണ്ണം ശുഭവാക്കുകൾ ചൊല്ലവേ,
കേട്ടു വൈദേഹിയെയും കൊണ്ടെഴുന്നേററു പാവകൻ:
അപ്പട്ടടയുടൻ നീക്കി, ജ്ജനകാത്മജ സീതയെ
കൈക്കൊണ്ടു, മൂർത്തിമാനായിട്ടെഴുന്നേറ്റു ഹുതാശനൻ. ൨
ബാലാദിത്യനിറം ചേർന്നോൾ, തങ്കപ്പൊങ്കോപ്പണിഞ്ഞവൾ,
ബാല ചെമ്പട്ടുടുത്തുള്ളോൾ, കറുവാർകരിങ്കുന്തലാൾ,
സ്രഗ്ഭൂഷ വാടാതമ്മട്ടേ തെളിവുൾക്കൊണ്ട സീതയെ
ക്കൈത്തൊട്ടുള്ള രാമന്നു നല്കിനാൻ ഹവ്യവാഹനൻ; ൪

Digitized By Kerala Sahitya Akademi

രാമനോടരുളിച്ചെയ്താൻ ലോകത്തിൻ സാക്ഷി പാവകൻ:-
'ഇതാ, രാഘവ, നിൻസീത;-യിവൾക്കില്ലൊരു ദോഷവും:
വാക്കാലും ഹൃദയത്താലും നോക്കാലും നിനവാലുമേ
നിന്നെത്തള്ളിനടന്നിട്ടില്ലഗ്ര്യവൃത്ത, സുവൃത്തയാൾ. ൬
ഹൃതയായ് വീര്യഗർവാന്ന രാവണാശരനാലിവൾ
ശൂന്യാരണ്യാൽ, ഭവാൻ വേർപെട്ടുഴലാണ്ടു വലഞ്ഞവൾ:
അകത്തടച്ചിടപ്പെട്ടു, നീ താങ്ങായ് നിന്നെയോർപ്പവൾ;
കാവലുംനിന്നു വികൃതഘോരാംഗികൾ നിശാടിമാർ. ൮
പകിട്ടലും പഴികളും പെരുതുണ്ടായിയെങ്കിലും,
അരക്കനെഗ്ഗണിച്ചീലാ ത്വദേകമതി മൈഥിലി!
വാങ്ങിയ്ക്കൂ, ദോഷമില്ലാത്ത ശുദ്ധചിത്തയെ രാഘവ:
ചൊല്ലുവേണ്ടൊന്നുമേ; നിന്നോടാജ്ഞാപിയ്ക്കുകയാണു ഞാൻ.'
ഇതു കേട്ടുൾ തെളിഞ്ഞു,ശ്രുതിങ്ങും കണ്ണോടു ധാർമ്മികൻ
ചെറുനേരം നിരൂപിച്ചു രാമൻ, വാക്യജ്ഞസത്തമൻ.
ഇതു കേട്ട,തിതേജസ്വി, ധൃതിമാൻ, ദൃഢവിക്രമൻ,
ചൊല്ലീ സുരശ്രേഷ്ഠനൊടാ രാമൻ,ധാർമ്മികസത്തമൻ:- ൧൨
"തീർച്ച, മുപ്പാരിലും ദോഷപ്പെടാ കല്യാണി മൈഥിലി;
എന്നാൽ, നീണാൾ വസിച്ചല്ലോ രാവണാന്തഃപുരത്തിവൾ.
'അച്ഛേ, മൂഢൻ, വെറുംകാമി, രാമൻ ദശരഥാത്മജൻ'
എന്നോതുമെന്നെസ്സത്തുക്കൾ, സീതയെശ്ശോധിയാഞ്ഞിലോ. ൧൪
അനന്യചിത്തയാൾ, ഭക്ത,യെന്നുള്ളനുസരിപ്പവൾ
എന്നായറിയുവേൻ ഞാനും, ജനകാത്മജ സീതയെ;
മുപ്പാരിനുടെ വിശ്വാസത്തിന്നത്രേ, സത്യസേവി ഞാൻ
പിടിച്ചുനിർത്താഞ്ഞതു, ചെന്തീയ്യിൽച്ചാടുന്ന സീതയെ. ൧൬
തൻതേജസ്സാലെ രക്ഷിയ്ക്കപ്പെട്ടുമിയായതാക്ഷിയെ
അതിക്രമിയ്ക്കാ, കരയെസ്സമുദ്രം പോലെ,രാവണൻ;
ആളാകില്ലമ്മഹാദുഷ്ടൻ, പ്രാപ്യയല്ലാത്ത സീതയെ
മനംകൊണ്ടെങ്കിലും തീണ്ടാന,ഗ്നിജ്വാലയെയാംവിധം! ൧൮

Digitized By Kerala Sahitya Akademi

രാവണാന്തഃപുരൈശ്വര്യം നോക്കില്ലീസ്സതി മൈഥിലി:-
എന്നിലേ നില്ക്കുവോളല്ലോ, സൂര്യങ്കൽ പ്രഭ പോലിവൾ!
മുപ്പാരിലും ശുദ്ധിമതി, ജനകാത്മജ, മൈഥിലി
മമ സന്ത്യാജ്യയല്ലല്ലോ, ധീരന്നു പുകൾ പോലവേ. ൧൦
സ്നേഹമുള്ളോർ, ജഗന്മാന്യരി,വണ്ണം ഹിതമോതുവോർ
നിങ്ങളെല്ലാം പറവതും ചെയ്യേണം നിശ്ചയായി ഞാൻ."

മനസ്സിലുള്ളൊന്നിതിവണ്ണമോതി,യ-
ബ്ബലിഷ്ഠരാൽ ശ്ലാഘിതസച്ചരിത്രനായ്,
യശസ്വി രാമൻ പ്രിയയോടു ചേൎന്നുടൻ
സുഖം സുഖാർഹൻ രഘുസൂനു നേടിനാൻ.

—: * :—

ഒരുനൂററിരുപത്തിരണ്ടാം സൎഗ്ഗം: ദശരഥദൎശനം.

— * —

രാമനാൽപ്പറയപ്പെട്ട നല്ല വാക്കിതു കേട്ടുടൻ,
ഏററവും നല്ല വാക്കേവം ചൊല്ലിക്കൊണ്ടാൻ മഹേശ്വരൻ:-
"പുഷ്കരാക്ഷ, മഹാബാഹോ, മാർ പരന്ന പരന്തപ,
ഭാഗ്യ,മിത്തൊഴിൽ ചെയ്തല്ലോ ഭവാൻ ശസ്ത്രധരോത്തമ: ൨
ഭാഗ്യമേ, പാരിനൊട്ടുക്ക പോക്കിയല്ലോ രഘൂദ്വഹ,
വളൎന്ന രാവണഭയക്കൊട്ടംക്രൂരിരുൾ പോരിൽ നീ!
ഭരതന്നഴലാററി,പ്പേർകൊണ്ട കൌസല്യ, കൈകയി,
ലക്ഷ്മണാംബ സുമിത്രാഖ്യ്യയിവരെച്ചെന്നു കണ്ടുടൻ, ൪
അയോധ്യയിൽസ്സുഹൃൽപ്രീതി ചേൎത്തു രാജ്യാഭിഷിക്തനായ്
വംശത്തെയിക്ഷ്വാകുകുലേ നിലനിൎത്തി, മഹാബല,
അശ്വമേധാധ്വരം സാധിച്ചതിമാത്രയശസ്സുമായ്,
ബ്രാഹ്മണൎക്കു ധനം നല്കി, ത്രിദിവം പുക്കുകൊൾക നീ. ൬
ഇതാ, വിമാനേ വാഴ്‌വൂ നിന്നച്ഛൻ, ദശരഥൻ, നൃപൻ,
കാകുത്സ്ഥ മൎത്ത്യലോകത്തിൽപ്പുകൾക്കേററിയ നിൻഗുരു,

Digitized By Kerala Sahitya Akademi

സ്വർല്ലോകം പൂക്കവൻ, ശ്രീമാൻ, പുത്രനാം നീ കരേറ്റിയോൻ;
തമ്പിയാം ലക്ഷ്മണനുമൊത്തിദ്ദേഹത്തെ നമിയ്ക്ക നീ.''
മഹാദേവോക്തി കേട്ടിട്ട കാകുത്സ്ഥൻ ലക്ഷ്മണാന്വിതൻ
വിമാനാഗ്രത്തിലമരുമച്ഛനായ്ക്കൈവണങ്ങിനാൻ.
വെള്ളവസ്ത്രമുടുത്താത്മശ്രീയാൽ വിലസുമച്ഛനെ
തമ്പി ലക്ഷ്മണനോടൊത്തു തൃക്കണ്ണാർത്തിടിനാൻ പ്രഭു.
വമ്പിച്ച ഹർഷമുൾക്കൊണ്ടു വിമാനസ്ഥൻ മഹാത്മജൻ
പ്രാണാതിസ്നിഗ്ദ്ധസുതനെക്കണ്ടുദശരഥൻ നൃപൻ
മടിയിൽക്കേററിവെച്ചിട്ട, വരാസനഗതൻ പ്രഭു
രണ്ടുകൈകൊണ്ടുമേ കെട്ടിപ്പുണർന്നോന്നരിയാടിനാൻ:
"വിണ്ണെനിയ്ക്കതിനിസ്സാരം, ദേവർഷിബഹുമാനവും
രാമ, നീ വേർപിരികയാൽ; നേരായാണയിടുന്നു ഞാൻ!
നിന്നെ നാടു കടത്താനെന്തെല്ലാം കൈകേയി ചൊല്ലിയോ,
കിടക്കുന്നുണ്ടതെല്ലാമെന്നകമേ വാശ്വിസത്തമ;
എന്നാൽസ്സാനുജനാം നിന്നെസ്സക്ഷേമം കണ്ടു പുല്കയാൽ
മാലിൽനിന്നിന്നൊഴിഞ്ഞേൻ ഞാൻ, മഞ്ഞിൽനിന്നർക്കനാം
എന്നെക്കരേററി മകനേ, മഹാനാം നന്മകൻ ഭവാൻ, [വിധം.
കഹോലധർമ്മിഷ്ഠജനെയഷ്ടാവക്രൻ കണക്കിനെ!
ഇപ്പോഴറികയുണ്ടായ്കു ഞാനി,ത്ര സൌമ്യ, സുരരേശ്വരർ
രാവണൻെറ വധാർത്ഥം ചെയ്യുതെന്നു പുരുഷോത്തമ.
കൃതാർത്ഥയത്രേ, കൌസല്യ: കാട്ടിൽനിന്നു തിരിച്ചു നീ
ഗൃഹം പൂക്കളു ഹർഷിച്ചു കാണുമല്ലോ പരന്തപ!
കൃതാർത്ഥർ നരർ: കാണാകുമല്ലോ പുരവർക്കു നീ
പുരി പൂക്കഭിഷേകാംബുസിക്തനായ്ദ്ധരണീശനായ്.
ഭരതൻ ബലവാൻ, ഭക്തൻ, ധർമ്മചാരി, വിശുദ്ധിമാൻ;
നീ ചേർന്നവനുമായ്ച്ചേരുന്നതു കണ്ടാവു രാമ ഞാൻ!
പോക്കിയല്ലോ, വനത്തിൽപ്പതിന്നാലാണ്ടുകൾ സൌമ്യ, നീ,
വൈദേഹിയോടും ധീമാനാം സൌമിത്രിയോടുമൊപ്പമേ;

Digitized By Kerala Sahitya Akademi

കഴിഞ്ഞൂ വനവാസം തേ; പ്രതിജ്ഞ നിറവേററി നീ;
യുദ്ധേ രാവണനെക്കൊന്നു നല്കീ വാനോർക്കു തുഷ്ടിയും. ൨൨
ചെയ്തു ശ്ലാഘാർഹമാം കർമ്മം; നേടി പുകളരിന്ദമ;
രാജ്യത്തു സോദരരൊടും നീണാൾ ജീവിച്ചിരിക്ക നീ!"
എന്നോതും തമ്പുരാനോടു രാമനും തൊഴുതോതിനാൻ:—
"കൈകേയീഭരതന്മാരിൽക്കനിഞ്ഞരുൾക ധാർമ്മിക: ൨൪
'ത്യജിപ്പൻ നിന്നെ മകനൊത്തെ'ന്നായ് കൈകയിയോടു നീ;
അഘോരശാപമേല്ക്കൊല്ലാ കൈകേയി, മകനും പ്രഭോ!"
'ആകട്ടെ'യെന്നാ, തൊഴുത രാമനോടരുൾചെയ്തുടൻ
പുണർന്നു ലക്ഷ്മണനൊടായ്ച്ചൊന്നാൻ വീണ്ടും മഹാനൃപൻ:-
"വൈദേഹിയൊത്ത രാമന്നു ഭക്ത്യാ ശുശ്രൂഷ ചെയ്കയാൽ
സംപ്രീതനാക്കി, നീയെന്നെ; നേടീ ധർമ്മഫലത്തെയും.
നേടും ധർമ്മജ്ഞ, ധർമ്മം നീ, പാരിൽപ്പെരിയ കീർത്തിയും,
രാമന്റെ സുപ്രസാദത്താൽ വിണ്ണിൽപ്പാർപ്പും മഹത്ത്വവും.
ശുശ്രൂഷ ചെയ്ക രാമന്നു സുമിത്രാനന്ദവർദ്ധന:
രാമൻ ലോകത്തിനെല്ലാമേ നന്മ നിത്യം പുലർത്തുവോൻ.
ഇതാ, സശക്രാ മൂപ്പാരും, സിദ്ധന്മാരും, ഋഷിമുഖ്യരും
വന്നുപൂജിപ്പിതു, മഹാത്മാവാം പുരുഷവര്യനെ. ൩൦
ഇതത്രേ ദേവഹൃദയം ബ്രഹ്മമവ്യക്തമക്ഷരം
പിറന്ന സൗമ്യ, വൈരിഘ്നൻ രാമനായെന്നു കേൾപ്പു നാം.
നേടി ധർമ്മാചരണവും, പെരുതാം കീർത്തിയും ഭവാൻ,
വൈദേഹിയൊത്ത രാമന്നു ഭക്ത്യാ ശുശ്രൂഷ ചെയ്കയാൽ" ൩൨
എന്നു ലക്ഷ്മണനോടോതി, മന്ദം മധുരമായ് നൃപൻ,
'മകളേ' എന്നു, തൊഴുതു നില്ക്കും സ്നുഷയോടോതിനാൻ:-
"ഈ വെടിഞ്ഞതിനെപ്പററിക്കോപം തോന്നൊല്ല മൈഥിലി:
രാമനിച്ചെയ്തതു തവ ശുദ്ധിക്കത്രേ, ഹിതോദ്യതൻ. ൩൪
മകളേ, ദുഷ്കരംതാനീ നിൻചാരിത്രവ്രതം ഭൂലോകം;
നിൻകർമ്മമതിലംഘിക്കും, മറ്റു നാരീയശസ്സിനെ!

Digitized By Kerala Sahitya Akademi

ഭർത്തൃശുശ്രൂഷയെപ്പററിച്ചൊല്ലേണ്ടാ നിന്നോടൊന്നുമേ;
എന്നാലോതേണമല്ലോ ഞാനി:-വൻ നിൻപരദൈവതം!" ന്നു
സ്നുഷ സീതയൊടും പുത്രരോടുമേവമുരച്ചുടൻ,
വിണ്ണിലെയ്യും വിമാനത്തിൽപ്പോയാൻ ദശരഥൻ നൃപൻ.

—*—

നൂററിരുപത്തിമൂന്നാം സർഗ്ഗം: ഇന്ദ്രാനുശാസനം.

കാകുത്സ്ഥൻ തിരിയേ പോയശേഷം, പാകാരിയുമ്പർ
(കോൻ
ചൊന്നാൻ, തൊഴുതു നില്ക്കുന്ന രാമനോടതിതുഷ്ടനായ്:
'ഭവാന്നമോഘമാക, സ്മദ്ദർശനം രിപുകർശന;
സംപ്രീതർ ഞങ്ങൾ; ചൊല്ലിക്കൊൾകിഷ്ടമെന്തെന്നു രാമ, നീ.'
മഹാത്മാവുമ്പർകോനേവം പ്രസാദിച്ചുരചെയ്കയാൽ
മനം തെളിഞ്ഞു സാഹ്ലാദമറിയിച്ചു കകുത്സ്ഥജൻ:-
"പ്രീതിയുണ്ടിഹ നിങ്ങൾക്കെങ്കിൽച്ചൊല്ലാം സുരേശ്വര;
നിറവേററിത്തരിക മേ വചനം വാഗ്മിസത്തമ: ൪
എനിക്കായ്പ്പോരടിച്ചവർ കാലാലയമണഞ്ഞവോ,
ഉയിർ പൂണ്ടെഴുന്നേല്ക്കട്ടെയാ പ്ലവംഗമരേവരും.
ഞാൻമൂലം പുത്രദാരങ്ങളോടു വേർപെട്ട വാനരർ,
മൃത്യുഭയം ഗണിയ്ക്കാതെൻ പ്രിയങ്ങൾക്കായ് ശ്രമിച്ചവർ, ന്നു
ചേരണം തിരുവുള്ളത്താൽ; വേണ്ടതി, വരമാണു മേ.
നോവും വ്രണങ്ങളും മാറി, ബ്ബലപൌരുഷവായ്പോടും
കാണപ്പെടാവൂ ഗോപുച്ഛർക്കൊഷ്ഠാലവും മമ മാനദ!
ഉണ്ടാകേണമകാലത്തും, പൂക്കളും, ഫലമൂലവും, ൮
സ്വച്ഛങ്ങളാം നദികളും, കീശർ മേവുമിടങ്ങളിൽ!"
ആ മഹാത്മാവു കാകുത്സ്ഥനുരചെയ്തതു കേട്ടടൻ
ചൊല്ലിനാനുമ്പർകോൻ, പ്രീതി കാട്ടുമുത്തരമിത്തരം:-
"വലുതത്രേ, മഹാൻ ചൊന്നൊരീ വരം വത്സ, രഘുവര, ൧൦

കീഴിൽ ഞാൻ രണ്ടു വാക്കോതിയിട്ടില്ലി;-തു ശരിപ്പെട്ടം:
എഴനേല്ലു, മരക്കന്മാർ പോരിൽക്കൊന്ന കരങ്ങകൾ.
ഋക്ഷർ ഗോപുച്ഛ ിവരും, കൈമുഖങ്ങൾ മുറിഞ്ഞവർ;
നോവും വ്രണങ്ങളും മാറി,ബ്ബലപൌരുഷവാന്മാരോടേ ൧൨
എഴന്നേല്ക്കം കരങ്ങന്മാര,റങ്ങിയവർ പോലവേ;
സുഹൃൽബന്ധുഗണത്തോടും ദായാദിസ്വജനത്തൊടും
ചെന്നുചേരുകയും ചെയ്തുമെല്ലാരുമതിതുഷ്ടരായ്;
അകാലത്തും വിചിത്രപ്പൂവൊത്തു കായ്ച മരങ്ങളും
ഉണ്ടായ്വരും മഹേഷ്വാസ, തണ്ണീർ പെരുകുമാർകളും!"
ഉണ്ടായിരുന്നു മുറിവൊട്ടുക്കു നീങ്ങിയ മെയ്യൊട്ടും
എണ്ണിററാർ സുപ്തരെപ്പോലെ, ഹരിപുംഗവരേവരും;
എഴുന്നേറ്റെത്തപ്പെട്ടപോയി വാനരരേവരും! ൧൩
ആ വാനരന്മാരെപ്പരുമാ രാമനെ വണങ്ങിനാർ.

പൂർണ്ണാർത്ഥനാം രാഘവനെക്കണ്ടു ദേവാഗ്ര്യരേവരും
പാരം സ്തുതിച്ചു, സൌമിത്രി ചേരും സ്തുത്യനൊടോതിനാർ:-
'പോകയോദ്ധ്യയ്ക്കു പിരിച്ചയയ്ക്കു വീര, കീശരെ; ൧൯
ആശ്വസിപ്പിയ്ക്കുകി ഭദ്രമവതിയാം സാധുസീതയെ.
കാണ്ക,ല്ലഘാൽ വ്രതം കൊള്ളും ഭരതൻ തമ്പിതന്നെയും,
മഹാൻ ശത്രുഘ്നനെ,സ്സർവ്വതായാരേയും പരന്തപ;
നടത്തുകഭിഷേകം തേ; പോയ്ത്തോഷിപ്പിയ്ക്കു പൌരരെ.' ൨൦
എന്നു, സൌമിത്രിയുതനാം രാമനോടോതി വാസവൻ
സൂര്യനൊത്ത വിമാനത്തിൽപ്പോയാൻ സുരരുമായ് മുദാ.
തമ്പി ലക്ഷ്മണനൊന്നിച്ചു ദേവശ്രേഷ്ഠരെയൊക്കയും
വണങ്ങി രാമനരുന്നാൾ പാർത്ഥവാനാജ്ഞ നല്കിനാൻ. ൨൧

അതിൻവിധം ലക്ഷ്മണരാമരക്ഷയിൽ
പ്രഹൃഷ്ടമാന്നുപുകഴും പെരുംപട
വിളങ്ങി, നീളെ പ്രഭയാൽ ജ്വലിപ്പതായ്,-
സ്സുധാംശു ശോഭിപ്പിടിന രാത്രി പോലവേ.



Digitized By Kerala Sahitya Akademi

## ഒരുനൂററിരുപത്തിനാലാം സർഗ്ഗം: വിഭീഷണസൽക്കാരം.

ആ രാവു പാർത്തു സുഖമായെഴുന്നേററ രിപുഘ്നനെ,
രാമനെക്കൂപ്പി വിജയം ചോദിച്ചോതി വിഭീഷണൻ:-
'കുളിവെള്ളം, കുറിക്കൂട്ടും, വസനാഭരണങ്ങളും,
ദിവ്യങ്ങളാം ചന്ദനങ്ങളും, നാനാമാതിരിമാല്യവും, ൨
ഇതാ, സൈരന്ധ്രിമാർ പത്മനേത്രമാർ മടവാർകളും
വന്നെത്തി; ശരിയായ് നീരാടിയ്ക്കുമങ്ങയെ രാഘവ;
കൈക്കൊള്ളുക, ഞാനെന്നെയനുഗ്രഹിപ്പാനങ്ങിതൊക്കയും.'
എന്നു കേട്ടിട്ടു കാകുത്സ്ഥൻ വിഭീഷണനൊടോതിനാൻ:- ൪
'ക്ഷണിയ്ക്കുകൊൾക നീരാടാൻ, സുഗ്രീവാദിപ്ലവംഗരെ;
ക്ഷീണിച്ചിരിപ്പൂ ധർമ്മാത്മാവെനിയ്ക്കായ് സ്സുഖോചിതൻ,
സുകുമാരൻ, മഹാബാഹു, കുമാരൻ, സത്യസംശ്രവൻ;
ആ ധർമ്മചാരി കൈകേയീപുത്രൻ ഭരതനെന്നിയേ ൬
പ്രിയമല്ല മമ സ്നാനം, വസനാഭരണങ്ങളും.
ഈ വഴിയ്ക്കു മടങ്ങുന്നേൻ ഞാനപ്പുരിയിലെയ്ക്കുടൻ;
അതിദുർഗ്ഗമമല്ലോ, നേർക്കയോദ്ധ്യയ്ക്കുള്ളൊരീ വഴി.'

എന്നു കേട്ടിട്ടു കാകുത്സ്ഥനോടു ചൊന്നാൻ വിഭീഷണൻ:-
'നാളൊന്നാൽ നിന്നെയെത്തിപ്പനപ്പുരത്തിൽ നൃപാത്മജ:
എൻഭ്രാതാവാം കുബേരൻെറ വിമാനം, ഭദ്രമസ്തു തേ,
ബലിഷ്ഠനാം രാവണനാൽപ്പോരിൽ വെന്നു സമാഹൃതം,
പുഷ്പകാഖ്യം, ദിനേശാഭം, കാമഗം, ദിവ്യമുത്തമം. ൮
അങ്ങയ്ക്കുവേണ്ടി സൂക്ഷിച്ചിട്ടുണ്ടിങ്ങതുലവിക്രമ.
ആ വിമാനമിതാ, തത്ര നില്പൂ നീരദോപമം;
ഈ വാഹനത്തിൽ നിർബ്ബാധം പോകാമങ്ങയ്ക്കയോദ്ധ്യയിൽ.
ഞാനനുഗ്രാഹ്യനാണെങ്കിലോർക്കുന്നുണ്ടെങ്കിലെൻ ഗുണം, ൧൦
എന്മേരിൽ സ്നേഹമുണ്ടെങ്കിലൊട്ടു പാർക്കുക സന്മതേ,
ഭ്രാതാവാം ലക്ഷ്മണനൊത്തും [illegible] വൈദേഹിയാളൊടും

Digitized By Kerala Sahitya Akademi

സർവ്വകാമാർച്ചിതം കൈക്കൊണ്ടു; രാമ, പിന്നെപ്പോവതല്ലിടാം.
സേനാസുഹൃത്സംയുതനായ് രാമ, ശ്രദ്ധാളുമെന്നുടെ ൧൪
ചെരിയ്ക്കോരക്കപ്പെട്ടുള്ള സൽക്കാരം സ്വീകരിയ്ക്ക നീ.
വിശ്വാസാൽ ബഹുമാനത്താൽ സ്നേഹത്താലും കകുത്സ്ഥജ,
അപേക്ഷിയ്ക്കുന്നു നിൻദാസനാ;-ജ്ഞാപിയ്ക്കുകയല്ല ഞാൻ!'
എന്നു കേട്ടത്തരം രാമൻ വിഭീഷണനൊടോതിനാൻ ൧൬
അരക്കരും വാനരരുമെല്ലാരും കേട്ടനില്ക്കവേ:-
'പൂജിച്ചിരിപ്പൂ നീയെന്നെസ്സാചിവ്യത്താൽപ്പരന്തപ,
സർവ്വഥാ ചേഷ്ടിതത്താലും സൌമ്യ, വമ്പെഴും മൈത്രിയാലുമേ!
അങ്ങിച്ചൊന്നതു ചെയ്യില്ലെന്നില്ല ഞാനാശരേശ്വര; ൧൮
എന്നാൽബ്ഭരതനെക്കാണ്മാൻ വെമ്പൽക്കൊള്ളുന്നിതെന്മനം;
സുമിത്ര, കൌസല്യ, പുകൾപ്പെട്ട കൈകേയി, ഗുരുകാർ,
ഗുരുക്കന്മാർകൾ, പൌരന്മാർ, നാട്ടാരെന്നിവരെയുമേ:
വന്നല്ലോ ചിത്രകൂടത്തിലെന്നെക്കൊണ്ടങ്ങു പോകുവാൻ; ൨൦
അവൻ പണിഞ്ഞപേക്ഷിച്ചുവൊന്നുമേതാ, ചെയ്തതില്ല ഞാൻ!
വരുത്തുക വിമാനം മേ വിദ്രുതം രാക്ഷസേശ്വര!
കാര്യം കഴിഞ്ഞിട്ടിവിടെപ്പാർപ്പതിനിഷ്ടമാകുമോ?
വിഘ്നമേ നല്ല; പൂജിയ്ക്കപ്പെട്ടേൻ സൌമ്യ വിഭീഷണ. ൨൨
ക്ഷമിച്ചുകൊള്ളൂ സഖേ; നിന്നോടർത്ഥിയ്ക്കയാണു ഞാൻ.'
രാഘവൻതന്റെ ചൊൽ കേട്ടു രാക്ഷസേന്ദ്രൻ വിഭീഷണൻ
സൂര്യനൊത്ത വിമാനത്തെ വിളിച്ചാനക്ഷണാന്തരം:
സ്വർണ്ണചിത്രാവയവമായ്, വൈഡൂര്യത്തറയുള്ളതായ്, ൨൪
പാടേ തൂവെണ്മയുള്ളതായ്, വരാന്തകൾ ചുഴന്നതായ്,
വെള്ളക്കൊടിക്കൂറകളും ധ്വജങ്ങളുമിയന്നതായ്,
സ്വർണ്ണഹർമ്മ്യാഞ്ചിതമായ്, പ്പൊന്താമരകളണിഞ്ഞതായ്,
ചുഴലെക്കിങ്ങിണിച്ചാർത്തും മുത്തുജന്നലുമുള്ളതായ്, ൨൬
ചുറ്റും കടമണിച്ചാർത്താൽ മധുരസ്വനയുക്തമായ്,
മേരുശൃംഗോപമമിതു, വിശ്വകർമ്മാവു തീർത്തതാം;

Digitized By Kerala Sahitya Akademi

മുത്തുവെള്ളികളാൽ മിന്നും വന്മോടകം നിരന്നതാം;
ചിത്രപ്പള്ളകനിലവും ശ്രീവൈഡൂര്യാസനങ്ങളും ൨൮
മികച്ച മേൽവിരിപ്പൊത്തു വില വായ്ചവ ചേർന്നതാം;
ആ വിമാനം, മനോവേഗ,മധൃഷ്യം വന്നുചേർന്നതും
രാഘവങ്കലുണർത്തിച്ചു നിന്നാനങ്ങു വിഭീഷണൻ.

—(*)—

ഒരുനൂററിരുപത്തൊമ്പതാം സർഗ്ഗം: വാനരസമ്മാനം.

---

രാമങ്കലാ,പ്പുഷ്പവിഭൂഷിതമാം പുഷ്പകത്തിനെ
വരുത്തിയിട്ടുണർത്തിച്ചു, ചാരേ നിന്ന വിഭീഷണൻ;
വണക്കമോടേ തൊഴുകൈ പൂണ്ടാ രാക്ഷസനായകൻ
എന്തു ചെയ്യേണ്ടു ഞാനെന്നാൻ കാകുത്സ്ഥനൊടു സത്വരം. ൨
കാകുത്സ്ഥനവനോടോതീ, ലക്ഷ്മണൻ കേട്ടു നില്ക്കവേ,
ഒന്നാലോചിച്ചു തേജസ്വി, വേഴ്ച മുൻനിർത്തിയിങ്ങിനെ:-
'യത്നിച്ചു വേല ചെയ്തോരാം വാനരർക്കു വിഭീഷണ,
രത്നം ധനം പലതരം മൈക്കോപ്പിവ കൊടുക്ക നീ: ൪
നിഷ്പ്രാണഭയരായ്പ്പോരിൽപ്പിന്മാറാതാശരേശ്വര,
സമ്പ്രമിച്ചോരിവരൊത്തല്ലോ, നീ വെന്നു ലങ്കയെ.
വേല ചെയ്തവരല്ലോ, നേക്കീ വനാലയരേവരും;
ധനരത്നങ്ങളാൽ വേലക്കൂലി നല്കുകിവർക്കു നീ. ൬
കൃതജ്ഞനാം ഭവാനവം സമ്മാനിയ്ക്കുകിൽ മാനദ,
സുഖിതന്മാരുമായ്ത്തീരും, മാന്യരിക്കപിയൂഥപർ.
നീ കൊടുക്കപ്പോനി,ണക്കന്നോൻ, കനിവുള്ളോൻ, ജിതേന്ദ്രിയൻ
എന്നു നണ്ണുന്നിതെപ്പേരു;-മതിനാൽച്ചൊൽവതാണു ഞാൻ. ൮
എല്ലാസ്സൽഗ്ഗുണവും വിട്ടു പോരിൽക്കൊല്ലിയ്ക്കുമീശനെ
ഉദ്യോഗം പൂണ്ടുപേക്ഷിയ്ക്കുംകളയും സേന മന്നവ!'
എന്നുവം രാമന്റെ ചൊൽ കേട്ടാ വാനരർക്കൊക്കെ നല്കിനാൻ,
ധനരത്നങ്ങളെപ്പൂമമ്മ വിഭജിച്ചു വിഭീഷണൻ. ൧൦

ധനത്താപ്പണാൽസ്സമ്മാനിയ്ക്കപ്പെട്ട കപീന്ദ്രരെ
കണ്ടാ,ശ്രേഷ്ഠവിമാനത്തിൽക്കേറിക്കൊണ്ടിതു രാഘവൻ
ലജ്ജിയ്ക്കം സതി വൈദേഹിയാളെയൊക്കത്തു കേററിയും,
വില്ലുകൈക്കൊണ്ട വിക്രാന്തൻ തമ്പി ലക്ഷ്മണനൊത്തുമേ. ൧൫
മാനിച്ചോതീ വിമാനസ്ഥൻ, വാനരന്മാരൊടൊക്കയും
പ്രവീര്യസുഗ്രീവവിഭീഷണരോടും കകുത്സ്ഥജൻ:-
'ഈ മിത്രകാര്യം സാധിച്ചു നിങ്ങൾ വാനരവര്യരേ;
വിട തന്നേൻ: മടങ്ങിപ്പോയ്ക്കൊൾകെല്ലാരും യഥേഷ്ടമേ. ൧൮
ചെയ്യേണ്ടതെന്തൊന്നു സുഹൃത്തായ തോഴൻ പരന്തപ,
അതെല്ലാം ചെയ്തു സുഗ്രീവ, നീയധർമ്മഭയത്തിനാൽ;
മടങ്ങിക്കൊൾക കിഷ്കിന്ധയ്ക്കാത്മസേനയൊടും ദ്രുതം.
ഞാൻ തന്ന ലങ്കാരാജ്യത്തിൽ വാണുകൊൾക വിഭീഷണ;
നിങ്കൽക്കയെക്കാൻ കഴിവില്ലിന്ദ്രൻ ചേന്ന സുരക്കുമേ.
തിരിയ്ക്കുന്നേനയോധ്യയ്ക്കെൻപിതാവിൻെറ പുരിയ്ക്കു ഞാൻ;
വിട തന്നീടുവിൻ: യാത്ര ചൊൽവു, നിങ്ങളൊടൊക്കെ ഞാൻ.'
എന്നു രാമൻ പറഞ്ഞപ്പോളു,ബ്ബലിഷ്ഠപ്ലവംഗരും ൧൯
കൈക്കൂപ്പി രാമനോടോതി, വിഭീഷണനരക്കനും:-
'കൊണ്ടുപോകുക;-യോധ്യയ്ക്കു പോരാവൂ ഞങ്ങളേവരും!
നടന്നുകൊള്ളാം സന്തോഷം കാട്ടിലും നഗരത്തിലും;
ത്വദഭിഷേകം കണ്ടിട്ടു കൌസല്യയെ വണങ്ങിയും ൨൦
വൈകാതെ പോന്നുകൊള്ളാം തൻഗൃഹത്തെയ്ക്കു നൃപാത്മജ.'
സവിഭീഷണകീശച്ചൊല്ലിതു കേട്ടിട്ടു, ധാർമ്മികൻ,
ശ്രീമാൻ, രാമൻ സസുഗ്രീവവിഭീഷണരൊടോതിനാൻ:-
'പ്രിയത്തേക്കാൾ പ്രിയം കൊണ്ടേൻ: സുഹൃജ്ജനമൊടൊപ്പമേ.
നിങ്ങളുള്ളവരുമായ് നന്ദിയ്ക്കാമല്ലോ പുരി പൂകി മേ!
വേഗം കേറ വിമാനത്തിൽസ്സുഗ്രീവ, കപിയുക്തനായ്;
കേറു സാമാത്യനായങ്ങും, രാക്ഷസേന്ദ്ര, വിഭീഷണ.'
സുഗ്രീവൻ പടയൊന്നിച്ചുട്ടിവ്യപുഷ്പകമേറിനാൻ, ൨൪

Digitized By Kerala Sahitya Akademi

അമാത്യന്മാരൊടൊന്നിച്ചു വിഭീഷണനുമപ്പൊഴേ.
അവരെല്ലാം കേറിയാറേ, രാഘവന്റെയനുജ്ഞയാ
പൊങ്ങീ നഭസ്ഥലത്തേയ്ക്കു കുബേരപ്പുഷ്പകവാഹനം.
ആ ഹംസവർത്തിപ്പുവിമാനത്തിൽ വാണെഴുന്നള്ളിനാൻ;
മോദാൽപ്പുളകിതൻ രാമൻ കുബേരദ്ധൃതി നേടിനാൻ.
ആ വാനരർക്ഷരെപ്പേരും മഹാബലരരക്കരും
തിങ്ങൽ കൂടാതെ സുഖമായിരുന്നാർ ദിവ്യമാമതിൽ.

—oo—

ഒരുനൂററിരുപത്താറാം സൎഗ്ഗം: അയോദ്ധ്യാപ്രതിയാനം.

———

ഹംസയുക്തമതിശ്രേഷ്ഠമാ വിമാനമുരുസ്വനം
പൊങ്ങീ നഭസ്ഥലത്തേയ്ക്കു, രാഘവന്റെയനുജ്ഞയാ-
പിന്നീടെല്ലാടവും നൂക്കൻ നടത്തി രഘുനന്ദനൻ,
വാർതിങ്കൾമുഖി വൈദേഹി സീതയോടോതി രാഘവൻ:-
"കൈലാസശൃംഗോപമമാം ത്രികൂടത്തിൻ മുടിയ്ക്കുമേൽ
വിശ്വകൎമ്മാവു നിൎമ്മിച്ച ലങ്ക കാൺക വിദേഹജേ.
ഇതാ, കാണുക നീ, മാംസരക്തച്ചെറാണ്ട പോൎക്കളം,
വാനരൎക്ഷരക്ഷകൎക്കും സിതേ, ക്രൂരമാം കൊലസ്ഥലം.
ഇതാ, കിടപ്പൂ വരമാൎന്നോനാം ദ്രോഹിയരക്കർകോൻ,
വിശാലനയനേ, നിന്നെച്ചൊല്ലി ഞാൻ കൊന്ന രാവണൻ.
കുംഭകൎണ്ണൻ നിഹതനിങ്ങു,അക്കരക്കന്റെ പ്രഹസ്തനും;
ഹതനായിങ്ങു ധൂമ്രാക്ഷൻ, ഹനൂമാനാം പ്ലവംഗനാൽ.
ഹതനിങ്ങു മഹാത്മാവാൽ, വിദ്യുന്മാലി സുഷേണനാൽ;
ഹതൻ ലക്ഷ്മണനാലിന്ദ്രജിത്തിങ്ങു യുധി രാവണി;
കൊല്ലപ്പെട്ടു വികടനാം രക്ഷസ്സംഗദനാലിഹ.
ദുൎദ്ധൎഷനാം വിരൂപാക്ഷൻ, മഹാപാൎശ്വമഹോദരർ,
അകമ്പനൻ, ഹതരിവർ മററുംജ്ജിതരരക്കരും.
വിലപിച്ചാളവനിലിങ്ങാ മണ്ഡോദരി ഭാൎയ്യയാം,

കണ്ണുനീരോടനേകംപേർ സപത്നികൾ ചുഴന്നവൾ.
ഇതാ, സമുദ്രക്കടവു കാണാകുന്നു വരാനനേ: ൧൦.
ഞങ്ങളാഴി കടന്നാരാവിങ്ങല്ലോ പാൎത്തുകൊണ്ടതും.
ഇതാ, ഞാൻ തീൎത്തതാം സേതു സാഗരക്കടലിന്നകം,
നിന്നെച്ചൊല്ലി വിശാലാക്ഷി, നളസേതു സുദുഷ്കരം!
കണ്ടുകൊണ്ടാലുമക്ഷോഭ്യം വൈദേഹി, വരുണാലയം, ൧൨
ശംഖുചിപ്പി നിറഞ്ഞ,ററം വിട്ടിരമ്പുന്ന സാഗരം.
ഹിരണ്യനാഭമാം പൊന്മാമല കാൺക വിദേഹജേ;
ഹനുമാനുടെ വിശ്രാന്തിയ്ക്കുണ്ണുവത്തിൻ നടുക്കിലായ്,
കടൽ ഭേദിച്ചുയൎന്നുള്ളൊന്നി;-താ, പടകുടിസ്ഥലം. ൧൪
ഇതാ, കാണുന്നു വാവിച്ച കടലിൻ കടവങ്ങിനെ:
ത്രൈലോക്യാൎച്ചിതമായ് സേതുബന്ധമെന്നു വിളിപ്പെടും;
ഇതു തീൎത്ഥം ശുദ്ധിദവും മഹാപാപഘ്നവുമായ് വരും;
മുല്പാടിങ്ങു മഹാദേവൻ പ്രസാദിച്ചരുളീ പ്രഭു! ൧൬
ഇങ്ങുവെച്ചീ നിശാടേശൻ വന്നു ചേൎന്നു വിഭീഷണൻ.
അക്കിഷ്കിന്ധയിതാ, കാണ്മു സീതേ, ചിത്രവനത്തൊടും,
രമ്യ സുഗ്രീവപുരി;-യിങ്ങല്ലോ, ഞാൻ കൊന്നു ബാലിയെ."
ബാലി പാലിച്ച കിഷ്കിന്ധാപുരി, കണ്ടിട്ടു സീതയും ൧൮
പ്രേമസങ്കോചവതിയായ് രാമനോടോതി താഴ്മയിൽ:-
'രാജാവേ, താരമുമ്പായ സുഗ്രീവപ്രിയമാരൊടും,
മററു കീശേന്ദ്രർതൻമാതാരൊടൊന്നിച്ചു പോകണം
ഇവിടന്നൊത്തയോധ്യയ്ക്കെന്നാശിപ്പു ഞാനകല്മഷ! ൨൦
ഏവം വൈദേഹി ചൊന്നപ്പോളാവാമെന്നോതി രാഘവൻ.
പിന്നെക്കിഷ്കിന്ധയിൽച്ചെന്നു വിമാനം നിൎത്തി രാഘവൻ
ചെമ്മേ സുഗ്രീവനെത്തൃക്കൺപാൎത്തിട്ടിങ്ങിനെ ചൊല്ലിനാൻ:-
'കഥിയ്ക്കു കപിശാൎദ്ദൂല, കപിവ്യാഘ്രരൊടൊക്കെയും: ൨൨
സഭാൎയ്യരായയോധ്യയ്ക്കു പോരട്ടേ, സീത ചൊല്കയാൽ;
നിങ്ങളും ഭാൎയ്യമാരെല്ലാവരോടൊരുമിച്ചു പോരണം;

Digitized By Kerala Sahitya Akademi

വൈകിച്ചുകൂടാ സുഗ്രീവ; പോക നാം പ്ലവഗേശ്വര.'
തേജസ്സേറിയ രാമൻെറയീ വാക്കാൽ വാനരേശ്വരൻ, ൨൪
ശ്രീമാൻ സുഗ്രീവനവരെല്ലാവരോടും സുമതനായ്
വെക്കമന്തഃപുരം പുക്കു താരയെക്കണ്ടു ചൊല്ലിനാൻ:-
'ഓമനേ, നീ മഹാത്മാരാം കീശർതൻ മങ്കമാരൊടും
പോരേണമെന്നരുളിനാൻ, സീതാപ്രീതിയ്ക്കു രാഘവൻ. ൨൫
വൈകിച്ചുകൂടാ; പ്ലവഗസ്ത്രീകളെക്കൊണ്ടുപോക നാം;
കാണാം, ദശരഥസ്ത്രീകളെല്ലാരെയുമയോധ്യയും!'
സുഗ്രീവൻറെ ചൊൽ കേട്ടു, താര, സർവ്വാംഗസുന്ദരി
കപിസ്ത്രീകളെയെല്ലാമേ വിളിച്ചങ്ങരിയാടിനാൾ:- ൨൬
'പോരാനരുളി സുഗ്രീവൻ സർവ്വകീശരൊടൊപ്പമേ;
ചെയ്യിനെൻ പ്രിയവും നിങ്ങളയോധ്യാദർശനത്തിനാൽ.
പൌരനാട്ടാരൊടൊന്നിച്ചു രാമൻെറ പുരിപൂകലും
കാണാം, ദശരഥസ്ത്രീകൾക്കെല്ലാമുള്ള വിഭൂതിയും!' ൩൦
അനുജ്ഞ താരയാൽ നല്കപ്പെട്ടു വാനരനാരിമാർ
കോപ്പണിഞ്ഞു പുറപ്പെട്ടു, വലവുംവെച്ചു സർവ്വരും
കേറിനാരാ വിമാനത്തിൽ, സീതാദർശനകാംക്ഷയാ.

അവരൊത്താശ്ശു വാനാണ്ട വിമാനം കണ്ടു രാഘവൻ ൩൨
ഋശ്യമൂകാന്തികേവെച്ചു വീണ്ടും സീതയൊടോതിനാൻ:-
"ഇതാ, കാണുന്നു വലുതായ് മിന്നൽക്കാർപോലെ മൈഥിലി,
സുവർണ്ണധാതുവൃതമാമൃശ്യമൂകാചലോത്തമം.
ഇങ്ങുവെച്ചാണു, സുഗ്രീവകപീന്ദ്രനൊടു ചേർന്നതും, ൩൪
ശപഥം ബാലിയെക്കൊൽവാൻ ചെയ്തതും ഞാൻ വിദേഹജേ.
ഇതാ, കാണുന്നിതപ്പമ്പപ്പൊയ്ക, ചിത്രവനത്തൊടും:
മാൽ മൂത്തു വിലപിച്ചേൻ ഞാനിങ്ങു, നിൻ വിരഹത്തിനാൽ!
ധർമ്മം ചെയ്യും ശബരിയെക്കണ്ടേനതത്തടത്തിൽ ഞാൻ; ൩൫
ഇങ്ങല്ലോ യോജനക്കയ്യൻകബന്ധനെ വധിച്ചു ഞാൻ.
ഇതാ, കാൺമൂ ജനസ്ഥാനേ വൈദേഹി. തിരുമാമരം;

Digitized By Kerala Sahitya Akademi

രാവണൻ കൊന്നതിങ്ങല്ലോ നിന്നെച്ചൊല്ലി വിലാസിനി,
ബലിഷ്ഠപക്ഷിവരനാം തേജസ്സേറും ജടായുവെ. ൩൮
എങ്ങോ വധിച്ചു ഖരനെ, വീഴിച്ചു ദൂഷണാഖ്യനെ
വീരത്രിശിരസ്സിനേയും ഞാൻ, മനേരെ പോകും ശരങ്ങളാൽ;
നമ്മൾതന്നാശ്രമസ്ഥാനമിതാ, വരവർണ്ണിനി:
കാണുന്നുണ്ടഴകേറുന്ന ചിത്രമാം പർണ്ണശാലയും; ൪൦
ഇങ്ങല്ലാ രാവണൻ നിന്നെക്കേറിക്കട്ടു നിശാടർകോൻ.
വെള്ളം തെളിഞ്ഞു മേചലൊത്ത ഗോദാവരിയാറിതാ;
അഗസ്ത്യാശ്രമവും കാണുന്നുണ്ടിതാ, കദളീവൃതം;
മഹാത്മാവാം സുതീക്ഷ്ണന്റെതാണിപ്പൊന്നപരമാശ്രമം. ൪൨
ഇതാ, കാണുന്നു വൈദേഹി, ശരഭംഗമഹാശ്രമം:
സഹസ്രനേത്രനിങ്ങല്ലോ വന്നു ശക്രൻ പുരന്ദരൻ;
ഞാൻ കൊന്നതിങ്ങുവെച്ചല്ലോ ക്രൂരനായ വിരാധനെ.
ഇതാ, കാണ്മു മുനികൾതൻ പാർപ്പിടങ്ങൾ കൃശോദരി: ൪൪
ഇങ്ങത്രിയാം കുലപതി, സൂര്യാഗ്നിസദൃശപ്രഭൻ;
ഇങ്ങല്ലോ കണ്ടു നീ സീതേ, ധർമ്മിഷ്ഠമുനിപത്നിയെ.
ഇതാ, സുതനു, ശോഭിപ്പൂ ചിത്രകൂടമഹാചലം
ഇങ്ങല്ലാ മൽപ്രസാദാർത്ഥം വന്നെത്തി കൈകയീസുതൻ. ൪൬
ഇതാ, കാണുന്നു കാളിന്ദി ദൂരെ ചിത്രവനത്തോടും;
ഇതാ, ലസിപ്പൂ, ശ്രീമത്താം ഭരദ്വാജന്റെയാശ്രമം.
ഇതാ, മുപ്പുഴിപോം ഗംഗ കാണാകുന്നു സുവർണ്ണിനി,
നാനാവിഹംഗങ്ങൾ നിറഞ്ഞൊട്ടേറെപ്പൂത്ത കാടുമായ്; ൪൮
ശൃംഗിവേരം പുരമിതി: ങ്ങല്ലാ മത്സഖനാം ഗുഹൻ.
ഇതാ, കാണുന്നു യൂപങ്ങൾ തിങ്ങും സരയുമൈഥിലി,
നാനാവൃക്ഷാവലി നിറഞ്ഞൊട്ടേറെപ്പൂത്ത കാടുമായ്.
ഇതാ, കാണുന്നു, താതന്റെ രാജധാനിയയോദ്ധ്യയും; ൫൦
അയോദ്ധ്യയെക്കുമ്പിടുക സീതേ, തിരിയെവന്നാ നീ!"

ഉടൻ വാനരരെപ്പേരും, വിഭീഷണനെ,രക്കരെയും



Digitized By Kerala Sahitya Akademi

ച്ചെന്തിനിന്നോന്തിനിന്നീക്ഷിച്ചാരാ, ച്ചാരുതരം പുരം.
പ്ലവംഗർ കണ്ടു, വിപുലങ്ങളാം മതി-
ല്ക്കെട്ടുകളാം വെൺമാടകളും ചുഴന്നതായ്,
ഹയരഥിപം തിങ്ങി, വലദ്വിഷൽപുരാ-
മരാവതിയ്ക്കൊക്കുമയോദ്ധ്യയാം പുരം. ൩൨

—: * :—

ഒരുനൂറ്റിരുപത്തേഴാം സർഗ്ഗം: ഭരദ്വാജാശ്രമവാസം.

---

ഈരേഴാണ്ടു തികഞ്ഞന്നു, പഞ്ചമ്യാം, ലക്ഷ്മണാഗ്രജൻ
ഭരദ്വാജാശ്രമം പുക്കു മുനിയെക്കൂപ്പി താഴ്മയിൽ.
ചോദിച്ചാൻ വന്ദനം ചെയ്താബ്ഭരദ്വാജർഷിയോടവൻ:—
'ഭഗവാൻ കേൾക്കുമാറില്ലേ സുഭിക്ഷാനാമയം പുരേ?
ശ്രദ്ധാലുവല്ലീ ഭരതൻ? ജീവിപ്പീലേ ജനിത്രിമാർ?'
രാമന്റെ ചോദ്യം കേട്ടിട്ടു, ഭരദ്വാജൻ മഹാമുനി
ഹർഷിച്ചു പുഞ്ചിരിക്കൊണ്ടു രഘുശ്രേഷ്ഠനൊടോതിനാൻ:-
"നിൻപാദുകയെ മുൻനിർത്തി, മുഷിർ പൂണ്ടു ജടാലനായ്
നിന്നെക്കാക്കുന്നു ഭരതൻ; ഗ്ഗേഹേ കുശലമൊക്കെയും.
പണ്ടു നീ വല്ക്കലം ചുററിപ്പെരുംകാട്ടിന്നു പോവതും;
രാജ്യവിച്യുതനായ്, ധർമ്മൈകാർത്ഥിയായ്, സ്ത്രീദ്വിതീയനായ്,
സ്വത്തെല്ലാം വിട്ടു, താതാജ്ഞ ചെയ്വാൻ കാൽനട കൊണ്ടും
ഭോഗമെല്ലാമുപേക്ഷിച്ചു, നാകഭ്രഷ്ടാമരാഭനായ്, [വത്തും;
കൈകേയീവാക്യവശനായ് കാട്ടുകായ്കനി തിന്നതും
കണ്ടിട്ടു സങ്കടം തോന്നിയെനിയ്ക്കു സമിതിഞ്ജയ.
ഇന്നോ, സിദ്ധാർത്ഥനായ് മിത്രബന്ധുവർഗ്ഗസമേതനായ്
മാററാരെ വെന്നു നിന്നെക്കണ്ടേററം സന്തുഷ്ടി നേടി ഞാൻ!
അറിഞ്ഞിരിപ്പൂ നിൻ ദുഃഖസുഖമൊട്ടുക്കു രാമ, ഞാൻ:
ഉണ്ടായല്ലോ തവ, പെരുംജനസ്ഥാനവധാദികം;
ദ്വിജാർത്ഥചോദനാൽസ്സർവ്വമുനിരക്ഷ നടത്തവേ,

കട്ടല്ലോ രാവണൻ വന്നീ നന്ദിയ്ക്കപ്പെട്ട ഭാര്യയെ.
മാരീചസന്ദർശനവും, വൈദേഹിയെ വലച്ചതും,
കബന്ധസന്ദർശനവും, പമ്പയിൽച്ചെന്നണഞ്ഞതും,
സുഗ്രീവസഖ്യവും, നീയബ്ബാലിയെക്കൊലചെയ്തതും, ൧൨
വൈദേഹിയെത്തേടിയതും, വായുജൻ ചെയ്തുവെച്ചതും,
സീതാകഥയറിഞ്ഞാറേ നളസേതു ചമച്ചതും,
കപീന്ദ്രരിമ്പമൂലംകൊണ്ടു ലങ്കയെച്ചുട്ടെരിച്ചതും,
പുത്രാമാത്യസുഹൃത്സേനാവാഹനങ്ങളൊടൊപ്പമേ ൧൪
ദേവാരിയാം രാവണനെ നൽപ്പോരിങ്കൽക്കൊലചെയ്തതും,
വാനോരായ്ച്ചേർന്നതും, തത്ര വരമങ്ങേയ്ക്കു തന്നതും,
ഒട്ടുക്കറിഞ്ഞിരിപ്പൂ ഞാൻ തപസ്സാൽധർമ്മവത്സല;
പോകാമുണ്ടു, വൃത്താന്തം ചൊൽവാനെൻശിഷ്യർ നിൻ
ഞാനങ്ങെയ്ക്കൊരു വരം തരാം ശസ്ത്രധരോത്തമ; [പുരേ. ൧൬
ഇന്നെൻറയർഘ്യം കൈക്കൊൾക നാളെപ്പോകാമയോധ്യ
അത്രഹത്തിൻറയാ വാക്യമാവാമെന്നാ സഹർഷനായ് [യിൽ."
ശിരസ്സിലേററു യാചിച്ചാൻ വരം ധീമാൻ നൃപാത്മജൻ:- ൧൮
'അകാല കായ്ച്ചു തേൻ തൂകിടട്ടെ വൃക്ഷങ്ങളൊക്കെയും;
നാനാതരത്തിൽപ്പലമുള്ള കൃതിയൊത്ത കായ്കളും
ഉണ്ടാക ഭഗവൻ, മാർഗ്ഗേ, ഞാനയോദ്ധ്യയ്ക്കു പോകവേ.'
അതുവാമെന്നുരചെയ്താറേ, ചൊല്ലിത്തീർന്നപ്പോഴെയ്ക്കുമേ, ൨൦
ദ്രുമങ്ങളവിടെ സ്വർഗ്ഗദ്രുമങ്ങളോടെ മട്ടിലായ്:
പൂവില്ലാത്തവ പുഷ്പിച്ചു; കായ്ചു കായ്ക്കാതിരുന്നവ;
ഉണക്കവൃക്ഷങ്ങളില നിറഞ്ഞും തേനൊഴുക്കിയും
നിന്നു പോകുന്ന വഴിയിൽ, മൂന്നു യോജന നീളവേ. ൨൨

മനം കളിർത്തക്കപിപുംഗവന്മാർ
യഥേഷ്ടമേ ദിവ്യഫലങ്ങളേററം
ഭുജിച്ചുകൊണ്ടാരഥ കൂട്ടമിട്ടു
മോദേന, വിണ്ണോണ്ടവരെന്നപോലെ.

Digitized By Kerala Sahitya Akademi

## ഒരുനൂററിരുപത്തെട്ടാം സർഗ്ഗം: ഹനൂമൽപ്രേഷണം

അയോധ്യയെ നിരീക്ഷിച്ചിട്ടാലോചിച്ചിതു രാഘവൻ;
ആലോചിച്ചു, ഹനൂമാനാം കപിശ്രേഷ്ഠനൊടോതിനാൻ:—
"അയോധ്യയിൽസ്സത്വരമേ ചെന്നെത്തി പ്ലവഗോത്തമ,
അറിഞ്ഞാലും, കുശലമോ രാജഗേഹത്തിലെന്നു നീ. ൨
ശൃംഗിവേരപുരം പുക്കു ചൊല്ലേൻ കുശലഭാഷിതം
വനത്തിൽ വാഴുന്ന നിഷാദേശനാം ഗുഹനോടു നീ:
അരോഗൻ ഞാൻ കുശലിയെന്നറിഞ്ഞേ, വീതശോകനായ്
പ്രീതിപ്പെട്ടു ശരിവരെയ്ക്കാം, ത്മതുല്യസഖൻ ഗുഹൻ; ൪
അയോധ്യയ്ക്കുള്ള വഴിയും ഭരതന്റെയുദന്തവും
ചൊല്ലിത്തരികയും ചെയ്യും, നിഷാദേശൻ ഗുഹൻ മുദാ.
കഥിയ്ക്കണം ഭരതനോടെൻ വാക്കാൽക്കുശലം ഭവാൻ;
കാര്യം സാധിച്ചതും ചൊല്ലൂ, ഭാര്യാലക്ഷ്മണരൊത്ത ഞാൻ: ൬
രാവണൻ ബലസമ്പന്നൻ സീതയെക്കൊണ്ടുപോയതും,
സുഗ്രീവസഖ്യവും, പോരിൽബ്ബാലിയെക്കൊലചെയ്തതും,
വൈദേഹിയെത്തേടിയതു,മററമില്ലാപ്പെരുംകടൽ
ചാടിക്കടന്നിട്ടു ഭവാനിവളെ കണ്ടുകൊണ്ടതും, ൮
ആഴിക്കരെയ്ക്കെത്തിയതു,മബ്ധിയെന്നോടു കണ്ടതും,
ചിറ കെട്ടിച്ചതും, പംക്തികണ്ഠനെക്കൊലചെയ്തതും,
ഇന്ദ്രൻ ബ്രഹ്മാവു വരുണൻ വരമീയിവർ തന്നതും,
മഹാദേവപ്രസാദത്താലച്ഛനൊടു ചേർന്നതും ൧൦
അറിയിയ്ക്കൂ ഭരതനെസ്സൌമ്യ, ഞാൻ വന്നടുത്തതും,
അരക്കർകോനൊടും കീശപ്പെരുമാളൊടുമൊപ്പമേ.
'മാററാരെ വെന്നുത്തമമാം കീർത്തിയും നേടി രാഘവൻ
വരുന്നുണ്ടു സമൃദ്ധാർത്ഥൻ, കെല്പേറും സുഹൃൽക്കാരുമായ്.' ൧൨
ഇതു കേട്ടാൽ ഭരതനിലെന്തു ഭാവമുദിയ്ക്കുമോ,
അതു നീ കണ്ടറിയണ,മെന്നോടുള്ളതുമോർക്കവേ.

Digitized By Kerala Sahitya Akademi

കഥയെല്ലാമറിയണം, ഭരതാന്തർഗ്ഗതങ്ങളും
ശരിയ്ക്കു മുഖവർണ്ണത്താൽ നോക്കിനാൽ വാക്കിനാലുമേ. ൧൪
സമസ്തകാമസമ്പന്നം, രഥാശ്വഗജസങ്കുലം,
അച്ഛനമ്മത്തച്ഛർവക നാടാർതൻ കരളം കവർന്നിടാ?
സംസർഗ്ഗാൽബ്ഭരതൻ ശ്രീമാൻ, താനും രാജ്യാർത്ഥിയെങ്കിലോ,
വാണുകൊള്ളട്ടെയിട്ടററ മന്നെല്ലാം രഘുനന്ദനൻ. ൧൫
അവൻെറയുള്ളമേപ്പാട്ടമറിഞ്ഞു വരികഞ്ജസാ,
ഞങ്ങളേറെയടുത്തെത്തുന്നതിൻമുമ്പെ പ്ലവംഗ നീ."
എന്നു ചൊല്ലിവിടപ്പെട്ട ഹനുമാനനിലാത്മജൻ
മർത്ത്യമൈ പൂണ്ടയോധ്യയ്ക്കു പുറപ്പെട്ടാനതിദ്രുതം: ൧൬
മേല്പോട്ടു ചാടിനാന്തക്കിലനുമാനനിലാത്മജൻ
വമ്പാമ്പിനെപ്പിടിപ്പാനായുക്കിൽത്താർക്ഷ്യൻ കണക്കിനേ.
പക്ഷീന്ദ്രസ്ഥാനമച്ഛൻെറ ശുഭമാർഗ്ഗണത്തവൻ
ഇടയ്ക്കു ഗംഗാകാളിന്ദിസംഗമംത്തൊക്കടന്നുടൻ ൨൦
ശൃംഗിവേരപുരത്തെത്തിഗ്ഗുഹങ്കൽച്ചെന്നു വിശ്വവാൻ;
ഹർഷിച്ചാ ഹനുമാനേവം ശുഭവാക്കരുളിയാടിനാൻ:-
'ഭവാൻെറ തോഴൻ കാകുത്സ്ഥൻ രാമൻ സത്യപരാക്രമൻ
ഭവാനൊടോതി കുശലം, സീതാലക്ഷ്മണസംയുതൻ: ൨൨
ഇപ്പഞ്ചമിരാവു ഭരദ്വാജവാക്കാലെ പാർക്കയാം;
കാലത്തെ മുന്യനുജ്ഞാതൻ കാണാകും തവ രാഘവൻ.'
എന്നുരച്ചതിതേജസ്വി രോമം പൊട്ടിത്തരിച്ചവൻ
മേല്പോട്ടു ചാടിനാന്തക്കിൽക്കൂറപിടിച്ചു,കെ ഭ്രുകുടിയോൻ. ൨൪
അവൻ കണ്ടു രാമതീർത്ഥം, പിന്നെ വാലുകിനിനദി,
വരൂഥിയും ഗോമതിയും രമ്യസാലവനാന്തവും,
അസംഖ്യമാളുകളെയും, പലയ്ക്ഷ നാട്ടുപുറങ്ങളും.
ഒട്ടൊ വഴി ചിക്കെന്നു പിന്നിട്ടു കപികുഞ്ജരൻ ൨൫
അണഞ്ഞു പൂത്ത വൃക്ഷങ്ങൾ നന്ദിഗ്രാമത്തിനന്തികേ:
ഒളിയ്ക്കും ബാലവൃദ്ധസ്ത്രീവർഗ്ഗത്താലഴകൊത്തവ,

Digitized By Kerala Sahitya Akademi

ശക്രപുഷ്പവനീചൈത്രരഥവൃക്ഷങ്ങൾ പോലവേ
അയോദ്ധ്യയ്ക്കു വിളിപ്പാടു ദൂരെ കാണായിതാശ്രമം. ൨൮
മാൎജ്ജിച്ചുടച്ച ഭരതൻ, മാന്മരത്തോലുടുത്തവൻ,
ജടിലൻ, ഭ്രാതൃശോകാൎത്തൻ, മെയ്യിൽച്ചളി പുരണ്ടവൻ,
ദാന്തൻ കാൎയ്യനിയുക്തനാക്കി ധൎമ്മം ചെയ്യുന്ന താപസൻ,
വഞ്ചിടക്കെട്ടുയൎന്നുള്ളോൻ, മാന്മരത്തോൽ പുതച്ചവൻ, ൩൦
ബ്രഹ്മൎഷിസമതേജസ്സു, ഭാവിതാത്മാവു മൌനവാൻ;
അപ്പാദുകയെ മുന്നിൎത്തി ക്ഷോണി രക്ഷിച്ചിടുന്നവൻ,
നാലു ജാതിയെയും വ്യാപത്തൊന്നുമേല്ക്കാതെ കാക്കുവോൻ;
അമാത്യരും ശുചികളാം വാദ്ധ്യാന്മാരുമിണങ്ങിയോൻ, ൩൨
കാവിവസ്ത്രമുടുത്തുള്ളോർ സന്നദ്ധർ ബലമുഖ്യരും:
അപ്പൌരരാ മാന്മരത്തോലുടുത്ത നൃപപുത്രനെ
വിട്ടു ഭോഗം ഭുജിയ്ക്കാറില്ലല്ലോ, ധൎമ്മാനുഷക്തിയാൽ.
മൈ പൂണ്ടോരന്യധൎമ്മം പോലുള്ളാധൎമ്മജ്ഞനോടവൻ. ൩൪
പറഞ്ഞാൻ തൊഴുതുംകൊണ്ടു, ഹനുമാനനിലാത്മജൻ:-
'മരത്തോലും ചിടയുമായ് ദണ്ഡകക്കാട്ടിൽ വാഴ്കതിൽ
ഭവാൻ ശോചിയ്ക്കുമാ രാമൻ ചൊല്ലി കുശലമങ്ങയിൽ.
പ്രിയം തേ ദേവ, ചൊല്ലുന്നേൻ; ത്യജിയ്ക്ക കൊടുതാമഴൽ: ൩൬
ഘോരമല്ലോ, സഹജനാം രാമനോടിപ്പോഴേ ഭവാൻ.
രാമൻ രാവണനെക്കൊന്നു വിദേഹജയെ വീണ്ടിതാ;
വരുന്നു സഫലാൎത്ഥൻ, കെല്പെഴും ശ്രീരാമനൊത്തു;
തേജസ്വിയാം ലക്ഷ്മണനും, രാമനൊത്തു യശസ്വിനി, ൩൮
ഇന്ദ്രനൊത്ത ശചിയ്ക്കൊപ്പം പൂൎണ്ണകാമിത സീതയും!'
ഹനുമാനിതു ചൊന്നാറെ, ഭരതൻ ഭ്രാതൃവത്സലൻ
പെട്ടെന്നു ഹൃഷ്ടനായ് വീണാൻ; ഹൎഷത്താൽ മൂൎച്ഛ തേടിനാൻ.
തെല്ലിടയ്ക്കുള്ളിലെഴുന്നേറ്റാശ്വസിച്ചിട്ടു രാഘവൻ
പ്രിയം ചൊന്ന ഹനുമാനോടോതീ ഭരതനിങ്ങിനെ;
മാൽ നീങ്ങി മോദാലുണ്ടായ പെരുംകണ്ണീർക്കണങ്ങളാൽ

Digitized By Kerala Sahitya Akademi

നനച്ചു ഭരതൻ ശ്രീമാൻ വെമ്പിപ്പുല്കിപ്ലവംഗനെ:-
'ദേവനോ, മാനുഷൻതാനോ, ദയയാലിങ്ങു വന്ന നീ? ൪൨
പ്രിയോക്തിയ്ക്കു തരാം സൌമ്യ, പ്രിയം ചൊന്ന ഭവാനു ഞാൻ,
നൂറായിരം പൈക്കളെയും, നൂറൂരുകളുമങ്ങിനെ,
വേൾപ്പാൻ, സുകുണ്ഡലകൾ സദ്വൃത്തമാരഭിജാതമാർ
നന്മൂക്കുകളുട പൊൻവർണ്ണം ചേർന്നോർ ചന്ദ്രശുഭാസ്യമാർ ൪൪
മൈക്കോപ്പെല്ലാമണിഞ്ഞോരീരെട്ടു കന്യകമാരെയും'

നൃപാത്മജൻ വാനരപുംഗവോക്തമീ-
യതുല്യരാമാഗമനം ശ്രവിയ്ക്കയാൽ
പ്രഹൃഷ്ടനായ് രാമദിദൃക്ഷ തേടിനാൻ;
സഹർഷമേ വീണ്ടുമിവണ്ണമോതിനാൻ:-

---

## ഒരുനൂററിരുപത്തൊമ്പതാം സർഗ്ഗം : ഹനുമദ്ഭരതസംവാദം.

— * —

'പെരുതാണ്ടായ്പ്പെരുംകാട്ടിൽപ്പോയ മത്സ്വാമിതന്നുടെ
സന്തോഷകരമാം വാർത്ത കേൾക്കുന്നല്ലോ ശരിയ്ക്കു ഞാൻ!
യഥാർത്ഥമാണീ ലോകോക്തി,യെന്നു തോന്നുന്നു ഹന്ത, മേ:
'ജീവിച്ചിരുന്നാലാനന്ദം നൂറാണ്ടാലെങ്കിലും വരും.' ൨
രാമനും കീശരും തമ്മിലെമ്മട്ടുണ്ടായ് സമാഗമം?
എങ്ങുവെച്ചെ,ന്തു മൂലം? നേർ ചൊല്ക, ചോദിയ്ക്കുമെന്നോടായ്.'
ചോദിച്ചു രാജതനയൻ ബൃസിതന്മേലിരുത്തിനാൻ;
രാമന്നരണ്യത്തിൽ നടന്നതെല്ലാം ചൊല്ലിനാനവൻ:-
'നിന്നമ്മയ്ക്കു വരം നല്കി രാമനെപ്പോക്കിവിട്ടതും,
ഭൂപൻ ദശരഥൻ പുത്രദുഃഖംകൊണ്ടന്തരിച്ചതും,
നിന്നെ പ്രഭോ, രാജഗൃഹാൽ ദൂതർ കൊണ്ടാശു പോന്നതും,
അയോധ്യയുൾപ്പുക്ക ഭവാൻ രാജ്യം കൈക്കൊണ്ടിടാഞ്ഞതും,ന്യ
ചിത്രകൂടാദ്രിയിൽച്ചെന്നു, ശത്രുജിത്താം സഗർഭ്യനെ
സദ്ധർമ്മചാരനങ്ങന്നു രാജ്യത്തിന്നായ് ക്ഷണിച്ചതും,

Digitized By Kerala Sahitya Akademi

രാജാജ്ഞയിൽ നിലക്കൊൾവോൻ രാജ്യത്തെക്കൈവെടിഞ്ഞതും,
ത്രപ്പാദുകകളും വാങ്ങിബ്ഭവാനിങ്ങോട്ടു പോന്നതും ൮
വഴിപോലറിയാമല്ലോ. ഭവാനെല്ലാം മഹാഭുജ;
ഭവാൻ തിരിച്ചതിൽപ്പിന്നെയുണ്ടായതറിയിച്ചിടാം:
അങ്ങന്നു പോന്നതോടൊപ്പം, ഭ്രാന്തപക്ഷിമൃഗൌഘമായ്,
പെരികെസ്സങ്കടപ്പെട്ടപോലെയായ്ത്തീർന്നിതാ വനം! ൧൦
അവിടുന്നഥ പൂക്കാനക്കൊട്ടുംവൻദണ്ഡകാവനം,
വിജനം, ഹസ്തിമഥിതം, സിംഹവ്യാഘ്രമൃഗാകുലം.
ദുർഗ്ഗാരണ്യേ നടക്കുംപോളവർക്കെതിർവശത്തുതാൻ
കാണായ് വിരാധൻ ബലവാൻ, ഉത്ത ശബ്ദമൊടാക്രോവോ
കൈപൊന്തിച്ചത്തലറിമന്ന് കുപ്പമാറവനെബ്ഭവാൽ [ൻ. ൧൨
തള്ളിക്കഴിയ്ക്കുകത്തിട്ടാരാ,ക്രമാനയെയാംവിധം.
ദുസ്സാധമിതു ചെയ്തിട്ടു രാമലക്ഷ്മണർ സോദരർ
വൈകുന്നേരത്തു ചെന്നെത്തി ശരഭംഗശുഭാശ്രമെ. ൧൪
അദ്ദേഹം വിണ്ണു പൂക്കാറേ, രാമൻ സത്യപരാക്രമൻ
മുനിവൃന്ദത്തെ വന്ദിച്ചു ജനസ്ഥാനത്തിലെത്തിനാൻ.
അതിന്നുമേൽശ്ശൂർപ്പണഖ വന്നെത്തീ രാമസന്നിധൌ;
രാമന്റെ ശാസനാൽച്ചിക്കെന്നെഴുന്നേററഥ ലക്ഷ്മണൻ ൧൬
വാളെടുത്തിട്ടു ചെവിയും മൂക്കും ചെത്തീ മഹാബലൻ.
ഘോരകർമ്മാക്കളാമീരേഴായിരംപോരാക്കരെ
കൊന്നാനവിടെ വാഴുംപോൾ മഹാത്മാവായ രാഘവൻ:
എല്ലാരുംകൂടിയൊററയ്ക്കാം രാമനോടേററു സംഗരേ, ൧൮
മൂന്നുനാഴികകൊണ്ടേ കൊന്നൊടുക്കപ്പെട്ടു രാക്ഷസർ;
മഹാവീര്യബലം പൂണ്ടും തപോവിഘ്നം വരുത്തിയും
ദണ്ഡകക്കാട്ടിൽ വാണോരെക്കൊന്നു പോരിൽക്കകുത്സ്ഥജൻ;
പൊതുക്കീ രാക്ഷസന്മാരെ;-ക്കൊന്നു ഖരനെയും രണേ; ൨൦
മുമ്പേ ദൂഷണനെക്കൊന്നാൻ, പിന്നാടാ ത്രിശിരസ്സിനെ.
അപ്പുറിക്കേററ മൂഢത്തി ചെന്നെത്തി രാവണാന്തികേ;

Digitized By Kerala Sahitya Akademi

രാവണാനുചരൻ, ഘോരൻ, മാരീചാഖ്യനൊരാശരൻ,
രത്നമാനായ് ച്ചമഞ്ഞെത്തിപ്രലോഭിപ്പിച്ചു സീതയെ. ൨൨
പിടിയ്ക്കുകെന്നു ചൊന്നാളസ്സീത രാഘവനോടുടൻ:-
'ഇതു ചേതോഹരം നമ്മൾക്കാശ്രമേ മോടി ചേർത്തിടും!'
രാമനും വില്ലെടുത്തോ,ടും മാനിൻ പിന്നാലെയോടിനാൻ;
അവിടുന്നതിനെക്കൊന്നാൻ മൊട്ടുഴിഞ്ഞുള്ളൊരമ്പിനാൽ. ൨൪
രാഘവൻ സൌമ്യ, മാനിന്നായെഴുന്നള്ളിയിരിയ്ക്കവേ,
സൌമിത്രിയും ഗമിച്ചപ്പോളാശ്രമം പൂകി രാവണൻ,
ദിവി രോഹിണിയെച്ചൊവ്വ പോലേന്തി സീതയെബ്ബലാൽ;
കാപ്പാൻ നോക്കും ജടായുസ്സാം ഗൃധ്രനെക്കൊന്നു സംഗരേ, ൨൬
പിടിച്ചു സീതയെക്കൊണ്ടുപോയാനാ രാക്ഷസൻ ദ്രുതം.
അപ്പോളദ്ഭുതരൂപന്മാർ, മലതന്മേലിരിപ്പവർ,
കന്നിനൊത്ത കുരങ്ങന്മാർ കാണ്കെയുണ്ടായ് സവിസ്മയം,
സീതയെക്കൊണ്ടുപോകുന്ന രാവണാശരനാഥനെ. ൨൮
പിന്നാലെ ബലസമ്പന്നൻ വൈദേഹിയൊടുകൂടവേ
മനോജവം പുഷ്പകമാം വിമാനം കേറിയങ്ങു സാ
ഗമിച്ചു, ലങ്കയുംപൂകി രാവണൻ ലോകരാവണൻ;
പൊന്നണിഞ്ഞഴകൊക്കും വൻഗൃഹത്തിൽക്കൊണ്ടുവെച്ചുടൻ ൩൦
ആ മൈഥിലിയൊടോരോരോ സാന്ത്വനം ചൊല്ലി രാവണൻ;
പുല്ലു പോലാ മൊഴിയു,മാ രാക്ഷസപ്പെരുമാളെയും
വകവെയ്ക്കാതെ വൈദേഹിയശോകക്കാവിൽ മേവിനാൾ.
വങ്കാട്ടിൽ മാനിനെക്കൊന്നു മടങ്ങിപ്പോന്നു രാഘവൻ; ൩൨
മടങ്ങിപ്പോന്നിടും രാമൻ ഗൃധ്രനെക്കണ്ടു മാഴ്കിനാൻ:
അച്ഛന്നുററ സുഹൃത്താകുമാക്കൊല്ലപ്പെട്ട ഗൃധ്രനെ
ദഹിപ്പിച്ചു സസൌമിത്രി സീതയെത്തേടി രാഘവൻ
ചുററി ഗോദാവരിയിലും പൂവണിക്കാടിനത്തിലും. ൩൪
കണ്ടെത്തിനാർ പെരുംകാട്ടിൽക്കബന്ധാഖ്യനിശാടനെ;
അക്കബന്ധൻെറ വാക്കാലേ രാമൻ സത്യപരാക്രമൻ



Digitized By Kerala Sahitya Akademi

ഋശ്യമൂകാദ്രിമേലെത്തിസ്സുഗ്രീവനൊടിണങ്ങിനാൻ.
പ്രീതിമൂലമവൎക്കുണ്ടായ് മനസ്സാൽച്ചേൎച്ച മുന്നമേ: ൩൬
പുരാ നിരസ്തൻ സുഗ്രീവൻ, ക്രുദ്ധനാമഗ്രബാലിയാൽ;
മിഥസ്സംഭാഷണാൽ സ്നേഹം വേരുറച്ചിതവൎക്കുടൻ.
രാമൻ സ്വബാഹുവീൎയ്യത്താൽത്തന്നൊടവനു നല്കിനാൻ,
ക്രൂരനായ കരുത്തേറും ബാലിയെക്കൊന്നു സംഗരേ; ൩൮
വാഴിയ്ക്കപ്പെട്ട സുഗ്രീവൻ സൎവ്വാനരയുക്തനായ്
രാമനോടേല്ക്കയും ചെയ്തു രാജപുത്രീഗവേഷണം.
ആജ്ഞാപിച്ചു, മഹാത്മാവാം സുഗ്രീവൻ വാനരേശ്വരൻ
പത്തുകോടിപ്ലവഗരെയയച്ചാൻ സൎവ്വദിക്കിലും; ൪൦
ബിലമൂന്നുപുക്ക ഞങ്ങൾക്ക, വിന്ധ്യാദ്രിഗുഹകൽവെച്ചുതാൻ,
പാരം മാൽകൊണ്ടെരിയുമാറേ,റെക്കാലം കഴിഞ്ഞുപോയ്!
എന്നാൽഗ്ഗൃദ്ധ്രേശസഹജൻ, വീരൻ സമ്പാതിയെന്നവൻ,
സീത രാവണഗേഹത്തിൽപ്പാൎക്കുന്നുണ്ടെന്നു ചൊല്ലിനാൻ. ൪൨
ഞാനുടൻ ദീനരാം കൂറുകാൎക്ക ദുഃഖമകറ്റുവാൻ
സ്വന്തം വീൎയ്യമെടുത്തിട്ടു നൂറു യോജന ചാടിനേൻ.
അങ്ങശോകവനാന്തേ ഞാൻ കണ്ടെത്തീ നിസ്സഹായയെ,
പുഴുന്തൽപ്പട്ടുടുത്ത,മ്പററൊ,ളി മങ്ങിയ സാധ്വിയെ. ൪൪
ചാരേ ചെന്നു ശരിയ്ക്കെല്ലാം ചോദിച്ചാ, ശ്ശ്ലാഘ്യയാമവൾക്ക ഞാൻ
അടയാളം സമൎപ്പിച്ചേൻ, രാമനാമാംഗുലീയകം.
തന്നാളെൻകയ്യിലും, മിന്നുമടയാളം, മഹാമണി;
മണിയാമടയാളത്തെ വാങ്ങി,പ്പോന്നേൻ കൃതാൎത്ഥനായ്. ൪൬
ഞാൻ തിരിച്ചെത്തി,യക്ലിഷ്ടകൎമ്മാവാകിയ രാമനിൽ
അൎപ്പിച്ചുകൊണ്ടേനാ, മിന്നുമടയാളം മഹാമണി.
സീതയെക്കേട്ടു കാകുത്സ്ഥൻ ജീവനിൽക്കാംക്ഷ തേടിനാൻ,
അമൃതുണ്ടിട്ടൊരാസന്നമൃത്യുവാം രോഗിപോലവേ. ൪൮
ലങ്കാവധത്തിലുറം വെച്ചാനൊരുക്കം ചെയ്തുകൊണ്ടുടൻ
പ്രളയത്തിൽജ്ജഗത്തെല്ലാം മുടിപ്പാനഗ്നിപോലവേ.

Digitized By Kerala Sahitya Akademi

പിന്നെക്കടല്ക്കരക്കെത്തിത്തീർപ്പിച്ചു നളനാൽച്ചിറ;
കടന്നിതച്ചിറയിലൂടെ വീരകപിപ്പട. ൧൦
നീലൻ പ്രഹസ്തനെക്കൊന്നു, കുംഭകർണ്ണനെ രാഘവൻ,
ലക്ഷ്മണൻ രാവണിയെയും, രാമൻ താൻതാൻ ദശാസ്യനെ.
പിമ്പിന്ദ്രകാലവരുണന്മാരൊടും പത്മഭൂവൊടും
ശിവനോടും ദശരഥനോടും ചേർന്നക്കൈതസമജൻ ൧൨
അവരാൽദ്ദത്തവരനായ്, ശ്രീമാൻ നേടി വരങ്ങളെ,
സമാഗതർഷിദേവർഷിമാരിൽനിന്നും പരന്തപൻ.
വരങ്ങളും വാങ്ങിസ്സുരസം കീശരോടിടചേർന്നവൻ
അപ്പുഷ്പകവിമാനത്തിലൂടെ കിഷ്കിന്ധ പൂകിനാൻ. ൧൪
ഗംഗാതടേ വന്നൃഷിതൻ ചാരേ മേവുന്ന രാമനെ,
നാളെപ്പൂയം തുടരവേ കാണാമങ്ങയ്ക്കു വിഘ്നമായ്".

യഥാർത്ഥമാകും ഹനുമാന്റെ വൻവച-
സ്സിദം ശ്രവിച്ചമ്പരതൻ പ്രഹൃഷ്ടനായ്
മനം കളിക്കെത്തൊഴുതൊന്നു ചൊല്ലിനാൻ:—
'ചിരേണ സാധിച്ചു മനോരഥം മമ!' ൧൫

— o —

## ഒരുനൂറ്റിരുപത്താം സർഗ്ഗം: രാമഭരതാദിസമാഗമം.

— o —

ധർമ്മാത്മാവം കേട്ടു ഭരതൻ സത്യവിക്രമൻ
ചൊന്നാനന്പുററ ശത്രുഘ്നനോടു വീരാരിസൂദനൻ:—
'എല്ലാദ്ദേവതമാരേയും പുരചൈത്യങ്ങളും നരർ
സുഗന്ധമാല്യവാദ്യങ്ങൾകൊണ്ടർച്ചിയ്ക്കട്ടെ ശുദ്ധരായ്. ൨
പുരാണസ്തുതിവിജ്ഞന്മാർ സൂതമാഗധരേവരും,
വാദ്യക്കാരേവരും കൂട്ടമിട്ടു വേശ്യാജനങ്ങളും,
രാജദാരങ്ങൾ, സചിവർ സൈന്യങ്ങൾ, പടനാരിമാർ,
രാജന്യരും, ബ്രാഹ്മണരും, ശ്രേണീമുഖ്യർ, ഗണങ്ങളും ൪

Digitized By Kerala Sahitya Akademi

പുറപ്പെടട്ടേ കാണ്മാനായ് രാമന്റെ ശശിനേർമുഖം.'
ശത്രുഘ്നൻ ഭരതാദേശം കേട്ടു, വീരാരിസൂദനൻ
ചൊല്ലിവിട്ടാൻ പണിക്കാരെ വെവ്വേറെ പെരുതായിരം:-
'നികത്തുവിൻ കണ്ടകളെ;സ്സമാസമവിഭേദമേ ൬
നീക്കീടുവിൻ നിലങ്ങൾക്കി, നന്ദിഗ്രാമം മുതല്ക്കുതാൻ.
മഞ്ഞിനൊക്കും കുളിർജ്ജലം പാററട്ടെ മന്നിലൊക്കയും;
വിതറീടട്ടെ മലരും പൂക്കളും നിളവേ ചിലർ.
നൽപ്പട്ടണപ്പാതകളിൽ നാട്ടട്ടേ കൊടിയാടകൾ; ൮
മോടിക്കൂട്ടട്ടെ വീടാകെ,പ്പൂവിട്ടും മാലതൂക്കിയും;
തൂകട്ടെയുദയം തൊട്ടേ സുഗന്ധം പഞ്ചവർണ്ണവും,
ന്നൂറുനൂറാളുകൾ പരപ്പിയലും രാജവീഥിയിൽ.'
ശത്രുഘ്നനദേശമിതു കേട്ടു സഹർഷരായ്, ൧൦
ജയന്തൻ, ധൃഷ്ടി, വിജയന,സ്സിദ്ധാർത്ഥാ-ർത്ഥസാധകർ,
അശോക-മന്ത്രപാലന്മാർ പുറപ്പെട്ടു സുമന്ത്രനും:
അനേകമായിരം നൽപ്പൊന്നാണിമത്തഗജങ്ങളിൽ,
കൊമ്പൻ ചേർന്നവയാം ചെംപൊൻതുടർപ്പിടികളിൽച്ചിലർ,
അശ്വാനചിതത്തേർകളിലും പുറപ്പെട്ടു മഹാരഥർ;
കാലാൾകൾ കുന്തംവേലൃഷ്ടി പൂണ്ടോർ ധ്വജപതാകികൾ,
മുഖ്യന്മാർ ചേർന്ന മുഖ്യാശ്വങ്ങളുമായിരമായിരം
മുഴെച്ചുഴന്നും വീരന്മാർ പുറപ്പെട്ടിടിനാർ തദാ. ൧൪
പുറപ്പെട്ടാർ ദശരഥസ്ത്രീജനങ്ങളുമേവരും,
കൌസല്യയ്ക്കും സുമിത്രയ്ക്കും പിന്നിലായ് വാഹനങ്ങളിൽ;
കൈകേയിയോടൊത്തെല്ലാരും നന്ദിഗ്രാമത്തിലെത്തിനാർ.
നന്ദിഗ്രാമത്തിൽ വന്നെത്തീ ശരിയ്ക്കപ്പുരിയൊക്കയും! ൧൬
അശ്വക്കുളമ്പിൻശബ്ദത്താല,ണിത്തേരുരുളൊച്ചയാൽ,
ശംഖതൂര്യരവത്താലും കിടുങ്ങിപ്പോയി മേദിനി!
മാല്യം കൊഴുക്കട്ടകൾ കൈക്കൊണ്ട മന്ത്രികൾ, വാണിജർ,
ചിജ്ജേന്ദ്രർ, ചേരിമൂപ്പന്മാരിവർ മുഴുവ ധാർമ്മികൻ, ൧൮

Digitized By Kerala Sahitya Akademi

ശംഖഭേരീരവത്തോടേ, ഭരതൻ, വന്ദിസംസ്തുതൻ,
ശ്രീപാദുകകൾ മൂർദ്ധാവിലേന്തി,ധർമ്മവിശാരദൻ,
വെൺമാല്യത്താൽ വിളങ്ങും വെൺകൊററക്കുടയെടുത്തുടൻ,
തങ്കപ്പിടിയണിപ്പുള്ളിവെൺചാമരയുഗത്തൊടും, ൧൦
നോൽമ്പാൽച്ചടച്ചോനേ,വശൻ, മാന്മരത്തോലുടുത്തവൻ,
ഭ്രാതാവുതൻവരവു കേട്ടതുതൊട്ടും കളിത്തവൻ,
പോന്നു മഹാൻ, സസചിവൻ, രാമൻെറയെതിരേല്പിനായ്.
നീളേ നോക്കി ഭരതനക്കാററിന്മകനൊടോതിനാൻ:- ൧൧
'ഭവാൻ കൈക്കൊൾവതില്ലല്ലീ കപികൾക്കുള്ള ചാപലം?
കാണ്മീലല്ലോ, ഭീഷജ്ജിതാമാത്ര്യകാകുത്സ്ഥരാമനെ;
കാണപ്പെടുന്നതില്ലല്ലോ, കാമരൂപികൾ കീശരും!'
ഇവണ്ണം ചൊന്നനേരത്തു ഹനുമാനുമിതോതിനാൻ, ൧൪
ഭരതൻ സത്യവിക്രാന്തൻ ഹേതു നേക്കറിയുംപടി:-
'ഭരദ്വാജപ്രസാദത്താലെ,പ്പോഴും പൂത്തു കായുമായ്
തേൻ വാർന്നു, മത്തവണ്ടാർക്കുമാറായ്ത്തീർന്നു പലാശികൾ:
അവിടെയ്ക്കേകിയിട്ടുണ്ടു വരം വൈരിഘ്നൻ, ശക്രനും; ൧൫
ചെയ്തുവല്ലോ സസൈന്യനാതിഥ്യം സർവ്വഗുണാന്വിതം.
കേൾക്കുന്നുണ്ടിമ്പമുൾക്കൊണ്ട കീശർതൻ ഘോരനിസ്വനം;
കടക്കയാവാ,മക്കിശപ്പെട ഗോമതിയാററിനെ.
കാണ്കെ സാലവനോപാന്തേ പൊടി പാരമുയന്നതും; ൧൭
കീശർ സാലവനം രമ്യമിട്ടുലയ്ക്കുകയാവണം.
അതാ, കാണുന്നു, ദൂരത്തായ്ത്തെളിഞ്ഞു,മ്പിളി പോലവേ,
വിമാനം പുഷ്പകം, ദിവ്യം ബ്രഹ്മാവാൽ മനസാ കൃതം,
സബന്ധുവാം രാവണനെക്കൊന്നു നേടിയതാ മഹാൻ; ൨൦
ബാലസൂര്യനു സദൃശം, വിമാനം രാമവാഹനം;
പ്രസാദത്താൽക്കുബേരൻെറതി,തു ദിവ്യം, മനോജവം.
സീതയൊത്തിതിലുണ്ടല്ലോ, വീരർ കാകുത്സ്ഥർ സോദരർ,
സുഗ്രീവനും സുതേജസ്വി, വിഭീഷണനരക്കനും.' ൨൨

Digitized By Kerala Sahitya Akademi

മുട്ടീ വാനത്തി,'താ, രാമനെ'ന്നു ചൊന്നതൊടൊപ്പമേ,
സ്ത്രീബാലയുവവൃദ്ധൎക്കു ഹൎഷാലുണ്ടായ നിസ്വനം.
തേരാനയശ്വങ്ങളിൽനിന്നിറങ്ങിപ്പാരിൽ നിന്നവർ
വിമാനേ കണ്ടിതവനെ, വാനിൽച്ചന്ദ്രനെയാംവിധം. ൩൭
ഹൎഷിച്ചു രാമോന്മുഖനാം ഭരതൻ തൊഴുകയ്യുമായ്,
ശരിയ്ക്കു വന്നെത്തിയതിൽപ്പൂകഴ്ത്തി രഘുനാഥനെ.
ബ്രഹ്മാവു മനസാ തീൎത്ത വിമാനേ ഭരതാഗ്രജൻ
വിളങ്ങീ മറ്റൊരിന്ദ്രൻ പോലു,ൽഫുല്ലായതലോചനൻ. ൩൮
വിമാനാഗ്രത്തിലമരും ജ്യേഷ്ഠരാമനെ നമ്രനായ്
വന്ദിച്ചു ഭരതൻ, മേരുസ്ഥിതസൂൎയ്യനെയാംവിധം.
രാമന്റെയരുളപ്പാടാലാ വിമാനമനുത്തമം
ഹംസയുക്തം മഹാവേഗം വന്നിറങ്ങീ ധരാതലേ. ൩൯
വിമാനമേറ്റപ്പെട്ടങ്ങു ഭരതൻ സത്യവിക്രമൻ
രാമങ്കൽച്ചെന്നു മോദിച്ചാൻ, പിന്നെയും കൈവണങ്ങിനാൻ.
ചിരേണ കാണപ്പെട്ടോനെയെഴുന്നേല്പിച്ചു രാഘവൻ
മടി കേററിബ്ഭരതനെക്കെട്ടിത്തഴുകിനാൻ മുദാ. ൪൦
പിന്നെ ലക്ഷ്മണനിൽച്ചെന്നു ഭരതൻ പരതാപനൻ
വണങ്ങിനാൻ മൈഥിലിയെ; പ്രീതനായ്പ്പേരുമോതിനാൻ.
കൈകേയിസുതൻ സുഗ്രീവാംഗദരെ,ജ്ജാംബവാനെയും
പുല്കീ നീലർഷഭരെയും, മൈന്ദദ്വിവിദർത്തമെയും; ൪൧
നളൻ, സുഷേണൻ, ശരഭൻ, ഗവാക്ഷൻ, ഗന്ധമാദനൻ,
പനസൻ, പിമ്പിവരെയും ഭരതൻ തഴുകീടിനാൻ.
മനുഷ്യരൂപം പൂണ്ടോരാക്കാമരൂപികൾ വാനരർ;
ഹൎഷിച്ചു കുശലപ്രശ്നം ചെയ്താർ ഭരതനോടവർ. ൪൨
പിന്നെക്കപീന്ദ്രസുഗ്രീവനോടു തേജസ്വി വാഴ്ചവൻ
കെട്ടിപ്പുണൎന്നു, ചൊന്നാനബ്ഭരതൻ, ധാൎമ്മികോത്തമൻ:—
'സുഗ്രീവ, നാലുപേർ ഞങ്ങൾക്കഞ്ചാമൻ സോദരൻ ഭവാൻ;
സ്നേഹിപ്പോൻ ബന്ധുവാകുന്നു; ദ്രോഹിയ്ക്കുലരിലക്ഷണം.' ൪൩

Digitized By Kerala Sahitya Akademi

വിഭീഷണനൊടും തത്ര ഭരതൻ സാന്ത്വമോതിനാൻ:
'ഭാഗ്യം, നിൻതുണയാലല്ലോ ചെയ്തു ദുഷ്കരമാം തൊഴിൽ!'
ശത്രുഘ്നനും തദാ രാമലക്ഷ്മണന്മാരെ പണിഞ്ഞുടൻ
വൈദേഹിതൻ തൃപ്പദവും വന്ദിച്ചാൻ വിനയത്തോടേ. ൧൯
രാമൻ ചെന്നു,ള്ളലിൽ മെലിഞ്ഞൊളിയും മാഞ്ഞ തായയെ
പണിഞ്ഞു കാൽപിടിച്ചാനങ്ങ,വർക്കാനന്ദവിധം;
സുമിത്ര, കീർത്തിമതിയാം കൈകേയി, സകലാംബമാർ
ഇവർക്കും വന്ദനം ചെയ്തു പുരോഹിതനിലെത്തിനാൻ. ൨൦
'സ്വാഗതം തേ മഹാബാഹോ, കൌസല്യാനന്ദവർദ്ധന!'
എന്നോതീ പൌരരെല്ലാരും രാമങ്കൽത്തൊഴുകയ്യുമായ്;
ആപ്പൗരരേന്തിയ പെരുതായിരം തൊഴുകൈകളെ,
താമരമൊട്ടുകളെപ്പോലെ കണ്ടു ഭരതപൂർവജൻ. ൨൧
രാമന്റെയപ്പാദുകകളെടുത്തു ഭരതൻ സ്വയം
നൃപന്റെ തൃക്കാലുകളിൽച്ചേർത്താൻ ധർമ്മവിശാരദൻ.
എന്നിട്ടു രാമനോടോതി ഭരതൻ തൊഴുകയ്യുമായ്:—
'രക്ഷിതം ന്യാസമീ രാജ്യം പ്രത്യർപ്പിച്ചേൻ ഭവാങ്കൽ ഞാൻ; ൨൨
ഇന്നെൻ ജന്മം സഫലമായ്, നിറവേറിയഭീഷ്ടവും,
രാജാവങ്ങന്നയോധ്യയ്ക്കു വീണ്ടും വന്നതു കാൺകയാൽ!
നോക്കുകങ്ങു,ദ്രവ്യം നെല്ലറയും പുരി സേനയും:
ഭവത്തേജസ്സിനാലെല്ലാം പത്തിരട്ടിച്ചതാക്കി ഞാൻ.' ൨൩
സൌഭ്രാത്രശാലി ഭരതനിപ്രകാരം കഥിയ്ക്കവേ,
കണ്ണീർ വാർത്തു കപികളും, വിഭീഷണനരക്കനും!
പിന്നെബ്ഭരതനെത്തുഷ്ട്യാ മടിയിൽക്കേററി രാഘവൻ
പടയൊത്താ വിമാനത്തിൽഗ്ഗമിച്ചാൻ ഭരതാശ്രമം. ൨൪
പടയോടൊത്തു ഭരതാശ്രമം പ്രാപിച്ചു രാഘവൻ
വിമാനാഗ്രം വിട്ടിറങ്ങി മന്നിൽ നിന്നരുളിടിനാൻ;
എന്നിട്ടു രാമനാ ശ്രേഷ്ഠവിമാനത്തോടു ചൊല്ലിനാൻ:—
'വഹിയ്ക്കു വൈശ്രവണനെ;-പ്പോകാം; വിടതരുന്നു ഞാൻ.' ൨൫

Digitized By Kerala Sahitya Akademi

രാമനാൽ വിട നല്കപ്പെട്ടാ, മികച്ച വിമാനവും
നടകൊണ്ടു വടക്കോട്ടു, കുബേരപുരി പൂകുവാൻ.
രാക്ഷസാപഹൃതമാം ദിവ്യവിമാനമതു പുഷ്പകം
ചെന്നെത്തി ധനദങ്കൽത്താനാശു, രാമനയയ്ക്കയാൽ. ൬൨

സ്വതുല്യനായുള്ള പുരോഹിതന്റെ കാൽ,
സുരേശനിന്ദ്രൻ ഗുരുവിന്റെയാംവിധം
പിടിച്ചു, വേറെ വടിവൊത്തൊരാസനേ
മുറയ്ക്കിരുന്നാനവനൊത്തു രാഘവൻ.

—*—

## ഒരുനൂറ്റിമുപ്പത്തൊന്നാം സർഗ്ഗം: ശ്രീരാമപട്ടാഭിഷേകം

—*—

തലയിൽത്തൊഴുകൈ വെച്ചു, കൈകേയ്യാനന്ദവർദ്ധനൻ
ഭരതൻ സത്യവിക്രാന്തജ്യേഷ്ഠരാമനോടോതിനാൻ:—
'വരുത്തീ തോഷമെന്നമ്മയ്ക്കു, കീ രാജ്യമിതെൻവശം;
ഭവാൻ മേ തന്നതിൻവണ്ണ,മിതങ്ങോട്ടും തരുന്നു ഞാൻ. ൨

ഒറ്റയ്ക്കു കെല്പനാം കാള വെച്ചൊഴിഞ്ഞ ഭരത്തിനെ
പൈക്കുട്ടി പോലി, വൻഭാരം ചുമക്കാൻ ശക്തനല്ല ഞാൻ:
വൻവെള്ളത്തള്ളലാൽപ്പൊട്ടിച്ചോരുന്ന ചിറ പോലവേ,
പേർത്തടയ്ക്കാതെ നിർത്താവല്ലോ,ട്ടറ്റപ്പെട്ടോരു രാജ്യവും. ൪

അശ്വത്തെഗ്ഗർദ്ദഭം പോലെ, ഹംസത്തെക്കാക്കപോലെയും,
നിന്നെപ്പിന്തുടരാൻ വീര, ഞാനാളാകില്ലരിന്ദമ!
ഭവനത്തോപ്പിലായ് നട്ടു വളർത്തപ്പെട്ടതാം മരം
കേറപ്പെടാവതല്ലാതായ്ത്തടികൊമ്പു തഴച്ചതായ് ൬

പൂത്തിട്ടു കായ്കളെക്കാണിയ്ക്കാതെ പൂതൽപിടിയ്ക്കിലോ,
അതുകൊണ്ടുള്ളനുഭവം നട്ടവന്നുളവാവ്വരാ;
അങ്ങയ്ക്കാമീയുപമയെന്നറിയേണം മഹാഭുജ,
അങ്ങു രാജൻ, ഭരിയ്ക്കായ്കിൽബ്ഭക്തരാം ഭൃത്യർ ഞങ്ങളെ! ൮

Digitized By Kerala Sahitya Akademi

കാണാകട്ടേ ജഗത്തിന്നിന്നിവിടന്നഭിഷിക്തനായ്,
മൂഭേകം ദീപ്തതേജസ്സാം മധ്യാഹ്നരവി പോലവേ!
കാകുത്സ്ഥ തൂര്യാരവവും,മരഞ്ഞാൺതളയൊച്ചയും,
മധുരോദ്ഗീതവും കേട്ടിട്ടാക, പള്ളിയുണർച്ച തേ! ൧൦
എന്നോളം ചുററുമോ ചക്ര,മെന്നോളം മഹി നില്ക്കുമോ
അന്നോളം വാഴ്ക, ലോകത്തിൻ നാഥനായിവിടെബ്ഭവാൻ!'
ഏതാഭാഷണം കേട്ടു, രാമൻ പരപുരഞ്ജയൻ
ആവാമെന്നോററരുളിനാനി,രുന്നാൻ നല്ലൊരാസനേ. ൧൨
പിന്നെശ്ശത്രുഘ്നവാക്യത്താൽ, ക്ഷൌരകന്മാർ വിരുതുള്ളവർ,
സുഖഹസ്തർ, സുശീഘ്രന്മാർ വന്നെത്തി രാഘവാന്തികേ.
ഭരതൻ, ബലി സൌമിത്രി, വിഭീഷണനരക്കർകോൻ,
സുഗ്രീവകപിരാജാവും കുളിച്ചതിന്നുശേഷമേ, ൧൪
ജട ചികിച്ചു, നീരാടി,ച്ചിത്രമാല്യാനുലേപനായ്,
മികച്ച പട്ടുടുത്തങ്ങു വാണു രാമൻ ജ്വലൽപ്രഭൻ.
രാമന്നു പള്ളിച്ചമയൽ ചെയ്യിച്ചാനഥ വീര്യവാൻ,
ലക്ഷ്മണന്നും, സലക്ഷ്മീകനിക്ഷ്വാകുകുലവർദ്ധനൻ. ൧൬
വൈദേഹിയെയുമഴകിൽച്ചമയിച്ചിതു തങ്ങൾതാൻ,
സുചിത്തമാർ ദശരഥസ്ത്രീകളേവരുമൊത്തുടൻ.
പിന്നെ, പ്ലവഗർതൻ പത്നിമാരെയെല്ലാരെയും മുദാ
ചമയിച്ചാൾ മനം വെച്ചു, കൌസല്യ സുതലാലസ. ൧൮
പിന്നെശ്ശത്രുഘ്നവാക്യത്താൽസ്സുമന്ത്രാഹ്വയസാരഥി
കൊണ്ടുവന്നാനൊരു രഥം പൂട്ടി,സ്സർവാംഗശോഭനം.
സൂര്യബിംബോപമം ദിവ്യം പള്ളിത്തേരതു കണ്ടുടൻ
കരേറിനാൻ മഹാബാഹു, രാമൻ, സത്യപരാക്രമൻ. ൨൦
സുഗ്രീവഹനുമാന്മാരു,മിന്ദ്രനൊപ്പം വിളങ്ങുവോർ
കുളിച്ചു ദിവ്യാംബരരായ്പ്പുറപ്പെട്ടു സുകുണ്ഡലർ.
പോന്നു മികച്ച മെയ്ക്കോപ്പും നൽത്തൊടയുമണിഞ്ഞവർ,
പുരി കാണ്മാനുഴറോടസ്സുഗ്രീവസ്ത്രീകൾ സീതയും. ൨൨

അയോധ്യയിൽദ്ദശരഥത്തമ്പുരാന്റെയമാത്യന്മാർ
പുരോഹിതനെ മുൻനിൎത്തിച്ചെയ്താർ കാൎയ്യവിചിന്തനം;
അശോകനും വിജയനും സിദ്ധാൎത്ഥനൊട്ടുകൂടവേ
ചിന്തനംചെയ്തു, രാമന്നും പുരിയ്ക്കും ഭൂതി ചേക്കുവാൻ. ൨൪
'ജയാൎത്ഥനായ് മഹാത്മാവായുള്ള രാമന്നു സാംപ്രതം
അഭിഷേകത്തിനെല്ലാമേ, ചെയ്യിൻ മംഗളപൂൎവ്വകം.'
എന്നാജ്ഞാപിച്ചു വാധ്യാനുമാ മന്ത്രികളുമേവരും
പുരം വിട്ടു പുറപ്പെട്ടു രാമനെക്കാണുവാൻ ദ്രുതം. ൨൬
ത്തൃപ്പച്ചക്കുതിരത്തേരിൽസ്സഹസ്രാക്ഷൻ കണക്കിനേ,
തേരിലാണ്ടനഘൻ രാമൻ നൽപ്പുരിയ്ക്കെഴുന്നള്ളിനാൻ:
രഥം നടത്തി ഭരതൻ; ശത്രുഘ്നൻ കുടയേന്തിനാൻ;
വീശിനാൻ തിരുമൂൎദ്ധാവിലാലവട്ടം പതുക്കവേ, ൨൮
വെൺചാമരവുമൊന്നേന്തി മുന്നിലായ് നിന്ന ലക്ഷ്മണൻ;
മററതോ ചന്ദ്രസങ്കാശമാശരേന്ദ്രൻ വിഭീഷണൻ.
അപ്പോൾക്കേൾക്കായി, വാനത്തിലൃഷിദേവമരുത്തുകൾ
കൂട്ടത്തോടേ രാഘവനെ സ്തുതിയ്ക്കും മധുരസ്വരം. ൩൦
ശത്രുഞ്ജയാഖ്യമായ് ശൈലതുല്യമായുള്ളൊരാനമേൽ
കേറിനാനതിതേജസ്വി, സുഗ്രീവൻ, പ്ലവഗൎഷഭൻ.
പോന്നിടിനാരൊമ്പതിനായിരമാനപ്പുറങ്ങളിൽ,
മൎത്ത്യരൂപികളായ് മെയ്ക്കോപ്പെല്ലാം ചാൎത്തിയ വാനരർ. ൩൨
ശംഖൊച്ചയോടു,മാപ്പോട്ടും, പെരുംപെററവത്തൊടും,
ഹൎമ്മ്യങ്ങൾ തിങ്ങിന പുരിയ്ക്കെഴുന്നള്ളീ നരൎഷഭൻ.
അവർ കണ്ടാരൊ,ളി വളൎന്നകമ്പടിയൊടൊപ്പമേ
രഥത്തിലൂടേ വന്നെത്തും രഥിപ്പൂണ്ണായ രാമനെ. ൩൪
കാകുത്സ്ഥനെ പ്രശംസിച്ചു, രാമൻ കൊണ്ടാടിയോരവർ
പിന്തുടൎന്നാർ മഹാത്മാവെ,സ്സഹോദരപരീതനെ.
അമാത്യർ, വിപ്രർ, പൌരന്മാരിവർ ചൂഴററ രാഘവൻ
ശ്രീയാൽ വിളങ്ങീ, താരങ്ങൾ ചേൎന്ന വാർതിങ്കൾ പോലവേ.
മുമ്പേ നടക്കും ചെണ്ടക്കാർ, താളസ്വസ്തികപാണികൾ,
മുവ്യപാഠകരും മോദാൽച്ചേൎന്നെന്നെഴുന്നള്ളിനാനവൻ:

Digitized By Kerala Sahitya Akademi

മഞ്ഞളക്ഷതമേന്തുന്നോർ കന്യമാർ പൈക്കൾ വിപ്രരും
കൊഴക്കട്ടയെടുത്തോരും നടന്നു തിരുമുമ്പിലായ്. ൩൭
സുഗ്രീവസഖ്യവും, രാമൻ, വായുപുത്രപ്രഭാവവും,
പ്ലവംഗർതൻ വേലയത്തു, മരക്കരുടെ കെല്പതും,
വിഭീഷണച്ചേർച്ചയുമാ മന്ത്രിമാരോടു ചൊല്ലിനാൻ;
കേട്ടിട്ടു വിസ്മയപ്പെട്ടാരയോധ്യാപുരവാസികൾ. ൪൦
ഇതോതി ദ്യുതിമാൻ രാമൻ വാനരന്മാരൊടൊപ്പമേ.
ചെന്നെത്തി ഹൃഷ്ടസംപുഷ്ടജനം തിങ്ങുമയോധ്യയിൽ;
ഉടൻ കൊടികൾ പൊങ്ങിച്ചാർ പൌരരോരോരാ ഗൃഹത്തിലും.
ഐക്ഷ്വാകർ വാണ ചേണൊക്കും താതഗേഹമണഞ്ഞുടൻ,
ധർമ്മിഷ്ഠനാം ഭരതനോടരുൾചെയ്തു നൃപാത്മജൻ,
പൊരുളുൾച്ചേർന്ന മധുരച്ചൊല്ലൊന്നു രഘുനന്ദനൻ:-
'ചെന്നു, മേലാളരെത്താതമന്ദിരത്തിലണച്ചു നീ
വന്ദിപ്പിയ്ക്കുക, കൌസല്യാസുമിത്രാകൈകയീപദം; ൪൪
നല്കയുംചെയ്ക സുഗ്രീവന്നെൻെറ നല്ല മഹാഗൃഹം,
മുക്താവൈഡൂര്യസങ്കീർണ്ണമശോകവനികായുതം.'
അരുളപ്പാടിതം കേട്ടു ഭരതൻ സത്യവിക്രമൻ
സുഗ്രീവനെക്കൈക്കു പിടിച്ചുൾപ്പുക്കാനാ നികേതനം. ൪൫
എണ്ണ വിഴ്ത്തിയ ദീപങ്ങളോടും കട്ടിൽവിരിപ്പുകൾ
കൊണ്ടുചെന്നിടിനാർ വേഗം, ശത്രുഘ്നൻ ചൊല്ലിവിട്ടവർ.
പിന്നെസ്സുഗ്രീവനോടോതി ദ്യുതിമാൻ രാഘവാനുജൻ:-
'ചൊന്നയയ്ക്കുക, രാമാഭിഷേകാർത്ഥം ദൂതരെ പ്രഭോ.' ൪൭
നാലു പൊന്നിൻകുടം നാലു വാനരോത്തമർതൻവശം
നല്കിനാനാശു സുഗ്രീവൻ, സർവ്വരത്നവിഭൂഷിതം:-
'പ്രഭാതമാകുമ്പോഴേയ്ക്കും, നാലാഴികളിലെജ്ജലം
നിറച്ചു കുടമോടിങ്ങു കാത്തുനില്പിൻ പ്ലവംഗരേ.' ൫൦
എന്നു കേട്ടു മഹാത്മാക്കളാന പോലുള്ള വാനരർ
പാഞ്ഞിനാർ വാനിലെയ്ക്കാശു, താർക്ഷ്യരെപ്പോലെയാശുഗർ:
ജാംബവാനും, ഹനുമാനും, വാനരൻ വേഗദർശിയും
കൊണ്ടുവന്നാരൃഷഭനും, തണ്ണീർനിറകുടങ്ങളെ; ൫൨

Digitized By Kerala Sahitya Akademi

അഞ്ഞൂറാററിലെയും തണ്ണീരെത്തിച്ചാർ കലശങ്ങളിൽ.
കൊണ്ടുവന്നു സുഷേണനും പോയ്ക്കിഴക്കെക്കടലിൻ ജലം,
രത്നമെല്ലാമണിഞ്ഞൊരു കടത്തിലതിസത്വരവാൻ;
തെക്കേക്കടലിലെത്തണ്ണീരെത്തിച്ചാനൃഷഭൻ ദ്രുതം; ൬൪
രക്തചന്ദനകർപ്പൂരമിട്ട പൊന്നിൻകുടത്തിനാൽ;
വമ്പശ്ചിമസമുദ്രത്തിൽനിന്നെത്തിച്ചു കുളിർത്ത നീർ,
വലുതാം രത്നകുംഭത്തിൽ ഗ്ഗവയൻ വായുവിക്രമൻ;
വടക്കേതിൻജലം വേഗാൽഗ്ഗരുഡാനിലവിക്രമൻ ൬൫
കൊണ്ടുവന്നു, സുധർമ്മിഷ്ഠൻ നളൻ സർവ്വഗുണാന്വിതൻ.
അവ്വാനരേന്ദ്രന്മാർതണ്ണീർ കൊണ്ടുവന്നതു കണ്ടുടൻ
രാമന്റെയഭിഷേകാർത്ഥം ശത്രുഘ്നൻ മന്ത്രിമാരുമായ്
മുഖ്യവാദ്ധ്യാനെയറിയിച്ചീടിനാൻ ക്രുററുകാരെയും. ൬൬
പിന്നെ, ത്തുലയൊടാം വൃദ്ധൻ വസിഷ്ഠൻ ബ്രാഹ്മണാന്വിതൻ
ഇരുത്തീ രത്നപീഠത്തിൽ, സീതയോടൊത്തു രാമനെ
വസിഷ്ഠവാമദേവന്മാർ ജാബാലി,യഥ കാശ്യപൻ,
കാത്യായനസുയജ്ഞന്മാർ, ഗൌതമൻ, വിജയാഖ്യനും ൬൭
അഭിഷേകം നരേന്ദ്രനു സുഗന്ധിവിമലാംബുവാൽ
ചെയ്തു, വസുക്കൾ കൺ പത്തുനൂറുള്ളിന്ദ്രനു പോലവേ.
മുല്പാടൃത്വിൿദ്വിജന്മാരും കന്യമാരുമമാത്യരും
വണിഗ്ഭടരുമായ്ച്ചെയ്താരഭിഷേകം രസാലവർ. ൬൮
സർവ്വൌഷധിരസം തൂകീ സർവ്വദേവസമേതരായ്
നഭസ്സിൽ നിന്ന ദിക്പാലദേവന്മാർ നാലുപേർകളും.
വില വായ്ചവയാം നാനാരത്നസന്മംഗളങ്ങളാൽ
വിചിത്രമായ് വിരാജിച്ച ഹിരണ്മയസഭാന്തരേ ൬൯
മുററൂമരഭിഷേചിച്ചു തദാഗരത്തിൽ നൃപാലരെ,
ആ വസിഷ്ഠൻ മഹാത്മാവു തേജസ്സാളിയ രാമനെ
വിചിത്രരത്നപീഠത്തിലിരുത്തി വിധിപോലവെ
ചൂടിച്ചാൻ, പണ്ടു മനുവെ നീരാടിച്ചണിയിച്ചതും ൭൦
ബ്രഹ്മാവു നിർമ്മിച്ചതുമാം കിരീടം രത്നശോഭിതം;
ജ്ജതചിക്കുകളുടൻതന്നേ ചാർത്തിച്ചാർ ഭൂഷണങ്ങളും.
ശത്രുഘ്നനവിടത്തെയും പിടിച്ചാൻ പാണ്ഡുവെൺകുട;
ഒരു വെൺചാമരം തത്ര സുഗ്രീവൻ വാനരേശ്വരൻ, ൭൧

Digitized By Kerala Sahitya Akademi

മററതോ ചന്ദ്രസങ്കാശമാശരേന്ദ്രൻ വിഭീഷണൻ.
ആരു പൊന്താമരപ്പൂവാൽത്തിളങ്ങുമൊരു മാലയെ
നല്കീ രാമന്നു,ണർകോനാലയയ്ക്കപ്പെട്ട മാരുതൻ;
സമസ്തരത്നയുതമായ് നടക്കൊരു സുരത്നവും
കോർത്ത ഹാരവുമൊന്നേകി നരേന്ദ്രന്നി,ന്ദ്രചോദിതൻ.
പാടിനാർ ദേവഗന്ധർവ്വരാ,ടിനാരപ്സരസ്സുകൾ,
ധീമാൻ ദശരഥൻ രാമൻെറയഭിഷേചനവേളയിൽ.
മന്നിൽത്തഴച്ചു സസ്യങ്ങൾ, ചാരം കായ്ച്ചു മരങ്ങളും,വെ
മണം വായ്ചവയായ് പൂക്കൾ, കാകുത്സോത്സവവേളയിൽ.
ലക്ഷമശ്വങ്ങളെ,യവ്വണ്ണമായിടെപ്പെററ പൈക്കളെ,
ലക്ഷം കാളയെയും മുമ്പു ദ്വിജർക്കേകി നരർഷഭൻ.
ബ്രാഹ്മണർക്കേകിനാൻ വീണ്ടും, പൊന്നു മുപ്പതുകോടിയും,
കകുത്സ്ഥജൻ മേത്തരമാം നാനാഭൂഷാംബരങ്ങളും.
സൂര്യാംശുതുല്യമായോരു ദിവ്യപ്പൊന്മണിമാലയെ
കല്പിച്ചുനല്കീ സുഗ്രീവന്നങ്ങു മാനുഷപുംഗവൻ.
വൈഡൂര്യക്കല്ലുകളാൽച്ചിത്രം വജ്രരത്നവിഭൂഷിതം
രണ്ടംഗദം ബാലിജനാമംഗദന്നേകിനാൻ മുദാ.
മികച്ച രത്നം ചേർന്നൊരു മുക്താസരമനുത്തമം,
ശുഭ്രനിലാവൊളിയുമൊന്നു, രാമൻ ചാർത്തിച്ചു സീതയെ;
സ്വച്ഛദിവ്യാംബരയുഗം, സുഭഗാഭരണങ്ങളും
വായുജന്നേകുവാനോർക്കയായിരുന്നു വിദേഹജ;
ആ മുത്തുമാല കണ്ഠത്തിൽ നിന്നെടുത്തിട്ടു മൈഥിലി
നോക്കി കീശരെയെല്ലാമേ, വീണ്ടും വീണ്ടും പുരാനെയും.
കണ്ടിംഗിതമറിഞ്ഞിട്ടാ വൈദേഹിയൊടു ചൊല്ലിനാൻ:-
'കൊടുക്ക സുഭഗേ, ഹാര,മാരിൽ നിൻ തുഷ്ടി ഭാമിനി,
പൌരുഷം വിക്രമം ബുദ്ധിയിതെല്ലാമാർക്കു,വന്നുതാൻ.'
ആ മുത്തുമാല ഹനുമാന്നരുളീ നീലലോചനയാൾ;
ആ നിലാവിൻവെള്ളപ്പോന്ന ഹാരത്താൽ വാനരർഷഭൻ
വിളങ്ങീ ഹനുമാൻ, ശുഭ്രവെൺമുകിലാൽ മല പോലവേ.
പിന്നെ ദ്വിവിദമൈന്ദർക്കും നീലന്നുമരിതാപനൻ,
നല്ല വസ്തുക്കളെല്ലാമേ നോക്കി നല്കീ ധരേശ്വരൻ.
വൃദ്ധവാനരരും മററു വാനരേന്ദ്രരുമൊക്കവേ

Digitized By Kerala Sahitya Akademi

യഥോചിതം സൽകൃതരായ് വസ്ത്രഭൂഷകൾകൊണ്ടുടൻ.
വിഭീഷണൻ, സസുഗ്രീവൻ ഹനുമാൻ, ജാംബവാനുമേ,
മററു കീശാഗ്ര്യരുമനായാസകൎമ്മാവു രാമനാൽ
സാധുസൽകൃതരായ്സ്സൎവ്വകാമരത്നസമൃദ്ധിയാൽ ൯൫
സന്തുഷ്ടരായിപ്പോയ്ക്കൊണ്ടാരെപ്പേരും, വന്നപാടുതാൻ.
ദൎശിച്ചാപ്പെരുമപ്പെട്ട കപിപുംഗവരേവരും
രാജേന്ദ്രനാൽപ്പിരിയ്ക്കപ്പെട്ടക്കിഷ്കിന്ധയ്ക്കു പോയിനാർ;
രാമാഭിഷേകം ദൎശിച്ചു സുഗ്രീവപ്ലവഗേന്ദ്രനും, ൯൭
കാകുത്സ്ഥനാൽ മാനിതനായ്പ്പുക്കാൻ കിഷ്കിന്ധയാം പുരം.
രാജാ വിഭീഷണനുമാ രാക്ഷസേന്ദ്രരൊടൊപ്പമേ
പോയാൻ, കുലധനം ലങ്ക നേടിപ്പേർ വായ്ച ധാൎമ്മികൻ.
ആ രാഘവൻ മഹോദാരൻ ഹതശത്രു സുകീൎത്തിമാൻ. ൱
ശാസിച്ചുകൊണ്ടു രക്ഷിച്ചു രാജ്യമെല്ലാം തുലോം മുദാ.
ധൎമ്മജ്ഞനാം ലക്ഷ്മണനോടോതി രാമൻ സുധാൎമ്മികൻ:-

'ധൎമ്മജ്ഞ, ഞാനൊത്തു ഭരിച്ചുകൊൾകീ-
സ്സൈന്യർ മുന്നന്നവർ വാണ രാജ്യം;
വഹിയ്ക്ക നീ, മുമ്പു പിതാക്കൾ കൈക്കൊ-
ണ്ടിരുന്നപോലേ യുവരാജഭാരം.' ൱൨

പുനഃ പുനഃ സാന്ത്വനവാക്യപൂൎവ്വം
നിയുക്തനാം ലക്ഷ്മണനേതുമഷ്ടം
അംഗീകരിയ്ക്കാഞ്ഞതിനാൽ, മഹാത്മാ-
വാ യൌവരാജ്യം ഭരതന്നു നല്കി.

പൌണ്ഡരീകാശ്വമേധങ്ങളഭീക്ഷ്ണം വാജപേയവും,
മററും വിവിധയജ്ഞങ്ങൾ കഴിച്ചു രാജപുംഗവൻ. ൱൪
പതിനായിരമാണ്ടൂഴി വാണിട്ടു രഘുനന്ദനൻ
തുരഗമേധം സാധിച്ചു, സദശ്വം ഭൂരിദക്ഷിണം.
മുട്ടോളം നീണ്ട കയ്യുള്ളോൻ, തോൾ തടിച്ചോൻ പ്രതാപവാൻ
ലക്ഷ്മണാനുഗനാ രാമൻ രക്ഷിച്ചാനിദ്ധരിത്രിയെ. ൱൬
മികച്ച രാജ്യം വാണിട്ടു ധൎമ്മാത്മാവായ രാഘവൻ
ചെയ്തു പലതരം യജ്ഞം, ഭ്രാതൃജ്ഞാതിസുഹൃദ്വൃതൻ.

Digitized By Kerala Sahitya Akademi

ഉണ്ടായ്വന്നീല വിധവാവിലാപം, വ്യാളഭീതിയും;
പെട്ടീല രോഗഭയവും, രാമൻ രാജ്യം ഭരിയ്ക്കവേ. ൯൮
ഇല്ലാതായ് ചോരഭയകിൽ;-ത്തൊട്ടീലാപത്തൊരാളെയും:
ബാലക്കു വൃദ്ധർ ചെയ്യേണ്ടിവന്നീലാ പ്രേതകർമ്മവും.
എല്ലാം സന്തുഷ്ടമായ്വന്നിതേ,വരും ധർമ്മശീലരായ്;
ചെയ്തീല തങ്ങളിൽ ദ്രോഹം രാമനെത്തന്നെയോക്കയാൽ. ൧൦൦
ആയിരത്താണ്ടു ജീവിച്ചാരായിരം പുത്രർതമ്മൊടും
അരോഗരായവ്യഥരായ്, രാമൻ രാജ്യം ഭരിയ്ക്കവേ.
രാമൻ രാമൻ രാമനെന്നായ് സംസാരം നാട്ടിലെങ്ങുമേ;
ഭുവനം രാമമയമായ്, രാമൻ രാജ്യം ഭരിയ്ക്കവേ! ൧൦൨
സദാ പൂത്തും സദാ കായ്ച്ചും തഴച്ചും നിന്നു ശാഖികൾ;
കാലേ വർഷിച്ചു കാർമേഘം; സുഖമായ് വീശി മാരുതൻ.
ബ്രഹ്മക്ഷത്രിയവൈശ്യന്മാർ ശൂദ്രരും ദുരമെന്നിയേ
ചെയ്തുപോന്നു സ്വകർമ്മം, തൻകർമ്മത്താൽത്തന്നെ തുഷ്ടരായ്.
ധർമ്മിഷ്ഠരായ്പ്പൊയ്പ്പോതാതായ്, രാമവാഴ്ചയിൽ നാട്ടുകാർ;
എവരും ലക്ഷണം ചേർന്നോ,രെവരും ധർമ്മതൽപരർ.
പതിനായിരമാമാണ്ടും പത്തുനൂററാണ്ടുമങ്ങിനെ
രാജ്യം ഭരിച്ചരുളിനാൻ ശ്രീരാമനനുജാന്വിതൻ. ൧൦൪
ധർമ്മ്യം യശസ്യമായുഷ്യം മന്നവക്കു ജയപ്രദം
ആർഷമീയാദ്യമാം കാവ്യം പണ്ടു വാല്മീകിയാൽക്കൃതം
ചൊല്ലുകയും കേൾക്കയും ചെയ്യോൻ പാരിൽപ്പാപവിയുക്തനാം.
സുതകാമൻ സുതരെയും ധനകാമൻ ധനത്തെയും ൧൦൮
നേടും ജഗതി, രാമന്റെയഭിഷേകം ശ്രവിയ്ക്കുകിൽ;
മന്നൻ മന്നിനെ വെന്നിടും, മാററാരെക്കീഴടക്കിടും;
രാമൻ കോസലപുത്രിയ്ക്കു സുമിത്രയ്ക്കുഥ ലക്ഷ്മണൻ,
ഭരതൻ കൈകയിയ്ക്കും പോലുണ്ണി മാതക്കിരുന്നിടും. ൧൧൦
അക്ലിഷ്ടകാരി രാമന്റെ സമസ്തവിജയങ്ങളും,
രാമായണമിതും കേട്ടാൽദ്ദീർഘായുസ്സു ലഭിച്ചിടും.
വാല്മീകികൃതമീയാർഷകാവ്യം വിശ്വാസമോടെവൻ
വിജിതക്രോധനായ്ക്കേൾക്കു;മവൻ ദുർഗ്ഗങ്ങൾ പിന്നിടും; ൧൧൨

Digitized By Kerala Sahitya Akademi

വിദേശവാസം മുഴമിച്ചുണനയും സ്വജനങ്ങളിൽ;
നേടുമേ, രാഘവനിൽനിന്നിച്ഛിച്ച വരമൊക്കയും.
കേൾക്കുകിൽ,സ്സുരരെപ്പേരും നന്ദിയ്ക്കും കേൾക്കുവോർകളിൽ;
ഗൃഹത്തിൽപ്പാർത്തുപോരുന്ന വിനായകരൊഴിഞ്ഞുപോം. ൧൧൪
രാജാവൂഴി ജയിച്ചിടും; പോയവൻ സുഖമായ് വരും;
ഋതുകാലങ്ങളിൽക്കേട്ടാലുണ്ടാം സ്ത്രീകൾക്ക സത്സുതർ.
ഇപ്പഴംകഥ പൂജിയ്ക്കു വായിയ്ക്കുകിവ ചെയ്യുകിൽ
പാപങ്ങളെല്ലാമൊഴിയും; ദീർഘായുസ്സും ലഭിച്ചിടും. ൧൧൬
ദ്വിജങ്കൽനിന്നു കേൾക്കേണം വണങ്ങി ക്ഷത്രിയൻ സദാ;
ഐശ്വര്യവും സുതന്മാരുമുണ്ടാമെന്നാലസംശയം.
രാമായണമിതൊട്ടുക്ക കേൾപ്പോനിൽച്ചൊല്ലുവോനിലും
പ്രസാദിയ്ക്കും സദാ രാമനു;-വൻ വിഷ്ണുസനാതനൻ ൧൧൮
ആദിദേവൻ മഹാബാഹു ഹരി നാരായണൻ പ്രഭു.
നന്മ നിങ്ങൾക്കി,തിൻവണ്ണമീയാഖ്യാനം പുരാതനം
വിശ്വാസമൊടു വായിപ്പിൻ; വായ്ക്കുവോട്ട വിഷ്ണുവിൻബലം!
ഗ്രഹിയ്ക്കു, കേൾക്കതാൻ, ചെയ്താൽ വാനോരെല്ലാം തെളിഞ്ഞിടും;
രാമായണം കേട്ടിടുകിൽ പ്രസാദിയ്ക്കും പിതൃക്കളും. ൧൨൦
ഭക്തിയോടൃഷി തീർത്താരീ രാമസംഹിതയെപ്പരോ
എഴുതിച്ചിങ്ങുവെച്ചീടു,മവർതൻ പാർപ്പു വിണ്ണിലാം!

കുടുംബവായ്പും ധനധാന്യവായ്പും
നൽസ്ത്രീകളേയും കുശലത്തഴപ്പും
സർവാർത്ഥസംസിദ്ധിയുമിങ്ങുകിട്ടും,
മഹാർത്ഥസൽകാവ്യമിതൊന്നു കേട്ടാൽ. ൧൨൨
ആരോഗ്യമായുസ്സു യശസ്സു ബുദ്ധി
സൌഭ്രാത്രവും സൌഖ്യവുമുൾക്കരുത്തും
നല്കീടുമാഖ്യാനമിതു,ദ്ധി തേടും
സത്തുക്കൾ മുട്ടാതിഹ കേട്ടിടേണം!

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi